Digitized by Arya Samaj Foundation Chennai and eGangotri

3756

KRISHNA YAJURVEDA

TAITHIREEYA SAMHITA

WITH

"MALAYALAM COMMENTARY DEEPIKA"

Vol. III.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ओ३म्

पुस्तक संख्या ......

पञ्जिका संख्या ......

पुस्तक पर सर्व प्रकार की निशानियां लगाना वर्जित है। कोई सज्जन पन्द्रह दिन से अधिक देर तक पुस्तक अपने पास नहीं रख सकते। अधिक देर तक रखने के लिये पुनः आज्ञा प्राप्त करनी चाहिये।

गुरुकुल कांगड़ी विश्वविद्यालय
कृपया पुस्तक के ऊपर कोई निशान आदि न लगायें।

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

पुस्तकालय
गुरुकुल काँगड़ी विश्वविद्यालय हरिद्वार
वर्ग संख्या ——— आगत संख्या ———
पुस्तक - वितरण की तिथि नीचे अंकित है
इस तिथि सहित 30वें दिन तक यह पुस्तक
पुस्तकालय में वापिस आ जानी चाहिए । अन्यथा 10
पैसे प्रतिदिन के हिसाब से विलम्ब - दण्ड लगेगा ।

स्टाक प्रमाणीकरण १९८४-१९८५

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

3756

കൃഷ്ണ യജുർവേദം

(തൈത്തിരീയ സംഹിത)

"ദീപികാ" എന്ന വ്യാഖ്യാനത്തോടുകൂടി

२०३८-२०३९ विक्रमी
शक संवत् १९०४-१९०५

മൂന്നാം ഭാഗം

ദ്വിതീയകാണ്ഡം

—വ്യാഖ്യാതാ—

മഹോപാദ്ധ്യായ കെ. ഭഗവതീശ്വരശർമ്മ B A. B. Ed

വില രൂപ. 15

Copies can be had from K. Bhagavatheeswara Sarma. 38/500, Sanyasi gramom. III Puthen Street, Trivandrum-9. Pin 695009.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ASNSKRIT AND MALAYALAM

KRISHNA YAJURVEDA

(TAITHIREEYA SAMHITA)

With Malayam Commentary—Deepika

VOLUME—III Kanda-2

Printed and Published by

K. BHAGAVATHEESWARA SARMA

38/500 Sanyasi Gramom 3rd Puthen street,
Trivandrum-9

First Impression—JAN—1979.

Copies—1000

Printed at

JAYA PRINTERS, CHALAI, TRIVANDRUM.

Price Rs. 15

Right: Reserved.

This volume is published with the financial assistance from The Ministry of Education and Social Welfare, Government of India.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri 3756

ॐ

॥ श्री शृङ्गेरी श्री जगद्गुरुसंस्थानम् ॥

श्रीविद्याशंकर

श्रीमत्परमहंसपरिव्राजकाचार्य पदवाक्यप्रमाणपारावारीण यमनियमासनप्राणायामप्रत्याहारध्यानधारणासमाध्यष्टाङ्गयोगानुष्ठान निष्ठ तपश्चक्रवर्त्यनाद्यवच्छिन्न श्रीशंकराचार्य गुरुपरम्पराप्राप्तषड्-दर्शनस्थापनाचार्य व्याख्यानसिंहासनाधीश्वरसकलनिगमागमसार-हृदय सांख्यत्रयप्रतिपादक वैदिकमार्गप्रवर्तक सर्वतन्त्रस्वतन्त्रादि-राजधानीकर्णाटकसिंहासन प्रतिष्ठापनाचार्य श्रीमद्राजाधिराजगुरु भूमण्डलाचार्य ऋष्यशृङ्गपुरवराधीश्वर तुङ्गभद्रातीरवासि श्रीमद्वि-द्याशंकरपादपद्माराधक श्री जगद्गुरु श्री चन्द्रशेखरभारती स्वामिगुरु करकमलसञ्जात श्री जगद्गुरु शृंगेरी श्रीमद्अभिनवविद्यातीर्थ-पादस्वामिभिः ॥

अस्मदत्यन्तप्रियशिष्य श्री भगवतीश्वर शर्मविषये नारायणस्मरण-पूर्वकं विरचिता आशिषः समुल्लसन्तु

सर्वो हि, मानवः श्रेयःप्रेप्सति। तत्साधनाय च नानाविधं प्रयतते। नहि तैरेवप्रयत्नैः आत्यन्तिकमभीप्सितमधिगच्छन्ति। ततश्च खिन्नान्तः करणः नानाविधेषु मार्गेषु प्रवर्तमानः मानवंजन्मकदर्थयति च।

भगवान् जगतो विधाता श्रेयः प्राप्तिसाधनमवगमय्य सकलान् मानवान् उद्धर्तुं सर्गादौ सर्वार्थावद्योतिकाः श्रेयस्साधनपटिष्ठाः। ऋग्य-जुस्सामाथर्वाख्याः श्रुतीः ऋषिभ्योऽनुजग्राह। ते च ऋषयः श्रेयस्साधिका

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

श्रुतयः कदाचिदपि विपरिलोपं न प्राप्नुयुरिति परम्परया ताः शिष्यान् समध्यापयन्। तासां सर्वत्र प्रचारमद्भावेऽपि अर्थावगमस्य दुस्साध्यतामाकलय्य श्री सायणादयः निरुक्तशौनकीयार्थानुक्रमणीबृहद्देवतादिग्रन्थान् अनुरुन्धानाः भाष्यं विरचय्य लोकानां महतीमुपकृतिमतन्वन्।

अधुना संस्कृतभाषाया अपि विरलप्रचारतया देशप्रभाषामात्राभिज्ञानामपि तदर्थावबोधो भवत्विति मनीषया भवान् यजुर्वेदस्य समग्रस्य कैरल्या भाषया सायणभाष्यानुसारं अनुवादं विधाय प्रकाशयितुमुद्युङ्क्ते। तत्र च कांश्चिदंशान् अस्मान् निशमय्य अतोषयत्।

वयमिमं अनुवादग्रन्थं निशम्य प्रीतान्तरङ्गाः भवद्भिरचितस्यानुवादस्य सर्वत्रप्रचारमाकांक्षामहे। श्री शारदाशशिकलावतंसौ भवतां प्रयत्नं सफलीकुरुतमिति च आशास्महे॥

श्रृंगगिरिः प्रमादीयफाल्गुन कृष्णद्वितीया

भानुवासर 10-3-1974

इति नारायणस्मरणम्

श्रीमुद्रा

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഓം

ശ്രീ ശൃംഗേരി ശ്രീജഗദ്ഗുരു സംസ്ഥാനം

ശ്രീ വിദ്യാശങ്കര

ശ്രീമത് പരമഹംസപരിവ്രാജകാചാര്യവര്യപദവാക്യ പ്രമാണ പാരാവാരീണ യമനിയമാസനപ്രാണായാമ പ്രത്യാഹാരധ്യാനധാരണാ സമാധ്യഷ്ടാംഗ യോഗാനുഷ്ഠാന നിഷ്ഠ തപശ്ചക്രവർത്ത്യനാദ്യവച്ഛിന്ന ശ്രീ ശങ്കരാചാര്യഗുരുപരമ്പരാ പ്രാപ്തഷഡ്ദർശന സ്ഥാപനാചാര്യ വ്യാഖ്യാന സിംഹാസനാധീശ്വര സകല നിഗമാഗമ സാരഹൃദയ സാംഖ്യത്രയ പ്രതിപാദക വൈദികമാർഗ്ഗ പ്രവർതക സർവ്വതന്ത്രസ്വതന്ത്രാദി രാജധാനി വിദ്യാനഗര മഹാരാജധാനി കർണാടക സിംഹാസന പ്രതിഷ്ഠാപനാചാര്യ ശ്രീമദ്രാജാധിരാജ ഗുരുഭൂമണ്ഡലാചാര്യ ഋഷ്യശൃംഗപുരവരാധീശ്വര തുംഗഭദ്രാതീരവാസി ശ്രീമദ്വിദ്യാശങ്കരപാദപദ്മാരാധക ശ്രീജഗദ്ഗുരു ശ്രീ ചന്ദ്രശേഖര ഭാരതീ സ്വാമി ഗുരുകരകമലസംജാത ശ്രീ ജഗദ്ഗുരു ശൃംഗേരീ ശ്രീമദഭിനവ വിദ്യാതീർത്ഥപാദ സ്വാമികളാൽ നൽകപ്പെട്ട ശ്രീമുഖം.

നമ്മുടെ പ്രിയശിഷ്യനായ ഭഗവതീശ്വര ശർമ്മക്കു് നാരായണ സ്മരണയോടുകൂടി നൽകപ്പെടുന്ന ആശിസ്സുകൾ സമുല്ലസിക്കട്ടെ.

എല്ലാ മനുഷ്യരും ശ്രേയസ്സ് ലഭിക്കാൻ ആഗ്രഹിക്കുന്നു. അതിനു് വേണ്ടി പല തരത്തിൽ പ്രയത്നിക്കുകയും ചെയ്യുന്നു. അപ്രകാരമുള്ള പ്രയത്നങ്ങളാൽ ഉദ്ദിഷ്ടമായ കാര്യം ലഭിക്കുന്നില്ല. തന്നിമിത്തം ഖിന്നമാനസരായി പല മാർഗ്ഗങ്ങളിൽ പ്രവർത്തിച്ചു് മനുഷ്യജന്മം നിഷ്ഫലമാക്കുകയും ചെയ്യുന്നു.

ലോകത്തിന്റെ സൃഷ്ടികർത്താവായ ഈശ്വരൻ എല്ലാമനുഷ്യരേയും ഉദ്ധരിക്കുന്നതിനു് വേണ്ടി സൃഷ്ടിയുടെ ആരംഭത്തിൽ തന്നെ സർവ്വാർത്ഥ ദ്യോതകങ്ങളും ശ്രേയസ്സ് നൽകുന്നതും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആയ ഋക്, യജുസ്, സാമം, അഥർവം എന്നീ വേദങ്ങൾ മഹർഷിമാർക്കുപദേശിച്ചു. ആ മഹർഷിമാർ ശ്രേയസ്സാധകമായ വേദം ഒരിക്കലും നഷ്ടപ്പെടാതിരിക്കുന്നതിന് വേണ്ടി പരമ്പരയായി ശിഷ്യന്മാരെ അഭ്യസിപ്പിച്ചു. വേദങ്ങൾക്ക് എല്ലാ സ്ഥലത്തും പ്രചാരമുണ്ടെങ്കിലും അർത്ഥാവബോധം സുകരമല്ലാത്തതുകൊണ്ട് ശ്രീ സായണൻ മുതലായവർ നിരുക്തം, ശൌനകപ്രണീതമായ അർത്ഥാനുക്രമണിക, ബൃഹദ്-ദേവത മുതലായ ഗ്രന്ഥങ്ങളെ ആധാരമാക്കി ഭാഷ്യം രചിച്ച് ലോകത്തിന് വലിയ ഉപകാരം ചെയ്തു.

ഇപ്പോൾ സംസ്കൃതഭാഷയുടെ പ്രചാരം വിരളമായതുകൊണ്ട് പ്രദേശികഭാഷ മാത്രം അറിയാവുന്നവർക്കും വേദത്തിൻെറ അർത്ഥം മനസ്സിലാകണം എന്ന വിചാരത്തോടുകൂടി നിങ്ങൾ യജുർവേദത്തിന് സായണഭാഷ്യം ആശ്രയിച്ച് മലയാളത്തിൽ അർത്ഥം എഴുതി പ്രസിദ്ധപ്പെടുത്താൻ ഉദ്യമിക്കുന്നു. അതിൽ കുറെ ഭാഗം നമ്മെ കേൾപ്പിക്കയും ചെയ്തു.

ഈ അനുവാദ ഗ്രന്ഥം കേട്ട് സന്തുഷ്ടരായ നാം നിങ്ങൾ രചിച്ച അനുവാദഗ്രന്ഥത്തിന് എല്ലാ സ്ഥലത്തും പ്രചാരമുണ്ടാകണമെന്നാഗ്രഹിക്കുന്നു, ശ്രീ ശാരദാദേവിയും ചന്ദ്രമൌലീശ്വരനും നിങ്ങളുടെ പ്രയത്നം സഫലമാക്കട്ടെ എന്ന് ആശംസിക്കുന്നു

ശൃംഗേരി
പ്രമാദിയഫൽഗുന—
കൃഷ്ണ ദ്വിതീയാ
ഭാനുവാസരം
10-3-1973

ഇതി നാരായണ സ്മരണം
ശ്രീമുദ്രാ.

(ശ്രീമുഖത്തിൻെറ അനുവാദം)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Dr. P. K. NARAYANA PILLAI M. A. Ph. D

Jagathy,

Trivandrum

In recent times there appears to be a tendency on the part of the reading public to know more about our past. As a result of this, publishing agencies are busy in preparing editions of our classics with elucidation in their respective mother tongues. But it is a sad fact that such editions brought out with commercial interests are very often defective in various respects. It is in this context that voluntary efforts of scholars like Sri K. Bhagavatheeswara Sarma to popularise the vedas are to be appreciated. Sri Sarma has by this time completed his commentary on the Samhitha portion and has published by himself two 'Kandas' out of the total of seven. The commeatary is prepared by following Sayana's Bhashya and it is lucid as well as useful. I wish that scholars and academic institutions may go in for a copy of this book and encourage the author in this stupendous literary undertaking.

Date 7-2-1979 Dr. P. K. NARAYANA PILLAI

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Dr. P. K. NARAYANA PILLAI. M. A. Ph. D. *Jagathy, Trivandrum-14*

23—5—1977

I have gone through the second volume of Sri-Bhagavatheeswara Sarma's translation of Black Yajurveda, comprising six Prapatakas from three to eight, in the first kanda. The translation which is done in simple malayalam conforms to the original and it is very helpful to give a correct idea of the rituals described in the concerned part of the Yajur-veda. This work undertaken by Sri. Sarma is laudable one particularly so in view of the paucity of reiable translations of vedic literature in malayalam. Sri Sarma is doing this work with a spirit of dedication and I am sure, once completed, it will come up for due recognition in the hands of scholars and lovers of vedic lore.

P. K. NARAYANA PILLAI.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രസ്താവന

കൃഷ്ണയജുർവേദത്തിനും മററ് വേദങ്ങളെപോലെ സംഹിത ബ്രാഹ്മണം ആരണ്യകം എന്നീ മൂന്ന് ശാഖകൾ ഉണ്ട്. എന്നാൽ കൃഷ്ണയജുർവേദത്തിൽ സംഹിതയിലും ആരണ്യകത്തിലും ബ്രാഹ്മണഭാഗങ്ങളും ബ്രാഹ്മണത്തിൽ മന്ത്രങ്ങളും കാണുന്നുണ്ട്. ബ്രാഹ്മണങ്ങളിലാണ് യാഗാദികളെ പററി പ്രതിപാദിക്കുന്നത്. യാഗാദികൾ ശരിയായി നടത്തുന്നതിനും അവയെപ്പററി വ്യക്തമായി പലതും മനസ്സിലാക്കുന്നതിനും ബ്രാഹ്മണഭാഗത്തിൻെറ ജ്ഞാനം അത്യാവശ്യമായതുകൊണ്ടായിരിക്കണം സംഹിതയിൽ മന്ത്രങ്ങളോട് കൂടി ബ്രാഹ്മണവും ചേർത്തിരിക്കുന്നത്. അതുകൊണ്ട് മൂലഗ്രന്ഥത്തെ അനുകരിച്ച് ബ്രാഹ്മണഭാഗത്തിൻേറയും അർത്ഥം ഈ ഗ്രന്ഥത്തിൽ ചേർത്തിരിക്കുന്നു. ഒന്നും രണ്ടും ഭാഗങ്ങളുടെ രീതിതന്നെയാണ് ഇതിലും സ്വീകരിച്ചിരിക്കുന്നത്.

ഈ ഗ്രന്ഥം പ്രസിദ്ധീകരിച്ചതിന് സഹായധനം അനുവദിച്ച് തന്നതിന് ബഹുമാനപ്പെട്ട ഇൻഡ്യാ ഗവണ്മെൻറിനോടുള്ള കൃതജ്ഞത പ്രകാശിപ്പിച്ചുകൊള്ളുന്നു. ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതിന് വേണ്ട ഉപദേശവും സഹായവും നൽകിയ എല്ലാ സഹൃദയന്മാരോടും ഈ പുസ്തകം ഭംഗിയായി അച്ചടിച്ച് തന്ന ജയാപ്രിൻേറഴ്സിൻെറ (ചാല, തിരുവനന്തപുരം) ഉടമസ്ഥരോടും എനിക്കുള്ള കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ട് കൃഷ്ണയജുർവേദ തൈത്തിരീയ സംഹിതയുടെ ദ്വിതീയകാണ്ഡത്തിൻെറ "ദീപിക" എന്ന മലയാള വ്യാഖ്യാനം സജ്ജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

കെ. ഭഗവതീശ്വരശർമ്മ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിഷയാനുക്രമണിക

ദ്വിതീയകാണ്ഡഃ പ്രപാഠകം ഒന്നു് 611—970

അനുവാകം	വിഷയം	പേജ്
1	ഐശ്വര്യം മുതലായവ ആഗ്രഹിക്കുന്നവൻ നടത്തേണ്ട യാഗം	611
2	വരുണകോപം മുതലായവയിൽ നിന്നു് മോചനം ലഭിക്കുന്നതിനു് നടത്തേണ്ട യാഗം	615
3	ജയം മുതലായവ കിട്ടുന്നതിനു് വേണ്ടി നടത്തേണ്ടയാഗം	622
4	ബ്രഹ്മവർചസ്സ് മുതലായവ ആഗ്രഹിക്കുന്നവൻ നടത്തേണ്ട യാഗം	627
5	പശുക്കൾ മുതലായവ ലഭിക്കണമെന്നു് ആഗ്രഹിക്കുന്നവൻ നടത്തേണ്ട യാഗം	632
6	ഗ്രാമത്തിൻെറ ആധിപത്യം കിട്ടാൻ നടത്തേണ്ടയാഗം	637
7-8	ബ്രഹ്മവർചസ്സ് ആഗ്രഹിക്കുന്നവൻ നടത്തേണ്ടയാഗം (നാലാമത്തെ അനുവാകത്തിൽ പറയാത്തതു്)	641
9	ഭക്ഷണം മുതലായവ ലഭിക്കണം എന്നു് ആഗ്രഹിക്കുന്നവൻ നടത്തേണ്ടയാഗം	650
16	ഗൃഹദാഹാദി നിമിത്തങ്ങൾക്കു് പരിഹാരമായി നടത്തേണ്ട യാഗം	653
11	കാമ്യേഷ്ടികളുടെ യാജ്യാപുരോ fനവാക്യകൾ	65[illegible]

പ്രപാഠകം 2

1	സന്താനം ആഗ്രഹിക്കുന്നവൻ നടത്തേണ്ട യാഗം	669
2	ദർശപൂർണ മാസങ്ങൾക്കു് മുടക്കം വന്നാൽ പ്രായശ്ചിത്തമായി നടത്തേണ്ട യാഗം	672

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അനുവാകം	വിഷയം	പേജ്
3	ആഗ്രഹങ്ങൾ സാധിക്കുന്നതിനു് നടത്തേണ്ട യാഗം	676
4	ഭക്ഷ്യം സുലഭമായി ലഭിക്കണമെന്നു് ആഗ്രഹിക്കുന്നവൻ നടത്തേണ്ട യാഗം	679
5	അഭിശസ്തൻ നടത്തേണ്ട യാഗം	684
6	ആദിത്യനെ ഉദ്ദേശിച്ചു് ചെയ്യേണ്ട യാഗങ്ങൾ	690
7	ഇന്ദ്രനെ ഉദ്ദേശിച്ചു് നടത്തേണ്ട യാഗം	694
8	ഗ്രാമത്തിന്റെ നേതാവു് ആകണമെന്നു് ആഗ്രഹിക്കുന്നവൻ നടത്തേണ്ട യാഗം	697
9	ആഭിചാരകർമം നടത്തണമെന്നു് ആഗ്രഹിക്കുന്നവൻ നടത്തേണ്ട യാഗം	702
10	ബ്രഹ്മവർചസ്സു് ആഗ്രഹിക്കുന്നവൻ നടത്തേണ്ട യാഗം	708
11	ഗ്രാമാധിപത്യം ആഗ്രഹിക്കുന്നയൻ നടത്തേണ്ട യാഗം	711
12	കാമ്യേഷ്ടികളുടെ യാജ്യാപുരോഽനുവാക്യകൾ	717
പ്രപാഠകം—3		
1	ഐശ്വര്യം ആഗ്രഹിക്കുന്നവൻ നടത്തേണ്ട യാഗം	733
2	ദീർഘായുസ്സിനു് വേണ്ടി നടത്തേണ്ട യാഗം	737
3	യജ്ഞവിഭ്രഷ്ടൻ നടത്തേണ്ട യാഗം	743
4	സ്വർഗം ആഗ്രഹിക്കുന്നവൻ നടത്തേണ്ട യാഗം	747
5	ക്ഷയരോഗത്താൽ പീഡിതനായവൻ നടത്തേണ്ട യാഗം	750
6	രോഗബാധ നിമിത്തം ഭക്ഷണം കഴിക്കാൻ സാധിക്കാത്തവൻ അതിനു് പരിഹാരമായി നടത്തേണ്ട യാഗം	752
7	ഇന്ദ്രിയ ശക്തി ശരീര ബലം മുതലായവ ലഭിക്കുന്നതിനു് വേണ്ടി നടത്തേണ്ട യാഗം	755
8	കണ്ണിനു് കാഴ്ച ലഭിക്കുന്നതിനു് നടത്തേണ്ട യാഗം	757
9	സാംഗ്രഹണേഷ്ടി (എല്ലാവരേയും സ്വാധീനമാക്കുന്നതിനു് വേണ്ടി നടത്തേണ്ട യാഗം)	759
10	ദീർഘായുസ്സു് ആഗ്രഹിക്കുന്നവൻ നടത്തേണ്ട യാഗത്തിനുള്ള മന്ത്രങ്ങൾ	763

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അനുവാകം	വിഷയം	പേജ്
11	ആയുഷ്ക്കാമൻ നടത്തേണ്ട യാഗം	771
12	അശ്വദാനത്തിന് പ്രതിവിധിയായി ചെയ്യേണ്ട യാഗം	775
13	പാപം നശിക്കുന്നതിന് വേണ്ടി ചെയ്യേണ്ട യാഗങ്ങൾ	777
14	കാമ്യേഷ്ടികളുടെ യാജ്യാ പുരോ ƒനുവാക്യകൾ	781

പ്രപാഠകം — 4

അനുവാകം

1	ശത്രുക്കളെ ജയിക്കുന്നതിന് നടത്തേണ്ട യാഗങ്ങൾ	795
2	ശത്രുക്കളെ ജയിക്കുന്നതിനുള്ള "വിജിതി" എന്ന യാഗം	797
3	ശത്രുക്കളെ ജയിക്കുന്നതിനുള്ള "സംവർഗ" യാഗം	800
4	പ്രജാപതിയെ ഉദ്ദേശിച്ച് നടത്തുന്ന"ഗാർമുത ചരു"	803
5	ചിത്രായാഗത്തിനുള്ള ഉപഹോമ മന്ത്രം	805
6	"ചിത്രാ" യാഗവിധി	808
7	"കാരിരി" യാഗ വിധി	810
8	കാരീരീ യാഗത്തിനുള്ള മന്ത്രം	815
9	"കാരീരി" യാഗത്തിനുള്ള മന്ത്രങ്ങളുടെ വ്യാഖ്യാനം	820
10	do	823
11	ത്രൈധാതവീയ യാഗക്തിൻെറ വിധി	826
12	ത്രൈധാതവീയ യാഗത്തിനുള്ള ദക്ഷിണമുതലായവ	828
13	ഇന്ദ്രനേയും ബൃഹസ്പതിയേയും ഉദ്ദേശിച്ച് ചെയ്യേണ്ട യാഗം	834
14	കാമ്യഷ്ടികളുടെ യാജ്യാ പുരോƒനുവാക്യകൾ	835

പ്രപാഠകം — 5

അനുവാകം —

1	അഗ്നിയേയും സോമനേയും ഉദ്ദേശിച്ച് നടത്തുന്ന യാഗം (ഹവിസ്സ് സമപ്പിക്കേണ്ടതു്)	847
2	do (പുരോഡാശം സമപ്പിക്കേണ്ടതു്)	852

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അനുവാകം	വിഷയം	പേജ്
3	കറുത്തവാവ് ദിവസം വടത്തേണ്ട ''സാംനായ്യ യാഗം''	857
4	അഗ്നിയേയും വിഷ്ണുവിനേയും സംബന്ധിച്ച് നടത്തേണ്ട യാഗത്തിന്റെ വിധി	862
5	അഭ്യുദയത്തിന് വേണ്ടി നടത്തേണ്ട യാഗത്തിന്റെ വിധി	865
6	ദർശപൂർണമാസം നടത്തിയതിന് ശേഷം സോമയാഗം നടത്താനുള്ള വിധി	870
7	സാമിധേനിമന്ത്രവ്യഖ്യാനം	875
8	do	879
9	പ്രവരമന്ത്രങ്ങളുടേയും നിഗദമന്ത്രങ്ങളുടേയും	883
10	കാമ്യസാമിധേനികളേയും നിമിത്തസാമിധേനി കളേയും പററി	887
11	സാമിധേനി മന്ത്രം ചൊല്ലുന്നതിൽ ഹോതവ് അധ്വര്യു എന്നിവരുടെ സ്ഥാനം	890
12	കാമ്യേഷ്ടികളുടെ യാജ്യാപുരോ / നുവാക്യകൾ	897

പ്രപാഠകം—6

അനുവാകം		
1	പ്രയാജാവിധി	909
2	ആജ്യഭാഗവിധി	914
3	അഗ്നിയെ സംബന്ധിച്ച പ്രധാന പുരോഡാശം ഹോമിക്കുന്നതിനുള്ള വിധി	919
4	വേദിനിർമാണത്തിനുള്ള വിധി	924
5	വേദിയിൽ ചെയ്യേണ്ടയാഗ വിഷയമായ കാര്യങ്ങൾ	927
6	ഉപാംശുവും സ്വിഷ്ടകൃത്തും	931
7	ഇഡോപാഹ്വാന വിധിയും അതിനുള്ള മന്ത്രങ്ങളുടെ വ്യാഖ്യാനവും	935
8	ഇഡാഭക്ഷണം	939
9	അനുയാജാ മന്ത്രവും സൂക്തവാകവും	943
10	സൂക്തവാക മന്ത്രവ്യാഖ്യാനം	948
11	സംവർഗേഷ്ടി മന്ത്രങ്ങൾ	951
12	പിതൃയജ്ഞ മന്ത്രം	959

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദ്വിതീയകാണ്ഡേ പ്രഥമഃ പ്രപാഠകഃ

പ്രഥമോഽനുവാകഃ (ബ്രാഹ്മണം)

സംഹിതാ—

വായവ്യം ശ്വേതമാലഭേതഭൂതികാമോ
വായുർവൈക്ഷേപിഷ്ഠാ ദേവതാ വായുമേവ സ്വേന
ഭാഗധേയേനോപധാവതി സ ഏവൈനം ഭൂതിം-
ഗമയതി ഭവത്യേവാതിക്ഷിപ്രം ദേവതേത്യാഹുഃ
സൈനമീശ്വരാ പ്രദഹഇത്യേതമേവ സന്തം
വായവേനിയുത്വത ആ ലഭേത നിയുദ്വാ അസ്യ·
ധൃതി ർധൃത ഏവ ഭൂതി മുപൈത്യ പ്രദഹായ ഭവത്യേവ
വായവേനിയുത്വത ആ ലഭേത ഗ്രാമകാമോവായു-
ർവാ ഇമാഃ പ്രജാ നസ്യോതാനേനീയതേ വായുമേവ
നിയുത്വന്തം സ്വേന ഭാഗധേയേനോപധാവതി സ
ഏവാസ്മൈ പ്രജാ ന സ്യോതാ നിയച്ഛതി ഗ്രാമ്യേവ
ഭവതി നിയുത്വതേഭവതി ധ്രുവാ ഏവാസ്മാ
അനപഗാഃ കരോതി വായവേ നിയുത്വത ആ ലഭേത
പ്രജാകാമഃ പ്രാണോ വൈ വായുരപാനോ
നിയുത് പ്രാണാപാനൗ ഖലുവാ ഏതസ്യ പ്രജായാഃ
അപക്രാമതോ യോലം പ്രജായൈ സൻ പ്രജാം
ന വിന്ദതേ വായുമേവ നിയുത്വന്തം സ്വേന ഭാഗ-
ധേയേനോപധാവതിസഏവാസ്മൈ പ്രാണാപാനാഭ്യാം
പ്രജാം പ്രജനയതി വിന്ദതേ പ്രജാം വായവേ
നിയുത്വത ആ ലഭേത ജ്യോഗമയാവി പ്രാണോ
വൈ വായുരപാനോ നിയുത് പ്രാണാപാനൗ ഖലുവാ
ഏതസ്മാദപക്രാമതോ യസ്യജ്യോഗാമയതി വായുമേവ
നി യുത്വന്തം സ്വേന ഭാഗധേയേനോപധാവതി
സ ഏവാ സ്മിൻ പ്രാണാപാനൗ ദധാതൃത യദീതാസു-
ർഭവതി ജീവത്യേവ പ്രജാപതിർവാ ഇദമേക ആസീത്
സോഽകാമയത പ്രജാഃ പശൂൻ സൃജേയേതി
സ ആത്മനോ വപാമുദ്കഖിദത്താമഗ്നൗ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രാഗ്രഹ്ണാത്തരോ ƒ ജ സ്തൂപരഃ സമഭവത്തം
സ്വായെ ദേവതായാ ആ ലഭത തതോ വൈ
സ പ്രജാഃ പശൂനസൃജത യഃ പ്രജാകാമഃ
പശുകാമഃ സ്യാത്സ എതം പ്രാജാപത്യമജം
തൂപരമാലഭേത പ്രജാപതി മേവ സ്വേന
ഭാഗധേയേനോപധാവതി സ ഏവാസ്മൈ
പ്രജാം പശൂൻ പ്രജനയതി യച്ഛ്മശ്രുണ-
സ്ത ത്പുരുഷാണാം രൂപം യത്തൂപരസ്തദശ്വാനാം
യദന്യതോദത്തദ്ഗവാം യദവ്യാ ഇവ ശഫാസ്ത-
ദവീനാം യദജസ്തദജാനാമേതാവന്തോ വൈ
ഗ്രാമ്യാഃ പശവസ്താൻ രൂപേണൈവാവരുന്ധേ
സോമാപൗഷ്ണം ത്രൈതമാലഭേത പശുകാമോ
ദ്വൗവാ അജായൈ സ്തനൗ നാനൈവ ദ്വാവഭി-
ജായേതേ ഊർജം പുഷ്ടിം തൃതീയഃ സോമാ-
പൂഷണാവേവ സ്വേന ഭാഗധേയേനോപധാവതി
താവേവാസ്മൈ പശൂൻ പ്രജനയതഃ സോമോ
വൈരേതോധാഃ പൂഷാ പശൂനാം പ്രജനയിതാ
സോമ എവാസ്മൈ രേതോ ദധാതി പൂഷാ പശൂൻ
പ്ര ജനയത്യൗദുംബരോ യൂപോ ഭവത്യൂർഗ്വാ
ഉദുംബര ഊർക് പശവ ഊർജൈവാസ്മാ ഊർജം
പശൂനവരുന്ധേ ||

അർത്ഥം—

(ഈ അനുവാകത്തിൽ കാമ്യേഷ്ടികരം വർണ്ണിക്കുന്നു.)

1. ഐശ്വര്യം ആഗ്രഹിക്കുന്നവൻ വായുവിനെ സംബന്ധി ച്ചതും വെളുത്ത നിറത്തിലുള്ളതുമായ മൃഗത്തെ യാഗത്തിൽ സമർപ്പിക്കണം. യജമാനനെ വളരെ വേഗത്തിൽ അനുഗ്ര ഹിക്കുന്ന ദേവത വായുവാണല്ലോ ? വായുവിനു് സമർ പ്പിക്കേണ്ട ഭാഗം സമർപ്പിച്ചതുകൊണ്ടു് യജമാനൻ വായു വിൻെറ അടുക്കൽ എത്തുന്നു. ആ വായുദേവൻ യജമാ നനു് ഐശ്വര്യം ഉണ്ടാക്കുന്നു. വായുദേവൻെറ അനുഗ്രഹ ത്താൽ യജമാനൻ ഐശ്വര്യമുള്ളവനായി ഭവിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വായു വളരെ വേഗത്തിൽ ഫലം തരുന്ന ദേവതയാണെന്നു് അഭിജ്ഞന്മാർ പറയുന്നു ആ ദേവത യജമാനനെ നശിപ്പിക്കുന്നതിനും ശക്തിയുള്ളതാണെന്നു് പറയുന്നു, അതുകൊണ്ടു് അശ്വങ്ങളോടുകൂടിയിരിക്കുന്ന വായുവിനും ഒരു മൃഗത്തെ യാഗം കഴിക്കുന്നു. അശ്വങ്ങളാണല്ലോ വായുവിനെ വേഗത്തിൽ കൊണ്ടുപോകുന്നതു്. യജമാനൻ ഭൂമിയിൽ സ്ഥിതി ചെയ്യുമ്പോഠം തന്നെ (ഈ ജന്മത്തിൽ തന്നെ) ഐശ്വര്യം പ്രാപിക്കുന്നു. ആ ഐശ്വര്യം ഒരിക്കലും നശിക്കുകയില്ല.

2. ഗ്രാമത്തിന്റെ അധിപതിയാകണമെന്നു് ആഗ്രഹിക്കുന്നവൻ അശ്വങ്ങളോടുകൂടിയ വായുവിനു് മൃഗത്തെ യാഗം കഴിക്കണം. വായുവാണല്ലോ ലോകത്തിലുള്ള ആളുകളെ മൂക്കിൽ കയർ ഇട്ടിരിക്കുന്ന കാളകളെപ്പോലെ നയിക്കുന്നതു്. യജമാനൻ വായുവിനുള്ള ഭാഗം സമർപ്പിച്ചതുകൊണ്ടു് വായുവിന്റെ സമീപത്തിൽ തന്നെ എത്തുന്നു. ആ വായുതന്നെ യജമാനനു് വേണ്ടി ആളുകളെ നിയന്ത്രിക്കുന്നു യജമാനൻ ഗ്രാമത്തിന്റെ അധിപതിയായിഭവിക്കുന്നു. അശ്വങ്ങളോടുകൂടിയ വായുവിനെ ആരാധിക്കുന്നതുകൊണ്ടു് ആളുകഠംക്കു് യജമാനനിൽ സ്ഥിരമായ സ്നേഹം ഉണ്ടാകുന്നു. യജമാനനോടു് വിരോധം ഇല്ലാത്തവരും ആയിത്തീരുന്നു-

3. സന്താനംഉണ്ടാകണം എന്നു് ആഗ്രഹിക്കുന്നവൻ അശ്വങ്ങളോടുകൂടിയിരിക്കുന്ന വായുവിനെ ഉദ്ദേശിച്ചു് മൃഗത്തെ യാഗംകഴിക്കണം പ്രാണൻ എന്നു് പറയുന്നതു് വായു ആണു്. അപാനൻ എന്നു് പറയുന്നതു് അശ്വമാണു്. സന്താനം ഉണ്ടാകത്തക്ക വിധത്തിൽ ആരോഗ്യാദികഠം ഉണ്ടെങ്കിലും യാതൊരുത്തനു് സന്താനം ഉണ്ടാകുന്നില്ലയോ അവന്റെ സന്താനത്തിന്റെ പ്രാണവായുവും അപാന വായുവും വെളിയിലേക്കു് പോകുന്നു. യജമാനൻ സമർപ്പിക്കുന്ന യാഗാദികളാൽ സന്തുഷ്ടനായ വായു യജമാനനു് വേണ്ടി പ്രജയെ ജനിപ്പിക്കുന്നു. യജമാനനു് സന്താനം ലഭിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

4. ദീർഘരോഗമുള്ളവൻ അശ്വങ്ങളോടുകൂടിയ വായുവിനെ ഉദ്ദേശിച്ച് മൃഗത്തെ യാഗം കഴിക്കണം. പ്രാണൻ വായുവാണല്ലോ ? അപാനൻ അശ്വവും ആണ്. യാതൊരുത്തനെ ചിരകാലമായി രോഗങ്ങൾ പീഡിപ്പിക്കുന്നുവോ അവനിൽ നിന്ന് പ്രാണാപാനങ്ങൾ വെളിയിലേയ്ക്ക് പോകുന്നു. യാതൊരുത്തൻ അശ്വങ്ങളോടുകൂടിയ വായുവിന് സമപ്പിക്കേണ്ട ഭാഗം സമപ്പിച്ച് വായുവിനെ ആരാധിക്കുന്നുവോ അവനിൽ ആ വായു പ്രാണാപാനങ്ങളെ ധരിപ്പിക്കുന്നു. പ്രാണൻപോയി കിടക്കുകയാണെങ്കിലും വീണ്ടും ജീവിക്കുന്നു.

5. ഈ ലോകത്തിൽ പ്രജാപതി മാത്രം ഉണ്ടായിരുന്നു. (ലോകസൃഷ്ടിക്ക് മുൻപ്) ആ പ്രജാപതി പ്രജകളേയും മൃഗങ്ങളേയും സൃഷ്ടിക്കണമെന്ന് ആഗ്രഹിച്ചു. അദ്ദേഹം തന്റെ ശരീരത്തിൽ നിണ് വപ (ഉദരമദ്ധ്യത്തിൽ ഉള്ള ഘനം കുറഞ്ഞ മാംസം) എടുത്തു. അത് അഗ്നിയിൽ ഹോമിച്ചു. അഗ്നിയിൽ ദഹിച്ച ആ വപയിൽ നിന്ന് കൊമ്പുകളില്ലാത്ത ആട് ഉണ്ടായി. അതിനെ തന്റെ ദേവതയെ ഉദ്ദേശിച്ച് യാഗം കഴിച്ചു. അനന്തരം പ്രജാപതി പ്രജകളേയും, മൃഗങ്ങളേയും സൃഷ്ടിച്ചു. സന്താനം ഉണ്ടാകണമെന്ന് ആഗ്രഹിക്കുന്നവനും പശുക്കൾ ഉണ്ടാകണമെന്ന് ആഗ്രഹിക്കുന്നവനും പ്രജാപതിയെ സംബന്ധിച്ചതും കൊമ്പ് ഇല്ലാത്തതുമായ ആടിനെ യാഗം കഴിക്കണം. പ്രജാപതിക്ക് സരപ്പിക്കേണ്ട ഭാഗം സമപ്പിച്ചതു കൊണ്ട് യജമാനൻ പ്രജാപതിയുടെ സമീപത്തിൽ എത്തുന്നു. ആ പ്രജാപതി യജമാനന് സന്താനങ്ങളേയും പശുക്കളേയും നൽകുന്നു

ശ്മശ്രുഉണ്ടായിരിക്കുക എന്നതു പുരുഷന്മാരുടെ ലക്ഷണമാണ്. കൊമ്പില്ലാതെ ഇരിക്കുന്നത് അശ്വങ്ങളുടെ ലക്ഷണമാണ് താഴത്തെ വരിയിൽ മാത്രം പല്ലു ഉണ്ടായിരിക്കുക എന്നതു് പശുക്കളുടെ ലക്ഷണമാണ്. ആടിന്റെ രൂപത്തിൽ ഇരിക്കുക എന്നതു് ആടുകളുടെ ലക്ഷണമാണ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇവ മാത്രമാണ് ഗ്രാമ്യമൃഗങ്ങൾ ആട്, മനുഷ്യനേയും കുതിര പശു എന്നിവയേയും രൂപ സാദൃശ്യംകൊണ്ട് സ്വാധീനം ആകുന്നു.

6. പശുക്കൾ ധാരാളം ലഭിക്കണമെന്ന് ആഗ്രഹിക്കുന്നവൻ സോമൻ പൂഷാ എന്നി ദേവന്മാരെ സംബന്ധിച്ചതും ഒരേ പ്രസവത്തിൽ ജനിച്ച മൂന്നു കുട്ടികളിൽ ഒന്നായ ആടിനെ യാഗം കഴിക്കണം. പെണ്ണാടിന് രണ്ടു സ്തനങ്ങളാണു ഉള്ളത്. ആസ്തനങ്ങൾ പ്രത്യേകം പ്രത്യേകം കുടിക്കുന്ന തിന് സാധാരണ രണ്ടു കുട്ടികൾ ജനിക്കുന്നു മൂന്നാമത്തെ കുട്ടി പെണ്ണാടിന്റെ വീർയത്തേയും പുഷ്ടിയേയും സൂചിപ്പിക്കുന്നു. ആ മൂന്നാമത്തെ കുട്ടി സോമൻ പൂഷാ എന്നീ ദേവന്മാരെത്തന്നെ അവരുടെ ഭാഗം സമർപ്പിച്ചുകൊണ്ട് സമീപിക്കുന്നു. സോമനും പൂഷാവും യജമാനന് വേണ്ടി പശുക്കളെ ജനിപ്പിക്കുന്നു സോമൻ ആണ് രേതസ്സ് ധരിപ്പിക്കുന്നത് (ഗർഭം അലസിപ്പോകാതെ രക്ഷിക്കുന്നത്) പൂഷാപശുക്കളെ ജനിപ്പിക്കുന്നു. (പ്രസവിക്കാൻ സഹായിക്കുന്നു)

ഈ യാഗങ്ങൾക്ക് എല്ലാം ഉദുംബര വൃക്ഷത്തിന്റെ തടി കൊണ്ടാണ് യൂപം നിർമ്മിക്കേണ്ടതു". ഉദുംബര വൃക്ഷം ബലത്തോടുകൂടിയതാണ്. പശുക്കളും ബലം തരുന്നവയാണ്. (അവ പാലുതരുന്നു. അതു നിമിത്തം ശരീരത്തിന് ബലം ഉണ്ടാകുന്നു) ബലവത്തായ ഉദുംബര വൃക്ഷത്താൽതന്നെ യജമാനന് ബലവും പശുക്കളും ലഭിക്കുന്നു

ഇതിപ്രഥമോഽനുവാകഃ

അഥദ്വിതീയോഽനുവാകഃ (ബ്രാഹ്മണം)

സംഹിതാ:—

പ്രജാപതിഃ പ്രജാ അസൃജതതാ അസ്മാത്സൃഷ്ടാഃ പരാചീരായൻതാ വരുണ മഗച്ഛൻതാ അന്വൈത്താഃ പുനരയാചത താ അസ്മൈന പുനരദാത്സോഽബ്രവീദ്വരം വൃണിഷ്വാഥമേ പുനർദേഹിതി താസാംവരമാലഭതസ കൃഷ്ണ ഏക ശിതി പാദ-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭവദ്യോ വരുന്ന ഗൃഹീതഃസ്യാത്സ ഏതം വാരുണം കൃഷ്ണമേക
ശിതിപാദമാലഭേത വരുണം ഏവ സ്വേനഭാഗധേയേനോപ
ധാവതി സ ഏവൈനം വരുണപാശാന്മുഞ്ചതികൃഷ്ണ ഏകശിതി
പാദ്ഭവതി വാരുണോ ഹ്യേഷ ദേവതയാ സമൃദ്ധ്യൈ സ്വവർ
ഭാനുരാസുരഃ സൂർയം തമസാ *f* വിധ്യത്തസ്മൈ ദേവാഃ
പ്രായശ്ചിത്തിമൈച്ഛത്തസ്യയത് പ്രഥമം തമോ *f* പാഘ്
നൻ സാകൃഷ്ണാവിരഭവദ്ദ്വിതീയം സാ ഫൽഗുനീ യത്തൃ-
തീയം സാ വലക്ഷീയദധ്യസ്ഥാദപാകൃന്തൻ സാ *f* വിർവശാ
സമഭവത്തേ ദേവാ അബ്രുവൻ ദേവപശുർവാ അയം സമഭൂത്ക-
സ്മാ ഇമമാലപ്സ്യാമഹ ഇത്യഥ വൈതർഹ്യൽപാപൃഥിവ്യാ
സീദജാതാ ഓഷധയസ്താമവിവശാമാദിത്യേഭ്യഃ കാമായാ ലഭന്ത
തതോ വാ അപ്രഥതപൃഥിവ്യജായന്തൗഷധയോ യഃ കാമയേത
പ്രഥേയപശുഭിഃ പ്ര പ്രജയാ ജായേയേതി സ ഏതാമവിംവശാ-
മാദിത്യേഭ്യഃ കാമായാ *f* ലഭേത *ff* ദിത്യാ നേവ കാമം സ്വേന ഭാഗ-
ധേയേനോപധാവതി ത ഏ വൈനം പ്രഥയന്തി പശുഭിഃ പ്ര
പ്രജയാ ജനയന്ത്യസാവാദിത്യോന വ്യരോചത തസ്മൈ
ദേവാ പ്രായശ്ചിത്തിമൈച്ഛൻ തസ്മാ ഏതാ മൽഹാ ആ
ലഭന്താ *ff* ഗ്നേയീം കൃഷ്ണഗ്രിവീം സംഹിതാമൈന്ദ്രീം ശ്വേതാം
ബാർഹസ്യസ്പത്യാംതാഭിരേവാസ്മിൻ രുചമദധുർയോ
ബ്രഹ്മവർവചസകാമഃ സ്യാ ത്ത സ്മാ ഏതാ മൽഹാ ആ ലഭേത
ആഗ്നേയീം കൃഷ്ണഗ്രീവീം സംഹിതാ മൈന്ദ്രീം ശ്വേതാം ബാർ
ഹ സ്പത്യാ മേതാ ഏവ ദേവതാഃ സ്വേന ഭാഗധേയേനോപ
ധാവതി താ ഏവാസ്മിൻ ബ്രഹ്മവർചസം ദധതി ബ്രഹ്മ
വർചസ്യേവ ഭവതി വസന്താ പ്രാതരാഗ്നേയീം കൃഷ്ണഗ്രീവീ
മാലഭേത ഗ്രീഷ്മേ മദ്ധ്യംദിനേ സംഹിതാമൈന്ദ്രിം ശരദ്യ-
പരാഹ്നേ ശ്വേതാം ബാർഹസ്പത്യാം ത്രിണിവാ ആദിത്യസ്യ
തേജാംസി വസന്താ പ്രാതർഗ്രിഷ്മേ മദ്ധ്യംദിനേ ശരദ്യ-
പരാഹ്നേ യാവന്ത്യേവ തേജാംസി താന്യേവ അവരുന്ധേ സം-
വത്സരം പർയാലഭ്യന്തേ സംവത്സരോവൈബ്രഹ്മവർചസസ്യ
പ്രദാതാ സംവത്സര ഏവാസ്മൈ ബ്രഹ്മവർചസം പ്രയച്ഛതി
ബ്രഹ്മവർചസ്യേവഭവതി ഗർഭിണിയോ ഭവന്തീന്ദ്രിയം
വൈഗർഭ ഇന്ദ്രിയമേവാസ്മിൻ ദധാതി സാരസ്വതീം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മേഷിമാലഭേത യ ഈശ്വരോ വാചോ വദിതോഃ സൻ വാചം
നവദേദ്വാഗ്ഗൈ്വസരസ്വതീ സരസ്വതീമേവ സ്വേനഭാഗ-
ധേയേനോപധാവതി സൈവാസ്മിൻവാചം ദധാതി പ്രവ
ദിതാ വാചോഭവത്യ പന്നദതീ ഭവതി തസ്മാന്മനുഷ്യാ
സർവ്വാം വാചം വദന്ത്യാഗ്നേയം കൃഷ്ണഗ്രിവമാലഭേത സൗമ്യം
ബഭ്രും ജ്യോഗാമയാവ്യഗ്നിം വാ ഏതസ്യശരീരംഗച്ഛതിസോമം
രസോയസ്യജ്യോഗാമയ ത്യഗ്നേരേവാസ്യ ശരീരം നിഷ്ക്രീ
ണാതി സോമാദ്രസമുത യദിതാസുർഭവതി ജീവത്യേവ സൗമ്യം
ബഭ്രുമാലഭേതാ ƒƒ ഗ്നേയം കൃഷ്ണഗ്രിവം പ്രജാകാമഃ സോമോ
വൈരേതോധാഃ അഗ്നിഃ പ്രജാനാം പ്രജനയിതാ സോമ ഏവാ
സ്മൈരേതോദധാത്യഗ്നിഃ പ്രജാം പ്രജനയതി വിന്ദതേ പ്ര
ജാമാഗ്നേയം കൃഷ്ണഗ്രിവമാലഭേതസൗമ്യംബഭ്രുംയോ ബ്രാഹ്മണോ
വിദ്യാമനൂച്യന വിരോചേതയദാഗ്നേയോ ഭവതിതേജ
ഏവാസ്മിന്തേന ദധാതി യത്സൗമ്യോ ബ്രഹ്മവർച്ചസം തേന
കൃഷ്ണഗ്രിവ ആഗ്നേയോഭവന്തി തമ ഏവാസ്മാദപഹന്തി-
ശ്വേതോഭവതിരുചമേവാസ്മിൻദധാതിബഭ്രുഃസൗമ്യോഭവതി
ബ്രഹ്മവർച്ചസമേവാസ്മിൻ ത്വിഷിം ദധാത്യഗ്നേയം കൃഷ്ണഗ്രി
വമാലഭേത സൗമ്യം ബഭ്രുമാഗ്നേയം കൃഷ്ണഗ്രീവമാപുരോധായാം
സ്പർധമാന ആഗ്നേയോ വൈബ്രാഹ്മണഃ സൗമ്യോ രാജ-
ന്യോ ƒ ഭിതഃ സൗമ്യമാഗ്നേയൗഭവതസ്തേജസൈവ ബ്രഹ്മണോ-
ഭയതോ രാഷ്ട്രം പരിഗൃഹ്ണാത്യേകധാസമാവൃങ്ക്തേപുര
ഏനം ദധതേ ॥

അർത്ഥം — (ഈ അനുവാകത്തിൽ ചില യാഗങ്ങൾ വിധിക്കുന്നു)

1. പ്രജാപതി പ്രജകളെ സൃഷ്ടിച്ചു. സൃഷ്ടിക്കപ്പെട്ട ആ പ്രജകൾ പ്രജാപതിയിൽ സ്നേഹമില്ലാത്തവരായി അദ്ദേഹത്തിന്റെ സമീപത്തു നിന്നു് പോയി. വരുണന്റെ അടുക്കൽ പോയി. പ്രജാപതി അവയെ അനുഗമിച്ചു അവയെ തനിക്കു് തരണം എന്നു് പ്രജാപതി വരുണനോടു് യാചിച്ചു. വരുണൻഅവയെ പ്രജാപതിക്കു് കൊടുത്തില്ല അവയിൽ ശ്രേഷ്ഠമായതിനെ സ്വീകരിച്ചുകൊണ്ടു് മററുള്ളവയെ എനിക്കു് തന്നാലും എന്നു് പ്രജാപതി വരുണനോടു്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പറഞ്ഞു. വരുണൻ അവയിൽ ശ്രേഷ്ഠമായതിനെ കൈകൊണ്ടു് സ്പർശിച്ചു അതു് കറുത്ത നിറമുള്ളതും ഒരു കാൽ മാത്രം വെളുത്തതും ആയ ഒരു മൃഗമായിരുന്നു

മഹോദരം എന്ന രോഗത്താൽ പീഡിതനായവൻ വരുണനെ സംബന്ധിച്ചതും കറുത്തനിറമുള്ളതും ഒരു കാൽ മാത്രം വെളുത്ത നിറമുള്ളതുമായ ഒരു മൃഗത്തെ യാഗം കഴിക്കണം. വരുണന്റെ ഭാഗം സമർപ്പിക്കുന്നതുകൊണ്ടു് യജമാനൻ വരുണനെത്തന്നെ സമീപിക്കുന്നു. ആ വരുണൻ തന്നെ യജമാനനെ വരുണന്റെ കോപം നിമിത്തം ഉണ്ടാകുന്ന രോഗത്തിൽ നിന്നു് മോചിപ്പിക്കുന്നു. കറുത്തതും ഒരു കാൽ മാത്രം വെളുത്തതും ആയ മൃഗം വരുണനെ സംബന്ധിച്ചതാകുന്നു. ആ മൃഗം ദേവതാ പ്രീതിയ്ക്കു് കാരണമായി യജമാനന്റെ ആരോഗ്യ സമൃദ്ധിക്കു് ഉപകരിക്കുന്നു.

2. സുവർഭാനു എന്ന പേരുള്ള അസുരൻ സൂര്യനെ ഇരുട്ടുകൊണ്ടു് മറച്ചു ദേവന്മാർ അതിനു് പരിഹാരം ചെയ്യാൻ ആഗ്രഹിച്ചു. ആദ്യം മാററപ്പെട്ട ഇരുട്ടു് കറുത്ത ആടായി ഭവിച്ചു രണ്ടാമതു് മാററപ്പെട്ട ഇരുട്ടു് ചുവന്ന നിറത്തിലുള്ള ആടായി ഭവിച്ചു. മൂന്നാമതു് മാററപ്പെട്ട ഇരുട്ടു് വെളുത്ത ആടായി ഭവിച്ചു. മൃതദേഹത്തിലുണ്ടായിരുന്ന അസ്ഥി ഉപയോഗിച്ചു് മാററപ്പെട്ട ഇരുട്ടു് വന്ധ്യയായ ആടായി ഭവിച്ചു. അനന്തരം ദേവന്മാർ പറഞ്ഞു —"ഇതു് ദേവ പശുവായിട്ടാണു് സംഭവിച്ചതു്- ഇതിനെ ഏതു കാര്യം സാധിക്കുന്നതിനു് വേണ്ടിയാണു് യാഗം കഴിക്കേണ്ടതു് എന്നു്". അപ്പോൾ ഭൂമി വിസ്താരം കുറഞ്ഞതും ഓഷധികൾ ഇല്ലാത്തതും ആയിരുന്നു. ഇതു രണ്ടും സാധിക്കുന്നതിനു് വേണ്ടി (ഭൂമിയ്ക്കു് വിസ്തൃതി വർദ്ധിക്കുന്നതിനും ഭൂമിയിൽ ഓഷധികൾ ഉണ്ടാകുന്നതിനും വേണ്ടി) ദേവന്മാർ വന്ധ്യയായ ആടിനെ ആദിത്യന്മാരെ ഉദ്ദേശിച്ചു് യാഗം കഴിച്ചു. അനന്തരം ഭൂമി വിസ്താരമുള്ളതായി ഭവിച്ചു. ഭൂമിയിൽ ഓഷധികൾ ഉണ്ടാവുകയും ചെയ്തു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സന്താനങ്ങളോടും അനേകം പശുക്കളോടും കൂടിയവ-നായിതീരണം എന്നു് ആഗ്രഹിക്കുന്നവൻ അതു സാധി-ക്കുന്നതിനു് വേണ്ടി വന്ധ്യയായ ആടിനെ ആദിത്യന്മാരെ ഉദ്ദേശിച്ചു് യാഗം കഴിക്കണം. ആദിത്യന്മാർക്കുള്ള ഭാഗം സമർപ്പിച്ചതുകൊണ്ടു് യജമാനൻ ആദിത്യന്മാരെ സമീപി ക്കുന്നു ആ ആദിത്യന്മാർ യജമാനനെ പശുക്കളും സന്താന ങ്ങളും ഉള്ളവനാക്കിത്തീർക്കുന്നു.

3. ഈ ആദിത്യൻ പ്രകാശിച്ചില്ല. ദേവന്മാർ അതിനു് പരി ഹാരം ചെയ്യാൻ ആഗ്രഹിച്ചു. ആ ആഗ്രഹം സാധിക്കുന്ന തിനു് വേണ്ടി കഴുത്തിൽ സ്തനങ്ങളുള്ള ആടുകളെ യാഗം കഴിച്ചു. അഗ്നിയെ സംബന്ധിച്ച കഴുത്തിൽമാത്രം കറുത്തനിറമുള്ള ആടിനേയും ഇന്ദ്രനെ സംബന്ധിച്ച നാനാ വർണ്ണങ്ങളോടുകൂടിയ ആടിനേയും ബൃഹസ്പതിയെ സംബന്ധിച്ച വെളുത്ത ആടിനേയും യാഗം കഴിച്ചു. ആ ആടുകളെ യാഗം കഴിച്ചതു കൊണ്ടു് ആദിത്യനിൽ പ്രകാ-ശം ഉണ്ടായി

ബ്രഹ്മവർചസ്സു് ഉണ്ടാകണം എന്നു് ആഗ്രഹിക്കുന്നവൻ ആ ആഗ്രഹം സാധിക്കുന്നതിനു് വേണ്ടി കഴുത്തിൽ സ്തന ങ്ങളുള്ള ആടുകളേയും, അഗ്നിദേവനെ സംബന്ധിച്ചതും കഴുത്തിൽ മാത്രം കറുത്ത നിറമുള്ളതുമായ ആടിനേയും, ബൃഹസ്പതിയെ സംബന്ധിച്ചതും വെളുത്ത നിറമുള്ളതു മായ ആടിനേയും യാഗം കഴിക്കണം. ഈ ദേവന്മാർ (ഇന്ദ്രൻ അഗ്നി ബൃഹസ്പതി എന്നിവർ) അവരവരുടെ ഭാഗം ലഭിച്ചതുകൊണ്ടു് സന്തുഷ്ടരായി യജമാനനെ സമീ പിക്കുന്നു. ആ ദേവതകൾ യജമാനനിൽ ബ്രഹ്മവർചസ്സു് ഉണ്ടാക്കുന്നു. യജമാനൻ ബ്രഹ്മവർചസ്സോടുകൂടിയവനായി തീരുന്നു.

വസന്തകാലത്തിൽ രാവിലെ അഗ്നിദേവതയെ സംബ ന്ധിച്ചതും കഴുത്തിൽ മാത്രം കറുത്ത നിറമുള്ളതും ആയ ആടിനെ യാഗം കഴിക്കുന്നു. ഗ്രീഷ്മകാലത്തിൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉച്ചയ്ക്ക് ഇന്ദ്രനെ സംബന്ധിച്ചതും പല നിറത്തോടുകൂടിയ തുമായ ആടിനെ യാഗം കഴിക്കണം. ശരത്കാലത്തിൽ ഉച്ചയ്ക്ക് ശേഷം ബൃഹസ്പതിയെ സംബന്ധിച്ചതും വെള്ളത്തുമായ ആടിനെ യാഗം കഴിക്കണം. വസന്തകാലത്തിൽ പ്രഭാതത്തിലും ഗ്രീഷ്മകാലത്തിൽ മദ്ധ്യാഹ്നത്തിലും ശരത്കാലത്തിൽ ഉച്ചയ്ക്ക് ശേഷവും ആദിത്യന്റെ തേജസ്സ് പ്രശസ്തമാണ്. പ്രശസ്തമായ തേജസ്സ് ഏതവസരത്തിലാണോ ഉള്ളത് ആ അവസരത്തിലാണ് ആരാധിക്കേണ്ടത്.

ഒരു വർഷം നിയമം അനുസരിച്ച് വ്രതാദികൾ അനുഷ്ഠിക്കുന്നു. സംവത്സരം ആണ് ബ്രഹ്മവർചസ്സ് തരുന്നത് (ഒരു വർഷം കൃത്യമായി സന്ധ്യാവന്ദനാദി കർമ്മങ്ങൾ അനുഷ്ഠിക്കുമ്പോൾ ബ്രഹ്മവർചസ്സ് ലഭിക്കും.) നിത്യകർമ്മാദികൾ ശരിയായി അനുഷ്ഠിക്കുന്നവന് സംവത്സരം തന്നെ ബ്രഹ്മവർചസ്സ് നൽകുന്നു. അപ്രകാരം നിയമം അനുഷ്ഠിക്കുന്നവൻ ബ്രഹ്മതേജസ്സോടുകൂടിയവനായി ഭവിക്കുന്നു.

ബ്രഹ്മവർചസ്സ് ആഗ്രഹിച്ച് യാഗം കഴിക്കപ്പെടുന്ന മൂന്ന് ആടുകളും ഗർഭം ഉള്ളതായിരിക്കണം ഗർഭം ഇന്ദ്രിയശക്തിയാണ് അപ്രകാരം ചെയ്യുന്നതു കൊണ്ട് യജമാനന് ഇന്ദ്രിയശക്തിലഭിക്കുന്നു.

4. നല്ലപോലെ വിദ്യ അഭ്യസിച്ചവനാണെങ്കിലും സദസ്സുകളിൽ ശാസ്ത്രതത്വങ്ങളിൽ വാദം ഉണ്ടാകുമ്പോൾ മറുപടിപറയാൻ ശക്തനല്ലാതായിത്തീരുന്നവൻ സരസ്വതീദേവിയെ സംബന്ധിച്ചപെണ്ണാടിനെ യാഗം കഴിക്കണം. വാക്ക്തന്നെയാണ സരസ്വതീ ദേവി. സരസ്വതീ ദേവിക്കുള്ള ഭാഗം സമർപ്പിച്ചതു കൊണ്ട് യജമാനൻ സരസ്വതീദേവിയെത്തന്നെ സമീപിക്കുന്നു. സരസ്വതീ ദേവി യജമാനനെ വാക് സാമർത്ഥ്യം ഉള്ളവൻ ആക്കുന്നു. യജമാനൻവാക് സാമർത്ഥ്യ ഉള്ളവനായി ഭവിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സരസ്വതീ ദേവിയെ ഉദ്ദേശിച്ച് യാഗം കഴിക്കപ്പെടുന്ന ആട് പല്ല് പോകാത്തതായിരിക്കണം. അതുകൊണ്ടു മനുഷ്യർ എല്ലാവാക്കുകളും പറയുന്നു.

5. ദീർഘകാലമായി രോഗത്താൽ പീഡിതൻ ആയിട്ടുള്ളവൻ അഗ്നിയെ ഉദ്ദേശിച്ച് കഴുത്തിൽമാത്രം കറുത്ത നിറമുള്ള ആടിനേയും സോമനെ ഉദ്ദേശിച്ച് തവിട്ടു് നിറത്തിലുള്ള ആടിനേയും യാഗം കഴിക്കണം ദീർഘകാലം രോഗത്താൽ പീഡിതനായയവൻെറ ശരീരം അഗ്നിയെ പ്രാപിക്കുന്നു. രുചിയറിയുന്നതിനുള്ള ശക്തി സോമനെ പ്രാപിക്കുന്നു ദീർഘകാലം രോഗ ഗ്രസ്തൻ ആണെങ്കിലും യാതൊരുത്തൻ അഗ്നിയേയും സോമനേയും ഉദ്ദേശിച്ച് യാഗം കഴിക്കുന്നുവോ അവൻ അഗ്നിയിൽനിന്നു് തൻെറ ശരീരത്തേയും സോമനിൽ നിന്നു് പദാർത്ഥങ്ങളുടെ രസം അറിയാനുള്ള ശക്തിയും വീണ്ടെടുക്കുന്നു കൂടാതെ മരിച്ചവനാണെങ്കിലും ജീവിക്കുന്നു.

6. സന്താനം ഉണ്ടാകണമെന്നു് ആഗ്രഹിക്കുന്നവൻ സോമനെ ഉദ്ദേശിച്ച് തവിട്ടു് നിറത്തിലുള്ള ആടിനേയും അഗ്നിയെ ഉദ്ദേശിച്ച് കഴുത്ത്മാത്രം കറുത്തനിറമുള്ള ആടിനേയും യാഗം കഴിക്കണം സോമനാണല്ലോ യജമാനനെ രേതസ്സ് ധരിപ്പിക്കുന്നതു്. അഗ്നിയാണു് സന്താനങ്ങളെ ജനിപ്പിക്കുന്നതു്. ഈയജമാനനെ സോമൻ രേതസ്സ് ധരിപ്പിക്കുന്നു അഗ്നിസന്താനങ്ങളെ ജനിപ്പിക്കുന്നു. യജമാനനു് സന്താനം ലഭിക്കുന്നു

7. സദസ്സിൽ ഉപന്യാസാദികൾ വർണ്ണിച്ചതിനു് ശേഷം സദസ്യരുടെ വിരോധം നിമിത്തമോ മറേറാ ശോഭിക്കുന്നില്ലെങ്കിൽ അഗ്നിയെ ഉദ്ദേശിച്ച് കഴുത്തിൽമാത്രം കറുത്തനിറമുള്ള ആടിനേയും സോമനെ ഉദ്ദേശിച്ച് തവിട്ടു് നിറത്തിലുള്ള ആടിനേയും യാഗം കഴിക്കണം എന്തുകൊണ്ടെന്നാൽ തേജസ്സ് അഗ്നിയെ സംബന്ധിച്ചതാകുന്നു അതുകൊണ്ടു് യജമാനനു് തേജസ്സ് ഉണ്ടാവുകതന്നെചെയ്യും. ബ്രഹ്മവർചസ്സ് എന്നതു് സോമനെ സംബന്ധിച്ചതാണു്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കഴുത്തിൽമാത്രം കറുത്തനിറമുള്ള ആടു് അഗ്നിയെ സംബന്ധിച്ചതാണു്. യാഗം കഴിക്കുന്ന യജമാനനിൽ നിന്നു് ബുദ്ധിമാന്ദ്യമാകുന്ന ഇരുട്ടു് നശിക്കുന്നു. കഴുത്തു് ഒഴികെ മററു് ശരീരഭാഗം വെളുത്തതായതുകൊണ്ടു് യജമാനനിൽ തീർച്ചയായും കാന്തി ഉണ്ടാകുന്നു. പല നിറം ഉള്ള ആടു് സോമനെ സംബന്ധിച്ചതാകുന്നു. യജമാനനിൽ ബ്രഹ്മവർചസ്സും ശോഭയും ഉണ്ടാകുന്നു.

8. പൗരോഹിത്യത്തിൽ സ്പർധയുള്ളവൻ (രാജാവിൻെറ പുരോഹിതനാകാൻ ആഗ്രഹിക്കുന്നവൻ) അഗ്നിയെ ഉദ്ദേശിച്ചു് കഴുത്തിൽ മാത്രം കറുത്ത നിറമുള്ള ആടിനെ യാഗം കഴിക്കണം. സോമനെ ഉദ്ദേശിച്ചു് പല നിറത്തോടുകൂടിയ ആടിനേയും യാഗം കഴിക്കണം. അതിനെ തുടന്നു് രണ്ടാമതും അഗ്നിയെ ഉദ്ദേശിച്ചു് കഴുത്തിൽ മാത്രം കറുത്ത നിറമുള്ള ആടിനെ യാഗം കഴിക്കണം. ബ്രാഹ്മണൻ അഗ്നിയെ സംബന്ധിച്ചവനാണു് രാജാവു് സോമനെ സംബന്ധിച്ചവനാണു് സോമനെ സംബന്ധിച്ച ആടിൻെറ മുൻപിലും പിൻപിലും അഗ്നിയെ സംബന്ധിച്ച ആടുകളെ യാഗം കഴിക്കുന്നു ഇപ്രകാരം അനുഷ്ഠിക്കുന്നതുകൊണ്ടു് ബ്രഹ്മസംബന്ധിയായ തേജസ്സോടുകൂടി രാജ്യം സ്വീകരിക്കുന്നു. അതേ അവസരത്തിൽ തന്നെ പൗരോഹിത്യത്തിനു് മത്സരിച്ച ആളിനെ ജയിക്കുകയും ചെയ്യുന്നു. ആ ആളിനെ രാജാവു് പുരോഹിത സ്ഥാനത്തിൽ സ്വീകരിക്കുന്നു.

ഇതിദ്വിതീയോഽനുവാകഃ

അഥതൃതീയോഽനുവാകഃ (ബ്രാഹ്മണം)

സംഹിതാ—

ദേവാസുരാ ഏഷ്വലോകേഷ്വസ്പർധന്ത സ ഏതം വിഷ്ണുർവാമനമപശ്യത്തം സ്വായൈ ദേവതായാ ആ ലഭത തതോ വൈ സ ഇമാൻ ല്ലോകാനഭ്യജയ ദ്വൈഷ്ണവം വാമന-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മാ ലഭേത സ്പർധമാനോ വിഷ്ണു രേവഭ്രത്വേമാൻല്ലോകാന ഭിജയതി വിഷമ ആ ലഭേത വിഷമാ ഇവഹീമേ മോകാഃ സമൃദ്ധ്യാ ഇന്ദ്രായ മന്യുമതേ മനസ്വതേ ലലാമം പ്രാശൃംഗമാ- ലഭേത സംഗ്രാമേ സംയത്ത ഇന്ദ്രിയേണ വൈ മന്യുനാ മനസാ സംഗ്രാമം ജയതീന്ദ്രമേവ മന്യുമന്തം മനസ്വന്തം സ്വേന ഭാഗ- ധേയേനോപധാവതി സ ഏവാ സ്മിന്നിന്ദ്രിയം മന്യും മനോ ദധാതി ജയതിതം സംഗ്രാമമിന്ദ്രായമരുത്വതേ പൃശ്നിസക്ഥ- മാ ലഭേത ഗ്രാമ കാമ ഇന്ദ്രമേവ മരുത്വന്തം സ്വേന ഭാഗധേയേ- നോപധാവതി സ ഏവാസ്മൈ സജാതാൻ പ്രയച്ഛതി ഗ്രാമ്യേവ ഭവതി യദൃഷഭസ്തേന ഐന്ദ്രോ യത്പൃശ്നിസ്തേന മാരുതഃ സമൃദ്ധ്യൈ പശ്ചാത്പൃശ്നിസക്ഥോഭവതി പശ്ചാ ദനുവസായിനീമേവാസ്മൈ വിശം കരോതി സൗമ്യം ബഭ്രു മാലഭേതാന്നകാമഃ സൗമ്യം വാ അന്നം സോമമേവസ്വേന ഭാഗധേയേനോപധാവതി സ ഏവാ സ്മാ അന്നം പ്രയച്ഛത്യ- ന്നാദ ഏവ ഭവതി ബഭ്രു ഭവത്യേതദ്വാ അന്നസ്യരൂപം സമൃദ്ധ്യൈ സൗമ്യം ബഭ്രുമാലഭേത യമലംരാജ്യായസന്തം രാജ്യം നോപനമേത്സൗമ്യം വൈ രാജ്യം സോമമേവസ്വേന ഭാഗധേയേ നോപധാവതി സ ഏ വാസ്മൈ രാജ്യം പ്രയച്ഛ ത്യുപൈനം രാജ്യം നമതി ബഭ്രു ർഭവത്യേത ദ്വൈ സോമസ്യ രൂപം സമൃദ്ധ്യാ ഇന്ദ്രായവൃത്രതുരേലലാമം പ്രാശൃങ്ഗമാലഭേത ഗതശ്രീഃ പ്രതിഷ്ഠാകാമഃ പാപ്മാനമേവ വൃത്രം തീർത്വാ പ്രതിഷ്ഠാം ഗച്ഛതീന്ദ്രായാ ഭിമാതിഘ്നേലലാമം പ്രാശൃ ഗമാ- ലഭേതയഃ പാപ്മനാ ഗൃഹീതഃ സ്യാത്പാപ്മാവാ അഭിമാ- തിരിന്ദ്രമേവാഭിമാതിഹനംസ്വേനഭാഗധേയേനോ പധാവതി സ ഏവാസ്മാത് പാപ്മാനമഭിമാതിം പ്രണുദത ഇന്ദ്രായ വജ്രിണേ ലലാമം പ്രാശൃംഗ മാലഭേത യമലം രാജ്യായ സന്തം രാജ്യം നോപനമേദിന്ദ്രമേവ വജ്രിണം സ്വേനഭാഗധേയേനോ- പധാവതി സഏവാസ്മൈ വജ്രം പ്രയച്ഛതി സ ഏനം വജ്രോഭൂത്വാ ഇന്ധഉപൈനം രാജ്യം നമതി ലലാമഃ പ്രാശൃം- ഗോഭവത്യേതദ്വൈ വജ്രസ്യരൂപം സമൃദ്ധ്യൈ ॥

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അത്ഥം—

1. ദേവന്മാരും അസുരന്മാരും ഈ ലോകത്തിൽ ആധിപത്യം കിട്ടുന്നതിനു് അന്യോന്യം സ്പർദ്ധയുള്ളവരായി ഭവിച്ചു അപ്പോ൦ വിഷ്ണുഹ്രസ്വശരീരിയായ ഒരു മൃഗത്തെ കണ്ടു- ആ മൃഗത്തെ തൻെറ ദേവതയെ ഉദ്ദേശിച്ചു് യാഗം കഴിച്ചു അതിനു് ശേഷമാണു് വിഷ്ണു ഈ ലോകങ്ങളെ ജയിച്ചതു്.

ആരോടെങ്കിലും സ്പധർദ്ധയുള്ളവനായി ജയം ആഗ്രഹിക്കുന്നവൻ വിഷ്ണുവിനെ ഉദ്ദേശിച്ചു് ഹ്രസ്വശരീരമുള്ള ഒരു മൃഗത്തെ യാഗം കഴിക്കണം അപ്രകാരം യാഗം കഴിക്കുന്നവൻ വിഷ്ണുവായിത്തന്നെ ഭവിച്ചു് ഈലോകങ്ങളെ ജയിക്കുന്നു.

സമനിരപ്പില്ലാത്ത ഭൂമിയിൽവേണം ഈ യാഗം നടത്തേണ്ടതു്. ഈ ലോകങ്ങ൦ സമനിരപ്പുള്ളതല്ലല്ലോ ? ഇപ്ര-കാരം ചെയ്യുന്നതു് യജമാനൻെറ സമൃദ്ധിക്കു് കാരണംആകുന്നു.

2 യുദ്ധത്തിൽ ജയം ആഗ്രഹിക്കുന്നവൻ ശത്രുക്കളോടു് കോപമുള്ളവനും ധീരനുമായ ഇന്ദ്രനെ ഉദ്ദേശിച്ചു് നെററിയിൽ വെളുത്ത നിറമുള്ളതും കൊമ്പു മുളച്ചു വരുന്നതുമായ കാളയെ യാഗം കഴിക്കണം. ശരീരബലംകൊണ്ടും ശത്രുക്കളുടെ നേർക്കുള്ള കോപം കൊണ്ടും ധൈര്യം കൊണ്ടും തീർച്ചയായും യുദ്ധത്തിൽ ജയിക്കുന്നു. ശത്രുക്കളോടു് കോപമുള്ളവനും ധീരനുമായ ഇന്ദ്രനെത്തന്നെ തൻെറ ഭാഗം സമർപ്പിച്ചതുകൊണ്ടു് യജമാനൻ സമീപിക്കുന്നു. ആ ഇന്ദ്രൻ തന്നെ യജമാനനിൽ ശരീരബലവും ധൈര്യവും ശത്രുക്കളോടു് കോപവും ഉണ്ടാക്കുന്നു. യജമാനൻ ആ യുദ്ധം ജയിക്കുന്നു.

3. ഗ്രാമത്തിൻെറ അധിപതിയാകണമെന്നു് ആഗ്രഹിക്കുന്നവൻ മരുത്തുകളോടു്കൂടിയിരിക്കുന്ന ഇന്ദ്രനായിക്കൊ—

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ണ്ടു് ഊരുകളിൽ വെളുത്ത നിറമുള്ള കാളയെ യാഗം കഴിക്കണം. തൻെറ ഭാഗം സമർപ്പിച്ചതുകൊണ്ടു് യജമാനൻ ഇന്ദ്രൻെറ സമീപത്തിലേക്കു് തന്നെ പോകുന്നു. ആ ഇന്ദ്രൻ തന്നെ യജമാനനു് സഹോദരന്മാരെയും ഭൃത്യന്മാരെയും നൽകുന്നു. യജമാനൻ ഗ്രാമത്തിൻെറ അധിപതിയായി ഭവിക്കുന്നു.

കാളയാണെന്നുള്ളതുകൊണ്ടു് ഇന്ദ്രനെ സംബന്ധിച്ചതാകുന്നു. വെളുത്തനിറംഉള്ളതുകൊണ്ടു് വായുവിനെ സംബന്ധിച്ചതാകുന്നു. അവ രണ്ടും യജമാനനു് സമൃദ്ധിക്കു് കാരണം ആകുന്നു. പുറകിലുള്ള ഊരുക്കളിൽ വെളുത്ത നിറമുള്ള കാളയായിരിക്കണം ഈ യാഗത്തിനു് വേണ്ടതു് അപ്രകാരമുള്ള കാള യജമാനൻെറ ആളുകളെ യജമാനനെ അനുസരിക്കുന്നവരാക്കുന്നു.

4. സുഭിക്ഷമായ ഭക്ഷണം കിട്ടണമെന്നു് ആഗ്രഹിക്കുന്നവൻ സോമനെ ഉദ്ദേശിച്ചു് പിംഗള വർണത്തിലുള്ള കാളയെ യാഗം കഴിക്കണം. ഭക്ഷണപദാർത്ഥം സോമനെ സംബന്ധിച്ചതാണു്. യജമാനൻ തൻെറ ഭാഗം സമർപ്പിച്ചതുകൊണ്ടു് സോമൻെറ സമീപത്തു ചെല്ലുന്നു. ആ സോമൻ തന്നെ യജമാനനു് ഭക്ഷണപദാർത്ഥം നൽകുന്നു. യജമാനൻ രോഗാദികൾ ഇല്ലാതെ അന്നം ഭക്ഷിക്കുന്നവനായി ഭവിക്കുന്നു. യാഗത്തിനുള്ള മൃഗം ബഭ്രുവർണമായിരിക്കണം. ഇതു തന്നെയാണു് അന്നത്തിൻെറ നിറം. ബഭ്രുവർണത്തിലുള്ള മൃഗത്തെ യാഗം കഴിക്കുന്നതു് യജമാനൻെറ സമൃദ്ധിക്കു് കാരണം ആകുന്നു.

5. യഥാർത്ഥാവകാശിയായ യാതൊരുത്തനു് രാജ്യം കിട്ടുന്നില്ലയോ അവൻ സോമനെ ഉദ്ദേശിച്ചു് പിംഗളവർണത്തിലുള്ള കാളയെ യാഗം കഴിക്കണം. രാജ്യം സോമനെ സംബന്ധിച്ചതാണു്. തൻെറ ഭാഗം സമർപ്പിച്ചതുകൊണ്ടു് യജമാനൻ സോമനെത്തന്നെ സമീപിക്കുന്നു. സോമൻ തന്നെ യജമാനനു് രാജ്യാവകാശം നൽകുന്നു. അവനെ രാജ്യവാസികൾ അനുസരിക്കുന്നു. ഈ ബഭ്രുവർണം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സോമന്റെ രൂപം ആണ്. ഇപ്രകാരം യാഗം അനുഷ്ഠിക്കുന്നതു് സമൃദ്ധിക്കു് കാരണം ആകുന്നു.

6 നഷ്ടപ്പെട്ട ഐശ്വര്യം തിരിയെ കിട്ടണം എന്നു് ആഗ്രഹിക്കുന്നവൻ ശത്രുക്കളെ നശിപ്പിക്കുന്ന ഇന്ദ്രനെ ഉദ്ദേശിച്ചു് നെററിയിൽ വെളുത്ത നിറമുള്ളതും കൊമ്പു് മുളച്ചുതുടങ്ങുന്നതുമായ കാളയെ യാഗം കഴിക്കണം. യജമാനൻ പാപമാകുന്ന വൃത്രനെ ജയിച്ചു് പ്രതിഷ്ഠ പ്രാപിക്കുന്നു.

7. പാപത്താൽ പീഡിതനായിരിക്കുന്നവൻ ശത്രുക്കളെ നശിപ്പിക്കുന്നവനായ ഇന്ദ്രനെ ഉദ്ദേശിച്ചു് നെററിയിൽ വെളുത്ത നിറമുള്ളതും കൊമ്പു മുളച്ചുവരുന്നതുമായ കാളയെ യാഗം കഴിക്കണം. പാപം എന്നു പറയുന്നതു തന്നെയാണു് ശത്രു. ഇപ്രകാരം യാഗം കഴിക്കുന്നവൻ തന്റെ ഭാഗം സമപ്പിച്ചതുകൊണ്ടു് ഇന്ദ്രനെത്തന്നെ സമിപിക്കുന്നു ആ ഇന്ദ്രൻ തന്നെ യജമാനനിൽ നിന്നു് പാപരൂപത്തിലുള്ള ശത്രുവിനെ മാററുന്നു.

8. രാജ്യഭരണത്തിനർഹതയുള്ള യാതൊരുത്തനെ രാജ്യവാസികൾ ആദരിക്കുന്നില്ലയോ അവൻ വജ്രായുധത്തോടു കൂടിയിരിക്കുന്ന ഇന്ദ്രനെ ഉദ്ദേശിച്ചു് നെററിയിൽ വെളുത്ത നിറമുള്ളതും കൊമ്പു മുളച്ചുവരുന്നതുമായ കാളയെ യാഗം കഴിക്കണം. ആ യജമാനൻ തന്റെ ഭാഗം സമപ്പിച്ചതുകൊണ്ടു് വജ്രായുധത്തോടുകൂടിയിരിക്കുന്ന ഇന്ദ്രനെത്തന്നെ സമീപിക്കുന്നു. ആ ഇന്ദ്രൻതന്നെ യജമാനനു് വജ്രായുധത്തിനു് തുല്യമായ ആയുധം നൽകുന്നു. ആ ആയുധം വജ്രായുധമായിത്തന്നെ തീന്നു് യജമാനനെ പ്രകാശിപ്പിക്കുന്നു. (കൂടുതൽ ശക്തൻ ആക്കുന്നു) ആ യജമാനനെ രാജ്യവാസികൾ അനുസരിക്കുന്നു നെററിയിൽ വെളുപ്പു് ഉള്ളതും മുളച്ചുവരുന്ന കൊമ്പുള്ളതുമായ കാള വജ്രായുധത്തിന്റെ രൂപം ആകുന്നു. ഇപ്രകാരമുള്ള യാഗം സമൃദ്ധിക്കു് കാരണം ആകുന്നു

ഇതി തൃതീയോനുവാകഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഥചതുർത്ഥോ/നുവാകഃ (ബ്രാഹ്മണം)

സംഹിതാ:—

അസാവാദിത്യോന വ്യരോചത തസ്മൈ ദേവാ പ്രായശ്ചിത്തിമൈച്ഛൻ തസ്മാ ഏതാംദശർഷഭാമാലഭന്ത തയൈവാസ്മിൻ രുചമദധുർയോബ്രഹ്മവർചസകാമഃ സ്യാത്തസ്മാ ഏതാം ദശർഷഭാമാ ലഭേതാമുമേവാ ff ദിത്യം സ്വേന ഭാഗധേയേനോപധാവതി സ ഏവാസ്മിൻ ബ്രഹ്മവർചസം ദധാതി ബ്രഹ്മവർചസ്യേവ ഭവതി വസന്താ പ്രാതസ്ത്രീൻ ലലാമാനാ ലഭേത ഗ്രിഷ്മേ മദ്ധ്യംദിനേത്രീൻ ശിതിപൃഷ്ഠാൻ ശരദ്യ പരാഹ്ണേത്രീൻ ശിതിവാരാൻ ത്രിണിവാ ആദിത്യസ്യ തേജാംസി വസന്താപ്രാതർഗ്രിഷ്മേ മദ്ധ്യംദിനേ ശരദ്യപരാഹ്ണേ യാവന്ത്യേവ തേജാംസി താന്യേ വാവരുന്ധേ ത്രയ സ്ത്രയ ആ ലഭ്യന്തേ/ഭി പൂർവമേവാ സ്മിന്തേജോദ ധാതി സംവത്സരം പർയാലഭ്യന്തേ സംവത്സരോ വൈ ബ്രഹ്മവർചസസ്യ പ്രദാതാ സംവത്സര ഏവാസ്മൈ ബ്രഹ്മവർചസം പ്രയച്ഛതി ബ്രഹ്മവർചസ്യേവ ഭവതി സംവത്സരസ്യപരസ്താത് പ്രാജാപത്യം കദ്രും ആ ലഭേത പ്രജാപതിഃ സർവ്വാ ദേവതാ ദേവതാസ്വേവ പ്രതിതിഷ്ഠതി യദിബിഭീയാദ് ദുശ്ചർമാ ഭവിഷ്യാമീതി സോമാ പൗഷ്ണം ശ്യാമമാ ലഭേത സൗമ്യോ വൈ ദേവതയാ പുരുഷഃ പൗഷ്ണാഃ പശവഃ സ്വയൈ വാസ്മൈ ദേവതയാ പശു ഭിസ്ത്വചം കരോതി നദുശ്ചർമാഭവതി ദേവാശ്ച വൈ യമശ്ചാസ്മിൻല്ലോകേ/സ്പർധന്ത സയമോ ദേവാനാമിന്ദ്രിയം വിർയമയുവത തദ്യമസ്യ യമത്വം തേ ദേവാ അമന്യന്ത യമോ വാ ഇദമഭൂദ് യദ്വയം സ്മ ഇതി തേ പ്രജാപതിമുപാധാവൻത്സ ഏതൗ പ്രജാപതിരാത്മന ഉക്ഷവശൗ നിരമിമിത തേ ദേവാ വൈഷ്ണാവരുണീം വശാമാലഭന്തൈന്ദ്രമുക്ഷാണം തം വരുണേനൈവഗ്രാഹയിത്വാ വിഷ്ണുനാ യജ്ഞേന പ്രാണുദന്തൈന്ദ്രേണൈവാസ്യേന്ദ്രിയമവൃഞ്ജതയോ ഭ്രാതൃ വ്യവാൻ സ്യാത് സസ്പ ർധമാനോ വൈഷ്ണാ വരുണീം വശാമാ ലഭേതൈന്ദ്രമുക്ഷാണം വരുണേനൈവ ഭ്രാതൃവ്യം ഗ്രാഹയിത്വാ വിഷ്ണുനായജ്ഞേന പ്രണുദത ഐന്ദ്രേ-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ണൈവാസ്യേന്ദ്രിയം വൃങ്ക്തേ ഭവത്യാത്മനാ പരാസ്യഭ്രാതൃ- വ്യോ ഭവതീന്ദ്രോ വൃത്രമഹൻതം വൃത്രോഹതഃ ഷോഡശഭി- ർഭോഗൈ രസിനാ ത്തസ്യ വൃത്രസ്യ ശീർഷതോ ഗാവ ഉദായന്താ വൈദേഹ്യോƒഭവന്താസാമൃഷഭോ ജഘനേƒനദൈത്തമിന്ദ്രഃ അചായതോƒമന്യതയോ വാ ഇമമാലഭേത മുച്യേതാസ്മാത് പാപ്മന ഇതി സ ആഗ്നേയ- കൃഷ്ണ ഗ്രീവമാലഭതൈന്ദ്ര- മൃഷഭം തസ്യാഗ്നിരേവ സ്വേന ഭാഗധേയേനോപസൃതഃ ഷോഡാശധാ വൃത്രസ്യ ഭോഗാനപ്യദഹദൈന്ദ്രേണേന്ദ്രിയമാ- ത്മന്നധത്ത യഃ പാപ്മനാഗൃഹീതഃ സ്യാത്സ ആഗ്നേയം കൃഷ്ണഗ്രീവമാലഭേതൈന്ദ്രമൃഷഭമഗ്നിരേവാസ്യ സ്വേന ഭാഗധേ നോപസൃതഃ പാപ്മാനമപി ദഹത്യൈന്ദ്രേണേന്ദ്രിയ മാത്മൻ- ധത്തേ മുച്യതേ പാപ്മനോഭവത്യേവദ്യാവാ പൃഥിവ്യാംധേനു- മാലഭേത ജ്യോഗവരുദ്ധോƒനയോർഹി വാ ഏഷോƒപ്രതിഷ്ഠി- തോ ƒ ഥൈഷ ജ്യോപഗരുദ്ധോ ദ്യാവാപൃഥിവീ ഏവ സ്വേന ഭാഗധേയേനോപധാവതിതേ ഏവൈനം പ്രതിഷ്ഠാം ഗമയതഃ പ്രത്യേവതിഷ്ഠതി പർയാരിണീ ഭവതി പർയാരീവഹ്യേതസ്യ രാഷ്ട്രം യോജ്യോഗപരുദ്ധഃ സമൃദ്ധ്യൈ വായവ്യം വത്സമാല- ഭേത വായുർവാ അനയോർവത്സ ഇമേ വാഏതസ്മൈ ലോകാ അപശഷ്കാ വിഡപശ്രുഷ്കാƒഥൈഷ ജ്യോഗപരുദ്ധോ വായുമേവ സ്വേന ഭാഗധേയേനോപധാവതി സ ഏവാ സ്മാ ഇമാംല്ലോകാനവിശം പ്രദാപയതി പ്രാസ്മാ ഇമേ ലോകാഃ സ്നുവന്തിഭുഞ്ജത്യേനം വിഡുപതിഷ്ഠതേ ॥

അത്ഥം—

1. ഒരിക്കൽ ഈ ആദിത്യൻ പ്രകാശിച്ചില്ല. ദേവന്മാർ അതിനു് പ്രതിവിധി ചെയ്യാൻ ആഗ്രഹിച്ചു. അതിനു് പ്രതിവിധിയായി പത്തു കാളകളെ യാഗം കഴിച്ചു. അതുകൊണ്ടു് ആദിത്യനിൽ പ്രകാശം ഉണ്ടാക്കി.

യാതൊരുത്തനാണോ ബ്രഹ്മവർചസ്സുണ്ടാകണം എന്നു് ആഗ്രഹിക്കുന്നതു് അവൻ ആദിത്യനെ ഉദ്ദേശിച്ചു് പത്തു കാളകളെ യാഗം കഴിക്കണം. ആ യജമാനൻ തന്റെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭാഗം സമർപ്പിച്ചതുകൊണ്ട് ഈ ആദിത്യനെ തന്നെ സമീപിക്കുന്നു. ആ ആദിത്യൻ തന്നെ യജമാനനു് ബ്രഹ്മവർചസ്സ് നൽകുന്നു. യജമാനൻ ബ്രഹ്മവർചസ്സോടു കൂടിയവനായിത്തീരുന്നു.

വസന്തകാലത്തിൽ രാവിലെ നെററിയിൽ മാത്രം വെളുത്ത നിറമുള്ള മൂന്നു കാളകളേയും ഗ്രീഷ്മകാലത്തിൽ ഉച്ചയ്ക്കു് പൃഷ്ഠഭാഗത്തിൽ മാത്രം വെളുത്ത നിറമുള്ള മൂന്നു് കാളകാളയും, ശരത്കാലത്തിൽ ഉച്ചയ്ക്കു് ശേഷം വാലിൽ മാത്രം വെളുത്ത നിറം ഉള്ള മൂന്നു കാളകളേയും യാഗം കഴിക്കണം-

വസന്തകാലത്തിൽ രാവിലേയും ഗ്രീഷ്മകാലത്തിൽ ഉച്ചയ്ക്കും ശരത്കാലത്തിൽ ഉച്ചയ്ക്കു് ശേഷവും ആദിത്യനു് യാതൊരു തേജസ്സ് ഉണ്ടോ അതു് യജമാനനു് ലഭിക്കുന്നു.

മാരോ കാലത്തിലും മൂന്നു കാളകളെ യാഗം കഴിക്കുന്നു. അതുകൊണ്ടു് യജമാനനിൽ ആദ്യത്തെ പോലെതന്നെ തേജസ്സ് ഉണ്ടാകുന്നു. (ഒരിക്കലും യജമാനൻെറ തേജസ്സിനു് കുറവു് വരുന്നതല്ല)

ഒരു വർഷം ഇപ്രകാരം യാഗം നടത്തണം. സംവത്സരം ആണു് ബ്രഹ്മവർചസ്സ് തരുന്നതു്. സംവത്സരദേവത തന്നെ ആ യജമാനനു് ബ്രഹ്മവർചസ്സ് നൽകുന്നു. യജമാനൻ ബ്രഹ്മവർചസ്സോടു് കൂടിയവനായിത്തീരുന്നു.

ഒരു വർഷത്തിനു് ശേഷം പ്രജാപതിയെ സംബന്ധിച്ചതും പിംഗള വർണത്തിലുള്ളതുമായ കാളയെ യാഗം കഴിക്കണം. പ്രജാപതി തന്നെയാണു് എല്ലാ ദേവതകളും യജമാനൻ ദേവന്മാക്കു തുല്യനാകുന്നു.

2. ത്വക്‌രോഗം ഉണ്ടാകുമോ എന്നു് പേടിക്കുന്നവൻ സോമനേയും പൂഷാവിനേയും ഉദ്ദേശിച്ച് കറുത്ത നിറത്തിലുള്ള കാളയെ യാഗം കഴിക്കണം. മനുഷ്യൻ സോമദേവതയെ സംബന്ധിച്ചവനാണു്. പശുക്കാം പൂഷാവിനെ സംബ-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന്ധിച്ചവയും ആണ്. മൃഗത്തെ യാഗം കഴിക്കുന്നതു നിമിത്തം ആ ദേവതയുടെ അനുഗ്രഹത്താൽ യജമാനന്ന് മനോഹരമായ ത്വക്ക് ഉണ്ടാകുന്നു. യജമാനന്ന് ത്വഗ് രോഗം ഉണ്ടാകുന്നില്ല.

3. ദേവന്മാരും യമനും അന്യോന്യം സ്പർധയുള്ളവരായി ഭവിച്ചു യമൻ ദേവന്മാരുടെ ഇന്ദ്രിയശക്തിയേയും ബലത്തേയും അവരിൽനിന്നു് വേർപെടുത്തി. അതുകൊണ്ട് യമന്ന് ആ നാമം സിദ്ധിച്ചു (യമൻ എന്ന പദത്തിന്ന് മററുള്ളവരുടെ ബലവും വീര്യവും നശിപ്പിക്കുന്നവൻ എന്നർത്ഥം) ദേവന്മാർ വിചാരിച്ചു. നമുക്ക് ആധിപത്യം ഉണ്ടായിരുന്ന ലോകത്തിൽ യമനാണല്ലോ ഇപ്പോൾ അധിപതിയായിതീർന്നിരിക്കുന്നതു് എന്നു് ആ ദേവന്മാർ പ്രജാപതിയുടെ അടുക്കൽ ചെന്നു. പ്രജാപതി തന്റെ ശരീരത്തിൽ നിന്നു് സന്താനോത്പാദനേ ശക്തിയുള്ള കാളയേയും വന്ധ്യയായ പശുവിനേയും സൃഷ്ടിച്ചു. ദേവന്മാർ വിഷ്ണുവിനേയും വരുണനേയും സംബന്ധിച്ച വന്ധ്യയായ പശുവിനെ യാഗം കഴിച്ചു ഇന്ദ്രനെ സംബന്ധിച്ച കാളയെ വരുണനെക്കൊണ്ടു് സ്വീകരിപ്പിച്ചിട്ട് യജ്ഞസ്വരൂപിയായ വിഷ്ണുവിനെക്കൊണ്ട് യമനെ അധികാരത്തിൽ നിന്നു് മാററി. ഇന്ദ്രന്റെ ശക്തി കൊണ്ടു്, യമന്റെ ശക്തി നശിച്ചു.

യാതൊരുത്തന്നു് ശത്രുക്കൾ ഉണ്ടോ അവൻ ശത്രുവിനെ ജയിക്കാൻ ആഗ്രഹിക്കുന്നു എങ്കിൽ വിഷ്ണുവിനേയും വരുണനേയും സംബന്ധിച്ച വന്ധ്യയായ പശുവിനെ യാഗം കഴിക്കണം. ഇന്ദ്രനെ സംബന്ധിച്ച കാളയെ വരുണനെക്കൊണ്ടു് സ്വീകരിപ്പിച്ചിട്ട് യജ്ഞസ്വരൂപനായ വിഷ്ണുവിനാൽ ശത്രുവിനെ സ്ഥാനഭ്രഷ്ടനാക്കി. ഇന്ദ്രന്റെ ശക്തികൊണ്ടു് തന്നെ ശത്രുവിന്റെ ബലം നശിപ്പിക്കുന്നു. യജമാനൻ സ്വയം ശത്രുവിനെ ജയിക്കാൻ ശക്തനായിത്തീരുന്നു. അവന്റെ ശത്രു തോററു പോകുന്നു.

4. ഇന്ദ്രൻ വൃത്രൻ എന്ന അസുരനെ കൊന്നു കൊല്ലപ്പെട്ട വൃത്രാസുരൻ തന്റെ ശരീരത്തിൽനിന്നു് ഉണ്ടായ സർപ്പാ-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കാരത്തിലുള്ള പതിനാറ് ശരീരങ്ങളാൽ ഇന്ദ്രനെ ബന്ധിച്ചു. അനന്തരം ആ വൃത്രാസുരൻെറ ശിരസ്സിൽ നിന്ന് പശുക്കൾ ഉണ്ടായി. ആ പശുക്കൾ വിശിഷ്ടമായ ശരീരത്തോടു കൂടിയവയായിരുന്നു. അവയുടെ പുറകിലായി ഒരു കാളയും വെളിയിൽ വന്നു. ആ കാളയെ ഇന്ദ്രൻ പൂജിച്ചു. യാതൊരുത്തനാണോ ഈ കാളയെ യാഗം കഴിക്കുന്നതു് അവൻ പാപത്തിൽ നിന്നു് മുക്തനാകുന്നു എന്നു് ഇന്ദ്രൻ വിചാരിച്ചു ഇന്ദ്രൻ ഇന്ദ്രനെ സംബന്ധിച്ചതും കഴുത്തിൽ മാത്രം കറുത്തനിറം ഉള്ളതുമായ കാളയെ യാഗം കഴിച്ചു. ഇന്ദ്രസംബന്ധിയായ തൻെറ ഭാഗം ലഭിച്ചതുകൊണ്ടു് സന്തുഷ്ടനായ അഗ്നി വൃത്രാസുരൻെറ പതിനാറ് ശരീരങ്ങളെയും ദഹിപ്പിച്ചു. ഇന്ദ്രൻ യാഗം നടത്തിയതു നിമിത്തം ബലവാനായിത്തീൎന്നു.

യാതൊരുത്തൻ പാപത്താൽ ഗ്രഹിക്കപ്പെട്ടുവോ അവൻ അഗ്നിയെ സംബന്ധിച്ചതും കഴുത്തിൽ മാത്രം കറുത്ത നിറമുള്ളതും ഇന്ദ്രനെ സംബന്ധിച്ചതുമായ കാളയെ യാഗം കഴിക്കണം. തൻെറ ഭാഗം ലഭിച്ചതുകൊണ്ടു് സന്തുഷ്ടനായ അഗ്നി യജമാനൻെറ പാപത്തെ ദഹിപ്പിക്കും. ഇന്ദ്രൻെറ പ്രീതിയാൽ യജമാനൻ ബലവാനായിതിരുന്നു പാപത്തിൽ നിന്നും മുക്തനായി ഭവിക്കയും ചെയ്യുന്നു.

5\. ചിരകാലമായി രാജ്യഭ്രഷ്ടനായവൻ ദ്യാവാ പൃഥിവികളെ ഉദ്ദേശിച്ചു് പശുവിനെ യാഗം കഴിക്കണം. സ്വൎഗ്ഗത്തിലും ഭൂമിയിലും പ്രതിഷ്ഠയില്ലാത്തവൻ അപരുദ്ധൻ എന്നു് അറിയപ്പെടുന്നു (ശരിയായി പ്രജാപാലനം നടത്താത്തതുകൊണ്ടു ഭൂമിയിലും യാഗാദികൾ നടത്താത്തതുകൊണ്ടു് സ്വൎഗ്ഗത്തിലും സ്ഥാനം ലഭിക്കാത്തവൻ) തൻെറ ഭാഗം സമൎപ്പിക്കുന്നതുകൊണ്ടു് യജമാനൻ ദ്യാവാ പൃഥിവികളെ തന്നെ സമീപിക്കുന്നു ദ്യാവാപൃഥിവികൾ തന്നെ യജമാനനെ പ്രതിഷ്ഠയുള്ളവൻ ആക്കുന്നു. യജമാനൻ പ്രതിഷ്ഠിതനായിഭവിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യാഗത്തിനുള്ള പശു പ്രസവകാലം കഴിഞ്ഞ് കുറെ ദിവസങ്ങൾക്ക ശേഷം പ്രസവിച്ച പശു ആയിരിക്കണം. യാതൊരുത്തന്ന് ചിരകാലം രാജ്യഭ്രഷ്ടൻ ആയിരുന്നതിന്ന് ശേഷം രാജ്യം ലഭിക്കുന്നുവോ അവൻെറ രാജ്യം പ്രസവകാലം കഴിഞ്ഞ് വളരെ ദിവസങ്ങൾക്കശേഷം പ്രസവിക്കുന്ന പശുവിനെപ്പോലെയാണ്. ഈ യാഗം യജമാനൻെറ സമൃദ്ധിക്ക് കാരണം ആകുന്നു.

വായുവിനെ സംബന്ധിച്ച പശുവിൻെറ കുട്ടിയെ വായുവിൻെറ പ്രീതിക്കായി യാഗം കഴിക്കണം. വായു ദ്യാവാപൃഥിവികൾക്ക് വത്സനെപ്പോലെയാണ്. (സദാ സമീപത്തിൽ സഞ്ചരിക്കുന്നതുകൊണ്ട്) പ്രഭുക്കന്മാർ (ആളുകൾ) രാജാവിനോട്ട് സ്നേഹമില്ലാത്തവരായിത്തീരുന്ന അവസരത്തിൽ രാജാവ് രാജ്യഭ്രഷ്ടനായിത്തീരുന്നു. തൻെറ ഭാഗം സമർപ്പിച്ച് യജമാനൻ വായുവിനെത്തന്നെ സമിപിക്കുന്നു. ആ വായുതന്നെ പ്രഭുക്കന്മാരെയും സാധാരണ പ്രജകളേയും യജമാനനിൽ സ്നേഹം ഉള്ളവരാക്കുന്നു. പ്രഭുക്കന്മാർ ഈ രാജാവിന്ന് ധാരാളം ധനം നൽകുന്നു. പ്രജകൾ ഈ രാജാവിനെ രക്ഷിക്കുകയും സേവിക്കുകയും ചെയ്യുന്നു.

ഇതി ചതുർത്ഥോഽനുവാകഃ

അഥപഞ്ചമോഽനുവാകഃ (ബ്രാഹ്മണം)

സംഹിതാ—

ഇന്ദ്രോ വലസ്യ ബിലമപൗർണോത്സയ ഉത്തമഃ പശുരാസീത്തം പൃഷ്ഠം പ്രതി സംഗൃഹ്യോദക്ഖിദത്തം സഹസ്രം പശവോഽന്വദായൻസ ഉന്നതോഽഭവദ്യഃ പശുകാമഃ സ്യാത്സ ഏതമൈന്ദ്രമുന്നതമാലഭേതേന്ദ്രമേവ സ്വേന ഭാഗധേയേനോപധാവതി സ ഏവാസ്മൈ പശൂൻ പ്രയച്ഛതി പശുമാനേവ ഭവത്യുന്നതോ ഭവതി സാഹസ്രീ വാ ഏഷാ ലക്ഷ്മീയദുന്നതോ–

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ലക്ഷ്മീയൈവ പശൂനവരുന്ധേ യദാ സഹസ്രം പശൂൻ പ്രാപ്–
നുയാദഥ വൈഷ്ണവം വാമന മാലഭേതൈതസ്മിന്നൈത–
സഹസ്രമധ്യതിഷ്ഠത്തസ്മാ ദേഷ വാമനഃസമീഷിതഃപശുഭ്യഃ
ഏവ പ്രജാതേഭ്യഃ പ്രതിഷ്ഠാംദധാതികോƒർഹതി സഹസ്രം
പശൂൻ പ്രാപ്തുമിത്യാഹുരഹോരാത്രാണ്യേവ സഹസ്രം സം-
പാദ്യാലഭേത പശവോവാ അഹോരാത്രാണി പശൂനേവ പ്രജാ-
താൻ പ്രതിഷ്ഠാം ഗമയത്യോഷധിഭ്യോ വേഹതമാലഭേത
പ്രജാകാമ ഓഷധയോ വാ ഏതം പ്രജായൈ പരിബാധ–
ന്തേയോƒലംപ്രജായൈ സൻപ്രജാംനവിന്ദത ഓഷധയഃഖലുവാ
ഏതസ്യൈസൂതുമപി ഘ്നന്തിയാ വേഹദ്ഭവത്യോഷധീരേവ
സ്വേനഭാഗധേയേനോപധാവതിതാ ഏവാസ്മൈസ്വാദ്യോന്നേഃ
പ്രജാഃപ്രജനയന്തിവിന്ദതേ പ്രജാമാപോവാ ഓഷധയോƒസത്
പുരുഷആപഏവാസ്മാ അസതഃസദ്ദദതീതസ്മാദാഹുര്യശ്ചൈ–
വംവേദയശ്ചനാƒƒപസ്ത്വാവാസതഃസദ്ദദതീത്യൈന്ദ്രിംസൂതവശാ
മാലഭേത ഭൂതികാമോƒജാതോ വാ ഏഷയോƒലം ഭൂത്യൈ-
സൻ ഭൂതിം ന പ്രാപ്നോതീന്ദ്രംഖലുവാ ഏഷാസൂതാവശാƒ
ഭവത് ഇന്ദ്രമേവസ്വേനഭാഗധേയേനോപധാവതിസഏവൈനം
ഭൂതിം ഗമയതി ഭവത്യേവയം സൂതാ വശാസ്യാത്തമൈന്ദ്ര
മേവാƒƒലഭേതൈതദ്വാവതദിന്ദ്രിയം സാക്ഷാദേവേന്ദ്രിയമവ-
രുന്ധഐന്ദ്രാഗ്നം പുനരുത്സൃഷ്ടമാലഭേത യ ആതൃതീയാത്പു
രുഷാത്സോമം നപിബേദ്വിച്ഛിന്നോവാ ഏതസ്യസോമപീഥോ
യോ ബ്രാഹ്മണസ്സന്നാതൃതീയാത്പുരുഷാത്സോമം ന പിബതീ-
ന്ദ്രാഗ്നീഏവസ്വേനഭാഗധേയേനോപധാവതിതാവേവാസ്മൈ
സോമപീഥം പ്രയച്ഛത ഉപൈനം സോമപീഥോനമതി
യദൈന്ദ്രോഭവതീന്ദ്രിയം വൈ സോമപീഥഇന്ദ്രിയമേവ സോമ
പീഥമവരുന്ധേ യദാഗ്നേയോ ഭവത്യാഗ്നേയോ വൈ ബ്രാഹ്മ-
ണഃ സ്വാമേവ ദേവതാമനുസന്തനോതി പുനരുത്സൃഷ്ടോഭവതി
പുനരുത്സൃഷ്ട ഇവഹ്യേതസ്യ സോമപീഥഃസമൃദ്ധ്യൈ ബ്രാഹ്മ-
ണസ്പത്യം തൂപരമാലഭേതാഭിചരൻ ബ്രഹ്മണ-
സ്പതിമേവ സ്വേന ഭാഗധേയേനോപധാവതി തസ്മാ
ഏവൈനമാവൃശ്ചതി താജഗാർതിമാർഛതി തൂപരോഭവതി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്ഷുരപവിർവാ ഏഷാ ലക്ഷ്മീയത്തു പരഃ സമൃദ്ധ്യൈ സ്ഫ്യോ- യൂപോഭവതി വജ്രോവൈസ്ഫ്യോ വജ്രമേവാസ്മൈ പ്രഹ- രതിശരമയം ബർഹിഃ ശൃണാത്യേവൈനം വൈഭിദക ഇധ്മോഭിനത്യേ വൈനം ॥

അർത്ഥം—

1. ഇന്ദ്രൻ വലൻ എന്ന പേരുള്ള അസുരൻെറ ഗുഹാദ്വാരം അടച്ചിരുന്ന കല്ല് എടുത്തു മാററി. ഇന്ദ്രൻ ഗുഹസ്ഥകത്തു് ഉണ്ടായിരുന്ന മൃഗങ്ങളിൽ ഉത്തമമായ മൃഗത്തെ പൃഷ്ഠഭാഗ ത്തിൽ പിടിച്ചു് പൊക്കി എടുത്തു അതിനെ ആയിരം പശുക്കൾ അനുഗമിച്ചു് മേൽ പോട്ട വന്നു. ഇന്ദ്രനാൽ ആദ്യം കൊണ്ടു വരപ്പെട്ട പശു മററുള്ളവയെക്കാൾ ശ്രേഷ്ഠ- മായിരുന്നു.

യാതൊരുത്തനാണോ ധാരാളം പശുക്കൾ വേണമെന്നു് ആഗ്രഹിക്കുന്നതു് അവൻ ഇന്ദ്രനെ സംബന്ധിച്ച പൊക്കം കൂടിയ പശുവിനെ യാഗം കഴിക്കണം. തൻെറ ഭാഗം സമർപ്പിച്ചതുകൊണ്ടു് യജമാനൻ ഇന്ദ്രനെത്തന്നെ സമീ- പിക്കുന്നു. ആ ഇന്ദ്രൻ തന്നെ യജമാനനു് പശുക്കളെ നൽ കുന്നു. യജമാനൻ പശുക്കളോടു് കൂടിയവനായിത്തീരുന്നു. പൊക്കമുള്ളതായിരിക്കുന്നു എന്നുള്ളതു് ആയിരം പശുക്ക- ളുടെ ഐശ്വര്യ രൂപമാണു് പൊക്കമുള്ള കാളയെ യാഗം കഴിക്കുന്നതു നിമിത്തം സമൃദ്ധിയുടെ രൂപമായ പശുക്കൾ ലഭിക്കുന്നു

എപ്പോഴാണോ ആയിരം പശുക്കൾ ലഭിക്കുന്നതു് അപ്പോൾ പൊക്കം കുറഞ്ഞതും വിഷ്ണുവിനെ സംബ ന്ധിച്ചതുമായ കാളയെ യാഗം കഴിക്കണം. പൊക്കം കുറഞ്ഞ ഈ കാളയിലാണു് ആയിരം പശുക്കളും സ്ഥിതി ചെയ്യുന്നതു്. യജമാനൻെറ എല്ലാ പശുക്കൾക്കും സുഖ മായി ജീവിക്കാനുള്ള സൗകര്യം നൽകുന്നു.

ആർക്കാണു് ആയിരം പശുക്കൾ ലഭിക്കുന്നതു്? (ആയി രം പശു ഉള്ളവർ സാധാരണയല്ല)അതുകൊണ്ടു് യജമാനനു്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പശു ലഭിച്ച് ആയിരം ദിവസം കഴിഞ്ഞു് അതിൽ ജനിച്ച വാമനനായ കാളയെ യാഗം കഴിക്കണം. പശുവിൽ നിന്നു് പാലുകിട്ടുന്ന ഓരോ ദിവസവും, ഓരോ പശുവായി കണക്കാക്കാവുന്നതാണ്. അപ്രകാരം ചെയ്യുന്നതു് യജമാനന്റെ പശുക്കൾക്കു് പ്രതിഷ്ഠ നൽകുന്നു.

3. സന്താനം ഉണ്ടാകണം എന്നു് ആഗ്രഹിക്കുന്നവൻ ഓഷധിദേവതകളെ ഉദ്ദേശിച്ച് ഗർഭം നശിച്ചുപോയ പശുവിനെ യാഗം കഴിക്കണം. യാതൊരുത്തൻ തന്റെ യൗവനം മുതലായവ കൊണ്ടു് സന്താനോത്പാദനത്തിനു് അർഹനാണെങ്കിലും സന്താനം ഇല്ലാത്തവനായി ഇരിക്കുന്നുവോ അവനെ ഓഷധികൾ സന്താനമില്ലാത്തവനാക്കി പീഡിപ്പിക്കുന്നു ഓഷധിദേവതകൾ ആകട്ടെ പശുവിന്റെഗർഭത്തേയും നശിപ്പിക്കുന്നു. ഓഷധി ദേവതകൾക്ക വേണ്ടി യാഗം കഴിയ്ക്കപ്പെടുന്ന നഷ്ടഗർഭയായ പശു തന്റെ ഭാഗം സമർപ്പിച്ചതു കൊണ്ടു് ഓഷധി ദേവതകളെത്തന്നെ സമീപിക്കുന്നു. യജമാനന്നു് ഔരസ പുത്രൻ ഉണ്ടാകുന്നു

ജലം തന്നെയാണു് ഓഷധികൾ. സൃഷ്ടിക്കു് മുൻപ് മനുഷ്യൻ ഇല്ലാതിരുന്ന അവസരത്തിൽ ജലം ഉണ്ടായിരുന്നു. യജമാനന്നു് ഇല്ലാത്തതിൽ നിന്നു് ഉള്ളതു് കൊടുക്കുന്നു. (ഒരു മനുഷ്യൻ ജനിക്കുന്നതിനു് മുൻപു് അവന്റെ അസദ്ഭാവം ഉണ്ടായിരിക്കും. ജീവിക്കുന്നതോടുകൂടി ഭാവം ഉണ്ടായിരിക്കും. ജനിക്കുന്നതോടുകൂടി അവന്നു് സദ്ഭാവം വരുന്നു. ജലത്തിന്റെ ശക്തിവിശേഷം കൊണ്ടു് വളരുന്ന ഓഷധികളുടെ ശക്തി വിശേഷം കൊണ്ടു് സന്താനം ഉണ്ടാകാതെയിരുന്ന ഒരുത്തന്നു് സന്താനം ജനിക്കുന്നു.) അതുകൊണ്ടാണു് ഇപ്രകാരം പറഞ്ഞതു്. യാതൊരുത്തനാണോ ഇതറിയുന്നതു്. അവന്നും ജലം ഇല്ലാത്തതിൽ നിന്നു് ഉള്ളതു് നൽകുന്നു.

4. ഐശ്വര്യം ലഭിക്കാനർഹതയുള്ള യാതൊരുത്തന്നു് ഐശ്വര്യം ലഭിക്കുന്നില്ലയോ അവൻ ഇന്ദ്രനെ സംബന്ധിച്ചതും ഒരു പ്രസവം കഴിഞ്ഞതിനു് ശേഷം വന്ധ്യയായി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തീന്നതുമായ പശുവിനെ യാഗം കഴിക്കണം. ആ പശു ഇന്ദ്രനു് തുല്യനായ ഒരു കുട്ടിയെ പ്രസവിച്ചതിനു് ശേഷം വന്ധ്യയായിതീന്നതാണല്ലോ? തൻെറ ഭാഗം സമപ്പിച്ചതുകൊണ്ടു് യജമാനൻ ഇന്ദ്രൻെറ സമീപത്തു ചെല്ലുന്നു. ആ ഇന്ദ്രൻ തന്നെ യജമാനനെ ഐശ്വര്യവാനാക്കിത്തീക്കുന്നു.

യാതൊരു കുട്ടിയെ പ്രസവിച്ചതിനു് ശേഷം പശു വന്ധ്യയായി ഭവിക്കുന്നുവോ ആ കാളയെ യാഗം കഴിക്കണം. പശുക്കുട്ടി പശുവിൻെറ ബലം നിമിത്തം ജനിച്ചതാണു്. അതുകൊണ്ടു് യജമാനനു് ബലം ലഭിക്കുന്നു.

5. യാതൊരുത്തനാണോ മൂന്നു തലമുറയായി സോമപാനം ചെയ്യാത്തതു് അവൻ ഇന്ദ്രനേയും അഗ്നിയേയും സംബന്ധിച്ചതും നിലം പൂട്ടുന്നതിനും മററും ഉപായാഗമില്ലാത്തതുമായ കാളയെ യാഗം കഴിക്കണം. യാതൊരുത്തൻ ബ്രാഹ്മണാനായി ഇരുന്നിട്ടും മൂന്നാമത്തെ തലമുറ മുതൽ സോമപാനം ചെയ്യുന്നില്ലയോ അവനു് സോമപാനം ചെയ്യാനുള്ള അർഹത വിച്ഛിന്നമായിതീരുന്നു. തൻെറ ഭാഗം സമപ്പിച്ചതു കൊണ്ടു് യജമാനൻ ഇന്ദ്രാഗ്നികളുടെ സമീപത്തിൽ എത്തുന്നു അവർ (ഇന്ദ്രനും അഗ്നിയും) യജമാനനു് സോമപാനത്തിനുള്ള അർഹത നൽകുന്നു. സോമപാനം ചെയ്യുവർ യജജാനനെ ബഹുമാനിക്കുന്നു. ഇന്ദ്രനെ സംബന്ധിച്ച കാളയെ യാഗം ചെയ്യുന്നതു നിമിത്തം ഇന്ദ്രിയശക്തി ഉണ്ടാകുന്നു. അഗ്നിയെ സംബന്ധിച്ച കാളയെ യാഗം കഴിക്കുന്നു. ബ്രാഹ്മണൻ അഗ്നിയെ സംബന്ധിച്ചവനാണു്. തൻെറ ദേവതയെ തന്നെ ആരാധിക്കുന്നു. യജമാനൻെറ സോമപാനം ഉപേക്ഷിക്കപ്പെട്ടതു തന്നെയാണല്ലോ? (പിതാമഹനാലും പിതാവിനാലും യജമാനനാലും ഉപേക്ഷിക്കപ്പെട്ടതു്) അതുകൊണ്ടു് ജോലി ചെയ്യിക്കാതെ ഉപേക്ഷിക്കപ്പെട്ട കാളയെ യാഗം കഴിക്കുന്നതു് സമൃദ്ധിക്കു് കാരണം ആകുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

6. ശത്രുവിനെ ഉദ്ദേശിച്ച് ആഭിചാരം ചെയ്യാൻ ആഗ്രഹിക്കുന്നവൻ ബ്രഹ്മണസ്പതിയെ സംബന്ധിച്ച കൊമ്പില്ലാത്ത കാളയെ യാഗം കഴിക്കണം. തന്റെ ഭാഗം സമർപ്പിച്ചതുകൊണ്ട് ബ്രഹ്മണസ്പതിയെ തന്നെ യജമാനൻ സമീപിക്കുന്നു. യജമാനന്ന് വേണ്ടി യജമാനന്റെ ശത്രുവിനെ പീഡിപ്പിക്കുന്നു. അപ്പോൾ തന്നെ യജമാനന്റെ ശത്രു മരിക്കുന്നു.

കൊമ്പില്ലാത്ത കാള തീക്ഷ്ണമായ വജ്രായുധത്തിന്ന് തുല്യം ആണ്. ഐശ്വര്യമുള്ളതും ആണ് അപ്രകാരം ഉള്ള കാളയെ യാഗം കഴിക്കുന്നത് സമൃദ്ധിക്ക് കാരണം ആകുന്നു. കൊമ്പില്ലാത്ത കാളയെ യാഗം കഴിക്കുന്നത് സമൃദ്ധിക്ക് കാരണം ആകുന്നു. കൊമ്പില്ലാത്ത കാളയെ യാഗം കഴിക്കുന്നതിന്നുള്ള യൂപം "സ്ഫ്യ" ത്തിന്റെ ആകൃതിയിലായിരിക്കണം. സ്ഫ്യം എന്നതു് വജ്രായുധത്തിന്ന് തുല്യമാണ്. ആ യൂപം വജ്രായുധമായി തിന്ന് യജമാനന്റെ ശത്രുവിനെ പ്രഹരിക്കുന്നു. ഈ യാഗത്തിന്ന് ദർഭയ്ക്ക് പകരം "ശരം" എന്ന് അറിയപ്പെടുന്ന പുല്ലാണ് ഉപയോഗിക്കേണ്ടതു് ഇതു് തീർച്ചയായും യജമാനന്റെ ശത്രുവിനെ ഹിംസിക്കുന്നു. താന്നി മരത്തിന്റെ വിറകാണ് ഈ യാഗത്തിന്ന് ഉപയോഗിക്കേണ്ടതു്. ഇതു് യജമാനന്റെ ശത്രുവിനെ പീഡിപ്പിക്കുന്നു.

ഇതിപഞ്ചമോƒനുവാകഃ

അഥഷഷ്ഠോ നുവാകഃ (ബ്രാഹ്മണം)

സംഹിത—

ബാർഹസ്പത്യം ശിതി പൃഷ്ഠമാലഭേത ഗ്രാമകാമോ യഃ കാമയേത പൃഷ്ഠംസമാനാനാം സ്യാമിതി ബൃഹസ്പതിമേവ സ്വേന ഭാഗധേയേനോപധാവതി സ ഏവൈനം പൃഷ്ഠം സമാനാനാം കരോതി ഗ്രാമ്യേവ ഭവതി ശിതി പൃഷ്ഠോഭവതി ബാർഹസ്പത്യോ ഹ്യേഷദേവതയാ സമൃദ്ധ്യൈ പൗഷ്ണം ശ്യാമമാ—

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ലഭേതാന്നകാമോƒന്നം വൈപൂഷാ പൂഷണമേവസ്വേന ഭാഗധേ-
യേനോപധാവതി സ എവാസ്മൈ അന്നം പ്രയച്ഛത്യന്നാദ
ഏവ ഭവതി ശ്യാമോഭവത്യേതദ്വാ അന്നസ്യ രൂപം സമൃദ്ധ്യൈ
മാരുതം പൃശ്നിമാലഭേതാന്നകാമോ ƒന്നം വൈമരുതോ മരുത
ഏവ സ്വേനഭാഗധേയേനോ പധാവതി ത ഏവാസ്മാ-
അന്നം പ്രയച്ഛന്ത്യന്നാദ ഏവ ഭവതി പൃശ്നിർഭവത്യേതദ്വാ
അന്നസ്യരൂപം സമൃദ്ധ്യാ ഐന്ദ്രമരുണമാലഭേതേന്ദ്രിയ കാമ
ഇന്ദ്രമേവ സ്വേന ഭാഗധേയേനോപധാവതി സ ഏവാസ്മി-
ന്നിന്ദ്രിയം ദധാതീന്ദ്രിയാവ്യേവ ഭവത്യരുണോ ഭ്രൂമാൻ ഭവ-
ത്യേതദ്വാ ഇന്ദ്രസ്യരൂപം സമൃദ്ധ്യൈ സാവിത്രമുപധ്വസ്തമാല-
ഭേത സനികാമഃ സവിതാ വൈപ്രസവാനാമിശേ സവിതാര-
മേവസ്വേന ഭാഗധേയേനോപധാവതി സ ഏവാസ്മൈസനിം
പ്രസുവതിദാനകാമാ അസ്മൈപ്രജാ ഭവത്യുപധ്വസ്തോ ഭവ-
തി സാവിത്രോഹ്യേഷ ദേവതയാ സമൃദ്ധ്യൈ വൈശ്വദേവം
ബഹുരൂപമാലഭേതാന്നകാമോ വൈശ്വദേവം വാ അന്നം
വിശ്വാനേവ ദേവാൻ സ്വേന ഭാഗധേ യേനോപധാവതി ത-
ഏവാ സ്മാ അന്നം പ്രയച്ഛ ത്യന്നാദ ഏവ ഭവതി ബഹുരൂ-
പോ ഭവതി ബഹുരൂപം ഹ്യന്നം സമൃദ്ധ്യൈ വൈശ്വ ദേവാ
വൈ സജാതാ വിശ്വാനേവ ദേവാൻസ്വേന ഭാഗധേയേനോ-
പധാവതി ത ഏവാസ്മൈ സജാതാൻ പ്രയച്ഛന്തി ഗ്രാമ്യേവ
ഭവതി ബഹുരൂപോ ഭവതി ബഹുദേവത്യോ ഹ്യേഷ സമൃദ്ധ്യൈ
പ്രാജാപത്യം തൂപര മാലഭേത യസ്യാനാജ്ഞാതമിവജ്യോഗാമ-
യേത് പ്രാജാപത്യോ വൈപുരുഷഃ പ്രജാപതി മേവസ്വേനഭാഗ-
ധേയേ നോപധാവതി സ ഏവൈനം തസ്മാത് സ്രാമാന്മുഞ്ച-
തി തൂപരോ ഭവതി പ്രാജാപത്യോഹ്യേഷ ദേവതയാസ
മൃദ്ധ്യൈ ॥

അർത്ഥം—

1. ഗ്രാമത്തിൻെറ അധിപതിയാകാനും തനിക്കു് തുല്യരായ ഗ്രാമാധിപതികളിൽ ഉയർന്നവൻ ആകണമെന്നും ആഗ്രഹിക്കുന്നവൻ ബൃഹസ്പതിയെ സംബന്ധിച്ചതും പൃഷ്ഠത്തിൽ മാത്രം വെളുത്ത നിറമുള്ളതുമായ കാളയെ യാഗം കഴിക്കണം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തൻെറ ഭാഗം സമപ്പിക്കപ്പെട്ടതുകൊണ്ടു് യജമാനൻ ബൃഹസ്പതിയെ തന്നെ സമീപിക്കുന്നു. ആ ബൃഹസ്പതി തന്നെ യജമാനനെ തുല്യരായ ഗ്രാമാധികാരികളിൽ ഉയൎന്ന സ്ഥാനത്തിൽ എത്തിക്കുന്നു. യജമാനൻ ഗ്രാമത്തിൻെറ അധിപതിയായി ഭവിക്കുന്നു പൃഷ്ഠത്തിൽ മാത്രം വെളുത്ത നിറമുള്ള കാള ബൃഹസ്പതിയെ സംബന്ധിച്ചതാകുന്നു. അതു് അതിൻെറ ദേവതയുടെ പ്രീതി നിമിത്തം യജമാനൻെറ സമൃദ്ധിക്കു് കാരണം ആകുന്നു.

2. സുഖമായി ഭക്ഷണം കിട്ടണമെന്നു് ആഗ്രഹിക്കുന്നവൻ പൂഷാവിനെ സംബന്ധിച്ചതും കറുത്തനിറമുള്ളതുമായ കാളയെ യാഗം കഴിക്കണം. പൂഷാ എന്ന ദേവൻ അന്നം തന്നെയാണല്ലോ? തൻെറ ഭാഗം സമപ്പിച്ചതു കൊണ്ടു് യജമാനൻ പൂഷാവിനെത്തന്നെ സമീപിക്കണം. പൂഷാ എന്ന ദേവൻ തന്നെ യജമാനനു് ഭക്ഷണം നൽകുന്നു. യജമാനനു് സുഖമായി ഭക്ഷ്യപദാൎത്ഥങ്ങൾ ലഭിക്കുകയും രോഗാദികൾ ഇല്ലാതെയിരിക്കുകയും ചെയ്യുന്നു) യാഗത്തിനുള്ള മൃഗം കറുത്ത കാളയാകുന്നു. ഇതു് അന്നത്തിൻെറ രൂപമാകുന്നു. ഇതു് യജമാനൻെറ സമൃദ്ധിക്കു് കാരണം ആകുന്നു.

3. അന്നം ആഗ്രഹിക്കുന്നവൻ മരുത്തുകളെ സംബന്ധിച്ച വെളുത്ത കാളയെ യാഗം കഴിക്കണം. മരുത്തുകൾ അന്നമാണല്ലോ? തൻെറ ഭാഗം സമപ്പിച്ചതു കൊണ്ടു് യജമാനൻ മരുത്തുകളെ സമീപിക്കുന്നു. ആ മരുത്തുകൾ യജമാനനും അന്നം നൽകുന്നു. യജമാനൻ ഭക്ഷണം കഴിക്കാൻ കഴിവുള്ളവനായിത്തീരുന്നു. യാഗത്തിനുള്ള മൃഗം വെളുത്ത കാള ആകുന്നു. ഇതു് അന്നത്തിൻെറ രൂപം ആകുന്നു ഇതു് യജമാനൻെറ സമൃദ്ധിക്കു് കരണം ആണു്.

4. ബലം വേണമെന്നാഗ്രിക്കുന്നവൻ ഇന്ദ്രനെ സംബന്ധിച്ചതു, അരുണ വൎണത്തിലുള്ളതുമായ കാളയെ യാഗം കഴിക്കണം. തൻെറ ഭാഗം സമപ്പിച്ചതു കൊണ്ടു് യജമാനൻ ഇന്ദ്രനെത്തന്നെ സമീപിക്കുന്നു ഇന്ദ്രൻ തന്നെ യജമാനനു് ബലം നൽകുന്നു. യജമാനൻ ബലവാനായി തന്നെ ഭവിക്കുന്നു. അരുണവൎണത്തിലുള്ള കാള മനോഹ-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രമായ പുരികത്തോടുകൂടിയതാകുന്നു. ഇതു് ഇന്ദ്രന്റെ ലക്ഷണമാണു്. അരുണവർണത്തിലുള്ള കാളയെ യാഗം കഴിക്കുന്നതു് യമമാനന്റെ സമൃദ്ധിക്കു് കാരണം ആകുന്നു

5. മററുള്ളവരിൽ നിന്നു് ധനം ദാനമായി കിട്ടണം എന്നു് ആഗ്രഹിക്കുന്നവൻ സവിതാവിനെ സംബന്ധിച്ചതും പല നിറങ്ങളോടുകൂടിയതുമായ കാളയെ യാഗം കഴിക്കണം. സവിതാവാണല്ലോ എല്ലാവരേയും പ്രേരിപ്പിക്കാൻ ശക്തനാകുന്നതു്. തന്റെ ഭാഗം സമപ്പിച്ചതുകൊണ്ടു് യജമാനൻ സവിതാവിനെത്തന്നെ സമീപിക്കുന്നു. സവിതാവും തന്നെ യജമാനനു് പണം കൊടുക്കാൻ മററുള്ളവരെ പ്രേരിപ്പിക്കുന്നു. ആളുകരം യജമാനനു് ദാനം കൊടുക്കാൻ ആഗ്രഹം ഉള്ളവരായി ഭവിക്കുന്നു. പല നിറങ്ങളോടുകൂടിയ കാള സവിതാവിനെ സംബന്ധിച്ചതാണല്ലോ? അപ്രകാരമുള്ള കാളയെ യാഗം ചെയ്യുന്നതു് ദേവതാപ്രസാദത്താൽ യജമാനന്റെ സമൃദ്ധിക്കു് കാരണമായിത്തിരുന്നു.

6. അന്നം ലഭിക്കണമെന്നു് അഗ്രഹിക്കുന്നവൻ വിശ്വേദേവന്മാരെ സംബന്ധിച്ചതും സ്പഷ്ടമായ പല നിറങ്ങളോടുകൂടിയതുമായ കാളയെ യാഗം കഴിക്കണം ഭക്ഷണം വിശ്വേദേവന്മാരെ സംബന്ധിച്ചതാണു്. തന്റെ ഭാഗം സമപ്പിച്ചതുകൊണ്ടു് യജമാനൻ വിശ്വേദേവന്മാരെത്തന്നെ സമീപിക്കുന്നു. ആ വിശ്വേദേവന്മാർ യജമാനനു് അന്നം നൽകുന്നു. യജമാനൻ സുഖമായി അന്നം ഭക്ഷിക്കുന്നവനായിത്തീരുന്നു. ഭക്ഷണസാധനം പല രൂപത്തിലുള്ളതാണല്ലോ? അതു കൊണ്ടു് പല നിറങ്ങളോടുകൂടിയ കാള സമൃദ്ധിക്കു് കാരണം ആകുന്നു.

7. ഗ്രാമത്തിന്റെ അധിപതിയാകണമെന്നു് ആഗ്രഹിക്കുന്നവൻ വിശ്വേദേവന്മാരെ സംബന്ധിച്ചതും നാനാ വർണങ്ങളോടു് കൂടിയതുമായ കാളയെ യാഗം കഴിക്കണം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സഹോദരന്മാരും ഭൃത്യന്മാരും വിശേദേവന്മാരെ സംബന്ധിച്ചവരാണല്ലോ തന്റെ ഭാഗം സമപ്പിച്ചതുകൊണ്ടു് യജമാനൻ വിശേദേവന്മാരെത്തന്നെ സമീപിക്കുന്നു. വിശേദേവന്മാർതന്നെ യജമാനനു് സഹോദരന്മാരെയും ഭൃത്യന്മാരെയും നൽകുന്നു. യജമാനൻ ഗ്രാമത്തിന്റെ അധിപതിയായി ഭവിക്കുന്നു. സ്പഷ്ടമായ നാനാവണ്ണമുകാള നാനാദേവന്മാരെ സംബന്ധിച്ചതാണു്. അത് യജമാനന്റെ സമൃദ്ധിക്കു് കാരണം ആണു്.

8. അജ്ഞാതമായ രോഗത്താൽ ദീർഘകാലം പീഡിതനായിട്ടുള്ളവൻ പ്രജാപതിയെ സംബന്ധിച്ച കൊമ്പില്ലാത്ത കാളയെ യാഗം കഴിക്കണം പുരുഷൻ പ്രജാപതിയെ സംബന്ധിച്ചവനാണു്. യാതൊരുത്തനെയാണോ അജ്ഞാതമായ രോഗം ദീർഘകാലമായി പിഡിപ്പിക്കുന്നതു് അവന്റെ രോഗം എന്താണെന്നു് പ്രജാപതി അറിയുന്നു. തന്റെ ഭാഗം സമപ്പിച്ചതുകൊണ്ടു് യജമാനൻ പ്രജാപതിയെത്തന്നെ സമീപിക്കുന്നു. പ്രജാപതി തന്നെ യജമാനനെ അജ്ഞാത രോഗത്തിൽ നിന്നു് മോചിപ്പിക്കുന്നു. കൊമ്പില്ലാത്ത കാള പ്രജാപതിയെ സംബന്ധിച്ചതാണല്ലോ? കൊമ്പില്ലാത്ത കാളയെ യാഗം കഴിക്കുന്നതു നിമിത്തം അതിന്റെ ദേവതയുടെ പ്രീതി ലഭിക്കുന്നു. അതു് യജമാനന്റെ സമൃദ്ധിക്കു് കാരണം ആകുന്നു.

ഇതിഷഷ്ഠോഽനുവാകഃ

അഥസപ്തമോഽനുവാകഃ (ബ്രാഹ്മണം)

സംഹിതാ:—

വഷട് കാരോവൈ ഗായത്ര്യൈ ശിരോഽച്ഛിനത്തസ്യൈ രസഃ പരാപതത്തം ബൃഹസ്പതിരുപാ ഗൃഹ്ണാത്സാ ശിതിപൃഷ്ഠാവശാ ഭവദ്യോ ദ്വിതീയഃ പരാപതത്തം മിത്രാവരുണാവുപാഗൃഹ്ണീതാം സാദ്വിരൂപാവശാഽഭവദ്യസ്തൃതീയഃ പരാപതത്തം വിശേദേവാ ഉപാഗൃഹ്ണൻ സാബഹുരൂപാവശാഽഭവദ്യശ്ചതുർത്ഥഃ പരാപതത്സ പൃഥിവീം പ്രാവിശത്തം ബൃഹസ്—

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പതിരഭി അഗൃഹ്ണാദസ്മേവായം ഭോഗായേതി സ ഉക്ഷ-
വൃശഃ സമഭവദ്യല്ലോഹിതം പരാപതത്തദ്രുദ്ര ഉപാഗൃഹ്-
ണാത്സാരൗദ്രീരോഹിണീവശാƒഭവദ്ബാർഹസ്പത്യംശിതി
പൃഷ്ഠാമാലഭേത ബ്രഹ്മവർചസകാമോ ബൃഹസ്പതി മേവ
സ്വേന ഭാഗധേയേനോപധാവതി ബ്രഹ്മവർചസസ്യേവ ഭവതി
ഛന്ദസാം വാ ഏഷരസോയദ്വശാ രസ ഇവ ഖലുവൈ
ബ്രഹ്മവർചസം ഛന്ദസാമേവരസേന രസം ബ്രഹ്മവർചസമ-
വരുന്ധേ മൈത്രാവരുണീം ദ്വിരൂപാ മാലഭേത വൃഷ്ടി കാമോ
മൈത്രം വാ അഹർവാരുണീ രാത്രിരഹോരാത്രാഭ്യാം ഖലുവൈ
പർജന്യോ വർഷതി മിത്രാവരുണാവേവ സ്വേന ഭാഗ-
ധേയേനോപധാവതി താവേവാസ്മാ അഹോരാത്രാഭ്യാം
പർജന്യം വർഷയതശ്ഛന്ദസാം വാഏഷരസോ യദ്വശാരസ
ഇവ ഖലുവൈ വൃഷ്ടിശ്ഛന്ദസാമേവ രസേന രസം വൃഷ്ടിമ-
രുന്ധേ മൈത്രാവരുണീം ദ്വിരൂപാമാലഭേത പ്രജകാമോ മൈ-
ത്രംവാ അഹർവാരുണീ രാത്രിരഹോരാത്രാഭ്യാം ഖലുവൈപ്രജാഃ
പ്രജായന്തേ മിത്രാ വരുണാവേവ സ്വേന ഭാഗധേയേനോപധാ-
വതി താവേ വാസ്മാ അഹോരാത്രാഭ്യാം പ്രജാം പ്രജനയതച്ഛന്ദ-
സാം വാ ഏഷരസോയ ദ്വശാരസ ഇവ ഖലുവൈ പ്രജാ ഛന്ദ-
സാമേവ രസേന രസം പ്രജാമവരുന്ധേ വൈശ്വദേവീം ബഹു-
രൂപാ മാലഭേതാന്ന കാമോ വൈശ്വദേവം വാ അന്നം വിശ്വാ-
നേവ ദേവാൻ സ്വേന ഭാഗധേയേനോപധാവതി തഏവാസ്മാ
അന്നം പ്രയച്ഛത്യന്നാദ ഏവ ഭവതിഛന്ദസാം വാ ഏഷരസോ-
യദ്വശാരസ ഇവ ഖലുവാ അന്നംഛന്ദസാമേവരസേന രസമന്ന-
മവരുന്ധേ വൈശ്വരൂപീം ബഹുരൂപാ മാലഭേത ഗ്രാമകാമോ
വൈശ്വ ദേവാ വൈസജാതാ വിശ്വാൻ ഏവ ദേവാൻ സ്വേന
ഭാഗധേയേമനാപധാവതി ത ഏവാ സ്മൈ സജാതാൻ പ്രയ-
ച്ഛന്തി ഗ്രാമ്യേവ ഭവതിഛന്ദസാം വാ ഏഷരസോയദ്വശാ രസ
ഇവ ഖലുവൈ സജാതാച്ഛന്ദസാമേവരസേന രസം സജാ-
താനവരുന്ധേ ബാർഹസ്പത്യമുക്ഷവശമാലഭേത ബ്രഹ്മവർ-
ചസകാമോ ബൃഹസ്പതിമേവസ്വേന ഭാഗധേയേനോപധാ-
വതി സ ഏവാസ്മിൻ ബ്രഹ്മവർച സംദധാതി ബ്രഹ്മവർച-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്യേവഭവതി വശം വാ ഏഷ ചരതി യദ്ദക്ഷാ വശ ഇവ ഖലു വൈ ബ്രഹ്മവർചസം വശേനൈവ വശം ബ്രഹ്മവർചസമവ-രുന്ധേ രൗദ്രീം രോഹിണിമാലഭേതോഭിചരൻ രുദ്രമേവ സ്വേന ഭാഗധേയേനോപധാവതി തസ്മാ ഏവൈനമാ വൃശ്ചതി താജഗാർതിമാർഛതി രോഹിണീഭവതി രൗദ്രീഹ്യേഷാ ദേവതയാ സമൃദ്ധ്യൈ സ്ഫ്യോയൂപോ ഭവതി വജ്രോവൈ-സ്ഫ്യോ വജ്രമേവാസ്മൈ പ്രഹരതി ശരമയം ബർഹിഃ ശൃണാത്യേവൈനം വൈഭീദക ഇധ്മോഭിനത്യേവൈനം ||

അർത്ഥം:—

''വഷട്'' എന്ന മന്ത്രത്തിന്റെ ദേവത ഗായത്രി ദേവതയുടെ ശിരസ്സിനെ ഛേദിച്ചു. ഗായത്രി ദേവിയുടെ ശിരസ്സിൽ നിന്നു് ജലം താഴെവീണു. അതിനെ ബൃഹസ്പതി സ്വീകരിച്ചു. ബൃഹസ്പതി സ്വീകരിച്ച ജലം പൃഷ്ഠത്തിൽ മാത്രം വെളുത്ത നിറമുള്ള വന്ധ്യയായ പശുവായി ഭവിച്ചു. രണ്ടാമത്തു വീണ ജലം മിത്രാവരുണന്മാർ സ്വീകരിച്ചു. അതു് രണ്ടുനിറം ഉള്ള വന്ധ്യയായ പശുവായി ഭവിച്ചു. മൂന്നാമത്തു താഴെ വീണ ജലം വിശ്വേദേവന്മാർ സ്വീകരിച്ചു അതു് പല നിറങ്ങളുള്ള വന്ധ്യയായ പശുവായി ത്തീർന്നു. നാലാമത്തു വീണ ജലം ഭൂമിയിൽ പ്രവേശിച്ചു. ഈ രസം എനിയ്ക്കു് അനുഭവിക്കാൻ അർഹമായിത്തീരട്ടെ എന്നു് വിചാരിച്ചു് ബൃഹസ്പതി അതു് സ്വീകരിച്ചു. അതു് (ബൃഹസ്പതി സ്കരിച്ച രസം) പ്രയോജന ശൂന്യമായ ഇന്ദ്രിയ ശക്തിയുള്ള കാളയായി ഭവിച്ചു. താഴെ വീണ രക്തം രുദ്രൻ സ്വീകരിച്ചു. അതു ക്രൂരസ്വഭാവമുള്ളതും ചുവന്ന നിറമുള്ളതുമായ വന്ധ്യയായ പശുവായി ഭവിച്ചു.

1. ബ്രഹ്മവർചസ്സ് ആഗ്രഹിക്കുന്നവൻ ബൃഹസ്പതിയെ സംബന്ധിച്ചതും പൃഷ്ഠഭാഗത്തിൽ മാത്രം വെളുത്തനിറം ഉള്ളതുമായ പശുവിനെ യാഗം കഴിക്കണം. തന്റെ ഭാഗം സമർപ്പിച്ചതുകൊണ്ടു് യജമാനൻ ബൃഹസ്പതിയെത്തന്നെ സമീപിക്കുന്നു. ബൃഹസ്പതി യജമാനനെ ബ്രഹ്മവർചസ്സ് ധരിപ്പിക്കുന്നു. യജമാനൻ ബ്രഹ്മവർചസ്സോടുകൂടിയവനായിതിരുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വന്ധ്യയായ പശു ഛന്ദസ്സുകളുടെ രസം ആണ്. ബ്രഹ്മവർചസ്സ് എന്നു പറയുന്നതു് രസത്തിനു് തുല്യമാണ്. ഛന്ദസ്സുകളുടെ രസരൂപമായ വന്ധ്യയായ പശുവിനെ നിമിത്തമാക്കി രസരൂപമായ ബ്രഹ്മവർചസ്സ് യജമാനനു് ലഭിക്കുന്നു.

2. മഴപെയ്യണം എന്നു് ആഗ്രഹിക്കുന്നവൻ മിത്രനേയും വരുണനേയും സംബന്ധിച്ചതും രണ്ടുനിറമുള്ളതുമായ പശുവിനെ യാഗം കഴിക്കണം. പകൽ മിത്രനെ സംബന്ധിച്ചതാണ്. രാത്രി വരുണനെ സംബന്ധിച്ചതാണ്. മേഘം പകലും രാത്രിയും വർഷിക്കുന്നു. തൻെറ ഭാഗം സമർപ്പിച്ചതുകൊണ്ടു് യജമാനൻ മിത്രാവരുണന്മാരെ സമീപിക്കുന്നു. അവർതന്നെ യജമാനനു് വേണ്ടി മഴ പെയ്യിക്കുന്നു.

വന്ധ്യയായ പശു ഛന്ദസ്സുകളുടെ രസത്തിനു് തുല്യമാണ്. മഴ രസത്തിനു് തുല്യമാണ്. ഛന്ദസ്സുകളുടെ രസരൂപമായ രണ്ടുനിറത്തോടു കൂടിയ പശുവിനെ നിമിത്തമാക്കി രസരൂപമായ മഴ യജമാനനു് ലഭിക്കുന്നു.

3. സന്താനം ഉണ്ടാകണം എന്നു് ആഗ്രഹിക്കുന്നവൻ മിത്രനേയും വരുണനേയും സംബന്ധിച്ചതും രണ്ടുനിറമുള്ളതുമായ പശുവിനെ യാഗം കഴിക്കണം. പകൽ മിത്രനെ സംബന്ധിച്ചതാണ്. പകലും രാത്രിയും നിമിത്തമാണല്ലോ സന്താനങ്ങൾ ജനിക്കുന്നതു്. തൻെറ ഭാഗം സമർപ്പിച്ചതുകൊണ്ടു് യജമാനൻ മിത്രനേയും വരുണനേയും സമീപിക്കുന്നു. ആ മിത്രാവരുണന്മാർ യജമാനനു് സന്താനം നൽകുന്നു.

വശ ഛന്ദസ്സുകളുടെ രസമാണ്. സന്താനങ്ങൾ രസം എന്ന പോലെയാണ്. ഛന്ദസ്സുകളുടെ രസത്തിനു് തുല്യമായ പശുവിനെ നിമിത്തമാക്കി രസത്തിനു് തുല്യമായ സന്താനം യജമാനനു് ലഭിക്കുന്നു.

4. ഭക്ഷണം ആഗ്രഹിക്കുന്നവൻ വിശേദേവന്മാരെ സംബന്ധിച്ചതും പല വർണ്ണങ്ങളുള്ളതുമായ പശുവിനെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യാഗം കഴിക്കണം. ഭക്ഷണസാധനം വിശ്വേദേവന്മാരെ സംബന്ധിച്ചതാണ്. തന്റെ ഭാഗം സമർപ്പിച്ചതുകൊണ്ട് യജമാനൻ വിശ്വേദേവന്മാരെ തന്നെ സമീപിക്കുന്നു. വിശ്വേദേവന്മാർ തന്നെ യജമാനനു് ഭക്ഷണസാധനങ്ങൾ നൽകുന്നു. യജമാനൻ സുഖമായി ഭക്ഷണം കഴിക്കുന്നവനും ആയിത്തീരുന്നു.

വശ എന്നുപറയുന്നതു് ഛന്ദസ്സുകളുടെ രസം ആണ്. ഭക്ഷണപദാർത്ഥം രസത്തിനു് തുല്യം ആണ്. ഛന്ദസ്സുകളുടെ രസത്തിനു് തുല്യമായ അന്നം നിമിത്തമായി യജമാനനു് രസത്തിനു് തുല്യമായ അന്നം ലഭിക്കുന്നു.

5. ഗ്രാമത്തിന്റെ അധിപതിയാകാൻ ആഗ്രഹിക്കുന്നവൻ വിശ്വേ ദേവന്മാരെ സംബന്ധിച്ചതും സ്പഷ്ടമായ നാനാവർണങ്ങളോടു കൂടിയതുമായ പശുവിനെ യാഗം കഴിക്കണം. സഹോദരന്മാരും ഭൃത്യന്മാരും വിശ്വേ ദേവന്മാരെ സംബന്ധിച്ചവരാണ്. തന്റെ ഭാഗം സമർപ്പിച്ചതുകൊണ്ടു് യജമാനൻ വിശ്വേദേവന്മാരെ സമീപിക്കുന്നു. വിശ്വേദേവന്മാർ യജമാനനു് സഹോദരന്മാരെയും ഭൃത്യന്മാരെയും നൽകുന്നു. യജമാനൻ ഗ്രാമാധിപതിയായി തന്നെ ഭവിക്കുന്നു.

വശ ഛന്ദസ്സുകളുടെ രസമാണ്. സഹോദരന്മാരും ഭൃത്യന്മാരും രസത്തിനു് തുല്യമാണ്. ഛന്ദസ്സുകളുടെ രസത്തിനു് തുല്യമായ വശയെ നിമിത്തമാക്കി രസത്തിനു് തുല്യമായ സഹോദരന്മാരും ഭൃത്യന്മാരും യജമാനനു് ലഭിക്കുന്നു.

6 ബ്രഹ്മവർചസ്സ് ഉണ്ടാകണം എന്നു് ആഗ്രഹിക്കുന്നവൻ ബൃഹസ്പതിയെ സംബന്ധിച്ചതും സന്താനോൽപാദനശക്തിയില്ലാത്തതുമായ കാളയെ യാഗം കഴിക്കണം. തന്റെ ഭാഗം സമർപിച്ചതുകൊണ്ടു് യജമാനൻ ബൃഹസ്പതിയെത്തന്നെ സമീപിക്കുന്നു. ബൃഹസ്പതി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യജമാനനു് ബ്രഹ്മവർചസ്സ് നൽകുന്നു. യജമാനൻ ബ്രഹ്മ വർചസ്വിയായി ഭവിക്കുന്നു.

കാളൂ പശുക്കളോടുകൂടി മേയാൻ പോവുകയും അവയുടെ പുറകെ മടങ്ങി വരികയും ചെയ്യുന്നു. ബ്രഹ്മവർചസ്സ് വീർയം നഷ്ടപ്പെടുത്താതെ ഇരിക്കുന്ന കാളയെപ്പോലെയാണു്. പശുക്കളോടുകൂടി നടന്നിട്ടുംവീർയംനഷ്ടപ്പെടാത്ത കാളയെപ്പോലെ യജമാനനു് ബ്രഹ്മവർചസ്സ് ലഭിക്കുന്നു.

7. ശത്രുവിനു് ആഭിചാരം ചെയ്യണമെന്നു് ആഗ്രഹിക്കുന്നവൻ രുദ്രനെ സംബന്ധിച്ച ചുവന്ന നിറത്തിലുള്ള പശുവിനെ യാഗം കഴിക്കണം. തൻെറ ഭാഗം സമപ്പിച്ചതുകൊണ്ടു് യജമാനൻ രുദ്രനെത്തന്നെ സമീപിക്കുന്നു. യജമാനനു് വേണ്ടി യജമാനൻെറ ശത്രുവിനെ നശിപ്പിക്കുന്നു. യജമാനൻ ഉപദ്രവങ്ങളിൽ നിന്നു് വിമുക്തനാവുകയും ചെയ്യുന്നു. രുദ്രനെ സംബന്ധിച്ചതും ചുവന്ന നിറത്തിലുള്ളതുമായ ഈ പശു യജമാനനൻെറ സമൃദ്ധിക്കു് കാരണമാകുന്നു. ''സ്ഫ്യ''ത്തിൻെറ ആകൃതിയിൽ വേണം ഈ യാഗത്തിനുള്ള യൂപം നിമ്മിക്കേണ്ടതു്. സ്ഫ്യം വജ്രായുധത്തിനു് തുല്യമാണു്. അതു് യജമാനനു് വേണ്ടി വജ്രായുധമായിത്തീന്നു് യജമാനൻെറ ശത്രുവിനെ ഹിംസിക്കുന്നു. ഈ യാഗത്തിനു് ദർഭപ്പുല്ലിനു് പകരം ''ശരം'' എന്ന പുല്ലാണു് ഉപയോഗിക്കേണ്ടതു്. അപ്രകാരം ചെയ്യുന്നതു് ശത്രുവിനെ ഹിംസിക്കുകതന്നെ ചെയ്യും. വിറകു് താന്നി മരത്തിൻേറതായിരിക്കണം. അതു് തീർച്ചയായും ശത്രുവിനെ പീഡിപ്പിക്കുന്നു.

ഇതിസപ്തമോ ഽനുവാകഃ

അഥ അഷ്ടമോ ഽനുവാകഃ (ബ്രാഹ്മണം)

സംഹിതാ—

അസാവാദിത്യോ ന വ്യരോചത തസ്മൈ ദേവാഃ പ്രായശ്ചിത്തിമൈച്ഛന്തസ്മാ ഏതാം സൗരീം ശ്വേതാം വശാ-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മാലഭന്ത തയൈവാ സ്മിൻ രുചമദധുർയോ ബ്രഹ്മവർചസ
കാമഃ സ്യാത്തസ്മാ ഏതാം സൗരീം ശ്വേതാം വശാമാല-
ഭേതാമുമേവാദിത്യം സ്വേനഭാഗധേയേനോപധാവതി സ
ഏവാസ്മിൻ ബ്രഹ്മവർചസം ദധാതി ബ്രഹ്മവർചസ്യേവ
ഭവതി ബൈല്വോയൂപോ ഭവത്യസൗവാ ആദിത്യോ യതോഽ-
ജായത തതോബിലവ ഉദതിഷ്ഠത്സയോന്യേവ ബ്രഹ്മവർചസമ-
വരുന്ധേ ബ്രാഹ്മണസ്പത്യാം ബഭ്രുകർണീമാലഭേതാഭി-
ചരൻവാരുണം ദശകപാലം പുരസ്താന്നിർവപേദ്വരുണേ-
നൈവ ഭ്രാതൃവ്യം ഗ്രാഹയിത്വാ ബ്രഹ്മണാ സ്തൃണുതേ ബഭ്രു-
കർണീഭവത്യേതദ്വൈ ബ്രഹ്മണോരൂപം സമൃദ്ധ്യൈ സ്ഫ്യോ
യൂപോഭവതി വജ്രോവൈ സ്ഫ്യോവജ്രമേവാസ്മൈ പ്രഹര
തിശരമയം ബർഹിഃ ശൃണാതി ഏവൈനം വൈഭീദകഇധ്മോ
ഭിനത്യേവൈനം വൈഷ്ണവം വാമനമാലഭേത യം യജ്ഞോനോ
പനമേദ്വിഷ്ണുർവൈ യജ്ഞോ വിഷ്ണുമേവ സ്വേനഭാഗ
ധേയേനോപധാവതി സ ഏവാസ്മൈ യജ്ഞം പ്രയച്ഛത്യു-
പൈനം യജ്ഞോനമതി വാമനോ ഭവതി വൈഷ്ണവോ ഹ്യേഷ
ദേവതയാ സമൃദ്ധ്യൈ ത്വാഷ്ട്രം വഡബമാലഭേത പശു
കാമസ്ത്വഷ്ടാ വൈ പശൂനാം മിഥുനാനാംപ്രജനയിതാ ത്വഷ്ടാര-
മേവസ്വേന ഭാഗധേയേനോപധാവതിസഏവാസ്മൈ പശൂൻ
മിഥുനാൻ പ്രജനയതി പ്രജാഹിവാ എതസ്മിൻ പശവഃ
പ്രവിഷ്ടാ അഥൈഷപുമാൻസൻവഡബഃ സാക്ഷാദേവ
പ്രജാം പശൂനവരുന്ധേ മൈത്രം ശ്വേതമാലഭേത സംഗ്രാമേ
സംയത്തേ സമയകാമോ മിത്രമേവ സ്വേന ഭാഗധേയേനോ-
പധാവതി സ ഏവൈനം മിത്രേണ സംനയതി വിശാ-
ലോഭവതി വ്യവസായയസേ വൈനം പ്രാജാപത്യം കൃഷ്ണമാ-
ലഭേത വൃഷ്ടികാമഃ പ്രജാപതിർവൈ വൃഷ്ട്യാ ഈശേ പ്രജാ-
പതിമേവ സ്വേന ഭാഗധേയേനോപധാവതി സ ഏവാസ്മൈ
പർജന്യം വർഷയതി കൃഷ്ണോ ഭവത്യേതദ്വൈ വൃഷ്ട്യൈ
രൂപം രൂപേണൈവ വൃഷ്ടിമവരുന്ധേ ശബലോഭവതി
വിദ്യുത മേവാസ്മൈ ജനയിത്വാ വർഷയത്യശൃംഗോ ഭവതി
വൃഷ്ടിമേവാസ്മൈനിയച്ഛതി ॥

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അർത്ഥം

1. ഒരിക്കൽ ആദിത്യൻ പ്രകാശിച്ചില്ല. അതിന്ന് ദേവന്മാർ പ്രതിവിധി ചെയ്യാൻ ആഗ്രഹിച്ചു. ആ ഉദ്ദേശം സാധിക്കുന്നതിന്ന് സൂര്യനെ സംബന്ധിച്ചതും വെളുത്തതുമായ മച്ചിപ്പശുവിനെ യാഗം കഴിച്ചു. അതുകൊണ്ടു് തന്നെ ആദിത്യനിൽ തേജസ്സ് ഉണ്ടാക്കി.

യാതൊരുത്തനാണോ ബ്രമ്മവർചസ്സ് ആഗ്രഹിക്കുന്നതു് അവൻ അതിന്ന് വേണ്ടി സൂര്യനെ സംബന്ധിച്ചതും വെളുത്തതും ആയ മച്ചിപ്പശുവിനെ യാഗം കഴിക്കണം. ആ യജമാനൻ തൻെറ ഭാഗം സമപ്പിച്ചതുകൊണ്ടു് ആദിത്യനെ തന്നെ സമീപിക്കുന്നു. ആ ആദിത്യൻ തന്നെ യജമാനന്നു് ബ്രഹ്മവർചസ്സ് നൽകുന്നു. യജമാനൻ ബ്രഹ്മവർചസ്സ് ഉള്ളവനായിതന്നെ ഭവിക്കുന്നു.

ഈ യാഗത്തിന്ന് ബില്വമരംകൊണ്ടു് വേണം യൂപം നിർമ്മിക്കേണ്ടതു്. ഈ ആദിത്യൻ എവിടെ നിന്നാണോ ആവിർഭവിച്ചതു് അവിടെ നിന്നു് ബിൽവമരവും മേൽപോട്ടുവന്നു. സൂര്യൻെറ സാഹോദര്യ്യം നിമിത്തം ബിൽവമരം യജമാനന്നു് ബ്രഹ്മവർചസ്സ് നൽകുന്നു

2. ആഭിചാരം ചെയ്യാൻ ആഗ്രഹിക്കുന്നവൻ ബ്രഹ്മണസ്പതിയെ സംബന്ധിച്ചതും ചെവി മാത്രം പിംഗളവർണത്തിലുള്ളതുമായ പശുവിനെ യാഗം കഴിക്കണം. അതിന്നു് മുൻപു് പത്തു് കപാലങ്ങളിൽ പാകം ചെയ്ത ഹവിസ്സ് വരുണന്നു് സമപ്പിക്കണം. വരുണനാൽ യജമാനൻെറ ശത്രുക്കളെ രോഗാദികളാൽ പീഡിതനാക്കിയതിന്നു് ശേഷം ബ്രഹ്മണസ്പതി കൊല്ലുന്നു. പിംഗള വർണത്തിലുള്ള ചെവിയോടു് കൂടിയിരിക്കുക എന്നുള്ളതു് ബ്രഹ്മാവിൻെറ രൂപമാണു്. അതു യജമാനൻെറ സമൃദ്ധിക്കു് കാരണം ആകുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഈ യാഗത്തിനുള്ള യൂപം സ്ഫ്യത്തിന്റെ ആകൃതിയിൽ തന്നെ വേണം. സ്ഫ്യം വജ്രായുധത്തിനു് തുല്യമാണു് അതു് വജ്രായുധമായിത്തീർന്നു് യജമാനനു് വേണ്ടി ശത്രുവിനെ പ്രഹരിക്കുന്നു. ദർഭയ്ക്കു് പകരം "ശരം" എന്ന പുല്ലാണു് വേണ്ടതു്. ഇതു് യജമാനന്റെ ശത്രുവിനെ ഉപദ്രവിക്കുകതന്നെ ചെയ്യുന്നു. ഇതിനു് ഉപയോഗിക്കുന്ന വിറകു് താന്നിമരത്തിന്റേതായിരിക്കണം. ഇതു് യജമാനന്റെ ശത്രുവിനെ പീഡിപ്പിക്കുകതന്നെ ചെയ്യും.

3. യാതൊരുത്തനെ യാഗം വണങ്ങുന്നില്ലയോ അവൻ വിഷ്ണുവിനെ സംബന്ധിച്ച പൊക്കം കുറഞ്ഞ കാളയെ യാഗം കഴിക്കണം. യജ്ഞം എന്നു പറയുന്നതു് വിഷ്ണു തന്നെയാണു്. തന്റെ ഭാഗം സമർപ്പിച്ചതുകൊണ്ടു് യജമാനൻ വിഷ്ണുവിനെത്തന്നെ സമീപിക്കുന്നു. ആ വിഷ്ണുതന്നെ യജമാനനു് യാഗം നൽകുന്നു. യജമാനനെ യജ്ഞം വണങ്ങുന്നു. പൊക്കം കുറഞ്ഞ കാള വിഷ്ണുവിനെ സംബന്ധിച്ചതാണു്. പൊക്കം കുറഞ്ഞ കാളയെ യാഗം കഴിക്കുന്നതു് യജമാനന്റെ സമൃദ്ധിക്കു് കാരണം ആണു്.

4. തനിക്കു് ധാരാളം പശുക്കൾ ഉണ്ടാകണം എന്നു് ആഗ്രഹിക്കുന്നവൻ ത്വഷ്ടാവിനെ സംബന്ധിച്ച പെൺകുതിരയുടെ ലക്ഷണം ഉള്ള ആൺകുതിരയെ യാഗം കഴിക്കണം. ത്വഷ്ടാവാണല്ലോ സ്ത്രീപുംരൂപങ്ങളായ മൃഗങ്ങളെ ജനിപ്പിക്കുന്നതു്. തന്റെ ഭാഗം സമർപ്പിച്ചതുകൊണ്ടു് യജമാനൻ ത്വഷ്ടാവിനെതന്നെ സമീപിക്കുന്നു. ആ ത്വഷ്ടാവു് തന്നെ യജമാനനു് വേണ്ടി സ്ത്രീപുംരൂപങ്ങളായ മൃഗങ്ങളെ ജനിപ്പിക്കുന്നു. ഈ പ്രജാപതിയിലാണല്ലോ ആളുകളും മൃഗങ്ങളും പ്രവേശിച്ചിരിക്കുന്നതും. അതുകൊണ്ടു് ഈ കുതിര പുരുഷജാതിയിൽ ആയതുകൊണ്ടു് ഔരസപുത്രനേയും പശു മുതലായ മൃഗങ്ങളേയും യജമാനനു് നൽകുന്നു.

5. യുദ്ധം സമീപിച്ചിരിക്കുമ്പോൾ സന്ധി ആഗ്രഹിക്കുന്നവൻ മിത്രനെ സംബന്ധിച്ച വെളുത്ത കാളയെ യാഗം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കഴിക്കണം. തൻെറ ഭാഗം സമർപ്പിച്ചതുകൊണ്ടു് യജമാനൻ മിത്രനെത്തന്നെ സമീപിക്കുന്നു. ആ മിത്രൻ തന്നെ യജമാനനെ സ്നേഹിതനും ആയി യോജിപ്പിക്കുന്നു. ഈ യാഗത്തിനുള്ള യൂപം സാധാരണയിൽ കവിഞ്ഞ പൊക്കം ഉള്ളതായിരിക്കുന്നു. അതു യജമാനനെ ധീരനും പ്രവൃത്യുന്മുഖനും ആക്കുന്നു.

6. മഴവേണമെന്നു് ആഗ്രഹിക്കുന്നവൻ പ്രജാപതിയെ സംബന്ധിച്ചതും കറുത്തനിറം ഉള്ളതും ആയ കാളയെ യാഗം കഴിക്കണം. പ്രജാപതി ആണല്ലോ മഴ പെയ്യിക്കാൻ ശക്തൻ ആകുന്നതു്. തൻെറ ഭാഗം സമർപ്പിച്ചതുകൊണ്ടു് യജമാനൻ പ്രജാപതിയെ തന്നെ സമീപിക്കുന്നു. ആ പ്രജാപതിതന്നെ യജമാനനു് വേണ്ടി മഴ പെയ്യിക്കുന്നു. കറുത്ത നിറം മഴയുടെ രൂപമാണു്. കറുത്ത നിറംകൊണ്ടു തന്നെ യജമാനനു് മഴകിട്ടുന്നു. ശരീരത്തിൽ (കാളയുടെ) ഏതെങ്കിലും ഭാഗത്തിൽ വെളുത്ത നിറം കൂടി ഉണ്ടെങ്കിൽ മിന്നൽ ഉണ്ടാക്കിയതിനു് ശേഷം യജമാനനു് വേണ്ടി വർഷിക്കുന്നു. യാഗത്തിനുള്ള മൃഗം ചെവിയുടെ സമീപത്തിലേയ്ക്കു് വളഞ്ഞിരിക്കുന്ന കൊമ്പോടുകൂടിയതായിരിക്കണം. അപ്രകാരം ഉള്ള മൃഗം യജമാനനു് ആവശ്യം അനുസരിച്ചുള്ള മഴ മാത്രം നൽകുന്നു.

ഇതി അഷ്ടമോഽനുവാകഃ

അഥനവമോഽനുവാകഃ (ബ്രാഹ്മണം)

സംഹിതാ:—

വരുണം സുഷ്വാണമന്നാദ്യം നോപനമത്സ ഏതാം വാരുണീം കൃഷ്ണാം വശാമപശ്യത്താം സ്വായൈ ദേവതായാ ആ ലഭത തതോ വൈതമന്നമദ്യമുപാനമദ്യമലമന്നാദ്യായ സന്തമന്നാദ്യം നോപനമേത്സ ഏതാം വാരുണീം കൃഷ്ണാം വശാമാലഭേത വരുണമേവ സ്വേന ഭാഗധേയേനോപധാവതി സഏവാസ്മാ അന്നം പ്രയച്ഛത്യന്നാദ ഏവഭവതി കൃഷ്ണാ ഭവതി വാരുണീഹ്യേഷാ ദേവതയാ സമൃദ്ധ്യൈ മൈത്രം ശ്വേതമാലഭേത വാരുണം കൃഷ്ണമപാം ചൗഷധീനാഞ്ച

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സംധാവന്നകാമോ മൈത്രീർവാ ഓഷധയോ വാരുണീരാ-പോfപാം ച ഖലുവാ ഓഷധീനാഞ്ച രസമുപജീവാമോ മിത്രാവരുണാവേവ സ്വേന ഭാഗധേയേനോപധാവതി താവേ-വാസ്മാ അന്നം പ്രയച്ഛത്യfന്നാദ ഏവ ഭവതി അപാംചൗ-ഷധീനാം ച സംധാവാലഭതേ ഉഭയസ്യാവരുദ്ധ്യൈ വിശാഖോ യൂപോ ഭവതി ദ്വേ ഹ്യേതേ ദേവതേ സമൃദ്ധ്യൈ മൈത്രം ശ്വേത-മാലഭേത വാരുണം കൃഷ്ണം ജ്യോഗാമയാവീ യന്മൈത്രോഭവതി മിത്രേണൈവാസ്മൈ വരുണം ശമയതി യദ്വാരുണഃ സാക്ഷാദേവൈനം വരുണ പാശാന്മുഞ്ചത്യുത യദീതാസുർഭവതി ജിവത്യേവ ദേവാ വൈ പുഷ്ടിം നാവിന്ദൻ താം മിഥുനേfപ-ശ്യന്തസ്യാം ന സമാരാധയന്താ വശ്വിനാവ ബ്രൂതാമാ വയോർ-വാ ഏഷാ മൈതസ്യാം വദധ്വമിതി സാfശ്വിനോ രേവാ ഭവ-ദ്യഃ പുഷ്ടികാമഃ സ്യാത്സ ഏതാമാശ്വിനിം യമീം വശാമാല-ഭേതാശ്വിനാവേവ സ്വേനഭാഗധേയേനോപധാവതിതാവേവാ-സ്മിൻ പുഷ്ടിം ധത്തഃ പുഷ്യതി പ്രജയാപശുഭിഃ||

അർത്ഥം—

1. സോമ രസം എടുത്തു കൊണ്ടിരുന്ന വരുണന്ന് ഭക്ഷണം മുതലായവ ലഭിച്ചില്ല. വരുണൻ തന്നെസംബന്ധിച്ചതും കറുത്ത നിറമുള്ളതുമായ മച്ചിപ്പശുവിനെ തൻെറ ദേവത യെ ഉദ്ദേശിച്ച് യാഗം കഴിച്ച അനന്തരം അദ്ദേഹത്തിന്ന് ഭക്ഷണാദികരം ലഭിച്ചു. ഭക്ഷണസാധനങ്ങരം ലഭിക്കാൻ അർഹതയുള്ള യാതൊരുത്തന്ന് (ധനികനാണെങ്കിലും ആഹാരം കിട്ടാൻ വിഷമിക്കുന്നവൻ) ഭക്ഷണസാധനങ്ങരം ലഭിക്കുന്നില്ലയോ അവൻ വരുണനെ സംബന്ധിച്ചതും കറുത്ത നിറത്തിലുള്ളതുമായ മച്ചിപ്പശുവിനെ യാഗം കഴി ക്കണം. തൻെറ ഭാഗം സമപ്പിക്കപ്പെട്ടതു കൊണ്ട് യജ മാനൻ വരുണനെത്തന്നെ സമീപിക്കുന്നു. ആ വരുണൻ തന്നെ യജമാനന്ന് ഭക്ഷണം നൽകുന്നു. യജമാനൻ രോഗാ ദികരം ഇല്ലാതെ അന്നം ഭക്ഷിക്കുന്നവനായി ഭവിക്കുന്നു. കറുത്ത മച്ചിപ്പശു വരുണനെ സംബന്ധിച്ചതാണ്. ദേവ തയുടെ സഹായത്താൽ യജമാനന്ന് സമൃദ്ധി ഉണ്ടാകുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

2. ഭക്ഷണസാധനം കിട്ടണം എന്നു് ആഗ്രഹിക്കുന്നവൻ ജലാശയത്തിൻേറയും കൃഷിത്തോട്ടത്തിൻേറയും മദ്ധ്യേ മിത്രനെ സംബന്ധിച്ച വെളുത്ത കാളയേയും വരുണനെ സംബന്ധിച്ച കറുത്ത കാളയേയും യാഗം കഴിക്കണം. ഓഷധികം മിത്രനെ സംബന്ധിച്ചവയാണ്‌ വെള്ളം വരുണനെ സംബന്ധിച്ചതും ജലത്തിൻേറയും ഓഷധികളുടേയും രസത്തെ ആശ്രയിച്ചാണല്ലോ നാം ജീവിക്കുന്നതു് തൻെറ ഭാഗം സമർപ്പിച്ചതുകൊണ്ടു് മിത്രാവരുണന്മാരെത്തന്നെ യജമാനൻ സമീപിക്കുന്നു. ആ മിത്രാവരുണന്മാർതന്നെ യജമാനനു് ഭക്ഷണസാധനം നൽകുന്നു. യജമാനൻ അന്നം ഭക്ഷിക്കുന്നവനായി തന്നെ ഭവിക്കുന്നു. ജലം സസ്യം എന്നിവ രണ്ടും ലഭിക്കുന്നതിനു് വേണ്ടി ജലാശയത്തിൻേറയും കൃഷിത്തോട്ടത്തിൻേറയും മദ്ധ്യേയാഗം കഴിക്കണം. യൂപം രണ്ടു ശാഖകളുള്ളതായിരിക്കണം. രണ്ടു ദേവതകളെ ഉദ്ദേശിച്ചുണല്ലോയാഗം കഴിക്കുന്നതും. ഇതു് യജമാനൻെറ സമൃദ്ധിക്കു് കാരണം ആകുന്നു.

3. ദീർഘകാലമായി രോഗത്താൽ പീഡിതനായവൻ മിത്രനെ സംബന്ധിച്ച വെളുത്ത കാളയേയു, വരുണനെ സംബന്ധിച്ച കറുത്ത കാളയേയും യാഗം കഴിക്കണം. മിത്രനെ സംബന്ധിച്ച കാളയെ യാഗം കഴിക്കുന്നതു നിമിത്തം മിത്രനാൽ തന്നെ യജമാനൻെറ രോഗം ശമിക്കുന്നു. വായുവിനെ സംബന്ധിച്ച കാളയെ യാഗം കഴിക്കുന്നതു നിമിത്തം യജമാനനെ ഉടൻ തന്നെ വരുണ പാശത്തിൽ നിന്നു് മോചിപ്പിക്കുന്നു. കൂടാതെ മരിച്ചവനാണെങ്കിലും ജീവിക്കുകതന്നെ ചെയ്യും.

4. പശുക്കളും ആളുകളും ഭൂമിയിൻ വർധിച്ചു് വന്നില്ല. ആ അഭിവൃദ്ധി സ്ത്രീപുരുഷ ഭേദത്താൽ നിർവഹിക്കാം എന്നു് അവർ മനസ്സിലാക്കി. ആ മിഥുനധർമ്മം നടത്തിക്കുന്നതിനു് അവർ ശക്തരായില്ല അപ്പോൾ അശ്വിനീ ദേവന്മാർ പറഞ്ഞു. "ഈ അഭിവൃദ്ധി ഞങ്ങളെ രണ്ടു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പേരെയും സംബന്ധിച്ചതാണ് ഇതിൽ നിങ്ങാംക്ക് അവകാശം ഇല്ല'' എന്നു്. ആ അഭിവൃദ്ധി അശ്വിനീദേവന്മാരെ സംബന്ധിച്ചതായി ഭവിച്ചു.

സന്താനങ്ങളും പശുക്കളും സമൃദ്ധിയായി ഉണ്ടാകണം എന്നു് ആഗ്രഹിക്കുന്നവൻ അശ്വിനീദേവന്മാരെ സംബന്ധിച്ചതും ഇരട്ടപെററതിൽ ഒന്നും ആയ മച്ചിപ്പശുവിനെ യാഗം കഴിക്കണം. തൻെറ ഭാഗം സമർപ്പിച്ചതുകൊണ്ടു് യജമാനൻ അശ്വിനീദേവന്മാരെത്തന്നെ സമീപിക്കുന്നു. ആ അശ്വിനീദേവന്മാർ തന്നെ യജമാനനു് പുഷ്ടി നൽകുന്നു.

ഇതിനവമോഽനുവാകഃ

അഥദശമോഽനുവാകഃ (ബ്രാഹ്മണം)

സംഹിത—

ആശ്വിനം ധൂമ്രലലാമമാലഭേതയോദ്ദർ ബ്രാഹ്മണു സോമം പിപാസേദശ്വിനൗവൈ ദേവാനാമസോമപാ വാസ്താം തൗ പശ്ചാത്സോമപീഥം പ്രാപ്നുതാമശ്വിനാ വേതസ്യ ദേവതാ യോദ്ദർബ്രാഹ്മണഃ സോമംപിപാസത്യശ്വിനിവേവസ്വേനഭാഗ-ധേയേനോപധാവതി താവേവാസ്മൈസോമ പീഥംപ്രയച്ഛത ഉപൈനം സോമപീഥോനമതി യദ് ധൂമ്രോഭവതി ധൂമ്രിമാണ മേവാസ്മാ ദപ ഹന്തി ലലാമോ ഭവതി മുഖതഏവാസ്മിൻ തേ ജോദധാതി വായവ്യം ഗോമൃഗമാലഭേത യമജ്ഘ്നിവാം സമഭി ശംസന്തി നൈഷഗ്രാമ്യഃ പശുർനാരണ്യോ യദ്ഗോ-മൃഗോന വൈഷഗ്രാമേ നാരണ്യേ യമജ്ഘ്നിവാംസമഭിശം-സന്തിവായുർവൈ ദേവാനാം പവിത്രം വായുമേവ സ്വേനഭാഗ-ധേയേനോപധാവതി സ ഏവൈനം പവയതി പരാചീവാ ഏതസ്മൈ വ്യുച്ഛന്തി വ്യുച്ഛതിതമഃ പാപ്മനം പ്രവിശതി-യസ്യാഽശ്വിനേശസ്യമാനേ സൂർയോനാ വിഭവതി സൗർയം ബഹുരൂപമാലഭേതാമുമേ വാദിത്യം സ്വേന ഭാഗധേയേനോപ ധാവതി സ ഏവാ സ്മാത്തമഃപാപ്മാനമപഹന്തി പ്രതീച്യ-സ്മൈ വ്യുച്ഛന്തീ വ്യുച്ഛത്യ പതമഃ പാപ്മാനം ഹതേ॥

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അത്ഥം—

1. മൂന്നുനാലു തലമുറയായി വേദാദ്ധ്യയനം ചെയ്യാതെയും യാഗാദികളിൽ പങ്കുകോള്ളാതെയും ഇരുന്ന ബ്രാഹ്മണൻ സോമയാഗം നടത്താൻ അർഹനായിത്തീരണമെങ്കിൽ അശ്വിനീ ദേവന്മാരെ സംബന്ധിച്ചതും നെററിയിൽ മാത്രം നല്ല വെളുത്ത നിറം ഉള്ളതും ശരീരത്തിൻെറ മററു ഭാഗങ്ങളിൽ ധൂമ്രവർണം ഉള്ളതുമായ കാളയെ യാഗം കഴിക്കണം. അശ്വിനിദേവന്മാർ സോമപാനത്തിനു് അർഹത ഇല്ലാത്തവരായിരുന്നു. അവർ പിന്നീട്ട് സോമപാനത്തിനു് അർഹരായിത്തീർന്നു. ദുർബ്രാഹ്മണനായ ഒരുത്തൻ സോമപാനത്തിനു് ആഗ്രഹിക്കുന്നു എങ്കിൽ അവൻെറ ദേവത അശ്വിനീദേവന്മാരാണു്. തൻെറ ഭാഗം സമപ്പിച്ചതുകൊണ്ടു് യജമാനൻ അശ്വിനീദേവന്മാരെത്തന്നെ സമീപിക്കുന്നു ആ അശ്വിനീദേവന്മാർതന്നെ യജമാനനു് സോമപാനത്തിനുള്ള യോഗ്യത നൽകുന്നു

യാഗത്തിനുള്ള മൃഗം ധൂമ്രവർണമായിരിക്കുന്നതുകൊണ്ടു് യജമാനനു് ഉണ്ടായിരുന്ന കളങ്കത്തെ നശിപ്പിക്കുന്നു. മൃഗം നെററിയിൽ വെളുത്ത നിറത്തോടുകൂടിയതാണു്. അതുകൊണ്ടു് യജമാനനു് മുഖ്യമായ തേജസ്സ് (ബ്രഹ്മവർചസ്സ്) ഉണ്ടാവുക തന്നെ ചെയ്യുന്നു.

2 കൊലപാതകം ചെയ്യാത്ത ഒരുത്തനെ നരഹത്യ ചെയ്തവനാണെന്നു് ആളുകഠം കുററപ്പെടുത്തുന്നു എങ്കിൽ ആ അപവാദം മാററുന്നതിനു് ഗോവിൻേറയും മാനിൻേറയും ലക്ഷണങ്ങഠം ഉള്ള മൃഗത്തെ യാഗം കഴിക്കണം നരഹത്യ ചെയ്യാത്തവനെ ആളുകഠം നരഹത്യ ചെയ്തതായി കുററം ആരോപിക്കുമ്പോഠം ആ പുരുഷനു് അപവാദം ഉണ്ടാകുന്നു. ഈ ഗോമൃഗം (കാളയും മാനും ചേന്ന സങ്കരജാതി) ഗ്രാമ്യമൃഗവും അല്ല കാട്ടുമൃഗവും അല്ല. അപ്രകാരംതന്നെയാണു് അപവാദത്തിനർഹനായവനും (സങ്കരജാതിയായ ഗോമൃഗത്തിനു് ഗോക്കളുടെ കൂട്ടത്തിൽ ഗ്രാമത്തിലും സ്ഥാനമില്ല

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മാനിൻെറ കൂട്ടത്തിൽ കാട്ടിലും സ്ഥാനമില്ല. അതു പോലെ കുററക്കാരനാണെന്നു് അപവാദം ഏൽക്കേണ്ടി വരുന്നവനു് അവൻെറ നാട്ടിലും സ്ഥാനമില്ല. തപസ്സ് ചെയ്യുന്നവരുടെ കൂട്ടത്തിൽ വനത്തിലും സ്ഥാനമില്ല. ദേവന്മാരുടെ ഇടയിൽ മററുള്ളവരെ പരിശുദ്ധനാക്കുന്നതു് വായുവാണു്. തൻെറ ഭാഗം സമപ്പിച്ചതുകൊണ്ടു് യജമാനൻ വായുവിനെത്തന്നെ സമീപിക്കുന്നു ആ വായുതന്നെ യജമാനനെ പരിശുദ്ധനാക്കുന്നു.

3. യാതൊരു യജമാനൻ നടത്തുന്ന സോമയാഗത്തിൽ അശ്വിനീ ദേവന്മാരെ സംബന്ധിച്ച മന്ത്രം ജപിച്ചുകൊണ്ടിരിക്കുമ്പോൾ മേഘത്താൽ സൂര്യ്യബിംബം ആവരണം ചെയ്യപ്പെടുന്നു എങ്കിൽ ആ യജമാനനു് പരാങ്മുഖമായി പ്രഭാതം സംഭവിക്കും. സ്വർഗ്ഗവിരുദ്ധമായ തമസ്സ് ഉണ്ടാകുന്നു. യജമാനൻ പാപത്തിൽ പ്രവേശിക്കുന്നു അപ്പോൾ അതിനു് പരിഹാരമായി സൂര്യനെ സംബന്ധിച്ചതും സ്പഷ്ടമായ നാനാവർണ്ണങ്ങളോടുകൂടിയതുമായ കാളയെ യാഗം കഴിക്കണം. തൻെറ ഭാഗം സമപ്പിച്ചതുകൊണ്ടു് യജമാനൻ ആദിത്യനെത്തന്നെ സമീപിക്കുന്നു. ആ ആദിത്യൻ തന്നെ യജമാനനിൽ നിന്നു് തമസ്സിൻെറ രൂപത്തിലുള്ള പാപം നശിപ്പിക്കുന്നു. യജമാനനു് അനുകൂലമായി യജമാനൻെറ പാപം ഇല്ലാതെയാകുന്നു. ഇരുട്ടും യജമാനൻെറ പാപവും നശിപ്പിക്കുന്നു

ഇതി ദശമോഽനുവാകഃ

ഏകാദശോഽനുവാകഃ (മന്ത്രം)

സംഹിതാ:—

ഇന്ദ്രം വോ വിശ്വത സ്പരീന്ദ്രം നരോ മരുതോ യദ്വ- വോ ദിവോ യാവഃ ശർമ। ഭരേഷ്വിന്ദ്രം സുഹവംഹവാ മഹേഽം- ഹോമുചം സുകൃതം ദൈവ്യം ജനം। അഗ്നിം മിത്രം വരുണം സാതയേഭഗം ദ്യാവാപൃഥിവീ മരുതഃ സ്വസ്തയേ। മ മത്തുനഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പരിജ്മാ വസർഹാ മമത്തുവാതോ അപാം വൃഷണ്വാൻ। ശിശീതമിന്ദ്രാപർവതായുവം ന സ്തന്നോ വിശ്വേ വരിവസ്യന്തു ദേവാഃ। പ്രിയാവോ നാമ ഹുവേ തുരാണാം ആ യത്തൃപൻ മരുതോ വാവശാനാഃ। ശ്രേയസേകം ഭാനുഭിഃ സംമിമിക്ഷി- രേതേ രശ്മിഭിസ്ത ഋക്കഭിഃ സുഖാദയഃ। തേവാശീമന്ത ഇഷ്മി- ണോ അഭീരവോ വിദ്രേപ്രിയസ്യ മാരുതസ്യധാമ്നഃ। അഗ്നിഃ പ്രഥമോവസുഭിർനോ അവ്യാത്സോമോ രുദ്രേഭിരഭി രക്ഷതു- ത്മനാ। ഇന്ദ്രോ മരുദ്ഭിര് ഋതുധാ കൃണോത്വാദിത്യൈർനോ വരുണഃ സം ശിശാതു। സം നോദേവോ വസുഭിരഗ്നിഃ സം സോമസ്തനൂ ഭീരുദ്രിയാഭിഃ। സമിന്ദ്രോമരുദ്ഭിർയജ്ഞിയൈഃ സമാദിത്യൈർനോ വരുണോ അജിജ്ഞിപത്। യഥാഽദിത്യാ വസുഭിഃ സം ബഭൂവുർമരുദ്ഭീരുദ്രാഃ സമജാനതാഭി। ഏവം ത്രിണാമന്നഹൃണീയമാനാ വിശ്വേ ദേവാഃ സമനസോഭവന്തു। കുത്രാചിദ്യസ്യ സമൃതൗ രണ്വാനരോ നൃഷദനേ। അർഹന്തശ്ചി- ദ്യമിന്ധതേ സം ജനയന്തി ജന്തവഃ। സം യദിഷോ വനാമഹേ സം ഹവ്യാ മാനുഷാണാം। ഉതദ്യുമ്നസ്യ ശവസഃ ഋത സ്യ രശ്മിമാദദേ। യജ്ഞോ ദേവാനാം പ്രത്യേതി സുമ്നമാദിത്യാ- സോ ഭവതാമൃഡയന്തഃ। ആ വോഽർവാചീ സുമതിർവവൃത്യാദം- ഹോശ്ചിദ്യാ വരിവോ വിത്തരാഽസത് ശുചിരപഃ സൂയവസാ- അദബ്ധ ഉപക്ഷേതി വൃദ്ധവയാഃ സുവീരഃ। ന കിഷ്ടം ഘ്നന്ത്യന്തിതോന ദൂരാദ്യ ആദിത്യാനാം ഭവതി പ്രണീതൗ। ധാരയന്ത ആദിത്യാസോ ജഗത്സ്ഥാദേവാ വിശ്വസ്യ ഭുവനസ്യഗോപാഃ। ദീർഘാധിയോരക്ഷമാണാഃ അസുര്യമൃ- താവാനശ്ചയമാനാഋണാനി। തിസ്രോഭൂമീർധാരയന്ത്രീം രുത- ദ്യൂൻ ത്രിണിവ്രതാവിദഥേ അന്തരേഷാം। ഋതേനാദിത്യാമഹി വോമഹിത്വം തദർയമൻ വരുണമിത്രചാരു। ത്യാന്നക്ഷത്രിയാം അവ ആദിത്യാൻയാചിഷാമഹേ। സുമൃഡീകാം അഭിഷ്ടയേ।ന ദക്ഷിണാവിചികാതേ ന സവ്യാ ന പ്രാചീനമാദിത്യാനോത പശ്ചാ। പാക്യാ ചിദ്വസവോ ധീര്യാചിത്യുഷ്മാനീതോ അഭയം ജ്യോതിരശ്യാം। ആദിത്യാനാമവസാനൂതനേന സക്ഷീ- മഹിശർമണാ ശന്തമേന। അനാഗാസ്ത്വേ അദിതിത്വേതുരാസ ഇമം യജ്ഞം ദധതു ശ്രോഷമാണാം। ഇമംമേവരുണശ്രുധീഹവ-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മദ്യാചമ്റ്ഡയാ ത്വാമവസ്യൂരാചകേ തത്ത്വായാമി ബ്രഹ്മണാ വന്ദമാനസ്തദാശാസ്തേ യജമാനോഹവിർഭിഃ। അഹേഡമാനോ വരുണേഹബോധ്യുരുശം സമാനഃആയുഃപ്രമോഷിഃ ।।

പദച്ഛേദം—

ഇന്ദ്രം വഃ വിശ്വതഃ പരി ഇന്ദ്രം നരഃ മരുതഃ യദ് ഹവഃ ദിവഃ യാ വഃ ശർമ ദരേഷു ഇന്ദ്രം സുഹവം ഹവാമഹേ അംഹോമുചം സുകൃതം ദൈവ്യം ജനം അഗ്നിം മിത്രം വരുണം സാതയേ ഭഗം ദ്യാവാ-പൃഥിവീ മരുതഃ സ്വസ്തയേ മമത്തു നഃ പരിജ്മാ വസർഹാ മമത്തു വാതഃ അപാം വൃഷണ്വാൻ ശിശീതം ഇന്ദ്രാപർവതൗ യുവം നഃ തദ് നഃ വിശ്വേ വരിവസ്യന്തു ദേവാഃ പ്രിയാ വഃ നാമ ഹുവേ തുരാണാം ആ യദ് തൃപത് മരുതഃ വാവ-ശാനാഃ ശ്രിയസേ കം ഭാനുഭിഃ സം മിമിക്ഷിരേ തേ രശ്മിഭിഃ തേ ഋക്കഭിഃ സുഖാദയഃ തേ വാശീ-മന്തഃ ശുഷ്മിണഃ അഭീരവഃ വിദ്രേഃ പ്രിയസ്യ മാരുതസ്യ ധാമ്നഃ അഗ്നിഃ പ്രഥമഃ വസുഭിഃ നഃ അവ്യാത് സോമഃ രുദ്രേഭിഃ അഭി രക്ഷതു ത്മനാ ഇന്ദ്രഃ മരുദ്ഭിഃ ഋതുധാ കൃണോതു ആദിത്യൈഃ നഃ വരുണഃ സം ശിശാതു സം നഃ ദേവഃ വസുഭിഃ അഗ്നിഃ സം സോമഃ തനൂഭിഃ രുദ്രിയാഭിഃ സം ഇന്ദ്രഃ മരുദ്ഭിഃ യജ്ഞിയൈഃ സം ആദിത്യൈഃ നഃ വരുണഃ അജിജ്ഞപത് യഥാ ആദിത്യഃ വസുഭിഃ സം ബഭ്രുവുഃ മരുദ്ഭിഃ രുദ്രാഃ സം അജാ-നത അഭി ഏവാ ത്രിണാമൻ അഹൃണിയമാനാ വിശ്വേ ദേവാഃ സമനസഃ ഭവന്തു കുത്രചിദ് യസ്യ സമൃതൗ രണ്വാ നരഃ നൃഷദനേ അർഹന്തഃ ചിദ് യം ഇന്ധതേ സം ജനയന്തി ജന്തവഃ സം ശ്ശനം ഇഷഃ വനാമഹേ സം ഹവ്യാ മാനുഷാണാംഷണിക്ക ദ്യുമ്നസ്യ ശവസഃ ഋതസ്യ രശ്മി നിന്നു് മോ-യജ്ഞഃ ദേവാനാം പ്രതി ഏതി ഷ്യ്ങ്ങരം ചെയ്യുന്ന

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്യാസഃ ദേവതാ മൃഡയന്തഃ ആ വഃ അർവാചീ സുമതിഃ വവൃതാദ് അംഹോശ്ചിദ് യാ വരിവോ- വിത്തരാ അസദ് ശുചിഃ അപഃ സുയവസാ അദബ്ധഃ ഉപക്ഷേതി വൃദ്ധവയാഃ സുവീരഃ നകിഃ തം ഘ്നന്തി അന്തിതഃ ന ദൂരാത് യാ ആദി- ത്യാനാം ഭവതി പ്രണീതൗ ധാരയന്തഃ ആദിത്യാസഃ ജഗത്സ്ഥാഃ ദേവാഃ വിശ്വസ്യ ഭുവനസ്യ ഗോപാഃ ദീർഘാഃ ധിയഃ രക്ഷമാണാഃ ആസുര്യം ഋതാ- വാനഃ ചയമാനാഃ ഋണാനി തിസ്രഃ ഭൂമീഃ ധാര- യിത്രീഃ ഉത ദ്യൂൻ ത്രീണി വ്രതാനി വിദഥേ അന്തഃ ഏഷാം ഋതേന ആദിത്യാഃ മഹി വഃ മഹിത്വം തദർഥം അന അരുണ മിത്ര ചാരു ത്വാൻ ന ക്ഷത്രിയാൻ അവ ആദിത്യാൻ യാചിഷാമഹേ സുമൃഡീകാൻ അഭിഷ്ടയേ ന ദക്ഷിണാ വി ചികിതേ ന സവ്യാ ന പ്രാചീനം ആദിത്യാഃ ന ഉത പശ്ചാ പാക്യാ ചിദ് വസവഃ ധീര്യാ ചിത് യുഷ്മാൻ ഈതഃ അഭയം ജ്യോതിഃ അശ്യാം ആദിത്യാനാം അവസാ നൂതനേന സക്ഷീമഹി ശർമണാ ശന്തമേന അനാ- ശാസ്ത്യേ അദിതിത്വേ തുരാസഃ ഇമം യജ്ഞം ദധതു ശ്രോഷമാണഃ ഇമം മേ വരുണ ശ്രുധീ ഹവം അദ്യ ച മൃഡയ ത്വാം അവസ്യുഃ ആ ചകേ തത് ത്വാ യാമി ബ്രഹ്മണാ വന്ദമാന; തദ് ആശാസ്തേ യജമാനഃ ഹവിർഭിഃ അഹേഡമാനഃ വരുണ ഇഹ ബോധി ഉരുശംസ മാ നഃ ആയുഃ പ്രമോഷീഃ॥

മന്ത്രവും വിനിയോഗവും അർത്ഥവും

1. ഇന്ദ്രം വോ വിശ്വതസ്പരി

പ... ഗ്രാമത്തിന്റെ അധിപതിയാകാൻ ആഗ്രഹിക്കുന്നവൻ അഭയ...പതിനൊന്നു കപാലത്തിൽ ഇന്ദ്രനും എഴുകപാലത്തിൽ മഹിശർമ...കൾക്കും ഹവിസ്സ് പാകം ചെയ്തു സമർപ്പിക്കേണ്ട ഇമം യജ്ഞം ദ...ന്റെ പുരോഽനുവാക്യാ മന്ത്രത്തിന്റെ ആദ്യ ഭാഗ ഈ മന്ത്രം ഒന്നാം കാണ്ഡം ആറാം പ്രപാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രപഠാകം പന്ത്രണ്ടാം അനുവാകത്തിൽ ഒന്നാമത്തെ മന്ത്രമായി വ്യാഖ്യാനിച്ചിട്ടുണ്ട്.

2. ഇന്ദ്രംനരോ

മേൽ പറഞ്ഞ യാഗത്തിൻെറ യാജ്യാമന്ത്രത്തിൻെറ ആദ്യഭാഗമാണ് ഇതു് 1—6- 12 ൽ രണ്ടാമത്തെ മന്ത്രമായി ഇതു വ്യാഖ്യാനിച്ചിട്ടുണ്ട്.

3. മരുതോയദ്ധവോദിവഃ

ഇതും ഗ്രാമാധിപതിയാകാൻ ആഗ്രഹിക്കുന്നവൻ ഇന്ദ്രനേയും മരുത്തുകളേയും പ്രീതിപ്പെടുത്തുന്നതിന് വേണ്ടി നടത്തുന്ന യാഗത്തിൻെറ പുരോഽനുവാക്യാ മന്ത്രത്തിൻെറ ആദ്യഭാഗമാണ്. 1-5-11-ൽ പതിമൂന്നാമത്തെ മന്ത്രമായി ഇതു വ്യാഖ്യാനിച്ചിട്ടുണ്ട്.

4. യാ വഃ ശർമ

മേൽപറഞ്ഞ യാഗത്തിൻെറ യാജ്യാമന്ത്രത്തിൻെറ ആദ്യഭാഗമാണ് ഇതു്. 1-5-11-ൽ പതിന്നാലാമത്തെ മന്ത്രമായി ഈ മന്ത്രം വ്യാഖ്യാനിച്ചിട്ടുണ്ട്.

5. ഭരേഷ്വിന്ദ്രം സുഹവംഹവാമഹേംഹോമുചം
സുകൃതം ദൈവ്യം ജനം।അഗ്നിം മിത്രംവരുണം
സാതയേ ഭഗം ദ്യാവാപൃഥിവീമരുതഃസ്വസ്തയേ

ഗ്രാമാധിപത്യം ആഗ്രഹിക്കുന്നവൻ പതിനൊന്ന് കപാലത്തിൽ പാകം ചെയ്ത ഹവിസ്സ് ഇന്ദ്രനും പന്ത്രണ്ടുകപാലത്തിൽ പാകംചെയ്ത ഹവിസ്സ് വിശേദേവന്മാർക്കുമായി ഹോമിക്കേണ്ട യാഗത്തിൻെറ പുരോഽനുവാക്യാമന്ത്രമാണ് ഇതു്—

ഭരേഷു = ഹോമത്തിനുള്ള ഹവിസ്സ് തയാറാക്കിക്കൊണ്ടിരിക്കുമ്പോൾ. സാതയേ = ദേവന്മാർക്ക് ഹവിസ്സ് ദാനം ചെയ്യുന്നതിന് വേണ്ടി, സുഹവം = സുഖേന ക്ഷണിക്കപ്പെടുന്നവനും, അംഹോമുചം = പാപത്തിൽ നിന്ന് മോചിപ്പിക്കുന്നവനും, സുകൃതം = നല്ല കാര്യങ്ങൾ ചെയ്യുന്ന

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വനും, ദൈവ്യം = സ്വർഗ്ഗത്തിൽ സ്ഥിതിചെയ്യുന്നവനും, ജനം = മഴയുണ്ടാക്കി സസ്യാദികളെ ജനിപ്പിക്കുന്നവനും ആയ, ഇന്ദ്രം = ഇന്ദ്രനേയും, അഗ്നിം = അഗ്നിയേയും, മിത്രം = മിത്രനേയും, വരുണം = വരുണനേയും, ഭഗം = ഭഗനേയും, ദ്യാവാ പൃഥിവീ = ദ്യാവാപൃഥിവികളേയും, മരുതഃ = മരുത്തുകളേയും, സാതയേ = ഹവിർഭാഗം സ്വീകരിക്കുന്നതിനു് വേണ്ടിയും, സ്വസ്തയേ = യജമാനനു് സുഖം കിട്ടുന്നതിനു് വേണ്ടിയും, ഹവാമഹേ = ഞങ്ങൾ വിളിക്കുന്നു.

6. മമത്തു നഃ പരിജ്യാ വസർഹാ
മമത്തു വാതോ അപാം വൃഷണ്വാൻ।
ശിശീത മിന്ദ്രാ പർവതായുവം
ന സ്തന്നോ വിശ്വേ വരിവസ്യന്തു ദേവാഃ ॥

മേൽ പറഞ്ഞ യാഗത്തിൻെറ യാജ്യാമന്ത്രമാണു് ഇതു് പരിജ്യാ = അഗ്നി, നഃ = ഞങ്ങളെ, മമത്തു = സന്തോഷിപ്പിക്കട്ടെ. വസർഹാ = സൂര്യ്യൻ, നഃ = ഞങ്ങളെ മമത്തു = സന്തോഷിപ്പിക്കട്ടെഃ വാതഃ =വായു, നഃ = ഞങ്ങളെ, മമത്തു = സന്തോഷിപ്പിക്കട്ടെ. അപാം വൃഷണ്വാൻ = ജലം വർഷിക്കുന്ന മേഘം, നഃ മമത്തു = ഞങ്ങളെ സന്തോഷിപ്പിക്കട്ടെ. ഹേ ഇന്ദ്രാപർതൗ! = ഹേ ഇന്ദ്ര! പർവതവാസികളായ ദേവന്മാരെ! യുവാം = നിങ്ങൾ, നഃ ശിശീതം = ഞങ്ങളുടെ പാപം നശിപ്പിച്ചാലും. തത് = അതു കൊണ്ടു് (ഞങ്ങൾ ഹവിസ്സു് സമർപ്പിച്ചതു കൊണ്ടു്) വിശ്വേ ദേവാഃ = വിശ്വേ ദേവന്മാർ, നഃ വരിവസ്യന്തു = ഞങ്ങളെ കാരുണ്യത്തോടുകൂടി നോക്കട്ടെ.

7. ആ യത്തൃപൻ മരുതോ വാവശാനാഃ ।

ഗ്രാമാധിപത്യം ആഗ്രഹിക്കുന്നവൻ വെളുത്ത പശുവിൻെറ പാലിൽ പാകം ചെയ്ത ഹവിസ്സു് മരുത്തുകളെ ഉദ്ദേശിച്ചു് ഹോമിക്കേണ്ട യാഗത്തിൻെറ പുരോനുവാക്യാമന്ത്രമാണു് ഇതു്—

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹേ മരുതഃ । = അല്ലയോ മരുത്തുകളെ । ശൂരാണാം വഃ = ഹവിസ്സ് സ്വീകരിക്കുവാൻ വേഗത്തിൽ എത്തുന്ന നിങ്ങളുടെ, പ്രിയം നാമ = പ്രിയപ്പെട്ട പേരുകൾ പറഞ്ഞ്, ആഹ്വേ = ഞാൻ നിങ്ങളെ വിളിക്കുന്നു. യദ് = എന്തു കൊണ്ടെന്നാൽ, യൂയം = നിങ്ങൾ, തൃപത് വാവശാനാഃ = തൃപ്തി ആഗ്രഹിക്കുന്നവരാണ്.

8. ശ്രിയസേകം ഭാനുഭിഃ സംമിമിക്ഷിരേ
തേരശ്മിഭിസ്തഋക്വഭിഃസുഖാദയഃ ।
തേവാശീമന്തഇഷ്മിണോ അഭീരവോ
വിദ്രേപ്രിയസ്യ മാരുതസ്യധാമ്നഃ ॥

മേൽപറഞ്ഞ യാഗത്തിൻെറ യാജ്യാ മന്ത്രമാണ് ഇത്—

തേ = ആ മരുത്തുകൾ, കം ശ്രിയസേ = ജീവികൾക്ക് സുഖം കിട്ടുന്നതിന് വേണ്ടി, ഭാനുഭിഃ രശ്മിഭിഃ = സൂര്യരശ്മികളോടുകൂടി, സംമിമിക്ഷിരേ = ഭൂമിയെ മഴകൊണ്ട് നനസ്സാൻ ഉദ്ദേശിക്കുന്നു. തേ = ആ മരുത്തുകൾ, ഋക്വഭിഃ = യാജ്യാ പുരോഽനുവാക്യാദിമന്ത്രങ്ങളാൽ സ്തുതിക്കപ്പെട്ട്, സുഖാദയഃ = ഹവിസ്സ് സുഖമായി ഭക്ഷിച്ചു. തതഃ = അനന്തരം, തേ = അവർ, വാശീമന്തഃ = ഉത്സാഹ നിമിത്തം പല തരത്തിൽ ശബ്ദം പുറപ്പെടുവിക്കുന്നവരായി, ഇഷ്മിണഃ = സ്വസ്ഥാനങ്ങളിലേയ്ക്ക് പോകാൻ ആഗ്രഹിക്കുന്നവരും, അഭീരവഃ = പേടിയില്ലാത്തവരും ആയി, പ്രിയസ്യ = പ്രിയപ്പെട്ട, മാരുതസ്യ = മാരുതൻെറ, ധാമ്നഃ = സ്ഥാനം. വിദ്രേഃ = പ്രാപിച്ചു.

9. അഗ്നിഃ പ്രഥമോ വസുഭിർനോ അവ്യാത്സോമോ
രുദ്രേഭീ രക്ഷതു ത്മനാ ഇന്ദ്രോ മരുദ്ഭി–
ഋതുധാ കൃണോ ത്വാദിത്യൈർനോ വരുണഃസംശിശാതു ।

സമാനന്മാരായ ആളുകളിൽ നേതൃത്വം കിട്ടാൻ ആഗ്രഹിക്കുന്നവൻ അഗ്നി വരുണൻ സോമൻ ഇന്ദ്രൻ എന്നീ ദേവന്മാരെ പ്രീതിപ്പെടുത്താൻ നടത്തേണ്ട യാഗത്തിൻെറ പുരോഽനുവാക്യയാണ് ഇത്—

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വസുഭിഃ = വസുക്കളോട് കൂടിയിരിക്കുന്ന, അഗ്നിഃ പ്രഥമഃ = അഗ്നിയുടെ നേതൃത്വത്തിലുള്ള ഒന്നാമത്തെ ദേവസംഘം, നഃ അവ്യാത് = ഞങ്ങളെ രക്ഷിക്കട്ടെ. രുദ്രേഭിഃ = രുദ്രന്മാരോട് കൂടിയിരിക്കുന്ന, സോമഃ = സോമൻ, ത്മനാ = സ്വയമേവ, നഃ = ഞങ്ങളെ അഭിരക്ഷതു = രക്ഷിക്കട്ടെ. മരുദ്ഭിഃ = മരുത്തുകളോടുകൂടിയിരിക്കുന്ന, ഇന്ദ്രഃ = ഇന്ദ്രൻ, നഃ = ഞങ്ങളെ. ഋതുധാകൃണോതു = ഓരോ ഋതുക്കൾക്കുകളിലും ഉണ്ടാകുന്ന ഫലാദികൾ അനുഭവിക്കുന്നവരാക്കട്ടെ. വരുണഃ = വരുണൻ, നഃ = ഞങ്ങളെ, സം ശിശാതു = ശരിയായ വിധത്തിൽ വ്രതം അനുഷ്ഠിക്കുന്നവരാക്കിത്തീക്കട്ടെ.

10. സംനോ ദേവോ വസുഭി രഗ്നിഃ സം സോമ-
സ്തനുഭീ രുദ്രിയാഭിഃ। സമിന്ദ്രോ മരുദ്ഭി-
ർയജ്ഞി യൈസ്സമാദിത്യൈർനോ വരുണോ അജി-
ജ്ഞിപത് ॥

ഇതു് മേൽ പറഞ്ഞ യാഗത്തിൻെറ യാജ്യാമന്ത്രമാകുന്നു്—

വസുഭിഃ = വസുക്കളോടുകൂടിയ, അഗ്നിഃ ദേവഃ = അഗ്നിദേവൻ, നഃ = ഞങ്ങളെ, സമജിജ്ഞിപത് = നല്ല അനുഷ്ഠാനമുള്ള വരാക്കട്ടെ. രുദ്രിയാഭിഃ = രുദ്രനെ സംബന്ധിച്ച, തനുഭിഃ = ശരീരങ്ങളോടുകൂടിയ, സോമഃ = സോമൻ, നഃ അജിജ്ഞിപത് = ഞങ്ങളെ നല്ല അനുഷ്ഠാനമുള്ള വരാക്കട്ടെ. യജ്ഞിയൈഃ = യാഗാർഹരായ, മരുദ്ഭിഃ = മരുത്തുകളോടുകൂടിയ, ഇന്ദ്രഃ ഇന്ദ്രൻ, നഃ = ഞങ്ങളെ, സമജിജ്ഞിപതു് = നല്ല അനുഷ്ഠാനം ഉള്ള വരാക്കട്ടെ.

11. യഥാഭിത്യാവസുഭിസ്സം ബഭ്രുവുർമരുദ്ഭീ-
രുദ്രാഃ സമ ജാനതാഭി। ഏവാത്രിണാ—
മന്നഹൃണീയമാനാ വിശേ ദേവാ സമനസോഭവന്തു।

ഇതും മേൽ പറഞ്ഞ യാഗത്തിൻെറ മറെറാരു യാജ്യാമന്ത്രം ആണു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യഥാ = എപ്രകാരമാണോ, ആദിത്യന്മാർ, വസുഭീഃ സുബഭ്രുവു഻ = വാസുക്കളോടുകൂടി യോജിച്ചുവോ, യഥാ = എപ്രകാരം ആണോ രുദ്രാഃ = രുദ്രന്മാർ, മരുദ്ഭിഃ സമജാനന്ത = മരുത്തുകളുമായി ഏകാഭിപ്രായക്കാരായി തീർന്നുവോ, ഏവാ = അപ്രകാരം ! ഹേത്രിണാമൻ ! = മൂന്നു പേരുകളോടുകൂടിയ അല്ലയോ അഗ്നേ! (ഹവ്യവാഹനൻ, കവ്യവാഹനൻ, സഹരക്ഷൻ എന്നാണ് അഗ്നിയുടെ മൂന്നു പേരുകരം) വിശ്വേ ദേവാഃ = എല്ലാ ദേവന്മാരും, അഹൃണീയമാനാഃ = ശത്രുക്കളാൽ അപഹരിക്കപ്പെടാത്ത ഐശ്വര്യമുള്ളവരായി, സമനസഃ ഭവന്തു = എല്ലാക്കാര്യങ്ങളിലും ഏകാഭിപ്രായക്കാരായി തീരട്ടെ.

12. കുത്രാചിദ്യസ്യ സമൃതൌ രണ്വാനരോ നൃഷദനേ ।
അർഹന്തശ്ചിദ്യമിന്ധതേ സംജനയന്തി സിന്ധവഃ ॥

സ്വിഷ്ടകൃത് എന്ന അഗ്നിയെ പ്രീതിപ്പെടുത്താനുള്ള യാഗത്തിൻെറ പുരോഽനുവാക്യാമന്ത്രമാണ് ഇത്—

യസ്യ സമൃതൌ = യാതൊരു സ്വിഷ്ടകൃത് ദേവനുമായി യോജിക്കുമ്പോരം, (സ്വിഷ്ടകൃത് ദേവൻെറ സാന്നിദ്ധ്യത്തിൽ) നൃഷദനേ = മനുഷ്യരുടെ സ്ഥാനമായ ഗൃഹങ്ങളിൽ, കുത്രചിത് = എവിടെയെങ്കിലും, നരഃ = മനുഷ്യർ, രണ്വാ = രമിച്ചുകൊണ്ടിരിക്കുന്ന, യം = യാതൊരു സ്വിഷ്ടകൃത് ദേവനെ, അർഹന്തശ്ചിത് = മന്ത്രങ്ങരം ചൊല്ലി പൂജിക്കുന്നവരായി, ഇന്ധതേ = ഹോമത്തിനു് വേണ്ടി അഗ്നിജ്വലിപ്പിക്കുന്നു. ജന്തവഃ = യാഗം നടത്തുന്നവർ, സംജനയന്തി = അതിൻെറ ഫലം സമ്പാദിക്കുന്നു. സഃ സ്വിഷ്ടകൃത് = ആ സ്വിഷ്ടകൃത് ദേവൻ, പ്രസിദതു = പ്രസാദിക്കട്ടെ.

13. സം യദിഷോ വനാമഹേ സംഹവ്യാ മാനുഷാണാം ।
ഉതദ്യുമ്നസ്യ ശവസഃ ഋതസ്യ രശ്മി മാദദേ।
മേൽപറഞ്ഞ യാഗത്തിൻെറ യാജ്യാമന്ത്രമാണ് ഇത്—

യദ് = യാതൊരു കാരണത്താൽ, (സ്വിഷ്ടകൃത് ദേവതയുടെ സഹയത്താൽ) ഇഷം സംവനാമഹേ = ഞങ്ങരംക്കു് അന്നം ലഭിക്കുന്നു. മാനുഷാണാം = മനുഷ്യക്കു്. ഹവ്യാ =

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹോമം കഴിക്കാൻ അർഹതയുള്ള പദാർത്ഥങ്ങൾ, സംവ നാ മഹേ = ഞങ്ങൾക്ക ലഭിക്കന്നു. ഉത = കൂടാതെ ദ്യുമ്നസ്യ = ധനത്തിൻേറയും, ശവസഃ = ബലത്തി ൻേറയും, ഋതസ്യ ച = യാഗത്തിൻേറയും, രശ്മിം = രശ്മിപോലെ പ്രകാശിക്കുന്ന ഉത്കർഷം ആദദേ = ഞങ്ങൾ സ്വീകരിക്കുന്ന തസ്മാദ് = അതുകൊണ്ടു്, സ്വിഷ്ടകൃദ് ദേവം = സ്വിഷ്ടകൃത് ദേവനെ, ഭജാമഃ = ഞങ്ങൾ ഭജിക്കുന്നു

14. യജ്ഞോ ദേവാനാം പ്രത്യേതിസുമ്ന-
മാദിത്യാസോ ഭവതാ മൃഡയന്തഃ ।
ആവോഽർവാചീ സുമതിർവവൃത്യാ-
ദംഹോശ്ചിദ്യാ വരിവോവിത്തരാഽസത് ।

ഐശ്വര്യം ആഗ്രഹിക്കുന്നവൻ ആദിത്യന്മാരെ തൃപ്തിപ്പെടു ത്താൻ സമർപ്പിക്കേണ്ട ഹവിസ്സിൻെറ പുരോഽനുവാക്യാ മന്ത്രമാണു് ഇതു്—

അയം യജ്ഞഃ = ഈ യാഗം, ദേവാനാം = ദേവന്മാക്കു്, സുമ്നം പ്രത്യേതി = സുഖം ഉണ്ടാക്കിക്കൊടുക്കുന്നു. ഹേ ആദിത്യാസഃ ! = അല്ലയോ ആദിത്യന്മാരെ ! യൂയം = നിങ്ങൾ, അസ്മാൻ = ഞങ്ങളെ, മൃഡയന്തഃ ഭവത = സുഖിപ്പിക്കുന്നവരായി ഭവിക്കുക. യുഷ്മാകം = നിങ്ങ ളുടെ, സുമതിഃ = അനുഗ്രഹബുദ്ധി, അംഹോശ്ചിത് = പാപത്തിൽ നിന്നു്, ആവവൃതാത് = ഞങ്ങളെ പിൻ തിരിപ്പിക്കുന്നു. അർവാചീ വഃ = അർവാചീനരായ ഞങ്ങളിൽ, സാ സുമതിഃ = ആ അനുഗ്രഹബുദ്ധി പരി വോവിത്തരാ അസത് = സർവ്വദാ ഉണ്ടായിരിക്കട്ടെ.

15. ശുചിരപഃ സൂയവസാ അദബ്ധ
ഉപക്ഷേതി വൃദ്ധവയാഃ സുവീരഃ ।
നികിഷ്ടംഘ്നന്ത്യന്തിതോന ദൂരാദ്യ
ആദിത്യാനാം ഭവതി പ്രണീതൗ ।

മുകളിൽ പറഞ്ഞ യാഗത്തിൻെറ യാജ്യാമന്ത്രമാണു് ഇതു് അയം = ഈ യജമാനൻ, ശുചിഃ = പരിശുദ്ധനായി, അപഃ ഉപക്ഷേതി = അനുഷ്ഠിക്കപ്പെടേണ്ട കർമ്മത്തെ സമീ പിക്കുന്നു സൂയവസാഃ = ശോഭനമായ ഭക്ഷ്യധാന്യങ്ങൾ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉള്ളവനും, അദബ്ധഃ = ശത്രുക്കളാൽ തിരസ്കരിക്കപ്പെടാത്തവനും, വൃദ്ധവയാഃ = ചിരജീവിയും, സുവീരഃ = ശോഭന പുത്രന്മാരോടുകൂടിയവനും ആയ യജമാനൻ, ആദിത്യാനാം = ആദിത്യന്മാരെ സംബന്ധിച്ച, പ്രണീതൗ ഭവതി = കർമ്മത്തിൽ പ്രവർത്തിക്കുന്നു. തം = ആ യജമാനനെ, ശത്രവഃ = ശത്രുക്കൾ. അന്തതഃ = സമീപത്തിൽ, നകിഃ ഘ്നന്തി = ഉപദ്രവിക്കുന്നില്ല. ദൂരാദ് അപി = ദൂരത്തിൽ നിന്നും, നകിഃഘ്നന്തി = ഉപദ്രവിക്കുന്നില്ല.

16. ധാരയന്ത ആദിത്യാസോജഗത്സ്ഥാ
ദേവാവിശ്വസ്യ ഭുവനസ്യഗോപാഃ ।
ദീർഘാധിയോരക്ഷമാണാ അസുർയ-
മൃതാവാനശ്ചയമാനാഋണാനി ।

രാജ്യത്തിൽനിന്ന് ഭ്രഷ്ടനായ രാജാവ് ആദിത്യനെ പ്രീതിപ്പെടുത്താൻ നടത്തേണ്ട യാഗത്തിൻെറ പുരോ fനു വാക്യാ മന്ത്രമാണ് ഇത്.

ധാരയന്തഃ = സ്ഥാനഭ്രഷ്ടനായ യജമാനനെ സ്വരാഷ്ട്രത്തിൽ സ്ഥാപിക്കുന്നവരും, ജഗത്സ്ഥാഃ = ലോകത്തെ അനുഗ്രഹിക്കാനായി സ്ഥിതിചെയ്യുന്നവരും, ദേവാഃ = പ്രകാശത്തോടുകൂടിയവരും, വിശ്വസ്യഭുവനസ്യഗോപാഃ = എല്ലാ ലോകങ്ങളേയും പാലിക്കുന്നവരും, ദീർഘാധിയഃ = ലോകരക്ഷണത്തിന് വേണ്ട ബുദ്ധിയുള്ളവരും, അസുർയം = യജമാനനു് യോജിച്ച കർമ്മങ്ങളെ, രക്ഷമാണാഃ = രക്ഷിക്കുന്നവരും, ഋതാവാനഃ = സത്യം പരിപാലിക്കുന്നവരും. ഋണാനി ചയമാനാഃ = യജമാനൻെറ ശത്രുവിനു് ഋണബാധ ഉണ്ടാക്കുന്നവരും ആയ, ആദിത്യാഃ = ആദിത്യന്മാർ, അസ്മദ് അഭിമതം = ഞങ്ങളുടെ അഭിമതം, കുർവന്തു = സാധിച്ചുതരട്ടെ.

17. തിസ്രോഭൂമീർധാരയന്ത്രീരുതദ്യൂൻ
ത്രീണി വ്രതാവിദഥേ അന്തരേഷാം ।
ഋതേനാദിത്യാ മഹിവോ മഹിത്വം
തദർയമന്വരുണ മിത്രചാരു ।

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മേൽ പറഞ്ഞ യാഗത്തിന്റെ യാജ്യാ മന്ത്രമാണ് ഇത്— ഹേഅർയമൻ മിത്ര വരുണ ഇതിതിസ്രഃ । = അർയമാ മിത്രൻ, വരുണൻ എന്നീ പേരുകളാൽ അറിയപ്പെടുന്ന ആദിത്യന്മാരെ! വഃ = നിങ്ങളുടെ, മഹിത്വം = മാഹാത്മ്യം, ചാരു = മനോഹരവും, മഹി = മഹത്തും ആണ്. നിങ്ങളുടെ മഹത്വം, തിസ്രഃ ഭൂമീഃ = സ്വർഗം ഭൂമി പാതാളം എന്നീ മൂന്നുലോകങ്ങളെ, ധാരയൻ = ധരിച്ചു. അപിച = കൂടാതെ, ത്രീൻദ്യൂൻ = സൂർയാഗ്നി ചന്ദ്രന്മാരിലുള്ള പ്രകാശങ്ങളെ, ധാരയൻ = ധരിച്ചു. കിംച = കൂടാതെ, ഏഷാം യജമാനാനാം = ഈ യജമാനന്മാരുടെ, വിദഥേ = യാഗത്തിൽ, യാനിത്രീണിവ്രതാനി = യാതൊരു മൂന്നു വ്രതങ്ങൾ മനോവാക്കായ നിഷ്പാദ്യങ്ങളായ അല്ലെങ്കിൽ നിത്യനൈമിത്തിക കാമ്യരൂപങ്ങളായ വ്രതങ്ങൾ, അന്തഃസ്ഥിതാനി = ഉണ്ടോ, താനി = അവയെല്ലാം, ഋതേന പാലയിഷ്യാമഃ = സത്യവചനത്താൻ ഞങ്ങൾ രക്ഷിക്കാം, ഇതിധാരയൻ = എന്നും നിശ്ചയിച്ചു.

18. ത്വാന്നുക്ഷത്രിയാം അവ ആദിത്യാന്യാചിഷാമഹേ।
സുമൃഡികാം അഭിഷ്ടയേ।

രാജ്യത്തിൽ നിന്നു് ഭ്രഷ്ടനായേക്കുമോ എന്നു് ശങ്കിക്കുന്നവൻ അനുഷ്ഠിക്കേണ്ട ദ്വിഹവിഷ്കമായ യാഗത്തിൽ ആദ്യത്തെ ഹവിസ്സ് ഹോമിക്കുന്നതിനുള്ള പുരോനുവാക്യാമന്ത്രമാണ് ഇത് —

വയം = യാഗം കഴിക്കുന്ന ഞങ്ങൾ, അഭിഷ്ടയേ = ആഗ്രഹിച്ച യാഗനിർവഹണത്തിനും തത്ഫല സിദ്ധിക്കും വേണ്ടി, ത്വാന്നു = മുൻമന്ത്രത്തിൽ പറഞ്ഞ എല്ലാ ഗുണഗണങ്ങളോടു കൂടിയവരും, ക്ഷത്രിയാൻ = ക്ഷത്രിയരെപ്പോലെ പ്രബലരും, സുമൃഡീകാൻ = നല്ലപോലെ ബലം തരുന്നവരും ആയ, ആദിത്യാൻ = ആദിത്യന്മാരോട്, അവ യാചിഷാമഹേ = രക്ഷണത്തിനു് വേണ്ടി പ്രാർത്ഥിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

19. ന ദക്ഷിണാ വിചികാതേനസവ്യാ
ന പ്രാചീന മാദിത്യാനോതപശ്ചാ
പാക്യാചിദ്വസവോ ധീർയാചിത്
യുഷ്മാനീതോ അഭയം ജ്യോതിരശ്യാം।

മേൽപറഞ്ഞ യാഗത്തിൻെറ യാജ്യാമന്ത്രമാണ് ഇതു്—

ഹേ വസവഃ! = അല്ലയോ ആദിത്യന്മാരെ! വൈരിണാ = ശത്രുവിനാൽ, അപരുദ്ധ്യമാനഃ അഹം = സ്ഥാനഭ്രഷ്ടനാക്കപ്പെടുന്ന ഞാൻ, കാം അപി = യാതൊന്നും, നവിചികാതേ = അറിയുന്നില്ല. ഉത = കൂടാതെ, ഇദം ദക്ഷിണാ = ഇതു വലതുവശം, ഇദം സവ്യാ = ഇതു ഇടതുവശം. ഇദം പ്രാചീനം = ഇതു കിഴക്കു്, ഇദം പശ്ചാ = ഇതു് പടിഞ്ഞാറു്, ഇത്യാദി = മുതലായവ, നവിചികാതേ = അറിയുന്നില്ല. പാക്യാ ചിത് = പരിപക്വമതിയല്ലാത്ത ബാലനെപ്പോലെയും ധീർയാചിത് = ഭീരുവിനെപ്പോലെയും, യുഷ്മാൻ ഈതഃ = നിങ്ങളാൽ, അഭയം = ഭയരഹിതമായ, ജ്യോതിഃ വിവേകജ്ഞാനം, അശ്യാം = എനിക്കു ലഭിക്കട്ടെ.

20. ആദിത്യാനാമവസാ നൂതനേന
സക്ഷീമഹിശർമണാ ശന്തമേന।
അനാഗാസ്ത്വേ അദിതിത്വേതുരാസ
ഇമം യജ്ഞം ദധതുശ്രോഷമാണഃ।

ഇതും മേൽ പറഞ്ഞ യാഗത്തിൻെറ മറെറാരു യാജ്യാമന്ത്രമാണ്—

യജമാനാഃ വയം = യജമാനന്മാരായ ഞങ്ങൾ, ആദിത്യാനാം = ആദിത്യന്മാരെ സംബന്ധിച്ച, നൂതനേന-അവസാ = പുതിയതായി ലഭിച്ച രക്ഷണത്തോടുകൂടിയവരും ആയിത്തീരട്ടെ. ഹേ ആദിത്യാഃ! = അല്ലയോ ആദിത്യന്മാരെ! ഭവന്തഃ = നിങ്ങൾ അനാഗാസ്ത്വേ = ഞങ്ങളുടെ നിരപരാധിത്വത്തിലും, അദിതിത്വേ = എല്ലായ്പോഴും അഖണ്ഡിതമായിരിക്കുന്നതിലും നിമിത്ത-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മായിരുന്നു്, ശ്രേഷ്ഠമാണഃ = ഞങ്ങളുടെ സ്തുതി കേൾക്കു-ന്നവരായി, ഇമംയജ്ഞം = ഈ യാഗം, ദധതു = ധരി-ക്കട്ടെ (നടത്തട്ടെ)

21. ഇമം മേവരുണ ശ്രുധീഹവ മദ്യാചമൃഡയ ത്വാമവസ്യുരാ-ചകേ ।

കൃഷ്ണവ്രീഹിപാകം ചെയ്തഹവിസ്സ് ഹോമിക്കുന്നതിനുള്ള പുരോ f നു വാക്യാ മന്ത്രമാണ് ഇതു്—

ഹേവരുണ ! = അല്ലയോ വരുണ ! മേ = എൻെറ, ഇമം ഹവം = ഈ ആഹ്വാനം, ശ്രുധീ = കേട്ടാലും, അദ്യ = ഇപ്പോൾ, അസ്മാൻ = ഞങ്ങളെ, മൃഡയ = സന്തോ-ഷിപ്പിച്ചാലും അഹം = ഞാൻ, അവസ്യുഃ = എന്നെ രക്ഷിക്കണം എന്ന ആഗ്രഹത്തോടുകൂടി, ത്വാം ആചകേ = അങ്ങയോട് പ്രാർത്ഥിക്കുന്നു.

22. തത്വായാമി ബ്രഹ്മണാവന്ദമാന-
സ്തദാശാസ്തേ യ ജമാനോഹവിർഭിഃ।
അഹേഡമാനോവരുണേഹബോധ്യ-
രുശംസമാന ആയുഃ പ്രമോഷീഃ।

മേൽപറഞ്ഞ യാഗത്തിൻെറ യാജ്യാ മന്ത്രമാണ് ഇതു്—

തദ് = ആ രക്ഷണത്തിനു് വേണ്ടി ബ്രഹ്മണാ = മന്ത്രത്താൽ വന്ദമാനഃ = നമസ്കരിച്ചുകൊണ്ടു്, ത്വാ – അങ്ങയെ, യാമി = പ്രാപിക്കുന്നു. യജമാനഃ = ഈ യജമാനൻ, ഹവിർഭിഃ = ഹവിസ്സുകളാൽ ആരാധിച്ചിട്ടു്, തദ് ആശാസ്തേ = ആ രക്ഷണം ആഗ്രഹിക്കുന്നു. ഹേ വരുണ ! = അല്ലയോ വരുണ ! അഹേഡമാനഃ = ക്രോധരഹിതനായി, ഇഹ = ഈ കർമ്മത്തിൽ ബോധി = = ഞങ്ങളുടെ വിജ്ഞാപനം മനസ്സിലാക്കിയാലും. ഹേ ഉരുശംസ ! = അത്യധികം സ്തുതിക്കപ്പെടുന്നവനെ ! നഃ = ഞങ്ങളുടെ, ആയുഃ = ആയുസ്സ്, മാ പ്രമോഷീഃ = നശിപ്പിക്കരുതു്.

ഇതിഏകാദശോ f നുവാകഃ
പ്രഥമഃ പ്രപാഠകഃ സമാപ്തഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദ്വിതീയകാണ്ഡേ ദ്വിതീയഃ പ്രപാഠകഃ

പ്രഥമോഽനുവാകഃ (ബ്രാഹ്മണം)

ഹരിഃ ഓം

സംഹിത —

പ്രജാപതിഃ പ്രജാ അസൃജത താഃ സൃഷ്ടാ ഇന്ദ്രാഗ്നീ അപാ-ഗൂഹതാം സോഽചായത് പ്രജാപതിരിന്ദ്രാഗ്നീ വൈ മേ പ്രജാ അപാഘുക്ഷതാമിതി സ ഏതമൈന്ദ്രാഗ്നമേകാദശകപാലമപ-ശ്യത്തം നിരവപത്താവസ്മൈ പ്രജാഃ പ്രാസാധയതാമിന്ദ്രാ-ഗ്നീ വാ ഏതസ്യ പ്രജാമപഗൂഹതോയോഽലം പ്രജായൈസൻ പ്രജാം ന വിന്ദത ഐന്ദ്രാഗ്നമേകാദശകപാലം നീർവപേത് പ്രജാകാമ ഇന്ദ്രാഗ്നീ ഏവ സ്വേന ഭാഗധേയേനോപധാവതി താവേ വാസ്മൈ പ്രജാം പ്രസാധയതോ വിന്ദതേ പ്രജാരമൈ-ന്ദ്രാഗ്നമേകാദശകപാലം നിർവപേത് സ്പർധമാനഃക്ഷേത്രേ വാ സജാതേഷ്വേന്ദ്രാഗ്നീ ഏവ സ്വേന ഭാഗധേയേനോപധാ-വതി താഭ്യാമേവേന്ദ്രിയം വീർയംഭ്രാതൃവ്യസ്യവൃങ്ക്തേവിപാ-പ്മനാ ഭ്രാതൃവ്യേണ ജയതേഽപവാ ഏതസ്മാദിന്ദ്രിയം വീർയം ക്രാമതിയഃ സംഗ്രാമമുപ പ്രയാസ്യന്നൈന്ദ്രാഗ്നമേകാദശകപാ-ലംനിർവപേത് സംഗ്രാമമുപപ്രയാസ്യന്നിന്ദ്രാഗ്നീഏവസ്വേന ഭാഗധേയേനോപധാവതി താവേ വാസ്മിന്നിന്ദ്രിയം വീർയം ധത്തഃ സഹേന്ദ്രിയേണ വീർയേണോപപ്രയാതി ജയതി തം സംഗ്രാമം വിവാ ഏഷ ഇന്ദ്രിയേണ വീർയേണർധ്യതേയഃ സംഗ്രാമം ജയതൈന്ദ്രാഗ്നമേകാദശകപാലംനിർവപേത്സം-ഗ്രാമം ജിത്വേന്ദ്രാഗ്നീ എവ സ്വേന ഭാഗധേയേനോപധാവതി താവേവാസ്മിന്നിന്ദ്രിയം വീർയം ധത്തോനേന്ദ്രിയേണ വീർയേണവ്യൃധ്യതേഽപവാ ഏതസ്മാദിന്ദ്രിയം വീർയം ക്രാമതി യ ഏതി ജനതാ മൈന്ദ്രാഗ്നമേകാദശകപാലംനിർവ-പേജ്ജനതാമേഷ്യന്നിന്ദ്രാഗ്നീ ഏവ സ്വേന ഭാഗധേയേനോപ ധാവതി താവേവാസ്മിന്നിന്ദ്രിയം വീർയം ധത്തഃസഹേന്ദ്രി-യേണ വീർയേണ ജനതാമേതി പൗഷ്ണം ചരുമനുനിർവപേത് പൂഷാവാ ഇന്ദ്രിയസ്യവീർയസ്യാനുപ്രദാതാപൂഷണമേവസ്വേന

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭാഗധേയേനോപധാവതി സ ഏവാ സ്മിന്നിന്ദ്രിയം വീർയ-
മന്നപ്രയച്ഛതി ക്ഷൈത്രപത്യം ചരും നിർവപേജ്ജനതാമാഗ-
ത്യേയം വൈക്ഷേത്രസ്യപതിരസ്യാമേവപ്രതിതിഷ്ഠത്യൈന്ദ്രാ-
ഗ്നമേകാദശകപാലമുപരിഷ്ടാന്നിർവപേദസ്യാമേവ പ്രതിഷ്ഠാ-
യേന്ദ്രിയം വീർയമുപരിഷ്ടാദാത്മൻ ധത്തേ ||

അർത്ഥം—

1. പ്രജാപതി പ്രജകളെ സൃഷ്ടിച്ചു. സൃഷ്ടിക്കപ്പെട്ട പ്രജകളെ ഇന്ദ്രനും അഗ്നിയും ഒളിച്ചുവെച്ചു. പ്രജാപതി ആ പ്രജകളെ അന്വേഷിച്ചു. ഇന്ദ്രനും അഗ്നിയും എന്റെ പ്രജകളെ മറച്ച് വെച്ചു എന്ന് വിചാരിച്ചു. ആ പ്രജാപതി ഇന്ദ്രനേയും അഗ്നിയേയും സംബന്ധിച്ചതും പതിനൊന്ന് കപാലത്തിൽ ഹവിസ്സ് പാകം ചെയ്തു സമർപ്പിക്കുന്നതുമായ യാഗം മനസ്സിലാക്കി. ആ യാഗം നിർവഹിച്ചു. അവർ (ഇന്ദ്രനും അഗ്നിയും) പ്രജാപതിക്ക് പ്രജകളെ തിരിച്ചുകൊടുത്തു ഇന്ദ്രനും അഗ്നിയുമാണ് പ്രജാപതിയുടെ പ്രജകളെ ഒളിച്ച് വെച്ചതു്. യാതൊരുത്തന് സന്താനലാഭത്തിനുള്ള യോഗ്യത ഉണ്ടായിട്ടും സന്താനം ലഭിക്കുന്നില്ലയോ അവൻ സന്താനം ഉണ്ടാകണമെന്നുള്ള ആഗ്രഹത്തോടുകൂടി ഇന്ദ്രനേയും അഗ്നിയേയും ഉദ്ദേശിച്ച് പതിനൊന്ന് കപാലത്തിൽ പാകം ചെയ്ത ഹവിസ്സ് സമർപ്പിക്കണം. തന്റെ ഭാഗം സമർപ്പിച്ചതുകൊണ്ട് യജമാനൻ ഇന്ദ്രനേയും അഗ്നിയേയും തന്നെ സമീപിക്കുന്നു. ആ ഇന്ദ്രനും അഗ്നിയും യജമാനന് സന്താനം നൽകുന്നു. യജമാനന് സന്താനം ലഭിക്കുന്നു.

2. ഭൂമി കിട്ടുന്നതിന് വേണ്ടിയോ തുല്യരായ ആളുകളിൽ അധികാരശക്തി കിട്ടുന്നതിന് വേണ്ടിയോ സ്പർധയോടുകൂടിയിരിക്കുന്നവൻ ഇന്ദ്രനേയും അഗ്നിയേയും ഉദ്ദേശിച്ച് പതിനൊന്ന് കപാലത്തിൽ പാകം ചെയ്ത ഹവിസ്സ് സമർപ്പിക്കണം. തന്റെ ഭാഗം സമർപ്പിച്ചതുകൊണ്ട് യജമാനൻ ഇന്ദ്രനേയും അഗ്നിയേയും സമീപിക്കുന്നു. ആ ദേവതകളുടെ സഹായം കൊണ്ട് ശത്രുവിന്റെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇന്ദ്രിയശക്തിയും ബലവും നശിപ്പിക്കുന്നു യജമാനൻ പാപം ഇല്ലാത്തവനായി ശത്രുവിനെ ജയിക്കുന്നു. ശത്രുവിന്ന് ഇന്ദ്രിയ ശക്തിയും വീർയവും നഷ്ടപ്പെട്ടുപോകുന്നു.

3 യുദ്ധത്തിന്ന് പോകുന്നവൻ ഇന്ദ്രനേയും അഗ്നിയേയും ഉദ്ദേശിച്ച് പതിനൊന്ന് കപാലത്തിൽ പാകം ചെയ്ത ഹവിസ്സ് സമർപ്പിക്കണം. യുദ്ധത്തിന്ന് പോകുന്ന യജമാനൻ തന്റെ ഭാഗം സമർപ്പിച്ചതുകൊണ്ട് ഇന്ദ്രനേയും അഗ്നിയേയും തന്നെ സമീപിക്കുന്നു. ആ ഇന്ദ്രനും അഗ്നിയും യജമാനന്ന് ഇന്ദ്രിയശക്തിയും ബലവും നൽകുന്നു. യജമാനൻ ഇന്ദ്രിയശക്തിയോടും വീർയത്തോടും കൂടി യുദ്ധത്തിന്ന് പോകുന്നു യുദ്ധത്തിൽ ജയിക്കുകയും ചെയ്യുന്നു. യജമാനന്ന് ഇന്ദ്രിയശക്തിയും ബലവും വർധിക്കുന്നു

4. യുദ്ധം ജയിച്ചവൻ ഇന്ദ്രനേയും അഗ്നിയേയും ഉദ്ദേശിച്ച് പതിനൊന്ന് കപാലത്തിൽ പാകം ചെയ്ത ഹവിസ്സ് സമർപ്പിക്കണം. യുദ്ധം ജയിച്ചതിന്ന് ശേഷം തന്റെ ഭാഗം സമർപ്പിച്ചതുകൊണ്ട് യജമാനൻ ഇന്ദ്രനേയും അഗ്നിയേയും തന്നെ സമീപിക്കുന്നു. ആ ഇന്ദ്രനും അഗ്നിയും തന്നെ യജമാനന്ന് ഇന്ദ്രിയശക്തിയും ബലവും നൽകുന്നു. ഇന്ദ്രിയശക്തിയിലും കുറഞ്ഞവനായിത്തീരുന്നില്ല യജമാനന്ന് ഇന്ദ്രിയശക്തിയും ബലവും നഷ്ടപ്പെടുന്നില്ല.

5. സദസ്സിലേക്കുപോകുന്നവൻ ഇന്ദ്രനേയും അഗ്നിയേയും ഉദ്ദേശിച്ച് പതിനൊന്ന് കപാലത്തിൽ പാകംചെയ്ത ഹവിസ്സ സമർപ്പിക്കണം. സദസ്സിലേക്ക് പോകുന്ന യജമാനൻ തന്റെ ഭാഗം സമർപ്പിച്ചതുകൊണ്ട് ഇന്ദ്രനേയും അഗ്നിയേയും തന്നെ സമീപിക്കുന്നു ആ ഇന്ദ്രനും അഗ്നിയും യജമാനന്ന് ഇന്ദ്രിയ ശക്തിയും ബലവും നൽകുന്നു. യജമാനൻ ഇന്ദ്രിയ ശക്തിയോടും ബലത്തോടുംകൂടി സദസ്സിൽ ചെല്ലുന്നു.

ഈ യാഗത്തെ തുടർന്നും പൂഷാ എന്ന ദേവനെ ഉദ്ദേശിച്ച് ഒരു പാത്രത്തിൽ പാകംചെയ്ത ഹവിസ്സ് സമർപ്പി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്കണം. പൂഷാ എന്ന ദേവനാണ് ഇന്ദ്രിയ ശക്തിയും ബലവും തരുന്നത്. തന്റെ ഭാഗം സമർപ്പിച്ചതുകൊണ്ട് യജമാനൻ പൂഷാ എന്ന ദേവനെത്തന്നെ സമീപിക്കുന്നു. പൂഷാ എന്ന ദേവൻതന്നെ യജമാനന് ഇന്ദ്രിയശക്തിയും ബലവും നൽകുന്നു.

6 ജനതാമദ്ധ്യത്തിൽ എത്തിയതിന് ശേഷം ക്ഷേത്രപതിയെ ഉദ്ദേശിച്ച് ഹവിസ്സ് തയാറാക്കി സമർപ്പിക്കണം. ഈ ഭൂമി ക്ഷേത്രപതിയാണ്. യജമാനൻ ജനതാമദ്ധ്യത്തിൽ പ്രതിഷ്ഠിതനാകുന്നു.

അതിന് ശേഷം ഇന്ദ്രനേയും അഗ്നിയേയും ഉദ്ദേശിച്ച് പതിനൊന്ന് പാത്രത്തിൽ പാകംചെയ്ത ഹവിസ്സ് സമർപ്പിക്കണം. അതുകൊണ്ട് ഭാവിയിലും യജമാനന് ഇന്ദ്രിയശക്തിയും ബലവും ലഭിക്കുന്നു.

ഇതിപ്രഥമോഽനുവാകഃ

ദ്വിതീയോഽനുവാകഃ (ബ്രാഹ്മണം)

സംഹിതാ—

അഗ്നയേ പഥികൃതേ പുരോഡാശമഷ്ടാകപാലം നിർവപേദ്യോ ദർശപൂർണമാസയാജീ സന്നമാവാസ്യാം വാ പൗർണമാസീം വാഽതി പാദയേത്പഥോ വാ ഏഷോഽധ്യപഥേനൈതിയോ ദർശ പൂർണമാസയാജി സന്നമാവാസ്യാം വാ പൗർണമാസീം വാ ഽതി പാദയത്യഗ്നിമേവ പഥികൃതം സ്വേന ഭാഗധേയേനോപധാവതി സ ഏവൈനമപഥാത്പന്ഥാമപി നയത്യനഡ്വാൻ ദക്ഷിണാ വഹിഹ്യേഷ സമൃദ്ധ്യാ അഗ്നയേ വ്രതപതയേ, പുരോഡാശമഷ്ടാകപാലം നിർവവേദ്യ ആഹിതാഗ്നിഃ സന്നവ്രത്യമിവ ചരേദഗ്നിമേവ വ്രതപതിം സ്വേന ഭാഗധേയേനോപധാവതിസ ഏവൈനം വ്രതമാലംഭയതി വ്രത്യോഭവത്യഗ്നയേരക്ഷോഘ്നേ പുരോഡാശമഷ്ടാകപാലം നിർവപേദ്യം രക്ഷാംസിസചേരന്നഗ്നിമേവ രക്ഷോഹണം സ്വേനഭാഗധേയേനോപധാവതി സ ഏവാസ്മാദ്രക്ഷാം-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്യപഹന്തി നിശിതായാം നിർവേപത് നിശിതായാം ഹി ര-ക്ഷാംസിപ്രേരതേ സംപ്രേർണാന്യേവൈനാനി ഹന്തി പരി-ശ്രിതേയാജഃയത്ര ക്ഷസാമനനവചാരായരക്ഷോഘ്നീയാജ്യാ-നവാക്യേഭവതോ രക്ഷസാം സ്തൃത്യാ അഗ്നയേ രുദ്രവതേ പുരോഡാശമഷ്ടാകപാലം നിർവപേദഭിചരന്നേഷാ വാ അസ്യ ഘോരാ തന്വർയദ്രുദ്രസ്തസ്മാ ഏവൈനമാ വൃശ്ചതി താജഗാർ-തിമാർഛത്യഗ്നയേ സുരഭിമതേ പുരോഡാശമഷ്ടാകപാലം നിർവപേദ്യസ്യഗാവോവാ പുരുഷാഃ വാ പ്രമിയേരന്യോ വാ ബിഭീയാദേഷാവാ അസ്യഭേഷജ്യാതന്വർയത്സുരഭിമതീ തയൈ-വാസ്മൈ ഭേഷജം കരോതി സുരഭിമതേ ഭവതി പൂതി-ഗന്ധസ്യാപഹത്യാ അഗ്നയേക്ഷാമവതേ പുരോഡാശമഷ്ടാ കപാലം നിർവപേത്സംഗ്രാമേ സംയത്തേ ഭാഗധേയേനൈ-വൈനം ശമയിത്വാ പരാനഭിനിർദിശതിയമ വരേഷാം വിധ്യ ന്തി ജീവതി സ യം പരേഷാം പ്രസ മീയതേ ജയതിതം സംഗ്രാമം അഭിവാ ഏഷ ഏതാനുച്യതിയേഷാം പൂർവാപരാ-അനവഞ്ചഃ പ്രമീയന്തേ പുരുഷാഹുതിർഹ്യസ്യ പ്രിയതമാഗ്നയേ ക്ഷാമവതേ പുരോഡാശമഷ്ടാകപാലം നിർവപേദ്ഭാഗധേ-യേനൈവൈനം ശമയതി നൈഷാം പുരാ ff യുഷോ f പരഃ പ്രമീയതേ f ഭിവാ ഏഷ ഏതസ്യ ഗൃഹാനുച്യതിയസ്യഗൃഹാൻ ദഹത്യഗ്നയേക്ഷാമവതേ പുരോഡാശമഷ്ടാകപാലംനിർവപേദ് ഭാഗധേയേനൈ വൈനംശമയതിനാസ്യാപരം ഗൃഹാൻ ദഹതി॥

1. ദർശപൂർണമാസ യാഗങ്ങൾ പതിവായി നടത്തിക്കൊ-ണ്ടിരിക്കുന്നവൻ ദർശ പൂർണമാസ യാഗങ്ങൾക്ക് മുടക്കം വരുത്തുക ആണെങ്കിൽ അതിന് പരിഹാരമായി "പഥി-കൃത്" എന്ന പേരായ അഗ്നിയെ ഉദ്ദേശിച്ച് എട്ടു പാത്ര-ത്തിൽ പാകം ചെയ്ത പുരോഡാശം സമർപ്പിക്കണം ദർശ-പൂർണ മാസങ്ങൾ അനുഷ്ഠിച്ച് കൊണ്ടിരിക്കുന്ന ഒരുത്തൻ അമാവാസ്യയിലോ പൗർണമിയിലോ അനുഷ്ഠിക്കേണ്ട യാഗം നടത്താതിരിക്കുന്നു എങ്കിൽ അവൻ ശരിയായ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മാർഗത്തിൽ നിന്നു് തെററി തെററായ മാർഗ്ഗത്തിൽക്കൂടി പോവുകയാണു് തൻെറ ഭാഗം സമർപ്പിച്ചതുകൊണ്ടു് യജമാനൻ പഥികൃത് എന്ന അഗ്നിയെത്തന്നെ സമീപിക്കുന്നു. ആ അഗ്നി തന്നെ യജമാനനെ തെററായ മാർഗ്ഗത്തിൽനിന്നു് മാററി ശരിയായ വഴിയിൽക്കൂടി നയിക്കുകയും ചെയ്യുന്നു. ഈ യാഗത്തിനു് ഭാരം വഹിക്കാൻ ശേഷിയുള്ള കാളയെയാണു് ദക്ഷിണയായി നൽകേണ്ടതു്. ഇതു യജമാനൻെറ ഐശ്വര്യത്തിനു് കാരണമായി ഭവിക്കുന്നു.

2. അഗ്നികാര്യം അനുഷ്ഠിക്കുന്ന യാതൊരുത്തൻ വ്രതാനുഷ്ഠാനത്തിനു് യോഗ്യമല്ലാത്ത വിധം പ്രവർത്തിക്കുകയാണെങ്കിൽ അവൻ വ്രതങ്ങൾക്കു് അധിപനായ അഗ്നിയെ ഉദ്ദേശിച്ചു് എട്ടു പാത്രത്തിൽ പാകം ചെയ്ത പുരോഡാശം സമർപ്പിക്കണം തൻെറ ഭാഗം സമർപ്പിച്ചതുകൊണ്ടു് യജമാനൻ വ്രതപതിയായ അഗ്നിയെത്തന്നെ സമീപിക്കുന്നു. ആ അഗ്നിതന്നെ യജമാനനെ വ്രതം അനുഷ്ഠിപ്പിക്കുന്നു. യജമാനൻ വ്രതം അനുഷ്ഠിക്കുന്നവനായി തന്നെ ഭവിക്കുന്നു

3. യാതൊരുത്തനെ രക്ഷസ്സുകൾ ഉപദ്രവിക്കുമ്പോ അവൻ രക്ഷസ്സുകളെ നശിപ്പിക്കുന്ന അഗ്നിയെ ഉദ്ദേശിച്ചു് എട്ടു പാത്രത്തിൽ പാകം ചെയ്ത പുരോഡാശം സമർപ്പിക്കണം. തൻെറ ഭാഗം സമർപ്പിച്ചതുകൊണ്ടു് യജമാനൻ രക്ഷസ്സുകളെ കൊല്ലുന്ന അഗ്നിയെ തന്നെ സമീപിക്കുന്നു. ആ അഗ്നിതന്നെ യജമാനനിൽനിന്നു് രക്ഷസ്സുകളെ അകററുന്നു.

രക്ഷസ്സുകളെ നശിപ്പിക്കുന്നതിനുള്ള യാഗം രാത്രിയിൽ വേണം. നടത്തേണ്ടതു് രക്ഷസ്സുകൾ രാത്രിയിലാണല്ലോ സഞ്ചരിക്കുന്നതു്. സഞ്ചരിച്ചുകൊണ്ടിരിക്കുന്ന രക്ഷസ്സുകളെ കൊല്ലുന്നു.

രക്ഷസ്സുകളുടെ സഞ്ചാരം ഇല്ലാതാക്കുന്നതിനു് വേണ്ടി രഹസ്യമായ ഒരു സ്ഥലത്തുവെച്ചു് വേണം യാഗം കഴിക്കേണ്ടതു്. യാജ്യക്കും പുരോ*f*നുവാക്യക്കും രക്ഷോ–

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഘ്നമന്ത്രങ്ങരം ചൊല്ലണം. അതു് രക്ഷസ്സുകളുടെ നാശത്തിനു് കാരണം ആകുന്നു.

4. ശത്രുവിനു് ആഭിചാരം ചെയ്യണമെന്നാഗ്രഹിക്കുന്നവൻ രുദ്രനോടുകൂടിയിരിക്കുന്ന അഗ്നിയെ ഉദ്ദേശിച്ചു് എട്ടുപാത്രത്തിൽ പാകം ചെയ്ത പുരോഡാശം സമപ്പിക്കണം. രുദ്രൻ എന്നു് പറയുന്നതു് അഗ്നിയുടെ ഘോരതമമായ ശരീരമാണു്. ആ അഗ്നി യജമാനന്റെ ശത്രുവിനെ പീഡിപ്പിക്കുന്നു. യജമാനന്റെ ശത്രുപീഡിതനായി ഭവിക്കുന്നു.

5 യാതൊരുത്തന്റെ ആളുകളും പശുക്കളും മരിക്കുന്നു. അല്ലെങ്കിൽ തന്റെ ആളുകളും പശുക്കളും മരിച്ചുപോയേക്കും എന്നു് യാതൊരുത്തൻ പേടിക്കുന്നു അവനും സുരഭിയോടുകൂടിയിരിക്കുന്ന അഗ്നിയെ ഉദ്ദേശിച്ചു് എട്ടുപാത്രത്തിൽ പാകം ചെയ്ത പുരോഡാശം സമപ്പിക്കണം. സുരഭിമതി എന്നു് പറയുന്നതു് അഗ്നിയുടെ ഔഷധരൂപമായ ശരീരമാണു്. ആ ശരിരംകൊണ്ടു് അഗ്നി യജമാനനു് ഔഷധം നൽകുന്നു. ദുർഗന്ധം നശിക്കുന്നതു നിമിത്തം യജമാനനു് സുഗന്ധം ഉണ്ടാകുന്നു.

6. യുദ്ധത്തിനു് പോകാൻ ആഗ്രഹിക്കുന്നവൻ ക്ഷാമവാനായ അഗ്നിയെ ഉദ്ദേശിച്ചു് എട്ടു് പാത്രത്തിൽ പാകം ചെയ്ത പുരോഡാശം സമപ്പിക്കണം. തന്റെ ഭാഗം സമപ്പിച്ചതുകൊണ്ടു് തന്നെ യുദ്ധം ശമിപ്പിച്ചിട്ടു് ശത്രുക്കളെ കൊല്ലുന്നു. യജമാനൻ ശത്രുക്കളെ പീഡിപ്പിക്കുന്നു. ശത്രുവായി യുദ്ധത്തിനു് വന്നവൻ മരിക്കുകയും യജമാനൻ യുദ്ധം ജയിക്കുകയും ജീവിക്കുകയും ചെയ്യുന്നു.

7. ഒരേ കുടുംബത്തിൽ തന്നെക്കാരം പ്രായം കൂടിയവരും കുറഞ്ഞവരുംസമവയസ്കരും ആയ ആളുകരം മരിക്കുമ്പോരം തനിക്കും അതുപോലെ അല്പായുസ്സായി മരണം വന്നേക്കുമോ എന്നു് പേടിക്കുന്നവൻ ക്ഷാമവത് എന്ന പേരായ അഗ്നിയെ ഉദ്ദേശിച്ചു് എട്ടു പാത്രത്തിൽ പാകം ചെയ്ത പുരോഡാശം സമപ്പിക്കണം. അഗ്നിക്കു് പുരുഷാഹുതി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രിയപ്പെട്ടതാണല്ലോ? തന്റെ ഭാഗം സമപ്പിച്ചതുകൊണ്ടു് തന്നെ അഗ്നി ഈ ദോഷം ശമിപ്പിക്കുന്നു. ഈ യാഗം കഴിച്ചതിനു് ശേഷം ആ കുടുംബത്തിൽ ആരും തന്നെ ദീർഘമായ ആയുസ്സു് അനുഭവിക്കാതെ മരിക്കുന്നില്ല.

8. അഗ്നി യാതൊരുത്തന്റെവീടു് ദഹിപ്പിക്കുന്നുവോ അവൻ ക്ഷാമവാൻ എന്ന അഗ്നിയെ ഉദ്ദേശിച്ചു് എട്ടു് പാത്രത്തിൽ പാകം ചെയ്ത പുരോഡാശം സമർപ്പിക്കണം. അഗ്നി തന്റെ ഭാഗം സമർപ്പിച്ചതുകൊണ്ടു് യജമാനന്റെ ദോഷം ശമിപ്പിക്കുന്നു. യജമാനന്റെ മററു് ഗൃഹങ്ങൾക്കു് അഗ്നിബാധ ഉണ്ടാവുകയില്ല.

ഇതി ദ്വിതിയോഽനുവാകഃ

അഥ തൃതീയോഽനുവാകഃ (ബ്രാഹ്മണം)

സംഹിതാ:—

അഗ്നയേകാമായ പുരോഡാശമഷ്ടാകപാലം നിർവപേദ്യം കാമോ നോപനമേദഗ്നിമേവ കാമം സ്വേന ഭാഗധേയേനോപ-ധാവതി സ ഏവൈനം കാമേന സമർധയതുപൈനം കാമോ നമത്യഗ്നയേ യവിഷ്ഠായ പുരോഡാശമഷ്ടാകപാലം നിർവപേത് സ്പർധമാനഃ ക്ഷേത്രേവാ സജാതേഷ്വവാഽഗ്നിമേവ യവിഷ്ഠം സ്വേനഭാഗധേയേനോപധാവതി തേനൈവേന്ദ്രിയം വീർയം ഭ്രാതൃവ്യസ്യയുവതേ വിപാപ്മനാ ഭ്രാതൃവ്യേണ ജയതേഽഗ്നയേ യവിഷ്ഠായ പുരോഡാശമഷ്ടാകപാലം നിർവ-പേദഭിചർയമാണോഽഗ്നിമേവ യവിഷ്ഠം സ്വേന ഭാഗധേയേ-നോപധാവതിസഏവാസ്മാദ്രക്ഷാംസി യവയതി നൈന-മഭിചരൻ സ്തൃണുതേഽഗ്നയ ആയുഷ്മതേ പുരോഡാശമഷ്ടാ-കപാലം നിർവപേദ്യഃ കാമയേത സർവ്വമായുരിയാമിത്യഗ്നി-മേവായുഷ്മന്തം സ്വേന ഭാഗധേയേനോപധാവതി സ ഏവാ-സ്മിന്നായുർദധാതി । സർവ്വമായുരേത്യഗ്നയേ ജാതവേദസേ പുരോഡാശമഷ്ടാകപാലം നിർവപേദ് ഭൂതികാമോഽഗ്നിമേവ ജാതവേദസം സ്വേന ഭാഗധേയേനോപധാവതി സ ഏവൈനം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭൂതിം ഗമയതി ഭവത്യേവാഗ്നയേ രുക്മതേ പുരോഡാശമ-ഷ്ടാകപാലംവിർവപേദ്രുക്കാമോഽഗ്നിമേവരുക്മന്തം .സ്വേന ഭാഗധേയേനോപധാവതി സ ഏവാസ്മിൻ രുചംദധാതി രോചത ഏവാഗ്നയേ തേജസ്വതേ പുരോഡാശം അഷ്ടാക-പാലംനിർവപേത്തേജസ്കാമോഽഗ്നിമേവതേജസ്വന്തംസ്വേന ഭാഗധേയേനോപധാവതി സ ഏവാസ്മിൻ തേജോദധാതി തേജസ്വ്യേവഭവത്യഗ്നയേ സാഹന്ത്യായപുരോഡാശമഷ്ടാ-കപാലം നിർവപേത്സീക്ഷമാണോഽഗ്നിമേവസാഹന്ത്യംസ്വേന ഭാഗധേയേനോപധാവതി തേനൈവ സഹതേ യം സിക്ഷതേ॥

അർത്ഥം—

1. യാതൊരുത്തന്ന് തന്റെ ആഗ്രഹം സാധിക്കുന്നില്ല-യോ അവൻ കാമസ്വരൂപനായ അഗ്നിയെ ഉദ്ദേശിച്ച് എട്ടുപാത്രത്തിൽ പാകംചെയ്ത പുരോഡാശം സമർപ്പി-ക്കണം. തന്റെ ഭാഗംസമർപ്പിച്ചതു കൊണ്ടു് യജമാനൻ അഗ്നിയെത്തന്നെ സമീപിക്കുന്നു. ആ അഗ്നി തന്നെ യജമാനന്റെ ആഗ്രഹം സാധിച്ച് കൊടുക്കുന്നു. യജ-മാനന്ന് ആഗ്രഹം സാധിക്കുന്നു.

2. ഭൂമിക്കു വേണ്ടി തുല്യനിലയിലുള്ള ആളുകളുമായി സ്പർധയുള്ളവൻ തന്റെ ആഗ്രഹസാദ്ധ്യത്തിനായി യുവാവായ അഗ്നിയെ ഉദ്ദേശിച്ച് എട്ടുപാത്രത്തിൽ പാകം ചെയ്ത പുരോഡാശം സമർപ്പിക്കണം. തന്റെ ഭാഗം സമ-ർപ്പിച്ചതു കൊണ്ടു് യജമാനൻ യുവാവായ അഗ്നിയെ ത്തന്നെ സമീപിക്കുന്നു. അതുകൊണ്ടു് തന്നെ ശത്രുവി-ന്റെ ഇന്ദ്രിയ ശക്തിയും ബലവും നശിക്കുന്നു. യജമാനൻ പാപകൃത്യം ചെയ്യുന്ന ശത്രുവിനെ ജയിക്കുന്നു.

3. അന്യരുടെ ആഭിചാര പ്രയോഗത്താൽ പീഡിതനായി ട്ടുള്ളവൻ യുവാവായ അഗ്നിയെ ഉദ്ദേശിച്ച് എട്ടു കപാലത്തിൽ പാകം ചെയ്ത പുരോഡാശം സമർപ്പി ക്കണം. തന്റെ ഭാഗം സമർപ്പിച്ചതു കൊണ്ടു് യജമാനൻ യുവാവായ അഗ്നിയെത്തന്നെ സമീപിക്കുന്നു. ആ അഗ്നി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തന്നെ യജമാനനിൽനിന്നു് രക്ഷസ്സുകളെ അകററുന്നു. ആഭിചാര പ്രയോഗം ചെയ്യുന്നവൻ യജമാനനെ ഉപദ്ര-വിക്കുന്നില്ല.

4. പൂർണമായ ആയുസ്സ് കിട്ടണമെന്നു് ആഗ്രഹിക്കുന്നവൻ ആയുഷ്മാനായ അഗ്നിയെ ഉദ്ദേശിച്ച് എട്ടുപാത്രത്തിൽ പാകംചെയ്ത പുരോഡാശം സമർപ്പിക്കണം തൻെറ ഭാഗം സമർപ്പിച്ചതുകൊണ്ടു് യജമാനൻ ആയുഷ്മാനായ അഗ്നി യെത്തന്നെ സമീപിക്കുന്നു. ആ അഗ്നിതന്നെ യജമാനനു് പൂർണ്ണമായ ആയുസ്സ് നൽകുന്നു. യജമാനനു് പൂർണമായ ആയുസ്സ് ലഭിക്കുന്നു.

5. ഐശ്വര്യം ആഗ്രഹിക്കുന്നവൻ ജാതവേദസ്സായ അഗ്നിയെ ഉദ്ദേശിച്ച് എട്ടുപാത്രത്തിൽ പാകം ചെയ്ത പുരോഡാശം സമർപ്പിക്കണം. തൻെറ ഭാഗം സമർപ്പിച്ചതു കൊണ്ടു് യജമാനൻ ജാതവേദസ്സായ അഗ്നിയെത്തന്നെ സമീപി-ക്കുന്നു. ആ അഗ്നിതന്നെ യജമാനനു് ഐശ്വര്യം ഉണ്ടാ-ക്കുന്നു. യജമാനൻ ഐശ്വര്യം ഉള്ളവനായി ഭവിക്കുന്നു.

6. ശരീരത്തിനു് സൗന്ദര്യം ഉണ്ടാകണം എന്നു് ആഗ്രഹിക്കു-ന്നവൻ സുന്ദരനായ അഗ്നിയെ ഉദ്ദേശിച്ച് എട്ടു പാത്ര-ത്തിൽ പാകം ചെയ്ത പുരോഡാശം സമർപ്പിക്കണം. തൻെറഭാഗം സമർപ്പിച്ചതുകൊണ്ടു് യജമാനൻ സുന്ദരനായ അഗ്നിയെ തന്നെ സമീപിക്കുന്നു. ആ അഗ്നിതന്നെ യജ-മാനനു് ശരീരശോഭ നൽകുന്നു. യജമാനൻ മററുള്ളവർക്കു് ഇഷ്ടപ്പെടത്തക്കവിധം സുന്ദരനായിത്തീരുന്നു.

7. തേജസ്സ് ആഗ്രഹിക്കുന്നവൻ (തൻെറ ആജ്ഞ മററുള്ളവർ ആദരിക്കണം എന്നു് ആഗ്രഹിക്കുന്നവൻ) തേജസ്വിയായ അഗ്നിയെ ഉദ്ദേശിച്ച് എട്ടുപാത്രത്തിൽ പാകം ചെയ്ത പുരോഡാശം സമപ്പിക്കണം. തൻെറ ഭാഗം സമപ്പിച്ചതു കൊണ്ടു് യജമാനൻ തേജസ്വിയായ അഗ്നിയെത്തന്നെ സമീപിക്കുന്നു. ആ അഗ്നി തന്നെ യജമാനനു് തേജസ്സ് (ആജ്ഞാശക്തി) നൽകുന്നു. യജമാനൻ ആജ്ഞാശക്തി ഉള്ളവനായിത്തീരുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

8. ശത്രുവിനെ തോൽപിക്കാൻ ആഗ്രഹിക്കുന്നവൻ സാഹന്ത്യൻ എന്ന അഗ്നിയെ ഉദ്ദേശിച്ച് എട്ടുപാത്രത്തിൽ പാകം ചെയ്ത പുരോഡാശം സമർപ്പിക്കണം. തന്റെ ഭാഗം സമർപ്പിച്ചതു കൊണ്ട് സാഹന്ത്യൻ എന്നു പേരുള്ള അഗ്നിയെത്തന്നെ യജമാനൻ സമീപിക്കുന്നു. ആ അഗ്നിയുടെ സഹായത്താൽ യജമാനൻ ആരെ തോൽപിക്കാൻ ആഗ്രഹിക്കുന്നുവോ അവനെ തോൽപിക്കുന്നു.

ഇതിതൃതീയോഽനുവാകഃ

അഥചതുർത്ഥോഽനുവാകഃ (ബ്രാഹ്മണം)

സംഹിതാ—

അഗ്നയേഽന്നവതേ പുരോഡാശമഷ്ടാ കപാലം നിർവ്വപേദ്യഃ കാമയേതാന്നവാൻ സ്യാമിത്യഗ്നിമേവാന്നവന്തം സ്വേനഭാഗധേയേനോപധാവതി സ ഏവൈനമന്നവന്തം കരോത്യന്നവാനേവ ഭവത്യഗ്നയേഽന്നാദായ പുരോഡാശമഷ്ടാകപാലം നിർവപേദ്യഃ കാമയേതാന്നാദഃ സ്യാമിത്യഗ്നിമേവാന്നാദം സ്വേനഭാഗധേനോപധാവതി സ ഏവൈന മന്നാദം കരോത്യന്നാദഃ എവ ഭവത്യഗ്നയേഽന്നപതയേ പുരോഡാശമഷ്ടാ കപാലം നിർവപേദ്യഃ കാമയേതാന്നപതിഃ സ്യാമിത്യഗ്നിമേവാന്നപതിം സ്വേനഭാഗധേയേനോപധാവതി സ ഏവൈനമന്നപതിം കരോത്യന്നപതിരേവ ഭവത്യഗ്നയേ പവമാനായ പുരോഡാശമഷ്ടാകപാലം നിർവപേദഗ്നയേ പാവകായാഗ്നയേ ശുചയേജ്യോഗാമയാവീ യദഗ്നയേ പവമാനായ നിർവപതി പ്രാണമേവാസ്മിന്തേനദധാതി യദഗ്നയേ പാവകായ വാചമേവാസ്മിന്തേന ദധാതി യദഗ്ന യേശുചയ ആയുരേവാസ്മിന്തേനദധാധാതൃുതയദീതാസുർഭവതി ജീവത്യേവൈതാമേവനിർവപേച്ചക്ഷുഷ്കാമോയദഗ്നയേ പവമാനായ നിർവപതി പ്രാണമേവാ സ്മിന്തേനദധാതി ഉതയദ്യന്ധോഭവതി പ്രൈവ പശ്യത്യഗ്നയേ പുത്രവതേ പുരോഡാശമഷ്ടാകപാലം നിർവപേദിന്ദ്രായ പുത്രിണേ പുരോഡാശമേകാദശകപാലം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രജാകാമോഽഗ്നിരേവാസ്മൈ പ്രജാം പ്രജനയതിവൃദ്ധാമിന്ദ്രഃ
പ്രയച്ഛത്യഗ്നയേ രസവതേ ഽജക്ഷീരേ ചരും നിർവപേദ്യഃകാ-
മയേത രസവാൻ സ്യാമിത്യഗ്നിമേവ രസവന്തം സ്വേന ഭാഗ-
ധേയേനോപധാവതി സ ഏവൈനം രസവന്തംകരോതി രസ-
വാനേവഭവത്യജക്ഷീരേ ഭവത്യാഗ്നേയീ വാ ഏഷാ യദജാ
സാക്ഷാദേവ രസമവരുന്ധേ ഽഗ്നയേവസുമതേ പുരോഡാശ-
മഷ്ടാ കപാലം നിർവപേദ്യഃ കാമയേത വസുമാൻ സ്യാമിത്യ-
ഗ്നിമേവ വസുമന്തം സ്വേനഭാഗധേയേനോപധാവതി സ
ഏവൈനം വസുമന്തം കരോതി. വസുമാനേവഭവത്യഗ്നയേ
വാജസൃതേ പുരോഡാശമഷ്ടാകപാലം നിർവപേത്സംഗ്രാമേ
സംയത്തേവാജം വാ ഏഷസിസീർഷതിയഃ സംഗ്രാമം ജിഗീ-
ഷത്യഗ്നിഃ ഖലുവൈദേവാനാം വാജസൃദഗ്നിമേവവാജസൃതം
സ്വേന ഭാഗധേയേനോപധാവതി ധാവതി വാജം ഹന്തി വൃത്രം
ജയതി തം സംഗ്രാമമഥോ അഗ്നിരിവ ന പ്രതിധൃഷേ ഭവത്യ-
ഗ്നയേഽഗ്നിവതേ പുരോഡാശമഷ്ടാ കപാലം നിർവപേദ്യസ്യാ-
ഗ്നാവഗ്നിമഭ്യുദ്ധരേയുർനിർദിഷ്ടഭാഗോവാഏതയോരന്യോഽനി-
ർദിഷ്ട ഭാഗോ വാ ഏതയോരന്യോഽനിർദിഷ്ടഭാഗോഽന്യസ്തൗ സം
ഭവന്തൗ യജമാനം അഭി സ- ഭവതഃ സ ഈശ്വര ആർതിമാർ-
തോയദഗ്നയേഽഗ്നിവതേ നിർവപതി ഭാഗധേയേനൈവൈ-
നൗ ശമയതി നാർതിമാർഛതി യജമാനോഽഗ്നയേ ജ്യോതി-
ഷ്മതേപുരോഡാശമഷ്ടാകപാലംനിർവപേദ്യസ്യാഗ്നിരുദ്ധൃ
തോഽഹൃതേഽഗ്നിഹോത്ര ഉദ്വായേദപര ആദിപ്യാന്നുദ്ധൃത്യ
ഇത്യാഹുസ്തത്തഥാന കാര്യം യദ്ഭാഗധേയമഭി പൂർവ ഉദ്ധ്രി-
യതേകിമപരോഽഭ്യുദ്ധ്രിയേതേതിതാന്യേവാവക്ഷാണാനാസം-
നിധായ മന്ഥേദിതഃ പ്രഥമം ജജ്ഞേ അഗ്നിഃ സ്വാദ്യോനേര-
ധി ജാതവേദാഃ । സ ഗായത്രിയാ ത്രിഷ്ടുഭാ ജഗത്യാ ദേവേ-
ഭ്യോഹവ്യം വഹതു പ്രജാനന്നിതി ഛന്ദോഭിരേവൈനം
സ്വാദ്യോനേഃ പ്രജനയത്യേഷ വാവ സോഽഗ്നിരിത്യാഹുർ
ജ്യോതി സ്ത്വാ അസ്യപരാപതിതമിതിയദഗ്നയേജ്യോതിഷ്-
മതേ നിർവപതി യദേവാസ്യ ജ്യോതിഃ പരാപതിതം തദേ
വാവരുന്ധേ ॥

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അർത്ഥം—

1. ധാരാളം ഭക്ഷണ പദാർത്ഥങ്ങളും ലഭിക്കണം എന്ന് ആഗ്രഹിക്കുന്നവൻ അഗ്നിയെ ഉദ്ദേശിച്ച് പതിനെട്ട് പാത്രത്തിൽ പാകം ചെയ്ത പുരോഡാശം സമർപ്പിക്കണം. തൻെറ ഭാഗം സമർപ്പിച്ചതു കൊണ്ട് യജമാനൻ അഗ്നിയെ തന്നെ സമീപിക്കുന്നു. ആ അഗ്നി തന്നെ യജമാനനെ അന്നവാനാക്കുന്നു. യജമാനന് ധാരാളം അന്നം ലഭിക്കുന്നു.

2. വേണ്ട പോലെ ആഹാരം കഴിക്കുന്നതിനുള്ള ആരോഗ്യം ഉണ്ടാകണം എന്ന് ആഗ്രഹിക്കുന്നവൻ അന്നാദനായ അഗ്നിയെ ഉദ്ദേശിച്ച് പതിനെട്ട് പാത്രത്തിൽ പാകം ചെയ്ത പുരോഡാശം സമർപ്പിക്കണം. തൻെറ ഭാഗം സമർപ്പിച്ചതുകൊണ്ട് യജമാനൻ അന്നാദനായ അഗ്നിയെ തന്നെ സമീപിക്കുന്നു. ആ അഗ്നിതന്നെ യജമാനനെ ആരോഗ്യമുള്ളവനാക്കുന്നു. യജമാനൻ അന്നം ഭക്ഷിക്കുന്നവനായിതന്നെ ഭവിക്കുന്നു.

3. അന്നപതിയായിത്തിരണമെന്ന് ആഗ്രഹിക്കുന്നവൻ അന്നപതിയായ അഗ്നിയെ ഉദ്ദേശിച്ച് എട്ടുപാത്രത്തിൽ പാകം ചെയ്ത പുരോഡാശം സമർപ്പിക്കണം. തൻെറ ഭാഗം സമർപ്പിച്ചതുകൊണ്ട് യജമാനൻ അന്നപതിയായ അഗ്നിയെത്തന്നെ സമീപിക്കുന്നു. അന്നപതിയായ അഗ്നി തന്നെ യജമാനനെ അന്നപതിയാക്കുന്നു. യജമാനൻ അന്നപതിയായിത്തന്നെ ഭവിക്കുന്നു.

4. ദീർഘകാലമായി രോഗത്താൽ പീഡിതനായിട്ടുള്ളവൻ പവമാനനായ അഗ്നിയെ ഉദ്ദേശിച്ചും പാവകനായ അഗ്നിയെ ഉദ്ദേശിച്ചും ശുചിയായ അഗ്നിയെ ഉദ്ദേശിച്ചും പ്രത്യേകം പ്രത്യേകം എട്ടു കപാലത്തിൽ പാകം ചെയ്ത പുരോഡാശം സമർപ്പിക്കണം.

പവമാനൻ എന്ന അഗ്നിയെ ഉദ്ദേശിച്ച് ഹവിസ്സ് സമർപ്പിക്കുന്നതുകൊണ്ട് യജമാനന് പ്രാണൻ ലഭിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പാവകനായ അഗ്നിയെ ഉദ്ദേശിച്ച് ഹവിസ്സ് സമർപ്പിക്കുന്നതുകൊണ്ട് യജമാനന് സംഭാഷണത്തിനുള്ള ശക്തി ലഭിക്കുന്നു. ശുചിയായ അഗ്നിയെ ഉദ്ദേശിച്ച് ഹവിസ്സ് സമർപ്പിക്കുന്നതുകൊണ്ട് യജമാനന് ആയുസ്സ് ലഭിക്കുന്നു. കൂടാതെ മരിച്ചവനാണെങ്കിലും ജീവിക്കുന്നു.

5. കണ്ണിന് കാഴ്ച ആഗ്രഹിക്കുന്നവൻ ഈ യാഗംതന്നെ നിർവഹിക്കണം. പവമാനൻ എന്ന അഗ്നിക്ക് ഹവിസ്സ് സമർപ്പിക്കുന്നതുകൊണ്ട് യജമാനന് പ്രാണൻ ലഭിക്കുന്നു. ശുചി എന്ന അഗ്നിക്ക് ഹവിസ്സ് സമർപ്പിക്കുന്നതുകൊണ്ട് യജമാനന് കാഴ്ച ലഭിക്കുന്നു. കൂടാതെ അന്ധനായിത്തീർന്നാലും നല്ല കാഴ്ചയുള്ളവനായിത്തീരുന്നു.

6. സന്താനം ഉണ്ടാകണം എന്ന് ആഗ്രഹിക്കുന്നവൻ പുത്രവാനായ അഗ്നിയെ ഉദ്ദേശിച്ച് പതിനൊന്ന് പാത്രത്തിൽ പാകം ചെയ്ത പുരോഡാശവും പുത്രവാനായ ഇന്ദ്രനെ ഉദ്ദേശിച്ച് പതിനൊന്ന് പാത്രത്തിൽ പാകം ചെയ്ത ഹവിസ്സും സമർപ്പിക്കണം. അഗ്നി യജമാനനെ സന്താനം ജനിപ്പിക്കാൻ ശക്തനാക്കുന്നു. ഇന്ദ്രൻ ആ സന്താനത്തിന് അഭിവൃദ്ധി (വളർച്ച) നൽകുന്നു.

7. നെയ്യ് മുതലായ രസപദാർത്ഥങ്ങൾ ധാരാളം ലഭിക്കണം എന്ന് ആഗ്രഹിക്കുന്നവൻ രസവാനായ അഗ്നിയെ ഉദ്ദേശിച്ച് ആട്ടിൻ പാലിൽ ഹവിസ്സ് തയാറാക്കി സമർപ്പിക്കണം. തൻെറ ഭാഗം സമർപ്പിച്ചതുകൊണ്ട് യജമാനൻ രസവാനായ അഗ്നിയെത്തന്നെ സമീപിക്കുന്നു ആ അഗ്നിതന്നെ യജമാനനെ രസപദാർത്ഥങ്ങളോടുകൂടിയവനാക്കുന്നു. യജമാനൻ രസപദാർത്ഥങ്ങൾ ഉള്ളവനായി ഭവിക്കുന്നു.

ആട് അഗ്നിയെ സംബന്ധിച്ചതായതുകൊണ്ട് ആട്ടിൻ പാലിൽ ഹവിസ്സ് പാകംചെയ്യുന്നു. അതുകൊണ്ട് യജമാനന് അഗ്നി രസപദാർത്ഥങ്ങൾ നൽകുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

8. ധനവാനായിത്തീരണം എന്നു് ആഗ്രഹിക്കുന്നവൻ വസു–ക്കളോടു്കൂടിയ അഗ്നിയെ ഉദ്ദേശിച്ചു് എട്ടു പാത്രത്തിൽ പാകം ചെയ്ത പുരോഡാശം സമർപ്പിക്കണം. തൻെറ ഭാഗം സമർപ്പിച്ചതുകൊണ്ടു് യജമാനൻ വസുമാനായ അഗ്നിയെത്തന്നെ സമീപിക്കുന്നു ആ അഗ്നിതന്നെ യജ–മാനനെ ധനവാനാക്കുന്നു. യജമാനൻ ധനവാനായി–ത്തീരുന്നു.

9. യുദ്ധം ജയിച്ചു് ധാരാളം ഭക്ഷണപദാൎത്ഥങ്ങൾ ലഭിക്കണം എന്നു് ആഗ്രഹിക്കുന്നവൻ ഭക്ഷണ പദാൎത്ഥങ്ങൾ സൃഷ്ടി–ക്കുന്ന അഗ്നിയെ ഉദ്ദേശിച്ചു് എട്ടു പാത്രത്തിൽ പാകം ചെയ്ത പുരോഡാശം സമർപ്പിക്കണം, ഈ യജമാനൻ യുദ്ധം ജയിക്കണമെന്നും തനിക്കു് ഭക്ഷണപദാൎത്ഥങ്ങൾ ലഭിക്കണമെന്നും ആഗ്രഹിക്കുന്നു. അഗ്നി ദേവന്മാർക്കു–വേണ്ടി അന്നം സൃഷ്ടിക്കുന്നവനാണു്. തൻെറ ഭാഗം സമ–ൎപ്പിച്ചതുകൊണ്ടു് യജമാനൻ അഗ്നിയെത്തന്നെ സമീപി–ക്കുന്നു. ഭക്ഷണ പദാൎത്ഥങ്ങൾ യജമാനൻെറ സമീപത്തിൽ ഓടിഎത്തുന്നു യജമാനൻ ശത്രുവിനെ കൊല്ലുന്നു. യജമാ–നൻ ആ യുദ്ധത്തിൽ ജയിക്കുന്നു. അനന്തരം യജമാനൻ അഗ്നിയെപ്പോലെ അപ്രതിഷേധ്യനായും ഭവിക്കുന്നു.

10. അഗ്നിയിൽ അഗ്നി ഉദ്ധാരണം ചെയ്യുകയാണെങ്കിൽ (രണ്ടു അഗ്നി പ്രത്യേകം തയാറാക്കുകയാണെങ്കിൽ) അഗ്നിയോടു കൂടിയിരിക്കുന്ന അഗ്നിയെ ഉദ്ദേശിച്ചു് എട്ടു പാത്രത്തിൽ പാകംചെയ്ത പുരോഡാശം സമർപ്പിക്കണം.

ആഹവനീയാഗ്നിയിൽ നിന്നു് അഗ്നി എടുത്തു ഗാർഹ–പത്യാഗ്നിതയാറാക്കുന്നു അപ്പോൾ രണ്ടു് അഗ്നി ഉണ്ടാ–കുന്നു. അവയിൽ ഒരു അഗ്നിക്കു് (ആഹവനീയാഗ്നിക്കു്) ഹോമാദികൾ സമർപ്പിച്ചുകഴിഞ്ഞു. മറെറാരു അഗ്നിക്കു് (ഗാർഹപത്യാഗ്നിക്കു്) ഭാഗം സമർപ്പിച്ചിട്ടില്ല. രണ്ട–ഗ്നിയും യജമാനനെ ശക്തനാക്കുന്നു. ഒരഗ്നിയോടു്കൂടി–യിരിക്കുന്ന അഗ്നിക്കു് ഹവിസ്സു് സമർപ്പിക്കുന്നതു നിമി-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്തം യജമാനൻ രണ്ടു് അഗ്നികളുടേയും കോപം ശമിപ്പിക്കുന്നു. യജമാനനു് ദുഃഖം ഉണ്ടാകുന്നില്ല.

11. ജ്വലിപ്പിച്ച അഗ്നി ഹോമം നടത്തുന്നതിനു് മുൻപു് നഷ്ടപ്പെട്ടു പോവുകയാണെങ്കിൽ ജ്യോതിഷ്മാനായ അഗ്നിയെ ഉദ്ദേശിച്ചു് എട്ടുപാത്രത്തിൽ പാകം ചെയ്ത പുരോഡാശം സമർപ്പിക്കണം.

അഗ്നി നശിക്കുമ്പോൾ വീണ്ടും തീ കത്തിച്ചു് കെട്ടുപോയ അഗ്നിയിലുണ്ടായിരുന്ന വിറകു് കഷണങ്ങൾ ഒന്നും എടുക്കാതെ ഊതിക്കത്തിക്കണമെന്നു് ചിലർ പറയുന്നു. അപ്രകാരം ചെയ്യരുതു്. എന്തുകൊണ്ടെന്നാൽ ആദ്യം തന്റേതായ ഒരു ഭാഗം സമർപ്പിക്കാനാണു് എടുത്തതു്. അതുകൊണ്ടു് മറെറാരു ഭാഗം എങ്ങനെ എടുക്കാൻ കഴിയും. അഗ്നി ഉത്പാദിപ്പിക്കാനുള്ള മരക്കഷണങ്ങളെല്ലാം ചേർത്തുവെച്ചു് അഗ്നി കടഞ്ഞെടുക്കണം. ജാതവേദസ്സായ അഗ്നി തന്റെ ഉത്പത്തിസ്ഥാനത്തുനിന്നു് ആദ്യമായി ഉണ്ടായി. ഗായത്രി ത്രിഷ്ടുപ്പ് ജഗതി എന്നീ ഛന്ദസ്സുകളിലുള്ള ''ദേവേഭ്യോ വഹതു പ്രജാനൻ'' എന്ന മന്ത്രം ചൊല്ലി അതിന്റെ ഉത്പത്തിസ്ഥാനത്തുനിന്നു് ആ അഗ്നി ജനിപ്പിക്കുന്നു. ഇതുതന്നെയാണു് നഷ്ടപ്പെട്ട അഗ്നി എന്നു് പറയുന്നതു് ''ജ്യോതിസ്സ്വാ അസ്യ പരാപതിതം'' എന്ന മന്ത്രം ചൊല്ലി ജ്യോതിഷ്മാനായ അഗ്നിക്കു് ഹവിസ്സു് സമർപ്പിക്കുന്നതു നിമിത്തം അഗ്നിയുടെ നഷ്ടപ്പെട്ട തേജസ്സു് വീണ്ടും ലഭിക്കുന്നു.

ഇതിചതുർത്ഥോനുവാകഃ

അഥപഞ്ചമോഽനുവാകഃ (ബ്രാഹ്മണം)

സംഹിതാ—

വൈശ്വാനരം ദ്വാദശകപാലം നിർവപേദ് വാരുണം ചരും ദധിക്രാവ്ണേ ചരുമഭിശസ്യമാനോയദ്വൈശ്വാനരോ ദ്വാദശകപാലോ ഭവതിസംവത്സരോവാ അഗ്നിർവൈശ്വാനരഃ സംവത്സരേണൈവൈനം സ്വദയത്യപ പാപം വർണം ഹതേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വാരുണേനൈവൈനം വരുണപാശാന്മുഞ്ചതി ദധിക്രാവ്ണാ
പുനാതി ഹിരണ്യം ദക്ഷിണാപവിത്രം വൈഹിരണ്യം പുനാ-
ത്യേവൈനമാദ്യമസ്യാന്നംഭവത്യേതാമേവ നിർവപേത് പ്രജാ-
കാമഃ സംവത്സരോ വാ ഏതസ്യാശാന്തോ യോനിം പ്രജായൈ
പശൂനാം നിർദഹതിയോഽലംപ്രജായൈസൻപ്രജാം നവിന്ദതേ
യദ്വൈശ്വാനരോ ദ്വാദശകപാലോ ഭവതി സംവത്സരോ വാ
അഗ്നിർവൈശ്വാനരഃ സംവത്സരമേവഭാഗധേയേനശമയതി
സോഽസ്മൈശാന്തഃ സ്വാദ്യോനേഃ പ്രജാം പ്രജനയതി വാരു-
ണേനൈവൈനം വരുണപാശാന്മുഞ്ചതി ദധിക്രാവ്ണാപുനാ-
തി ഹിരണ്യം ദക്ഷിണാപവിത്രം വൈഹിരണ്യം പുനാത്യേ-
വൈനംവിന്ദതേ പ്രജാംവൈശ്വാനരം ദ്വാദശകപാലം നിർവ-
പേത് പുത്രേ ജാതേ യദഷ്ടാകപാലോ ഭവതിഗായത്രിയൈ-
വൈനം ബ്രഹ്മവർചസേനപുനാതി യന്നവകപാലസ്ത്രി
വൃതൈവാസ്മിൻ തേജോദധാതി യദ്ദശകപാലോ വിരാജൈ-
വാസ്മിന്നന്നാദ്യംദധാതിയദേകാദശകപാലസ്ത്രിഷ്ടുഭൈവാ-
സ്മിന്നിന്ദ്രിയം ദധാതി യദ്ദ്വാദശകപാലോ ജഗത്യൈവാ
സ്മിൻ പശൂൻദധാതി യസ്മിഞ്ജാത ഏതാമിഷ്ടിം നിർവ-
പതി പൂത ഏവ തേജസ്വ്യന്നാദഇന്ദ്രിയാവീപശുമാൻ ഭവത്യവ
വാ ഏഷ സുവർഗാല്ലോകാച്ഛിദ്യതേ യോദർശപൂർണമാസ-
യാജീ സന്നമാവാസ്യാം വാ പൗർണമാസീം വാഽതിപാദയതി
സുവർഗായ ഹിലോകായ ദർശപൂർണമാസാവിജ്യേതേ വൈ-
ശ്വാനരം ദ്വാദശകപാലാ നിർവപേദമാവാസ്യാം വാ പൗർ-
ണമാസീം വാതിപാദ്യ സംവത്സരോ വാ അഗ്നിർ വൈശ്വാ-
നരഃ സംവത്സരമേവ പ്രീണാത്യഥോസംവത്സരമേവാസ്മാ-
ഉപദധാതി സുവർഗസ്യലോകസ്യ സമഷ്ട്യൈ അഥോദേവ-
താ ഏവാന്വാരഭ്യസുവർഗം ലോകമേതി വീരഹാവാ ഏഷദേ-
വാനാം യോ ഽഗ്നി മുദ്വാസയതേ ന വാ ഏതസ്യബ്രാഹ്മണാ
ഋതായവഃ പുരാന്നമക്ഷന്നാഗ്നേയമഷ്ടാകപാലം നിർവപേ-
ദ്വൈശ്വാനരം ദ്വാദശകപാലമഗ്നിമുദ്വാസയിഷ്യന്യദഷ്ടാ-
കപാലോഭവത്യഷ്ടാക്ഷരാഗായത്രി ഗായത്രോ ഽഗ്നിര്യാവാ
നേവാഗ്നിസ്തസ്മാ ആതിഥ്യം കരോത്യഥോയഥാജനം യതേഽ
വസം കരോതി താദൃക് ഏവ തദ്ദ്വാദശ കപാലോവൈശ്വാ-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നരോഭവതി ദ്വാദശ മാസാഃ സംവത്സരഃ സംവത്സരഃ ഖല്വാ അഗ്നേർയോനിഃ സ്വാമേവൈനം യോനിംഗമയത്യാദ്യമസ്യാ-ന്നം ഭവതി വൈശ്വാനരം ദ്വാദശകപാലം നിർവപേന്മാരുതം സപ്തകപാലം ഗ്രാമകാമ ആഹവനീയേ വൈശ്വാനരമധി ശ്രയതി ഗാർഹപത്യേ മാരുതം പാപവസ്യസസ്യവിധൃത്യൈ ദ്വാദശ കപാലോ വൈശ്വാനരോഭവതി ദ്വാദശമാസാഃ സംവ ത്സരഃ സംവത്സരേണൈവാസ്മൈ സജാതാംശ്ച്യാവയതിമാ-രുതോഭവതി മരുതോ വൈദേവാനാം വിശോ ദേവവിശേ-നൈവാസ്മൈ മനുഷ്യ വിശമവരുന്ധേ സപ്തകപാലോഭവതി സപ്തഗണാഃവൈമരുതോ ഗണശഏവാസ്മൈസജാതാനവരു-ന്ധേƒ ന്യൂച്യമാന ആസാദയതി വിശമേവാസ്മാ അനുവർത്മാ നം കരോതി ॥

അർത്ഥം—

1. മററുള്ളവരാൽ പഴിക്കപ്പെടുന്നവൻ അതിന് പരിഹാര മായി വൈശ്വാനരൻ എന്ന അഗ്നിയെ ഉദ്ദേശിച്ച് പന്ത്രണ്ട് പാത്രത്തിൽ പാകം ചെയ്ത ഹവിസ്സും വരുണനെ ഉദ്ദേശി ച്ച് ഒരു പാത്രത്തിൽ പാകം ചെയ്ത ഹവിസ്സും ദധിക്രാവാ എന്ന ദേവനെ ഉദ്ദേശിച്ച് ഒരു പാത്രത്തിൽ പാകം ചെയ്ത ഹവിസ്സും സമർപ്പിക്കുന്നു.

വൈശ്വാനരൻ എന്ന് അറിയപ്പെടുന്ന അഗ്നി സംവത്സ രമാണ്. അതുകൊണ്ട് വൈശ്വാനരൻ എന്ന അഗ്നിയെ ഉദ്ദേശിച്ച് പന്ത്രണ്ട് പാത്രത്തിൽ പാകം ചെയ്ത ഹവിസ്സ് സമർപ്പിക്കുന്നതുകൊണ്ട് ഒരുവർഷംകൊണ്ട് യജമാനനെ മററുള്ളവർക്ക് ഇഷ്ടപ്പെട്ടവനാക്കുന്നു. പാപം നശിക്കു മ്പോഠം വരുണനെ ഉദ്ദേശിച്ച് ഹവിസ്സ് സമർപ്പിക്കുന്നതു കൊണ്ട് യജമാനനെ വരുണപാശത്തിൽ നിന്ന് മോചി പ്പിക്കുന്നു. ദധിക്രാവാ എന്ന ദേവൻ യജമാനനെ പരി ശുദ്ധനാക്കുന്നു.

ഈ യാഗത്തിന് സ്വർണ്ണമാണ് ദക്ഷിണയായി നൽ കേണ്ടതു്. സ്വർണ്ണം പരിശുദ്ധമാണല്ലോ ? സ്വർണ്ണം ദക്ഷി ണയായി നൽകുന്നതുകൊണ്ട് യജമാനനെ പരിശുദ്ധനാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്കുന്നു. ആ യജമാനൻ നൽകുന്ന ഭക്ഷണം മററുള്ളവക്ക ഭക്ഷിക്കാം.

2. സന്താനമുണ്ടാകത്തക്ക സാഹചര്യം ഉണ്ടായിരുന്നിട്ടും സന്താനം ഇല്ലാത്തവൻ സന്താനം ഉണ്ടാകുന്നതിനു് വേണ്ടി ഈ യാഗം തന്നെ അനുഷ്ഠിക്കണം. (അഗ്നി, വരുണൻ, ദധിക്രാവാ എന്നിവരെ ഉദ്ദേശിച്ചു് ഹവിസ്സു് തയാറാക്കി സമപ്പിക്കണം) സംവത്സരമാണു് കോപിച്ചു് യജമാനന്റെ സന്താനങ്ങളുടേയും പശുക്കളുടേയും യോനീയെ ദഹിപ്പിക്കുന്നതു്. വൈശ്വാനരൻ എന്ന അഗ്നി സംവത്സരമാണു്. വൈശ്വാനരൻ എസ അഗ്നിയെ ഉദ്ദേശിച്ചു് പന്ത്രണ്ടു് കപാലത്തിൽ പാകം ചെയ്ത ഹവിസ്സു് ഹോമിക്കുന്നതുകൊണ്ടു് സംവത്സരം തന്നെ അതിന്റെ ഭാഗം ലഭിച്ചതുകൊണ്ടു് യജമാനനുള്ള സന്താന പ്രതിബന്ധത്തെ നശിപ്പിക്കുന്നു. ദോഷശാന്തി നൽകിയ ആ സംവത്സരം യജരാനനു് തന്റെ ഭര്യേയിൽ തന്നെ സന്താനം ഉണ്ടാ-കാൻ യജമാനനെ ശക്തനാക്കുന്നു. വരുണനെ ഉദ്ദേശിച്ചു് ഹവിസ്സു് സമപ്പിച്ചതുകൊണ്ടു് യജമാനനെ വരുണപാശത്തിൽ നിന്നു് മോചിപ്പിക്കുന്നു. ദധിക്രാവാ എന്ന ദേവൻ യജമാനനെ പരിശുദ്ധനാക്കുന്നു.

ഇതിനു് സ്വർണ്ണമാണു് ദക്ഷിണയായി നൽകേണ്ടതു്. സ്വർണ്ണം പരിശുദ്ധമാണു്. അതുകൊണ്ടു് തീർച്ചയായും യജമാനനെ പരിശുദ്ധനാക്കുന്നു. യജമാനനു് സന്താനം ലഭിക്കുകയും ചെയ്യുന്നു

3. പുത്രൻ ജനിച്ചു കഴിഞ്ഞാൽ പുത്രന്റെ അഭിവൃദ്ധിക്കായി വൈശ്വാനരൻ എന്ന അഗ്നിയെ ഉദ്ദേശിച്ചു് പന്ത്രണ്ടു് പാത്രത്തിൽ പാകം ചെയ്ത ഹവിസ്സു് സമർപ്പിക്കണം. എട്ടു പാത്രത്തിൽ പാകം ചെയ്ത ഹവിസ്സാണു് സമർപ്പിക്കുന്നതെങ്കിൽ യജമാനന്റെ പുത്രനെ ഗായത്രീഛന്ദസ്സി-ന്റെ ശക്തിയോടു് കൂടിയ ബ്രഹ്മവർചസ്സുകൊണ്ടു് പരിശുദ്ധനാക്കുന്നു. ഒൻപതു് പാത്രത്തിൽ പാകം ചെയ്ത ഹവിസ്സാണു് സമർപ്പിക്കുന്നതെങ്കിൽ "ത്രിവൃത്" എന്നു്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അറിയപ്പെടുന്ന സ്തോത്രത്തിന്റെ ശക്തികൊണ്ടു് യജമാനന്റെ പുത്രനു് തേജസ്സു് ഉണ്ടാകുന്നു. പത്തുപാത്രത്തിൽ പാകംചെയ്ത ഹവിസ്സാണു് സമർപ്പിക്കുന്നതെങ്കിൽ വിരാടു് ഛന്ദസ്സിന്റെ ശക്തികൊണ്ടു് യജമാനന്റെ പുത്രനു് അന്നം, വസ്ത്രം മുതലായവ ലഭിക്കുന്നു. പതിനൊന്നു് പാത്രത്തിൽ പാകംചെയ്ത ഹവിസ്സു് സമർപ്പിക്കുകയാണെങ്കിൽ ത്രിഷ്ടുപ്പ് ഛന്ദസ്സിന്റെ ദേവതയുടെ സഹായത്താൽ യജമാനന്റെ പുത്രനു് ഇന്ദ്രിയ ശക്തി ഉണ്ടാകുന്നു. പന്ത്രണ്ടു് പാത്രത്തിൽ പാകം ചെയ്ത ഹവിസ്സു് സമർപ്പിക്കുകയാണെങ്കിൽ ജഗതി ഛന്ദസ്സിന്റെ ദേവതയുടെ സഹായത്താൽ യജമാനന്റെ പുത്രനു് ധാരാളം പശുക്കളെ ലഭിക്കുന്നു.

യാതൊരു പുത്രൻ ജനിക്കുമ്പോൾ ഈ യാഗം നിർവഹിക്കുന്നുവോ ആ പുത്രൻ പരിശുദ്ധനായും തേജസ്വിയായും സുലഭമായി ഭക്ഷണം കിട്ടുന്നവനായും ബലവാനായും പശുക്കളോടു്കൂടിയവനായും ഭവിക്കും.

4. ദർശപൂർണമാസങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നവൻ അമാവാസ്യയിലോ പൗർണമിയിലോ നടത്തേണ്ട യാഗം നടത്തുന്നില്ലെങ്കിൽ അവൻ സ്വർഗ്ഗലോകത്തിൽനിന്നു് ഭ്രഷ്ടനാകുന്നു. സ്വർഗ്ഗലോകം കിട്ടുന്നതിനു്വേണ്ടിയാണു് ദർശപൂർണ മാസയാഗങ്ങൾ നടത്തുന്നതു്. അമാവാസ്യയിലോ പൗർണമിയിലോ നടത്തേണ്ടയാഗം നടത്താത്തതിനു് പ്രതിവിധിയായി വൈശ്വാനരൻ എന്ന അഗ്നിയെ ഉദ്ദേശിച്ചു് പന്ത്രണ്ടു് പാത്രത്തിൽ പാകം ചെയ്ത ഹവിസ്സു് സമർപ്പിക്കണം. വൈശ്വാനരൻ എന്ന പേരുള്ള അഗ്നി സംവത്സരമാണു് വൈശ്വാനരൻ എന്ന അഗ്നിയെ സന്തോഷിപ്പിക്കുന്നതു് സംവത്സരത്തെ സന്തോഷിപ്പിക്കുന്നതാണു്. സംവത്സരം സ്വർഗ്ഗലോകം ലഭിക്കുന്നതിനു് യജമാനനെ സഹായിക്കുന്നു. ദേവതകളെ ആരാധിച്ചു് യജമാനൻ സ്വർഗ്ഗലോകം പ്രാപിക്കുന്നു.

5. അഗ്നി കാര്യം ചെയ്യാതെ അഗ്നിനശിപ്പിക്കുന്നവൻ ദേവന്മാർക്കു് അവരുടെ പുത്രനെ കൊല്ലുന്നതുപോലെയാണു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആ ദോഷത്തിനു് പരിഹാരമായി അഗ്നിയെ ഉദ്ദേശിച്ച് എട്ടു പാത്രത്തിൽ പാകം ചെയ്ത ഹവിസ്സും വൈശ്വാനരൻ എന്ന അഗ്നിയെ ഉദ്ദേശിച്ച് പന്ത്രണ്ടു് പാത്രത്തിൽ പാകം ചെയ്ത ഹവിസ്സും സമർപ്പിക്കണം. എട്ടു പാത്രത്തിൽ പാകം ചെയ്ത ഹവിസ്സ് സമർപ്പിക്കുന്നു. എന്തെന്നാൽ. ഗായത്രി ഛന്ദസ്സ് എട്ട് അക്ഷരം ഉള്ളതാണു്. അഗ്നി ഗായത്രി ഛന്ദസ്സിനെ സംബന്ധിച്ചതാണു്. ഇപ്രകാരം ചെയ്യുന്നതു് അഗ്നിക്കു് അതിഥിസത്ക്കാരം ചെയ്യുന്നതു പോലെ യാണു്. യാത്രയ്ക്കു് ഒരുങ്ങുന്ന ആളുകൾക്കു് പാഥേയം നൽകുന്നതുപോലെയാണു്.

വൈശ്വാനരനെ ഉദ്ദേശിച്ചു് പന്ത്രണ്ടു് പാത്രത്തിൽ പാകം ചെയ്ത ഹവിസ്സ് സമർപ്പിക്കുന്നു. സംവത്സരം എന്നു പറയുന്നതു് പന്ത്രണ്ടു് മാസങ്ങൾ ആണു്. സംവ- ത്സരം അഗ്നിയുടെ ഉത്പത്തിസ്ഥാനം ആണല്ലോ? യജ മാനനു് തന്നിൽനിന്നു് ഉണ്ടാകാവുന്ന ദോഷങ്ങൾ എല്ലാം ശമിക്കുന്നു. ആ യജമാനൻ നൽകുന്ന അന്നം ഭക്ഷിക്കാൻ അർഹതയുള്ളതും ആയിത്തീരുന്നു.

6. ഗ്രാമത്തിന്റെ ആധിപത്യം ആഗ്രഹിക്കുന്നവൻ വൈശ്വാ നരൻ എന്ന അഗ്നിയെ ഉദ്ദേശിച്ച് പന്ത്രണ്ടു് പാത്രത്തിൽ പാകം ചെയ്ത ഹവിസ്സും മരുത്തുകളെ ഉദ്ദേശിച്ച് ഏഴുപാത്ര ത്തിൽ പാകം ചെയ്ത ഹവിസ്സും സമർപ്പിക്കണം.

വൈശ്വാനരനു് നമപ്പിക്കേണ്ട ഹവിസ്സ് ആഹവനീ- യാഗ്നിയിൽ പാകം ചെയ്യുന്നു. മരുത്തുകൾക്കു് സമർപ്പി ക്കേണ്ട ഹവിസ്സ് ഗാർഹപത്യാഗ്നിയിൽ പാകംചെയ്യുന്നു. ഓരോ ദേവനും ഉള്ള ഹവിസ്സ് ഒന്നിച്ച് ചേരാതിരിക്കു ന്നതിനു് വേണ്ടിയാണു് ഇപ്രകാരം ചെയ്യുന്നതു്.

വൈശ്വാനരനു് സമർപ്പിക്കേണ്ട ഹവിസ്സ് പന്ത്രണ്ടു് പാത്രത്തിൽ പാകം ചെയ്യുന്നു. ഒരു സംവത്സരം പന്ത്രണ്ടു മാസമാണു്. ഒരു വർഷംകൊണ്ടുതന്നെ ആധിപത്യത്തിനു വേണ്ടി യജമാനനുമായി മത്സരിക്കുന്നവരെ സ്ഥാന ഭ്രഷ്ടരാക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

മരുത്തുകളെ ഉദ്ദേശിച്ച് ഹവിസ്സ് സമർപ്പിക്കുന്നു. മരുത്തുകൾ ദേവന്മാരുടെ പ്രജകൾ ആണ് ദേവന്മാരുടെ പ്രജകളെക്കൊണ്ട് മനുഷ്യരായ പ്രജകളെയജമാനൻ സ്വാധീനമാക്കുന്നു.

മരുത്തുകൾക്ക് ഏഴുപാത്രത്തിൽ പാകംചെയ്ത ഹവിസ്സ് സമർപ്പിക്കുന്നു. മരുത്തുകൾ ഏഴ് ഗണങ്ങൾ ആണ്. ഓരോ ഗണമായിത്തന്നെ യജമാനന് വേണ്ടി ആളുകളെ സ്വാധീനമാക്കുന്നു.

മന്ത്രം ആവർത്തിച്ച് ചൊല്ലിക്കൊണ്ട് ഹവിസ്സ് അഗ്നിയിൽ ഹോമിക്കുന്നു. പ്രജകൾ യജമാനനെ അനുസരിക്കുന്നു.

ഇതി പഞ്ചമോഽനുവാകഃ

അഥ ഷഷ്ഠോഽനുവാകഃ (ബ്രാഹ്മണം)

സംഹിതാ:—

ആദിത്യംചരും നിർവപേത്സംഗ്രാമ മുപപ്രയാസ്യന്നിയം വാ അദിതിരസ്യാമേവപൂർവ്വേ പ്രതിതിഷ്ഠന്തി വൈശ്വാനരം ദ്വാദശകപാലം നിർവപേദായതനംഗത്വാ സംവത്സരോവാ അഗ്നിർവൈശ്വാനരഃ സംവത്സരഃ ഖലുവൈ ദേവാനാമായതനമേതസ്മാദ്വാ ആയതനാദ് ദേവാഅസുരാനജയൻയദ്വൈശ്വാനരം ദ്വാദശകപാലം നിർവപതി ദേവാനാമേവായതനേ യതതേ ജയതി തം സംഗ്രാമമേതസ്മിന്വാ ഏതൗമൃജാതേയോ വിദ്‌വിഷാണയോരന്നമത്തിവൈശ്വാനരം ദ്വാദശകപാലം നിർവപേദ്‌വിദ്‌വിഷാണായാരന്നം ജഗ്ധ്വാ സംവത്സരോവാ അഗ്നിർവൈശ്വാനരഃ സംവത്സരസ്വദിതമേവാത്തിനാസ്മിൻ മൃജാതേ സംവത്സരായവാ ഏതൗസമമാതേ യൗസമമാതേതയോർയഃ പൂർവോഽഭിദ്രുഹ്യതി തം വരുണോഗൃഹ്ണാതി വൈശ്വാനരം ദ്വാദശകപാലം നിർവപേത്സമമാവയോഃ പൂർവോഽഭിദ്രുഹ്യസംവത്സരോ വാ അഗ്നിർവൈശ്വാനരഃ സംവത്സരമേവാപ്ത്വാ നിർവരുണം പരസ്താദഭിദ്രുഹ്യതിനൈനം വരുണോ ഗൃഹ്ണാത്യാവ്യം വാ ഏഷ പ്രതിഗൃഹ്ണാതി

Digitized by Arya Samaj Foundation Chennai and eGangotri
CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യോഽവി॰പ്രതിഗൃഹ്ണാതിവൈശ്വാനരംദ്വാദശകപാലംനിർവപേദവിം പ്രതിഗൃഹ്യ സംവത്സരോവാ അഗ്നിർവൈശ്വാനരഃ സംവത്സരസ്വദിതാമേവപ്രതിഗൃഹ്ണാതിനാവ്യംപ്രതിഗൃഹ്ണാത്യാത്മനോ വാ ഏഷമാത്രാമാപ്നോതിയ ഉഭയാദത്പ്രതിഗൃഹ്ണാത്യശ്വം വാ പുരുഷം വാ വൈശ്വാനരം ദ്വാദശ കപാലം നിർപേദുഭയാദത് പ്രതിഗൃഹ്യ സംവത്സരോവാ അഗ്നിർവൈശ്വാനരഃ സംവത്സരസ്വദിതമേവ പ്രതിഗൃഹ്ണാതിനാത്മനോ മാത്രാമാപ്നോതി വൈശ്വാനരം ദ്വാദശ കപാലം നിർവപേത്സനിമേഷ്യൻ സംവത്സരോവാ അഗ്നിർവൈശ്വാനരോ യദാഖലുവൈ സംവത്സരം ജനതായാം ചരത്യഥ സധനാർഘോഭവതി യദ്വൈശ്വാനരം ദ്വാദശ കപാലം നിർവപതി സംവത്സരസാതാമേവ സനിമഭി പ്രച്യവതേ ദാനകാമാ അസ്മൈ പ്രജാഭവന്തിയോ വൈ സംവത്സരം പ്രയുജ്യനവിമുഞ്ചത്യപ്രതിഷ്ഠാനോ വൈ സഭവത്യേതമേവ വൈശ്വാനരം പുനരാഗത്യ നിർവപേദ്യമേവ പ്രയുങ്ക്തേതം ഭാഗധേയേന വിമുഞ്ചതി പ്രതിഷ്ഠിത്യൈ യയാരജ്ജോത്തമാം ഗാമാജേത്താംഭ്രാതൃവ്യായ പ്രഹിണുയാന്നിർഋതിമേവാസ്മൈ പ്രഹിണോതി !

അർത്ഥം—

1. യുദ്ധത്തിന്ന് പോകാൻ ആഗ്രഹിക്കുന്നവൻ അദിതിയെ ഉദ്ദേശിച്ച് പാകം ചെയ്ത ഹവിസ്സ് സമർപ്പിക്കണം. ഈ ഭൂമിയാണ് അദിതി. പൂർവ്വികരായ ആളുകരം ഈ ഭൂമിയിലാണ് സ്ഥിതി ചെയ്തിരുന്നത്.

2. യുദ്ധഭൂമിയിൽ ചെന്നതിന്ന് ശേഷം വൈശ്വാനരൻ എന്ന അഗ്നിയെ ഉദ്ദേശിച്ച് പന്ത്രണ്ട് പാത്രത്തിൽ പാകം ചെയ്ത ഹവിസ്സ് സമർപ്പിക്കണം. വൈശ്വാനരൻ എന്ന പേരുള്ള അഗ്നി സംവത്സരം തന്നെയാണ്. സംവത്സരം ദേവന്മാരുടെ വാസസ്ഥാനമാണല്ലോ? ഈ വാസസ്ഥാനത്തുനിന്നാണ് ദേവന്മാർ അസുരന്മാരെ ജയിച്ചത്. വൈശ്വനരൻ എന്ന അഗ്നിയെ ഉദ്ദേശിച്ച് പന്ത്രണ്ട് പാത്രത്തിൽ പാകം ചെയ്ത ഹവിസ്സ' സമർപ്പിക്കുക എന്നത്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദേവന്മാരുടെ വാസസ്ഥാനത്തു നിന്നു് യുദ്ധത്തിൽ ജയം കിട്ടാൻ പ്രയത്നിക്കുകയാണു്. യജമാനൻ ആ യുദ്ധം ജയിക്കുന്നു. യാതൊരു സ്ഥലത്താണോ യുദ്ധം നടക്കാൻ പോകുന്നതു് അവിടെ വേണം ഈ യാഗം നിർവഹിക്കേണ്ടതു്.

3. യാതൊരുത്തൻ തന്നെ കൊല്ലണം എന്നു് ആഗ്രഹിക്കുന്നവരുടെ അന്നം ഭക്ഷിക്കുന്നുവോ അവൻ തന്നെ കൊല്ലാൻ ആഗ്രഹിച്ചവരുടെ അന്നം ഭക്ഷിച്ചതിനു് ശേഷം വൈശ്വാനരൻ എന്ന അഗ്നിയെ ഉദ്ദേശിച്ചു് പന്ത്രണ്ടു് പാത്രത്തിൽ പാകം ചെയ്ത ഹവിസ്സു് സമർപ്പിക്കണം. വൈശ്വാനരൻ എന്ന അഗ്നി സംവത്സരമാണു്. ഒരു വർഷം കൊണ്ടു് ഭക്ഷിച്ച അന്നം ദോഷരഹിതമായിത്തീരും. യജമാനനു് യാതൊരു ദോഷവും ഉണ്ടാകുന്നില്ല. ഇവർ രണ്ടു പേരും (അന്യോന്യം ശത്രുക്കളായിത്തീൎന്ന രണ്ടു പേരും) സംവത്സര ദേവനെ സാക്ഷിയാക്കിയാണു് ശപഥം ചെയ്യുന്നതു്. അവരിൽ ആരാണോ ആദ്യമായി ശപഥം ചെയ്യുന്നതു് (തൻെറ ശത്രുവിനു് ദ്രോഹം ചെയ്യും എന്നു്) അവനു് രോഗം ഉണ്ടാകും. വൈശ്വാനരൻ എന്ന അഗ്നിയെ ഉദ്ദേശിച്ചു് പന്ത്രണ്ടു് പാത്രത്തിൽ പാകം ചെയ്ത ഹവിസ്സു് സമർപ്പിക്കുമ്പോൾ സംവത്സര സ്വരൂപനായ അഗ്നി യജമാനനെ രോഗത്തിൽ നിന്നു് മുക്തനാക്കി ശത്രുവിനെ പിടിപ്പിക്കാൻ ശക്തനാക്കുന്നു. യജമാനനു് രോഗം ഉണ്ടാകുന്നില്ല.

4. ആടിനെ ദാനംവാങ്ങിക്കുന്നതു് പാപം വാങ്ങിക്കുന്നതു് പോലെയാണു്. തദ്ദോഷനിവൃത്തിക്കായി വൈശ്വാനരൻ എന്ന അഗ്നിയെ ഉദ്ദേശിച്ചു് പന്ത്രണ്ടു് കപാലത്തിൽ പാകം ചെയ്ത ഹവിസ്സു് സമർപ്പിക്കണം. വൈശ്വാനരൻ എന്ന അഗ്നി സംവത്സരമാണു്. അതുകൊണ്ടു് ഒരു വർഷം

ആടു് എന്ന പദത്തിനു് പകരം രോമംകൊണ്ടു് നിർമ്മിച്ച വസ്ത്രം എന്നും അർത്ഥം പറയാം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കഴിയുമ്പോൾ യജമാനന്റെ ദോഷം എല്ലാം മാറുന്നു. പാപം ഇല്ലാതെയാകുന്നു.

5. താഴത്തെ വരിയിലും മുകളിലത്തെ വരിയിലും പല്ല് ഉള്ള കുതിര മുതലായ മൃഗങ്ങളേയോ മനുഷ്യനേയോ ദാനമായി സ്വീകരിക്കുന്നവന്ന് മററുള്ളവരിൽ നിന്നു് പീഡ ഉണ്ടാകുന്നു. അതിന്നു് പരിഹാരമായി വൈശ്വാനരൻ എന്ന അഗ്നിയെ ഉദ്ദേശിച്ച് പന്ത്രണ്ടു് പാത്രത്തിൽ പാകം ചെയ്ത ഹവിസ്സ് സമർപ്പിക്കണം. വൈശ്വാനരൻ എന്ന അഗ്നി സംവത്സരമാണ് ഒരുകൊല്ലംകൊണ്ടു് യജമാനന്നു് ഉണ്ടായ ദോഷം ശമിക്കുന്നു. മററുള്ളവരിൽനിന്നു് ഹിംസ ഉണ്ടാകുന്നില്ല

6. ധനലാഭത്തിന്നു് വേണ്ടി മററുള്ളവരുടെ അടുക്കൽ പോകാൻ ഉദ്ദേശിക്കുന്നവൻ ഉദ്ദിഷ്ടമായ ധനം ലഭിക്കുന്നതിന്നു് വേണ്ടി വൈശ്വാനരൻ എന്ന അഗ്നിയെ ഉദ്ദേശിച്ച് പന്ത്രണ്ടു് പാത്രത്തിൽ പാകം ചെയ്ത ഹവിസ്സ് ഹോമിക്കണം. വൈശ്വാനരൻ എന്ന അഗ്നി സംവത്സരമാണ്. ഒരു കൊല്ലം ജനതാമദ്ധ്യത്തിൽ സഞ്ചരിക്കുമ്പോൾ ഉദ്ദേശിച്ചതു പോലെയുള്ള ധനം ലഭിക്കുന്നു. സംത്സവര ദേവത തന്നെ യജമാനന്നു് ധനം നൽകുന്നു. ആ യജമാനന്നു് ധനം നൽകാൻ എല്ലാവരും ആഗ്രഹിക്കുന്നു.

ഇപ്രകാരം ധനം ലഭിച്ചവൻ വീണ്ടും (ഒരു വർഷം കഴിഞ്ഞു്) വൈശ്വാനരൻ എന്ന അഗ്നിയെ ഉദ്ദേശിച്ച് പന്ത്രണ്ടു് പാത്രത്തിൽ പാകം ചെയ്ത ഹവിസ്സ് സമർപ്പിക്കണം. അപ്രകാരം ചെയ്തില്ലെങ്കിൽ യജമാനന്നു് പ്രതിഷ്ഠ ലഭിക്കുകയില്ല.

യജമാനന്നു് ലഭിച്ച പശുക്കളിൽ ഏററവും നല്ലതിനെ ഏതു കയറുകൊണ്ടു് കെട്ടിക്കൊണ്ടു വന്നുവോ ആ കയറ് തന്റെ ശത്രുവിന്റെ തൊഴുത്തിൽ കൊണ്ടിടണം. അപ്രകാരം ചെയ്താൽ ശത്രു ദരിദ്രനായിത്തീരും.

ഇതിഷഷ്ഠോƒനുവാകഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സപ്തമോഽനുവാകഃ

സംഹിത—

ഐന്ദ്രം ചരും നിർവപേത്പശുകാമ ഐന്ദ്രാ വൈപ-ശവഃ ഇന്ദ്രമേവ സ്വേന ഭാഗധേയേനോപധാവതി സ ഏവാ-സ്മൈ പശൂൻ പ്രയച്ഛതി പശുമാനേവഭവതി ചരുർഭവതി സ്വാദേവാസ്മൈ യോനേഃ പശൂൻ പ്രജനയതീന്ദ്രായേന്ദ്രി-യാവതേ പുരോഡാശമേകാദശകപാലം നിർവപേത്പശു-കാമ ഇന്ദ്രിയം വൈപശവഃ ഇന്ദ്രമേവേന്ദ്രിയാവന്തം സ്വേന-ഭാഗധേയേനോപധാവതി സ ഏവാസ്മാ ഇന്ദ്രിയം പശൂൻ പ്രയച്ഛതി പശുമാനേവ ഭവതീന്ദ്രായ ഘർമവതേ പുരോഡാശ-മേകാദശ കപാലം നിർവപേദ് ബ്രഹ്മവർചസ കാമോ ബ്രഹ്മ-വർചസം വൈ ഘർമ ഇന്ദ്രമേവ ഘർമവന്തം, സ്വേന ഭാഗ-ധേയേനോപധാവതി സ ഏവാസ്മിൻ ബ്രഹ്മവർചസംദ-ധാതി ബ്രഹ്മവർചസ്യേവ ഭവതീന്ദ്രായക്വവതേ പുരോഡാശ-മേകാദശ കപാലം നിർവപേ ദന്നകാമോഽർകോ വൈദേവാനാ-മന്നമിന്ദ്രമേവാർകവന്തം സ്വേനഭാഗധേയേനോപധാവതി സ ഏവാസ്മാ അന്നം പ്രയച്ഛത്യന്നാദ ഏവ ഭവതി-ഇന്ദ്രായ ഘർമവതേ പുരോഡാശമേകാദശകപാലം നിർവപേദിന്ദ്രായേന്ദ്രിയാവത ഇന്ദ്രായാർകവതേ ഭൂതികാ-മോയദിന്ദ്രായ ഘർമവതേ നിർപതി ശിര ഏവാ സ്യതേന കരോതിയദിന്ദ്രായേന്ദ്രിയാവത ആത്മാന-മേവാസ്യതേന കരോതിയദിന്ദ്രായാർകവതേ ഭൂത ഏവാന്നാദ്യേ പ്രതിതിഷ്ഠതി ഭവത്യേവേന്ദ്രായാംഹോമുചേ പുരോഡാശ-മേകാദശ കപാലം നിർവപേദ്യഃ പാപ്മനാ ഗൃഹീതഃ സ്യാത്-പാപ്മാ വ അംഹ ഇന്ദ്രമേവാംഹോമുചം സ്വേന ഭാഗ-ധേയേനോപധാവതി സ ഏവൈനം പാപ്മനോഽംഹസോ മുഞ്ചതീന്ദ്രായ വൈമൃധായ പുരോഡാശമേകാദശകപാലം നിർവപേദ്യം മൃധോഽഭിപ്രവേപേരൻ രാഷ്ട്രാണി വാഽഭി സമീയുരിന്ദ്രമേവ വൈമൃധം സ്വേനഭാഗധേയേനോപധാവതി സ ഏവാസ്മാന്മൃധഃ അപഹന്തീന്ദ്രായ ത്രാത്രേ പുരോഡാശ-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മേകാദശ കപാലം നിർവപേദ്ബദ്ധോവാ പരിയത്തോ വേ-ന്ദ്രമേവത്രാതാരം സ്വേന ഭാഗധേയേനോപധാവതി സ ഏവൈനം ത്രായത ഇന്ദ്രായാർകാശ്വമേധവതേ പുരോഡാശമേ-കാദശകപാലം നിർവപേദ്യം മഹായജ്ഞോനോപനമേദേതേ വൈമഹാ യജ്ഞസ്യാന്ത്യേതന്യദർകാശ്വമേധാവിന്ദ്രമേവാ-ർകാശ്വമേധവന്തം സ്വേന ഭാഗധേയേനോപധാവതി സ ഏവാസ്മാ അന്തതോ മഹായജ്ഞം ച്യാവയത്യുപൈനം മഹാ യജ്ഞോനമതി ॥

അർത്ഥം—

1. തനിക്കു് ധാരാളം പശുക്കൾ വേണം എന്നു് ആഗ്രഹിക്കുന്നവൻ ഇന്ദ്രനെ ഉദ്ദേശിച്ചു് പാകം ചെയ്ത ഹവിസ്സ് സമർപ്പിക്കണം. പശുക്കൾ ഇന്ദ്രനെ സംബന്ധിച്ചവയാണല്ലോ ? തന്റെ ഭാഗം സമർപ്പിച്ചതുകൊണ്ടു് യജമാനൻ ഇന്ദ്രനെത്തന്നെ സമീപിക്കുന്നു. ആ ഇന്ദ്രൻ തന്നെ യജമാനനു്പശുക്കളെ നൽകുന്നു. യജമാനൻ പശുക്കളോടു് കൂടിയവനായിത്തീരുന്നു. പാകം ചെയ്ത ഹവിസ്സ് ഹോമിക്കുന്നതു കൊണ്ടു് യജമാനന്റെ പശുക്കൾ പ്രസവിച്ചു് യജമാനനു് ധാരാളം പശുക്കൾ ലഭിക്കുന്നു.

2 തനിക്കു് ധാരാളം പശുക്കൾ ലഭിക്കണം എന്നു് ആഗ്രഹിക്കുന്നവൻ ബലവാനായ ഇന്ദ്രനെ ഉദ്ദേശിച്ചു് പതിനൊന്നു് പാത്രത്തിൽ പാകം ചെയ്ത പുരോഡാശം സമപ്പിക്കണം. പശുക്കൾ ബലമാണല്ലോ? തന്റെ ഭാഗം സമപ്പിച്ചതുകൊണ്ടു് യജമാനൻ ബലവാനായ ഇന്ദ്രനെത്തന്നെ സമീപിക്കുന്നു. ആ ഇന്ദ്രൻ തന്നെ യജമാ-നനു് ബലവും പശുക്കളും നൽകുന്നു. യജമാനൻ പശുക്ക-ളോടു് കൂടിയവനായിത്തീരുന്നു.

3. ബ്രഹ്മ വർചസ്സ് ആഗ്രഹിക്കുന്നവൻ ധമ്മശീലനായ ഇന്ദ്രനെ ഉദ്ദേശിച്ചു് പതിനൊന്നു് പാത്രത്തിൽ പാകം ചെയ്ത ഹവിസ്സ് സമപ്പിക്കണം. ബ്രഹ്മവർചസ്സ് എന്നതു് ധർമ്മം തന്നെയാണു് തന്റെ ഭാഗം സമപ്പിച്ചതു കൊണ്ടു്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യജമാനൻ ധർമ്മിഷ്ഠനായ ഇന്ദ്രനെത്തന്നെ സമീപിക്കുന്നു. ആ ഇന്ദ്രൻ തന്നെ യജമാനന് ബ്രഹ്മവർചസ്സ് നൽകുന്നു. യജമാനൻ ബ്രഹ്മവർചസ്സോട് കൂടിയവനായിത്തീരുന്നു.

4 ഭക്ഷണസാധനങ്ങൾ ധാരാളം കിട്ടണം എന്ന് ആഗ്രഹിക്കുന്നവൻ സൂര്യനോട് കൂടിയിരിക്കുന്ന ഇന്ദ്രന്.പതിനൊന്ന് പാത്രത്തിൽ പാകം ചെയ്ത പുരോഡാശം സമർപ്പിക്കണം. സൂര്യനാണല്ലോ ദേവന്മാർക്ക് അന്നം നൽകുന്നത്. തന്റെ ഭാഗം സമർപ്പിച്ചതുകൊണ്ട് യജമാനൻ സൂര്യനോടുകൂടിയിരിക്കുന്ന ഇന്ദ്രനെത്തന്നെ സമീപിക്കുന്നു. സൂര്യനോടുകൂടിയ ഇന്ദ്രൻ തന്നെ യജമാനന് അന്നം നൽകുന്നു.

5. ഐശ്വര്യം ആഗ്രഹിക്കുന്നവൻ അഗ്നിയോടുകൂടിയിരിക്കുന്ന ഇന്ദ്രനെ ഉദ്ദേശിച്ച് പതിനൊന്ന് പാത്രത്തിൽ പാകം ചെയ്ത പുരോഡാശവും, ഇന്ദ്രിയ ബലത്തോടുകൂടിയ ഇന്ദ്രനെ ഉദ്ദേശിച്ച് പതിനൊന്ന് പാത്രത്തിൽപാകം ചെയ്ത പുരോഡാശവും ആദിത്യനോടുകൂടിയിരിക്കുന്ന ഇന്ദ്രനെ ഉദ്ദേശിച്ച് പതിനൊന്ന് പാത്രത്തിൽ പാകം ചെയ്ത പുരോഡാശവും സമർപ്പിക്കണം. അഗ്നിയോടുകൂടിയിരിക്കുന്ന ഇന്ദ്രന് പുരോഡാശം സമർപ്പിക്കുന്നതുകൊണ്ട് യജമാനൻ സദസ്സുകളിൽ പ്രധാനി ആയിത്തീരുന്നു. ഇന്ദ്രിയശക്തിയോടുകൂടിയ ഇന്ദ്രനെ ഉദ്ദേശിച്ച് പുരോഡാശം സമർപ്പിക്കുന്നതുകൊണ്ട് യജമാനന് ശരീരപുഷ്ടി ഉണ്ടാകുന്നു. ആദിത്യനോടു കൂടിയിരിക്കുന്ന ഇന്ദ്രനെ ഉദ്ദേശിച്ച് പുരോഡാശം സമർപ്പിക്കുന്നതുകൊണ്ട് യജമാനന് അന്നം മുതലായവ സുഭിക്ഷമായി ലഭിക്കുന്നു. യജമാനന് ഐശ്വര്യവും ലഭിക്കുന്നു.

6. പാപത്താൽ പീഡിതനായവൻ പാപത്തിൽ നിന്ന് മോചിപ്പിക്കുന്ന ഇന്ദ്രനെ ഉദ്ദേശിച്ച് പതിനൊന്ന് പാത്രത്തിൽ പാകം ചെയ്ത പുരോഡാശം സമർപ്പിക്കണം.അംഹസ്സ് എന്നുപറയുന്നത് പാപംആണ്. തന്റെ ഭാഗം സമർപ്പിച്ചതുകൊണ്ട് യജമാനൻ പാപത്തിൽനിന്ന് മോചി-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്പിക്കുന്ന ഇന്ദ്രനെ സമീപിക്കുന്നു. ആ ഇന്ദ്രൻ തന്നെ യജമാനനെ പാപത്തിൽ നിന്നും ദുർവിധിയിൽ നിന്നും മോചിപ്പിക്കുന്നു.

7. ശത്രു യുദ്ധത്തിന് വന്നേക്കുമോ എന്ന് പേടിക്കുന്നവൻ യുദ്ധം ജയിക്കുന്ന ഇന്ദ്രനെ ഉദ്ദേശിച്ച് പതിനൊന്ന് പാത്രത്തിൽ പാകം ചെയ്ത പുരോഡാശം സമർപ്പിക്കണം. ശത്രു ആക്രമിക്കാൻ വന്നാലും ഈ യാഗം തന്നെ അനുഷ്ഠിക്കണം. തന്റെ ഭാഗം സമർപ്പിച്ചതുകൊണ്ട് തജമാനൻ യുദ്ധം ജയിക്കുന്ന ഇന്ദ്രനെത്തന്നെ സമീപിക്കുന്നു. ആ ഇന്ദ്രൻ യജമാനനെ യുദ്ധത്തിൽ നിന്ന് രക്ഷിക്കുന്നു.

8. ബദ്ധനായിട്ടുള്ളവനും ബദ്ധനാക്കപ്പെടുന്നവനും ത്രാതാവായ ഇന്ദ്രനെ ഉദ്ദേശിച്ച് പതിനൊന്ന് ചാത്രത്തിൽ പാകം ചെയ്ത പുരോഡാശം സമർപ്പിക്കണം. തന്റെഭാഗം സമർപ്പിച്ചതുകൊണ്ട് യജമാനൻ ത്രാതാവായ ഇന്ദ്രനെത്തന്നെ സമീപിക്കുന്നു, ആ ഇന്ദ്രൻ തന്നെ യജമാനനെ രക്ഷിക്കുന്നു.

9. പ്രധാനപ്പെട്ട യാഗം നടത്തുന്നതിന് വേണ്ട സൗകര്യം ലഭിക്കുന്നതിന് വേണ്ടി ആദിത്യനോടും അശ്വമേധത്തോടും കൂടിയിരിക്കുന്ന ഇന്ദ്രനെ ഉദ്ദേശിച്ച് പതിനൊന്ന് പാത്രത്തിൽ പാകം ചെയ്ത പുരോഡാശം സമർപ്പിക്കണം. ഈ ആദിത്യനും അശ്വമേധവും മഹായജ്ഞത്തിന്റെ ശരീരമാണ്. തന്റെ ഭാഗം സമർപ്പിച്ചതുകൊണ്ട് യജമാനൻ ആദിത്യനോടും അശ്വമേധത്തോടും കൂടിയിരിക്കുന്ന ഇന്ദ്രനെത്തന്നെ സമീപിക്കുന്നു. ആ ഇന്ദ്രൻതന്നെ യജമാനന് വേണ്ടി മഹായജ്ഞത്തെ യജമാനന്റെ സമീപത്തിൽ എത്തിക്കുന്നു (യജമാനന് പ്രധാനപ്പെട്ട യാഗം നടത്താൻ സാധിക്കുന്നു.) യജമാനനെ മഹായജ്ഞം വണങ്ങുന്നു. (യജമാനൻ യാഗം നിർവിഘ്നം നടത്തുന്നു.

ഇതി സപ്തമോഽനുവാകഃ

അഥ അഷ്ടമോഽനുവാകഃ (ബ്രാഹ്മണം)

സംഹിതാ—

ഇന്ദ്രായാൻവൃജവേ പുരോഡാശമേകാദശകപാലം നിർവ-പേദ്ഗ്രാമകാമഃ ഇന്ദ്രമേവാൻവൃജ്ജം സ്വേന ഭാഗധേയേ-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നോപധാവതി സ ഏവാസ്മൈ സജാതാനനുകാൻ കരോതി ഗ്രാമ്യേവ ഭവതീന്ദ്രാണ്യൈചരും നിർവപേദ്യസ്യ സേനാ ഽസംശിതേവസ്യാദിന്ദ്രാണീവൈസേനായൈ ദേവ- തേന്ദ്രാണീമേവ സ്വേന ഭാഗധേയേനോപധാവതി സൈ- വാസ്യസേനാം സംശ്യതി ബൽബജാനപി ഇധ്മേസം- നഹ്യേദ്ഗൗർയത്രാധിഷ്കന്നാന്യമേഹത്തതോ ബൽബജാ ഉദതിഷ്ഠൻ ഗവാമേവൈനം ന്യായമപിനീയ ഗാവേദയതീ- ന്ദ്രായ മന്യുമതേമനസ്വതേ പുരോഡാശമേകാദശകപാലം നിർ- വപേത്സം ഗ്രാമേ സംയത്ത ഇന്ദ്രിയേണ വൈമന്യുനാ മനസാ സംഗ്രാമം ജയതീന്ദ്രമേവമന്യുമന്തം മനസ്വന്തം സ്വേന ഭാഗ- ധേയേനോ പധാവതി സ ഏവാ സ്മിന്നിന്ദ്രിയംമന്യും മനോ ദധാതി ജയതിതം സംഗ്രാമമേതാമേവ നിർവപേദ്യോഹത- മനാഃ സ്വയം പാപ ഇവസ്യാദേതാനിഹിവാ ഏത സ്മാദപ- ക്രാന്താന്യഥൈഷഹതമനാഃ സ്വയം പാപ ഇന്ദ്രമേവ മന്യുമന്തം മനസ്വന്തംസ്വേന ഭാഗധേയേനോ പധാവതി സ ഏവാസ്മി- ന്നിന്ദ്രിയം മന്യും മനോദധാതിനഹതമനാഃ സ്വയം പാപോ ഭവതീന്ദ്രായദാത്രേ പുരോഡാശ മേകാ ദശകപാലം നിർവപേ- ദ്യഃ കാമയേത ദാനകാമാഃ മേ പ്രജാഃ സ്യരിതീന്ദ്രമേവ ദാതാരം സ്വേന ഭാഗധേയേനോപധാവതി സ ഏവാ സ്മൈദാനകാമാഃ പ്രജാഃ കരോതി ദാനകാമാ അസ്മൈ പ്രജാഭവന്തീന്ദ്രായ പ്രദാത്രേ പുരോഡാശമേകാദശകപാലം നിർവപേദ്യസ്മൈ പ്രത്തമിവസന്ന പ്രദീയേതേന്ദ്രമേവ പ്രദാതാരം സ്വേനഭാഗ- ധേയേനോ പധാവതി സ ഏവാസ്മൈ പ്രദാപയതീന്ദ്രായ സുത്രാമണേപുരോഡാശമേകാദശകപാലം നിർവപേദപരുദ്ധോ വാ അപരുദ്ധ്യമാനോ വേന്ദ്രമേവ സുത്രാമാണം സ്വേനഭാഗ ധേയേനോ പധാവതി സ ഏവൈനം ത്രായതേ ഽനപരുദ്ധ്യോ ഭവതീന്ദ്രോവൈസദൃങ് ദേവതാഭിരാസീത്സനവ്യാവൃതമഗച്ഛ- ത്സപ്രജാപതി മുപാധാവത്തസ്മാ ഏതമൈന്ദ്രമേകാദശ കപാ- ലംനിരവപത്തേനൈവാസ്മിന്നിന്ദ്രിയമ ദധാച്ഛക്വരീയാജ്യാ നുവാക്യേ അകരോദ്വജ്രോവൈശക്വരി സ ഏനം വജ്രോഭൂത്വാ ഐന്ധസോഽദവത്സോഽബിഭേദ്ഭൂതഃപ്രമാധക്ഷ്യതിതിസ പ്രജാ പതിം പുനരുപാധാവത്സ പ്രജാപതിഃശക്വര്യാ അധിരേവതീം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നിരമിമീത ശാന്ത്യാ അപ്രദാഹായയോഽലം ശ്രിയൈസൻ സദ്ദങ് സമാനൈഃ സ്യാത്തസ്മാ ഏതമൈന്ദ്രമേകാദശകപാലം-നിർവപേദിന്ദ്രമേവസ്വേനഭാഗധേയേനോപധാവതിസ ഏവാ-സ്മിന്നിന്ദ്രിയം ദധാതി രേവതിപുരോഽനുവാക്യാഭവതി ശാന്ത്യാ അപ്രദാഹായ ശക്വരീയാജ്യാവജ്രോവൈശക്വരീ സ ഏനം വജ്രോഭൂത്വാ ഇന്ധേ ഭവത്യേവ !!

അത്ഥം—

1. ഗ്രാമത്തിന്റെ ആധിപത്യം ആഗ്രഹിക്കുന്നവൻ വക്രബുദ്ധിയില്ലാത്ത ഇന്ദ്രനെ ഉദ്ദേശിച്ച് പതിനൊന്ന് പാത്രത്തിൽ പാകം ചെയ്ത ഹവിസ്സ് സമപ്പിക്കണം. തന്റെ ഭാഗം സമപ്പിച്ചതു കൊണ്ട് യജമാനൻ വക്രബുദ്ധിയില്ലാത്ത ഇന്ദ്രനെത്തന്നെ സമിപിക്കുന്നു. ആ ഇന്ദ്രൻ തന്നെ യജമാനനു തുല്യരായ ആളുകളെ യജമാനന്റെ അനുയായികളാക്കുന്നു. യജമാനൻ ഗ്രാമാധിപതിയായി ഭവിക്കുന്നു.

2. യാതൊരുത്തന്റെ സൈന്യം ബലഹീനമായതു പോലെ തോന്നുന്നുവോ അവൻ ഇന്ദ്രാണിയെ ഉദ്ദേശിച്ച് ഹവിസ്സ് പാകം ചെയ്ത് സമപ്പിക്കണം. സൈന്യത്തിന്റെ ദേവത ഇന്ദ്രാണിയാണ്. തന്റെ ഭാഗം സമപ്പിച്ചതു കൊണ്ട് യജമാനൻ ഇന്ദ്രാണിയെത്തന്നെ സമീപിക്കുന്നു. യജമാനന്റെ സൈന്യം ബലം കുറഞ്ഞതാകുന്നില്ല.

3. ഈ യാഗത്തിനു ബൽബജംഎന്ന പേരുള്ള ഒരു തരം പുല്ല് കൂടി അഗ്നിയിൽ ഇടണം. പശുമേഞ്ഞു കൊണ്ടിരിക്കുമ്പോരം എവിടെ മൂത്രം ഒഴിച്ചുവോ ആ പ്രദേശത്തിൽ നിന്നാണു ബൽബജം എന്ന പുല്ല് മേൽമപാട്ട വന്നതു്. പശുക്കളുടെ തന്നെയായ ഈ പുല്ല് മാററിയിട്ട് ന്യായമായും യജമാനനു് പശുക്കരം ലഭിക്കുന്നു.

4. യുദ്ധത്തിൽ ഏപ്പെട്ടിരിക്കുന്നവൻ കോപശീലനും ദൃഢനിശ്ചയമുള്ളവനും ആയ ഇന്ദ്രനെ ഉദ്ദേശിച്ച് പതിനൊന്ന് പാത്രത്തിൽ പാകം ചെയ്ത പുരോഡാശം സമപ്പിക്കണം. തന്റെ ബലം കൊണ്ടും കോപം കൊണ്ടും ദൃഢനിശ്ചയം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കൊണ്ടും യുദ്ധം ജയിക്കുന്നു. തൻെറ ഭാഗം സമർപ്പിച്ചതു കൊണ്ടു് യജമാനൻ ഇന്ദ്രനെ സമീപിക്കുന്നു. ആ ഇന്ദ്രൻ തന്നെ യജമാനനു് ദൃഢനിശ്ചയവും കോപവും ഉണ്ടാക്കുന്നു. യജമാനൻ ആ യുദ്ധം ജയിക്കുകയും ചെയ്യുന്നു

5. യാതൊരുത്തൻ പാപകൃത്യം ചെയ്തവനെപ്പോലെ ധൈര്യമില്ലാത്തവനായിതിരുന്നുവോ അവൻ ഈ യാഗം തന്നെ നടത്തണം. യജമാനനുള്ള ധൈര്യഹാനി മുതലായ ദോഷങ്ങൾ യജമാനനിൽ നിന്നു് മാറിപ്പോകും. അനന്തരം പാപം ചെയ്തവനാണെന്നു് സ്വയം വിചാരിച്ച് ധൈര്യം നഷ്ടപ്പെട്ട യജമാനൻ കോപശീലനനും ദൃഢനിശ്ചയമുള്ളവനും ആയ ഇന്ദ്രനെത്തന്നെ തൻെറ ഭാഗം സമർപ്പിച്ചതു കൊണ്ടു് സമീപിക്കുന്നു. ആ ഇന്ദ്രൻ തന്നെ യജമാനനു് ബലവും കോപവും മനോനിശ്ചയവും നൽകുന്നു. പാപം ചെയ്തവനാണെന്നുള്ള വിചാരവും ധൈര്യനാശവും ഉണ്ടാകുന്നില്ല.

6. മററുള്ളവർ തനിക്കു് ദാനം നൽകണമെന്നു് ആഗ്രഹിക്കുന്നവൻ ദാനശീലനായ ഇന്ദ്രനു് പതിനൊന്നു് പാത്രത്തിൽ പാകം ചെയ്ത പുരോഡാശം സമർപ്പിക്കണം. തൻെറ ഭാഗം സമർപ്പിച്ചതു കൊണ്ടു് യജമാനൻ ദാതാവായ ഇന്ദ്രനെത്തന്നെ സമീപിക്കുന്നു. ആ ഇന്ദ്രൻ തന്നെ ആളുകളിൽ യജമാനനു് ദാനം ചെയ്യണം എന്ന ആഗ്രഹം ഉണ്ടാക്കുന്നു. ആളുകൾ യജമാനനു് ദാനം ചെയ്യാൻ ആഗ്രഹം ഉള്ളവരായിത്തീരുന്നു.

7. തനിക്കു ലഭിക്കേണ്ട ധനം കിട്ടാതെ വരുമ്പോൾ അതു് കിട്ടുന്നതിനു് വേണ്ടി പ്രദാതാവായ ഇന്ദ്രനെ ഉദ്ദേശിച്ച് പതിനൊന്നു് പാത്രത്തിൽ പാകം ചെയ്ത പുരോഡാശം സമർപ്പിക്കണം. തൻെറ ഭാഗം സമർപ്പിച്ചതു കൊണ്ടു് യജമാനൻ പ്രദാതാവായ ഇന്ദ്രനെത്തന്നെ സമീപിക്കുന്നു. ആ ഇന്ദ്രൻ തന്നെ യജമാനനു് ധനം കൊടുപ്പിക്കുന്നു.

8. രാജ്യഭ്രഷ്ടനോ രാജ്യത്തിൽനിന്നു് ഭ്രഷ്ടനാക്കപ്പെടുന്നവനോ ആയിട്ടുള്ളവൻ സുത്രാമാവായ ഇന്ദ്രനായിക്കൊണ്ടു്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പതിനൊന്നു് പാത്രത്തിൽ പാകം ചെയ്ത പുരോഡാശം സമർപ്പിക്കണം. തന്റെ ഭാഗം സമർപ്പിച്ചതുകൊണ്ടു് യജമാനൻ സുത്രാമാവായ ഇന്ദ്രനെത്തന്നെ സമീപിക്കുന്നു. ആ ഇന്ദ്രൻ തന്നെ യജമാനനെ രക്ഷിക്കുന്നു. യജമാനൻ രാജ്യത്തിൽനിന്നു് ഭ്രഷ്ടനാക്കപ്പെടുന്നില്ല.

9. ഇന്ദ്രനു് മററു് ദേവന്മാരെക്കാറം യാതൊരു പ്രത്യേകതയും ഉണ്ടായിരുന്നില്ല. ഇന്ദ്രൻ പ്രജാപതിയെ സമീപിച്ചു. മററു് ദേവന്മാരെക്കാറം ശ്രേഷ്ഠതകിട്ടുന്നതിനു് വേണ്ടി ഇന്ദ്രനെ സംബന്ധിച്ച പതിനൊന്നു് പാത്രത്തിൽ പാകം ചെയ്ത ഹവിസ്സു് സമർപ്പിച്ചു. അതുകൊണ്ടു് ഇന്ദ്രനു് ശക്തിലഭിച്ചു. ഈ യാഗത്തിനുള്ള യാജ്യാമന്ത്രവും പുരോ/നുവാക്യാമന്ത്രവും ശക്വരിഛന്ദസ്സിൽ നിർമ്മിച്ചു. ശക്വരീഛന്ദസ്സു് വജ്രായുധമായിത്തീർന്നു് യജമാനനെ പ്രകാശിപ്പിച്ചു.

അപ്പോറം ഭൃതം തന്നെ ദഹിപ്പിക്കുന്നു എന്നു് വിചാരിച്ചു് ഇന്ദ്രൻ പേടിച്ചു. ഇന്ദ്രൻ വീണ്ടും പ്രജാപതിയെ സമീപിച്ചു. പ്രജാപതി ശക്വരിഛന്ദസ്സിനെ ജയിക്കത്തക്കവിധത്തിലും ശാന്തിക്ക വേണ്ടിയും ഇന്ദ്രനു് ദോഷം വരാതിരിക്കുന്നതിനു് വേണ്ടിയും രേവതിയെ സൃഷ്ടിച്ചു. .‘‘രേവതി’’ എന്ന പദംവരുന്നമന്ത്രം)

10. ഐശ്വര്യം ലഭിക്കാൻ അർഹനാണെങ്കിലും മററുള്ളവർക്ക തുല്യനായിതന്നെ ഇരിക്കുന്നവൻ ഉയർച്ചയ്ക്കുവേണ്ടി (തുല്യരായ ആളുകളെക്കാറം ധനവാനാകുന്നതിനു്വേണ്ടി) ഇന്ദ്രനെ ഉദ്ദേശിച്ചു് പതിനൊന്നു് പാത്രത്തിൽ പാകം ചെയ്ത ഹവിസ്സു് സമർപ്പിക്കണം. തന്റെ ഭാഗം സമർപ്പിച്ചതുകൊണ്ടു് യജമാനൻ ഇന്ദ്രനെ തന്നെ സമീപിക്കുന്നു. ആ ഇന്ദ്രൻ തന്നെ യജമാനനു് ശക്തി നൽകുന്നു. രേവതീമന്ത്രം പുരോ/നുവാക്യയായി ചൊല്ലുന്നു. അതു് ശാന്തി ലഭിക്കുന്നതിനു് വേണ്ടിയും ദോഷം ഉണ്ടാകാതിരിക്കുന്നതിനു് വേണ്ടിയും ആണു് ശക്വരീഛന്ദസ്സിലുള്ള മന്ത്രം യാജ്യയായി ചൊല്ലുന്നു. ശക്വരീഛന്ദസ്സിലുള്ള യാജ്യാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മന്ത്രം വജ്രായുധമായിത്തീർന്നു് യജമാനനെ പ്രകാശിപ്പിക്കുന്നു. യജമാനൻ തീർച്ചയായും മററുള്ളവരെക്കാരം ഉൽകൃഷ്ടനാകും.

ഇതി അഷ്ടമോfനുവാകഃ

അഥനവf മോനുവാകഃ

സംഹിത—

ആഗ്നാവൈഷ്ണവമേകാദശകപാലം നിർവപേദഭിചരൻ സരസ്വത്യാജ്യഭാഗാ സ്യാദ് ബാർഹസ്പത്യശ്ചരുർയദാഗ്നാവൈഷ്ണവ ഏകാദശകപാലോ ഭവത്യഗ്നിഃ സർവ്വാദേവതാ വിഷ്ണുർയജ്ഞോ ദേവതാഭിശ്ചൈവൈനം യജ്ഞേന ചാഭിചരതി സരസ്വത്യാജ്യഭാഗാഭവതിവാഗ്വൈ സരസ്വതീവാചൈവൈനമഭിചരതി ബാർഹസ്പത്യശ്ചരുർഭവതി ബ്രഹ്മവൈ ദേവനാം ബൃഹസ്പതിഃ ബ്രഹ്മണൈവൈനമഭിചരതിപ്രതിവൈ പരസ്താദഭിചരാന്തമഭിചരന്തിദ്വേദ്വേ പുരോfനുവാക്യേ കുർയാദതി പ്രയുക്ത്യാഏതയൈവ യജേതാഭിചർയമാണോ ദേവതാഭിരേവ ദേവതാഃ പ്രതിചരതി യജ്ഞേന യജ്ഞം വാചാ വാചം ബ്രഹ്മണാ ബ്രഹ്മ സ ദേവതാശ്ചൈവ യജ്ഞം ച മധ്യതോവ്യവസർപതീതസ്യനകുതശ്ചനോപാവ്യാധോഭവതി നൈനമഭിചരൻസ്തൃണുത ആഗ്നാവൈഷ്ണവമേകാദശകപാലം നിർവപേദ്യം യജ്ഞോ ന ഉപനമേദഗ്നിഃ സർവ്വാദേവതാ വിഷ്ണുർയജ്ഞോfഗ്നിംചൈവ വിഷ്ണും ച സ്വേന ഭാഗധേയേനോപധാവതി താവേ വാസ്മൈ യജ്ഞം പ്രയച്ഛത ഉപൈനം യജ്ഞോനമത്യാഗ്നാ വൈഷ്ണവം ഘൃതേ ചരും നിർവപേച്ചക്ഷുഷ്കാമോfഗ്നേർവൈചക്ഷുഷാ മനുഷ്യാ വിപശ്യന്തി യജ്ഞസ്യദേവാ അഗ്നിം ചൈവ വിഷ്ണും ച സ്വേന ഭാഗധേയേനോപധാവതിതാവേവ അസ്മിഞ്ചക്ഷുർധത്ത ശ്ചക്ഷുഷ്മാ നേവ ഭവതിധേന്വൈ വാ ഏതദ്രേതോ യദാജ്യമനഡുഹസ്തണ്ഡുലാ മിഥുനാദേവാസ്മൈ ചക്ഷുഃ പ്രജനയതിഘൃതേഭവതിതേജോവൈഘൃതം തേജ ശ്ചക്ഷുസ്തേജസൈവാസ്മൈ തേജശ്ചക്ഷുര വരുന്ധ ഇന്ദ്രിയം വൈ വീർയം വൃങ്ക്തേഭ്രാതൃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വ്യോയജമാനോ ƒ യജമാനസ്യാധ്വര കല്പാം പ്രതി നീർവപേത് ഭ്രാതൃവ്യേയജമാനേ നാസ്യേന്ദ്രിയം വീര്യം വൃങ്ക്തേ പുരാവാച ഃപ്രവദിതോർനിർവപേദ്യാവന്ത്യേവ വാക്താമപ്രോദിതാംഭ്രാതൃവ്യസ്യ വൃങ്ക്തേതാമസ്യവാചം പ്രവദന്തീമന്യാവാചോനപ്രവദന്തി താഇന്ദ്രിയം വീര്യംയജമാനേദധത്യാഗ്നാവൈഷ്ണവമഷ്ടാകപാലം നിർവപേത്പ്രാതഃ സവനസ്യ ƒ കാലേസരസ്വത്യാജ്യഭാഗാസ്യാദ്ബാർഹസ് പത്യശ്ചരുർയദഷ്ടാകാപ്യലോഭവതഷ്ടാക്ഷരാഗായത്രി ഗായത്രം പ്രാതഃസവനം പ്രാതസ്സവനമേവതേനാ ƒ ƒ പ്നോതി ആഗ്നാവൈഷ്ണവമേകാദശകപാലം നിർവപേന്മാധ്യം ദിനസ്യസവനസ്യ ƒ ƒ കാലേ സരസ്വത്യാജ്യ ഭാഗാസ്യാദ് ബാർഹസ്പത്യശ്ചരുർയദേകാദശകപാലോ ഭവത്യേകാദശാക്ഷരാത്രിഷ്ടുഭ്ത്രൈഷ്ടുഭം മാധ്യം ദിനം സവനം മാധ്യന്ദിനമേവസവനം തേനാ ƒ ƒ പ്നോത്യാഗ്നാവൈഷ് ണവം ദ്വാദശകപാലം നിർവപേത്തൃതിയസവനസ്യാ ƒ ƒ കാലേ സരസ്വത്യാജ്യഭാഗാസ്യാദ് ബാർഹസ്പത്യശ്ചരുർയദ് ദ്വാദശകപാലോഭവതിദ്വാദശാക്ഷരാജഗതീ ജാഗതം തൃതീയ സവനം തൃതീയ സവനമേവതേനാപ്നോതി ദേവതാഭിരേവ ദേവതാഃ പ്രതിചരതി യജ്ഞേനയജ്ഞം വാചാവാചം ബ്രഹ്മണാ ബ്രഹ്മ കപാലൈരേവഛന്ദാംസ്യാപ്നോതി പുരോഡാശൈഃ സവനാനി മൈത്രാവരുണമേകകപാലം നിർവപേദ്വശായൈ കാലേയൈവാസൗഭ്രാതൃവ്യസ്യവശാ ƒ നൂവന്ധ്യാ സാ ഏവൈവൈഷൈതസ്യൈകകപാലോഭവതി നഹികപാലൈഃ പശുമർഹത്യാപ്തും ॥

അർത്ഥം—

1. ആഭിചാരം ചെയ്യാൻ ആഗ്രഹിക്കുന്നവൻ അഗ്നിയേയും വിഷ്ണുവിനേയും ഉദ്ദേശിച്ച് പതിനൊന്ന് പാത്രത്തിൽ പാകം ചെയ്ത ഹവിസ്സ് സമർപ്പിക്കണം. സരസ്വതിയെ ഉദ്ദേശിച്ച് നെയ്യ് ഹോമിക്കയും വേണം. ബൃഹസ്പതിയെ ഉദ്ദേശിച്ച് പാകംചെയ്ത ഹവിസ്സ് ഹോമിക്കണം.

അഗ്നിയേയും വിഷ്ണുവിനേയും ഉദ്ദേശിച്ച് പതിനൊന്ന് പാത്രത്തിൽ പാകം ചെയ്ത ഹവിസ്സ് ഹോമി-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്കുന്നു. എന്തു കൊണ്ടെന്നാൽ അഗ്നി എല്ലാ ദേവന്മാരും ആണ് (അഗ്നിയെ ആരാധിച്ചാൽ എല്ലാ ദേവന്മാരെയും ആരാധിച്ച ഫലം ലഭിക്കും) വിഷ്ണു യാഗമാണ്. എല്ലാ ദേവതകളോടും യാഗത്തോടും കൂടി യജമാനന്ന് വേണ്ടി ആഭിചാരം ചെയ്യുന്നു.

സരസ്വതിയെ നെയ്യ് ഹോമിച്ച് ആരാധിക്കുന്നു. സരസ്വതി വാക്ക് ആണല്ലോ? വാക്കു കൊണ്ടു തന്നെ യജമാനന്ന് വേണ്ടി ആഭിചാരംചെയ്യുന്നു. ബൃഹസ്പതിയെ ഉദ്ദേശിച്ച് പാകം ചെയ്ത ഹവിസ്സ് ഹോമിക്കുന്നു. ബ്രഹ്മാവാണല്ലോ ദേവന്മാരുടെ ബൃഹസ്പതി. ബ്രഹ്മാവിനാൽ തന്നെ യജമാനന്ന് വേണ്ടി ആഭിചാരം ചെയ്യപ്പെടുന്നു.

അതിന്ന് ശേഷം ആരെങ്കിലും ആഭിചാരം ചെയ്യുകയാണെങ്കിൽ ആഭിചാരക്രിയ നടത്തിയവനെ ഉദ്ദേശിച്ച് ഇതേ യാഗം നടത്തി വീണ്ടും ആഭിചാരക്രിയ നടത്തുന്നു.

മററൊരുത്തൻെറ ആഭിചാര ക്രിയയാൽ പീഡിതനായവൻ ഈ യാഗം തന്നെ നടത്തുന്നു. ദേവതകളാൽ തന്നെ ദേവതകൾ തോൽപിക്കപ്പെടുന്നു. യാഗത്താൽ യാഗവും വാക്കു കൊണ്ടു വാക്കും ബ്രഹ്മത്താൽ ബ്രഹ്മവും തോൽപിക്കപ്പെടുന്നു. യജമാനൻ ദേവതകളുടേയും യാഗത്തിൻേറയും മദ്ധ്യത്തിൽ രക്ഷപ്പെടുന്നു. യജമാനന്ന് ഒരു സ്ഥലത്തുനിന്നും പീഡ ഉണ്ടാകുന്നില്ല.

2. ഉദ്ദേശിച്ച യാഗം നടത്താൻ സാധിക്കാതെ വിഷമിക്കുന്നവൻ അതു നടത്തുന്നതിന്ന് വേണ്ടി അഗ്നിയേയും വിഷ്ണുവിനേയും ഉദ്ദേശിച്ച് പതിനൊന്ന് പാത്രത്തിൽ പാകം ചെയ്ത ഹവിസ്സ് സമർപ്പിക്കണം. അഗ്നി എല്ലാ ദേവതകളുമാണ്. വിഷ്ണു യജ്ഞമാണ്. തൻെറ ഭാഗം സമർപ്പിച്ചതു കൊണ്ട് യജമാനൻ അഗ്നിയേയും വിഷ്ണുവിനേയുംസമീപിക്കുന്നു. അവർ രണ്ടുപേരും യജമാനനെ യാഗം നടത്താൻ ശക്തനാക്കുന്നു. യാഗം യജമാനനെ വണങ്ങുന്നു. (യജമാനൻ യാഗം നടത്തുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

3. കണ്ണിന്നു് കാഴ്ചകിട്ടണമെന്നു് ആഗ്രഹിക്കുന്നവൻ അഗ്നിയേയും വിഷ്ണുവിനേയും ഉദ്ദേശിച്ചു് നെയ്യിൽപാകം ചെയ്ത ഹവിസ്സു് സമർപ്പിക്കണം. മനുഷ്യർ അഗ്നിയുടെ ചക്ഷുസ്സു് കൊണ്ടാണല്ലോ കാണുന്നതു്. ദേവന്മാർ യാഗത്തിന്റെ കണ്ണു്കൊണ്ടു് കാണുന്നു. തന്റെ ഭാഗം സമർപ്പിച്ചതുകൊണ്ടു് യജമാനൻ അഗ്നിയേയും വിഷ്ണുവിനേയും സമീപിക്കുന്നു. അവർ രണ്ടുപേരും യജമാനന്റെ കണ്ണുകൾക്കു് കാഴ്ചനൽകുന്നു യജമാനൻ കാഴ്ചയുള്ളവനായിത്തീരുന്നു.

പശുവിന്റെ ഇന്ദ്രിയ ശക്തിയാണു് നെയ്യായിത്തീരുന്നതു്. കാളയുടെ ഇന്ദ്രിയ ശക്തിയാണു് അരിയായിത്തീരുന്നതു്. യജമാനനു് കാളയിൽനിന്നും പശുവിൽ നിന്നും കാഴ്ചയുണ്ടാകുന്നു. യാഗത്തിനുള്ള ഹവിസ്സു് നെയ്യിൽ പാകം ചെയ്യുന്നു, നെയ്യു് തേജസ്സാണു്. നേത്രവും തേജസ്സാണു്. തേജോരൂപമായ നെയ്യ് ഹോമിക്കുന്നതുകൊണ്ടു് യജമാനനു് തേജോരൂപമായ ദൃഷ്ടിലഭിക്കുന്നു

യാഗം കഴിക്കാത്തവരുടെ ഇന്ദ്രിയ ശക്തിയും ബലവും യാഗം കഴിക്കുന്ന ശത്രു നശിപ്പിക്കുന്നു. അപ്പോൾ വീര്യവും ബലവും നഷ്ടപ്പെടാതിരിക്കുന്നതിനു് വേണ്ടി ശത്രു നടത്തിയ യാഗത്തിന്റെ ശക്തി നശിക്കത്തക്കവിധത്തിൽ യാഗം നടത്തണം അപ്പോൾ ആദ്യം യാഗം നടത്തിയ ശത്രു യജമാനന്റെ ഇന്ദ്രിയ ശക്തിയും ബലവും നശിപ്പിക്കുന്നില്ല.

ആളുകൾ ഉണരുന്നതിനു് മുൻപു് അഗ്നിയിൽ ഹോമം കഴിക്കണം. അപ്രകാരം ചെയ്യുകയാണെങ്കിൽ ശത്രുവിനു് അവൻ ഉദ്ദേശിക്കുന്നകാര്യംപറയാൻ സാധിക്കാതെ വരുന്നു യജമാനൻ പറയുന്നതു് മററുള്ളവർ സ്വീകരിക്കുന്നു. അവ യജമാനനു് ഇന്ദ്രിയ ശക്തിയും ബലവും നൽകുന്നു.

4. പ്രാതഃ കാലത്തു് ചെയ്യേണ്ട നിത്യകർമ്മം യഥോക്ത സമയത്തു് ചെയ്യാതിരുന്നാൽ അഗ്നിയേയും വിഷ്ണുവി-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നേയും സംബന്ധിച്ചതും എട്ട് പാത്രത്തിൽ പാകം ചെയ്തതുമായ ഹവിസ്സ് സമർപ്പിക്കണം. സരസ്വതീദേവിക്കായി നെയ്യ് ഹോമിക്കയും വേണം. ബൃഹസ്പതിയെ ഉദ്ദേശിച്ച് ഒരു പാത്രത്തിൽ പാകം ചെയ്ത ഹവിസ്സ് സമർപ്പിക്കണം. ഗായത്രി എട്ടക്ഷരങ്ങളോടു കൂടിയതായതു കൊണ്ട് എട്ടു പാത്രത്തിൽ ഹവിസ്സ് പാകം ചെയ്യുന്നു. പ്രാതഃകാലത്തു ചെയ്യുന്ന നിത്യകർമ്മം ഗായത്രിയെ സംബന്ധിച്ചതാണ്. അപ്രകാരം ചെയ്യുന്നതു കൊണ്ട് പ്രാതഃ കാലത്തു ചെയ്യേണ്ട നിത്യകർമ്മം സമയം തെററാതെ ചെയ്താൽ ലഭിക്കാവുന്ന ഫലം ലഭിക്കും.

5. മദ്ധ്യാഹ്നം ചെയ്യേണ്ട നിത്യകർമ്മം സമയം തെററി ചെയ്താൽ അഗ്നിയേയും വിഷ്ണുവിനേയും ഉദ്ദേശിച്ച് പതിനൊന്ന് പാത്രത്തിൽ പാകം ചെയ്ത ഹവിസ്സ് സമർപ്പിക്കണം സരസ്വതിയെ ഉദ്ദേശിച്ച് നെയ്യ് ഹോമിക്കയും വേണം. ബൃഹസ്പതിയെ ഉദ്ദേശിച്ച് ഹവിസ്സ് പാകം ചെയ്ത് ഹോമിക്കണം. ത്രിഷ്ടുപ്പ് ഛന്ദസ്സ് ഒററ സംഖ്യയിലുള്ള അക്ഷരങ്ങളോടുകൂടിയതാണ്. അതുകൊണ്ട് ഒററസംഖ്യയായ പതിനൊന്ന് പാത്രങ്ങളിൽ ഹവിസ്സ് പാകം ചെയ്തു സമർപ്പിക്കുന്നു. ഉച്ചക്ക് ചെയ്യേണ്ട നിത്യകർമ്മം ത്രിഷ്ടുപ്പ് ഛന്ദസ്സിനെ ആശ്രയിച്ചതാണ്. അപ്രകാരം അനുഷ്ഠിക്കുന്നതുകൊണ്ട് മദ്ധ്യാഹ്നകാലത്തു ചെയ്യേണ്ട നിത്യകർമ്മം നിർദ്ദിഷ്ടസമയത്തു ചെയ്താലുള്ള ഫലം തീർച്ചയായും ലഭിക്കുന്നു.

6. സായങ്കാലത്തിൽ അനുഷ്ഠിക്കേണ്ട നിത്യകർമ്മം സമയം തെററി ചെയ്യുകയാണെങ്കിൽ അഗ്നിയേയും വിഷ്ണുവിനേയും ഉദ്ദേശിച്ച് പന്ത്രണ്ട് പാത്രത്തിൽ പാകം ചെയ്ത ഹവിസ്സ് സമർപ്പിക്കണം. സരസ്വതിയെ ഉദ്ദേശിച്ച് നെയ്യ് ഹോമിക്കണം. ബൃഹസ്പതിയെ ഉദ്ദേശിച്ച് ഹവിസ്സ് പാകം ചെയ്തു സമർപ്പിക്കണം. സായം സന്ധ്യയിൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചെയ്യേണ്ട നിത്യകർമ്മം ജഗതീ ഛന്ദസ്സിനെ സംബന്ധിച്ചതാണ്. ജഗതിഛന്ദസ്സ് പന്ത്രണ്ടക്ഷരമുള്ളതായതു കൊണ്ട് സായംസന്ധ്യയിൽ അനുഷ്ഠിക്കേണ്ട നിത്യകർമ്മം വിധിച്ച സമയത്തിൽചെയ്യാത്തതിന്ന് പ്രായശ്ചിത്തമായി പന്ത്രണ്ട് പാത്രത്തിൽ പാകം ചെയ്ത ഹവിസ്സ് സമർപ്പിക്കുന്നു. ഇപ്രകാരം ചെയ്യുന്നതു കൊണ്ട് സായംസന്ധ്യയിൽ അനുഷ്ഠിക്കേണ്ട നിത്യകർമ്മം യഥാസമയം ചെയ്താലുള്ള ഫലം തീർച്ചയായും ലഭിക്കുന്നു.

ദേവതകളിൽ നിന്നുണ്ടാകുന്ന അനിഷ്ടം ദേവതകളാൽ തന്നെ യജമാനൻ മാററുന്നു. യാഗം നടത്തുന്നതുകൊണ്ട്-യാഗഫലം ലഭിക്കുന്നു. ദേവതകളെസ്തുതിക്കുന്നതു നിമിത്തം വാക്‌സാമർത്ഥ്യം ഉണ്ടാകുന്നു. ബ്രഹ്മാവിനെആരാധിക്കുന്നതു കൊണ്ട് ബ്രഹ്മാവിൻെറ പ്രീതിലഭിക്കുന്നു ഓരോഛന്ദസ്സിലിമുള്ളഅക്ഷരസംഖ്യ കണക്കാക്കി അത്രയും പാത്രങ്ങളിൽ ഹവിസ്സ് പാകം ചെയ്യുന്നതു കൊണ്ട് ഛന്ദോദേവതകളുടെ പ്രീതി ലഭിക്കുന്നു. പുരോഡാശം ഹോമിക്കുന്നതു കൊണ്ട് പ്രാതഃ കാലത്തും മദ്ധ്യഹ്നത്തിലും സായം-സന്ധ്യയിലും അനുഷ്ഠിക്കേണ്ട കർമ്മങ്ങളുടെ ഫലം ലഭിക്കുന്നു.

7. മച്ചിപ്പശുവിനെ യാഗം കഴിക്കുന്ന അവസരത്തിൽ മിത്രനേയും വരുണനേയും ഉദ്ദേശിച്ച് ഒരു പാത്രത്തിൽ പാകം ചെയ്ത ഹവിസ്സ് സമർപ്പിക്കണം. ഇപ്രകാരം യാഗത്തിൽ ഹോമിക്കാനുദ്ദേശിക്കുന്ന മച്ചിപ്പശു, ശത്രു, യാഗത്തിനുപയോഗിക്കുന്ന മച്ചിപ്പശുവിന്ന് തുല്യമായിരിക്കണം (വലിപ്പത്തിലും നിറത്തിലും) ഈ യാഗത്തിന്ന് ഒരു പാത്ര-ത്തിൽ പാകം ചേയ്ത ഹവിസ്സ് ഹോമിക്കുന്നു. എന്തു കൊണ്ടെന്നാൽ അനേകം പാത്രങ്ങളിൽ പാകം ചെയ്ത ഹവിസ്സ് ഹോമിക്കുന്നതു കൊണ്ട് പശുവിനെ യാഗം കഴിക്കുന്നതു കൊണ്ടുള്ള ഫലം കിട്ടുന്നില്ല.

ഇതിനവമോഽനുവാകഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഥ ദശമോഽനുവാകഃ

സംഹിത —

അസാവാദിത്യോ ന വ്യരോചത തസ്മൈ ദേവാഃ പ്രായശ്ചിത്തിമൈച്ഛന്തസ്മാ ഏതം സോമാരൌദ്രം ചരും നിരവപന്തേനൈവാസ്മിൻ രുചമദധുർയോ ബ്രഹ്മവർച-സകാമഃ സ്യാത്തസ്മാ ഏതം സോമാരൗദ്രം ചരും നിർവപേത്സോമം ചൈവരുദ്രം ച സ്വേന ഭാഗധേയേനോ-പധാവതി താവേവാസ്മിൻ ബ്രഹ്മവർചസംധത്തോ-ബ്രഹ്മവർചസ്യേവഭവതി തിഷ്യാപൂർണമാസേ നിർവപേദ്രു-ദ്രോവൈതിഷ്യഃ സോമഃ പൂർണമാസഃ സാക്ഷാദേവ ബ്രഹ്മ-വർചസമവരുന്ധേ പരിശ്രിതേ യാജയതി ബ്രഹ്മവർചസ-സ്യപരിഗൃഹീത്യൈ ശ്വേതായൈ ശ്വേതവത്സായൈ ദുഗ്ധം മഥിതമാജ്യം ഭവത്യാജ്യം പ്രോക്ഷണമാജ്യേന മാർജയന്തേ-യാവദേവ ബ്രഹ്മവർചസം തത്സർവം കരോത്യതി ബ്രഹ്മവർ-ചസംക്രിയത പ്രത്യാഹ്വരീശ്വരോദുശ്ചർവാഭവിതോരിതി മാന-വീഋചൗധായ്യേ കുർയാദ്യൈവൈകിം ച മനരവദത്തദ് ഭേഷജം ഭേഷജമേവാസ്മൈകരോതി യദിബിഭീയാദ്ദുശ്ചർമാ ഭവി-ഷ്യാമീതി സോമാപൗഷ്ണം ചരും നിർവപേത്സൗമ്യോ വൈദേ-വതയാ പുരുഷഃ പൗഷ്ണാഃ പശവഃ സ്വയൈവാസ്മൈദേവ-തയാ പശുഭിസ്ത്വചംകരോതിന ദുശ്ചർമാ ഭവതി സോമാരൌ-ദ്രംചരും നിർവപേത്പ്രജാകാമഃ സോമോ വൈ രേതോധാ അഗ്നിഃ പ്രജാനാം പ്രജനയിതാ സോമ ഏവാസ്മൈ രേതോ ദധാത്യഗ്നിഃ പ്രജാം പ്രജനയതി വിന്ദതേ പ്രജാം സോമാരൗദ്രം ചരും നിർവപേദഭി ചരൻ സൗമ്യോ വൈ ദേവതയാ പുരുഷഃ ഏഷ രുദ്രോയദഗ്നിഃ സ്വായാ ഏവൈനം ദേവതായൈ നിഷ്-ക്രീയരുദ്രായാപിദധാതിതാജഗാർതിമാർഛതി സോമാരൗദ്രം ചരും നിർവപേത്ജ്യോഗാമയാവീ സോമം വാ ഏതസ്യര-സോഗച്ഛത്യഗ്നിം ശരീരം യസ്യജ്യോഗാമയതി സോമാദേവാ-സ്യരസം നിഷ്ക്രീണാത്യഗ്നേഃശരീരമുതയദി ഇതാസുർഭവതി ജീവത്യേവസോമാരുദ്രയോർവാഏതംഗ്രസിതംഹോതാനിഷ്-ഖിദതിസ ഈശ്വര ആർതിമാർതോരനഡ്വാൻ ഹോത്രാദേയോ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വഹനിർവാ അനഡ്വാൻവഹനിർഹോതാവഹനിനൈവവഹനിമാത്മാനം സ്പൃണോതി സോമാരുദ്രം ചരും നിർവപേദ്യഃ കാമയേത സ്വേ/സ്മാ ആയതനേ ഭ്രാതൃവ്യം ജനയേയമിതി വേദിം പരിഗൃഹ്യാർധമുദ്ധന്ദ്യാദർധം നാർധം ബർഹിഷഃ സ്തൃണീയാദർധം നാർധമിധ്മസ്യാഭ്യാദധ്യാദർധം ന സ്വഹ്ഗവാസ്മാ ആയതനേ ഭ്രാതൃവ്യം ജനയതി||

അത്ഥം—

1. ഒരിക്കൽ ആദിത്യൻ പ്രകാശിച്ചില്ല. ദേവന്മാർ അതിന്ന് പ്രതിവിധി ചെയ്യാൻ ആഗ്രഹിച്ചു. അതിന്ന് വേണ്ടി സോമനേയും രുദ്രനേയും ഉദ്ദേശിച്ച് ഹവിസ്സ് സമപ്പിച്ചു. അതു കൊണ്ട് ആദിത്യനിൽ തേജസ്സുണ്ടാക്കി. യാതൊരുത്തനാണോ ബ്രഹ്മവർചസ്സ് ഉണ്ടാകണമെന്ന് ആഗ്രഹിക്കുന്നതു് അവൻ സോമനേയും രുദ്രനേയും ഉദ്ദേശിച്ച് പാകം ചെയ്ത ഹവിസ്സ് സമർപ്പിക്കണം. തന്റെ ഭാഗം സമപ്പിച്ചതു കൊണ്ട് യജമാനൻ സോമനേയും രുദ്രനേയും സമീപിക്കുന്നു. അവർ രണ്ടുപേരും യജമാനനിൽ ബ്രഹ്മവർചസ്സ് ധരിപ്പിക്കുന്നു യജമാനൻ ബ്രഹ്മവർചസ്സോട്ട് കൂടിയവനായിതീരുന്നു.

തിഷ്യമാസത്തിലുള്ള (മകരമാസത്തിലുള്ള) വെളുത്തവാവു ദിവസം ഈ സോമാരൗദ്ര യാഗം നിർവഹിക്കണം. രുദ്രൻ തിഷ്യ നക്ഷത്രത്തെ (പൂയം നക്ഷത്രം) സംബ ച്ചവനാണല്ലോ. ചന്ദ്രൻ വെളുത്ത വാവു ദിവസം കൂടുതൽ പ്രകാശിക്കുന്നവനാണ്. ഇപ്രകാരം അനുഷ്ഠിക്കുന്നതു കൊണ്ട് പ്രത്യക്ഷത്തിൽ ബ്രഹ്മ വർചസ്സ് ലഭിക്കുന്നു.

ബ്രഹ്മ വർചസ്സ് സ്വീകരിക്കുന്നതിന്ന് വേണ്ടി മറയ്ക്കപ്പെട്ട സ്ഥലത്തിൽ വെച്ച് ഹോമം നടത്തുന്നു.

വെളുത്ത കുട്ടിയോടുകൂടിയ വെളുത്ത പശുവിന്റെ പാൽ കടഞ്ഞെടുത്ത നെയ്യാണ് ഈ യാഗത്തിന്ന് ഉപയോഗിക്കേണ്ടതു്.

ഈ യാഗത്തിനു നെയ്യ് തന്നെയാണ് പ്രോക്ഷിക്കാൻ ഉപയോഗിക്കുന്നതു്. നെയ്യ് കൊണ്ടുതന്നെയാണ് മാർജനം ചെയ്യുന്നതും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബ്രഹ്മവർചസ്സ് എത്രത്തോളമുണ്ടോ അതു മുഴുവനും സോമാരൗദ്രയാഗം നടത്തുന്നവനു് ലഭിക്കുന്നു. ഈ യാഗം നടത്തിയവൻ ബ്രഹ്മവർചസ്സ് ഉള്ളവരെ എല്ലാം തൻെറ ബ്രഹ്മവർചസ്സുകൊണ്ടു് ജയിക്കുകയും ചെയ്യുന്നു.

അത്യധികം ബ്രഹ്മവർചസ്സ് ഉണ്ടായാൽ ത്വക്കിനു് രോഗം ഉള്ളവനായിത്തീരും എന്നു് പറയുന്നു. അതിനു് പരിഹാരമായി മന്ത്രപ്രോക്തമായ രണ്ടു മന്ത്രം ജപിക്കണം (ഈ മന്ത്രം ഒന്നാം കാണ്ഡം എട്ടാം പ്രപാഠകത്തിൽ ഒടുവിലത്തെ അനുവാകത്തിൽ ഉണ്ടു്) കൂടാതെ മനു യാതൊരു മന്ത്രം പറഞ്ഞുവോ ആ മന്ത്രം ജപിക്കുന്നതു് രോഗം മാറുന്നതിനുള്ള ഔഷധമാണു്. അപ്രകാരം മന്ത്രം ജപിക്കുന്നതു് രോഗത്തിനുള്ള ചികിത്സ തന്നെയാണു്.

2. ചർമ്മ രോഗം ഉണ്ടാകുമെന്നു് പേടിക്കുന്നവൻ സോമനേയും പൂഷാവിനേയും ഉദ്ദേശിച്ചു് ഹവിസ്സ് പാകം ചെയ്തു് സമർപ്പിക്കണം. പുരുഷൻ സോമദേവതയെ സംബന്ധിച്ചവനാണു്. പശുക്കൾ പൂഷാവിനെ സംബന്ധിച്ചവയാണു്. ദേവത സ്വയ മേവ പശുക്കളെക്കൊണ്ടു് നല്ല ത്വക്കു് ഉണ്ടാക്കിക്കൊടുക്കുന്നു. ചർമ്മരോഗം ഉണ്ടാവുകയില്ല.

3. സന്താനം ഉണ്ടാകണം എന്നു് ആഗ്രഹിക്കുന്നവൻ സോമനേയും രുദ്രനേയും ഉദ്ദേശിച്ചു് ഹവിസ്സ് സമർപ്പിക്കണം. സോമൻ യജമാനനെ രേതോ ധാരണത്തിനു് ശക്തനാക്കുന്നു അഗ്നി സന്താനങ്ങളെ ജനിപ്പിക്കുന്നു. യജമാനനു് സന്താനം ജനിക്കുന്നു.

4. ആഭിചാര പ്രയോഗം ചെയ്യുന്നവൻ സോമനേയും രുദ്രനേയും ഉദ്ദേശിച്ചു് ഹവിസ്സ് സമർപ്പിക്കണം. പുരുഷൻ സോമദേവനെ സംബന്ധിച്ചവനാണു്. ഈ രുദ്രൻ അഗ്നിയാണു്. ആരെ ഉദ്ദേശിച്ചു് ആഭിചാരപ്രയോഗം ചെയ്യുന്നുവോ അവനെ അഗ്നി അവൻെറ ദേവതയിൽ നിന്നു് മാററി രുദ്രനെ ഏൽപിക്കുന്നു. അവൻ (ശത്രു) പീഡിതനായി ഭവിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

5. ദീർഘകാലം രോഗത്താൽ പിഡിതനാകുന്നവൻ സോമ നേയും രുദ്രനേയും ഉദ്ദേശിച്ച് ഹവിസ്സ് സമർപ്പിക്കണം ദീർഘകാലം രോഗത്താൽ പീഡിതനായവൻെറ ശരീര- ത്തിലെ രസാംശം സോമനെ പ്രാപിക്കുന്നു. ശരീരം അഗ്നിയെ പ്രാപിക്കുന്നു. യാതൊരുത്തൻ രോഗത്താൽ പീഡിതനാകുന്നവോ അവൻ സോമനെ ആരാധിക്കുന്നതു് നിമിത്തം സോമനിൽ നിന്നു് അവൻെറ ശാരീരികമായ രസാംശം വീണ്ടെടുക്കുന്നു. കൂടാതെ മരിച്ചവനാണെങ്കിലും ജീവിക്കുന്നു. യജമാനന്നു് വേണ്ടി യാഗം നടത്തുന്ന ഹോതാവു് സോമനാലും രുദ്രനാലും ഗ്രസിക്കപ്പെട്ട യജ- മാനൻെറ ശക്തി വീണ്ടെടുത്തു കൊടുക്കുന്നു. അതിനു് പരിഹാരമായി ഹോതാവു് ഒരു കാളയെ ദാനം ചെയ്യണം കാള അഗ്നിയാണു് ഹോതാവും അഗ്നിയാണു്. അഗ്നി യെക്കൊണ്ടു തന്നെ അഗ്നിയാകുന്ന തന്നെ രക്ഷിക്കുന്നു.

6. തൻെറ ശത്രുവിനു് അവൻെറ വീട്ടിൽ തന്നെ ശത്രു ഉണ്ടാ കണം എന്നു് ആഗ്രഹിക്കുന്നവൻ സോമനേയും രുദ്രനേയും ഉദ്ദേശിച്ച് ഹവിസ്സ് പാകം ചെയ്തു സമപ്പിക്കണം. യാഗ വേദി സ്വീകരിച്ചിട്ടു് അതിൽ പകുതി കുഴിക്കണം പകുതി കുഴിക്കരുതു്. പകുതി സ്ഥലത്തു ദർഭ വിരിക്കണം പകുതി സ്ഥലത്തു് ദർഭ വിരിക്കരുതു്. യാഗത്തിനു് ആവശ്യമുള്ളതിൽ പകുതി വിറകു് വെയ്ക്കണം. പകുതി വിറകു് വെയ്ക്കരുതു്. ഇപ്രകാരം ചെയ്താൽ തൻെറ വീട്ടിൽ തന്നെ യജമാനൻെറ ശത്രുവിനു് ശത്രുക്കരം ഉണ്ടാകും.

ഇതി ദശമോ$\not$നുവാകഃ

അഥ ഏകാദശോ$\not$നുവാകഃ (ബ്രാഹ്മണം)

സംഹിതാ—

ഐന്ദ്രമേ കാദശകപാലം നിർവപേന്മാരുതം സപ്തകപാ- ലം ഗ്രാമ കാമ ഇന്ദ്രം ചൈവ മരുതശ്ചസ്വേന ഭാഗധേയേനോ-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പധാവതി ത ഏവാസ്മൈ സജാതാൻ പ്രയച്ഛന്തി ഗ്രാമ്യേവ ഭവത്യാഹ വനീയ൦ഐന്ദ്രമധിശ്രയതി ഗാർഹപത്യേ മാരുതം പാപവസ്യസസ്യ വിധൃത്യൈ സപ്തകപാലോ മാരുതോ ഭവതി സപ്തഗണാ വൈമരുതോ ഗണ ശ ഏവാ സ്മൈ സജാതാനവരുന്ധേ ഽനൂച്യമാനആസാദയതിവിശമേവ അസ്മാഅനു വർത്മാനം കരോത്യേതാ മേവ നിർവപേദ്യഃകാമയേതക്ഷത്രായ ചവിശേചസമദംദധ്യാമിത്യൈന്ദ്രസ്യാവദ്യൻബ്രൂയാദിന്ദ്രായാനു ബ്രൂ ഹിത്യാശ്രാവ്യബ്രൂ യാന്മരുതോയജേതിമാരുതസ്യാവദ്യൻ ബ്രൂ യാന്മരുദ്ഭ്യോഽനുബ്രൂ ഹീത്യാശ്രാവ്യ ബ്രൂയാദിന്ദ്രംയജേതി സ്വഏവൈഭ്യോ ഭാഗധേയംസമദംദധാതിവിത്വംഹാണാസ്തിഷ്ഠന്ത്യേതാമേവ നിർവപേദ്യഃ കാമയേത കല്പേരന്നിതി യഥാദേവത മവദായ യഥാദേവതം യജേദ്ഭാഗധേയേനൈവൈ നാൻ യഥായഥം കൽപയതി കൽപന്ത ഏവൈന്ദ്രമേകാദശകപാലം നിർവപേദ്വൈശ്വദേവം ദ്വാദശകപാലം ഗ്രാമകാമഃ ഇന്ദ്രം ചൈവവിശ്വാം ശ്ച ദേവാൻ സ്വേന ഭാഗധേയേനോപധാവതി ത ഏവാസ്മൈ സജാതാൻ പ്രയച്ഛന്തി ഗ്രാമ്യേവ ഭവത്യൈന്ദ്രസ്യാവദായ വൈശ്വദേവസ്യാ വദ്യേദൈന്ദ്രസ്യ ഉപരിഷ്ടാദിന്ദ്രിയേണൈവാസ്മാ ഉഭയതഃ സജാതാൻ പരിഗൃഹ്ണാത്യുപാധായ്യ പൂർവയം വാസോ ദക്ഷിണാ സജാതാനാമുപഹിത്യൈ പൃശ്നിയൈ ദുഗ്ധേ പ്രൈയംഗവം ചരും നിർവപേന്മരുദ്ഭ്യോഗ്രാമകാമഃ പൃശ്നിയൈ വൈ പയസോ മരുതോജാതാഃ പൃശ്നിയൈ പ്രിയംഗവോമാരുതാഃ ഖലുവൈദേവതയാ സജാതാമരുത ഏവ സ്വേനഭാഗധേയേനോപധാവതി ത ഏവാസ്മൈ സജാതാൻ പ്രയച്ഛന്തി ഗ്രാമ്യേവഭവതി പ്രിയവതീയാജ്യാനുവാക്യേ ഭവതഃ പ്രിയമേവൈനം സമാനാനാം കരോതി ദ്വിപദാ പുരോഽനുവാക്യാഭവതി ദ്വിപദ ഏവാ വരുന്ധേ ചതുഷ്പദായാജ്യാ ചതുഷ്പദ ഏവ പശൂനവരുന്ധേ ദേവാസുരാഃ സംയത്താആസൻ തേ ദേവാ മിഥോവിപ്രിയാ ആസന്തേ ഽന്യോന്യസ്മൈജ്യൈഷ്ഠ്യായാതിഷ്ഠമാനാശ്ചതുർധാവ്യക്രാമന്നഗ്നിർവസുഭിഃ സോമോരുദ്രൈരിന്ദ്രോമരുദ്ഭിർവരുണ ആദിത്യൈഃസ ഇന്ദ്രഃ പ്രജാപതിമുപാധാവത്തം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏതയാ സംജ്ഞാന്യാ യാജയേദഗ്നയേവസുമതേ പുരോഡാശമ-ഷ്ടാ കപാലം നിരവപത്സോമായ രുദ്രവതേ ചരുമിന്ദ്രായ മരുത്വതേ പുരോഡാശമേകാദശകപാലം വരുണായാദിത്യ-വതേ ചരും തതോവാ ഇന്ദ്രം ദേവാജ്യൈഷ്ഠ്യായാഭി സമജാ-നതയഃ സമാനൈർമിഥോവിപ്രിയഃ സ്യാത്തമേതയാ സം-ജ്ഞാന്യാ യാജയേദഗ്നയേവ സുമതേ പുരോഡാശമഷ്ടാകപാലം നിർവപേത്സോമായ രുദ്രവതേ ചരുമിന്ദ്രായ മരുത്വതേ പുരോ-ഡാശമേകാദശകപാലം വരുണായാദിത്യവതേ ചരുമിന്ദ്രമേ-വൈനം ഭൃതം ജ്യൈഷ്ഠ്യായ സമാനാ അഭിസംജാനതേവസിഷ്ഠഃ സമാനാനാം ഭവതി ||

അത്ഥം—

1. ഗ്രാമത്തിൻെറ അധിപതിയാകണമെന്നു് ആഗ്രഹിക്കു-ന്നവൻ ഇന്ദ്രനെ ഉദ്ദേശിച്ച് പതിനൊന്നു് പാത്ര-ത്തിൽ പാകം ചെയ്ത ഹവിസ്സും മരുത്തുക്കളെ ഉദ്ദേശിച്ച് ഏഴപാത്രത്തിൽ പാകം ചെയ്ത ഹവിസ്സും സമപ്പിക്കണം. തൻെറ ഭാഗം സമപ്പിച്ചതു കൊണ്ടു് യജമാനൻ ഇന്ദ്രനേയും മരുത്തുകളേയും സമീപിക്കുന്നു. അവർ യജമാനനു് സഹായികളെ നൽകുന്നു. യജമാനൻ ഗ്രാമത്തിൻെറ അധിപതിയായിത്തീരുന്നു.

   ആഹവനിയാഗ്നിയിൽ ഇന്ദ്രനു് വേണ്ടിയുള്ള ഹവിസ്സ് പാകം ചെയ്യുന്നു. ഗാർഹ പത്യാഗ്നിയിൽ മരുത്തു കളെ ഉദ്ദേശിച്ചുള്ള ഹവിസ്സ് പാകം ചെയ്യുന്നു പാപം ഉണ്ടാകാതിരിക്കുന്നതിനു് വേണ്ടിയാണു് ഇപ്രകാരം ചെ യ്യുന്നതു്.

   മരുത്തുകൾക്കു വേണ്ടി ഏഴകപാലത്തിൻ ഹവിസ്സ് പാകം ചെയ്യുന്നു. മരുത്തുകൾ ഏഴ ഗണങ്ങളായിട്ടാണ ല്ലോ ഇരിക്കുന്നതു്. ഓരോ ഗണത്തിൽ ഉള്ളവരും യജ-മാനനു് സഹായികളെ നൽകുന്നു.

   മന്ത്രം ചൊല്ലിക്കൊണ്ടു തന്നെ ഹവിസ്സ് അഗ്നിയിൽ സമപ്പിക്കുന്നു. ഇപ്രകാരം ചെയ്യുന്നതു കൊണ്ടു് ആളുകൾ യജമാനനെ അനുസരിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

2. രാജാവിനും പ്രജകൾക്കും തമ്മിൽ കലഹം ഉണ്ടാക്കണം എന്നു് ആഗ്രഹിക്കുന്നവൻ ഈ യാഗം തന്നെ നടത്തണം. ഇന്ദ്രനെ ഉദ്ദേശിച്ചു് ഹവിസ്സു് ഹോമിക്കുന്ന അവസരത്തിൽ "ഇന്ദ്രായ അനുബ്രൂഹി" എന്നാരംഭിക്കുന്ന മന്ത്രം ചൊല്ലണം. ആ മന്ത്രം ചൊല്ലിയതിനു് ശേഷം "മരുതഃ യജ" എന്ന മന്ത്രം ചൊല്ലണം. മരുത്തുകളെ ഉദ്ദേശിച്ചു് ഹോമം കഴിക്കുന്ന അവസരത്തിൽ "മരുതോഽനുബ്രൂഹി" എന്ന മന്ത്രം ചൊല്ലണം. അതിനു് ശേഷം 'ഇന്ദ്രായ യജ" എന്ന മന്ത്രം ചൊല്ലണം. ഇന്ദ്രനും മരുത്തുകൾക്കും അവരവരുടെ ഭാഗം ലഭിക്കുന്നതിൽ അന്യോന്യം കലഹം ഉണ്ടാകുന്നു. അന്യോന്യം ഹിംസിക്കുന്നവരായും ഭവിക്കുന്നു.

3. അന്യോന്യം കലഹം ഉണ്ടാകരുതു് എന്നു് ആഗ്രഹിക്കുന്നവൻ ഈ യാഗംതന്നെ നടത്തണം അതാതു ദേവതകളുടെ മന്ത്രം തെററാതെചൊല്ലി അതാതു ദേവതകളെ ഉദ്ദേശിച്ചു് ഹോമം കഴിക്കണം. ഇന്ദ്രനും മരുത്തുകൾക്കും അവരവർക്കുള്ള ഭാഗം കിട്ടത്തക്കവിധത്തിൽ പ്രവൃത്തിക്കുന്നതുനിമിത്തം രാജാവും പ്രജകളും അന്യോന്യം കലഹം ഇല്ലാത്തവരായിത്തീരുന്നു.

4. ഗ്രാമത്തിന്റെ ആധിപത്യം ആഗ്രഹിക്കുന്നവൻ ഇന്ദ്രനെ ഉദ്ദേശിച്ചു് പതിനൊന്നു് പാത്രത്തിൽ പാകം ചെയ്ത ഹവിസ്സും വിശ്വേദേവന്മാരെ ഉദ്ദേശിച്ചു് പന്ത്രണ്ടു് പാത്രത്തിൽ പാകം ചെയ്ത ഹവിസ്സും സമർപ്പിക്കണം. തന്റെ ഭാഗം സമർപ്പിച്ചതുകൊണ്ടു് യജമാനൻ ഇന്ദ്രനേയും വിശ്വേ ദേവന്മാരെയും സമീപിക്കുന്നു. അവർ (ഇന്ദ്രനും വിശ്വേദേവന്മാരും) യജമാനനു് സഹായികളെ നൽകുന്നു. യജമാനൻ ഗ്രാമത്തിന്റെ അധിപതിയായി ഭവിക്കുന്നു.

ഇന്ദ്രനു് ഹോമിക്കേണ്ട ഹവിസ്സു് ഒരു പ്രാവശ്യം ഹോമിച്ചിട്ടു് വിശ്വേദേവന്മാർക്കു് ഹോമിക്കേണ്ട ഹവിസ്സു് ഒരു പ്രാവശ്യം ഹോമിക്കണം. ഇന്ദ്രനുള്ള ഹവിസ്സു് ഹോമിക്കുന്നതിനു് മുൻപും വിശ്വേദേവന്മാർക്കുള്ള ഹവിസ്സു്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹോമിക്കണം. യജമാനൻെറ രണ്ടു പാർശ്വങ്ങളിലും ഉള്ള സഹായികളെ ബലവാന്മാരാക്കുന്നു.

രണ്ടുററവും ചുവന്ന നൂല്യകൊണ്ടു് കൂട്ടിക്കെട്ടിയ വസ്ത്രമാണു് ഈ യാഗത്തിനുള്ള ദക്ഷിണ.

5. ഗ്രാമത്തിൻെറ ആധിപത്യം ആഗ്രഹിക്കുന്നവൻ വെളുത്ത പശുവിൻെറ പാലിൽ പാകം ചെയ്ത പ്രിയംഗു ധാന്യത്തിൻെറ ഹവിസ്സ് മരുത്തുകൾക്കു് സമർപ്പിക്കണം. വെളുത്ത പശുവിൻെറ പാലിൽ നിന്നാണു് മരുത്തുകൾ ജനിച്ചതു്. പ്രിയംഗുവും വെളുത്ത പശുവിൻെറ പാലിൽ നിന്നാണു് ഉണ്ടായതു്. പ്രിയംഗു മരുത്തുകൾക്കു് സാഹോദര്യം ഉള്ളതു് ആണു്. തൻെറ ഭാഗം സമർപ്പിച്ചതുകൊണ്ടു് യജമാനൻ മരുത്തുകളെ സമീപിക്കുന്നു. മരുത്തുകൾതന്നെ യജമാനനു് സഹായികളെ നൽകുന്നു. യജമാനൻ തീർച്ചയായും ഗ്രാമത്തിൻെറ അധിപതിയായിത്തിരുന്നു

''പ്രിയ'' ശബ്ദം വരുന്ന മന്ത്രങ്ങൾ ഈ യാഗത്തിൻെറ യാജ്യയും പുരോ ƒ നുവാക്യയും ആണു്. അപ്രകാരം ചെയ്യുന്നതുകൊണ്ടു് യജമാനൻ തനിക്കു് തുല്യരായ ആളുകൾക്കു് പ്രിയപ്പെട്ടവനായി ഭവിക്കുന്നു. പുരോ ƒ നുവാക്യാ മന്ത്രം രണ്ടു പാദത്തോടു കൂടിയതാകുന്നു. അതുകൊണ്ടു് ആളുകൾ യജമാനനു് സ്വാധീനരാകുന്നു. യാജ്യാമന്ത്രം നാലുപാദങ്ങളോടുകൂടിയതാകുന്നു. അതുകൊണ്ടു് യജമാനനു് പശു മുതലായ മൃഗങ്ങൾ ലഭിക്കുന്നു.

6. ദേവന്മാരും അസുരന്മാരും അന്യോന്യം മാത്സര്യം ഉള്ളവരായിത്തീർന്നു. അപ്പോൾ ദേവന്മാർ അന്യോന്യം സ്നേഹമില്ലാത്തവരായിരുന്നു. അവർ അന്യോന്യം ശ്രേഷ്ഠതയ്ക്കു വേണ്ടി കലഹിക്കുന്നവരായി നാലു കക്ഷികളായി പിരിഞ്ഞുപോയി. അഗ്നിവസുക്കളോടുകൂടിയും, സോമൻ രുദ്രന്മാരോടുകൂടിയും ഇന്ദ്രൻമരുത്തുകളോടുകൂടിയും വരുണൻ ആദിത്യന്മാരോടുകൂടിയും യോജിച്ചു് നാലായി പിരിഞ്ഞു. അപ്രകാരം പിരിഞ്ഞുപോയ ഇന്ദ്രൻ പ്രജാപതിയുടെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അടുക്കൽചെന്നു. പ്രജാപതി ഇന്ദ്രനെക്കൊണ്ടു് "സംജ്ഞാനി" എന്നു പേരുള്ള യാഗം കഴിപ്പിച്ചു. വസുക്കളോടുകൂടിയിരിക്കുന്ന അഗ്നിയെ ഉദ്ദേശിച്ചു് എട്ടു് പാത്രത്തിൽ പാകംചെയ്ത പുരോഡാശം സമപ്പിച്ചു. രുദ്രനോടു കൂടിയിരിക്കുന്ന സോമനെ ഉദ്ദേശിച്ചു് ഒരു പാത്രത്തിൽ പാകം ചെയ്ത ഹവിസ്സു് സമർപ്പിച്ചു. മരുത്തുകളോടുകൂടിയിരിക്കുന്ന ഇന്ദ്രനെ ഉദ്ദേശിച്ചു് പതിനൊന്നു് പാത്രത്തിൽ പാകംചെയ്ത പുരോഡാശം സമർപ്പിച്ചു. ആദിത്യന്മാരോടു് കൂടിയിരിക്കുന്ന വരുണനെ ഉദ്ദേശിച്ചു് ഒരു പാത്രത്തിൽ പാകംചെയ്ത ഹവിസ്സു് സമർപ്പിച്ചു. അതിനു് ശേഷം ദേവന്മാർ ഇന്ദ്രനെ ശ്രേഷ്ഠതയുള്ളവനായി സമ്മതിച്ചു

യാതൊരുത്തൻ തുല്യരായ ആളുകൾക്കു് പ്രിയമില്ലാത്തവനായിത്തീരുന്നുവോ അവനെ കൊണ്ടു് "സംജ്ഞാനി" എന്നു പേരുള്ള ഈ യാഗം നടത്തിക്കണം വസുക്കളോടു് കൂട്ടിയിരിക്കുന്ന അഗ്നിയെ ഉദ്ദേശിച്ചു് എട്ടു പാത്രത്തിൽ പാകംചെയ്ത പുരോഡാശം സമപ്പിക്കണം. രുദ്രന്മാരോടു്കൂട്ടിയിരിക്കുന്ന സോമനെ ഉദ്ദേശിച്ചു് ഒരു പാത്രത്തിൽ പാകം ചെയ്ത ഹവിസ്സു് സമപ്പിക്കണം. മരുത്തുകളോടു്കൂടിയിരിക്കുന്ന ഇന്ദ്രനെ ഉദ്ദേശിച്ചു് പതിനൊന്നു് പാത്രത്തിൽ പാകംചെയ്ത പുരോഡാശം സമപ്പിക്കണം. ആദിത്യന്മാരോടുകൂടിയിരിക്കുന്ന വരുണനെ ഉദ്ദേശിച്ചു് ഒരു പാത്രത്തിൽ പാകംചെയ്ത ഹവിസ്സു് സമപ്പിക്കണം. ഇന്ദ്രനു് തുല്യനായിത്തീർന്ന യജമാനനെ തുല്യരായി ഇരുന്ന ആളുകൾ അവരെക്കാൾ ശ്രേഷ്ഠനായി സ്വീകരിക്കുന്നു. യജമാനൻ സമാനരായിരുന്ന ആളുകളുടെ രക്ഷിതാവായി ഭവിക്കുന്നു.

ഇതിഏകാദശോഽനുവാകഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഥദ്വാദശോ$/$നുവാകഃ (മന്ത്രം)

സംഹിതാ—

ഹിരണ്യ ഗർഭ ആപോഹയത്ത്പ്രജാപതേ। സവേദ-
പുത്രഃ പിതരം സമാതരം സസൂനർഭ്രുവത് സഭുവത്പുനർമഘഃ।
സദ്യാമൗർണോ ഽന്തരിക്ഷം സഭുവഃ സവിശ്വാഭുവോ അഭവത്സ
ആ$/$ഭവത്। ഉദുത്യം ചിത്രം। സ പ്രത്നവന്നവീയസാഗ്നേദ്യു-
മ്നേന സംയതാ। ബൃഹത്തതന്ഥഭാന്നനാ। നികാവ്യാവേധ-
സഃ ശശ്വതസ്കർഹസ്തേദധാനഃ നര്യാ പുരൂണി। അഗ്നിർ
ഭുവത്രയിപതീരയീണാംസത്രാചക്രാണോ അമൃതാനിവിശ്വാ।
ഹിരണ്യപാണിമൂതയേ സവിതാരമുപഹ്വയേ। സചേത്താ
ദേവതാപദം। വാമമദ്യ സവിതർവാമമുശ്വോദിവേദിവേവാമ-
മസ്മഭ്യം സാവീഃ। വാമസ്യഹിക്ഷയസ്യ ദേവഭൂരേരയാധിയാ
വാമഭാജഃ സ്യാമ। ബഡിത്ഥാപർവതാനാം ഖിദ്രം ബിഭർഷി
പൃഥിവി। പ്രയാഭൂമി പ്രവത്വതിമഹ്നാജിനോഷി മഹിനി।
സ്തോമാസസ്ത്വാവിചാരിണി പ്രതിഷ്ടോഭന്ത്യക്തുഭിഃ। പ്രയാവാ-
ജംനഹേഷന്തം പേരുമസ്യ സ്യർജ്ജുനി। ഋദൂദരേണ സഖ്യാ സ-
ചേയ യോ മാ ന രിഷ്യേദ്ധര്യശ്വപീതഃ। അയംയഃ സോമോ
ന്യധായ്യസ്മേ തസ്മാ ഇന്ദ്രം പ്രതിരമേമ്യച്ഛ ആപാന്തമന്യു-
സ്തൃപലപ്രഭർമാ ധുനിഃ ശിമിവാൻ ശരുമാം ഋജീഷി।
സോമോ വിശ്വാന്യതസാവനാനി നാർവാഗിന്ദ്രം പ്രതിമാനാ-
നി ദേഭുഃ। പ്രസുവാനഃ സോമ ഋതയുശ്ചികേതേന്ദ്രായ ബ്രഹ്മജ-
മദഗ്നിരർചൻ। വൃഷായന്താ$/$സി ശവസസ്ത രസ്യാന്തര്യച്ഛ
ഗൃണതേധർത്രം ദൃംഹ। സബാധസ്തേമദം ച ശുഷ്മയം ച
ബ്രഹ്മനരോ ബ്രഹ്മകൃതഃ സപര്യൻ। അർകോവായത്തുരതേ
സോമ ചക്ഷാസ്തത്രേദിന്ദ്രോദധതേ പൃത്സുതുര്യാം। വഷട്തേ
വിഷ്ണവാസ ആകൃണോമിതന്മേജ്ജുഷസ്വശിപിവിഷ്ടഹവ്യം।
വർധന്തുത്വാ സുഷ്ടുതയോ ഗിരോമേ യൂയം പാതസ്വസ്തിഭിഃ
സദാനഃ। പ്രതത്തേ അദ്യശിപിവിഷ്ടനാമാര്യഃ ശംസാമി
വയുനാനി വിദ്വാൻ। തംത്വാഗൃണാമിതവസമതവിയാൻക്ഷ-
യന്തമസ്യരജസഃപരാകേ। കിമിത്തേവിഷ്ണോ പരിചക്ഷ്യം
ഭൂത്പ്രയദ്വവക്ഷേ ശിപിവിഷ്ടോ അസ്മി। മാവർപോ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അസ്മദപഗ്ലഹ എതദ്യദന്യ ത്രുപഃ സമിധേ ബഭ്രഥ । അഗ്നേ ദാ ദാശ്രുഷേരയിം വീരവന്തം പരീണസം। ശിശീഹിനഃ സൂനമതഃ। ദാനോ അഗ്നേ ശതിനോദാഃ സഹസ്രിണോ ദുരോ നവാജം ശ്രുത്യാ അപാവൃധി പ്രാചീദ്യാവാപൃഥിവി ബ്രഹ്മണാകൃധി സുവർണ്ണ ശുക്രമുഷസോ വി ദിദ്യുതഃ। അഗ്നിർദാദ്രവിണം വീരപേശാഅഗ്നിര് ഋഷിംയഃ സഹസ്രാസനോതി। അഗ്നിർദിവിഹവ്യമാതതാനാഗ്നേർധാമാനിവിഭൃതാ പുരുത്രാ । മാനോ മർധീരാത്തുഭരാഘൃതംനപൃതം തന്തുരരേപാഃ ശുചിഹിരണ്യം। തത്തേരുക്മോന രോചതസ്വധാവഃ । ഉഭേസ്യേശ്ചന്ദ്ര സർപിഷോ ദർവിശ്രിണീഷത്തസനി । ഉതോന ഉത്പുപൂർയാ ഉക്ഥേഷു ശവസസ്പത ഇഷം സ്തോതൃഭ്യത്തഭര । വായോശതം ഹരീണാം യുവസ്വ പോഷ്യാണാം। ഉതവാതേ സഹസ്രിണോ രഥ ആയാതുപാജസാ । പ്രയാഭിർയാസിദാശ്വാംസമച്ഛാനിയുദ്ഭിർവായവിഷ്ടയേ ദുരോണേ। നിനോരയിം സുഭോജസം യുവേഹനിവീരവദ്ഗവ്യമശ്വിയം ച രാധഃ। രേവതീർനസധമാദ ഇന്ദ്രേ സന്തുതുവിവാജാഃ । ക്ഷുമന്തോയാഭിർമദേമ। രേവാം ഇദ്രേവതഃ സ്തോതാസ്യാത്ത്വാവതോമഘോനഃ । പ്രേദുഹരിവഃ ശ്രുതസ്യ ॥

പദച്ഛേദം.

ഹിരണ്യഗർഭഃ ആപഃ ഹ യത് പ്രജാപതേ സഃ വേദ പുത്രഃ പിതരം സഃ മാതരം സഃ സൂനുഃ ഭുവത് സഃ ഭുവത് പുനർമഘഃ സഃ ദ്യാം ഔർണോത് അന്തരിക്ഷം സഃ ഭുവഃ സഃ വിശ്വാ ഭുവഃ അഭവത് സഃ ആ അഭവത് ഉദ്ദ ത്യം ചിത്രം സഃ പ്രത്നവത് നവീയസാ അഗ്നേ ദ്യുമ്നേന സംയതാ ബൃഹത് തതന്ഥ ഭാനുനാ നി കാവ്യാ വേധസഃ ശശ്വതഃ കഃ ഹസ്തേ ദധാനഃ നര്യാ പുരൂണി അഗ്നിഃ ഭുവത് രയിപതിഃ രയീണാം സത്രാ ചക്രാണഃ അമൃതാനി വിശ്വാ ഹിരണ്യപാണിം ഊതയേ സവിതാരം ഉപ ഹ്വയേ സഃ ചേത്താ ദേവതാ പദം വാമം അദ്യ സവിതഃ വാമം ഉ ശ്വഃ ദിവേദിവേ വാമം അസ്മഭ്യം സാവീഃ വാമസ്യ ഹി ക്ഷയസ്യ ദേവ ഭൂരേഃ അയാ ധിയാ വാമഭാജഃ സ്യാമ ബഡ്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇത്ഥാ പർവതാനാം ഖിദ്രം ബിഭർഷി പൃഥിവി പ്ര
യാ ഭൂമി പ്രവത്വതി മഹ്നാ ജിനോഷി മഹിനി
സ്തോമാസഃ ത്വാ വിചാരിണി പ്രതിഷ്ടോഭന്തി അക്–
തുഭിഃ പ്ര യാ വാജം ന ഹേഷന്തം പേരും അസ്യ–
സി അജ്ജുനി ഋദ്ധദരേണ സഖ്യാ സചേയ യഃ
മാ ന രിഷ്യേത് ഹർയശ്വ പീതഃ അയം യഃ
സോമഃ ന്യ് അധായി അസ്മേ തസ്മൈ ഇന്ദ്ര
പ്രതിരം ഏമി അച്ഛ ആപാന്തമന്യുഃ തൃപലപ്രഭർമാ
ധുനിഃ ശിമിവാൻ ശരുമാൻ ഋജീഷി സോമഃ വിശ്വാനി
അതസാ വനാനി ന അർവാഗ് ഇന്ദ്രം പ്രതി–
മാനാനി ദേ ഭുഃ പ്ര സുവാനഃ സോമ ഋതയുഃ
ചികേതാ ഇന്ദ്രായ ബ്രഹ്മ ജമദഗ്നിഃ അർചൻ വൃഷാ
യന്താ അസി ശവസഃ തുരസ്യ അന്തഃ യച്ഛ
ഗൃണതേ ധർത്ര ദൃംഹ സബാധഃ തേ മദം ച
ശുഷ്മയം ച ബ്രഹ്മ നരഃ ബ്രഹ്മകൃതഃ സപർയൻ
അർകഃ വാ യത് തുരതേ സോമചക്ഷാഃ തത്ര
ഇദ് ഇന്ദ്രഃ ദധതെ പൃത്സു തുർയാം വഷട് തേ
വിഷ്ണോ ആസഃ ആ കൃണോമി തദ് മേ
ജുഷസ്വ ശിപിവിഷ്ട ഹവ്യം വർധന്തു ത്വാ സു
സ്തുതയഃ ഗിരഃ മേ യൂയം പാത സ്വസ്തിഭിഃ സദാ
നഃ പ്ര തത് തേ അദ്യ ശിപിവിഷ്ട നാമ
ആർയഃ ശംസാമി വയുനാനി വിദ്വാൻ തം ത്വാ
ഗൃണാമി തവസം അതവീയാൻ ക്ഷയന്തം അസ്യ
രജസഃ പരാകേ കിം ഇത് തേ വിഷ്ണോ
പരിചക്ഷ്യം ഭൂത് പ്ര യദ് വവക്ഷേ ശിപിവിഷ്ടഃ
അസ്മി മാ വർപഃ അസ്മദ് അപ ഗൂഹ
ഏതദ് യദ് അന്യരൂപഃ സമിധേ ബഭൂഥ അഗ്നേ
ദാ ദാശുഷേ രയിം വീരവന്തം പരീണസം ശി–
ശീഹി നഃ സൂനമതഃ ദാഃ നഃ അഗ്നേ ശതിനഃ
ദാഃ സഹസ്രിണഃ ദുരഃ ന വാജം ശ്രുത്യാ അപ
അവൃധി പ്രാചീ ദ്യാവാപൃഥിവീ ബ്രഹ്മണാ കൃധി
സുവഃ ന ശുക്രം ഉഷസഃ വി ദിദ്യുതഃ അഗ്നിഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദാഃ ദ്രവിണം വിരപേശാ അഗ്നിഃ ഋഷിഃ യഃ സഹസ്രാ സനോതി അഗ്നിഃ ദിവി ഹവ്യം ആ തതാന അഗ്നേഃ ധാമാനി വിഭൃതാ പുരുത്രാ മാ. നഃ മർധിഃ ആ ഭര ഘൃതം ന പൂതം തനൂഃ അരേപാഃ ശുചി ഹിരണ്യം തത് തേ രുക്മഃ ന രോചതേ സ്വധാവഃ ഉഭേ സുശ്ചന്ദ്ര സർപിഷഃ ദർവീ ശ്രീണിഷേ ആസനി ഉതഃ ന ഉത് പുപൂർയാ ഉക്ഥേഷു ശവസസ്പതേ ഇഷം സ്തോതൃഭ്യഃ ആ ഭര വായോ ശതം ഹരീണാം യുവസ്വ പോഷ്യാണാം ഉത വാ തേ സഹസ്രിണഃ രഥേ ആ യാതു പാജസാ പ്ര യാഭിഃ യാസി ദാശ്വാംസം അച്ഛാ നിയുദ്ഭിഃ വായോ ഇഷ്ടയേ ദുരോണേ നി നഃ രയിം സുഭോ- ജസം യുവ ഇഹ നി വീരവദ് ഗവ്യം അശ്വിയം ച രാധഃ രേവതീഃ ന സധമാദ ഇന്ദ്രേ സന്തു തുവി വാജാഃ ക്ഷുമന്തഃ യാഭിഃ മദേമ രേവാൻ ഇത് രേവതഃ സ്തോതാ സ്യാത് ത്വാവതഃ മഘോനഃ പ്രേദ്ദ ഹരിവഃ ശ്രുതസ്യ ॥

മന്ത്രവും വിനിയോഗവും അർത്ഥവും

1-3 ഹിരണ്യഗർഭ, ആപോഹയത്, പ്രജാപതേ

''ഹിരണ്യഗർഭ'' എന്നു് ആരംഭിക്കുന്ന മന്ത്രം അപമൃത്യുനി വാരണത്തിനു്വേണ്ടി ചെയ്യുന്ന കൃഷ്ണലായാഗത്തിന്റെ പുരോ f നു വാക്യ ആണു്. ഇതിന്റെ തന്നെ മറ്റൊരു പുരോ f നുവാക്യ ആണു്. ''ആപോഹയത്'' എന്നു് ആരംഭിക്കുന്ന മന്ത്രം ''പ്രജാപതേ'' എന്നു് ആരംഭിക്കുന്ന മന്ത്രം ഈ യാഗത്തിന്റെ യാജ്യാമന്ത്രമാണു് ഇവയിൽ ആദ്യത്തെ രണ്ടു മന്ത്രവും ചതുർത്ഥകാണ്ഡം ഒന്നാം പ്രപാം കത്തിൽ വ്യാഖ്യാനിക്കുന്നു. മൂന്നാമത്തെമന്ത്രം ഒന്നാം കാണ്ഡത്തിൽ എട്ടാമത്തെ പ്രപാം കത്തിൽ വ്യാഖ്യാനി- ച്ചിട്ടുണ്ടു്.

4. സവേദപുത്രഃ വിതരം സമാതരം

സസൂനുർഭവത്സഭവത്പുനർമഘഃ ।

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സദ്യാമൗർണോദന്തരീക്ഷം സസുവഃ
സവിശ്വാഭുവോ അഭവത്സആ *f* ഭവത് ॥
ഇതു് അപമൃത്യുനിവാരണത്തിനുള്ള ശതകൃഷ്ണലായാഗത്തി
ൻെറ യാജ്യാമന്ത്രമാണു്.

സഃ പുത്രഃ = ആ പുത്രൻ, (പ്രജാപതി) പിതരം വേദ = പിതാവായ ദ്യോവിനെ അറിയുന്നു. സഃ = അദ്ദേഹം, മാതരം വേദ = മാതാവായ പൃഥിവിയേയും അറിയുന്നു. സഃ = ആ പ്രജാപതി, സൂനുഃ അഭവത് = ദ്യോവിൻേറയും പൃഥിവിയുടേയും പുത്രനാണു്. സഃ = ആ പുത്രൻ, പുനർമഘഃ അഭവത് = മാതാപിതാക്കൾക്കു് വീണ്ടും വീണ്ടും ധനം നൽകുന്നവനായി ഭവിച്ചു. സഃ = ആ പ്രജാപതി ദ്യാം അന്തരീക്ഷം = ദ്യോവിനേയും അന്തരിക്ഷത്തേയും, ഔർണോത് = ആച്ഛാദനംചെയ്തു. സഃ സുവഃ ഔർണോത് = ആ പ്രജാപതി സ്വർഗ്ഗത്തെ ആച്ഛാദനംചെയ്തു. സഃ വിശ്വാഃഭുവഃ അഭവത് = ആ പ്രജാപതി എല്ലാ ലോകത്തേയും ആച്ഛാദനംചെയ്തു. സഃ ആ അഭവത് = ആ പ്രജാപതി സത്യലോകത്തിൽ ചതുർമുഖനായി സ്ഥിതി ചെയ്യുകയും ചെയ്തു.

5-6 ഉദുത്യം ചിത്രം.
ബ്രഹ്മവർചസ്സു് ആഗ്രഹിക്കുന്നവൻ നടത്തുന്ന സൂര്യദേവതാകമായ യാഗത്തിൻെറ പുരോ *f* നുവാക്യ ആണു്. "ഉദുത്യം ജാതവേദസം" എന്നു് ആരംഭിക്കുന്ന മന്ത്രം. അതിൻെറ യാജ്യ ആണു് "ചിത്രം ദേവാനാമുദകാദനീകം" എന്നു് ആരംഭിക്കുന്ന മന്ത്രം. ഈ രണ്ടു മന്ത്രവും പ്രഥമകാകാണ്ഡത്തിൽ നാലാം പ്രപാഠകത്തിൽ വ്യാഖ്യാനിച്ചിട്ടുണ്ടു്.

7. സ പ്രത്നപന്നവീയസാഗ്നേദ്യുമ്നേന സംയതാ
ബൃഹത്തതന്ഥഭാനുനാ ।
സ്വർണ്ണംലഭിക്കണമെന്നും ലഭിച്ച സ്വർണ്ണം വർദ്ധിക്കണം എന്നും ആഗ്രഹിക്കുന്നവൻ അനുഷ്ഠിക്കേണ്ടതും അഗ്നി സവിതാഭൂമി എന്നിവരെ ഉദ്ദേശിച്ചു് ഹോമം കഴിക്കേണ്ടതു-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മായ യാഗത്തിൻെറ പുരോ ƒനു വാക്യാ മന്ത്രമാണ് ഇതു്.
ഹേ അഗ്നേ! = അല്ലയോ അഗ്നേ ! ത്വം = അങ്ങ്,
നവീയസാസം‌യതാ = എനിക്കു് പുതുതായി ലഭിച്ചതും,
ഭാനുനാ = അത്യന്തം പ്രകാശിക്കുന്നതുമായ, ദ്യുമ്നേന =
സ്വർണ്ണംകൊണ്ടു്, പ്രത്നവത് = പ്രാചീന കാലത്തി
ലുള്ള ധനവാന്മാരെപ്പോലെ, ബൃഹത് തതന്ഥ = എനിക്കു്
വലിയ ഐശ്വര്യം ഉണ്ടാക്കി.

8. നി കാവ്യാ വേധസഃ ശാശ്വതസ്കർഹസ്തേ
ദധാനോ നര്യാപുരൂണി।
അഗ്നിർഭുവദ്രയിപതീരയിണാം
സത്രാചക്രാണോ അമൃതാനിവിശ്വാ।

മുൻ ചൊന്ന യാഗത്തിൻെറ യാജ്യാമന്ത്രമാണ് ഇതു്—

അയം അഗ്നിഃ = ഈ അഗ്നി, കാവ്യാ = സ്വകീയമായ ബുദ്ധിശക്തികൊണ്ടു്, യജമാനാൻ = യജമാനന്മാരെ, ശാശ്വതഃ = സ്ഥിരാനുഷ്ഠാനത്തോടു കൂടിയവരായും, വേധസഃ നികഃ = ബ്രഹ്മാവിനു് തുല്യരായും ആക്കി ത്തീർക്കട്ടെ, ഈ അഗ്നി. നര്യാപുരൂണി = മനുഷ്യർക്ക് ഹിതവും ബൃഹത്തും ആയ ധനം, ഹസ്തേദധാനഃ = കയ്യിൽ ധരിച്ചിരിക്കുന്നവനും, രയീണാം = എല്ലാ ധനത്തിൻേറയും, രയിപതിഃ ഭുവത് = അധിപതിയും ആണു്. യഃ അഗ്നിഃ = ഈ അഗ്നി, വിശ്വാ അമൃതാനി = എല്ലാ സ്വർണ്ണവും, സത്രാചക്രാണഃ = ഒരു സ്ഥലത്തു സംഗ്രഹിക്കാൻ ശക്തനും ആണു്.

9. ഹിരണ്യപാണിം ഊതയേ സവിതാരമുപഹ്വയേ
സചേത്താ ദേവതാ പദം ।

ലഭിച്ച സ്വർണ്ണം നഷ്ടപ്പെട്ടു പോകുമോ എന്നു് പേടിക്കുന്നവൻ അനുഷ്ഠിക്കേണ്ട യാഗത്തിൻെറ പുരോƒനുവാക്യാ മന്ത്രമാണ് ഇതു്—

ഹിരണ്യപാണിം = ഞങ്ങൾക്കു തരാനായി സ്വർണ്ണം കയ്യിൽ വെച്ചുകൊണ്ടിരിക്കുന്ന, സവിതാരം = സൂര്യനെ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഊതയേ = ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി, ഉപഹ്വയേ = സമീപത്തിൽ ചെന്നു് വിളിക്കുന്നു. സഃ ദേവതാ = ആ സവിതൃദേവൻ, പദം = ഞങ്ങൾക്കു യോജിച്ച സ്ഥാനം, വേത്താ = അറിയുന്നു.

10. വാമമദ്യ സവിതർവാമമുശ്വോ ദിവേദിവേ
വാമമസ്മഭ്യം സാവിഃ! വാമസ്യ ഹിക്ഷയസ്യ
ദേവഭൂരേരയാധിയാ വാമഭാജഃ സ്യാമ !

മുൻ ചൊന്ന യാഗത്തിന്റെ യാജ്യാ മന്ത്രമാണു് ഇതു്—
ഹേ സവിതഃ। = അല്ലയോ സവിതൃദേവ! അസ്മഭ്യം = ഞങ്ങൾക്കു്, വാമം = നല്ല കർമ്മഫലം, സാവീഃ = തന്നാലും. ശ്വഃ അപി = നാളെയും, (ഭാവിയിലും) വാമം സാവീഃ = നല്ല കർമഫലം തന്നാലും. ദിനേ ദിനേ = എല്ലാദിവസവും, വാമം സാവീഃ = നല്ല കർമ്മഫലം തന്നാലും. ഹേദേവ! = അല്ലയോ ദേവ! വാമസ്യ = നല്ലതും, ഭൂരേഃ = വിസ്തീർണ്ണവും ആയ, ക്ഷയസ്യ = സ്വർഗ്ഗത്തിൽ വാസം സിദ്ധിക്കുന്നതിനു് വേണ്ടി, അയാധിയാ ഇപ്രകാരമുള്ള ശ്രദ്ധയോടുകൂടി, വാമഭാജഃ സ്യാമ = ഞങ്ങൾ നല്ല കർമ്മങ്ങൾ അനുഷ്ഠിക്കുന്നവരായി ഭവിക്കട്ടെ.

11. ബഡിത്ഥാ പർവതാനാം ഖിദ്രം ബിഭർഷി പൃഥിവി!
പ്രയാഭൂമിപ്രവത്വതി മഹ്നാജിനോഷിമഹിനി ।

നഷ്ടപ്പെട്ട സ്വർണ്ണം തിരിയെ കിട്ടുന്നതിനു് വേണ്ടി നടത്തുന്ന യാഗത്തിന്റെ പുരോഽനുവാക്യാ മന്ത്രമാണു് ഇതു്—

ഹേപൃഥിവി! = അല്ലയോ പൃഥിവി ! ത്വം = നീ, പർവ്വതാനാം = പർവ്വതങ്ങളെ സംബന്ധിച്ച ഖിദ്രം = ഖേദജനകമായ ഭാരം, ഇത്ഥാബഡ് = ദൃഢമായി ധരിക്കുന്നു. പ്രവത്വതി = പ്രവണവതിയും, മഹിനി = മഹത്വം ഉള്ളവളും ആയ, ഹേഭൂമി! = അല്ലയോ ഭൂമി! ത്വം = നീ മഹ്നാ = നിന്റെ മഹത്വത്താൽ, യാ പ്രജിനോഷി = പർവ്വതങ്ങളുടെ ഭാരം വഹിക്കുന്നു.

12. സ്തോമാസസ്ത്വാ വിചാരിണി പ്രതിഷ്ടോദന്ത്യക്തുഭിഃ।
പ്രയാവാജം ന ഹേഷന്തം പേരുമസ്യസ്യർജ്ജുനി ॥

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മുൻ ചൊന്ന യാഗത്തിൻെറ യാജ്യാ മന്ത്രമാണ് ഇതു്—ഹേ വിചാരിണി! = വിവിധജനങ്ങളുടെ സഞ്ചാരത്തോടുകൂടിയ അല്ലയോ പൃഥിവി!സ്തോമാസഃ = പ്രാണിസംഘങ്ങാം, അക്തുഭിഃ = അഭിവ്യക്തമായ നാനാവിധ സസ്യങ്ങാംക്കു വേണ്ടി, ത്വാം = നിന്നെ, പ്രതിഷ്വോഭന്തി = ആശ്രയിക്കുന്നു. ഹേ അർജ്ജുനി । = നിർമ്മലയായ അല്ലയോ ഭൂമിദേവി । യാത്വം = യാതൊരു നീ, പേരും = പാനാദിഭോഗ്യ വസ്തുക്കാം അഗ്രഹിക്കുന്ന ആളുകളെ, ഹേഷന്തഃ = ഹേഷാശബ്ദം പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്ന, വാജിനം ഇവ = കുതിരയെ എന്ന പോലെ (കുതിരയെ അശ്വഭടന്മാർ പ്രേരിപ്പിക്കുന്നതു പോലെ) അസ്യസി = പ്രേരിപ്പിക്കുന്നു

13. മൃഡദരേണ സഖ്യാസചേയ യോമാന രിഷ്യേദ്ധർയശ്വ പീതഃ ! അയം യഃ സോമോ ന്യധായ്യസ്മേ തസ്മാ ഇന്ദ്രം പ്രതിരമേമ്യച്ഛ ।

പാനം ചെയ്ത സോമരസം ദഹനക്കുറവു് കൊണ്ടു് ഛർദിച്ച യജമാനൻ അതിനു് പരിഹാരമായി ചെയ്യേണ്ട യാഗത്തിൻെറ പുരോഽനുവാക്യയാണു് ഈ മന്ത്രം.

ഹേ ഹർയശ്വ! = അല്ലയോ ഇന്ദ്ര! യഃ പീതഃ സോമഃ = പാനം ചെയ്യപ്പെട്ട സോമരസം, മാം ന രിഷ്യാത് = വമനം നിമിത്തം എന്നെ പീഡിപ്പിക്കരുതു്. അഹം = ഞാൻ, സഖ്യാ = സ്നേഹിതനെപ്പോലെ ഹിതകാരിയും, മൃഡദരേണ = മൃദുത്വമുള്ളതുമായ, സോമേന സചേയ = സോമരസത്തോടുകൂടിയവനായിത്തീരട്ടെ. സോഽയം സോമഃ = അപ്രകാരമുള്ള സോമരസം, അസ്മേന്യധായി = എൻെറ ഉദരത്തിൽ നിക്ഷിപ്തമായി തസ്മൈ = സോമരസം ദഹിക്കുന്നതിനു് വേണ്ടി, പ്രതിരം = വമനം നിമിത്തം ഉണ്ടാകാവുന്ന ആപത്തു തടുക്കുന്ന ഇന്ദ്രനെ, അച്ഛഏമി = ഞാൻ ശരണം പ്രാപിക്കുന്നു,

14. അപാന്തമന്യു സ്തൃപല പ്രഭർമാ ധുനിഃ ശിമീവാൻ ശരുമാൻ ഋജീഷി। സോമോ വിശ്വാവ്യതസാവനാനി നാർവാഗിന്ദ്രം പ്രതിമാനാനി ദേഭുഃ।

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മുൻചൊന്ന യാഗത്തിൻെറ യാജ്യാമന്ത്രമാണ് ഇതു്

അപാന്തമന്യുഃ = കോപം ഇല്ലാത്തതും, തൃപലപ്രഭർമാ = മൂന്നു കാലത്തിലും സോമരസം എടുക്കുന്നതിനുവേണ്ടി യുള്ള പ്രഹാരം ഏററിരിക്കുന്നതും, ധുനിഃ = വിറയലോടുകൂടി അങ്ങോട്ടും ഇങ്ങോട്ടും ചലിച്ചുകൊണ്ടിരിക്കുന്നതും, ശരുമാൻ = രസം എടുത്തതുനിമിത്തം ജീർണ്ണിച്ച അവയവങ്ങളോടുകൂടിയതും, ഋജീഷി = വീണ്ടും രസം ശേഷിക്കുന്നതും ആയ, സോമഃ = സോമരസം, വിശ്വാനി വനാനി = എല്ലാവനങ്ങാളയും വർദ്ധിപ്പിക്കുന്നു. അതസാ = എല്ലാ സ്ഥലത്തും വ്യാപിച്ചിരിക്കുന്ന, അർവാക് = അർവാചീനങ്ങളായ, പ്രതിമാനാനി = ലൗകികോപമാനങ്ങൾ, ഇന്ദ്രം നദേഭുഃ = ഇന്ദ്രനെ പീഡിപ്പിക്കുന്നില്ല.

15. പ്രസുവാനഃ സോമ ഋതയുശ്ചികേതേ-
ന്ദ്രായബ്രഹ്മജമദഗ്നിരർചൻ ।
വൃഷായന്താസിശവസസ്തുരസ്യാന്തർയച്ഛ
ഗൃണതേധർത്രംദൃംഹ।

മുൻ ചൊന്ന യാഗത്തിൻെറ മററൊരു പുരോഽനുവാക്യ ആണു് ഈ മന്ത്രം.

ഋതയുഃ = യാഗം നടത്താൻ ആഗ്രഹിക്കുന്ന യജമാനൻ, ശവസഃ = ബലമുള്ളതും, തുരസ്യ = ത്വരയോടുകൂടിയതും ആയ, സോമസുവാനഃ = സോമരസം എടുക്കുന്നവനായി ഇന്ദ്രായ = ഇന്ദ്രനു് വേണ്ടി, ബ്രഹ്മപ്രചികേത = ബൃഹത്തായ സോമപാനം നല്ലപോലെ അറിയുന്നു. ജമദഗ്നിഃ = ജമദഗ്നിക്കു് തുല്യനും, അർചൻ = സ്തുതികളാൽ പൂജിക്കപ്പെടുന്നവനുമായ, ഹേ ഇന്ദ്ര! = അല്ലയോ ഇന്ദ്ര! ത്വം = അങ്ങു്. വൃഷാ = യാഗഫലങ്ങൾ തരുന്നവനും, യന്താ അസി = സോമരസം നിയന്ത്രിക്കുന്നവനും ആകുന്നു. അന്തഃ യച്ഛ = സോമരസം ദഹിക്കത്തക്കവിധത്തിൽ ഉദരത്തിൽ തന്നെ ഉറപ്പിച്ചു് നിറുത്തുക. ഗൃണതേ =

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അങ്ങയെ സ്തുതിക്കുന്ന യജമാനന്ന്, ധർത്രം = സോമരസം നിയന്ത്രിക്കുന്ന വായുവിനെ, ദൃംഹ = ദൃഢമാക്കിയാലും.

16- സബാധസ്തേമദം ച ശുഷ്മയം ച
ബ്രഹ്മനരോ ബ്രഹ്മകൃതഃ സപർയൻ ।
അർകോവായത്തുരതേ സോമചക്ഷാ-
സ്തത്രേദിന്ദ്രോദധതേപൃത്സുതുർയാം ।

മുൻ ചൊന്ന യാഗത്തിൻെറ മററൊരു യാജ്യാമന്ത്രമാണ് ഇതു്—

ഹേ സോമ! = അല്ലയോ സോമ ! ബ്രഹ്മകൃതഃ നരഃ = യാഗം അനുഷ്ഠിക്കുന്ന ഋത്വിക്കുകൾ, സബാധഃ = അഭിഷവരൂപമായ പീഡ സഹിക്കുന്ന, തേ = അങ്ങയ്ക്കു്, മദം ച = ഹർഷകരവും, ശുഷ്മയം ച = ബലപ്രാപകവും ആയ, ബ്രഹ്മ സപർയൻ = ഹവിസ്സു് സമർപ്പിച്ചു് പൂജിക്കുന്നു. സോമചക്ഷാഃ ത്വം = സോമശബ്ദംകൊണ്ടു് വ്യവഹരിക്കപ്പെടുന്ന നീ, അർകഃ ത്വാ = സൂര്യൻ തന്നെയാണു്. യദ് = എന്തെന്നാൽ, പീതഃ രസഃ = ഞങ്ങളാൽ പാനം ചെയ്യപ്പെട്ട സോമരസം. തുരതേ = എവിടെയെല്ലാം വമനത്തിനു് വേഗതകൾ കാണിക്കുന്നുവോ, തത്ര ഇദ് = അവിടെയെല്ലാം അയം ഇന്ദ്രഃ = ഈ ഇന്ദ്രൻ, പൃത്സു = യുദ്ധങ്ങളിൽ എന്ന പോലെ, തുർയാം ദധതേ = വേഗത്തിൽ വമനം നിരോധിക്കുന്നതിനുള്ള വായുവിനെ പ്രേരിപ്പിക്കുന്നു.

17- വഷട് തേ വിഷ്ണ വാസ ആകൃണോമി
തന്മേ ജുഷസ്വശിപിവിഷ്ടഹവ്യം ।
വർധന്തുത്വാ സുഷ്ടുതയോ ഗിരോമേ
യൂയം പാത സ്വസ്തിഭിഃ സദാനഃ।

അഭ്യുദയത്തിനു് വേണ്ടി ശിപിവിഷ്ട വിഷ്ണുവിനെ ഉദ്ദേശിച്ചു് ചെയ്യുന്ന യാഗത്തിനുള്ള പുരോഽനുവാക്യാമന്ത്രമാണു് ഇതു്—

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആസഃ = യജമാനനായ ഞാൻ, തേ ആ = അങ്ങയ്ക്കു ചുററും, വഷട് കൃണോമി = ഹവിർദാനം ചെയ്യുന്നു. ഹേ ശിപിവിഷ്ടവിഷ്ണോ ! = യജ്ഞാത്മകനായ അല്ലയോ വിഷ്ണുഭഗവാനെ ! മേഹവ്യം = ഞാൻ സമപ്പിക്കുന്ന ഹവിസ്സ്, ജുഷസ്വ = സ്വീകരിച്ചാലും സുഷ്ടുതയഃ ഗിരഃ = ശോഭനമായ സ്തുതി രൂപത്തിലുള്ള വാക്കുകൾ, ത്വാം വർധന്തു = അങ്ങയെവർധിപ്പിക്കട്ടെ. യൂയം = നിങ്ങൾ, നഃ = ഞങ്ങളെ, സ്വസ്തിഭിഃ = ശ്രേയസ്സുകളാൽ, സദാ = എല്ലാപ്പോഴും, പാത = രക്ഷിച്ചാലും.

18. പ്രതത്തേ അദ്യ ശിപിവിഷ്ടനാമാർയഃ
ശംസാമിവയുനാനി വിദ്വാൻ ।
തം ത്വാ ഗൃണാമിതവ സമതവീയാൻ
ക്ഷയന്ത മസ്യരജസഃ പരാകേ ।

ഇതു് മുൻ ചൊന്ന യാഗത്തിൻെറ യാജ്യാ മന്ത്രമാണ്. ഹേ ശിപിവിഷ്ട ! = അല്ലയോ വിഷ്ണോ ! വായുനാനി വിദ്വാൻ = അങ്ങയുടെ നാമങ്ങളുടെ നിർവചനം അറിയുന്നവനും, (യജ്ഞോവാ വിഷ്ണു പശവഃ ശിപിഃ യജ്ഞ ഏവ പശുഷുപ്രതിതിഷ്ഠതി ।। എന്ന ശ്രുതിയുടെ അത്ഥം അറിയുന്നവൻ) അതവീയാൻ = തപസ്സു ചെയ്യാത്തവനും ആയ, അഹം = ഞാൻ, തേനാമ = അങ്ങയെ സംബന്ധിച്ച നാമങ്ങൾ, ശംസാമി = പുകഴ്ത്തി പറയുന്നു. അർയഃ = ശ്രേഷ്ഠനായ, അഹം = ഞാൻ, തം = അപ്രകാരം വിശിഷ്ടനും, അസ്യരജസഃ = നമ്മുടെ ദൃഷ്ടിക്കു വിഷയമായ ലോകത്തിൻെറ, പരാകേ = അതിദൂരത്തിൽ, ക്ഷയന്തം = വസിക്കുന്നവനും, തവസം = തപസ്സ് ചെയ്യുന്നവനും ആയ, ത്വാം = അങ്ങയെ, ഗൃണാമി = സ്തുതിക്കുന്നു.

19. കമിത്തേ വിഷ്ണോപരിചക്ഷ്യം ഭൂ—
ത്പ്ര യദ്വവക്ഷേ ശിപിവിഷ്ടോ അസ്മി ।
മാവർഷോ അസ്മദപ ഗൃഹ
ഏതദ്യദന്യരൂപഃ സവിഥേ ബഭൂഥ ।

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇതു് മുൻ ചൊന്ന യാഗത്തിൻെറ മററൊരു യാജ്യാമന്ത്രം ആണു്.

ഹേ വിഷ്ണോ! അല്ലയോ വിഷ്ണോ! ത്വം = അങ്ങു്, യദ് = യാതൊരു കാരണത്താൽ, ശിപിവിഷ്ടഃ അസ്മി = ഞാൻ ശിപിവിഷ്ടനാണെന്നു് വീണ്ടും വീണ്ടുംപറയുന്നുവോ തത് = അതു കൊണ്ടു്, തേ = അങ്ങയുടെ, മനസി = മനസ്സിൽ, കിം ഇതു് = എന്താണു്, പരിചക്ഷ്യം ഭൂത് = ഗർഹണീയമായി ഭവിച്ചതു്? (യാതൊന്നും ഗർഹണീയമായില്ല) ഏതദ് വർപഃ നാമ = ശ്രേഷ്ഠമായ ഈ നാമം, അസ്മദ് = ഞങ്ങളിൽ നിന്നു്, മാ അപഗൂഹ = മറച്ചുവെയ്ക്കരുതു്. യദ് = എന്തു കൊണ്ടെന്നാൽ, ത്വം = അങ്ങു്, സമിധേ = ഗൂഢനായി, അന്യരൂപഃ ബഭൂഥ = അന്യരൂപത്തോടുകൂടിയവനായിത്തീന്നു.

20. അഗ്നേ ദാ ദാശുഷേ രയിം വീരവന്തം
പരീണസം ശിശീഹിനഃ സൂനുമതഃ !

ധാരാളം പശുക്കളെ ഉണ്ടാകണം എന്നു് ആഗ്രഹിക്കുന്നവൻ അഗ്നിയേയും ഇന്ദ്രനേയും ഉദ്ദേശിച്ചു് ചെയ്യുന്ന യാഗത്തിൻെറ പുരോ/നുവാക്യാ മന്ത്രമാണു ഇതു്—

ഹേ അഗ്നേ! = അല്ലയോ അഗ്നേ! ദാശുഷേ = ഹവിസ്സു് ദാനം ചെയ്യുന്ന യജമാനനു്, രയിം ദാഃ = ധനം നൽകിയാലും. പരീണസം = ശോഭനമായ നാസികാദ്യവയവങ്ങളും, വീരവന്തം = വീരന്മാരായ ഭൃത്യന്മാരോടും കൂടിയ പുത്രനേയും, ദാഃ തന്നാലും. സൂനുമതഃ നഃ = പുത്രന്മാരോടു് കൂടിയ ഞങ്ങളെ, ശിശീഹി = എല്ലാക്കാര്യങ്ങളിലും ജാഗ്രതയുള്ളവരാക്കുക.

21. ദാനോ അഗ്നേ ശതിനോ ദാ സഹസ്രിണോ
ദൂരേ/നുവാജം ശ്രുത്യാ അപാവൃധി ।
പ്രാചീദ്യാവാപൃഥിവീ ബ്രഹ്മണാകൃധി
സുവർണ്ണശുക്രമുഷ സോ വിദിദ്യുതഃ ।

ഇതു് മുൻചൊന്ന യാഗത്തിൻെറ യാജ്യാമന്ത്രമാണു്
ഹേഅഗ്നേ । = അല്ലയേ അഗ്നേ ! നഃ = ഞങ്ങൾക്കു്,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദ്ദരഃ ന = യാഗനഷ്ഠാനത്തിന്ന് സഹായിക്കുന്ന ശതിനംദാഃ = നൂറുകണക്കിന്ന് പശുക്കളെ തന്നാലും, സഹസ്രിണംഭാഃ ആയിരക്കണക്കിന്ന് പശുക്കളെ തന്നാലും. തതഃ = അനന്തരം, ശ്രുത്യൈ = വേദോക്തമായ ബ്രാഹ്മണ ഭോജനാദികാംക്കുവേണ്ടി, വാജം = ഭക്ഷണസാധനം, അപാവൃധി = വിഘ്നം കൂടാതെ വർദ്ധിപ്പിച്ചാലും, പ്രാചീകുരു = എനിക്കു് പശുക്കളും അന്നവും പ്രകർഷേണ ലഭിക്കത്തക്കവിധത്തിൽ ആക്കുക. ബ്രഹ്മണാ = മന്ത്രോച്ചാരണത്തോകൂടിയ കർമ്മങ്ങളാൽ, തുഷ്ടഃ = സന്തുഷ്ടനായ അങ്ങ്, ദ്യാവാപൃഥിവി = ദ്യോവിനേയും പൃഥിവിയേയും, പ്രാച്യൗകുരു = പ്രകർഷം ഉള്ളതാക്കിത്തീർക്കുക. ഉഷസഃ = പ്രഭാതസമയങ്ങാം, സുവഃ ന ഇവ = സ്വർഗ്ഗം എന്നപോലെ, അസ്മദ്ഗൃഹേ = ഞങ്ങളുടെ ഗൃഹത്തിൽ, ശുക്രംവിദിദ്യുതു് = വിശേഷേണപ്രകാശിക്കട്ടെ

22. അഗ്നിർദാദ്രവിണം വീരപേശം അഗ്നിം
ഋഷിം യഃ സഹസ്രാസനോതി ।
അഗ്നിർദിവിഹവ്യമാതതാനാഗ്നേ-
ർധാമാനിവിഭൃതാപുരുത്രാ ॥

ഇതു് മുൻചൊന്ന യാഗത്തിൻെറ മറെറാരു യാജ്യാമന്ത്രമാണ്. അയം അഗ്നിഃ = ഈ അഗ്നി, ദ്രവിണം ദാ = ഞങ്ങാംക്കു് ധനംനൽകട്ടെ വീരപേശാഃ = വീരന്മാരായ പുത്രന്മാരെ പരിപാലിക്കുന്ന, അഗ്നിഃ = അഗ്നി, ഋഷിം = ഋഷി സമാനരായ, പുത്രം = പുത്രന്മാരെ, സഹസ്രാ = നാനാപ്രകാരത്തിൽ, സനോതി = നൽകട്ടെ. അഗ്നിഃ = അഗ്നി, ദിവി = സ്വർഗ്ഗത്തിൽ, ഹവ്യം = ഞങ്ങാം നൽകിയ ഹവിസ്സ്, ആതതാന = വർദ്ധിപ്പിച്ചു. അഗ്നേഃ = അപ്രകാരംഉള്ള അഗ്നിയുടെ, പുരുത്രാ = പല സ്ഥലങ്ങളിൽ, ധാമാനി = സ്ഥാനങ്ങാം, വിഭൃതാ = വിശേഷേണ സമ്പാദിക്കപ്പെട്ടിരിക്കുന്നു.

23-24 മനോമർധിരാ തുഭര

പശുക്കാം ലഭിക്കണമെന്നു് ആഗ്രഹിക്കുന്നവൻ ഇന്ദ്രനെ ഉദ്ദേശിച്ച് പതിനൊന്നു പാത്രത്തിൽ പാകം ചെയ്ത

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പുരോഡാശം സമർപ്പിക്കുന്നതിനുള്ള യാഗത്തിൻെറ പുരോƒനുവാക്യ "മാനോമർധി" എന്നു് ആരംഭിക്കുന്ന മന്ത്രവും "ആ തുഭര" എന്നു് ആരംഭിക്കുന്നതു് യാജ്യയും ആണു്. ഇവ രണ്ടും ഒന്നാംകാണ്ഡം സപ്തമപ്രപാഠകത്തിൽ വ്യാഖ്യാനിച്ചിട്ടുണ്ടു്.

25 ഘൃതംന പൂതം തനൂരരേപാഃ ശുചിഹിരണ്യം ।
തത്തേരുക്‌മോനരോചതസ്വധാവഃ।
ഇതും ഇന്ദ്രനെ ഉദ്ദേശിച്ചു് ചെയ്യുന്ന യാഗത്തിൻെറ പുരോƒനുവാക്യാമന്ത്രം ആണു്.

ഹേ സ്വധാവഃ! = അല്ലയോ അന്നവാനായ പ്രജാപതേ! തനൂഃ = അങ്ങയുടെ ശരീരം, പൂതം = പരിശുദ്ധമായ, ഘൃതം ന = നെയ്യ് എന്ന പോലെ. അരേപാഃ = പാപരഹിതമാണു്. ശുചി = ശുദ്ധമായ, ഹിരണ്യം ന = സ്വർണ്ണംപോലെയും, രുക്‌മഃ ന = ആഭരണം പോലെയും, തേ = അങ്ങയുടെ ശരീരം, രോചതേ = എല്ലാവർക്കും ഇഷ്ടപ്പെടുന്നു.

26 ഉഭേസുശ്ചന്ദ്രസർപിഷോദർവീ
ശ്രീണീഷേ ആസനി।
ഉതോനഉത്പൂർയാ ഉക്‌ഥേഷുശവസസ്പത
ഇഷംസ്തോതൃഭ്യ ആഭര ।

മുൻ ചൊന്ന യാഗത്തിൻെറ യാജ്യാ മന്ത്രമാണു് ഇതു് = ഹേ സുശ്ചന്ദ്ര! = മററുള്ളവരെ നല്ല പോലെ സന്തോഷിപ്പിക്കുന്നവനെ ! ആസനി = അങ്ങയുടെ ആസ്യത്തിൽ, സർപിഷഃ = നെയ്യോടുകൂടിയ, ഉഭേദർവി = തവിപോലെയുള്ള രണ്ടു് കവിൾത്തടം, ശ്രീണീഷേ = ഉണ്ടു്. ഉത = കൂടാതെ, ഹേ ശവസസ്പതേ!! അല്ലയോ ബലത്തിനു് അധിപതിയായ ദേവ ! ഉക്‌ഥേഷു = യാഗങ്ങളിൽ, നഃ = ഞങ്ങളെ, ഉത്പൂർയാ = ഉത്കർഷം പ്രാപിപ്പിക്കുക. സ്തോതൃഭ്യഃ = ഞങ്ങളെ സ്തുതിക്കുന്ന യജമാനന്മാർക്കു്, ഇഷം ആഭര = അന്നം സമ്പാദിച്ചു കൊടുക്കുക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

27 വായോ ശതം ഹരീണാം യുവസ്വപോഷാണാം !
ഉതവാതേ സഹസ്രിണോ രഥ ആയാതു പാജസാ ।

വായുവിനെ ഉദ്ദേശിച്ച് യവാഗു ഹോമിക്കുന്ന യാഗത്തിന്റെ പുരോ/നുവാക്യയാണ് ഈ മന്ത്രം.

ഹേവായോ! = അല്ലയോ വായുദേവ! പോഷാണാം = പുഷ്ടിയുള്ള; ഹരീണാംശതം = നൂറു കുതിരകളെ, രഥേ = രഥത്തിൽ, യുവസ്വ = യോജിപ്പിക്കുക. ഉതവാ, = അല്ലെങ്കിൽ, സഹസ്രിണഃ = ആയിരം കുതിരകളെ, തേ = അങ്ങയുടെ, രഥേ = രഥത്തിൽ, യുവസ്വ = യോജിപ്പിക്കുക. സഃ = ആ രഥം, പാജസാ = വേഗത്തിൽ, ആയാതു = ഞങ്ങളുടെ ഗൃഹത്തിലേക്ക് വരട്ടെ.

28 പ്രയാഭിർയാസി ദാശ്വാംസമച്ഛാനിയുദ്ഭിർവാ
യവിഷ്ടയേദുരോണേ നിനോരയിംസുഭോജസം
യുവേഹനിവീരവദ്ഗവ്യമശ്വിയംചരാധഃ!

മുൻപിലത്തെ യാഗത്തിന്റെ യാജ്യാ മന്ത്രമാണ് ഇത്

ഹേവായോ! = അല്ലയോ വായുദേവ! ദുരോണേ = യാഗശാലയിൽ, ഇഷ്ടയേ = യാഗസിദ്ധിക്കുവേണ്ടി, യാഭിഃ നിയുദ്ഭിഃ = നിയുത് എന്നു പേരുള്ള യാതൊരു കുതിരകളോടുകൂടി, ദാശ്വാംസം അച്ഛ = ഹവിസ്സ് ദാനം ചെയ്യുന്ന യജമാനനെ സമീപിക്കുന്നതിനു്, പ്രയാഹി = പോകുന്നുവോ, താഃ = ആ കുതിരകൾ, ഇഹ = ഈ യാഗകർമ്മത്തിൽ, നഃ = ഞങ്ങൾക്ക്, സുഭോജസം = ഭോജനത്തിനു് മതിയാകുന്ന, രയിം = ധനം, നിയുവ = തരട്ടെ. വീരവത് = വീരന്മാരായ പുത്രന്മാരോടും, ഗവ്യം = പശുക്കളോടും, അശ്വിയം = കുതിരകളോടും കൂടിയ, രാധഃ = അന്നം, നി യുവ = ഞങ്ങൾക്ക് തന്നാലും.

29 രേവതീർന സധമാദ ഇന്ദ്രേസന്തു
തുവിവാജാഃ ക്ഷുമന്തോയാഭിർമദേമ ।

ഇന്ദ്രനെ ഉദ്ദേശിച്ച് ചെയ്യുന്ന യാഗത്തിനുള്ള ഒരു പുരോനുവാക്യാ മന്ത്രമാണ് ഇത്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രേവതീഃ = ധനവതികളും, സധമാദഃ = ഞങ്ങളോടു കൂടി സന്തോഷിക്കുന്നവയും, തുവിവാജാഃ = ധാരാളം ഭക്ഷണസാധനങ്ങളോടുകൂടിയവയും ആയ, ആപഃ = ജലം, നഃ = ഞങ്ങളുടെ സ്വാമിയായ, ഇന്ദ്രേ = ഇന്ദ്രനിൽ, സന്തു = ഉണ്ടായിരിക്കട്ടെ. യാഭിഃ = യാതൊരു ജലത്തോടു കൂടി, വയം = ഞങ്ങൾ, ക്ഷുമന്തഃ = ഇന്ദ്രനെ സ്തുതിക്കുന്നവരായി, മദേമ = സന്തോഷിക്കും.

30 രേവാം ഇദ്രേവതഃ സ്തോതാ സ്യാത്ത്വാവതോ മഘോനഃ ।
പ്രേദുഹരിവഃ ശ്രുതസ്യ ।

ഇന്ദ്രനെ ഉദ്ദേശിച്ച് ചെയ്യുന്ന യാഗത്തിന്റെ യാജ്യാ മന്ത്രമാണ് ഇത് —

ഹേ ഹരിവ! = അല്ലയോ ഇന്ദ്ര! അയം യജമാനഃ = ഈ യജമാനൻ, രേവാൻ ഇത് = ധനവാനായിട്ടുതന്നെ, ത്വാവതഃ = ത്വത്സദൃശനം, മഘോനഃ = ധനവാനും, ശ്രുതസ്യ = ദേവന്മാരിൽ പ്രസിദ്ധനും ആയ രേവതഃ = ധനവാനായ ദേവന്റെ, പ്രേദു = സ്തോതാവായിത്തീരട്ടെ.

ഇതിദ്വാദശോഽനുവാകഃ

ദ്വിതീയഃ പ്രപാഠകഃ സമ്പൂർണ്ണഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

3756

ദ്വിതീയകാണ്ഡേ തൃതീയഃ പ്രപാഠകഃ

പ്രഥമോ ƒ നുവാകഃ (ബ്രാഹ്മണം)

ഹരിഃ ഓം

സംഹിതാ—

ആദിത്യേഭ്യോഭുവദ്ഭ്യശ്ചരും നിർവപേത്ഭൂതികാമആദിത്യാവാ ഏതം ഭൂത്യൈപ്രതിനുദന്തേയോ ƒ ലം ഭൂത്യൈസൻ ഭൂതിംന പ്രാപ്നോത്യാദിത്യാനേവഭുവദ്വതഃ സ്വേനഭാഗധേയേനോ പധാവതിത ഏവൈനം ഭൂതിംഗമയന്തി ഭവത്യേവാ-ƒƒ ദിത്യേഭ്യോധാരയദ്വത്ഭ്യശ്ചരും നീർവപേദവരുദ്ധോ വാƒ പരുധ്യമാനോ വാ ƒƒ ദിത്യാവാ അപരോദ്ധാര ആദിത്യാ അവഗമയിതാര ആദിത്യാനേവ ധാരയദ്വതഃ സ്വേനഭാഗധേയേനോപധാവതി ത ഏവൈനം വിശിദാധ്രുത്യനപരുധ്യോഭവത്യദിതേ ƒ നു മന്യസ്വേത്യപരുധ്യമാനോ ƒ സ്യപദമാദദീതേയം വാ അദിതിരിയമേവാ സ്മൈരാജ്യമനുമന്യതേസത്യാ ƒƒശീരിത്യാഹ സത്യാമേവാ ƒƒ ശിഷം കുരുത ഇഹമന ഇത്യാഹപ്രജാ ഏവാസ്മൈ സമനസഃ കരോത്യുപപ്രേതമരുതഃ സുദാനവ ഏനാവിശ്പതിനാ ƒ ഭ്യമും രാജാനമിത്യാഹ മാരുതീവൈവിഡ്ജ്യേഷ്ഠോവിശ്പതിർവിശൈവൈനഗ്ഗംരാഷ്ട്രേണസമർധയതിയഃ പരസ്താദ് ഗ്രാമ്യവാദീസ്യാത്തസ്യ ഗൃഹാദ് വ്രീഹീനാഹരേച്ഛുക്ലാംശ്ച കൃഷ്ണാഗ്ശ്ചവിചിനുയാദ്യേശുക്ലാസ്സ്യുസ്തമാദിത്യം ചരും നിർവപേദാദിത്യാവൈദേവതയാവിഡ്വിശമേവാവഗച്ഛതി അവഗതാ ƒ സ്യ വിഡനവഗതഗ്ഗം രാഷ്ട്രമിത്യാഹുർയേ കൃഷ്ണാസ്സ്യുസ്തം വാരുണം ചരുംനിർവപേദ്വാരുണം വൈരാഷ്ട്രമുഭേ ഏവ വിശം ച രാഷ്ട്രം ചാവഗച്ഛതിയദിനാവഗച്ഛേദിമമഹമാദിത്യേഭ്യോ ഭാഗംനിർവപാമ്യാ ƒ മുഷ്മാദമുഷ്യൈവിശോ ƒ വഗന്തോരിതി നിർവപേദാദിത്യാഏവൈനംഭാഗധേയം പ്രേപ്സന്തോവിശമവഗമയന്തിയദിനാവഗച്ഛേദാശ്വത്ഥാൻമയൂഖാൻ സപ്തമധ്യമേഷായാ ƒ മുപഹന്യാദിദമഹമാദിത്യാൻ ബധ്നാമ്യാമുഷ്മാദമുഷ്യൈ വിശോ ƒ വഗന്തോരിത്യാദിത്യാ ഏവൈനം ബദ്ധവീരാ വിശമവഗമയന്തിയദിനാവഗച്ഛേദേതമേവാ ƒƒ ദിത്യം ചരും നിർവപേദിധ്മേ ƒ പി മയൂഖാൻ സംനഹ്യേദനപരു-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ധ്യമേവാവഗച്ഛത്യശ്വത്ഥാഭവന്തി മരുതാം വാ ഏതദോജോ- യദശ്വത്ഥ ഓജസൈവ വിശമവഗച്ഛതി സപ്തഭവന്തി സപ്ത- ഗണാ വൈമരുതോ ഗണശ ഏവ വിശമവഗച്ഛതി ।।

അത്ഥം:—

1. ഐശ്വര്യം ലഭിക്കാൻ അർഹതയുണ്ടെങ്കിലും ഐശ്വര്യം ലഭിക്കാത്തവൻ ഐശ്വര്യം കിട്ടുന്നതിനു്വേണ്ടി "ഭുവ ത്" എന്ന പദം ഉൾക്കൊള്ളുന്ന യാജ്യാനുവാക്യാ മന്ത്ര- ങ്ങൾ ആരെ ഉദ്ദേശിച്ച് പറയുന്നുവോ അപ്രകാരമുള്ള ആദിത്യന്മാരെ ഉദ്ദേശിച്ച് ഹവിസ്സ് പാകം ചെയ്ത് സമ- പ്പിക്കണം. ആദിത്യന്മാരാണ് ഇവനെ ഐശ്വര്യലാഭ- ത്തിനു്വേണ്ടി പ്രേരിപ്പിക്കുന്നതു്. തന്റെ ഭാഗം സമ- പ്പിച്ചതുകൊണ്ടു് യജമാനൻ ആദിത്യന്മാരെത്തന്നെ സമീ- പിക്കുന്നു. ആ ആദിത്യന്മാർ തന്നെ യജമാനനു് ഐശ്വ- ര്യം ഉണ്ടാക്കിക്കൊടുക്കുന്നു. യജമാനൻ ഐശ്വര്യത്തോടു- കൂടിയവനായിത്തീരുന്നു.

2. സ്വരാജ്യത്തിൽ ഭ്രഷ്ടനാക്കപ്പെട്ടവനോ സ്വരാജ്യത്തിൽ നിന്നു് ഭ്രഷ്ടനാക്കപ്പെടുന്നവനോ ആയിട്ടുള്ളവൻ "ധാരയ- ത്" ശബ്ദമുള്ള യാജ്യാനുവാക്യാ മന്ത്രങ്ങളാൽ സ്തുതിക്ക- പ്പെടുന്ന ആദിത്യന്മാരെ ഉദ്ദേശിച്ച് ഹവിസ്സ് സമപ്പിക്ക- ണം. ആദിത്യന്മാർതന്നെയാണ് സ്ഥാനഭ്രഷ്ടരാക്കുന്നതു്. ആദിത്യന്മാർ തന്നെയാണ് വീണ്ടും സ്ഥാനം നേടിക്കൊടു- ക്കുന്നതും. തന്റെ ഭാഗം സമപ്പിച്ചതുകൊണ്ടു് യജമാനൻ "ധാരയത്" ശബ്ദത്താൽ സ്തുതിക്കപ്പെടുന്ന ആറിത്യന്മാ- രെത്തന്നെ സമീപിക്കുന്നു. ആ ആദിത്യന്മാർ തന്നെ യജ മാനനെ തന്റെ പ്രജകളുടെ അധിപതിയായി പ്രതിഷ്ഠി ക്കുന്നു. സ്ഥാനഭ്രഷ്ടൻ ആകുന്നില്ല.

ഭ്രഷ്ടനാക്കപ്പെടുന്നവൻ [2]"അദിതേ/നമന്യസ്വ" എന്ന മന്ത്രം ചൊല്ലിക്കൊണ്ടു് ശത്രു ചവിട്ടിയ പ്രദേശത്തിലുള്ള മണ്ണു് എടുക്കണം. ഈ ഭൂമി തന്നെയാണ് "ആദിതി"[2] എന്ന ശബ്ദംകൊണ്ടു പറയപ്പെടുന്നതു്, "അദിതി[2]"

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

എന്ന പദംകൊണ്ടു് അറിയപ്പെടുന്ന ഭൂമിതന്നെ യജമാനനെ രാജ്യം ഭരിക്കാൻ അനുവദിക്കുന്നു.

"സത്യാശീഃ" എന്ന മന്ത്രം ചൊല്ലുന്നതുകൊണ്ടു് യജമാനന്റെ പ്രാർത്ഥന സഫലമാകുന്നു.

"ഇഹമനഃ" ഇത്യാദി മന്ത്രം ചൊല്ലുന്നതുകൊണ്ടു് യജമാനനായ രാജാവു് രാജ്യത്തിലുള്ള പ്രജകളെ തനിക്കു് അനുകൂലം ഉള്ളവരാക്കുന്നു.

"ഉപ പ്രേത മരുതഃ സുദാനവ ഏനാ വിശപ്തിനാഭ്യമും രാജാനം" എന്ന മന്ത്രം ചൊല്ലുന്നു. (രാജ്യപ്രവേശം അനുവദിക്കുന്ന അല്ലയോ മരുത്തുകളെ! നിങ്ങൾ ശത്രുവായ രാജാവിനോടു് കൂടി യുദ്ധം ചെയ്യുന്നതിനു് എന്നെ അവന്റെ സമീപത്തിൽ എത്തിച്ചാലും" എന്നു് മന്ത്രത്തിന്റെ അർത്ഥം)

ഈ മന്ത്രത്തിൽ "വിഡ്" എന്ന പദംകൊണ്ടു് വിവക്ഷിച്ചിരിക്കുന്ന പ്രജകൾ മരുത്തിനെ സംബന്ധിച്ചവരാണു് അവരുടെ പ്രധാനിയെയാണു് "വിശ്പതി" എന്ന പദംകൊണ്ടു് വിവക്ഷിച്ചിരിക്കുന്നതു്. ഇപ്രകാരം യാഗം നടത്തുന്ന യജമാനനെ രാജ്യത്തോടും പ്രജകളോടും കൂടി സമൃദ്ധനാക്കുന്നു.

യാതൊരുത്തൻ ഗ്രാമത്തിനു് ഹിതമായ കാര്യങ്ങൾ രാജാവിന്റെ അടുക്കൽ ചെന്നു് രഹസ്യമായി പറയുന്നുവോ അവന്റെ വീട്ടിൽനിന്നു് ധാന്യം കൊണ്ടുവരണം വെളുത്ത ധാന്യങ്ങളും കറുത്ത ധാന്യങ്ങളും വേർതിരിക്കണം.

വെളുത്ത ധാന്യം കൊണ്ടു് ആദിത്യനെ ഉദ്ദേശിച്ചു് ഹവിസ്സു് തയാറാക്കി സമർപ്പിക്കണം. ആദിത്യന്മാർ പ്രജകളുടെ ദേവതകളാണു് അപ്രകാരം ചെയ്യുന്നതുകൊണ്ടു് പ്രജകൾക്കു് യജമാനനോടു് ആനുകൂല്യം ഉണ്ടാകുന്നു.

യജമാനൻ വെളുത്തനിറത്തിലുള്ള ധാന്യംകൊണ്ടു് പാകം ചെയ്ത ഹവിസ്സു് ആദിത്യനു് സമർപ്പിക്കുന്നതു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നിമിത്തം പ്രജകൾ സ്വാധീനം ആകുന്നു. രാജ്യം സ്വാധീനമാകുന്നില്ല എന്നു് പറയുന്നു. അതിനു് പരിഹാരമായി കറുത്ത നിറത്തിലുള്ള ധാന്യംകൊണ്ടു് വരുണനെ ഉദ്ദേശിച്ചു് ഹവിസ്സു് തയാറാക്കി സമർപ്പിക്കണം. രാജ്യം വരുണനെ സംബന്ധിച്ചതാണു്. അതുകൊണ്ടു് രാജ്യവും പ്രജകളും യജമാനനു് സ്വാധീനമാകുന്നു.

യാഗം നടത്തിയിട്ടും അതിൻെറ ഫലം ലഭിക്കുന്നില്ലെങ്കിൽ (സ്വസ്ഥാനം ഉറപ്പിക്കാൻ വീണ്ടും പ്രതിബന്ധം ഉണ്ടാകുന്നു എങ്കിൽ) രാജ്യം സ്വാധീനമാക്കിയിരിക്കുന്ന ശത്രുവിൻെറ പ്രജകളിൽനിന്നും ലഭിച്ച പദാർത്ഥങ്ങളിൽ ഒരു ഭാഗം ആദിത്യന്മാരെ ഉദ്ദേശിച്ചു് സമർപ്പിക്കാം എന്നു് പ്രതിജ്ഞചെയ്തുകൊണ്ടു് വീണ്ടും യാഗം നടത്തണം. യജമാനൻ മനസ്സിൽ നിശ്ചയിച്ച ഭാഗം ലഭിക്കാൻ ആഗ്രഹിക്കുന്ന ആദിത്യന്മാർ തന്നെ യജമാനനു് പ്രജകളെ സ്വാധീനമാക്കുന്നു.

പിന്നെയും പ്രതിബന്ധങ്ങൾ മാറുന്നില്ലെങ്കിൽ ആലിൻെറ ഏഴുകമ്പുകൾ വണ്ടിയുടെ നടുക്കുള്ള ഈഷയിൽ പ്രജകളേയും രാജ്യത്തേയും കീഴടക്കിയിരിക്കുന്ന ശത്രുക്കളിൽനിന്നു് പ്രജകളെ സ്വാധീനം ആക്കുന്നതിനു് വേണ്ടി "ഇദമഹമാദിത്യൻ ബധ്നാമി" എന്നു മന്ത്രം പറഞ്ഞുകൊണ്ടു് കെട്ടിവെയ്ക്കണം. ബന്ധിക്കപ്പെട്ട അനുചരന്മാരോടുകൂടിയ ആദിത്യന്മാർതന്നെ യജമാനനു് പ്രജകളെ സ്വാധീനമാക്കുന്നു.

വീണ്ടും പ്രതിബന്ധംതീർന്നു് രാജ്യവും രാജ്യവാസികളും സ്വാധീനമാകുന്നില്ലെങ്കിൽ ആദിത്യന്മാരെ ഉദ്ദേശിച്ചു് ഈ ഹവിസ്സു് തന്നെ പാകം ചെയ്തു് സമർപ്പിക്കണം യാഗത്തിനു് വേണ്ടി തീ കത്തിക്കുന്ന വിറകിൽ ആലിൻെറ കൊമ്പുകളേയും ചേർത്തു് കെട്ടണം. സ്ഥാനഭ്രംശം ഉണ്ടാകാതെതന്നെ രാഷ്ട്രവും പ്രജകളും യജമാനനു് സ്വാധീനമാകുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിറകിൻെറകൂടെ ചേർത്തു കെട്ടുന്ന കമ്പുകൾ ആലിൻെറതാകുന്നു. ആൽമരം മരുത്തുകളുടെ ബലം ആണ്. സ്വകീയമായ ബലംകൊണ്ടുതന്നെ യജമാനൻ പ്രജകളെ സ്വാധീനമാക്കുന്നു. വിറകിൻെറ കൂടെകെട്ടി വെയ്ക്കുന്ന കമ്പുകൾ ഏഴാണ്. മരുത്തുകൾ ഏഴുഗണം ആണല്ലോ. ഓരോ സംഘമായി യജമാനൻ പ്രജകളെ സ്വാധീനം ആക്കുന്നു.

ഇതിപ്രഥമോ ऽനുവാകഃ

അഥദ്വിതീയോऽനുവാകഃ

സംഹിതാ—

ദേവാവൈമൃത്യോരബിഭയുസ്തേപ്രജാപതി മുപാധാവന്തേഭ്യ ഏതാംപ്രാജാപത്യഗ്ംശതകൃഷ്ണലാം നിരവപത്തൈയെവൈഷ്വമൃതമദധാദ്യോമൃത്യോരബിഭീയാത്തസ്മാ ഏതാം പ്രാജാപത്യഗ്ംശതകൃഷ്ണലാം നിർവപേത്പ്രജാപതിമേവ സ്വേനഭാഗധേയേനോപധാവതിസഏവാസ്മിന്നായുർദധാതിസർവ്വമായുരേതി ശതകൃഷ്ണലാഭവതി ശതായുഃ പുരുഷഃ ശതേന്ദ്രിയആയുഷ്യേവേന്ദ്രിയേ പ്രതിതിഷ്ഠതി ഘൃതേഭവത്യായുർവൈ ഘൃതമമൃതഗ്ം ഹിരണ്യമായുശ്ചൈവാസ്മാ അമൃതംചസമീചീദധാതിചത്വാരികൃഷ്ണലാന്യവദ്യതി ചതുരവത്തസ്യൈ്യാഏകധാബ്രഹ്മണ ഉപഹരത്യേകധൈവ യജമാന ആയുർദധാത്യസാവാദിത്യോനവ്യരോചത തസ്മൈ ദേവാഃ പ്രായശ്ചിത്തി മൈച്ഛന്തസ്മാ ഏതത് സൗര്യം ചരും നിരവപത്തേനൈവാസ്മിൻ രുചമദധുർയോ ബ്രഹ്മവർചസകാമഃ സ്യാത്തസ്മാ ഏതത് സൗര്യം ചരുംനിർവപേദമുമേവാദിത്യം സ്വേനഭാഗധേയേനോപധാവതിസഏവാസ്മിൻബ്രഹ്മവർചസംദധാതി ബ്രഹ്മവർചസ്യേവ ഭവത്യുഭയതോ രുക്മൗഭവതഉഭയത ഏവാസ്മിൻരുചംദധാതി പ്രയാജേപ്രയാജേ കൃഷ്ണലംജുഹോതിദിഗ്ഭ്യ ഏവാസ്മൈ ബ്രഹ്മവർചസമവരുന്ധേആഗ്നേയമഷ്ടാകപാലംനിർവപേത്സാവിത്രം ദ്വാദശകപാലം ഭൂമൈ്യ ചരും യഃ കാമയേത ഹിരണ്യം വിന്ദേയ ഹിരണ്യം മോപനമേദിതി യദാഗ്നേയോഭവത്യാഗ്നേയം വൈഹിരണ്യം യസൈ്യവ ഹിരണ്യം തേനൈവേനദ്വിന്ദതേ സാവിത്രോഭവതി സവിതൃപ്രസൂത ഏവൈനദ്വിന്ദതേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭ്രുമ്യൈചരുർഭവത്യസ്യാമേവൈനദ്ധിന്ദതേളപ്പൈനംഹിരണ്യം നമതി വിവാ ഏഷ ഇന്ദ്രിയേണ വിർയേണർധ്യതേയോ ഹിരണ്യം വിന്ദത ഏതാമേവനിർവപേദ്ധിരണ്യം വിതാനേ- ന്ദ്രിയേണ വീർയേണവ്യൃധ്യത ഏതാമേവനിർവപേദ്യസ്യ ഹിരണ്യം നശ്യേദ്യദാഗ്നേയോ ഭവത്യാഗ്നേയം വൈഹിരണ്യം യസ്യൈവഹിരണ്യംതേനൈമവൈനദ്ധിന്ദതിസാവിത്രോഭവതി സവിതൃപ്രസൂത ഏവൈനദ്ധിന്ദതിഭ്രുമ്യൈചരുർഭവത്യസ്യാംവാ ഏതന്നശ്യതിയന്നശ്യത്യസ്യാ മേവൈനദ്ധിന്ദതീന്ദ്രഃ ത്വഷ്ടു സോമമഭീഷഹാഽപിബത്സവിഷങ്വ്യാർഛത്സ ഇന്ദ്രിയേണ സോമപീഥേന വ്യാർധ്യത സയദൂർധ്വമുദവമിത്തേ ശ്യാമാകാ അഭവൻസ പ്രജാപതിമുപാധാവത്തസ്മാ ഏതം സോമേന്ദ്രം ശ്യാമാകം ചരും നിരവപത്തേനൈവാസ്മിന്നിന്ദ്രിയം സോമ പീഥമദധാദ്വിവാ ഏഷ ഇന്ദ്രിയേണ സോമപീഥേനർധ്യ തേ യഃ സോമം വമിതിയഃ സോമവാമീസ്യത്തസ്മൈ ഏത- ത്സോമേന്ദ്രശ്ശ്യാമാകംചരും നിർവപേത്സോമംചൈവേന്ദ്രം ച സ്വേന ഭാഗധേയേനോപധാവതി താവേവാസ്മിന്നിന്ദ്രി- യഞ്ചസോമപീഥംധത്തോനേന്ദ്രിയേണസോമപീഥേനവ്യൃദ- ധ്യതേയത്സൗമ്യോഭവതി സോമപീഥമേവാവരുന്ധേ യദൈ- ന്ദ്രോഭവതീന്ദ്രിയംവൈസോമപീഥ ഇന്ദ്രിയമേവ സോമപീഥ മവരുന്ധേ ശ്യാമാകോഭവത്യേഷ വാവസസോമഃ സാക്ഷാദേവ സോമപീഥമവരുന്ധേഽഗ്നയേ ദാത്രേപുരോഡാശമഷ്ടാകപാലം നിർവപേദിന്ദ്രായ പ്രദാത്രേ പുരോഡാശമേകാദശകപാലം പശുകാമോഽഗ്നിരേവാസ്മൈ പശൂൻ പ്രജനയതിവൃദ്ധാനിന്ദ്രഃ പ്രയച്ഛതിദധിമധുഘൃതമാപോധാനാഭവന്ത്യേതദ്വൈ പശൂനാ- ഞ്ചരൂപഞ്ചരൂപേണൈവപശൂനവരുന്ധേപഞ്ചഗൃഹീതം ഭവതി പാങ്ക്താഹിപശവോബഹുരൂപം ഭവതി ബഹുരൂപാഹി പശവഃ സമൃദ്ധ്യൈ പ്രാജാപത്യം ഭവതി പ്രാജാപത്യാവൈ പശവ പ്രജാപതിരേവാസ്മൈ പശൂൻ പ്രജനയത്യാത്മാ വൈപുരുഷസ്യമധുയന്മധ്വഗ്നൗജുഹോത്യാത്മാനമേവതദ്യജമാ- നോഽഗ്നൗപ്രദധാതി പങ്ക്ത്യൗയാജ്യാനുവാക്യേഭവതഃപാങ്- ക്തഃ പുരുഷഃ പാങ്ക്താഃപശവഃ ആത്മാനമേവമൃത്യോർ- നിഷ്ക്രീയപശൂനവരുന്ധേ ॥

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അർത്ഥം—

ദേവൻന്മർ മരണത്തെ പേടിച്ചു. അവർ പ്രജാപതിയെ സമീപിച്ചു. കൃഷ്ണലാസദൃശമായനൂറു സ്വർണ ശകലം ദാനം ചെയ്യേണ്ടതും പ്രജാപതിയെ സംബന്ധിച്ചതും ആയ യാഗം നടത്താൻ അദ്ദേഹം ഉപദേശിച്ചു. ആയാഗം നടത്തിയതുകൊണ്ട് ദേവന്മാർക്ക് മരണം ഇല്ലാതെയായി (കൃഷ്ണലാ = കുന്നിക്കുരു)

മരണം ഉണ്ടായേക്കും എന്ന് പേടിക്കുന്നവൻ അതിൽ നിന്ന് രക്ഷപ്പെടുന്നതിന് വേണ്ടി പ്രജാപതിയെ ഉദ്ദേശിച്ച് നടത്തേണ്ടതും നൂറ് കുന്നിക്കുരുവിൻെറ തൂക്കം സ്വർണ്ണം ദക്ഷിണയായി നൽകേണ്ടതും ആയ ഈ യാഗം നിർവഹിക്കണം. തൻെറ ഭാഗം സമർപ്പിച്ചതുകൊണ്ട് യജമാനൻ പ്രജാപതിയെതന്നെ സമീപിക്കുന്നു. ആ പ്രജാപതിതന്നെ യജമാനന് ആയുസ്സ് നൽകുന്നു. യജമാനന് പൂർണമായ ആയുസ്സ് ലഭിക്കുന്നു

മനുഷ്യൻെറ പൂർണായുസ്സ് നൂറ് കൊല്ലം ആണ്. മനുഷ്യൻ നൂറ് ഇന്ദ്രിയങ്ങളോട് കൂടിയവൻ ആണ് ആയുസ്സാധനമായ ഇന്ദ്രിയശക്തിയിൽ ആയുസ്സ് ഉറച്ചിരിക്കുന്നു. അതുകൊണ്ട് നൂറ് കുന്നിക്കുരുവിൻെറ തൂക്കം സ്വർണം ദാനം ചെയ്യുന്നു.

ഈ യാഗത്തിന് നെയ്യിലാണ് ഹവിസ്സ് പാകം ചെയ്യുന്നത്. നെയ്യ് എന്ന് പറയുന്നത് ആയുസ്സാണ്. നെയ്യ് അമൃതമാണ്. ഇപ്രകാരം ചെയ്യുന്നതുകൊണ്ട് സ്വർണവും ആയുസ്സും യജമാനന് ലഭിക്കുന്നു.

ചതുരവത്തം ലഭിക്കുന്നതിന് വേണ്ടി കുന്നിക്കുരുവിൻെറ വലിപ്പത്തിലുള്ള നാലു സ്വർണശകലങ്ങളാ ഓരോ പ്രാവശ്യവും ഹോമിക്കാൻ എടുക്കുന്നു. (ഹോമത്തിനുള്ള ഉപകരണമായ ജുഹുവിൽ ആദ്യം നെയ്യ് ഒഴിക്കുന്നു. അതിന് ശേഷം രണ്ടുപ്രാവശ്യം ഹോമദ്രവ്യം എടുത്തു വെയ്ക്കുന്നു. വീണ്ടും അതിൽ നെയ്യൊഴിക്കുന്നു. അതിന് ശേഷം മന്ത്രം ചൊല്ലി ഹോമിക്കുന്നു. ഈ രീതിയിൽ ഹോമം ചെയ്യുന്നതിന് ചതുരവത്തം എന്നു പറയുന്നു)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബ്രഹ്മാവിനെ ഉദ്ദേശിച്ച് ഹോമം ചെയ്യുമ്പോഠം ഹോമി ക്കേണ്ട മുഴുവൻ ദ്രവ്യവും ഒരുമിച്ച് തന്നെ ഹോമിക്കുന്നു. യജമാനനു് ഒരുമിച്ച് തന്നെ ആയുസ്സ് ലഭിക്കുന്നു.

2 ഒരിക്കൽ ഈ ആദിത്യൻ പ്രകാശിച്ചില്ല. ദേവന്മാർ അതിനു് പ്രതിവിധി ചെയ്യാൻ ആഗ്രഹിച്ചു. അതിനു് പ്രായശ്ചിത്തമായി സൂര്യദേവതാകമായ ഈ യാഗം നടത്തി (ശതകൃഷ്ണല ഹോമിക്കുന്ന ഈ യാഗം) അതുകൊണ്ടു് ആദിത്യനിൽ തേജസ്സ് ഉണ്ടായി. ബ്രഹ്മവർചസ്സ് ഉണ്ടാകണം എന്നു് ആഗ്രഹിക്കുന്നവൻ ശതകൃഷ്ണലഹോമിക്കുന്ന സൂർയദേവതാകമായ യാഗം നടത്തണം. തന്റെ ഭാഗം സമപ്പിച്ചതുകൊണ്ടു് യജമാനൻ ആദിത്യനെ തന്നെ സമീപിക്കുന്നു. ആ ആദിത്യൻ തന്നെ യജമാനനിൽ ബ്രഹ്മവർചസ്സ് ഉണ്ടാക്കുന്നു. യജമാനൻ ബ്രഹ്മവർചസ്സോടു് കൂടിയവനായിത്തീരുന്നു.

ഹവിസ്സ് ഹോമിക്കുന്നതിനു് മുൻപിലും പിൻപിലും സ്വർണം ഹോമിക്കണം. അപ്രകാരം ചെയ്യുന്ന യജമാനനു് തീർച്ചയായും തേജസ്സ് ലഭിക്കുന്നു.

ഓരോ പ്രയാജാ മന്ത്രം ചൊല്ലുമ്പോഴും കുന്നിക്കുരുവിന്റെ വലിപ്പത്തിലുള്ള സ്വർണം ഹോമിക്കുന്നു. എല്ലാദിക്കുകളിൽ നിന്നും യജമാനനു് ബ്രഹ്മവർചസ്സ് ലഭിക്കുന്നു.

3. സ്വർണം ലഭിക്കണമെന്നും ലഭിച്ച സ്വർണം വദ്ധിക്കണം എന്നും ആഗ്രഹിക്കുന്നവൻ അഗ്നിയെ ഉദ്ദേശിച്ച് എട്ടു് പാത്രത്തിൽ പാകം ചെയ്ത ഹവിസ്സും സവിതാവിനെ ഉദ്ദേശിച്ച് പന്ത്രണ്ടു് പാത്രത്തിൽ പാകം ചെയ്ത ഹവിസ്സും ഭൂമിദേവിയെ ഉദ്ദേശിച്ച് ഒരു പാത്രത്തിൽ പാകം ചെയ്ത ഹവിസ്സും സമർപ്പിക്കണം. സ്വർണം അഗ്നിയെ സംബന്ധിച്ചതായതുകൊണ്ടു് അഗ്നിയെ സംബന്ധിച്ച ഹവിസ്സ് സമർപ്പിക്കുന്നു. സ്വർണം ആരുടെ കൈയിൽ ഇരിക്കുന്നുവോ ആ ആളിൽ നിന്നാണു് സ്വർണം ലഭിക്കേണ്ടതു്. സവിതാവിനെ ഉദ്ദേശിച്ച്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹവിസ്സ് സമർപ്പിക്കേണ്ടതുകൊണ്ടു് യജമാനന്നു് സവിതാവിൽ നിന്നു് തന്നെ സ്വർണം ലഭിക്കുന്നു. ഭൂമിക്കായിക്കൊണ്ടു് ഹവിസ്സ് സമർപ്പിക്കുന്നു. ഈ ഭൂമിയിൽതന്നെയാണു് സ്വർണം ലഭിക്കുന്നതു്. ഇപ്രകാരം യാഗം കഴിക്കുന്ന യജമാനന്നു് സ്വർണം സ്വാധീനമാകുന്നു.

ലഭിച്ച സ്വർണം ചോരന്മാർ അപഹരിച്ചേക്കുമോ എന്നു് പേടിക്കുന്നവൻ ഈ യാഗം തന്നെ നടത്തണം. ലഭിച്ച സ്വർണം നഷ്ടപ്പെടുക ഇല്ല.

ലഭിച്ച സ്വർണം നഷ്ടപ്പെട്ടാൽ വീണ്ടും സ്വർണം ലഭിക്കുന്നതിന്നു് ഈ യാഗം തന്നെ നടത്തണം, സ്വർണം അഗ്നിയെ സംബന്ധിച്ചതായതുകൊണ്ടു് അഗ്നിയെ സം-ബന്ധിച്ച ഹവിസ്സ് ഹോമിക്കുന്നു. അപ്രകാരം അനുഷ്ഠിക്കുന്നതുകൊണ്ടു് തന്നെ യാതൊരുത്തൻെറ സ്വർണ്ണമാണോ നഷ്ടപ്പെടുന്നതു് അതു് അവന്നു് തന്നെ ലഭിക്കുന്നു. സവിതാവിനെ ഉദ്ദേശിച്ചു് ഹവിസ്സ് ഹോമിക്കുന്നു. നഷ്ടപ്പെട്ട സ്വർണം സവിതാവിൻെറ പ്രേരണയാൽ തന്നെ ലഭിക്കുന്നു. ഭൂമി ദേവിക്കു് ഹവിസ്സ് സമർപ്പിക്കുന്നു. ഈ ഭൂമിയിൽ തന്നെയാണു് സ്വർണം നശിക്കുന്നതു്. നഷ്ടപ്പെട്ട സ്വർണ്ണം ഈ ഭൂമിയിൽ നിന്നുതന്നെ ലഭിക്കുന്നു.

4 ഇന്ദ്രൻ ത്വഷ്ടാവിൻെറ സോമരസം ബലാൽക്കാരമായി കുടിച്ചു. (ത്വഷ്ടാവു് യാഗത്തിന്നു് ഇന്ദ്രനെ ക്ഷണിച്ചില്ല) എങ്കിലും ഇന്ദ്രൻ യാഗസ്ഥലത്തു ചെന്നു് ബലാൽക്കരമായി സോമരസം പാനം ചെയ്തു) ആ ഇന്ദ്രൻ ത്വഷ്ടാവിനെ പേടിച്ചു് നാനാ ദിക്കുകളിലേക്കും ഓടി. ഇന്ദ്രിയങ്ങൾക്കു ബലം നൽകുന്ന സോമപാനത്താൽ അസ്വസ്ഥനായിത്തീൎന്ന ഇന്ദ്രൻ അതു ഛർദ്ദിച്ചു. അതു് ശ്യാമാകം എന്ന ധാന്യമായിത്തീൎന്നു. ആ ഇന്ദ്രൻ പ്രജാപതിയുടെ അടുക്കൽ ചെന്നു. അതിന്നു് പരിഹാരമായി സോമനേയും ഇന്ദ്രനേയും ഉദ്ദേശിച്ചു് ശ്യാമാകം പാകം ചെയ്ത ഹവിസ്സ് സമർപ്പിച്ചു. അതു നിമിത്തം ഇന്ദ്രനു് ഇന്ദ്രിയശക്തി നൽകുന്ന സോമപാനത്തിന്നു് അർഹത ലഭിച്ചു,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യാതൊരുത്തൻ പാനം ചെയ്ത സോമരസം ഛർദ്ദിക്കുന്നുവോ അവൻ ഇന്ദ്രിയശക്തി നൽകുന്ന സോമപാനത്തിനു് ശക്തൻ അല്ലാതായിത്തീരുന്നു. പാനം ചെയ്ത സോമരസം ഛർദ്ദിക്കുന്നവൻ അതിനു് പരിഹാരമായി സോമദേവതാകവും ഇന്ദ്രദേവതാകവും ആയ ശ്യാമാകഹവിസ്സ് സമർപ്പിക്കണം. തന്റെ ഭാഗം സമർപ്പിച്ചതുകൊണ്ടു് യജമാനൻ സോമനേയും ഇന്ദ്രനേയും സമീപിക്കുന്നു. അവർ രണ്ടുപേരും യജമാനനു് ഇന്ദ്രിയശക്തി ഉണ്ടാക്കുന്നു. യജമാനനു് സോമപാനത്തിനുള്ള യോഗ്യത ഉണ്ടാകുന്നു.

സോമദേവതാകമായതുകൊണ്ടു് യജമാനനു് സോമപാനം ചെയ്യാനുള്ള ശക്തി ലഭിക്കുന്നു. സോമപാനം ചെയ്യുന്നതു് ഇന്ദ്രിയശക്തി ഉണ്ടാക്കുന്നതാകുന്നു. ഇന്ദ്രദേവതാകമായതുകൊണ്ടു് ഇന്ദ്രിയശക്തി ഉണ്ടാകുന്നു. യജമാനനു് സോമപാനം ലഭിക്കുന്നു. സോമം എന്നുപറയുന്നതു് ശ്യാമാകം തന്നെയാണു്. യജമാനനു് പ്രത്യക്ഷത്തിൽ തന്നെ സോമപാനത്തിനുള്ള അർഹത ലഭിക്കുന്നു.

5 ധാരാളം പശുക്കൾ ലഭിക്കണം എന്നു് ആഗ്രഹിക്കുന്നവൻ ദാനശീലനായ അഗ്നിയെ ഉദ്ദേശിച്ചു് എട്ടു പാത്രത്തിൽ പാകം ചെയ്ത പുരോഡാശം സമർപ്പിക്കണം. വളരെ അധികം ദാനം ചെയ്യുന്ന ഇന്ദ്രനെ ഉദ്ദേശിച്ചു് പതിനൊന്നു് പാത്രത്തിൽ പാകം ചെയ്ത പുരോഡാശം സമർപ്പിക്കണം. അഗ്നി യജമാനനു് പശുക്കളെ നൽകുന്നു. ഇന്ദ്രൻ ആ പശുക്കളുടെ എണ്ണം വർദ്ധിപ്പിക്കുന്നു.

തൈരു് തേൻ നെയ്യു് വെള്ളം ധാന്യങ്ങൾ എന്നിവയും ഹോമദ്രവ്യങ്ങൾ ആകുന്നു. (മുൻപു് പറഞ്ഞ പുരോഡാശത്തിനു് പുറമേ ഈ ദ്രവ്യങ്ങൾ കൂടി ഹോമിക്കണം. ഇവ പശുക്കളുടെ രൂപമാണു്. (ദധിഘൃതം എന്നിവ പശുക്കളിൽനിന്നു് കിട്ടുന്നു. മററുള്ളവ പശുക്കൾക്കു് ഇഷ്ടപ്പെട്ടതാണു്) പശുവിന്റെ രൂപമായ ഈ പദാർത്ഥങ്ങൾ ഹോമിക്കുന്നതുകൊണ്ടു് യജമാനനു് പശുക്കൾ ലഭിക്കുന്നു— ഓരോ ദ്രവ്യവും എടുത്തു ഒന്നിച്ചു് ഹോമിക്കണം. പശു)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്കരം പരിശുദ്ധി ഉള്ളവയാണ്. പലതരത്തിലുള്ള ദ്രവ്യങ്ങരം ഹോമിക്കുന്നു. പലതരത്തിലുള്ള പശുക്കരം സമൃദ്ധിക്ക് കാരണം ആണ്.

പ്രജാപതിയെ ഉദ്ദേശിച്ച് ഈ ഹോമം നടത്തുന്നു. പശുക്കരം പ്രജാപതിയെ സംബന്ധിച്ചവയാണല്ലോ. പ്രജാപതി തന്നെ യജമാനന്ന് പശുക്കളെ നൽകുന്നു. തേൻ-പുരുഷന്റെ ആത്മാവിന്ന് തുല്യമാണ്. അഗ്നിയിൽ തേൻ ഹോമിക്കുന്നതു് യജമാനൻ തന്നെത്തന്നെ അഗ്നിയിൽ ഹോമിക്കുന്നതിന്ന് തുല്യം ആണ്. യാജ്യാ മന്ത്രവും പുരോ ഽനുവാക്യാ മന്ത്രവും പങ്ക്തിഛന്ദസ്സിലുള്ളതാണ്. അതുകൊണ്ട് പുരുഷൻ പരിശുദ്ധനായിത്തീരുന്നു. പശുക്കളും പരിശുദ്ധം ആകുന്നു. യജമാനനെ മൃത്യുവിൽനിന്ന് മോചിപ്പിക്കുന്നു. യജമാനന്ന് പശുക്കരം ലഭിക്കുകയും ചെയ്യുന്നു.

ഇതിദ്വിതീയോ ഽനുവാകഃ

അഥതൃതീയോ ഽനുവാകഃ (ബ്രാഹ്മണം)

സംഹിതാഃ —

ദേവാ വൈസത്രമാസതർദ്ധിപരിമിതം യശസ്കാമാസ്തേഷാഗ്ഗ്ംസോമഗ്ഗ്ം രാജാനം യശ ആർച്ഛത്സഗിരിമുദൈത്തമഗ്നിരന്വൈത്താവഗ്നിഷോമൗ സമഭവതാംതാവിന്ദ്രോയജ്ഞവിഭ്രഷ്ടോഽനുപരൈത്താവബ്രവീദ്യാജയതംമേതിതസ്മാഏതാമിഷ്ടിം നിരവപതാമാഗ്നേയമഷ്ടാകപാലമൈന്ദ്രമേകാദശകപാലം സൗമ്യം ചരും തയൈവാസ്മിന്തേജഃ ഇന്ദ്രിയം ബ്രഹ്മവർചസമധത്താം യോയജ്ഞവിഭ്രഷ്ടഃ സ്യാത്തസ്മാഏതാമിഷ്ടിം നിർവപേദാഗ്നേയമഷ്ടാകപാലമൈന്ദ്രമേകാദശകപാലം സൗമ്യംചരും യദാഗ്നേയോഭവതി തേജ ഏവാസ്മിന്തേനദധാതി യദൈന്ദ്രോഭവതീന്ദ്രിയമേവാസ്മിൻതേനദധാതി യത്സൗമ്യോ ബ്രഹ്മവർചസംതേനാഗ്നേയസ്യ ച സൗമ്യസ്യചൈന്ദ്രേ സമാശ്ലേഷയേത്തേജശ്ചൈവാസ്മിൻ ബ്രഹ്മവർചസം ച സമിചിദധാത്യഗ്നീഷോമീയമേകാദശക-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പാലം നിർവപേദ്യം കാമോനോപനമേദാഗ്നേയോ വൈബ്രാ-
ഹ്മണഃസസോമം പിബതി സ്വാമേവ ദേവതാഗ്ംസ്വേനഭാഗ-
ധേയേനോപധാവതി സൈവൈനം കാമേനസമർധയത്യുപൈ
നംകാമോനമത്യഗ്നീഷോമീയമഷ്ടാകപാലം നിർവപേത്
ബ്രഹ്മവർചസകാമോഽഗ്നീഷോമാവേവ സ്വേനഭാഗധേയേനോ
പധാവതി താവേവാസ്മിൻ ബ്രഹ്മവർചസംധത്തോ ബ്രഹ്മ
വർചസ്യേവഭവതി യദഷ്ടാകപാലസ്തേനാഗ്നേയോ യത്ശ്യാ-
മാകസ്തേന സൗമ്യഃ സമൃദ്ധ്യൈ സോമായവാജിനേ ശ്യാമാകം
ചരും നിർവപേദ്യഃ ക്ലൈബ്യാദ്ബിഭീയാദ്രേതോഹിവാഏത
സ്മാദ്വാജിനമപക്രാമത്യഥൈഷക്ലൈബ്യാദ് ബിഭായ സോമ
മേവവാജിനഗ്ംസ്വേനഭാഗധേയേനോപധാവതിസ ഏവാസ്-
മിൻ രേതോവാജിനംദധാതിനക്ലീബോഭവതി ബ്രാഹ്മണസ്പ-
ത്യമേകാദശകപാലം നിർവപേദ് ഗ്രാമകാമഃബ്രഹ്മണസ്പ-
തിമേവസ്വേന ഭാഗധേയേനോപധാവതി സ ഏവാസ്മൈ
സജാതാൻ പ്രയച്ഛതി ഗ്രാമ്യേവഭവതി ഗണവതീയാജ്യാനുവാ-
ക്യേഭവതഃ സജാതൈരേവൈനം ഗണവന്തം കരോത്യേതാ-
മേവ നിർവപേദ്യഃ കാമയേത ബ്രഹ്മൻ വിശംവിനാശയേയ
മിതിമാരുതീയാജ്യാനുവാക്യേകുർയാദ് ബ്രഹ്മന്നേവവിശംവി-
നാശയതി ॥

അർത്ഥം: —

യശസ്സ് ആഗ്രഹിക്കുന്നവരായ ദേവൻമാർ അവരുടെ ആഗ്രഹം സാധിക്കാൻ പര്യാപ്തമായ യാഗം നടത്തി. അവരിൽ രാജാവായ സോമന് യശസ്സ് ലഭിച്ചു. ആ സോമൻ യശസ്സോടുകൂടി ഒരു പർവ്വതത്തിലേക്ക് പോയി അഗ്നി ആ സോമനെ അനുഗമിച്ച് പർവ്വതത്തിലേക്ക് പോയി. ആ അഗ്നിയും സോമനും പരസ്പരം യോജിച്ചു. യാഗഫലം ലഭിക്കാത്ത ഇന്ദ്രൻ അഗ്നിഷോമന്മാരെ അനുഗമിച്ച് അവരുടെ സമീപത്തിൽ എത്തി. എന്നെക്കൊണ്ട് യാഗം കഴിപ്പിച്ചാലും എന്ന് അഗ്നിഷോമന്മാരോട് പറഞ്ഞു. ഇന്ദ്രന് വേണ്ടി (ഇന്ദ്രന് യശസ്സ് കിട്ടുന്നതിന് വേണ്ടി) ഈ യാഗം നടത്തിച്ചു. അഗ്നിയെ ഉദ്ദേശിച്ച് എട്ട് പാത്രത്തിൽ പാകം ചെയ്ത ഹവിസ്സും ഇന്ദ്രനെ ഉദ്ദേ-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശിച്ചു് പതിനൊന്നു് പാത്രത്തിൽ പാകം ചെയ്ത ഹവിസ്സും സമർപ്പിച്ചു. ആ യാഗം നടത്തിയതുകൊണ്ടു് ഇന്ദ്രനു് തേജസ്സും ബലവും ബ്രഹ്മവർചസ്സും ലഭിച്ചു

യാതൊരുത്തനു് യാഗഫലം ലഭിക്കുന്നില്ലയോ അവൻ അതിനു് പരിഹാരമായി അഗ്നിയെ ഉദ്ദേശിച്ചു് എട്ടു-പാത്രത്തിൽ പാകം ചെയ്ത ഹവിസ്സും ഇന്ദ്രനെ ഉദ്ദേശിച്ചു് പതിനൊന്നു് പാത്രത്തിൽ പാകം ചെയ്ത ഹവിസ്സും സോമനെ ഉദ്ദേശിച്ചു് ഒരു പാത്രത്തിൽ പാകം ചെയ്ത ഹവിസ്സും സമർപ്പിക്കേണ്ട ഈ യാഗം നടത്തണം.

അഗ്നിയെ ഉദ്ദേശിച്ചു് ഹവിസ്സു് സമർപ്പിക്കുന്നതു കൊണ്ടു് യജമാനനു് തേജസ്സു് ലഭിക്കുന്നു. ഇന്ദ്രനെ ഉദ്ദേശിച്ചു് ഹവിസ്സു് സമർപ്പിക്കുന്നതുകൊണ്ടു് യജമാനനു് ബലം ഉണ്ടാകുന്നു. സോമനെ ഉദ്ദേശിച്ചു് ഹവിസ്സു് സമർപ്പിക്കുന്നതുകൊണ്ടു് യജമാനനു് ബ്രഹ്മവർചസ്സു് ലഭിക്കുന്നു

ഇന്ദ്രനു് വേണ്ടിപാകം ചെയ്ത ഹവിസ്സിൽ അഗ്നിയെ ഉദ്ദേശിച്ചു് പാകം ചെയ്ത ഹവിസ്സും സോമനെ ഉദ്ദേശിച്ചു് പാകം ചെയ്ത ഹവിസ്സും യോജിപ്പിക്കണം. അതുകൊണ്ടു് യജമാനനു് തേജസ്സും ബ്രഹ്മവർചസ്സും നല്ലപോലെ ഉണ്ടാകുന്നു.

2 ആഗ്രഹിച്ച കാര്യം സാധിക്കുന്നതിനു് വേണ്ടി അഗ്നിയേയും സോമനേയും ഉദ്ദേശിച്ചു് പതിനൊന്നു് പാത്രത്തിൽ പാകം ചെയ്ത ഹവിസ്സു് സമർപ്പിക്കണം. അഗ്നിയെ സംബന്ധിച്ച ബ്രാഹ്മണൻ സോമപാനം ചെയ്യുന്നു. തന്റെ ഭാഗം സമർപ്പിച്ചതുകൊണ്ടു് യജമാനൻ തന്റെ ദേവതയെത്തന്നെ സമീപിക്കുന്നു. ആ ദേവതതന്നെ യജമാനനു് ആഗ്രഹം സാധിച്ചു് കൊടുക്കുന്നു. യജമാനനു് അഭീഷ്ടം സാധിക്കുന്നു.

3 ബ്രഹ്മവർചസ്സു് ആഗ്രഹിക്കുന്നവൻ അഗ്നിയേയും സോമനേയും ഉദ്ദേശിച്ചു് എട്ടു പാത്രത്തിൽ പാകം ചെയ്ത ഹവിസ്സു് സമർപ്പിക്കണം. തന്റെ ഭാഗം സമർപ്പിച്ചതു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കൊണ്ടു് യജമാനൻ അഗ്നിയേയും സോമനേയും തന്നെ സമീപിക്കുന്നു. അവർ തന്നെ യജമാനനു് ബ്രഹ്മവർചസ്സ് നൽകുന്നു-യജമാനൻ ബ്രഹ്മവർചസ്സോടു് കൂടിയവനായിതന്നെ ഭവിക്കുന്നു.

അഗ്നിയെ ഉദ്ദേശിച്ചു് എട്ടു് പാത്രത്തിൽ പാകം ചെയ്ത ഹവിസ്സ് സമർപ്പിക്കുന്നതും സോമനെ ഉദ്ദേശിപ്പു് ശ്യാമാകഹവിസ്സ് പാകം ചെയ്തു് സമർപ്പിക്കുന്നതും സമൃദ്ധിക്കു് കാരണം ആകുന്നു.

4 ക്ലീബത്വം ഉണ്ടായേക്കുമോ എന്നു് പേടിക്കുന്നവൻ അന്നരസത്തിൻെറ ശക്തി നൽകുന്ന സോമനെ ഉദ്ദേശിച്ചു് ശ്യാമാകം പാകം ചെയ്ത ഹവിസ്സ് സമർപ്പിക്കണം. യജമാനനിൽ നിന്നു് അന്നരസത്തിൽ നിന്നുണ്ടായ തേജസ്സ് ബഹിർഗമിച്ചതുകൊണ്ടാണല്ലോ ക്ലീബത്വം ഉണ്ടായേക്കുമോ എന്നു് പേടിച്ചതു്. തൻെറ ഭാഗം സമപ്പിച്ചതുകൊണ്ടു് യജമാനൻ അന്നരസത്തിൻെറ ശക്തി നൽകുന്ന സോമനെ സമീപിക്കുന്നു. ആ സോമൻ യജമാനനു് അന്നരസത്തിൽ നിന്നു് ഉണ്ടാകുന്ന തേജസ്സ് നൽകുന്നു. യജമാനൻ ക്ലീബൻ ആകുന്നില്ല.

5 ഗ്രാമത്തിൻെറ ആധിപത്യം ആഗ്രഹിക്കുന്നവൻ ബ്രഹ്മണസ്പതിയെ ഉദ്ദേശിച്ചു് പതിനൊന്നു് പാത്രത്തിൽ പാകം ചെയ്ത ഹവിസ്സ് സമർപ്പിക്കണം. തൻെറ ഭാഗം സമർപ്പിച്ചതുകൊണ്ടു് യജമാനൻ ബ്രഹ്മണസ്പതിയെ തന്നെ സമീപിക്കുന്നു. ബ്രഹ്മണസ്പതിതന്നെ യജമാനനു് സഹായികളെ നൽകുന്നു. യജമാനൻ ഗ്രാമത്തിൻെറ അധിപതിയായിത്തീരുന്നു.

ഗണശബ്ദമുള്ള മന്ത്രങ്ങൾ ഈ യാഗത്തിൻെറ യാജ്യയും പുരോനുവാക്യയും ആകുന്നു. യജമാനനെ സഹായിക്കും ഒരു സംഘത്തിൻെറ നായകൻ ആക്കുന്നു.

6 വൈശ്യജാതിയിലുള്ളവർ ധനംകൊണ്ടു് ബ്രാഹ്മണരെ തിരസ്കരിക്കുന്നതു് മാററണമെന്നു് ആഗ്രഹിക്കുന്നവൻ ഈ യാഗം തന്നെ നടത്തണം. അതിനു് "മരുത്" ശബ്ദത്തോടുകൂടിയ യാജ്യാമന്ത്രവും പുരോനുവാക്യാമന്ത്രവും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചൊല്ലണം. ബ്രാഹ്മണരാൽ വൈശ്യജാതിയിലുള്ളവക്ക് ഉണ്ടായ അഹങ്കാരം നശിക്കുന്നു. (“മരുതോ യദ്ധവേദിവോ” എന്നാരംഭിക്കുന്നതും “യാവഃ ശർമ എന്നാരംഭിക്കുന്നതുമായ മന്ത്രങ്ങളാണ് യാജ്യാനുവാക്യാമന്ത്രങ്ങൾ)

ഇതിതൃതീയോഽനുവാകഃ

അഥചതുർത്ഥോഽനുവാകഃ (ബ്രാഹ്മണം)

സംഹിതാ—

അർയമ്ണേചരുംനിർവപേത്സുവർഗകാമോഽസൗവാആദിത്യോഽർയമാഽർയമണമേവ സ്വേന ഭാഗധേയേനോപധാവതിസ ഏവൈനഗ്ഁംസുവർഗംലോകംഗമയത്യർയമ്ണേചരും നിർവപേദ്യഃകാമയേതദാനകാമാഃമേപ്രജാരസ്യുരിത്യസൗവാആദിത്യോ ഽർയമായഃഖലു വൈദദാതി സോഽർയമാഽർയമണമേവ സ്വേന ഭാഗധേയേനോപധാവതി സ ഏവാസ്മൈദാനകാമാഃ പ്രജാഃ കരോതിദാനകാമാ അസ്മൈ പ്രജാഭവന്ത്യർയമ്ണേചരും നിർവപേദ്യഃ കാമയേതസ്വസ്തിജനതാമിയാമിത്യസൗവാആദി ത്യോഽർയമാ ഽർയമണമേവസ്വേന ഭാഗധേയേനോപധാവതി സ ഏവൈനംതദ്ഗമയതി യത്രജിഗമിഷതീന്ദ്രോവൈ ദേവാനാമാനുജാവര ആസീത്സ പ്രജാപതിമുപാധാവത്തസ്മാഏതമൈന്ദ്രമാനുഷ്ഠകമേകാദശകപാലം നിരവപത്തേനൈവൈനമഗ്രം ദേവതാനാം പർയണയദ് ബുധ്നവതീ അഗ്രവതീ യാജ്യാനുവാക്യേ അകരോദ് ബുധ്നാ ദേവൈനമഗ്രംപർയണയദ്യോ രാജന്യ ആനുജാവര സ്യാത്തസ്മാ ഏതമൈന്ദ്രമാനുഷ്ഠകമേകാദശകപാലം നിർവപേദിന്ദ്രമേവസ്വേന ഭാഗധേയേനോപധാവതി സഏവൈനമഗ്രം സമാനാനാം പരിണയതി ബുധ്നവതീ അഗ്രവതീ യാജ്യാനുവാക്യേഭവതോ ബുധ്നാദേവൈനമഗ്രം പരിണയത്യാനുഷ്ഠകോഭവത്യേഷാഹ്യേതസ്യ ദേവതായ ആനുജാവരഃ സമൃദ്ധ്യൈയോ ബ്രാഹ്മണ ആനുജാവരഃ സ്യാത്തസ്മാഏതം ബാർഹസ്പത്യമാനഷ്ഠകം ചരും നിർവപേദ്ബൃഹസ്പതിമേവ സ്വേനഭാഗധേയേനോപധാവതി സ ഏവൈനമഗ്രഗ്ഁം സമാനാനാംപരിണയതി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബുധ്നവതി അഗ്രവതീ യാജ്യാനുവാക്യേഭവതോ ബുധ്നാദ്ധേ വൈനമഗ്രം പരിണയത്യാനുഷ്ഠൂ കോ ഭവത്യേഷാ ഹ്യേതസ്യ- ദേവതായ ആനുജാവരഃ സമൃദ്ധ്യൈ ।।

അർത്ഥം:—

1. സ്വർഗ്ഗം ആഗ്രഹിക്കുന്നവൻ അർയമാ എന്ന ദേവന് ഹവിസ്സ് തയാറാക്കി സമർപ്പിക്കണം. ഈ ആദിത്യനാണ് അർയമാ എന്ന് അറിയപ്പെടുന്നത്. തന്റെ ഭാഗം സമർപ്പിച്ചതുകൊണ്ട് യജമാനൻ അർയമാ എന്ന ദേവനെ തന്നെ സമീപിക്കുന്നു. ആ അർയമാദേവൻ തന്നെ യജമാനനെ സ്വർഗത്തിൽ എത്തിക്കുന്നു.

2. ആളുകൾ എനിക്ക് ദാനം തരാൻ ആഗ്രഹം ഉള്ളവരായി തീരട്ടെ എന്ന് യാതൊരുത്തൻ ആഗ്രഹിക്കുന്നുവോ അവൻ അർയമാവിനെ ഉദ്ദേശിച്ച് ഹവിസ്സ് തയാറാക്കി സമർപ്പിക്കണം. നമുക്ക് എല്ലാം നൽകുന്ന അർയമാദേവൻ ആദിത്യൻതന്നെയാണ്. തന്റെ ഭാഗം സമർപ്പിച്ചതുകൊണ്ട് യജമാനൻ അർയമാദേവനെ തന്നെ സമീപിക്കുന്നു. ആ അർയമാദേവൻ ആളുകളെ യജമാനന് ദാനം കൊടുക്കാൻ ആഗ്രഹം ഉള്ളവരാക്കിത്തീർക്കുന്നു. ആളുകൾ യജമാനന് ദാനംകൊടുക്കാൻ ആഗ്രഹംഉള്ളവരായിതീരുന്നു.

3. സദസ്സിലേക്ക് നിർവിഘ്നം ചെല്ലണം എന്ന് ആഗ്രഹിക്കുന്നവൻ അർയമാ എന്ന ദേവനെ ഉദ്ദേശിച്ച് ഹവിസ്സ് തയാറാക്കി സമർപ്പിക്കണം. പ്രത്യക്ഷത്തിൽ കാണുന്ന ആദിത്യനാണ് അർയമാ എന്ന ദേവൻ. തന്റെ ഭാഗം സമർപ്പിച്ചതുകൊണ്ട് അർയമാ എന്ന ദേവൻ തന്നെ യജമാനനെ എവിടെ പോകാൻ ആഗ്രഹിക്കുന്നുവോ അവിടെ എത്തിക്കുന്നു.

4. ഇന്ദ്രൻ ദേവന്മാരിൽ വിലമതിക്കപ്പെടാത്തവൻ ആയിരുന്നു. ആ ഇന്ദ്രൻ ബ്രഹ്മാവിനെ സമീപിച്ചു. അതിന് വേണ്ടി ഇന്ദ്രനെ സംബന്ധിച്ചതും ഒരു പ്രാവശ്യം ധാന്യം എടുത്തതിന് ശേഷം രണ്ടാമത്തു വിളയുന്ന ധാന്യം ഉപ-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യോഗിച്ച് പതിനൊന്നു് പാത്രത്തിൽ പകം ചെയ്ത ഹവിസ്സ് സമപ്പിച്ചു. അതുകൊണ്ടു് തന്നെ ഇന്ദ്രനെ ദേവന്മാരിൽ ഉയന്നസ്ഥാനത്തിൽ എത്തിച്ചു. ‘‘ബൃധ്നാവതി’’ എന്നാരംഭിക്കുന്ന മന്ത്രവും ‘‘അഗ്രവതീ’’ എന്നു് ആരംഭിക്കന്ന മന്ത്രവും യഥാക്രമം ഈ യാഗത്തിൽെറ യാജ്യാമന്ത്രവും പുരോ/നവാക്യാമന്ത്രവും ആയി നിശ്ചയിച്ചു. ‘‘ബൃധ്നാദ്’’ എന്നാരംഭിക്കുന്ന മന്ത്രംകൊണ്ടു തരന്ന (ഈ യാഗം ആരംഭിച്ച ഉടൻതന്നെ) ഇന്ദ്രനെ ശ്രേഷ്ഠമായ സ്ഥാനത്തിൽ എത്തിച്ചു.

ക്ഷത്രിയരുടെ ഇടയിൽ അപകൃഷ്ടനായി ഗണിക്കപ്പെടുന്ന ക്ഷത്രിയൻ അതിനു് പരിഹാരമായി ഇന്ദ്രനെ സംബന്ധിച്ചതും ധാന്യം കൊയ്തതിനു് ശേഷം അവിടെത്തന്നെ രണ്ടാമതു വിളഞ്ഞ ധാന്യം പതിനൊന്നു് പാത്രത്തിൽ പാകം ചെയ്ത ഹവിസ്സ് സമർപ്പിക്കണം. തൻെറ ഭാഗം സമപ്പിച്ചതുകൊണ്ടു് യജമാനൻ ഇന്ദ്രനെതന്നെ സമീപിക്കുന്നു. ഇന്ദ്രൻ തന്നെ യജമാനരന തുല്യരായ ആളുകളിൽ അഗ്രിമസ്ഥാനത്തിൽ എത്തിക്കുന്നു ‘‘ബൃധ്നവതി’’ എന്നാരംഭിക്കുന്ന മന്ത്രവും ‘‘അഗ്രവതി’’ എന്നു് ആരംഭിക്കുന്ന മന്ത്രവും ഈ യാഗത്തിൻെറ യാജ്യാനുവാക്യാമന്ത്രങ്ങൾ ആകുന്നു. ബൃധ്നാത് എന്നാരംഭിക്കുന്ന മന്ത്രം ചൊല്ലിത്തുടങ്ങുന്നതു മുതൽ തന്നെ യജമാനനെ അഗ്രിമസ്ഥാനത്തിൽ എത്തിക്കുന്നു, ആദ്യം ധാന്യം ശേഖരിച്ചതിനു് ശേഷം രണ്ടാമതു കിട്ടുന്ന ധാന്യംകൊണ്ടു് ഹവിസ്സ് പാകം ചെയ്യുന്നു. തുല്യത ഉണ്ടായിരുന്നിട്ടും അപകൃഷ്ടനായി ഗണിക്കപ്പെടുന്നവനു് സമൃദ്ധി നൽകുന്ന ദേവത ഇതാണു്.

5 തനിക്കു് തുല്യരായ ആളുകളുടെ ഇടയിൽ അപകൃഷ്ടനായി ഗണിക്കപ്പെടുന്ന ബ്രാഹ്മണൻ അതിനു് പരിഹാരമായി ബൃഹസ്പതിയെ ഉദ്ദേശിച്ച് ആദ്യം ധാന്യം കൊയ്യപ്പെട്ടതിനു് ശേഷം രണ്ടാമതു വിളഞ്ഞ ധാന്യം പാകംചെയ്ത ഹവിസ്സ് സമർപ്പിക്കണം തൻെറ ഭാഗം സമർപ്പിച്ചതു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കൊണ്ടു് യജമാനൻ ബൃഹസ്പതിയെത്തന്നെ സമീപിക്കുന്നു. ആ ബൃഹസ്പതിതന്നെ യജമാനനെ തുല്യരായ ആളുകളിൽ ശ്രേഷ്ഠൻ ആക്കുന്നു. "ബുധന്വതി" എന്നും ആരംഭിക്കുന്ന മന്ത്രവും അഗ്രവതീ എന്നു് ആരംഭിക്കുന്ന മന്ത്രവും ഈ യാഗത്തിൻെറ യാജ്യാനുവാക്യാമന്ത്രങ്ങളും ആകുന്നു. "ബുധന്വാദ്" എന്നാരംഭിക്കുന്ന മന്ത്രം ചൊല്ലിത്തുടങ്ങുന്ന സമയം മുതൽ യജമാനനെ ശ്രേഷ്ഠനാക്കിത്തീർക്കുന്നു. ഈ യാഗത്തിനു് ഹവിസ്സ് പാകം ചെയ്യാനുള്ളധാന്യം രണ്ടാമതു് ഉണ്ടായതാകുന്നു. അപകൃഷ്ടനായിഗണിക്കപ്പെടുന്നവൻെറ സമൃദ്ധിക്കുള്ള ദേവത ഇതാണു്.

ഇതിചതുർത്ഥോ ഽനുവാകഃ

അഥപഞ്ചമോ ഽനുവാകഃ (ബ്രാഹ്മണം)

സംഹിതാ—

പ്രജാപതേസ്ത്രയസ്ത്രിംശദ്ദുഹിതര ആസന്താഃ സോമായ രാജ്ഞേ ഽദദാത്താസാഗ്ം രോഹിണിമുപൈത്തം ഈർഷ്യന്തീഃ പുനരഗച്ഛന്താ അന്വൈത്താഃ പുനരയാചത താ അസ്മൈന പുനരദദാത്സോ ഽബ്രവീദൃതമമീഷ്വയഥാ സമാവച്ഛ ഉപൈഷ്യാമ്യഥതേ പുനർദാസ്യാമീതി സഋതമാമീത്താ അസ്മൈപുനരദദാത്താസാഗ്ം രോഹണീമേവോപ ഐത്തംയക്ഷ്മ ആർഛദ്രാജാനം യക്ഷ്മആരദിതിതദ്രാജയക്ഷ്മസ്യജന്മയത്പാപീയാനഭവേത്തത്പാപയക്ഷ്മസ്യ യജ്ജായാഭ്യോ ഽവിന്ദത്തജ്ജായേന്യസ്യയ ഏവമേതേഷാം യക്ഷ്മാണാം ജന്മവേദനൈനമേതേയക്ഷ്മാവിന്ദന്തി സ ഏതാഏവ നമസ്യന്നുപാധാവത്താ അബ്രുവൻ വരംവൃണാമഹൈ സമാവച്ഛ ഏവ ന ഉപായഇതി തസ്മാ ഏതം ആദിത്യം ചരും നിരവപന്തേനൈവൈനം പാപാത്സ്രാമാദമുഞ്ചന്യഃ പാപയക്ഷ്മഗൃഹീതഃ സ്യാത്തസ്മാ ഏതമാദിത്യംചരും നിർവപേദാദിത്യാനേവ സ്വേന ഭാഗധേയേനോപധാവതി തഏവൈനം പാപാത്സ്രാമാന്മുഞ്ചന്ത്യമാവാസ്യായാംനിർവപേദമുമേവൈനമാപ്യായമാനമന്വാപ്യായയന്തിനവോനവോ ഭവതിജായമാനഇതിപുരോ ഽനുവാക്യാഭവത്യാ-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യുരേവാസ്മിന്തയാ ദധാതിയമാദിത്യാ അംശുമാപ്യായയന്തീ-
തിയാജ്യെവൈനമേതയാപ്യായയതി ॥

അത്ഥം.—

1 പ്രജാപതിക്കു് മുപ്പത്തിമൂന്നു് പുത്രിമാർ ഉണ്ടായിരുന്നു. അവരെ രാജാവായ സോമനു് വിവാഹം കഴിച്ചുകൊടുത്തു സോമൻ അവരിൽ രോഹിണിയെ മാത്രം സ്നേഹിച്ചു. മററുള്ളവർ കോപിച്ചു് പിതൃഗൃഹത്തിലേക്കു് പോയി. സോമൻ അവരെ അനുഗമിച്ചു. അവരെ വീണ്ടും അയയ്ക്കു-ണം എന്നു് അപേക്ഷിച്ചു. അവരെ അയച്ചില്ല. പ്രജാപ-തി പറഞ്ഞു. "ഇവരോടു് എല്ലാവരോടും തുല്യമായി പെരുമാറാം എന്നു സത്യം ചെയ്യുകയാണെങ്കിൽ ഇവരെ വീണ്ടും അയയ്ക്കാം" സോമൻ അപ്രകാരം ശപഥം ചെയ്തു. അവരെ സോമനു് വീണ്ടും നൽകി.

അവര!ൽ രോഹിണിയെ മാത്രം ഭാര്യയായി സ്വീകരിച്ചു. ആ സോമനെ "യക്ഷ്മ" എന്ന രോഗം ബാധിച്ചു- രാജാവായ ചന്ദ്രനെ യക്ഷ്മ എന്ന രോഗം ബാധിച്ചു എന്നാണു് "രാജയക്ഷ്മ" എന്ന രോഗത്തിൻെറ ഉത്പത്തി. ശപഥം നിറവേററാത്തതുകൊണ്ടു് പാപിയായിതീർന്നതു കൊണ്ടു് ഉണ്ടായ രോഗം ആയതുകൊണ്ടു് 'പാപയക്ഷ്മാ" എന്ന പേരു ലഭിച്ചു, ഭാര്യമാർ നിമിത്തം ഉണ്ടായി എന്നുള്ളതുകൊണ്ടു് "ജായേന്യം" എന്നു് ഇതിനു് പേർ പറയുന്നു. യാതൊരുത്തൻ യക്ഷ്മാ എന്ന ഈ രോഗത്തിൻെറ ഉത്ഭവത്തിനുള്ള കാരണം അറിയുന്നുവോ അവനു് ഈ യക്ഷ്മാ എന്ന രോഗം ഉണ്ടാവുക ഇല്ല.

സോമൻ പ്രജാപതീയുടെ പുത്രികളെത്തന്നെ നമസ്കരിച്ചുകൊണ്ടു്സമീപിച്ചു(തൻെറ രോഗത്തിനു് പരിഹാരം ഉണ്ടാക്കണം എന്നു് അപേക്ഷിച്ചു) അവർ പറഞ്ഞു. "ഞങ്ങളോടു് എല്ലാവരോടും തുല്യമായിത്തന്നെ വിവാഹബന്ധം പുലർത്തണം" എന്നു്. രോഗശാന്തിക്കായി ആദിത്യനെ ഉദ്ദേശിച്ചു് ഹവിസ്സു് പാകം ചെയ്തു സമർപ്പിച്ചു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അതുകൊണ്ടു് സോമനെ പ്രബലമായ രോഗത്തിൽനിന്നു് മോചിപ്പിച്ചു.

പാപം നിമിത്തം ഉണ്ടാകുന്ന യക്ഷ്മാ എന്ന രോഗത്താൽ പിഡിതനാകുന്നവൻ അതിനു് പരിഹാരമായി ആദിത്യനെ ഉദ്ദേശിച്ചു് ഹവിസ്സു് പാകം ചെയ്തു സമർപ്പിക്കുന്ന ഈ യാഗം നടത്തണം. തൻെറ ഭാഗം സമർപ്പിച്ചതുകൊണ്ടു് യജമാനൻ ആദിത്യന്മാരെതന്നെ സമീപിക്കുന്നു. ആ ആദിത്യന്മാർ തന്നെ യജമാനനെ പാപത്തീൽ നിന്നു് മോചിപ്പിക്കുന്നു. പ്രബലമായ രോഗത്തിൽ നിന്നും മോചിപ്പിക്കുന്നു.

ഈ യാഗം അമാവാസ്യ കഴിഞ്ഞ ഉടൻ നടത്തണം. ശുക്ലപക്ഷത്തിലെ പ്രഥമമുതൽ വർദ്ധിച്ചു വരുന്ന ചന്ദ്രനെ അനുകരിച്ചു് യജമാനനും അഭിവൃദ്ധി പ്രാപിക്കുന്നു.

"നവോനവോഭവതീ ജായമാനഃ" എന്നു് ആരംഭിക്കുന്ന മന്ത്രം ഈ യാഗത്തിൻെറ പുരോഽനുവാക്യാ മന്ത്രമാണു്. ആ മന്ത്രം ചൊല്ലുന്നതുകൊണ്ടു് യജമാനനു് ആയുസ്സു് ലഭിക്കുന്നു. ചന്ദ്രനെ ആദിത്യന്മാർ കിരണങ്ങളാൽ വർദ്ധിപ്പിക്കുന്നു എന്ന കാരണത്താൽ ഈ മന്ത്രം തന്നെ യജമാനനെ വർദ്ധിപ്പീക്കുന്നു.

ഇതിപഞ്ചമോഽനുവാകഃ

അഥഷഷ്ഠോഽനുവാകഃ (ബ്രാഹ്മണം)

സംഹിതാഃ—

പ്രജാപതിർദേവേഭ്യോഽന്നാദ്യംവ്യാദിശത്സോഽബ്രവീദ്യദിമാൻല്ലോകാനഭ്യതിരിച്യാതൈ തന്മമാസദിതിതദിമാൻല്ലോകാനഭ്യത്യരിച്യതേന്ദ്രഗ്ഗ്ംരാജാനമിന്ദ്രമധിരാജമിന്ദ്രഗ്ഗ്ംസ്വരാജാനം തതോവൈസഇമാംല്ലോകാംസ്ത്രേധാഽദുഹത്തത്ത്രിധാതോസ്ത്രിധാതുത്വം യം കാമയേതാന്നാദഃസ്യാദിതിതസ്മാഏതംത്രിധാതും നിർവപേദിന്ദ്രായരാജ്ഞേ പുരോഡാശം ഏകാ–

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദശകപാലമിന്ദ്രായാധിരാജായേന്ദ്രായ രാജ്ഞേ ƒയം വാ ഇന്ദ്രോ-
രാജാ ƒയമിന്ദ്രോ ƒധിരാജേ ാ ƒ സാവിന്ദ്രഃ സ്വരാഡിമാനേവലോ-
കാൻ സ്വേനഭാഗധേയേനോപധാവതി ത ഏവാസ്മാ അന്നം
പ്രയച്ഛന്ത്യന്നാദഏവഭവതി യഥാവത്സേന പ്രത്താം ഗാം ദുഹ
ഏവമേവേമാൻ ലോകാൻ പ്രത്താൻ കാമമന്നാദ്യം ദുഹ ഉത്താ-
നേഷുകപാലേഷ്വധിശ്രയത്യയാതയാമത്വായ ത്രയഃ പുരോ-
ഡാശാഭവന്തി ത്രയ ഇമേ ലോകാ എഷാം ലോകാനാമാപ്ത്യാ
ഉത്തരഉത്തരോജ്യായാൻ ഭവത്യേവ മിവഹീമേ ലോകാഃ സമൂ-
ഢ്യൈസർവേഷാമഭിഗമയന്നവദ്യത്യച്ഛംബട്കാരം വ്യത്യാ-
സമന്വാഹാനിർദാഹായ ॥

അർത്ഥം —

1 പ്രജാപതി ദേവന്മാർക്ക് ഭക്ഷിക്കുന്നതിന്ന് അർഹമായ പദാർത്ഥം വീതിച്ചുകൊടുത്തു. ആ പ്രജാപതി പറഞ്ഞു— "ലോകത്തിൽ ശ്രേഷ്ഠമായിരിക്കുന്നതു" എനിക്കുവേണം" എന്ന് . അപ്രകാരമുള്ള അന്നം രാജാവായ ഇന്ദ്രൻേറയും അധിരാജാവായ ഇന്ദ്രൻേറയും സ്വർഗത്തിൻെറ അധിപതിയായ ഇന്ദ്രൻേറയും ലോകങ്ങളിൽ ഉള്ളവയെക്കാരം ശ്രേഷ്ഠമായിരുന്നു. ആ പ്രജാപതി ഈ ലോകങ്ങളെ മൂന്നു തരത്തിൽ ദോഹനം ചെയ്തു. അപ്രകാരം മൂന്നു ലോകങ്ങളെ മൂന്നുതരത്തിൽ ദോഹനം ചെയ്തതുകൊണ്ട് ത്രിധാതു എന്നു പറയപ്പെട്ടു.

2 യാതൊരുത്തൻ അന്നം ഭക്ഷിക്കണം എന്ന് ആഗ്രഹിക്കുന്നുവോ അവൻ അതിനുവേണ്ടി "ത്രിധാതു" എന്ന പേരുള്ള ഈ യാഗം നടത്തണം. ഭൂലോകത്തിൻെറ അധിപതിയായ ഇന്ദ്രനെ ഉദ്ദേശിച്ചും അന്തരിക്ഷാധിപനായ ഇന്ദ്രനെ ഉദ്ദേശിച്ചും സ്വർഗ്ഗാധിപനായ ഇന്ദ്രനെ ഉദ്ദേശിച്ചും പതിനൊന്നു പാത്രത്തിൽ പാകം ചെയ്ത പുരോഡാശം സമർപ്പിക്കണം. ഭൂലോകത്തിൻെറ അധിപതിയായ രാജാവ് ഇന്ദ്രനാണ്. അന്തരിക്ഷത്തിൻെറ അധിപതി ഇന്ദ്രനാണ്. സ്വർഗ്ഗലോകത്തിൻെറ അധിപതിയും ഇന്ദ്രനാണ്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തന്റെ ഭാഗംസമപ്പിച്ചതുകൊണ്ടു് യജമാനൻ ഈ ലോക-ങ്ങളെ തന്നെസമീപിക്കുന്നു. മൂന്നു ലോകത്തിന്റേയും അധിപതിയായഇന്ദ്രൻതന്നെ യജമാനനു് അന്നം നൽ-കുന്നു. യജമാനൻഅന്നം ഭക്ഷിക്കുന്നവനായി തന്നെ-ഭവിക്കുന്നു.

തന്റെ കുട്ടിക്കു്വേണ്ടി പാൽ ചുരത്തുന്ന പശുവിൽ നിന്നു് പാൽകറന്നു് എടുക്കുന്നതു പോലെ ദേവന്മാരാൽ അഭിവർദ്ധിതമായ ഈ ലോകങ്ങളിൽ നിന്നു് യജമാനൻ ഇഷ്ടംപോലെ അന്നം മുതലായവ എടുക്കുന്നു.

രസം കുറഞ്ഞു പോകാതിരിക്കുന്നതിനു് വേണ്ടി ഒരു പാത്രത്തിന്റെ മുകളിൽ മററൊരുപാത്രംവെച്ചു് പാകം ചെയ്യുന്നു.

ഭൂമി അന്തരീക്ഷം സ്വർഗ്ഗം എന്നീ മൂന്നു് ലോകങ്ങ-ളാണു് ഉള്ളതു്. ഈ ലോകങ്ങൾ ലഭിക്കുന്നതിനുവേണ്ടി മൂന്നു പാത്രത്തിൽ പുരോഡാശം പാകം ചെയ്യുന്നു.

മുകളിൽ ഉള്ള പാത്രത്തിലെ പുരോഡാശം അതിനു് താഴെയുള്ള പാത്രത്തിലെ പുരോഡാശത്തെകാൾ ശ്രേഷ്ഠ-മാകുന്നു. ഈ ലോകങ്ങൾ (ഭൂമി- അന്തരീക്ഷം - സ്വഗ്ഗം) ഇപ്രകാരമാണല്ലോ ? ഇപ്രകാരം ചെയ്യുന്നതു് സമൃദ്ധിക്കു് കാരണം ആണു്.

പുരോഡാശത്തിന്റെ യാതൊരു ഭാഗവും വ്യത്ഥം ആ-കാത്തവിധം പുരോഡാശം മുഴുവൻ അഗ്നിയിൽ വീഴ-ത്തക്കവിധം ഹോമിക്കുന്നു. നാശം ഉണ്ടാകാതിരിക്കുന്ന-തിനു്വേണ്ടി യാജ്യാപുരോ ƒനു വാക്യാമന്ത്രങ്ങൾ ആവ-ത്തിച്ചുപറയണം.

ഇതിഷഷ്ഠോ ƒനുവാകഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സപ്തമോƒനുവാകഃ (ബ്രാഹ്മണം)

സംഹിതാ—

ദേവാസുരാ സംയത്താആസന്താൻ ദേവാനസുരാ അജയന്തേ ദേവാഃപരാജിഗ്യാനാ അസുരാണാംവൈശ്യമുപാƒƒയന്തേഭ്യഇന്ദ്രിയം വീർയമപാക്രാമത്തദിന്ദ്രോƒചായത്തദനപക്രാമത്തദവരുധംനാശക്നോത്തദസ്മാദഭ്യർധോƒചരത്സപ്രജാപതിമുപാധാവത്തമേതയാ സർവ്വപൃഷ്ഠയാƒയാജയത്തയൈവാസ്മിന്നിന്ദ്രിയം വീർയമദധാദ്യഇന്ദ്രിയകാമഃ വീർയകാമഃസ്യാത്തമേതയാ സർവ്വപൃഷ്ഠയാ യാജയേദേതാ ഏവദേവതാഃസ്വേന ഭാഗധേയേനോപധാവതി താ ഏവാസ്മിന്നിന്ദ്രിയം വീർയം ദധതി യദിന്ദ്രായ രാഥന്തരായ നിർവപതി യ ദേവാഗ്നേ സ്തേജസ്തദേവാവരുന്ധേ യദിന്ദ്രായ ബാർഹതായ യദേവേന്ദ്രസ്യതേജസ്തദേവാ വരുന്ധേ യദിന്ദ്രായ വൈരൂപായ യദേവ സവിതുസ്തേജസ്തദേവാവരുന്ധേ യദിന്ദ്രായ വൈരാജായ യദേവ ധാതുസ്തേജസ്തദേവാവരുന്ധേ യദിന്ദ്രായ ശാക്വരായ യദേവമരുതാം തേജസ്തദേവാവരുന്ധേ യദിന്ദ്രായ രൈവതായയദേവബൃഹസ്പതേസ്തേജസ്തദേവാവരുന്ധ ഏതാവന്തി വൈതേജാംസി താന്യേവാവരുന്ധ ഉത്താനേഷുകപാലേഷ്വധിശ്രയത്യയാതയാമത്വായ ദ്വാദശകപാലഃപുരോഡാശോഭവതി വൈശ്വദേവത്വായ സമന്തം പർയവദ്യതിസമന്തമേവേന്ദ്രിയം വീർയം യജമാനേദധാതി വ്യത്യാസമന്വാഹാനിർദാഹായാശ്വഋഷഭോവൃഷ്ണിർബസ്തഃസാദക്ഷിണാ വൃഷത്വായൈതയൈവ യജേതാഭിശസ്യമാന ഏതാശ്ചേദ്വാ അസ്യദേവതാ അന്നമദന്ത്യദന്ത്യേവാസ്യ മനുഷ്യാഃ ॥

അർത്ഥം:—

1 ദേവന്മാരും അസുരന്മാരും അന്യോന്യം യുദ്ധത്തിൽ ഏർപ്പെട്ടു. അസുരന്മാർ ദേവന്മാരെ ജയിച്ചു. പരാജയം അടഞ്ഞ ദേവന്മാർ അസുരന്മാരുടെ ഭൃത്യരായിത്തീർന്നു. ദേവന്മാർക്ക് ഇന്ദ്രിയശക്തിയും ബലവും നഷ്ടപ്പെട്ടു. നഷ്ടപ്പെട്ട ഇന്ദ്രിയശക്തിയും ബലവും വീണ്ടെടുക്കാൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇന്ദ്രൻ പ്രയത്നിച്ചു. അതു ലഭിക്കുന്നതിന് വേണ്ടി പല സ്ഥലത്തും ചെന്നു. എങ്കിലും അതു ലഭിച്ചില്ല. അതിനു ശേഷം ഇന്ദ്രിയശക്തിയും ബലവും പകുതി ലഭിച്ചു. അനന്തരം പ്രജാപതിയുടെ അടുക്കൽ ചെന്നു. പ്രജാപതി ഇന്ദ്രനെക്കൊണ്ട് "സർവ്വപൃഷ്ഠ" എന്ന യാഗം കഴിപ്പിച്ചു ആ യാഗം നടത്തിയതു കൊണ്ട് ദേവന്മാർക്ക് ഇന്ദ്രിയശക്തിയും വീര്യവും ലഭിച്ചു.

ഇന്ദ്രിയശക്തിയും ബലവും ഉണ്ടാകണം എന്ന് ആഗ്രഹിക്കുന്നവനെക്കൊണ്ട് "സർവ്വപൃഷ്ഠ" എന്ന യാഗം കഴിപ്പിക്കണം. തൻെറ ഭാഗം സമർപ്പിച്ചതുകൊണ്ട് യജമാനൻ ഈ ദേവതകളെത്തന്നെ സമീപിക്കുന്നു. ആ ദേവന്മാർതന്നെ യജമാനന് ഇന്ദ്രിയശക്തിയും വീര്യവും നൽകുന്നു.

രഥന്തരം എന്ന് അറിയപ്പെടുന്ന സ്തോത്രം അറിയുന്ന ഇന്ദ്രനെ ഉദ്ദേശിച്ച് യാഗം നടത്തുന്നതു കൊണ്ട് അഗ്നിക്ക് യാതൊരു തേജസ്സ് ഉണ്ടോ അതു് യജമാനന് ലഭിക്കുന്നു. വാർഹത സ്തോത്രം അറിയുന്ന ഇന്ദ്രനെ ഉദ്ദേശിച്ച് യാഗം ചെയ്യുന്നതുകൊണ്ട് ഇന്ദ്രന് യാതൊരു തേജസ്സ് ഉണ്ടോ അതു് യജമാനന് ലഭിക്കുന്നു. വൈരൂപസ്തോത്രം അറിയാവുന്ന ഇന്ദ്രനെ ഉദ്ദേശിച്ച് യാഗം ചെയ്യുന്നതുകൊണ്ട് സവിതാവിന് യാതൊരു തേജസ്സ് ഉണ്ടോ അതു് യജമാനന് ലഭിക്കുന്നു. ശാക്കര സ്തോത്രം അറിയാവുന്ന ഇന്ദ്രനെ ഉദ്ദേശിച്ച് യാഗം ചെയ്യുന്നതുകൊണ്ട് മരുത്തുകൾക്ക് യാതൊരു തേജസ്സ് ഉണ്ടോ അതു് യജമാനന് ലഭിക്കുന്നു. തേജസ്സുകൾ ഇവ മാത്രമാണ്, ഈ തേജസ്സ് എല്ലാം യജമാനന് ലഭിക്കുന്നു.

രസം കുറഞ്ഞുപോകാതിരിക്കുന്നതിന് വേണ്ടി ഒരു പാത്രത്തിൻെറ മുകളിൽ മററൊരുപാത്രംവെച്ച് പുരോഡാശം പാകം ചെയ്യുന്നു.

എല്ലാദേവന്മാർക്കും പ്രീതി ഉണ്ടാകുന്നതിന് വേണ്ടി പന്ത്രണ്ട് പാത്രത്തിൽ പുരോഡാശം പാകം ചെയ്ത് സമ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്പിക്കുന്നു. അഗ്നിയിൽ എല്ലാസ്ഥലത്തും പുരോഡാശം ഹോമിക്കുന്നു. അതുകൊണ്ട് യജമാനന്ന് ശരീരത്തിന്റെ എല്ലാ അവയവങ്ങളിലും ഇന്ദ്രിയശക്തിയും ബലവും വർദ്ധിക്കുന്നു. ദോഷം ഉണ്ടാകാതിരിക്കുന്നതിന്ന് വേണ്ടി യാജ്യാപുരോ f നു വാക്യാമന്ത്രങ്ങൾ ആവർത്തിച്ച് പറയണം. സ്വഗൃഹത്തിൽ പുരുഷന്മാർ ധാരാളം ഉണ്ടാകുന്നതിന്ന്വേണ്ടി കുതിര, കാള, ആട് എന്നിവ ഈ യാഗത്തിന്ന് ദക്ഷിണയായിനൽകണം.

അപവാദത്തിന്ന് പാത്രമായവൻ അതിൽ നിന്ന് മോചനം ലഭിക്കാൻ ഈ യാഗം തന്നെ നടത്തണം. ആ ദേവതകൾ (ഇന്ദ്രൻ മുതലായ ദേവന്മാർ) യജമാനൻ യാഗത്തിൽ സമർപ്പിക്കുന്ന ഹവിസ്സ് ഭക്ഷിക്കുകയാണെങ്കിൽ യജമാനന്റെ ആളുകൾക്ക് ഭക്ഷണം സുലഭമായി ലഭിക്കുന്നു.

ഇതിസപ്തമോ f നുവാകഃ

അഥഅഷ്ടമോ f നുവാകഃ (ബ്രാഹ്മണം

സംഹിതാ—

രജനോ വൈകൗണേയഃ ക്രതുജിതം ജാനകിം ചക്ഷുർവന്യമയാത്തസ്മാഏതാമിഷ്ടിം നിരവപദഗ്നയേ-ഭ്രാജസ്വതേ പുരോഡാശമഷ്ടാകപാലഗ്ഗ്ം സൗർയം ചരുമഗ്നയേ-ഭ്രാജസ്വതേ പുരോഡാശമഷ്ടകപാലം തയൈവാസ്മി-ഞ്ചക്ഷുരദധാദ്യശ്ചക്ഷുഷ്കാമഃ സ്യത്തസ്മാ ഏതാമിഷ്ടിം നിർവപേദഗ്നയേഭ്രാജസ്വതേപുരോഡാശമഷ്ടാകപാലഗ്ഗ്ംസൗർ-യം ചരുമഗ്നയേഭ്രാജസാതേപുരോഡശമഷ്ടാകപാലമഗ്നേർവൈ ചക്ഷുഷാമനുഷ്യാവിപശ്യന്തി സൂർയസ്യദേവാ അഗ്നിംചൈവ സൂർയഞ്ചസ്വേന ഭാഗധേയേനോപധാവതി താവേവാസ്മി-ഞ്ചക്ഷുർധത്തശ്ചക്ഷുഷ്മാനേവഭവതിയദാഗ്നേയൗഭവതശ്ചക്ഷു-ഷീ ഏവാസ്മിൻതത്പ്രതിദധാതി യത്സൗർയോനാസികാം തേനാഭിതഃസൗർയമാഗ്നേയൗഭവതസ്തസ്മാദഭിതോനാസികാം ചക്ഷുഷീതസ്മാന്നാസികയാ ചക്ഷുഷീവിധൃതേസമാനീ-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യാജ്യാനുവാക്യേഭവതഃസമാനഗ്ഗ്ംഹിചക്ഷുഃസമൃദ്ധ്യാ ഉദുത്യം ജാതവേദസഗ്ഗ്ംസപ്തത്വാ ഹരിതോരഥേചിത്രം ദേവാനാമുദഗാ-ദനീകമിതി പിണ്ഡാൻ പ്രയച്ഛതി ചക്ഷുരേവാസ്മൈ പ്രയ-ച്ഛതി യദേവ തസ്യതത് ॥

അത്ഥം—

1 കുണിയുടെ പുത്രനായരജനൻ ജനകൻെറ പുത്രനും നഷ്ട പ്പെട്ട കാഴ്ച വീണ്ടെടുത്തു് കൊടുക്കാൻ കഴിവുള്ളവനും ആയ ക്രതു ജിത് എന്ന ആളിൻെറ അടുക്കൽ എത്തി. അതിനു് വേണ്ടി (നഷ്ടപ്പെട്ട കാഴ്ച വീണ്ടും ലഭിക്കുന്നതി-നു് വേണ്ടി) ഈ യാഗം നിർവ്വഹിച്ചു. (താഴെ പറയുന്ന യാഗം) അത്യധികം ദീപ്തിയുള്ള അഗ്നിയെ ഉദ്ദേശിച്ചു് എട്ടു പാത്രത്തിൽ പാകം ചെയ്ത പുരോഡാശവും സൂര്യനെ ഉദ്ദേശിച്ചു് ഒരു പാത്രത്തിൽ പാകംചെയ്ത ഹവിസ്സുംഅതീ-വദീപ്തിമാനായ അഗ്നിയെ ഉദ്ദേശിച്ചു് എട്ടു പാത്രത്തിൽ പാകം ചെയ്ത പുരോഡാശവും സമപ്പിച്ചു. അപ്രകാരം ചെയ്തതുകൊണ്ടു് അവനു് (രജനനു്) കാഴ്ച ലഭിച്ചു.

കണ്ണിനു് കാഴ്ച കിട്ടണം എന്നു് ആഗ്രഹിക്കുന്നവൻ അതിനു് വേണ്ടി ഈ യാഗം നടത്തണം. അതീവദീപ്തി മാനായ അഗ്നിയെ ഉദ്ദേശിച്ചു് എട്ടുപാത്രത്തിൽ പാകം ചെയ്ത പുരോഡാശവും സൂര്യനെ ഉദ്ദേശിച്ചു് ഒരു പാത്ര ത്തിൽ പാകംചെയ്ത ഹവിസ്സുംഅതിദീപ്തിമാനായ അഗ്നി-യെ ഉദ്ദേശിച്ചു് എട്ടുപാത്രത്തിൽ പാകം ചെയ്ത പുരോഡാ-ശവും സമർപ്പിക്കണം. മനുഷ്യർ അഗ്നിയുടെ കണ്ണുകൊണ്ടു കാണുന്നു. സൂര്യൻെറ കണ്ണുകൊണ്ടു് ദേവന്മാർ കാണുന്നു. തൻെറ ഭാഗം സമപ്പിച്ചതുകൊണ്ടു് യജമാനൻ സൂര്യനേയും അഗ്നിയേയും ഡമീപിക്കുന്നു. അഗ്നിയും സൂര്യനും യജമാ-നനു് കാഴ്ച നൽകുന്നു. യജമാനൻ കാഴ്ചയുള്ളവനായി ഭവിക്കുന്നു.

സൗര്യചരുവിനു് മുൻപും പിൻപും അഗ്നിയെ ഉദ്ദേശി-ച്ചു് പുരോഡാശം സമപ്പിക്കുന്നതുകൊണ്ടു് യജമാനനു് രണ്ടു കണ്ണുകരംക്കും കാഴ്ച ലഭിക്കുന്നു. സൂര്യനെ ഉദ്ദേശിച്ചു്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹവിസ്സ് ഹോമിക്കുന്നതുകൊണ്ടു് യജമാനന്നു് ശോഭനമായ മൂക്കു് ലഭിക്കുന്നു. മൂക്കുകൊണ്ടു് രണ്ടു കണ്ണുകളും ധരിക്കുന്നു.

അഗ്നിയെ സംബന്ധിച്ച പുരോഡാശം രണ്ടു പ്രാവശ്യവും ഹോമിക്കുന്നതിനുള്ള യാജ്യാ പുരോനുവാക്യാമന്ത്രങ്ങൾ ഒന്നുതന്നെയാണു് തുല്യാവസ്ഥയിലുള്ള കണ്ണുകൾ സമൃദ്ധിക്കു് കാരണമാണു്.

"ഉദ്ദുത്യം ജാതവേദസം" എന്നു് ആരംഭിക്കുന്ന മന്ത്രവും "സപ്തത്വാഹരിതോരഥേ" എന്നു് ആരംഭിക്കുന്ന മന്ത്രവും "ചിത്രം ദേവാനാമുദഗാദനീകം" എന്നാരംഭിക്കുന്ന മന്ത്രവും ചൊല്ലി യജമാനന് ചോറു് കൊടുക്കുന്നു (ഓരോ മന്ത്രവും ചൊല്ലി ഓരോ ഉരുളച്ചോറ് നൽകുന്നു) ഇപ്രകാരം ചെയ്യുന്നതു് യജമാനന്നു് കാഴ്ചനൽകുന്നതുതന്നെയാണു്.. യജമാനന്നു് രോഗം വരുന്നതിന്നു് മുൻപു് ഉണ്ടായിരുന്ന കാഴ്ചവീണ്ടും ലഭിക്കുന്നു.

ഇതിഅഷ്ടമോ ƒനുവാകഃ

അഥനവമോ ƒനുവാകഃ (മന്ത്ര ബ്രാഹ്മണ മിശ്രം)

സംഹിതാ—

ധ്രുവോ ƒ സി ധ്രുവോ ƒ ഹഗ്ഗും സജാതേഷു ഭൂയാസം ധീരശ്ചേത്താവസുവിദ് ധ്രുവോ ƒ സിധ്രുവോ ƒ ഹഗ്ഗുംസജാതേഷുഭൂയാസമുഗ്രശ്ചേത്താവസുവിദാമനമസ്യാമനസ്യ ദേവായേ സജാതാഃ കുമാരാഃ സമനസസ്താനഹം കാമയേ ഹൃദാതേമാം കാമയന്താഗ്ഗും ഹൃദാതാന്മ ആമനസഃകൃധിസ്വാഹാ ƒƒ മനമസി ആമനസ്യ ദേവാ യാഃ സ്ത്രിയഃ സമനസസ്താഅഹം കാമയേ ഹൃദാതാമാം കാമയന്താഗ്ഗും ഹൃദാതാമ ആമനസഃകൃധിസ്വാഹാ– വൈശ്വദേവീഗ്ഗുംസാംഗ്രഹണീം നിർവപേദ് ഗ്രാമകാമോ വൈശ്യദേവാവൈസജാതാ വിശ്വാനേവ ദേവാൻ സ്വേനഭാഗധേയേനോപധാപതിത ഏവാസ്മൈസജാതാൻ പ്രയച്ഛന്തി ഗ്രാമ്യേവഭവതി സാംഗ്രഹണീഭവതി മനോഗ്രഹണംവൈസം-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗ്രഹണം മന ഏവ സജാതാനാം ഗൃഹ്ണാതി ധ്രുവോ ƒ സി-ധ്രുവോ ƒ ഹഌം സജാതേഷുഭ്രൂയാസമിതി പരിധീൻ പരിദധാ-ത്യാശിഷമേ വൈതാമാശാസ്തേ ƒ ഥോ ഏതദേവ സർവ്വഌംസ-ജാതേഷ്വധിഭവതി യസ്യൈവംവിദുഷ ഏതേ പരിധയഃ പരിധീയന്ത ആമനമസ്യാമനസ്യ ദേവാ ഇതിതിസ്ര ആഹുതീ-ജ്ജുർഹോത്യേതാവന്തോവൈ സജാതാ ƒയമഹാന്തോയേക്ഷുല്ല-കായാസ്ത്രിയസ്താനേവാവരുന്ധേ ത ഏനമവരുദ്ധാ ഉപതിഷ്ഠന്തേ

(അനുവാകത്തിന്റെ ആരംഭം മുതൽ ആ മനസഃ കൃധി-സ്വാഹാ എന്നതുവരെ മന്ത്രം ശേഷം ബ്രാഹ്മണം)

മന്ത്രഭാഗത്തിന്റെ പദച്ഛേദം

ധ്രുവഃ അസി ധ്രുവഃ അഹം സജാതേഷു ഭൂനാസം ധീരഃ ചേത്താ വസുവിദ് ധ്രുവഃ അസി ധ്രുവഃ അഹം സജാതേഷു ഭൂയാസം ഉഗ്രഃ ചേത്താ വസുവിത് ധ്രുവഃ അസി ധ്രുവഃ അഹം സജാതേഷു ഭൂയാസം അഭിഭൂഃ ചേത്താ വസുവിദ് ആമനം അസി ആമനസ്യ ദേവാഃ യേ സജാതാഃ കുമാരാഃ സമനസഃ താൻ അഹം കാമയേ ഹൃദാ തേ മാം കാമയന്താം ഹൃദാ താൻ മേ ആമനസഃ കൃധി സ്വാഹാ ॥

1 ധ്രുവോƒസിധ്രുവോƒഹം സജാതേഷുഭൂയാസം
ധീരശ്ചേത്താവസുവിത് ।

ഇതു് മധ്യമപരിധിയെ സംബോധനചെയ്തു ചൊല്ലാനുള്ള മന്ത്രം ആണു്.

ഹേമധ്യമപരിധേ! ത്വം ധ്രുവഃ അസി = നീ സ്ഥിരതഉള്ളതാകുന്നു. അഹം = ഞാൻ, സജാതേഷു = സമാനരായ ആളുകളുടെ ഇടയിൽ, ധ്രുവഃ ഭൂയാസം = സ്ഥിരതയുള്ളവനായിത്തീരട്ടെ. ധീരഃ = ധീരനും, ചേത്താ = അറിവു് ഉള്ളവനും, വസുവിദ് = ധനവാനും ആയിത്തീരട്ടെ.

2. ധ്രുവോƒസിധ്രുവോƒഹംസജാതേഷുഭൂയാസ-
മുഗ്രശ്ചേത്താവസുവിദ്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇതു് ദക്ഷിണപരിധിയെ സംബോധന ചെയ്തു ചൊല്ലാനുള്ള മന്ത്രമാണു്.

അല്ലയോ ദക്ഷിണപരിധേ! ത്വം ധ്രുവഃ അസി = നീ സ്ഥിരതയുള്ളതാകുന്നു. അഹം = ഞാൻ, സജാതേഷു = തുല്യരായ ആളുകളിൽ, ധ്രുവഃ ഭൂയാസം = സ്ഥിരതയുള്ളവനായി ഭവിക്കട്ടെ. ഉഗ്രഃ = ഉഗ്രനും (തന്റെ ആജ്ഞ മററുള്ളവരെക്കൊണ്ടു് അനുസരിപ്പിക്കുന്നവനും) ചേത്താ = അറിവു് ഉള്ളവനും, വസുവിദ് = ധനികനും ആയി ത്തീരട്ടെ.

3. ധ്രുവോ ƒസിധ്രുവോ ƒഹം സജാതേഷുഭൂയാസ-
മഭിഭൂശ്ചേത്താവസുവിദ്.

ഇതു് ഉത്തരപരിധിയെ സംബോധനചെയ്തു് ചൊല്ലാനുള്ള മന്ത്രമാണു്.

ഹേ ഉത്തരപരിധേ ! ത്വം ധ്രുവഃ അസി = നീ സ്ഥിരതയുള്ളതു് ആകുന്നു. അഹം = ഞാൻ, സജാതേഷു = സമന്മാരായ ആളുകളുടെ ഇടയിൽ) ധ്രുവഃ ഭൂയാസം = സ്ഥിരതയുള്ളവനായിഭവിക്കട്ടെ. അഭിഭൂഃ = ആജ്ഞഅനുസരിക്കാത്തവരെ കീഴടക്കുന്നവനും, ചേത്താ = അറിവുള്ളവനും, വസുവിദ് = ധനികനും ആയിത്തീരട്ടെ.

4-5 ആമനമസ്യാമനസ്യദേവാഃ യേസജാതാഃ
കുമാരാഃ സമനസസ്താനഹം കാമയേ ഹൃദാ
തേമാം കാമയന്താം ഹൃദാതാന്മ ആമനസഃ
കൃധിസ്വാഹാ ।

ഇതു മുതൽ മൂന്നു മന്ത്രം— ഓരോ മന്ത്രവും ചൊല്ലി ഹോമിക്കുന്നു

ഹേ ദേവാഃ । = അല്ലയോ ദേവ !

ത്വം ആമനം അസി = നി സജാതന്മാരെ സ്നേഹിക്കുന്നവനാകുന്നു. ആമനസ്യ = സജാതന്മാരെ സ്നേഹിക്കാൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആഗ്രഹിക്കുന്ന യജമാനൻെറ, യേ സജാതഃ = ജ്ഞാതി ബന്ധുക്കരം മുതലായ യാതൊരുത്തർ, സമനസഃ സന്തി = യജമാനനു് അനുകൂലം ചെയ്യുന്നവരായിട്ടുണ്ടോ) താൻ = അപ്രകാരമുള്ളവരെ, അഹം = ഞാൻ, ഹൃദാകാമയേ = ലഭിക്കാൻ ആഗ്രഹിക്കുന്നു. തേ ച = അവരും, മാം = എന്നെ, ഹൃദാകാമയന്താം = ഹൃദയം കൊണ്ടു് ഞാൻ അവരുടെ സ്നേഹിതനായിരിക്കാൻ ആഗ്രഹിക്കട്ടെ. താൻ =എൻെറ ബന്ധുക്കളേ, ഹൃദാ = ഹൃദയംകൊണ്ടു്, മാം ആമനസഃ കൃധി = എനിക്കു് ആനുകൂലം പ്രവത്തിക്കാൻ ആഗ്രഹം ഉള്ളവരാക്കി ചെയ്യുക. സ്വാഹാ = ഞാൻ ഹോമിക്കുന്നു.

ഈ മന്ത്രത്തിൽ "സജാത്തഃ" എന്ന പദത്തിനു് പകരം "കുമാരാഃ" എന്നു് പദം ചേത്തു് മറെറാരു മന്ത്രം ചൊല്ലുന്നു. "കുമാരാ" എന്ന പദത്തിനു് പുത്രന്മാർ എന്നു് അത്ഥം.

6 ആമനമസ്യാമനസ്യദേവായാഃ സ്ത്രിയഃ സമനസഃ
താ അഹം കാമയേ ഹൃദാ താഃ മാം കാമയന്താം
ഹൃദാ താമേ ആമനസഃ കൃധി സ്വാഹാ ।

ഈ മന്ത്രത്തിൻെറ അത്ഥം കഴിഞ്ഞ മന്ത്രത്തിൻേറതു പോലെതന്നെ. എന്നാൽ "സജാതാഃ" എന്ന പദത്തിനു് പകരം "സ്ത്രിയഃ" എന്നു് ചേത്തിരിക്കുന്നു. സ്ത്രിയഃ = ഭാര്യമാർ അല്ലെങ്കിൽ ഭാര്യ, സഹോദരി, മാതാവു് മുതലായ ബന്ധുവഗ്ഗത്തിൽ ഉള്ള സ്ത്രീകരം എന്നു് അത്ഥം.

ബ്രാഹ്മണഭാഗത്തിൻെറ അത്ഥം

ഗ്രാമത്തിൻെറ ആദിപത്യം ആഗ്രഹിക്കുന്നവൻ വിശേദേവന്മാരെ സംബന്ധിച്ച "സാംഗ്രഹണി" എന്ന യാഗം നടത്തണം. ബന്ധുക്കരം വിശ്വേദേവന്മാരെ സംബന്ധിച്ചവരാണു്. തൻെറ ഭാഗം സമർപ്പിച്ചതുകൊണ്ടു് യജമാനൻ വിശ്വേദേവന്മാരെ തന്നെ സമീപിക്കുന്നു. ആ വിശ്വേദേവന്മാർ തന്നെ യജമാനനു് ബന്ധുക്കളെ നൽകുന്നു. യജമാനൻ ഗ്രാമത്തിൻെറ അധിപതി ആയിത്തീരുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

"സാംഗ്രഹണി" എന്ന യാഗം നടത്തുന്നു. സംഗ്രഹണം എന്നു് പറയുന്നതു് മററുള്ളവരുടെ മനസ്സിനെ സ്വാധീനമാക്കുന്നതാണു്. സാംഗ്രഹണ യാഗം നടത്തുന്നതു നിമിത്തം യജമാനൻ ബന്ധുക്കളുടെ മനസ്സിനെ തീർച്ചയായും സ്വാധീനമാക്കുന്നു.

"ധ്രുവോഽസി ധ്രുവോഽഹം സജാതേഷ്വഭൂയാസം"

എന്ന മന്ത്രം ചൊല്ലി പരിധി ഉറപ്പിക്കുന്നു. ഇപ്രകാരം മന്ത്രം ചൊല്ലുന്നതുകൊണ്ടു് ആ മന്ത്രത്തിൽ പറയുന്നതു്. തനിക്കു് ഉണ്ടാകട്ടെ എന്നു് യജമാനൻ പ്രാർത്ഥിക്കുന്നു. കൂടാതെ വിദ്വാനായ യാതൊരുത്തൻ നടത്തുന്ന യാഗത്തിൽ ഈ മന്ത്രം ചൊല്ലി പരിധികറം വെയ്ക്കുന്നുവോ ആ യജമാനൻ തന്റെ എല്ലാ ബന്ധുക്കളെക്കാളും ശ്രേഷ്ഠൻ ആയിത്തീരുന്നു.

"ആമനമസ്യാമനസ്യദേവാ" എന്നു തുടങ്ങുന്ന മന്ത്രം ചൊല്ലി മൂന്നു് പ്രാവശ്യം ഹോമം ചെയ്യുന്നു. സജാതന്മാർ എന്നു ചറയുന്നവർ ഇവർ മാത്രമാണു്. യജമാനനെക്കാറം പ്രായം കൂടുതൽ ഉള്ളവരേയും യജമാനനെക്കാറം പ്രായം കുറഞ്ഞവരേയും ബന്ധുക്കളായ സ്ത്രീകളേയും യജമാനൻ സ്വാധീനമാക്കുന്നു. അവർ യജമാനനെ അനുസരിക്കുന്നു.

ഇതിനവമോഽനുവാകഃ

അഥദശമോഽനുവാകഃ (മന്ത്രം)

സംഹിതാഃ—

യന്നവമൈത്തന്നവനീതമഭവദ്യദ സർപത്തത്സർപിരഭവതം യദധ്രിയതതദ്ഘൃതമഭവദശ്വിനോഃ; പ്രാണോഽസിതസ്യതേ ദത്താം യയോഃ പ്രാണോഽസിസ്വാഹേന്ദ്രസ്യപ്രാണോഽസി തസ്യതേദദാതുയസ്യപ്രാണോഽസിസ്വാഹാമിത്രാവരുണയോഃ പ്രാണോഽസിതസ്യതേ ദത്താം യയോഃ പ്രാണോഽസി സ്വാഹാ വിശ്വേഷാം ദേവാനാം പ്രാണോഽസിതസ്യതേദദതു യേഷാം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രാണോ*f*സിസ്വാഹാ ഘൃതസ്യധാരാമമൃതസ്യപന്ഥാമിന്ദ്രേണ ദത്താം പ്രയതാംമരുദ്ഭിഃ। തത്ത്വാ വിഷ്ണുഃ പര്യപശ്യത്തത്ത്വേഡാഗവ്യൈരയത്। പാവമാനേനത്വാസ്തോമേനഗായത്രസ്യവർത്തന്യോപാം ശോർവീർയേണദേവസ്ത്വാ സവിതോത്സൃജതു ജീവാതവേ ജീവനസ്യായൈ ബൃഹദ്രഥന്തരയോസ്ത്വാസ്തോമേനത്രിഷ്ടുഭോവർത്തന്യാ ശുക്രസ്യവീർയേണദേവസ്ത്വാ സവിതോത്സൃജതു ജീവാതവേ ജീവനസ്യായാ അഗ്നേസ്ത്വാമാത്രയാജഗത്യൈവർതന്യാ *ff* ഗ്രയണസ്യവീർയേണ ദേവസ്ത്വാസവിതോത്സൃജതു ജിവാതവേ ജീവനസ്യായാ ഇമമഗ്ന ആയുഷേവർചസേകൃധി പ്രിയഗ്ഗ്ംരേതോ വരുണസോമ രാജൻ। മാതേവാസ്മാ അദിതേശർമയച്ഛ വിശ്വേദേവാജരദഷ്ടിർയഥാ *f* സത്। അഗ്നിരായുഷ്മാൻ സവനസ്പതിഭിരായുഷ്മാന്തേന ത്വാ *ff* യുഷായുഷ്മന്തം കരോമിസോമ ആയുഷ്മാൻസ ഓഷധീഭിർയജ്ഞ ആയുഷ്മാൻ സദക്ഷിണാഭിബ്രഹ്മാ *ff* യുഷ്മത്തദ് ബ്രാഹ്മണൈരായുഷ്മദ്ദേവാ ആയുഷ്മന്തസ്തേ *f* മൃതേന പിതര ആയുഷ്മന്തസ്തേസ്വധയാ*ff* യുഷ്മന്തസ്തേനത്വാ *ff* യുഷ്മന്തംകരോമി ।।

പദച്ഛേദം—

യത് നവം ഐത് തത് നവനീതം അഭവത് യത് അസർപത് തത് സർപിഃ അഭവത് യദ് അധ്രിയത തത് ഘൃതം അഭവത് അശ്വിനോഃ പ്രാണഃ അസി തസ്യ തേ ദത്താം യയോഃ പ്രാണഃ അസി സ്വാഹാ ഇന്ദ്രസ്യ പ്രാണഃ അസി തസ്യ തേ ദദാതു യസ്യ പ്രാണഃ അസി സ്വാഹാ മൈത്രാവരുണയാഃ പ്രാണഃ അസി തസ്യ തേ ദത്താം യയോഃ പ്രാണഃ അസി സ്വാഹാ വിശ്വേഷാം ദേവാനാം പ്രാണഃ അസി തസ്യ തേ ദദാതു യേഷാം പ്രാണഃ അസി സ്വാഹാ ഘൃതസ്യ ധാരാം അമൃതസ്യ പന്ഥാം ഇന്ദ്രേണ ഭത്താം പ്രയതാം മരുദ്ഭിഃ തത് ത്വാ വിഷ്ണുഃ പരി അപശ്യത് തത് ത്വാ ഇഡാ ഗവ്യൈഃ അയത് പാവമാനേന ത്വാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്തോമേന ഗായത്രസ്യ വർതന്യാ ഉപാംശോഃ വീർ-യേണ ദേവഃ ത്വാ സവിതാ ഉത്സൃജതു ജീവാതവേ ജീവനസ്യായൈ ബൃഹദ്രഥന്തരയോഃ ത്വാ സ്തോമേന ത്രിഷ്ടുഭഃ വർതന്യാ ശുക്രസ്യ വീർയേണ ദേവഃ ത്വാ സവിതാ ഉത് സൃജതു ജീവാതവേ ജീവന-സ്യായൈ അഗ്നേ; ത്വാ മാത്രയാ ജഗത്യൈ വർ-തന്യാ ആഗ്രയണസ്യ വീർയേണ ദേവഃ ത്വാ സവിതാ ഉത് സൃജതു ജീവാതവേ ജീവനസ്യായൈ ഇമം അഗ്നേ ആയുഷേ വർചസേ കൃധി പ്രിയം രേതഃ വരുണ സോമരാജൻ മാതാ ഇവ അസ്മൈ അദിതേ ശർമ യച്ഛ വിശേ ദേവാഃ ജരദഷ്ടിഃ യഥാ അസത് അഗ്നിഃ ആയുഷ്മാൻ സഃ വനസ്പതിഭിഃ ആയുഷ്മാൻ തേന ത്വാ ആയുഷാ ആയുഷ്മന്തം കരോമി സോമഃ ആയു-ഷ്മാൻ സഃ ഓഷധീഭിഃ യജ്ഞഃ ആയുഷ്മാൻ സഃ ദക്ഷിണാഭിഃ ബ്രഹ്മ ആയുഷ്മദ് തദ് ബ്രാഹ്മണൈഃ ആയുഷ്മദ് ദേവാഃ ആയുഷ്മന്തഃ തേ അമൃതേന പിതരഃ ആയുഷ്മന്തഃ തേ സ്വധയാ ആയുഷ്മന്തഃ തേന ത്വാ ആയുഷ്മന്തം കരോമി||

മന്ത്രവും വിനിയോഗവും അർത്ഥവും

ഈ അനുവാകത്തിൽ ആയുഷ്കാമൻ നടത്തേണ്ട യാഗങ്ങളുടെ മന്ത്രങ്ങൾ പറയുന്നു.

1 യന്നവമൈത്തന്നവനീതമഭവദ്യദസർപത്തത്സർപി-രഭവദ്യദധ്രിയതതത്ഘൃതമഭവത്

ഈ മന്ത്രം ചൊല്ലി ഹോമത്തിനു് തയാറാക്കി വെച്ചിരിക്കുന്ന ആജ്യത്തെ നോക്കുന്നു.

യത് = യാതൊന്നാണോ, നവം ഐത് = തൈര് കടഞ്ഞ അവസരത്തിൽ പുതിയ രൂപം പ്രാപിച്ചതു്, തത് = ആ പദാർത്ഥം, നവനീതം അഭവത് = നവനീതം എന്നു് പേരുള്ള പദാർത്ഥം (വെണ്ണ)ആയി ഭവിച്ചു. യദ് അസർപത് = യാതൊരു നവനീതം ചൂടുകൊണ്ടു്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഒഴകിപ്പോയോ (ഉരുകിപ്പോയോ) തത് = അതു്, സർപ്പിഃ അഭവത് = സർപ്പി എന്ന പേരുള്ള പദാർത്ഥം (ഉരുക്കിയ നെയ്യ്) ആയിത്തീൎന്നു. യദ് അധ്രിയത = ഉരുക്കിയ നെയ്യ് തണുത്തു് കട്ടിയായി കയ്യിലെടുക്കത്തക്കവിധം ആയിത്തീൎന്ന പദാർത്ഥം, ഘൃതം അഭവത് = ഘൃതം എന്ന പേരോടു് കൂടിയതായി ഭവിച്ചു.

2. അശ്വിനോഃ പ്രാണോ ऽ സിതസ്യതേദത്തം
യയോഃ പ്രാണോ ऽ സിസ്വാഹാ ।

ഇതു മുതൽ നാലു മന്ത്രം ചൊല്ലി നെയ്യ് അഗ്നിയിൽ ഹോമിക്കുന്നു.

ഹേയജമാന ! ത്വം = നീ, അശ്വിനോഃ = അശ്വിനീ ദേവന്മാൎക്കു്, പ്രാണഃ അസി = പ്രാണനെപ്പോലെ പ്രിയപ്പെട്ടവനാണു്. യയോഃ താതൊരു അശ്വിനീദേവന്മാൎക്കു്, പ്രാണഃ അസി = നീ പ്രാണനെപ്പോലെ പ്രിയപ്പെട്ടവനാണോ, തസ്യതേ = അപ്രകാരം ഉള്ളനിനക്കു്, ദത്താം = അവർ ആയുസ്സ് നൽകട്ടെ. സ്വാഹാ = അശ്വിനീ ദേവന്മാരുടെ തൃപ്തിക്കുവേണ്ടി ഞാൻ ഹോമിക്കുന്നു.

3. ഇന്ദ്രസ്യപ്രാണോ ऽ സിതസ്യതേദദാതു
യസ്യപ്രാണോ ऽ സിസ്വാഹാ.

ഹേയജമാന ! ത്വം = നി; ഇന്ദ്രസ്യ = ഇന്ദ്രനു്; പ്രാണഃ അസി = പ്രാണൻ എന്നപോലെ പ്രിയപ്പെട്ടവൻ ആണു് യസ്യപ്രാണഃ അസി = നി ആൎക്കു് പ്രാണനെപ്പോലെ പ്രീയപ്പെട്ടവൻ ആണോ, തസ്യതേ = അപ്രകാരംഉള്ള നിനക്കു്, ദദാതു = ഇന്ദ്രൻ ആയുസ്സ് നൽകട്ടെ. സ്വാഹാ = ഇന്ദ്രന്റെ പ്രീതിക്കായി ഞാൻ ഹോമിക്കുന്നു.

4. മിത്രാവരുണയോഃ പ്രാണോ ऽ സിതസ്യതേദത്താം
യയോഃ പ്രാണോ ऽ സിസ്വാഹാ ।

ഹേയജമാന ! ത്വം = നീ, മിത്രാവരുണയോഃ = മിത്രാവരുണന്മാൎക്കു്, പ്രാണഃ അസി = പ്രാണനെപ്പോലെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രിയപ്പെട്ടവൻ ആണ്. യയോഃ പ്രാണഃ അസി = നീ യാതൊരുത്തക്ക് പ്രാണനെപ്പോലെ പ്രിയപ്പെട്ടവൻ ആണോ, തസ്യതേ = അപ്രകാരമുള്ള നിനക്ക്, ദത്തം = മിത്രാവരുണൻമാർ ആയുസ്സ് നൽകട്ടെ. സ്വാഹാ = മിത്രാവരുണന്മാരുടെ പ്രീതിക്ക് വേണ്ടി ഞാൽ ഹോമിക്കുന്നു.

5 വിശ്വേഷാം ദേവാനാം പ്രാണോഽസി തസ്യതേ
ദദാതു യേഷാം പ്രാണോഽസിസ്വാഹാ ।

ഹേ യജമാന! ത്വം = നീ, വിശ്വേഷാം ദേവാനാം = വിശ്വേ ദേവന്മാക്ക്, പ്രാണഃ അസി = പ്രാണനെപ്പോലെ പ്രിയപ്പെട്ടവൻ ആണ്. യേഷാം പ്രാണഃ അസി = നീ ആക്ക് പ്രാണനെപ്പോലെ പ്രിയപ്പെട്ടവനാണേ, തസ്യ തേ = അപ്രകാരമുള്ള നിനക്ക്, ദദാതു = വിശ്വേ ദേവന്മാർ ആയ്യുസ്സ നൽകട്ടെ സ്വാഹാ = വിശ്വേ ദേവന്മാരുരട പ്രീതിക്ക് വേണ്ടി ഞാൻ ഹോമിക്കുന്നു.

6. ഘൃതസ്യധാരാമമൃതസ്യപന്ഥാ-
മിന്ദ്രേണദത്താം പ്രയതാം മരുദ്ഭിഃ ।
തത്ത്വാവിഷ്ണുഃ പർയപശ്യത്തത്ത്വേഡാ
ഗവ്യൈരയത് ।

ഈ മന്ത്രം ചൊല്ലുന്ന അവസരത്തിൽ യജമാനൻ ആജ്യധാരനോക്കുന്നു.

അമൃതസ്യപന്ഥാം = കർമ്മഫലത്തിന്ന് മാർഗ്ഗമായിരിക്കുന്നതും, ഇന്ദ്രേണദത്താം = ഇന്ദ്രനാൽ ദത്തരപ്പെട്ടതും, മരുദ്ഭിഃ പ്രയതാം = മരുത്തുകളാൽ ധരിക്കപ്പെട്ടതുമായ, ഘൃതസ്യ ധാരാം = ഘൃതധാര, യജമാനൻ നോക്കുന്നു. ഹേഘൃത ! = അല്ലയോ ആജ്യമെ ! തത് = അപ്രകാരമുള്ള, ത്വാ = നിന്നെ, വിഷ്ണുഃ = വിഷ്ണുതുല്യനായ യജമാനൻ; പരിഅപശ്യത് = നോക്കുന്നു. ഇഡാ = ഇഡാ എന്ന ദേവത, തത് ത്വാ = അപ്രകാരമുള്ള നിന്നെ, ഗവ്യൈഃ അയത് = ഗോക്കളിൽ സ്ഥാപിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

7. പാവമാനേന ത്വാസ്തോമേനഗായത്രസ്യ
വർതന്യോപാംശോർവീർയേണ ദേവസ്ത്വാ
സവിതോത്സൃജതു ജീവാതവേ ജീവനസ്യായൈ ।

ഇതു മുതൽ മൂന്നു മന്ത്രം ഋത്വിക്കുകൾ ചൊല്ലുന്നു. ആ അവസരത്തിൽ "ബ്രഹ്മാ" എന്നു് അറിയപ്പെടുന്ന ഋത്വിക്കു് യജമാനൻെറ ദക്ഷിണഹസ്തം ഗ്രഹിച്ചു് കൊണ്ടിരിക്കുന്നു ഹേയജമാന ! ത്വാം = നിന്നെ, സവിതാദേവഃ = സർവ്വ പ്രേരകനായ ദേവൻ. പാവമാനേനസ്തോമേന = പവമാന സംബന്ധിയായ സ്തോത്രത്താലും, ഗായത്രസ്യവർതന്യാ = ഗായത്രിഛന്ദസ്സിൻെറ മാർഗ്ഗത്താലും. (സോമാഹരണ രൂപമായ യജ്ഞാംഗത്താലും) ഉപാംശോഃ = ഉപാംശു ഗ്രഹഹോമസാദ്ധ്യമായ, വീർയേണ = സാമർത്ഥ്യം കൊണ്ടും, ജീവനസ്യായൈ = ചിരകാലം ജീവിക്കാനുള്ള ആഗ്രഹം സാധിക്കുന്നതിനു് വേണ്ടിയുള്ള, ജീവാതവേ = ജീവനഹേതുവായ ഔഷധാദി സമ്പാദനത്തിനു് വേണ്ടി. ഉത്സൃജതു = രോഗത്തിൽനിന്നു് മോചിപ്പിക്കട്ടെ.

8. ബൃഹദ്രഥന്തരയോസ്ത്വാസ്തോമേന
ത്രിഷ്ടുഭോർവർതന്യാ ശുക്രസ്യവീർയേണ ।
ദേവസ്ത്വാസവിതോത്സൃജതു
ജീവാതവേജീവനസ്യായൈ ।

ഹേയജമാന ! സവിതാദേവഃ = സർവ്വപ്രേരകനായ ദേവൻ, ബൃഹദ്രഥന്തരയോഃ സ്തോമേന = ബൃഹത്സാമം രഥന്തരം എന്നീ സ്തോത്രങ്ങളാലും, ത്രിഷ്ടുഭഃവർതന്യാ = ത്രിഷ്ടുപ്പ് ഛന്ദസ്സിലുള്ള മന്ത്രത്താലും, ശുക്രസ്യവീർയേണ = സോമരസം ഹോമിച്ചതിൻെറ ശക്തിയാലും, ജീവനസ്യായൈ = ചിരകാലം ജീവിക്കാനുള്ള ആഗ്രഹം സാധിക്കുന്നതിനു് വേണ്ടി, ജീവാതവേ = ജീവനഹേതുവായ ഔഷധാദി സമ്പാദനത്തിനു് വേണ്ടി, ത്വാ ഉത്സൃജതു = നിന്നെ രോഗത്തിൽനിന്നു് മോചിപ്പിക്കട്ടെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

9. അഗ്നേസ്ത്വാമാത്രയാജഗത്യൈവർതന്യാ
ആഗ്രയണസ്യവീർയേണ ദേവസ്ത്വാ
സവിതോത്സൃജതു ജീവാതവേജീവനസ്യായൈ ।

ഹേ യജമാന ! സവിതാദേവഃ = സർവ്വപ്രേരകനായ ദേവൻ, അഗ്നേഃ മാത്രയാ = യാതൊരു സ്തോത്രത്താലാണോ അഗ്നിസ്തുതിക്കപ്പെടുന്നതു് ആ സ്തോത്രത്താലും; ജഗത്യൈവർതന്യാ = ജഗതീഛന്ദസ്സിലുള്ള മന്ത്രത്താലും, ആഗ്രയണസ്യവീർയേണ = ആഗ്രയണത്തിൻെറ ശക്തിയാലും, ജീവനസ്യായൈ = ചിരകാലം ജീവിക്കാനുള്ള ആഗ്രഹസാദ്ധ്യത്തിനു് വേണ്ടി, ജീവാതവേ = ജീവനഹേതുവായ ഔഷധസമ്പാദനത്തിനു് വേണ്ടി, ത്വാ ഉത്സൃജതു = നിന്നെ രോഗത്തിൽ നിന്നു് മോചിപ്പിക്കട്ടെ.

10. ഇമമഗ്നേ ആയുഷേവർചസേകൃധി
പ്രിയംരേതോവരുണ സോമരാജൻ ।
മാതേവാസ്മാഅദിതേശർമയച്ഛ
വിശ്വേദേവാജരദഷ്ടിർയഥാസത് ।

ഹോമത്തിനു് ശേഷം പാത്രത്തിൽ ശേഷിച്ചനെയ്യ് യജമാനൻ സേവിക്കുന്നു. ആ അവസരത്തിൽ ഋത്വിക്കുകൾ ഈ മന്ത്രം ചൊല്ലുന്നു.

ഹേ അഗ്നേ ! ഇമം = ഈ യജമാനനെ, ആയുഷേ വർചസേകൃധി = ദീർഘായുസ്സിനും ബലത്തിനും സമർത്ഥൻ ആക്കുക. ഹേവരുണ സോമരാജൻ ! = അല്ലയോ വരുണ! രാജാവായ സോമ ! അസ്യ = ഈ യജമാനനു്, പ്രിയം രേതഃ = സന്താനോത്പാദന സമർത്ഥമായ രേതസ്സു്, സമ്പാദയ = നൽകുക. ഹേ അദിതേ ! = അല്ലയോ പൃഥിവി ! മാതാ ഇവ = അമ്മയെപ്പോലെ, അസ്മൈ = ഈ യജമാനനു്, ശർമ്മയച്ഛ = സുഖം നൽകിയാലും. വിശ്വേദേവാഃ ! =അല്ലയോ വിശ്വേദേവന്മാരെ ! അയം = ഈ യജമാനൻ, യഥാ = എപ്രകാരം ആണെങ്കിൽ, ജരദഷ്ടിഃ = ജരവ്യാപിച്ചവനായിത്തീരുമോ, തഥാ =

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അപ്രകാരം, അസ്തത് = ചെയ്താലും (വാർദ്ധക്യം വരെ ജീവിപ്പിച്ചാലും)

11-16 അഗ്നിരായുഷ്മാൻ സവനസ്പതിഭിരായുഷ്മാന്തേനത്വായുഷാ ƒ യുഷ്മന്തം കരോമി സോമ ആയുഷ്മാൻ സഓഷധീഭിർയജ്ഞ ആയുഷ്മാൻ സദക്ഷിണാഭിർബ്രഹ്മായുഷ്മത്തദ് ബ്രാഹ്മണൈരായുഷ്മദ്ദേവാ ആയുഷ്മന്തസ്തേ ƒ മൃതേനപിതര. ആയുഷ്മന്തസ്തേസ്വധയാ ആയുഷ്മാന്തസ്തേനത്വായുഷാƒ യുഷ്മന്തം കരോമി ।

ഈ മന്ത്രങ്ങൾ ചൊല്ലിക്കൊണ്ട് അധ്വർയ്യ യജമാനന്റെ ദക്ഷിണഹസ്തം ഗ്രഹിക്കുന്നു.

അഗ്നിഃ ആയുഷ്മാൻ = അഗ്നി ആയുസ്സുള്ളവനാണ്. സഃ = ആ അഗ്നി; വനസ്പതിഭിഃ ആയുഷ്മാൻ = വൃക്ഷങ്ങളാൽ ആയുസ്സ് ഉള്ളവനായിതീന്നിരിക്കുന്നു. തേന = അഗ്നിയുടെ വർദ്ധിച്ച ആയുസ്സ്കൊണ്ട്, ത്വാ = നിന്നെ, ആയുഷ്മന്തം കരോമി = ഞാൻ ദീർഘായുസ്സ് ഉള്ളവനാക്കുന്നു. സോമഃ ആയുഷ്മാൻ = സോമരസം ആയുസ്സ്ഉള്ളതാണ്. സഃ = ആസോമരസം, ഓഷധീഭിഃ = ഓഷധികളാൽ ആയുസ്സ് ഉള്ളതായിഇരിക്കുന്നു. തേന = സോമരസത്തിന്റെ വർദ്ധമാനമായ ആയുസ്സുകൊണ്ട്, ത്വാ = നിന്നെ, ആയുഷ്മന്തം കരോമി = ഞാൻ ദീർഘായുസ്സ് ഉള്ളവനാക്കുന്നു. യജ്ഞഃ = യാഗം, ആയുഷ്മാൻ = ദീർഘായുസ്സോട്കൂടിയതാണ്. സഃ = ആ യാഗം, ദക്ഷിണാഭിഃ = ഋത്വിക്കുകൾക്ക നൽകുന്ന ദക്ഷിണയാൽ വർദ്ധിച്ച ആയുസ്സോട്കൂടിഇരിക്കുന്നു. തേന = യാഗത്തിന്റെ വർദ്ധമാനമായ ആയുസ്സ്കൊണ്ട്, ത്വാ = നിന്നെ, ആയുഷ്മന്തം കരോമി = ഞാൻ ദീർഘായുസ്സ് ഉള്ളവനാക്കുന്നു. ബ്രഹ്മ ആയുഷ്മദ് = വേദംദീർഘായുസ്സോട്കൂടിയതാണ്. തദ് ബ്രാഹ്മണൈഃ = അതുബ്രാഹ്മണരാൽ ആയുസ്സ് ഉള്ളതായിരിക്കുന്നു. തേന = വേദത്തിന്റെ ആയുസ്സുകൊണ്ട്,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്വാ = നിന്നെ, ആയുഷ്മന്തം കരോമി = ഞാൻ ദീർഘായുസ്സ് ഉള്ളവൻ ആക്കുന്നു. ദേവാഃ ആയുഷ്മന്തഃ = ദേവന്മാർ ദീർഘായുസ്സ് ഉള്ളവരാണ്. തേന = ദേവന്മാരുടെ ദീർഘായുസ്സുകൊണ്ട്, ത്വാ = നിന്നെ, ആയുഷ്മന്തം കരോമി = ഞാൻ ദീർഘായുസ്സ് ഉള്ളവൻ ആക്കുന്നു. പിതരഃ = പിതൃക്കൾ, ആയുഷ്മന്തഃ = ദീർഘായുസ്സ് ഉള്ളവരാണ്. തേ = അവർ, സ്വധയാ = സ്വധ നിമിത്തം (മരിച്ചുപോയവരെ ഉദ്ദേശിച്ച് അവരുടെ ബന്ധുക്കൾ സമർപ്പിക്കുന്നതു് സ്വധ) ആയുഷ്മന്തഃ ആയുസ്സ് ഉള്ളവർ ആണ്. തേന ആയുഷാ = പിതൃക്കളുടെ ദീർഘായുസ്സുകൊണ്ട്; ത്വാ = നിന്നെ; ആയുഷ്മന്തം കരോമി = ഞാൻ ദീർഘായുസ്സ് ഉള്ളവനാക്കുന്നു.

ഇതിദശമോ ऽനുവാകഃ

അഥഏകാദശോ ऽ നുവാകഃ (ബ്രാഹ്മണം)

സംഹിതാഃ—

അഗ്നിംവാ ഏതസ്യ ശരീരം ഗച്ഛതി സോമഗ്ഗ്ംരസോവരുണഏനംവരുണപാശേനഗൃഹ്ണാതി സരസ്വതീം വാഗഗ്നാവിഷ്ണൂ ആത്മായസ്യജ്യോഗാമയതി യോജ്യോഗാമയാവീസ്യാദ്യോവാകാമയേതസർവ്വമായുരിയാമിതിതസ്മാ ഏതാമിഷ്ടിം നിർവപേദാഗ്നേയമഷ്ടാ കപാലഗ്ഗ്ംസൗമ്യം ചരുംവാരുണം ദശകപാലഗ്ഗ്ം സാരസ്വതംചരുമാഗ്നാവൈഷ്ണവമേകാദശകപാലമഗ്നേരേവാസ്യ ശരീരം നിഷ്ക്രീണാതിസോമാദ്രസംവാരുണേനൈവൈനം വരുണപാശാന്മുഞ്ചതി സാരസ്വതേനവാചംദധാത്യഗ്നിഃ സർവാദേവതാ വിഷ്ണുർയജ്ഞോ ദേവതാഭിരേവൈനം യജ്ഞേനചഭിഷജ്യത്യുതയദീതാസുർഭവതി ജീവത്യേവ യന്നവമൈത്തന്നവനീതമഭവദിത്യാജ്യമവേക്ഷതേരൂപമേവാസ്യൈതന്മഹിമാനം വ്യാചഷ്ടേ ऽ ശ്വിനോഃ പ്രാണോ ऽ സീത്യാഹാശ്വിനൗവൈദേവാനാം ഭിഷജൗ താഭ്യാമേവാസ്മൈ ഭേഷജംകരോതീന്ദ്രസ്യ പ്രാണോ ऽ സീത്യാഹേന്ദ്രിയമേവാസ്മിന്നേതേനദധാതിമിത്രാ-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വരുണയോഃപ്രാണോ ƒസീത്യാഹ പ്രാണാപാനാവേവാസ്മി-
ന്നേതേനദധാതി വിശേഷാംദേവാനാം പ്രാണോ ƒ സീത്യാഹ
വീർയമേവാസ്മിന്നേതേന ദധാതിഘൃതസ്യധാരാമൃതസ്യപ-
ന്ഥാമിത്യാഹയഥായജുരേവൈതത് പാവമാനേന ത്വാസ്തോമേ-
നേത്യാഹപ്രാണമേവാസ്മിന്നേതേനദധാതി ബൃഹദ്രഥന്തര-
യോസ്ത്വാസ്തോമേനേത്യാഹൌജഏവാസ്മിന്നേതേനദധാത്യ
ഗ്നേസ്ത്വാ മാത്രയേത്യാഹാ ƒƒ ത്മാനമേവാസ്മിന്നേതേന
ദധാതി ഋത്വിജഃപർയാഹുർയാവന്തഏവർത്വിജസ്തഏനംഭിഷ-
ജ്യന്തി ബ്രഹ്മണോ ഹസ്തമന്വാരഭ്യപർയാഹുരേകധൈവയജമാന
ആയുർഭധാതിയദേവതസ്യതദ്ധിരംന്യാത് ഘൃതം നിഷ്പി-
ബത്യായുർവൈഘൃതമമൃതഹിംഹിരണ്യമമൃതാ ദേവാ ƒƒ യുർനി-
ഷ്"പിബതിശതമാനംഭവതി ശതായുഃപുരുഷശതേന്ദ്രിയ ആയു-
ഷ്യേവേന്ദ്രിയേപ്രതിതിഷ്ഠത്യഥോഖലുയാവതീഃ സമാ ഏഷ്യ-
ന്മന്യേത താവന്മാനസ്യാത്സമൃദ്ധ്യാ ഇമമഗ്ന ആയുഷേവർച
സേകൃധീത്യാ ƒƒ ഹായുരേവാസ്മിൻവർചോദധാതി വിശ്വേ
ദേവാജരദഷ്ടിർയഥാ ƒസദിത്യാഹജരദഷ്ടിമേവൈനം കരോത്യ-
ഗ്നിരായുഷ്മാനിതിഹസ്തം ഗൃഹ്ണാത്യേതേവൈദേവാ ആയു-
ഷ്മന്തസ്തഏവാസ്മിന്നായുർദധതി സർവ്വമായുരേതി ||

അർത്ഥം —

യാതൊരുത്തനെ ദീർഘകാലമായി രോഗം പീഡി-
പ്പിക്കുന്നുവോ അവൻെറ ശരീരം അഗ്നിയെ പ്രാപിക്കുന്നു
ശരീരത്തിലുള്ള ജലാംശം ചന്ദ്രനെ പ്രാപിക്കുന്നു. രോഗ-
പീഡിതനെ വരുണൻ വരുണ പാശംകൊണ്ടു് ഗ്രഹി-
ക്കുന്നു. രോഗപീഡിതൻെറ വാക്കു് സരസ്വതിയെ പ്രാ-
പിക്കുന്നു. ആത്മാവു് അഗ്നിയേയും വിഷ്ണുവിനേയും
പ്രാപിക്കുന്നു.

ദീർഘകാലമായി രോഗത്താൽ പീഡിതനും; ദീർഘാ
യുസ്സു് വേണം എന്നു് ആഗ്രഹിക്കുന്നവനും ആ അഭിലാ-
ഷം സാധിക്കുന്നതിനു് വേണ്ടി ഈ യാഗം (താഴെ വിവ-
രിക്കുന്നയാഗം നടത്തണം. അഗ്നിയെ ഉദ്ദേശിച്ചു് എട്ടു്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പാത്രത്തിൽ പാകംചെയ്ത ഹവിസ്സും സോമനെ ഉദ്ദേശിച്ച് ഒരു പാത്രത്തിൽ പാകം ചെയ്ത ഹവിസ്സും വരുണനെ ഉദ്ദേശിച്ച് പത്തു പാത്രത്തിൽ പാകംചെയ്ത ഹവിസ്സും സരസ്വതിയെ ഉദ്ദേശിച്ച് ഒരു പാത്രത്തിൽ പാകംചെയ്ത ഹവിസ്സും അഗ്നിയേയും വിഷ്ണുവിനേയും ഉദ്ദേശിച്ച് പതിനൊന്ന് പാത്രത്തിൽ പാകംചെയ്ത ഹവിസ്സും സമർപ്പിക്കണം. അഗ്നിയിൽനിന്ന് തന്നെ യജമാനൻെറ ശരീരം തിരിയെകിട്ടുന്നു. സോമനിൽനിന്ന് ശരീരത്തിൻെറ ജലാംശം തിരിയെ കിട്ടുന്നു. വരുണനെ ഉദ്ദേശിച്ച് ഹവിസ്സ് സമർപ്പിക്കുന്നതുകൊണ്ട് യജമാനനെ വരുണപാശത്തിൽ നിന്ന് മോചിപ്പിക്കുന്നു. സരസ്വതിയെ ഉദ്ദേശിച്ച് ഹവിസ്സ് സമർപ്പിക്കുന്നതുകൊണ്ട് യജമാനന് വാക്കുകൾ പറയാനുള്ള ശക്തിലഭിക്കുന്നു. അഗ്നി എല്ലാ ദേവതകളും ആണ്. വിഷ്ണുയാഗം ആണ്. ദേവതകകളോടുകൂടിത്തന്നെ വിഷ്ണു യജമാനനെ ചികിത്സിക്കുന്നു. ജീവൻ പോയവനാണെങ്കിലും വീണ്ടും ജീവിക്കുന്നു.

“യന്നവമൈത്തന്നവനീതമഭവത്”’ഇത്യാദിമന്ത്രം ചൊല്ലി ഹോമത്തിന് വെച്ചിരിക്കുന്ന നെയ്യ് യജമാനൻ നോക്കുന്നു. ഈ മന്ത്രം ആജ്യത്തിൻെറ രൂപവും അതിൻെറ മഹത്വവും വർണ്ണിക്കുന്നു.

“അശ്വിനോഃ പ്രാണോ ഽസി” ഇത്യാദി മന്ത്രം ചൊല്ലുന്നു. അശ്വിനിദേവന്മാർ ദേവന്മാരുടെ വൈദ്യന്മാർ ആണ്. ആ അശ്വിനിദേവന്മാരാൽ തന്നെ യജമാനൻെറ ദിർഘരോഗത്തിന് ചികിത്സ ചെയ്യുന്നു. ‘ ഇന്ദ്രസ്യപ്രാണോഽസി ഇത്യാദി മന്ത്രം ചൊല്ലുന്നതുകൊണ്ട് യജമാനന് ഇന്ദ്രിയശക്തി ലഭിക്കുന്നു ‘ മിത്രാവരുണയോഃ പ്രാണോഽസി’’ എന്ന മന്ത്രം ചൊല്ലുന്നു. ഈ മന്ത്രം ചെല്ലുന്നതുകൊണ്ട് യജമാനൻ പ്രാണവായുവിനേയും അപാന വായുവിനേയും ധരിക്കുന്നു. “വിശേഷാം ദേവാനാം പ്രാദണാഽസി’’ ഇത്യാദി മന്ത്രം ചൊല്ലുന്നു. ഈ മന്ത്രം ചൊല്ലുന്നതുകൊണ്ട് യജമാനൻ വീർയമുള്ളവനായി ഭവിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

"ഘൃതസ്യധാരാമമൃതസ്യപന്ഥാം" ഇത്യാദി മന്ത്രംചൊ-ല്ലുന്നു. ഇതു് വേദമനുസരിച്ച് ചൊല്ലേണ്ട മന്ത്രമാണ്.

"പാവമാനേനത്വാസ്തോമേന" എന്ന മന്ത്രം ചൊല്ലുന്നു. ഇപ്രകാരം മന്ത്രം ചൊല്ലുന്നതുകൊണ്ടു് യജമാനൻ പ്രാണൻ ധരിക്കുന്നു. "ബൃഹദ്രഥന്തരയോ സ്ത്വാസ്തോമേന" എന്ന മന്ത്രം ചൊല്ലുന്നു. ഈ മന്ത്രം ചൊല്ലുന്നതുകൊണ്ടു് യജമാ-നനു് ഓജസ്സ് ലഭിക്കുന്നു. "അഗ്നേ സ്ത്വാ മാത്രയാ" എന്ന മന്ത്രം ചൊല്ലുന്നു. ഈ മന്ത്രം കൊണ്ടു് യജമാനൻ ആത്മാ-വിനെ ധരിക്കുന്നു.

യജമാനൻ ഹോമം കഴിഞ്ഞു് ശേഷിച്ച നെയ്യ് സേവി-ക്കുന്ന അവസരത്തിൻ എത്ര ഋത്വിക്കുകൾ മന്ത്രംചൊല്ലുന്നു-വോ അത്രയും വൈദ്യന്മാർ യജമാനൻെറ രോഗം ഭേദ-മാക്കുന്നു.

ബ്രഹ്മാ എന്ന ഋത്വിക്കിൻെറ ഹസ്തം ഗ്രഹിച്ചുകൊണ്ടു് മന്ത്രം ചൊല്ലുന്നു. അപ്രകാരം മന്ത്രം ചൊല്ലുന്നതുകൊണ്ടു് യജമാനൻ ആഗ്രഹിച്ചതുപോലെയുള്ള ആയുസ്സ് യജമാ-നനു് ലഭിക്കുന്നു.

സ്വർണ്ണം ഇട്ടിരിക്കുന്ന നെയ്യ് പാത്രത്തിൽ നിന്നു് നെയ്യ് സേവിക്കുന്നു. എന്തെന്നാൽ ഘൃതം ആയുസ്സാണ്. സ്വർണം അമൃതം ആണ്. അമൃതത്തിൽ നിന്നു് തന്നെ ആയുസ്സ് സമ്പാദിക്കുന്നു.

നെയ്യ് പാത്രത്തിൽ നൂറു കുന്നികുരുവിൻെറ തൂക്കം സ്വർണ്ണം ഇടുന്നു. എന്തെന്നാൽ പുരുഷൻ നൂറു് കൊല്ലം ജീവിച്ചിരിക്കേണ്ടവനാണ്. നൂറു് വർഷവും ശക്തിയുള്ള ഇന്ദ്രിയങ്ങളോടുകൂടി ഇരിക്കേണ്ടവനാണ്. ഇന്ദ്രിയ ശക്തി ആകുന്ന ആയുസ്സിൽതന്നെ ഉറച്ചിരിക്കുന്നു അല്ലെങ്കിൽ എത്രകൊല്ലം ജീവിച്ചിരിക്കണമെന്നു് വിചാരിക്കുന്നുവോ (ആഗ്രഹിക്കുന്നുവോ) ആ അളവനുസരിച്ച് (ഓരോവ-ർഷത്തിനും ഒരു കന്നിക്കുരുവിൻെറ തൂക്കം) സ്വർണം നെയ്യ് പാത്രത്തിൽ ഇടുന്നു. അപ്രകാരം ചെയ്യുന്നതു് സമൃദ്ധിക്കു് കാരണമാണ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

"ഇമമഗ്നേ ആയുഷേവർചസേകൃധി'' എന്ന മന്ത്രംചൊല്ലുന്നു. അപ്രകാരം മന്ത്രം ചൊല്ലുന്നതുകൊണ്ടു് യജമാനനു് ആയുസ്സും ബലവും നൽകുന്നു. "വിശ്വേദേവാജരദഷ്ടിർയഥാ ഽസത്'' എന്ന മന്ത്രം ചൊല്ലുന്നു. അപ്രകാരം മന്ത്രം ചൊല്ലുന്നതുകൊണ്ടു് യജമാനൻ തീർച്ചയായും വാർദ്ധക്യകാലംവരെ ജീവിക്കുന്നു.

"അഗ്നിരായുഷ്മാൻ'' ഇത്യാദിമന്ത്രം ചൊല്ലി അധ്വര്യു യജമാനന്റെ ഹസ്തം ഗ്രഹിക്കണം. ഈ ദേവന്മാർ ദീർഘായുസ്സ് ഉള്ളവരാണ്. ആ ദേവന്മാർ തന്നെ യജമാനനു് ദീർഘായുസ്സ് നൽകുന്നു. യജമാനനു് പൂർണ്ണമായ ആയുസ്സ് ലഭിക്കുന്നു.

ഇതിഏകാദശോഽനുവാകഃ

അഥദ്വാദശോഽനുവാകഃ (ബ്രാഹ്മണം)

സംഹിതാ —

പ്രജാപതിർ വരുണായാശ്വമനയത്സ സ്വാം ദേവതാമാർച്ഛത്സപർയദീർയത സഏതം വാരുണം ചതുഷ്കപാലമപശ്യത്തം നിരവപത്തതോവൈ സ വരുണപാശാദമുച്യത വരുണോവാ ഏതം ഗൃഹ്ണാതിയോ ഽശ്വം പ്രതിഗൃഹ്ണാതിയാവതോ ഽശ്വാൻ പ്രതിഗൃഹ്ണീയാത്താവ തോവാരുണാഞ്ചതുഷ്കപാലാൻ നിർവപേദ്വരുണമേ-വസ്വേനഭാഗധേയേനോപധാവതി സ ഏവൈനംവരുണ പാശാന്മുഞ്ചതി ചതുഷ്കപാലാഭവന്തി ചതുഷ്പാദ്ധ്യശ്വഃ സമൃദ്ധ്യാ ഏകമതിരിക്തം നിർവപേദ്യമേവപ്രതിഗ്രാഹീഭവതി യംവാനാധ്യേതി തസ്മാദേവ വരുണപാശാന്മുച്യതേയദ്യപരം പ്രതിഗ്രാഹീസ്യാത്സൗർയമേകകപാലമനു നിർവപേദമുമേവാദിത്യമുച്ഛാരം കുരുതേ ഽപോ ഽ വഭൃഥമവൈത്യപ്സു വൈവരുണഃ സാക്ഷാദേവ വരുണമവയജതേ ഽപോനപ്ത്രീയം ചരും പുനരേത്യ നിർവപേദപ്സുയോനിർവാ അശ്വഃ സ്വാമേവൈനം യോനിംഗമയതി സ ഏനശ്ശാന്ത ഉപതിഷ്ഠതേ॥

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അത്ഥം:—

പ്രജാപതി വരുണന്ന് കുതിരയെ കൊടുത്തു. ആ പ്രജാപതി തന്റെ അശ്വസ്വാമിത്വത്തെ ഇല്ലാതെയാക്കി. തനിക്കുണ്ടായിരുന്ന അശ്വം നഷ്ടപ്പെട്ടതിൽ വ്യസനിച്ചു. നാലുപാത്രത്തിൽ ഹവിസ്സ് പാകം ചെയ്ത സമപ്പിക്കുന്ന വരുണ സംബന്ധിയായ യാഗം മനസ്സിലാക്കി. ആ വരുണയാഗം നടത്തി. അനന്തരം പ്രജാപതി വരുണപാശരൂപമായ രോഗത്തിൽ നിന്നു് മുക്തനായി.

യാതൊരുത്തൻ അശ്വത്തെ ദാനം ചെയ്യുന്നുവോ അവനെ വരുണൻ ഗ്രഹിക്കുന്നു (വരുണപാശത്താൽ ബദ്ധനാകുന്നു. എത്ര കുതിര ദാനം ചെയ്യുന്നുവോ അത്രയും എണ്ണം വരുണ സംബന്ധിയായ നാലു പാത്രത്തിൽ ഹവിസ്സ് പാകം ചെയ്ത സമപ്പിക്കുന്ന യാഗം നടത്തണം. തന്റെ ഭാഗം സമപ്പിച്ചതുകൊണ്ടു് യജമാനൻ വരുണനെ തന്നെ സമീപിക്കുന്നു. ആ വരുണൻ തന്നെ യജമാനനെ വരുണപാശത്തിൽ നിന്നു് മോചിപ്പിക്കുന്നു. [ഈ പ്രകരണത്തിൽ പ്രതിഗ്രാഹയതി എന്ന അത്ഥത്തിലാണ് പ്രതിഗൃഹ്ണാതി എന്നു് പ്രയോഗിച്ചിരിക്കുന്നതു്]

കുതിരയ്ക്കു് നാലുകാലാണുള്ളതു്. അതുകൊണ്ടു് നാലു പാത്രത്തിൽ പാകം ചെയ്ത ഹവിസ്സ് സമപ്പിക്കുന്നതു് സമൃദ്ധിക്കു് കാരണം ആകുന്നു.

വീണ്ടും അശ്വം ദാനം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിലും മുൻപു് ദാനം ചെയ്ത അശ്വങ്ങളുടെ എണ്ണം വിസ്മരിച്ചാലും ഒരു ചതുഷ്കപാലം കൂടി വരുണനായി സമപ്പിക്കണം. അപ്രകാരം ചെയ്യുന്നതുകൊണ്ടു് വരുണ പാശത്തിൽ നിന്നു് മുക്തനായി ഭവിക്കുന്നു.

ഒരു പ്രാവശ്യം അശ്വം ദാനം ചെയ്തിട്ടു് അതിന്നു് പ്രായശ്ചിത്തമായ വരുണയാഗം നടത്താതെ വീണ്ടും അശ്വം ദാനം ചെയ്യുകയാണെങ്കിൽ സൂര്യനെ ഉദ്ദേശിച്ചു് ഒരു പാത്രത്തിൽ പാകം ചെയ്ത ഹവിസ്സ് വിഹിതമായ പ്രാരു-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ണയാഗത്തെ തുടന്നു് സമപ്പിക്കണം. ഇപ്രകാരം ചെയ്യുന്നതുകൊണ്ടു് പ്രത്യക്ഷദൃഷ്ടനായ ആദിത്യൻ യജമാനന്നു് ദോഷം ചെയ്യുന്നില്ല.

യാഗാനന്തരം വെള്ളത്തിൽ മുങ്ങി അവഭൃഥസ്നാനം ചെയ്യുന്നു. വരുണൻ ജലത്തിൽ ആണല്ലോ സ്ഥിതിചെയ്യുന്നതു്. ഇപ്രകാരം ചെയ്യുന്നതുകൊണ്ടു് വരുണ പാശത്തെ നിരാകരിക്കുന്നു. അവ ഭൃഥസ്നാനാനന്തരം യാഗശാലയിൽ വന്നു് അപാംനപാത് എന്ന ദേവനെ ഉദ്ദേശിച്ചു് ഹവിസ്സു് തയാറാക്കി സമപ്പിക്കണം. കുതിര ജലത്തിൽനിന്നു് ഉത്ഭവിച്ചതാണു് അതിനെ അതിൻെറ ഉത്ഭവസ്ഥാനത്തിൽ തന്നെ എത്തിക്കുന്നു. അശ്വം യജമാനനെ ശാന്തനായി സേവിക്കുന്നു. [ദാനം ചെയ്തു എങ്കിലും യജമാനന്നു് വീണ്ടും അശ്വസമൃദ്ധി ഉണ്ടാകുന്നു.

ഇതി ദ്വാദശോ ഽനുവാകഃ

അഥത്രയോദശോഽനുവാകഃ (മന്ത്ര ബ്രാഹ്മണ മിശ്രം)

സംഹിതാ—

യാവാമിന്ദ്രാവരുണാ യതവ്യാതനൂസ്തയേമമംഗുംഹസോ മുഞ്ചതം യാവാമിന്ദ്രാവരുണാ സഹസ്യാ രക്ഷസ്യാതേജസ്യാ തനൂസ്തയേമമംഗുംഹസോമുഞ്ചതം യോവാമിന്ദ്രാവരുണാവഗ്നൗ സ്രാമസ്തംവാമേതേനാവയജേ യോവാമിന്ദ്രാവരുണാദ്വിപാത്സു പശുഷു ചതുഷ്പാത്സുഗോഷ്ഠേഗൃഹേഷ്വപ്സ്വോഷധീഷ്വവനസ്പതിഷുസ്രാമസ്തംവാമേതേനാവയജ ഇന്ദ്രോവാ ഏതസ്യ ഇന്ദ്രിയേണാപക്രാമതി വരുണ ഏനം വരുണപാശേനഗൃഹ്ണാതിയഃ പാപ്മനാഗൃഹീതോഭവതിയഃപാപ്മനാഗൃഹീതഃ സ്യാത്തസ്മാ ഏതാമൈന്ദ്രാവരുണീംപയസ്യാം നിർവപേദിന്ദ്ര ഏവാസ്മിന്നിന്ദ്രിയംദധാതി വരുണഏനം വരുണ പാശാന്മുഞ്ചതി പയസ്യാഭവതിപയോഹിവാ ഏതസ്മാദപക്രാമത്യഥൈഷ പാപ്മനാഗൃഹീതോയത്പയസ്യാഭവതി പയ ഏവാസ്മിന്തയാദധാതി പയസ്യായാംപുരോഡാശമവദധാത്യാത്മന്വന്തമേവൈനംകരോത്യഥോആയതനവന്തമേവചതുർ-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ധാവ്യൂഹതി ദിക്ഷ്വേവ പ്രതിതിഷ്ഠതി പുനഃ സമൂഹതി ദിഗ്ഭ്യഏവാസ്മൈ ഭേഷജം കരോതി സമൂഹ്യാവദ്യതി യഥാ ff വിദ്ധം നിഷ്കൃന്തതി താദൃഗേവതദ്യോ വാമിന്ദ്രാവരുണാവഗ്നൗ സ്രാമസ്തം വാമേതേനവയജ ഇത്യാഹദുരിഷ്ട്യാ ഏവൈനം പാതിയോവാമിന്ദ്രാവരുണാദ്വിപാത്സു പശുഷുസ്രാമസ്തം വാമേതേനാവയജ ഇത്യാഹൈതാവതീർവാ ആപഓഷധയോ വനസ്പതയഃ പ്രജാ പശവഃ ഉപജീവനീയാസ്തഏവാസ്മൈ വരുണപാശാന്മുഞ്ചതി ॥

(അനുവാകത്തിൻെറ ആരംഭം മുതൽ ഇന്ദ്രോവാ ഏതസ്യ എന്നതുവരെ മന്ത്രം)

മന്ത്രഭാഗത്തിൻെറ പദച്ഛേദം—

യാ വാം ഇന്ദ്രാവരുണാ യതവ്യാ തനൂഃ തയാ ഇമം അംഹസഃ മുഞ്ചതം യാ വാം ഇന്ദ്രാവരുണാ സഹസ്യാ രക്ഷസ്യാ തേജസ്യാ തനൂഃ തയാ ഇമം അംഹസഃ മുഞ്ചതം യഃ വാം ഇന്ദ്രാവരുണൗ അഗ്നൗ സ്രാമഃ തം വാം ഏതേന അവ യജേ യഃ വാം ഇന്ദ്രാവരുണൗ ദ്വിപാത്സു പശുഷു ചതുഷ്പാത്സു ഗോഷു ഗൃഹേഷു അപ്സു ഓഷധീഷു വനസ്പതിഷു സ്രാമഃ തം വാം ഏതേന അവ യജേ ॥

(ഇന്ദ്രോവാ ഏതസ്യ എന്നതു മുതൽ ബ്രാഹ്മണം)

മന്ത്രവും വിനിയോഗവും അർത്ഥവും

1. യോവാമിന്ദ്രാവരുണായതവ്യാതനൂസ്തവേയമംഹസോ മുഞ്ചതം ।

ഇതു മുതൽ നാലു മന്ത്രം ചൊല്ലി ഹവിസ്സ് നാലായി ഭാഗിച്ച് വെയ്ക്കുന്നു

ഹേ ഇന്ദ്രാവരുണാ ! = അല്ലയോ ഇന്ദ്ര ! അല്ലയോ വരുണ ! വാം = നിങ്ങളുടെ, യാതനൂഃ = യാതൊരു ശരീരം, യതവ്യാ = യാഗകർത്താവിനെ പാപത്തിൽ നിന്നു മുക്തനാക്കുന്നതിനു പ്രയത്നിക്കുന്നുവോ, തയാ = അതുകൊണ്ട്, ഇമം = യജമാനനെ, അംഹസഃ = പാപത്തിൽനിന്നു, മുഞ്ചതം = മോചിപ്പിച്ചാലും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

2-4 യാവാമിന്ദ്രാവരുണാ സഹസ്യാ രക്ഷസ്യാതേജസ്യാ തന്ത്വ സ്തയേമമംഹസോമുഞ്ചതം ।

ഹേ ഇന്ദ്രാവരുണൗ! = അല്ലയോ ഇന്ദ്ര; അല്ലയോ വരുണ । വാം = നിങ്ങളുടെ, യാതന്വഃ = യാതൊരു ശരീരം, സഹസ്യാ = ബലത്തോടു കൂടിയതും, രക്ഷസ്യാ = മററുള്ളവരെ രക്ഷിക്കാൻ അർഹമായതും, തേജസ്യാ = തേജസ്സോടുകൂടിയതും ആയിട്ടുണ്ടോ തയാ = ആ ശരീരം കൊണ്ട്, ഇമം = യജമാനനെ, അംഹസഃ മുഞ്ചതം പാപത്തിൽ നിന്ന് മോചിപ്പിപ്പീവ്വാലും. (ഈ മന്ത്രത്തിൽ സഹസ്യാ – രക്ഷസ്യാ – തേജസ്യാ – എന്നീ പദങ്ങളിൽ ഓരോ പദം ചേർത്ത് ഓരോ മന്ത്രം ചൊല്ലുന്നു)

5 യോവാമിന്ദ്രാവരുണാവഗ്നൗ സ്രാമസ്തം വാമേതേനാവയജേ ।

ഇതു മുതൽ ഏട്ട് മന്ത്രം ഓരോ മന്ത്രമായി ചൊല്ലി ഹോമം കഴിക്കുന്നതിനുള്ളതാണ്.

ഹേ ഇന്ദ്രാവരുണൗ ! = അല്ലയോ ഇന്ദ്ര ! അല്ലയോ വരുണ ! വാം = നിങ്ങളെ ഉദ്ദേശിച്ച് ഹോമം ചെയ്ത അവസരത്തിൽ, അഗ്നൗ = അഗ്നിയിൽ; യഃ സ്രാമഃ = യാതൊരു പാപം ചെയ്തിട്ടുണ്ടോ, തം = അത്, ഏതേന = ഈ ഹോമംകൊണ്ട്, അവയജേ = ഞാൻ ഇല്ലാതെ ആക്കുന്നു

6-12 യോവാമിന്ദ്രാവരുണാ ദ്വിപാത്സുപശുഷു ചതുഷ്പാത്സു ഗോഷ്ഠഗൃഹേഷ്വപ്സോഷധീഷുവനസ്പതിഷു സ്രാമസ്തം വാമേതേനാവയജേ।

(ഇവിടെ ദ്വിപാത്സു പശുഷു ചതുഷപാത്സു ഗോഷു ഗൃഹേഷു അപ്സു ഓഷധിഷു ഇവയിൽ ഓരോപദം ചേർത്ത് ഓരോ മന്ത്രമായിചൊല്ലണം)

ഹേ ഇന്ദ്രാവരുണൗ । = അല്ലയോ ഇന്ദ്ര ! അല്ലയോവരുണ വാം = നിങ്ങളെ ഉദ്ദേശിച്ച്, യഃ = യാഗം കഴിക്കുന്ന യാതൊരു യജമാനനുണ്ടോ അവൻെറ, ദ്വിപാത്സു = ആളുകളിലും, ചതുഷ്പാത്സ = നാൽക്കാലി മൃഗങ്ങളിലും,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗോഷു = പശുക്കളിലും, ഗൃഹേഷു = വീടുകളിലും, അപ്സു = ജലാശയങ്ങളിലും, ഓഷധീഷു = ഓഷധികളിലും, വനസ്പതിഷു = വൃക്ഷങ്ങളിലും, യഃ സ്രാമഃ = യാതൊരു പാപം ഉണ്ടോ, തം = അതിനെ, ഏതേന = നിങ്ങളെ ഉദ്ദേശിച്ച് ചെയ്യുന്ന ഈ കർമ്മം കൊണ്ടു്, അവ യജേ = ഞാൻ നശിപ്പിക്കുന്നു.

ഇന്ദ്രോവാ ഏതസ്യ എന്നതു മുതൽ ഉള്ള ബ്രാഹ്മണ ഭാഗത്തിന്റെ അർത്ഥം

യാതൊരുത്തൻ പാപം ചെയ്യുന്നുവോ അവന്റെ ഇന്ദ്രിയശക്തിയോടുകൂടി ഇന്ദ്രൻ പോകുന്നു. (ഇന്ദ്രൻ അവന്റെ ഇന്ദ്രിയശക്തി നശിപ്പിക്കുന്നു) വരുണൻ പാപം ചെയ്തവനെ വരുണപാശം കൊണ്ടു് ഗ്രഹിക്കുന്നു. (വരുണന്റെ കോപം നിമിത്തം രോഗങ്ങൾ ഉണ്ടാകുന്നു.) പാപം ചെയ്തവൻ അതിനു് പരിഹാരമായി ഇന്ദ്രനേയും വരുണനേയും ഉദ്ദേശിച്ച് പയസ്യ സമർപ്പിക്കണം (ചൂടുള്ള പാലിൽ തൈരു ചേർത്തതു്) ഇന്ദ്രൻ തന്നെ യജമാനനു് ഇന്ദ്രിയശക്തി നൽകുന്നു. വരുണൻ യജമാനനെ വരുണപാശത്തിൽനിന്നു് മോചിപ്പിക്കുന്നു.

ചൂടുള്ള പാലിൽ തൈരു് ചേർത്തതു് ഹോമദ്രവ്യമായി ഉപയോഗിക്കുന്നു, പാപത്തിൽ ഗ്രഹിക്കപ്പെട്ടവനിൽ നിന്നു് പയസ്സ് (സാത്വികമായ ആഹാരത്തിൽ നിന്നു് ശരീരത്തിനു് കിട്ടേണ്ട ഫലം) നഷ്ടപ്പെടുന്നു. പയസ്യ ഹോമദ്രവ്യമായി സ്വീകരിച്ചതുകൊണ്ടു് യജമാനനു് സാത്വികാഹാരജന്യമായ ഫലം ലഭിക്കുന്നു. പയസ്യയിൽ പുരോഡാശം ഇടുന്നു. അതു് യജമാനനെ ദൃഢശരീരമുള്ളവനാക്കിച്ചെയ്യുന്നു. കൂടാതെ യജമാനനു് സ്വന്തമായി ഗൃഹാദികളും ലഭിക്കുന്നു.

ഹവിസ്സിനെ നാലായി ഭാഗിക്കുന്നു അപ്രകാരം ചെയ്യുന്നതുകൊണ്ടു് യജമാനനു് നാലു ദിക്കിലും പ്രതിഷ്ഠ ലഭിക്കുന്നു. ഭാഗിച്ചുവെച്ചിരിക്കുന്ന ഹവിർഭാഗങ്ങളെ കൂട്ടി-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ച്ചേർക്കുന്നു അപ്രകാരം ചെയ്യുന്നതുകൊണ്ട് എല്ലാ ദിക്കുകളിൽ നിന്നും യജമാനന്ന് ചികിത്സ ചെയ്യുന്നു. ഭാഗിച്ചു വെച്ചിരിക്കുന്ന ഹവിസ്സ് വീണ്ടും കൂട്ടിച്ചേർക്കുക എന്നതു് ബാണം മുതലായവകൊണ്ട് മുറിവേററ ശരീരത്തിൽ നിന്ന് ബാണം മുതലായവ എടുത്തു മാററി ശരീരം യോജിപ്പിക്കുന്നതു പോലെയാണ്.

"യോവാരിന്ദ്രാവരുണാ" ഇത്യാദി മന്ത്രം ചൊല്ലുന്നതുകൊണ്ട് യജമാനനെ ദുരിതത്തിൽനിന്ന് രക്ഷിക്കുന്നു.

"യോവാമിന്ദ്രാവരുണാദപിപാത്സ" ഇത്യാദി മന്ത്രം ചൊല്ലുന്നതുകൊണ്ട് യജമാനന്ന് ഉപജീവനത്തിന്ന് വേണ്ട ജലം ഓഷധികൾ വൃക്ഷങ്ങൾ ആളുകൾ മൃഗങ്ങൾ എന്നിവ ലഭിക്കുന്നു യജമാനൻ വരുണപാശത്തിൽ നിന്ന് മുക്തനാകുന്നു.

ഇതിത്രയോദശോ ഽ നുഃവാകഃ

അഥചതുർദശോഽനുവാകഃ (മന്ത്രം)

സംഹിതാ—

സപ്രത്നവന്നികാവേന്ദ്യം വോ വിശ്വതസ്പരീന്ദ്രം നരഃ। ത്വംന്നഃ സോമവിശ്വതോരക്ഷാ രാജന്നഘായതഃ। നരിഷ്യേത്ത്വാവതഃ സഖാ।യാതേധാമാനിദിവിയാപൃഥിവ്യാം യാപർവതേഷ്വോധീഷ്വപ്സു। തേഭിർനോ വിശ്വൈഃ സുമനാ അഹേഡൻ രാജൻ സോമ പ്രതിഹവ്യാ ഗൃഭായ। അഗ്നീഷോമാസവേദസാ സഹൂതീവനതം ഗിരഃ। സംദേവത്രാബഭൂവഥുഃ।യുവം ഏതാനി ദിവിരോചനാന്യഗ്നിശ്ചസോമ സക്രതു അധത്തം। യുവഗ്ഗ്ം സിന്ധൂഗ്ഗ്ംരഭിശസ്തേരവദ്യാദഗ്നീഷോമാവമുഞ്ചതം ഗൃഭിതാൻ। അഗ്നിഷോമാവിമഗ്ഗ്ം സുമേശ്രുണുത വൃഷണാ ഹവം। പ്രതിസൂക്താനിഹർയതം ഭവതം ദാശുഷേമയഃ। ആ ഽ ന്യംദിവോമാതരിശ്വാ ജഭാരാമഥ്നാദന്യം പരി ശ്യേനോ അദ്രേഃ। അഗ്നീഷോമാ ബ്രഹ്മണാവാവൃധാനോരും യജ്ഞായ ചക്രഥുരുലോകം। അഗ്നിഷോമാഹവിഷഃ പ്ര-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്ഥിതസ്യവീതം ഹർയതം വൃഷണാജ്ജുഷേഥാം। സുശർമാണാ സ്വവസാഹിഭ്രുതമഥാധത്തം യജമാനായശം യോഃ । ആപ്യാ-യസ്വസംതേ । ഗണാനാം ത്വാഗണപതിഗ്ഗുംഹവാമഹേകവിം കവീനാമുപമ ശ്രുവസ്തമം । ജ്യേഷ്ഠരാജം ബ്രഹ്മണാം ബ്രഹ്മണ-സ്പത ആനഃ ശൃണ്വന്നൂതിഭിഃ സീദസാദനം ! സ ഇജ്ജനേന സവിശാസജന്മനാ സ പുത്രൈർവാജം ഭരതേ ധനാനൃഭിഃ । ദേവാനാംയഃ ചിതരമാവിവാസതി ശ്രദ്ധാമനാഹവിഷാ ബ്രഹ്മണസ്പതിം । സസുഷ്ടുഭാസഋക്വതാഗണേനവലഗ്ഗും-രുരോജഫലിഗഗ്ഗുംരവേണ) ബൃഹസ്പതിരുസ്രിയാ ഹവ്യസൂദഃ കനിക്രദദ്വാവശതീരുദാജത്। മരുതോയദ്ധവോദിവോയാവഃ ശർമ! അർയമാ *ff* യാതിവൃഷഭസ്തുവിഷ്മാൻ ദാതാവസൂനാം പുരുഹൂതോഅർഹൻ।സഹസ്രാക്ഷോഗോത്രഭിദ്വജ്രബാഹുരസ്മാ സുദേവോ ദ്രവിണം ദധാതു । യേതേ/ർയമൻബഹവോദേവയാ-നാഃ പന്ഥാനഃ രാജൻ ദിവ ആചരന്തി । തേഭിർനോദേവമഹി-ശർമയച്ഛ ശംനഏധിദ്വിപദേശംചതുഷ്പദേ। ബുധ്നാദഗ്ര-മംഗിരോഭിർഗൃണാനോ വിപർവതസ്യദൃഗ്ഗുംഹിതാന്യൈരത് । രുജദ്രോധാംസികൃത്രിമാണ്യേഷാഗ്ഗും സോമസ്യതാമദ ഇന്ദ്ര ശ്ച-കാര । ബുധ്നാദഗ്രേണ വിമിമായമാനൈർവജ്രേണഖാന്യ തൃണന്നദീനാം! വൃഥാ/സൃജത്പഥിഭിർദീർഘയാഥൈഃസോമ-സ്യതാമദഇന്ദ്രശ്ചകാര। പ്രയോജജ്ഞേ വിദ്വാഗ്ഗുംഅസ്യബന്ധും വിശ്വാനിദേവോ ജനിമാവിവക്തി। ബ്രഹ്മബ്രഹ്മണഉജ്ജഭാര-മധ്യാന്നീചാദുച്ചാ സ്വധയാ/ഭിപ്രതസ്ഥൗ! മഹാൻ മഹീ അസ്ത-ഭായദ്വിജാതോദ്യാഗ്ഗുംസദ്മപാർഥിവംചരജഃ।സബുധ്നാദാഷ്ട ജനുഷാഭ്യഗ്രം ബൃഹസ്പതിർദേവതായസ്യ സമ്രാട് ! ബുധ്-നാദ്യോഅഗ്രമഭ്യർത്യോജസാ ബൃഹസ്പതിർമാവിവാസന്തി ദേവാഃ। ഭിനദ്ബലംവിപുരോദർദരീതികനിക്രദത്സ്വരപോ ജിഗായ ॥

പദച്ഛേദം —

സഃ പ്രത്നവത് നികാവ്യാ ഇന്ദ്രം വഃ വിശ്വതഃ പരി ഇന്ദ്രം നരഃ ത്വം നഃ സോമ വിശ്വത; രക്ഷ രാജൻ അഘായതഃ ന രിഷ്യേത് ത്വാവതഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സഖാ യാ ദത ധാമാനി ദിവി യാ പൃഥിവ്യാം യാ പർവതേഷ്വ ഓഷധിഷ്വ അപ്സു താഭിഃ നഃ വിശ്വൈഃ സുമനാഃ അഹേഡൻ രാജൻ സോമ പ്രതി ഹവ്യാ ഗൃഭായ അഗ്നീഷോമൗ സവേദസാ സഹൂതീ വനതം ഗിരഃ സം ദേവത്രാ ബഭൂവഥുഃ യുവം ഏതാനി ദിവി രോചനാനി അഗ്നിഃ ച സോമ–സക്രതു അധത്തം യുവം സിന്ധൂഃ അഭിശസ്തേഃ അവദ്യാത് അഗ്നീഷോമൗ അമുഞ്ചതം ഗൃഭിതാൻ അഗ്നീഷോമൗ ഇമം സു മേ ശൃണുതം വൃഷണാ ഹവം പ്രതി സൂക്താനി ഹർയതം ഭവതം ദാശുഷേ മയഃ ആ അന്യം ദിവഃ മാതരിശ്വാ ജഭാര ആ മഥ്നാത് അന്യം പരി ശ്യേനഃ അദ്രേഃ അഗ്നീ–ഷോമൗ ബ്രഹ്മണാ വാ വൃധാനഃ ഉരും യജ്ഞായ ചക്രഥുഃ ഉ ലോകം അഗ്നീഷോമൗ ഹവിഷഃ പ്രസ്ഥി–തസ്യ വീതം ഹർയതം വൃഷണൗ ജുഷേഥാം സുശർമണാ സ്വവസാ ഹി ഭൂതം അഥാ ധത്തം യജമാനായ ശംയോഃ ആപ്യായസ്വ സം തേ ഗണാനാം ത്വാ ഗണപതിം ഹവാമഹേ കവിം കവീനാം ഉപമശ്രവ–സ്തമം ജ്യേഷ്ഠരാജം ബ്രഹ്മണാം ബ്രഹ്മണസ്പതേ ആ നഃ ശൃണ്വൻ ഊതിഭിഃ സീദ സാദനം സഃ ഉത് ജനേന സഃ ജന്മനാ സഃ പുത്രൈഃ വാജം ഭരതേ ധനാ നൃഭിഃ ദേവാനാം യഃ പിതരം ആ വിവാ–സതി ശ്രദ്ധാമനാഃ ഹവിഷാ ബ്രഹ്മണസ്പതിഃ സഃ സുഷ്ടുഭാ സഃ ഋക്വതാ ഗണേന ബലം രുരോജ ഫലിഗം രവേണ ബൃഹസ്പതിഃ ഉസ്രിയാ ഹവ്യസൂദഃ കനിക്രദത് വാവശതീഃ ഉദ് ആജത് മരുതഃ യദ് ഹവഃ ദിവഃ യാ വഃ ശർമ അർയമാ ആയാതി വൃഷഭഃ തുവിഷ്മാൻ ദാതാ വസൂനാം പുരുഹൂതഃ അർഹൻ സഹസ്രാക്ഷഃ ഗോത്രഭിത് വജ്ര–ബാഹുഃ അസ്മാസു ദേവഃ ദ്രവിണം ദധാതു യേ തേ അർയമൻ ബഹവഃ ദേവയാനാഃ പന്ഥാനഃ രാജൻ ദിവഃ ആചരന്തി തേഭിഃ നഃ ദേവ മഹി ശർമ യച്ഛ ശം നഃ ഏധി ദ്വിപദേ ശം ചതുഷ്പദേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബുധ്നാദ് അഗ്രം അജിരേഭിഃ ഗൃണാനം വി പർവ്വതസ്യ ബൃംഹിതാനി ഐരത് രുജദ് രോധാംസി കൃത്രിമാണി ഏഷാം സോമസ്യ താഃ മദേ ഇന്ദ്രഃ ചകാര ബുധ്നാദ് അഗ്രേണ വി വിമാന്യ മാനൈഃ വജ്രേണ ഖാനി അതൃണത് നദീനാം വൃഥാ അസൃജത് പഥിഭിഃ ദീർഘയാഥൈഃ സോമസ്യ താഃ മദേ ഇന്ദ്ര; ചകാര പ്ര യഃ ജജ്ഞ വിദ്വാൻ അസ്യ ബന്ധും വിശ്വാനി ദേവഃ ജനിമാ വിവക്തി ബ്രഹ്മ ബ്രഹ്മണഃ ഉദ് ജഭാര മധ്യാത് നീചാത് ഉച്ചാ സ്വധയാ അഭി പ്രതസ്ഥൗ മഹാൻ മഹീ അസ്തഭായത് ഹി ജാതഃ ദ്യാം സദ്മ പാർഥിവം ച രജഃ സഃ ബുധ്നാദ് ആഷ്ട ജനുഷാ അഭി അഗ്രം ബൃഹസ്പതിഃ ദേവതാ യസ്യ സമ്രാട് ബുധ്നാദ് യഃ അഗ്രം അഭി അർതി ഓജസാ ബൃഹസ്പതിം ആ വിവാസന്തി ദേവാഃ ഭിനത് ബലം വി പുരഃ ദർദരീതി കനിക്രദത് സ്വഃ അപഃ ജിഗായ ॥

മന്ത്രവും വിനിയോഗവും അർത്ഥവും

1-4 സപ്രത്നവന്നികാവ്യേന്ദ്രംവോവിശ്വതസ്പരീന്ദ്രംനരഃ ।

യജ്ഞവിഭ്രഷ്ടനായവൻ അഗ്നി ഇന്ദ്രൻ സോമൻ എന്നിവരെ ഉദ്ദേശിച്ച് ഹവിസ്സ് ഹോമിക്കണം. അതിൽ അഗ്നിയെ ഉദ്ദേശിച്ച് ഹവിസ്സ് ഹോമിക്കേണ്ടതിനുള്ള പുരോനുവാക്യയാണ് "സപ്രത്നവന്നവിയസേ" എന്ന് ആരംഭിക്കുന്ന മന്ത്രം. അതിന്റെ തന്നെ യാജ്യയാണ് "നികാവ്യാവേധസഃ" എന്ന് ആരംഭിക്കുന്ന മന്ത്രം. ഇന്ദ്രനെ ഉദ്ദേശിച്ച് ഹവിസ്സ് ഹോമിക്കുന്നതിനുള്ള പുരോനുവാക്യ "ഇന്ദ്രംനരോവിശ്വതസ്പരി" എന്ന് ആരംഭിക്കുന്ന മന്ത്രമാണ്. അതിനുള്ള യാജ്യ "ഇന്ദ്രംനരേനേമധിത" എന്ന് ആരംഭിക്കുന്ന മന്ത്രമാണ്. ഇതിൽ ആദ്യത്തെ രണ്ട് മന്ത്രം "ഹിരണ്യഗർഭ ആപോവഃ" എന്നാരംഭിക്കുന്ന അനുവാകത്തിലും മൂന്നും നാലും മന്ത്രം ഒന്നാംകാണ്ഡം ആറാംപ്രപാഠകത്തിൽ ഇന്ദ്രഹവിസ്സിലും വ്യാഖ്യാനിച്ചു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

5 ത്വം നഃ സോമവിശ്വതോ രക്ഷാ രാജന്ന ഘായതഃ
നരിഷ്യേത്വാവതഃ സഖാ ।

ഇതു് സോമനെ ഉദ്ദേശിച്ച് ചെയ്യുന്ന യാഗത്തിന്റെ പുരോഽനുവാക്യാമന്ത്രമാണ്.

ഹേ സോമരാജൻ ! = അല്ലയോ രാജാവായ സോമ ! ത്വം = അങ്ങ്, അഘായതഃ = എനിക്ക് ഉപദ്രവം ചെയ്യാൻ ആഗ്രഹിക്കുന്ന, വിശ്വതഃ = എല്ലാവരിൽ നിന്നും, നഃ രക്ഷ = ഞങ്ങളെ രക്ഷിക്കുക. ത്വാവതഃ സഖാ = അങ്ങയ്ക്ക് തുല്യനായ പ്രഭുവിന്റെ സ്നേഹിതൻ ഞങ്ങളെ ഉപദ്രവിക്കാൻ സമർത്ഥനാണെങ്കിലും, നരിഷ്യേത് = ഞങ്ങളെ ഉപദ്രവിക്കരുത്.

6 യാതേധാമാനിദിവിയാപൃഥിവ്യാം
യാപർവ്വതേഷ്വോഷധീഷ്വപ്സു ।
താഭിർനോവിശ്വൈഃ സുമനാ അഹേഡൻ
രാജൻ സോമപ്രതിഹവ്യാഗൃഭായ ।

യജ്ഞവിഭ്രഷ്ടനായവൻ സോമനെ ഉദ്ദേശിച്ച്ചെയ്യുന്ന യാഗത്തിന്റെ യാജ്യാ മന്ത്രമാണ് ഇതു്.

ഹേ സോമരാജൻ ! = അല്ലയോ രാജാവായ സോമ ! ദിവി = സ്വർഗ്ഗത്തിലും, പൃഥിവ്യാം = ഭൂമിയിലും, പർവ്വതേഷു = പർവ്വതങ്ങളിലും, ഓഷധിഷു = ഓഷധികളിലും, അപ്സു = ജലത്തിലും, തേ = അങ്ങയ്ക്ക്, യാ ധാമാനി = യാതൊരു സ്ഥാനങ്ങൾ ഉണ്ടോ, താഭിഃ വിശ്വൈഃ = ആ സ്ഥാനങ്ങളോടുകൂടിയവനായും, അഹേഡൻ = കോപം ഇല്ലാത്തവനായും, സുമനാ; = ഞങ്ങളിൽ സന്തോഷം ഉള്ളവനായും, ഹവ്യാ = ഞങ്ങൾ സമർപ്പിക്കുന്ന ഹവിസ്സ്, പ്രതിഗൃഭായ = സ്വീകരിച്ചാലും.

7 അഗ്നീഷോമാ സവേദ സാസഹൂതീ
വനതംഗിരഃ। സംദേവത്രാ ബഭൂവഥുഃ।

ആഗ്രഹങ്ങൾ സാധിക്കുന്നതിന് വേണ്ടി അഗ്നിയേയും സോമനേയും ഉദ്ദേശിച്ച് പതിനൊന്ന് പാത്രത്തിൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പാകം ചെയ്ത ഹവിസ്സ് ഹോമിക്കുന്നതിനുള്ള പുരോനു വാക്യാമന്ത്രമാണ് ഇത്—

ഹേ അഗ്നിഷോമൗ! = അല്ലയോ അഗ്നിദേവ! അല്ലയോ സോമ ഃ സവേദസൗ = സമാനമായ അറിവോടുകൂടിയ വരും, സഹൂതി = സമാനമായ ആഹ്വാനത്തോട് കൂടിയ വരും, ദേവത്രാ = ദേവന്മാരിൽ, സംബഭൂവഥുഃ = ഒരുമിച്ചു സഞ്ചരിക്കുന്നവരാ ആയ, യുവാം = നിങ്ങൾ രണ്ടു പേരും, ഗിരഃ = ഞങ്ങളുടെ സ്തുതിവചനങ്ങൾ, വനതം = സ്വീകരിച്ചാലും.

8 യുവമേതാനിദിവിരോചനാന്യഗ്നിശ്ച ।
സോമ സക്രതു അധത്തം !
യുവംസിന്ധൂ രഭിഗസ്തേരവദ്യാ-
ദഗ്നീഷോമാവമുഞ്ചതം ഗൃഭീതാൻ

അഗ്നീഷോമന്മാരെ ഉദ്ദേശിച്ച് ചെയ്യുന്ന യാഗത്തിന്റെ യാജ്യമന്ത്രമാണ് ഇത്—

ഹേ സോമഃ അഗ്നിഃ ച! = അല്ലയോ സോമ ! അല്ലയോ അഗ്നി ദേവ ! യുവം = നിങ്ങൾ രണ്ടുപേരും സക്രതു = സമാന സങ്കല്പത്തോടുകൂടിയവരായി, ദിവി = സ്വർഗ്ഗത്തിൽ ഏതാനിരോചനനാി = പ്രകാശമുള്ള നക്ഷത്രാദികളെ, അധത്തം = സ്ഥാപിച്ചു. ഹേ അഗ്നി-ഷോമൗ! = അല്ലയോ അഗ്നിദേവഃ അല്ലയോ സോമ-ദേവ ! യുവാം = നിങ്ങൾ രണ്ടു പേരു; ഗൃഭീതാൻ = ദൂഷിച്ച ജലത്തോടുകൂടിയ, സിന്ധൂഃ = നദികളെ, അഭി-ഗസ്തേഃ = അപവാദത്തിൽ നിന്നും, അവദ്യാത് = ദോഷ-ത്തിൽ നിന്നും, അമുഞ്ചതം = മോചിപ്പിച്ചു.

9 അഗ്നിഷോമാവിമം സുമേ ശൃണുതം
വൃഷണാഹവം ! പ്രതിസൂക്താനിഹർയതം
ഭവതംദാശുഷേമയഃ ।

ബ്രഹ്മവർചസ്സ് ആഗ്രഹിക്കുന്നവൻ അഗ്നിഷോമന്മാരെ ഉദ്ദേശിച്ച് നടത്തുന്ന യാഗത്തിന്റെ പുരോനുവാക്യയാണ് ഈ മന്ത്രം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹേ അഗ്നീഷോമൗ ! = അല്ലയോ അഗ്നീഷോമന്മാരെ ! വൃഷണാ = ആഗ്രഹങ്ങൾ സാധിച്ചുതരുന്ന, യുവാം = നിങ്ങൾ രണ്ടുപേരും, മേ = എന്റെ, ഇമം ഹവം = ഈ ആഹ്വാനം, സുശൃണുതം = നല്ലപോലെ കേട്ടാലും. സൂക്താനി = ഞാൻ പറയുന്ന സൂക്തങ്ങൾ, പ്രതിഹർയതം = മനസ്സുകൊണ്ടു് സ്വീകരിച്ചാലും. ദാശുഷേ = ഹവിസ്സു് ദാനം ചെയ്യുന്ന യജമാനനു്, മയഃ ഭവതം = സുഖം സമ്പാദിച്ചു് കൊടുത്താലും.

10 അന്യം ദിവോ മാതരിശ്വാജഭാരാ-
മഥ്നാദന്യം പരിശ്യേനോ അദ്രേഃ !
അഗ്നിഷോമാ ബ്രഹ്മണാവാവൃധാനോരും
യജ്ഞായചക്രഥുരു ലോകം ।

ബ്രഹ്മവർചസ്സു് ആഗ്രഹിക്കുന്നവൻ അഗ്നീഷോമന്മാരെ ഉദ്ദേശിച്ചു് നടത്തുന്ന യാഗത്തിന്റെ യാജ്യാ മന്ത്രമാണു് ഇതു്—

മാതരിശ്വാ = വായു; യുവയോഃ അന്യം = നിങ്ങളിൽ ഒരാളായ അഗ്നിയെ, ദിവഃ = ദ്യുലോകത്തു് ഇരിക്കുന്ന ആദിത്യനെക്കാളും, ആജഭാര = ആദരിച്ചു. ശ്യേനഃ = പക്ഷിയുടെ രൂപത്തിൽ അവതരിച്ച ഗായത്രി, അന്യം = നിങ്ങളിൽ ഒരാളായ സോമനെ (സോമലത) അദ്രേഃ = പർവ്വതത്തെക്കാൾ പൊക്കം ഉള്ള ദ്യുലോകത്തിൽ നിന്നു്, അമഥ്നാത് ച = മഥനം ചെയ്തു കൊണ്ടുവന്നു. ഹേ അഗ്നീഷോമൗ ! = അല്ലയോ അഗ്നീ ഷോമന്മാരെ ! യുവാം = നിങ്ങൾ രണ്ടുപേരും, ബ്രഹ്മണാ = മന്ത്രത്താൽ, വാവൃധാനൗ = വർദ്ധിക്കുന്നവരായി, യജ്ഞായ = യാഗത്തിനു് വേണ്ടി, ഉരും ലോകം = വഃസ്തീർണമായസ്ഥാനം, ചക്രഥുഃ = നിർമ്മിച്ചു

11 അഗ്നീഷോമാഹവിഷഃ പ്രസ്ഥിതസ്യവിതം
ഹർയതം വൃഷണാ ജുഷേഥാം സുശർമണാ
സ്വവസാഹിഭൂതമഥാധത്തം യജമാനായ ശംയോഃ ।

ബ്രഹ്മവർചസ്സു് ആഗ്രഹിക്കുന്നവൻ അഗ്നീഷോമന്മാരെ ഉദ്ദേശിച്ചു് നടത്തുന്ന യാഗത്തിന്റെ മറ്റൊരു യാജ്യാമന്ത്രമാണു് ഇതു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹേ അഗ്നീഷോമൗ ! = അല്ലയോ അഗ്നീഷോമന്മാരെ ! വൃഷണൗ = ആഗ്രഹങ്ങൾ സാധിച്ചുതരുന്ന, യുവാം = നിങ്ങൾ രണ്ടുപേരും, പ്രസ്ഥിതസ്യ = സമർപ്പിച്ചിരിക്കുന്ന, ഹവിഷഃ സാരം = ഹവിസ്സിന്റെ സാരം, വീതം = പ്രാപിച്ചാലും ഹര്യതം = അതു സ്വീകരിച്ചാലും. ജുഷേഥാം = അതു ഭക്ഷിച്ചാലും. സുശർമണാഭൃതം = ശോഭനമായ സുഖത്തോടുകൂടിയവരും, സ്വവസാ = ശോഭനമായ രക്ഷണത്തോടുകൂടിയവരും ആയിത്തീരുവിൻ. ഹി = എന്തുകൊണ്ടെന്നാൽ. അഥാ = അനന്തരം, യജമാനായ = യജമാനന്ന് വേണ്ടി, ശം = സുഖവും, യോഃ =പുത്രാദിസമ്പത്തും, ധത്തം = നൽകിയാലും.

12–13 ആപ്യായസ്വ സംതേ.

സോമനെ ഉദ്ദേശിച്ച് ശ്യാമാകചരു ഹോമിക്കേണ്ടതിന്റെ പുരോഽനുവാക്യയാണ്. "ആപ്യായസ്വ സമേതുതേ" എന്ന് ആരംഭിക്കുന്ന മന്ത്രം. "സംതേ മനാംസി" എന്ന് ആരംഭിക്കുന്ന മന്ത്രം അതിന്റെ യാജ്യയാണ്. ഇവ രണ്ടും. "മാനോഹിംസി ജനീതാ" എന്ന് ആരംഭിക്കുന്ന ദ്വിതീയ കാണ്ഡത്തിലെ ദ്വിതീയ പ്രപാഠകത്തിൽ വ്യാഖ്യാനിച്ചിട്ടുണ്ട്.

14 ഗണാനാം ത്വാ ഗണപതിം ഹവാമഹേ
കവിംകവീനാ മുപമശ്രവസ്തമം ।
ജ്യേഷ്ഠരാജം ബ്രഹ്മണാം ബ്രഹ്മണസ്പത
ആനഃ ശൃണ്വ ന്നൂതിഭിഃ സീദസാദനം ।

ഗ്രാമത്തിന്റെ ആധിപത്യം കിട്ടണമെന്ന് ആഗ്രഹിക്കുന്നവൻ ബ്രഹ്മണസ്പതിയെ ഉദ്ദേശിച്ച് നടത്തുന്ന യാഗത്തിന്റെ പുരോഽനുവാക്യയാണ് ഈ മന്ത്രം.

ബ്രഹ്മണാം = എല്ലാ മന്ത്രങ്ങളുടേയും, ബ്രഹ്മണസ്പ-തേ = അധിപനായു ദേവ । ഗണാനാം ഗണപതിം = എല്ലാ ദേവഗണങ്ങളുടേയും അധിപനായ, ത്വാ = അങ്ങയെ, ഹവാമഹേ = ഞങ്ങൾ വിളിക്കുന്നു. കവീനാം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കവിഃം = വിദ്വാന്മാരിൽ വിദ്വാനും, ഉപമശ്രവസ്തമം = ഉപമാന ഭൂതനാണെന്ന് കീർത്തിയുള്ളവനും, ജ്യേഷ്ഠരാജം = രാജാക്കന്മാരിൽ ശ്രേഷ്ഠനും ആയ, ത്വം = അങ്ങ്, നഃ = ഞങ്ങളുടെ, ഊതിഭിഃ = രക്ഷയ്ക്ക് വേണ്ടി, സാദനം ആസീദ = ഞങ്ങളുടെ കർമ്മത്തിൽ സന്നിഹിതൻ ആയിരിക്കുക.

15 സ ഇ ജ്ജനേന സവിശാസജൻമനാ
സപുത്രൈർവാജം ഭരതേ ധനാനൃഭിഃ।
ദേവാനാം യഃ പിതരമാവിവാസതി
ശ്രദ്ധാമനാഹവിഷാബ്രഹ്മണ സ്പതിഃ ।

ഗ്രാമത്തിന്റെ ആധിപത്യം ആഗ്രഹിച്ച് ബ്രഹ്മണ സ്പതിയെ ഉദ്ദേശിച്ച് നടത്തുന്ന യാഗത്തിന്റെ യാജ്യാ മന്ത്രമാണ് ഇത് —

യഃ = യാതൊരു യജമാനൻ, ശ്രദ്ധാമനാഃ = ശ്രദ്ധയുള്ള മനസ്സോട് കൂടിയവനായി, ദേവാനാം പിതരം = ദേവന്മാരുടെ രക്ഷകനായ, ബ്രഹ്മണസ്പതിം = ബ്രഹ്മണസ്പതിയെ, ഹവിഷാ = ഹവിസ്സുകൊണ്ട്, ആവിവാസതി = പരിചരിക്കുന്നുവോ, സ ഇത് = ആ യജമാനൻ തന്നെയാണ്, ജനേന = ഭൃത്യജനങ്ങളോട് കൂടി വാജം ഭരതേ = ഭക്ഷ്യപദാർത്ഥങ്ങൾ അനുഭവിക്കുന്നത്. സഃ ഏവ = ആ യജമാനൻ തന്നെ, വിശാ = കരം നൽകുന്ന പ്രജകളോടുകൂടി, വാജം ഭരതേ = ഭക്ഷ്യപദാർത്ഥങ്ങൾ അനുഭവിക്കുന്നു. സഃ ഏവ = ആ യജമാനൻ തന്നെ. ജന്മനാ = ബ്രാഹ്മണാഭിജനങ്ങളോടുകൂടി, വാജംഭരതേ = ഭക്ഷ്യപദാർത്ഥങ്ങൾ അനുഭവിക്കുന്നു. സഃ ഏവ = ആ യജമാനൻതന്നെ പുത്രൈഃ = പുത്രന്മാരോടുകൂടി, വാജം ഭരതേ = ഭക്ഷ്യപദാർത്ഥങ്ങൾ അനുഭവിക്കുന്നു. സഃ ഏവ = ആ യജമാനൻ തന്നെ, നൃഭിഃ = ബന്ധുക്കളോടുകൂടി, ധനാ ഭരതേ = സമ്പത്ത് അനുഭവിക്കുന്നു.

16 സ സുഷ്ടുഭാസഋകചതാഗണേന
ബലം രുരോജഫലിശംരവേണ!

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബൃഹസ്പതിരുസ്രിയാഹവ്യസൂദഃ
കനിക്രദദ്വാവശതീരുദാജത് ।

ഗ്രാമത്തിൻെറ ആധിപത്യം ആഗ്രഹിക്കുന്നവൻ ബ്രഹ്മ-ണസ്പതിയെ ഉദ്ദേശിച്ച് നടത്തുന്ന യാഗത്തിൻെറ മററൊരു യാജ്യാമന്ത്രമാണ് ഇതു്—

സഃ = ആ ദേവൻ, സുഷ്ടുഭാ = ശോഭനമായ സാമാവയവങ്ങളോടുകൂടിയതും, സ ഋക്വതാ = ഋഗ്വേദമന്ത്രങ്ങളോടുകൂടിയതും, രവേണ = ധ്വനിയോടുകൂടിയതും ആയ ഗണേന = മന്ത്രസമൂഹത്താൽ, ഫലിഗം = യജമാനനെ എതിർത്തു് ചെല്ലുന്ന, ബലം = ബലത്തെ (പ്രതിബന്ധത്തെ) രുരോജ = നശിപ്പിച്ചു. ഹവ്യസൂദഃ = ഹവിസ്സ് ഭക്ഷിക്കുന്നവനും, കനിക്രദത് = ഈ ഹവിസ്സ് രുചിയുള്ളതാണെന്നു് വിളിച്ചുപറയുന്നവനും ആയ, ബൃഹസ്പതിഃ = ബൃഹസ്പതി, വാവശതീഃ = ഹുംബാരവം പുറപ്പെടുവിക്കുന്ന, ഉസ്രിയാഃ = പശുക്കളെ, ഉദാജത് = യജമാന ഗൃഹത്തിലേക്കു് ചെല്ലാൻ പ്രേരിപ്പിക്കുന്നു.

17-18 മരുതോയദ്ധവോദിവോ യാവഃ ശർമ

രാജാവിനോടു് പ്രജകൾക്കു് വിരോധം ഉണ്ടാക്കണം എന്നു് ആഗ്രഹിക്കുന്നവൻ നടത്തുന്ന യാഗത്തിൻെറ പുരോഽനുവാക്യാ, 'മരുതോയദ്ധവ'' എന്നു് ആരംഭിക്കുന്ന മന്ത്രവും യാജ്യ ''യാവഃ ശർമ എന്നു് ആരംഭിക്കുന്ന മന്ത്രവും ആണു്. ഇവ രണ്ടും പ്രഥമകാണ്ഡത്തിൻെറ പഞ്ചമപ്രപാഠകത്തിൽ വ്യാഖ്യാനിച്ചിട്ടുണ്ടു്.

19 അർയമാഽയാതിവൃഷഭസ്തുവിഷ്മാൻ
ദാതാവസൂനാം പുരുഹൂതോഽർഹൻ ।
സഹസ്രാക്ഷോഗോത്രഭിദ്വജ്രബാഹു-
രസ്മാസുദേവോദ്രവിണം ദധാതു !

സ്വർഗ്ഗം കിട്ടണം എന്നു് ആഗ്രഹിക്കുന്നവൻ അർയമാവിനെ ഉദ്ദേശിച്ച് ചെയ്യുന്ന യാഗത്തിൻെറ പുരോഽനുവാക്യാമന്ത്രമാണു് ഇതു്—

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വൃഷഭഃ = ആഗ്രഹങ്ങളാം സാധിച്ചു തരുന്നവനും, തുവിഷ്മാൻ = അതിബലവാനും, വസൂനാം ദാതാ = ധനം തരുന്നവനും, പുരുഹൂതഃ = അനേകം യാഗങ്ങളിൽ ക്ഷണിക്കപ്പെടുന്നവനും, അർഹൻ = യജമാനന്ന് സ്വർഗ്ഗം നൽകാൻ അർഹതയുള്ളവനും, സഹസ്രാക്ഷഃ = ആയിരം നേത്രം ഉള്ളവനും. ഗോത്രഭിദ് = പർവ്വതങ്ങളെ ഭേദിച്ചവനും, വജ്രബാഹുഃ = കയ്യിൽ വജ്രായുധം ധരിച്ചിരിക്കുന്നവനുമായ, അർയമാ = അർയമാ എന്ന ദേവൻ, ആയാതി = യാഗസ്ഥലത്തേയ്ക്ക് വരുന്നു. ദേവഃ = ആദേവൻ, അസ്മാസു = ഞങ്ങാംക്ക്, ദ്രവിണം ദദാതു = ധനംതരട്ടെ.

20 യേതേ ƒർയമൻ ബഹവോ ദേവയാനാഃ
പന്ഥാനോ രാജൻ ദിവ ആചരന്തി ।
തേഭിർനോദേവമഹിശർമയച്ഛ
ശംന ഏധിദ്വിപദേശം ചതുഷ്പദേ।

സ്വർഗ്ഗം ആഗ്രഹിക്കുന്നവൻ അർയമാവിനെ ഉദ്ദേശിച്ച് ചെയ്യുന്ന യാഗത്തിൻെറ യാജ്യാ മന്ത്രമാണ് ഇത്.

ഹേ രാജൻ അർയമൻ ! = അല്ലയോ രാജാവായ അർയമാവെ ! ദേവയാനാഃ = ദേവന്മാക്ക് ഗമനത്തിന് അർഹമായതും, തേ = അങ്ങയസംബന്ധിച്ചതുമായ, യേ ബഹവഃ പന്ഥാനഃ = യാതൊരു അനേകം മാർഗ്ഗങ്ങാം, ആദിവഃ ചരന്തി = സ്വർഗ്ഗംവരെ പോകുന്നു, ഹേ ദേവ! = അല്ലയോ ദേവ ! തേഭിഃ = ആ മാർഗങ്ങളാൽ, നഃ = ഞങ്ങാംക്ക്, മഹി ശർമ = മഹത്തായ സുഖം, യച്ഛ = നൽകുക. നഃ = ഞങ്ങളെ സംബന്ധിച്ച, ദ്വിപദേ = ആളുകാംക്ക്, ശം ഏധി = സുഖകരനായി ഭവിക്കുക. ചതുഷ്പദേ = പശു മുതലായ മൃഗങ്ങാംക്കും; ശം ഏധി = സുഖകരനായി ഭവിക്കുക.

21 ബുധ്നാദഗ്രമംഗിരേഭിർഗൃണാനോ
വിപർവതസ്യ ദൃംഹിതാ ന്യൈരത്।
രുജദ്രോധാംസികൃത്രിമാണ്യേഷാം
സോമസ്യതാമദ ഇന്ദ്രശ്ചകാര ।

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാജ്യാവകാശിയായിട്ടും രാജ്യം ലഭിക്കാത്തക്ഷത്രിയൻ അതു കിട്ടുന്നതിനു് വേണ്ടി ഇന്ദ്രനെ ഉദ്ദേശിച്ചു് ചെയ്യുന്ന യാഗത്തിൻെറ പുരോ f ന വാക്യയാണു് ഈ മന്ത്രം.

ബുധ്നാദ് അഗ്രം = യാഗാരംഭംമുതൽ യാഗസമാപ്തിവരെ. അംഗിരേഭിഃ = അംഗിരസ്സ് എന്ന പേരുള്ള മഹർഷിക്കു് തുല്യരായ ഋത്വിക്കുകളാൽ; ഗൃണാനഃ = സ്തുതിക്കപ്പെടുന്ന, ഇന്ദ്രഃ = ഇന്ദ്രൻ, പർവ്വതസ്യ = പർവ്വതത്തിനു് തുല്യം സർവ്വാധാരനായ രാജാവിൻെറ, ദൃംഹിതാനി = മററുള്ള വരാൽ ചെയ്യപ്പെടുന്ന ദ്രോഹങ്ങൾ, വിഐരത് = ഇല്ലാതെയാക്കി. ഏഷാം = ശത്രുക്കളായിത്തീന്ന രാജാക്കന്മാരുടെ, കൃത്രിമാണി = ബലാൽക്കാരം കൊണ്ടു് ഉണ്ടാക്കിയ, രോധാംസി = യജമാനനായ രാജാവിൻെറ ശ്രേഷ്ഠതയ്ക്കുള്ള പ്രതിബന്ധങ്ങൾ, ഋജദ് = നശിപ്പിച്ചു. സോമസ്യമദേ = സോമപാനം ചെയ്തു് സന്തുഷ്ടനായിരുന്ന അവസരത്തിൽ, ഇന്ദ്രഃ = ഇന്ദ്രൻ; അദഃ = യജമാനനു് അന്യർ ചെയ്തിട്ടുള്ള ദ്രോഹത്തിൻെറ നിവാരണം ചകാര = ചെയ്തു.

22 ബുധ്നാദഗ്രേണവിമിമായ മാനൈർ-
വജ്രേണഖാന്യതൃണന്നദീനാം !
വൃഥാസൃജത്പഥിഭിർദീർഘയാഥൈഃ
സോമസ്യതാമദഇന്ദ്രശ്ചകാര !

രാജ്യാവകാശിയായ ക്ഷത്രിയൻ അതു ലഭിക്കുന്നതിനു് വേണ്ടി ഇന്ദ്രനെ ഉദ്ദേശിച്ചു് ചേയ്യുന്ന യാഗത്തിൻെറ യാജ്യാമന്ത്രമാണു് ഇതു്—

ഇന്ദ്രഃ = ഇന്ദ്രൻ, നദീനാം = നദികളുടെ, ബുധ്നാദ് അഗ്രേണ = ഉത്ഭവസ്ഥാനം മുതൽ പതന സ്ഥാനംവരെ, മാനൈഃ = അളവുകോൽകൊണ്ടു്, വിമിമായ = നല്ലതുപോലെ അളന്നു. ഖാനി = ജലപ്രവാഹത്തിനു് പ്രതിബന്ധകങ്ങളായ പർവ്വതാദികളെ, വജ്രേണ = തൻെറ വജ്രായുധംകൊണ്ടു്, അതൃണത് = ഹിംസിച്ചു. ദീർഘ-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പാഥൈഃ = വളരെ ദൂരം ഒഴുകുന്ന, പഥിഭിഃ = വഴികളോടുകൂടിയ നദികളെ. വൃഥാ = യാതൊരു പ്രയാസവും കൂടാതെ, അസൃജത് = സൃഷ്ടിച്ചു. ഇന്ദ്രഃ = ഇന്ദ്രൻ, സോമസ്യമദേ = സോമപാനം ചെയ്തു സന്തുഷ്ടനായിരുന്ന അവസരത്തിൽ, താഃ ചകാര = ആ പ്രവൃത്തികൾ രചിച്ചു.

23 പ്രയോജജ്ഞേ വിദ്വാം അസ്യബന്ധും
വിശ്വാനിദേവോജനിമാവിവക്തി !
ബ്രഹ്മബ്രഹ്മണഉജ്ജഭാരമധ്യാ-
ന്നീചാദുച്ചാസ്വധയാഽഭിപ്രതസ്ഥൗ ।

ശ്രേഷ്ഠതലഭിക്കാൻ ആഗ്രഹിക്കുന്ന ബ്രാഹ്മണൻ ബൃഹസ്പതിയെ ഉദ്ദേശിച്ച് അനുഷ്ഠിക്കുന്ന യാഗത്തിന്റെ പുരോനുവാക്യയാണ് ഈ മന്ത്രം.

വിദ്വാൻ യഃ = സർവ്വജ്ഞനായ യാതൊരു ബൃഹസ്പതി, അസ്യ = ഈ യജമാനന്റെ, ബന്ധും = ബന്ധുവായിട്ടുള്ളവനെ, പ്രജജ്ഞേ = നല്ലപോലെ അറിയുന്നു. യതഃ = എന്തുകൊണ്ടെന്നാൽ, അയംദേവഃ = ഈ ബൃഹസ്പതി, വിശ്വാനി ജനിമാ = എല്ലാ പ്രാണികളുടേയും ജന്മങ്ങളെ, വിവക്തി = വീണ്ടും വീണ്ടും പറയുന്നു. അതഃ = അതുകൊണ്ട്, അഭിജ്ഞഃ ബൃഹസ്പതിഃ = അഭിജ്ഞനായ ബൃഹസ്പതി, ബ്രഹ്മണഃ = വേദത്തിന്റെ, മധ്യാത് = മധ്യഭാഗത്തിൽ നിന്നും, നീചാത് = പ്രാരംഭത്തിൽ നിന്നും, ഉച്ചാ = ഉത്തമഭാഗത്തിൽ നിന്നും, ബ്രഹ്മ = വേദോക്തമായ കർമ്മങ്ങളെ, ഉജ്ജഭാര = ഉദ്ധരിച്ചു. സ്വധയാ = അമൃതത്തോടുകൂടി, (യജമാനന് ശ്രേഷ്ഠത നൽകാനുള്ള ഉദ്ദേശത്തോടുകൂടി) എന്നും അഭിപ്രതസ്ഥേ = ഈ യജമാനനെ ലക്ഷ്യമാക്കി പ്രസ്ഥാനം ചെയ്തു.

24 മഹാൻ മഹീ അസ്തഭായദ്വിജാതോ
ദ്യാംസദ്മപാർത്ഥിവംചരജഃ ।
സ ബുധ്നാദാഷ്ടജനുഷാഭ്യഗ്രം
ബൃഹസ്പതിർദേവതായസ്യ സമ്രാഡ് !

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രേഷ്ഠതലഭിക്കാൻ ആഗ്രഹിക്കുന്ന ബ്രാഹ്മണൻ ബൃഹസ്പതിയെ ഉദ്ദേശിച്ച് നടത്തുന്ന യാഗത്തിന്റെ യാജ്യാമന്ത്രമാണ് ഇത്—

മഹാൻ = മഹാനായ ബൃഹസ്പതി, മഹി = ഭൂമിയിലും, അന്തരിക്ഷേ = അന്തരിക്ഷത്തിലും, ദ്യാം = സ്വർഗ്ഗത്തിലും, സദ്മ = മനുഷ്യരുടെ ഗൃഹവും, പാർത്ഥിവം രജഃ = ഭൂമിയിലുള്ള രജസ്സും, വി അസ്തഭായത് = ജനിച്ച ഉടൻ തന്നെ സ്തംഭിപ്പിച്ചു. യസ്യ = യാതൊരു യജമാനന്റെ, ദേവതാ = ദേവത, സമ്രാഡ് = സാമ്രാജ്യം പ്രാപിച്ച ബൃഹസ്പതിയാണോ, സഃ = ആ യജമാനൻ, ജനുഷാ = ജന്മമാത്രംകൊണ്ടുതന്നെ, ബുധ്നാദ് അഗ്രം അഭി = ആരംഭം മുതൽ അവസാനംവരെ, ആഷ്ട = വ്യാപിച്ചു.

25 ബുധ്നാദ്യോ ƒ ഗ്രമഭ്യർത്യോജസാ
ബൃഹസ്പതിമാ വിവാസന്തി ദേവാഃ ।
ഭിനദ്ബലം വിപുരോദർദരീതി
കനിക്രദത് സുവരപോജിഗായ ।

ശ്രേഷ്ഠത ലഭിക്കാൻ ആഗ്രഹിക്കുന്ന ബ്രാഹ്മണൻ ബൃഹസ്പതിയെ ഉദ്ദേശിച്ച് നടത്തുന്ന യാഗത്തിന്റെ മറ്റൊരുയാജ്യാമന്ത്രമാണ് ഇത്.

യഃ = യാതൊരു ബൃഹസ്പതി, ജഗതഃ = ലോകത്തിന്റെ, ആ ബുധ്നാഭ് = പ്രാരംഭം മുതൽ, അഗ്രം അഭി = അവസാനം വരെ, ഓജസാ = തന്റെ ബലം കൊണ്ട്, പ്രാപ്നോതി = പ്രാപിക്കുന്നുവോ, തം = ആബൃഹസ്പതിയെ, ഇതരേ ദേവാഃ = മററു ദേവന്മാർ ആ വിവാസന്തി = പരിചരിക്കുന്നു. ബൃഹസ്പതിഃ = ബൃഹസ്പതി; ബലം = യജമാനന്റെ ആളുകളിൽ പ്രബലനായവനെ, ഭിനത് = യജമാനന് പ്രതികൂലം ചെയ്യുന്നതിൽ നിന്ന് തടയുന്നു. പുരഃ = യജമാനനെന്റെ ശത്രുക്കളുടെ പട്ടണങ്ങൾ, ദർദരിതി = വീണ്ടും വീണ്ടും ദാരണം ചെയ്യുന്നു കനിക്രദത് = ഉത്സാഹത്തോടുകൂടി ശബ്ദം പുറപ്പെടുവിച്ച്കൊണ്ട്, സുവഃ = സ്വർഗ്ഗസദൃശമായശ്രേഷ്ഠതയും, അപഃ = ജലാശയങ്ങളും, ജിഗായ = യജമാനന് വേണ്ടി ജയിച്ച് സ്വാധീനമാക്കി.

ഇതി ചതുർദശോ ƒ നുവാകഃ

തൃതീയപ്രപാഠകഃ സമാപ്തഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദ്വിതീയകാണ്ഡേ ചതുർത്ഥഃപ്രപാഠകഃ

പ്രഥമോ ƒ നുവാകഃ (ബ്രാഹ്മണം)

ഹരിഃ ഓം ।

സംഹിതാ—

ദേവാ മനുഷ്യാഃ പിതരസ്തേƒന്യത ആസന്നസുരാ രക്ഷാംസി പിശാചാസ്തേƒന്യതസ്തേഷാം ദേവാനാ മുത യദല്പം ലോഹിതമകുർവന്തദ്രക്ഷാംസീ രാത്രിഭിരസുഭ്നന്താൻസുബ്ധാൻ മൃതാനഭി വ്യൗച്ഛത്തേ ദേവാ അവിദുർയോ വൈനോƒയം മ്രിയതേ രക്ഷാംസി വാ ഇമംഘ്നന്തീതിതേരക്ഷാഗ്സ്യുപാമന്ത്രയന്തതാന്യബ്രുവൻ വരം വൃണാമഹൈയത് അസുരാൻ ജയാമ തന്നഃ സഹാസദിതി തതോ വൈദേവാ അസുരാനജയന്തേƒസുരാൻ ജിത്വാ രക്ഷാഗ്സ്യ പാനുദന്തതാനിരക്ഷാഗ്സ്യനൃതമകർതേതി സമന്തം ദേവാൻ പർയവിശന്തേ ദേവാ അഗ്നാവനാഥന്തതേƒഗ്നയേ പ്രവതേ പുരോഡാശമഷ്ടാകപാലം നിരവപന്നഗ്നയേ വിബാധവതേƒഗ്നയേ പ്രതീകവതേയദഗ്നയേ പ്രവതേ നിരവപന്യാന്യേവ പുരസ്താദ്രക്ഷാംസി ആസന്താനി തേന പ്രാണുദന്ത യദഗ്നയേ വിബാധവതേ യാന്യേവാഭിതോ രക്ഷാഗ്ംസ്യാസന്താനി തേനവ്യബാധന്ത യദഗ്നയേ പ്രതികവതേ യാന്യേവപശ്ചാദ്രക്ഷാഗ്സ്യാസൻ താനിതേനാപാനുദന്ത തതോ ദേവാ അഭവൻപരാƒസുരായോഭ്രാതൃവ്യവാൻസ്യാത്സ സ്പർധമാന ഏതയേഷ്ട്യാ യജേതാഗ്നയേ പ്രവതേ പുരോഡാശമഷ്ടാകപാലം നിർവപേദഗ്നയേ വിബാധവതേ അഗ്നയേ പ്രതീകവതേ യദഗ്നയേ പ്രവതേ നിർവപതി യ എവാസ്മാത് ശ്രേയാൻ ഭ്രാതൃവ്യസ്തം തേന പ്രണുദതേ യദഗ്നയേ വിബാധവതേ യ ഏു വൈനേന സദൃങ്തം തേനവിബാധതേ യദഗ്നയേ പ്രതീകവതേ യ ഏവാസ്മാത്പാ പീയാന്തം തേനാപനുദതേ പ്രശ്രേയാം സംഭ്രാതൃവ്യം നുദതേƒതിസദൃശം ക്രാമതി നൈനം പാപീയാനാപ്നോതി യ ഏവം വിദ്വാനേതയേഷ്ട്യായജതേ ॥

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അത്ഥം:—

ദേവന്മാരും മനുഷ്യരും പിതൃക്കളും ഒരു ഭാഗത്തായി അസുരന്മാരും രക്ഷസ്സുകളും പിശാചുക്കളും മററൊരുഭാഗത്തായി. രണ്ടു വിഭാഗവും തമ്മിൽ യുദ്ധം ഉണ്ടായി. ദേവന്മാരുടെ ശരീരത്തിൽ യുദ്ധാവസരത്തിൽ ഉണ്ടായ ചെറിയമുറിവുകളിൽ രക്ഷസ്സുകരം രാത്രിയിൽ വിഷപ്രയോഗം ചെയ്തു. മുറിവുകരം വലുതായി അവർ മരണം പ്രാപിച്ചു. രക്ഷസ്സുകരം ആണ് അവരെ കൊല്ലുന്നതു് എന്നു് ആ ദേവന്മാർ മനസ്സിലാക്കി. ആ ദേവന്മാർ രക്ഷസ്സുകളുമായി ആലോചന നടത്തി. അവരെ സ്വാധീനമാക്കി "അസുരന്മാരെ ജയിക്കുമ്പോരം ലഭിക്കുന്നഫലം നമുക്കു തുല്യമായി ലഭിക്കണം എന്ന വരം ഞങ്ങരം ആവശ്യപ്പെടുന്നു" എന്നു് രക്ഷസ്സുകരം പറഞ്ഞു. അനന്തരം ദേവന്മാർ അസുരന്മാരെ ജയിച്ചു. ദേവന്മാർ അസുരന്മാരെ ജയിച്ചിട്ടു് രക്ഷസ്സുകളെ തിരസ്കരിച്ചു. ആ രക്ഷസ്സുകരം ദേവന്മാർ ചതിച്ചു എന്നു് പറഞ്ഞു് ദേവന്മാരെ വളഞ്ഞു. അപ്പോരം ദേവന്മാർ അഗ്നിയോടു് അവരുടെ കാര്യം സാധിച്ചുതരാൻ അപേക്ഷിച്ചു. ആ ദേവന്മാർ പ്രവാനായ അഗ്നിയെ ഉദ്ദേശിച്ചും വിബാധവാനായ അഗ്നിയെ ഉദ്ദേശിച്ചും പ്രതീകവാനായ അഗ്നിയെ ഉദ്ദേശിച്ചും. പ്രത്യേകം പ്രത്യേകം എട്ടു പാത്രത്തിൽ പുരോഡാശം പാകംചെയ്തു് സമപ്പിച്ചു. പ്രവാനായ അഗ്നിയെ ഉദ്ദേശിച്ചു് പുരോഡാശം സമപ്പിച്ചുതുകൊണ്ടു് കിഴക്കുദിക്കിൽ ഉണ്ടായിരുന്ന രക്ഷസ്സുകളെല്ലാം നശിച്ചു. വിബാധവാനായ അഗ്നിയെ ഉദ്ദേശിച്ചു് പുരോഡാശം സമപ്പിച്ചുതു കൊണ്ടു് രണ്ടു പാർശ്വത്തിലും ഉണ്ടായിരുന്ന രക്ഷസ്സുകരം നശിച്ചു. പ്രതീകവാനായ അഗ്നിയെ ഉദ്ദേശിച്ചു് പുരോഡാശം സമപ്പിച്ചുതുകൊണ്ടു് പടിഞ്ഞാറ് ദിക്കിൽ ഉണ്ടായിരുന്ന രക്ഷസ്സുകരം നശിച്ചു. ["പ്രപ്രായമഗ്നിർഭരതസ്യ" എന്നു് ആരംഭിക്കുന്ന മന്ത്രം കൊണ്ടു് സ്തുതിക്കപ്പെടുന്ന അഗ്നിയെആണു് പ്രവാനായ അഗ്നി എന്നു് പറഞ്ഞിരിക്കുന്നതു്. "വിപാജസാപൃഥുനാ" എന്നു് ആരംഭിക്കുന്ന മന്ത്രംകൊണ്ടു് സ്തുതിക്കപ്പെടുന്ന

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഗ്നി വിബാധവാനായ അഗ്നി ആണ്. 'സ്ത്വമഗ്നേ പ്രതീകേന'' എന്ന് ആരംഭിക്കുന്ന മന്ത്രംകൊണ്ട് സ്തുതിക്കപ്പെടുന്ന അഗ്നി പ്രതീകവാനായ അഗ്നി]

യാതൊരുത്തന് ശത്രുക്കൾ ഉണ്ടോ അവൻ ശത്രുവിനെ ജയിക്കാൻ ആഗ്രഹിക്കുന്നു എങ്കിൽ ഈ യാഗം അനുഷ്ഠിക്കണം. പ്രവാനായ അഗ്നിയെ ഉദ്ദേശിച്ചും പ്രതീകവാനായ അഗ്നിയെ ഉദ്ദേശിച്ചും വിബാധവാനായ അഗ്നിയെ ഉദ്ദേശിച്ചും പ്രത്യേകം പ്രത്യേകം എട്ട് പാത്രത്തിൽ പാകം ചെയ്ത പുരോഡാശം സമർപ്പിക്കണം. പ്രവാനായ അഗ്നിയെ ഉദ്ദേശിച്ച് പുരോഡാശം സമർപ്പിക്കുന്നതുകൊണ്ട് യജമാനനെക്കാൾ ശക്തനായ ശത്രുവിനെ നശിപ്പിക്കുന്നു. വിബാധവാനായ അഗ്നിയെ ഉദ്ദേശിച്ച് പുരോഡാശം സമർപ്പിക്കുന്നതുകൊണ്ട് യജമാനന് തുല്യനായ ശത്രുവിനെ പീഡിപ്പിക്കുന്നു. പ്രതീകവാനായ അഗ്നിയെ ഉദ്ദേശിച്ച് പുരോഡാശം സമർപ്പിക്കുന്നതുകൊണ്ട് യജമാനനെക്കാൾ നികൃഷ്ടനായ ശത്രുവിനെ നിരാകരിക്കുന്നു.

യാതൊരുത്തൻ ഇതു മനസ്സിലാക്കി ഈ യാഗം നടത്തുന്നുവോ അവൻ തന്നെക്കാൾ ശ്രേഷ്ഠനായ ശത്രുവിനെ നിരാകരിക്കുന്നു. ഈ യജമാനനെ നികൃഷ്ടനായ ശത്രു സമീപിക്കുന്നില്ല.

ഇതിപ്രഥമോഽനുവാകഃ

അഥദ്വിതീയോഽനുവാകഃ (ബ്രാഹ്മണം)

സംഹിതാ—

ദേവാസുരാസ്സംയത്താ ആസന്തേ ദേവാ അബ്രുവൻ യോനോ വീർയാവത്തമസ്തമനുസമാരഭാമഹാ ഇതി ത ഇന്ദ്രമബ്രുവൻ ത്വം വൈനോ വീർയാവത്തമോഽസിത്വാമനുസമാരഭാമഹാ ഇതി സോഽബ്രവീത്തിസ്രോമ ഇമാസ്തനുവോ വീർയാവതീസ്താഃ പ്രീണീതാഥാസുരാനഭി ഭവിഷ്യഥേതി താ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വൈബ്രൃംഹീത്യബ്രുവന്നിയ മഗ്ഗംഹോ മുഗിയം വിമൃധേയമി-ന്ദ്രിയാവതീ ഇത്യ ബ്രുവിത്ത ഇന്ദ്രായാഗ്ഗുംഹോ മുചേപുരോഡാ-ശമേകാദശകപാലം നിരവപന്നിന്ദ്രായ വൈമൃധാ യേന്ദ്രായേ-ന്ദ്രിയാവതേ യദിന്ദ്രായാഗ്ഗുംഹാമുചേ നിരവപന്നഗ്ഗംഹസ ഏവതേ നാപാഘ്നത യദിന്ദ്രായേന്ദ്രിയാവത ഇന്ദ്രിയമേവ-തേനാത്മന്നദധതത്രയസ്ത്രിംശത്കപാലം പുരോഡാശം നിരവ-പൻത്രയസ്ത്രിംശദ്ദൈവതാസ്താ ഇന്ദ്ര ആത്മന്നന്ത സമാരംഭ-യത ഭ്രതൈ്യ താം വാവ ദേവാ വിജിതിമുത്തമാമസുരൈർ-വ്യജയന്തീയോ ഭ്രാതൃവ്യവാൻസ്യാത്സസ്പർധമാന ഏതയേ-ഷ്ട്യായജേതേന്ദ്രായാഗ്ഗുംഹോമുദച പുരോഡാശമേകാദശക-പാലം നിർവപേദിന്ദ്രായ വൈമൃധായേന്ദ്രായേന്ദ്രിയാവതേ ƒ ഗ്ഗംഹസാവാ ഏഷഗൃഹീതോ യസ്മാത് ശ്രേയാൻ ഭ്രാതൃവ്യോ യദിന്ദ്രാ യാംഹോമുചേനിർവപത്യഗ്ഗുംഹസ ഏവ തേന മുച്യ-തേമൃധാവാ ഏഷോ ƒ ഭിഷണ്ണോയസ്മാത്സമാനേഷ്വന്യഃ ശ്രേ-യാനുത ഭ്രാതൃവ്യോയദിന്ദ്രായ വൈമൃധായ മൃധ ഏവതേനാപ-ഹതേ യദിന്ദ്രായേന്ദ്രിയാവത ഇന്ദ്രിയമേവ തേനാത്മൻധത്തേ-ത്രയസ്ത്രിംശത്കപാലം പുരോഡാശം നിർവപതിത്രയസ്ത്രിംശ-ദ്ദൈവതാസ്താ ഏവ യജമാന ആത്മന്നന്ത സമാരംഭയതേ-ഭൂത്യൈസാവാ ഏഷാവിജിതിർനാമേഷ്ടിർയ ഏവം വിദ്വാ-നേതയേഷ്ട്യാ യജത ഉത്തമാമേവവിജീതിംഭ്രാതൃവ്യേണ വിജയതേ ||

ഭാഷ്യം :—

ദേവന്മാരും അസുരന്മാരും അന്യോന്യം യുദ്ധത്തിന് തയാറായി. നമ്മളിൽ കൂടുതൽ വീർയമുള്ള ആളിനെ നേ താവാക്കി യുദ്ധം ആരംഭിക്കാം എന്ന് ദേവന്മാർ പറഞ്ഞു. അവർ ഇന്ദ്രനോടു പറഞ്ഞു. അങ്ങ് അത്യധികം വീർയം ഉള്ളവനാണ് "അങ്ങയെ അനുസരിച്ച് ഞങ്ങൾ യുദ്ധം ചെയ്യാം." ഇന്ദ്രൻ പറഞ്ഞു.—" എന്റെ മൂന്ന് ശരീരങ്ങൾ വീർയംഉള്ളവയാണ് അവയെ പ്രീണിപ്പിക്കുക നിങ്ങൾ അസുരന്മാരെ തോൽപിക്കും" എന്ന്. അവ ഏതെല്ലാം ആണെന്ന് ദേവന്മാർ ചോദിച്ചു. ഇന്ദ്രൻ പറഞ്ഞു—"ഇത്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പാപം നശിപ്പിക്കുന്നതാണ്. ഇതു് ശത്രുവിനെ നശിപ്പിക്കുന്നതാണ്. ഇതു് ശക്തി ഉണ്ടാക്കിത്തരുന്നതാണ്'' എന്നു് ദേവന്മാർ പാപത്തിൽ നിന്നു് മോചിപ്പിക്കുന്ന ഇന്ദ്രനെ ഉദ്ദേശിച്ചും ശത്രുവിനെ നശിപ്പിക്കാൻ സഹായിക്കുന്ന ഇന്ദ്രനെ ഉദ്ദേശിച്ചും ബലം നൽകുന്ന ഇന്ദ്രനെ ഉദ്ദേശിച്ചും പ്രത്യേകം പ്രത്യേകം പതിനൊന്നു പാത്രത്തിൽ പാകംചെയ്ത പുരോഡാശം സമർപ്പിച്ചു. പാപം ഇല്ലാതെയാക്കുന്ന ഇന്ദ്രനെ ഉദ്ദേശിച്ച് പുരോഡാശം സമർപ്പിച്ചതുകൊണ്ടു് അവർ പാപത്തിൽനിന്നു് മുക്തരായി. യുദ്ധത്തിൽ ശത്രുക്കളെ ജയിക്കുന്ന ഇന്ദ്രനെ ഉദ്ദേശിച്ച് പുരോഡാശം സമർപ്പിച്ചതുകൊണ്ടു് അവർ യുദ്ധത്തിൽ ജയിച്ചു. ബലവാനായ ഇന്ദ്രനെ ഉദ്ദേശിച്ച് പുരോഡാശം-സമർപ്പിച്ചതുകൊണ്ടു് അവർക്കു് ബലം ഉണ്ടായി മുപ്പത്തിമൂന്നു് പാത്രത്തിൽ പാകം ചെയ്ത പുരോഡാശം സമർപ്പിച്ചു ഇന്ദ്രൻ ആ ദേവതകളെ സ്വാധീനം ആക്കി യുദ്ധം ആരംഭിച്ചു. അതു് ഐശ്വര്യത്തിനു് കാരണമായി ഭവിച്ചു. ദേവന്മാർക്കു് ഉത്തമമായ വിജയം ലഭിച്ചു. അസുരന്മാർ തോൽപിക്കപ്പെട്ടു.

ശത്രുക്കളോടു് സ്പർധയുള്ളവൻ (അവരെ ജയിക്കുന്നതിനു്വേണ്ടി) ഈ യാഗം നടത്തണം. പാപത്തിൽനിന്നു് മോചിപ്പിക്കുന്ന ഇന്ദ്രനെ ഉദ്ദേശിച്ചും യുദ്ധത്തിൽ ജയം തരുന്ന ഇന്ദ്രനെ ഉദ്ദേശിച്ചും യജമാനനു് ശക്തി നൽകുന്ന ഇന്ദ്രനെഉദ്ദേശിച്ചുംപതിനൊന്നു് പാത്രത്തിൽ പാകംചെയ്ത പുരോഡാശം സമർപ്പിക്കണം. യജമാനനെക്കാൾ ശ്രേഷ്ഠനായിരിക്കുന്ന ശത്രു പാപത്താൽ ഗൃഹീതനാകും. പാപത്തിൽനിന്നു് മോചിപ്പിക്കുന്ന ഇന്ദ്രനെ ഉദ്ദേശിച്ച് പുരോഡാശം സമർപ്പിക്കുന്നതുകൊണ്ടു് യജമാനൻ തീർച്ചയായും പാപത്തിൽ നിന്നു് മുക്തനായ് തീരും. തുല്യരായ ആളുകളിൽ യജമാനനെക്കാൾ ശ്രേഷ്ഠനായിട്ടുള്ളവൻ യജമാനന്റെ ശത്രു അല്ലെങ്കിലും യജമാനൻ തിരസ്കരിക്കപ്പെടുന്നു. അപ്രകാരം തിരസ്കരിക്കപ്പെട്ടവൻ യുദ്ധം ജയിക്കുന്ന ഇന്ദ്രനെ ഉദ്ദേശിച്ച് പുരോഡാശം സമർപ്പിക്കുന്നതു-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കൊണ്ടു് ശത്രുക്കളെ ജയിക്കുന്നു. ബലവാനായ ഇന്ദ്രനെ ഉദ്ദേശിച്ച് പുരോഡാശം സമർപ്പിക്കുന്നതു കൊണ്ടു് യജമാനനു് തീർച്ചയായും ശക്തി ഉണ്ടാകുന്നു. മുപ്പത്തിമൂന്നു് പാത്രത്തിൽ പാകം ചെയ്ത പുരോഡാശം സമർപ്പിക്കുന്നു. മുപ്പത്തിമൂന്നു് ദേവതകൾ ഉണ്ടു്. യജമാനൻ ആ ദേവതകളെ സ്വാധീനം ആക്കുന്നു. അതു് ഐശ്വര്യത്തിനു് കാരണം ആകുന്നു.

ഇപ്രകാരം ഇന്ദ്രനെ സംബന്ധിച്ച മൂന്നു് ദേവതകളെ ഉദ്ദേശിച്ച് ചെയ്യുന്നയാഗം "വിജിതി" എന്ന പേരോടു് കൂടിയതാണു്. ഇതറിയുന്ന യാതൊരുത്തൻ ഈ യാഗം നടത്തുന്നുവോ അവൻ ശത്രുവുമായുള്ള മത്സരത്തിൽ വിശിഷ്ടമായ ജയം പ്രാപിക്കുന്നു.

ഇതി ദ്വിതീയോ ഽനുവാകഃ

അഥ തൃതീയോ ഽനുവാകഃ (മന്ത്രബ്രാഹ്മണമിശ്രം)

സംഹിതാ—

ദേവാസുരാസ്സംയത്താ ആസൻതേഷാംഗായത്ര്യോജോ ബലമിന്ദ്രിയം വീര്യം പ്രജാം പശൂൻ സംഗൃഹ്യാദായാപക്രമ്യാതിഷ്ഠത്തേ ഽമന്യന്തയതരാന്വാ ഇയമുപാവർത്സ്യതിത ഇദം ഭവിഷ്യതിതാം വ്യഹ്വയന്തവിശ്വ കർമന്നിതി ദേവാ ദാഭിത്യസുരാഃ സാ നാന്യതരാംശ്ചനോപാവർത്തതതേ ദേവാഏതദ്യജുരപശ്യന്നോജോ ഽസി സഹോ ഽസിബലമസിഭ്രാജോ ഽസി ദേവാനാം ധാമനാമാസി വിശ്വമസിവിശ്വായുഃ സർവ്വമസി സർവ്വായുരഭിഭൂരിതി വാവ ദേവാഃ അസുരാണാമോജോ ബലമിന്ദ്രിയം വീര്യം പ്രജാം പശൂനവൃഞ്ജത യദ്ഗായത്ര്യപക്രമ്യാതിഷ്ഠത് തസ്മാദേതാം ഗായത്രിതിഷ്ടിമാഹുഃ സംവത്സരോ വൈഗായത്രീ സംവത്സരോ വൈതദപക്രമ്യാതിഷ്ഠദ്യദേതയാ ദേവാ അസുരാണാമോ ജോബലമിന്ദ്രിയം വീര്യം പശൂനവൃഞ്ജതതസ്മാദേതാം സംവർഗ ഇതീഷ്ടിമാഹുർയോഭ്രാതൃവ്യവാൻ സ്യാത്സസ്പർധമാന ഏതയേഷ്ട്യായജേതാഗ്നയേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സംവർഗായപുരോഡാശമഷ്ടാകപാലംനിർവപേത്തഗ്ഗംശ്രുതമാ- സന്നമേതേനയജ്ഞഷാഭിമ്യശേദോജ ഏവ ബലമിന്ദ്രിയം വീര്യം പ്രജാം പശൂൻ ഭ്രാതൃവ്യസ്യവൃങ്ക്തേ ഭവത്യാത്മനാപരാfസ്യ ഭ്രാതൃവ്യോ ഭവതി ॥

(ഈ അനുവാകത്തിൽ ഓജോസി എന്നതു മുതൽ അഭിഭൂഃ എന്നതുവരെ ഒരു മന്ത്രം ശേഷം ബ്രാഹ്മണം)

അർത്ഥം—

ദേവന്മാരും അസുരൻമാരും അന്യോന്യം യുദ്ധത്തിനു തയാറായി. ഗായത്രി ദേവി ദേവന്മാരുടേയും അസുരന്മാ- രുടേയും ഓജസ്സ് ബലം ഇന്ദ്രിയശക്തി വീര്യം പ്രജ പശു എന്നിവ അവരിൽ നിന്നു് എടുത്തു കൊണ്ടുപോയി. അവർ വിചാരിച്ചു—''ഈ ഗായത്രീദേവി ആരുടെ സമീ- പത്തിൽ ചെല്ലുന്നുവോ അവക്ക് ഓജസ്സ് മുതലായവ ലഭിക്കും' എന്നു്. അവർ (ദേവന്മാരും അസുരന്മാരും) ഗായത്രിയെ വിളിച്ചു "ദാഭി'' എന്നു് അസുരന്മാരും വിളിച്ചു. ദേവന്മാർ ''വിശ്വകർമൻ'' എന്നു് വിളിച്ചു. ആ ഗായത്രി അവരിൽ ആരുടേയും സമീപത്തുപോയില്ല. ദേവന്മാർ ''ഓജോfസി'' എന്നു തുടങ്ങുന്ന മന്ത്രം മന- സ്സിലാക്കി.

സ്തുതി രൂപമായ ഈ മന്ത്രം കൊണ്ടു് ഗായത്രിയെ പ്ര- സാദിപ്പിച്ച് ദേവന്മാക്ക് അസുരന്മാരുടെ ഓജസ്സ് ബലം ഇന്ദ്രിയശക്തി പ്രജ പശുക്കളെ എന്നിവ ലഭിച്ചു

ഗായത്രി ഓജസ്സ് ബലം മതലായവ എടുത്തുകൊണ്ടു് പോവുകയും ദേവന്മാരുടെ സ്തുതി വചനങ്ങളാൽ അവ- തിരിയെ നൽകുകയും ചെയ്തതുകൊണ്ടു് ഇതിനെ ''ഗായ- ത്രീഷ്ടി'' എന്നു പറയുന്നു. ഗായത്രി സംവത്സര സ്വരൂപ- യാണു്. സംവത്സരം തന്നെയാണു് ഓജസ്സ് മുതലായവ എടുത്തുകൊണ്ടു് പോയതു്. ദേവന്മാർ ഈ യാഗം നടത്തി അസുരന്മാരുടെ ഓജസ്സ് ബലം ഇന്ദ്രിയ ശക്തി വീര്യം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രജ പശുക്കരം എന്നിവ സ്വാധീനമാക്കിയതു കൊണ്ടു് ഈ യാഗത്തെ "സംവർഗേഷ്ടി" എന്നും പറയുന്നു. ശത്രുക്കളോടു സ്പർധയുള്ളവൻ അവരെ ജയിക്കാൻ ആഗ്രഹിക്കുന്നു എങ്കിൽ ഈ യാഗം നടത്തണം "സംവർഗൻ" എന്ന അഗ്നിയെ ഉദ്ദേശിച്ച് എട്ട് പാത്രത്തിൽ പാകം ചെയ്ത ഹവിസ്സ് സമർപ്പിക്കണം.

പാകം ചെയ്ത ഹവിസ്സ് വേദിയിൽവെച്ച് അതിൻെറ സമീപത്തിലിരുന്നു് "ഓജോ ƒസി"എന്നതുടങ്ങുന്ന മന്ത്രം ചൊല്ലി അതിനെ സ്പർശിക്കണം. അപ്രകാരം ചെയ്യുന്നതുകൊണ്ടു് ശത്രുവിൻെറ ഓജസ്സ് ബലം ഇന്ദ്രിയം വീര്യം പ്രജപശുക്കരം എന്നിവ യജമാനനു് സ്വാധീനമാകുന്നു. യജമാനൻെറ ശക്തികൊണ്ടുതന്നെ യജമാനൻെറ ശത്രുതോൽക്കുന്നു.

മന്ത്രവും അർത്ഥവും

മന്ത്രം—ഓജോ ƒ സിസഹോ ƒ സി ബലമസിഭ്രാജോ ƒ സി ദേവാനാം ധാമനാമാ ƒ സി വിശ്വമസി വിശ്വായുഃ സർവ്വമസി സർവ്വായുരഭിഭൂഃ

പദച്ഛേദവും അർത്ഥവും.

ഹേ ഗായത്രി ! = അല്ലയോ ഗായത്രീദേവി ! ത്വം = ഭവതി, ഓജഃ അസി = ഓജസ്സ് ആകുന്നു സഹഃ അസി = ധൈര്യം ആകുന്നു. ബലം അസി = ബലം ആകുന്നു. ഭ്രാജഃ അസി = പ്രകാശം ആകുന്നു. ദേവാനാം ധാമ അസി = ദേവന്മാരുടെ വാസസ്ഥാനം ആകുന്നു. ദേവാനാം നാമ അസി = ദേവന്മാരുടെ ഇന്ദ്രാദി നാമങ്ങരം ആകുന്നു. വിശ്വം അസി = അചേതനമായ മുഴുവൻ ലോകവും ആകുന്നു. വിശ്വായുഃ അസി = ചൈതന്യം ഉള്ള സർവ്വവും ആകുന്നു. സർവ്വം അസി = സർവ്വവും ആകുന്നു സർവ്വായുഃ അസി = എല്ലാററിൻേറയും ആയുസ്സ് ആകുന്നു. അഭിഭൂഃ അസി = ശത്രുക്കളെ ജയിക്കുന്നവളാകുന്നു.

ഇതിതൃതീയോ ƒ നുവാകഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഥചതുർത്ഥോfനുവാകഃ (ബ്രഹ്മണം)

സംഹിതാ—

പ്രജാപതിഃ പ്രജാ അസൃജത താഅസ്മാത്സൃഷ്ടാഃ പരാചീരായന്താ യത്രാവസന്തതോഗർമുദ്ദതിഷ്ഠത്താബൃഹസ്പതിശ്ചാനാവൈതാഗ്ഗും സോfബ്രവിദ് ബൃഹസ്പതിരനയാത്വാപ്രതിഷ്ഠാന്യഥത്വാ പ്രജാ ഉപാവർത്സ്യന്തീതി തം പ്രാതിഷ്ഠത്തതോ വൈപ്രജാപതിം പ്രജാ ഉപാവർതന്തയഃ പ്രജാകാമഃസ്യാത്തസ്മാ ഏതം പ്രാജാപത്യം ഗാർമുതംചരും നിർവപേത്പ്രജാപതിം ഏവ സ്വേന ഭാഗധേയോനോപധാവതി സ ഏവാസ്മൈ പ്രജാം പ്രജനയതി പ്രജാപതിഃ പശൂനസൃജതതേfസ്മാത്സൃഷ്ടാഃ പരാഞ്ച ആയന്തേയത്രാവസന്തതോ ഗർമുദഭതിഷ്ഠത്താൻ പൂഷാ ചാനാവൈതാഗ്ഗും സോfബ്രവിത് പൂഷാfനയാമാ പ്രതിഷ്ഠാഥത്വാ പശവ ഉപാവർത്സ്യന്തീതി മാം പ്രതിഷ്ഠേതി സോമോfബ്രവീന്മമവൈ അകൃഷ്ടപച്യമിത്യുഭൗ വാം പ്രതിഷ്ഠാനീത്യബ്രവിത്തൗ പ്രാതിഷ്ഠത്തതോ വൈ പ്രജാപതിം പശവ ഉപാവർതന്ത യഃ പശുകാമഃ സ്യാത്തസ്മാ ഏതം സോമാപൗഷ്ണംഗാർമുതം ചരുംനിർവപേത്സോമാപൂഷണാവേവസ്വേന ഭാഗധേയേനോപധാവതിതാവേവാസ്മൈ പശൂൻ പ്രജനയതഃ സോമോ വൈരേതോധാഃ പൂഷാ പശൂനാം പ്രജനയിതാ സോമ ഏവാസ്മൈരേതോദധാതിപൂഷാപശൂൻ പ്രജനയതി||

അർത്ഥം—

പ്രജാപതി പ്രജകളെ സൃഷ്ടിച്ചു. പ്രജാപതിയാൽ സൃഷ്ടിക്കപ്പെട്ട പ്രജകൾ അദ്ദേഹത്തെ ബഹുമാനിക്കാതെ അവിടെനിന്നു് പോയി. ആ പ്രജകൾ പോയ സ്ഥലത്തു് കൃഷി ചെയ്യാതെതന്നെ ധാന്യങ്ങൾ ഉണ്ടായി. പ്രജാപതിയും ബൃഹസ്പതിയും ആ പ്രജകളെ അനുഗമിച്ചു. കൃഷിചെയ്യാതെതന്നെ ഉണ്ടായ ധാന്യംകൊണ്ടു് അങ്ങയെ പ്രതിഷ്ഠിക്കാം. അനന്തരം പ്രജകൾ അങ്ങയുടെ സമീപത്തിൽ വരും എന്നു് ബൃഹസ്പതി പ്രജാപതിയോടു് പറഞ്ഞു. അനന്തരം പ്രജകൾ പ്രജാപതിയുടെ സമീപത്തിൽപോയി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യാതൊരുത്തൻ സന്താനങ്ങളും അനുചരന്മാരും വേണമെന്നു് ആഗ്രഹിക്കുന്നുവോ അവൻ അതിനു് വേണ്ടി പ്രജാപതിയെ ഉദ്ദേശിച്ചു് കൃഷിചെയ്യാതെ തന്നെ ഉണ്ടായ ധാന്യം പാകംചെയ്ത ഹവിസ്സു് സമർപ്പിക്കണം. തൻെറ ഭാഗംസമർപ്പിച്ചതുകൊണ്ടു് യജമാനൻ പ്രജാപതിയെതന്നെ സമീപിക്കുന്നു. ആ പ്രജാപതിതന്നെ യജമാനനു് പ്രജകളെ (സന്താനങ്ങളും അനുചരന്മാരും) നൽകുന്നു.

പ്രജാപതി പശുക്കളെ സൃഷ്ടിച്ചു, ആ പശുക്കൾ പ്രജാപതിയോടു് വൈമുഖ്യം ഉള്ളവരായി അദ്ദേഹത്തിൻെറ സമീപത്തിൽനിന്നു് പോയി. അവ വസിച്ച പ്രദേശത്തിൽ കൃഷിചെയ്യാതെ തന്നെ ധാന്യം ഉണ്ടായി. പൂഷാവു് അവയെ അനുഗമിച്ചു. കൃഷിചെയ്യാതെ തന്നെ ഉണ്ടായ ഈ ധാന്യം കൊണ്ടു് എന്നെ പൂജിക്കുക പശുക്കൾ നിൻെറ സമീപത്തിൽ ഇരിക്കും എന്നു് പൂഷാവു് പറഞ്ഞു. കൃഷി ചെയ്യാതെ തന്നെ ധാന്യം വിളഞ്ഞ ഭൂമി എൻേറതാണു്. അതുകൊണ്ടു് എന്നെ ആരാധിക്കുക എന്നു് സോമൻ പറഞ്ഞു. നിങ്ങൾ രണ്ടുപേരെയും ഞാൻ ആരാധിക്കാം എന്നു് പ്രജാപതി പറഞ്ഞു. പ്രജാപതി അവരെ രണ്ടുപേരെയും ആരാധിച്ചു. (സോമനേയും പൂഷാവിനേയും) അതിനു് ശേഷം പശുക്കൾ പ്രജാപതിയുടെ സമീപത്തിലേക്കു് പോയി.

തനിക്കു് ധാരാളം പശുക്കൾ ഉണ്ടാകണമെന്നു് ആഗ്രഹിക്കുന്നവൻ അതിനു് വേണ്ടി സോമനേയും പൂഷാവിനേയും ഉദ്ദേശിച്ചു് കൃഷിചെയ്യാതെ ഉണ്ടായ ധാന്യം പാകം ചെയ്ത ഹവിസ്സു് സമർപ്പിക്കണം. തൻെറ ഭാഗം സമർപ്പിച്ചതുകൊണ്ടു് യജമാനൻ സോമനേയും പൂഷാവിനേയും സമീപിക്കുന്നു. അവർ രണ്ടുപേരും യജമാനനു് പശുക്കളെ നൽകുന്നു. സോമനാണു് രേതസ്സു് ധരിപ്പിക്കുന്നതു് പൂഷാവു് പശുക്കളെ ജനിപ്പിക്കുന്നു. സോമൻ യജമാനനെ രേതോധാരണത്തിനു് ശക്തൻ ആക്കുന്നു.

ഇതിചതുർത്ഥോഽനുവാകഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഥപഞ്ചമോƒനുവാകഃ (മന്ത്രം)

സംഹിതാ—

അഗ്നേഗോഭിർന ആഗഹീന്ദോ പുഷ്ട്യാ ജുഷസ്വനഃ । ഇന്ദ്രോധർതാഗൃഹേഷ്വനഃ । സവിതായഃ സഹസ്രിയഃ സനോ- ഗൃഹേഷുരാരണത് । ആ പൂഷാ എത്വാവസു । ധാതാദദാതുനോ രയിമീശാനോ ജഗതസ്പതിഃ । സനഃ പൂർണേനവാവനത് ത്വഷ്ടായോ വൃഷഭോവൃഷാ സനോഗൃഹേഷുരാരണത് । സഹ- സ്രേണായുതേനച ! യേനദേവാ അമൃതം ദീർഘശ്ശ്രവോ ദിവ്യൈരയന്ത ! രായസ്പോഷത്വമസ്മഭ്യം ഗവാം കുല്മിം ജീവസ ആ യുവസ്വ । അഗ്നിഗൃർഹപതിഃ സോമോ വിശ്വ- വനിഃ സവിതാ സുമേധാഃ സ്വാഹാ । അഗ്നേ ഗൃഹപതേയസ്തേ ഘൃത്യോഭാഗസ്തേന സഹ ഓജ ആക്രമമാണായ ധേഹി ശ്രൈ- ഷ്ട്യാത്പഥോമായോഷം മൂർധാ ഭൂയാസഗ്ഗ്സ്വാഹാ ॥

പദച്ഛേദം—

അഗ്നേ ഗോഭിഃ നഃ ആ ഗഹി ഇന്ദോ പുഷ്ട്യാ ജുഷസ്വ നഃ ഇന്ദ്രഃ ധർതാ ഗൃഹേഷു നഃ സവിതാ യഃ സഹസ്രിയഃ സഃ നഃ ഗൃഹേഷു രാരണത് ആ പൂഷാ ഏതു ആ വസു ധാതാ ദദാതു നഃ രയിം ഈശാനഃ ജഗതഃ പതിഃ സഃ നഃ പൂർണേന വാവനത് ത്വഷ്ടാ യഃ വൃഷഭഃ വൃഷാ സഃ നഃ, ഗൃഹേഷു രാരണത് സഹസ്രേണ അയുതേന ച യേന ദേവാഃ അമൃതം ദീർഘം ശ്രവഃ ദിവ്യൈഃ ഏരയന്ത രായസ്പോഷ ത്വം അസ്മഭ്യം ഗവാം കുല്മിം ജീവസേ ആ യുവസ്വ അഗ്നിഃ ഗൃഹപതിഃ സോമഃ വിശ്വവനിഃ സവിതാ സുമേധാഃ സ്വാഹാ അഗ്നേ ഗൃഹപതേ യഃ തേ ഘൃത്യഃ ഭാഗഃ തേന സഹ ഓജഃ ആക്രമമാണായ ധേഹി ശ്രൈഷ്ട്യാത് പഥഃ മാ യോഷം മൂർധാ ഭൂയാസം സ്വാഹാ ॥

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മന്ത്രവും വിനിയോഗവും അർത്ഥവും।

ഈ അനുവാകത്തിലുള്ള എല്ലാ മന്ത്രങ്ങളും ചിത്രാ പൗർണ്ണമി ദിവസം നടത്തുന്ന ചിത്രായാഗത്തിന്റെ ഉപഹോമ മന്ത്രമാണ്—

1 അഗ്നേഗോഭിർന ആ ഗഹീന്ദോപുഷ്ട്യാ
ജുഷസ്വനഃ । ഇന്ദ്രോധർത്താഗൃഹേഷുനഃ ।

ഹേ അഗ്നേ । ഗോഭിഃ സഹ = പശുക്കളോടുകൂടി, നഃ ആഗഹി = ഞങ്ങളുടെ സമീപത്തിലേക്കു് വരിക. ഹേ ഇന്ദോ ! = അല്ലയോ ചന്ദ്ര ! പുഷ്ട്യാ = പശുക്കളുടെ സമ്പത്തുകൊണ്ടു്, നഃ ജുഷസ്വ = ഞങ്ങളെ സന്തോഷിപ്പിക്കുക. ഇന്ദ്രഃ = ഇന്ദ്രൻ, നഃ ഗൃഹേഷു = ഞങ്ങളുടെ വീടുകളിൽ, ധർതാഭവതു = പശുക്കളുടെ രക്ഷകനായിഭവിക്കട്ടെ.

2 സവിതായഃ സഹസ്രിയഃ സനോഗൃഹേഷുരാരണത് । ആ
പൂഷാ ഏത്വാവസു ।

സഹസ്രിയഃ = അയിരം പശുക്കളോടുകൂടിയ, യഃ സവിതാ = യാതൊരു = സവിതാവു് ഉണ്ടോ, സഃ = അദ്ദേഹം, നഃ ഗൃഹേഷു = ഞങ്ങളുടെ ഗൃഹങ്ങളിൽ, രാരണത് = സന്തോഷത്തോടുകൂടി വസിക്കട്ടെ. പൂഷാ = പശുക്കളെ പോഷിപ്പിക്കുന്ന ദേവൻ, ആ ഏതു = ഞങ്ങളുടെ ഗൃഹത്തിലേക്കു് വരട്ടെ വസു = ധനവും, ആ ഏതു = ഞങ്ങളുടെ ഗൃഹത്തിലേക്കു് വരട്ടെ,

3 ധാതാദദാതു നോരയിമീശാനോ ജഗതസ്പതിഃ !
സനഃ പൂർണ്ണേന വാവനത് !

ധാതാ = എല്ലാ കാര്യങ്ങളും നടത്തിക്കുന്നവനും, ഈശാനഃ = രക്ഷകനും, ജഗതഃ പതിഃ = ലോകത്തിന്റെ അധിപതിയും ആയ ഈശ്വരൻ, നഃ ഞങ്ങൾക്കു്, രയിം ദദാതു = ധനം നൽകട്ടെ. സഃ = ആ ഈശ്വരൻ, പൂർണ്ണേന = സമ്പൂർണ്ണമായ ധനത്തോടുകൂടി, വാവനത = നല്ലപോലെ രക്ഷിക്കട്ടെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

4 ത്വഷ്ടായോ വൃഷഭോ വൃഷാ സനോ ഗൃഹേഷു
രാരണത് । സഹസ്രേണായുതേന ച ।

യഃ ത്വഷ്ടാ = ത്വഷ്ടാ എന്ന യാതൊരു ദേവൻ, വൃഷഭഃ = ശ്രേഷ്ഠനം, വൃഷാ = ആഗ്രഹങ്ങരം സാധിച്ചു തരുന്നവനായിട്ടും ഉണ്ടോ, സഃ = ആ ദേവൻ, നഃ ഗൃഹേഷു = ഞങ്ങളുടെ ഗൃഹങ്ങളിൽ. സഹസ്രേണ അയുതേന ച = അസംഖ്യം പശുക്കളോടുകൂടി, രാരണത് = സുഖമായി വസിക്കട്ടെ.

5 യേനദേവാ അമൃതം ദീർഘം ശ്രവോ
ദിവ്യൈരയന്ത ! രായസ്പോഷത്വമസ്മഭ്യം
ഗവാം കല്മിംജിവസ ആയവസ്വ ।

ഹേ രായസ്പോഷ ! = ധനപോഷകനായ അല്ലയോ ദേവ । യേനത്വയാ = താതൊരു അങ്ങയാൽ, ദേവാഃ = ദേവന്മാർ, അമൃതം = അമൃതവും, ദീർഘം ശ്രവഃ = സമ്പൂർണ്ണമായ കീർത്തിയും, ദിവി = സ്വർഗ്ഗത്തിൽ ഏരയന്ത = സ്ഥാപിച്ചുപോ, സഃ ത്വം = അപ്രകാരമുള്ള അങ്ങ്, അസ്മഭ്യം = ഞങ്ങരംക്കു്, ഗവാം കുൽമിം = പശുക്കളുട്ടെ സംഘത്തെ, ജീവസേ = ഞങ്ങളുടെ ജീവിതത്തിനുവേണ്ടി, ആയുവസ്വ = തന്നാലും.

6 അഗ്നിർഗൃഹപതിഃ സോമോവിശ്വവനിഃ
സവിതാസുമേധാസ്വാഹാ ।

അഗ്നിഃ = അഗ്നി. ഗൃഹപതിഃ = ഗൃഹത്തിൻെറ അധിപതിയാണു്. സോമഃ = സോമൻ, വിശ്വവനിഃ = സർവ്വപദാർത്ഥങ്ങളേയും രക്ഷിക്കുന്നവൻ ആണു്. സവിതാ = സവിതാവു്, സുമേധാഃ = നല്ലമേധാശക്തിയോടുകൂടിയവനാണു് സ്വാഹാ = അവരുടെയെല്ലാം. തൃപ്തിക്കുവേണ്ടി ഞാൻ ഹോമിക്കുന്നു.

7 അഗ്നേഗൃഹപതേയസ്തേഘൃത്യോഭാഗസ്തേന
സഹ ഓജ ആക്രമമാണായധേഹി
ശ്രൈഷ്ഠ്യാത്പഥോമായോഷം മൂർധാഭൂയാസംസ്വാഹാ।

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹേ ഗൃഹപതേ അഗ്നേ ! = ഗൃഹപതിയായിട്ടുള്ള അല്ലയോ അഗ്നിദേവ ! തേ = അങ്ങയുടെ; യഃ ഘൃത്യഃ ഭാഗഃ = ഘൃതത്തിന്ന് അർഹമായ യാതൊരു ഭാഗം ഉണ്ടോ, തേന സഹ = ആ ഭാഗത്തോടുകൂടി, ഓജഃ = ഓജസ്സ്, ആക്രമമാണായ = യാഗം അനുഷ്ഠിക്കുന്ന യജമാനന്ന്, ധേഹി = നൽകിയാലും. അഹം = ഞാൻ, ശ്രൈഷ്ഠ്യാത് പഥഃ = ശ്രേഷ്ഠമായ മാർഗത്തിൽ നിന്ന്, മായോഷം = വ്യതിചലിക്കരുത്. മൂർധാഭൂയാസം = ഞാൻ യാഗകർത്താക്കളിൽ ഉത്തമനായിത്തീരട്ടെ. (ശിരസ്സ് പോലെ പ്രാധാന്യം ഉള്ളവനായി ഭവിക്കട്ടെ) സ്വാഹാ = ഞാൻ ഹോമം ചെയ്യുന്നു.

ഇതിപഞ്ചമോ *f* നുവാകഃ

അഥഷഷ്ഠോ *f* നുവാകഃ (ബ്രാഹ്മണം)

സംഹിതാ—

ചിത്രയായയജേത പശുകാമഃ ഇയം വൈചിത്രായദോ അസ്യാം വിശ്വം ഭൂതമധി പ്രജായതേതേനേയം ചിത്രായഏവം വിദ്വാംശ്ചിത്രയാ പശുകാമോ യജതേ പ്രപ്രജയാപശുഭിർമിഥുനൈർജായതേപ്രൈവാഗ്നേയേനവാപയതിരേതഃസൗമ്യേനദധാതിരേതഏവഹിതംത്വഷ്ടാരൂപാണിവികരോതിസാരസ്വതൗ ഭവത ഏതദ്വൈദൈവ്യം മിഥുനം ദൈവ്യമേവാസ്മൈ മിഥുനം മധ്യതോദധാതിപുഷ്ട്യൈ പ്രജനനായ സിനീവാല്യൈചരുർഭവതിവാഗ്വൈസിനീവാലി പുഷ്ടിഃ ഖലുവൈ വാക് പുഷ്ടിമേവ വാചമുപൈത്യൈന്ദ്ര ഉത്തമോ ഭവതി തേനൈവതന്മിഥുനശ്ഹം സപ്തൈതാനി ഹവിംഷിഭവന്തി സപ്തഗ്രാമ്യാഃ പശവഃ ഷപ്താരണ്യാഃ സപ്തഛന്ദാഗ്സ്യുഭയസ്യവരുധ്യാ അഥൈതാ ആഹുതീർജുഹോത്യേതേവൈ ദേവാഃ പുഷ്ടിപതയസ്ത ഏവാസ്മിൻ പുഷ്ടിംദധാതി പുഷ്യതി പ്രജയാപശുഭിരഥോ യദേതാ ആഹുതീർജ്ജുഹോതി പ്രതിഷ്ഠിത്യൈ !!

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അർത്ഥം—

ധാരാളം പശുക്കൾ കിട്ടണം എന്ന് ആഗ്രഹിക്കുന്നവൻ "ചിത്രാ" എന്ന പേരുള്ള യാഗം നടത്തണം. ഈ ഭൂമി തന്നെയാണ് ചിത്ര–അല്ലെങ്കിൽ ഈ ഭൂമിയിൽ എല്ലാ പ്രാണികളും ജനിക്കുന്നു. അതുകൊണ്ട് ഈ ഭൂമിതന്നെ ചിത്രാ എന്ന് അറിയപ്പെടുന്നു. ഇതു് മനസ്സിലാക്കി പശുക്കൾ ഉണ്ടാകണം എന്ന ആഗ്രഹത്തോടുകൂടി ചിത്രാ യാഗം നടത്തുന്നവൻ സ്ത്രീപുരുഷഭേദത്തിലുള്ള സന്താന ങ്ങളോടും പശുക്കളോടും കൂടിയവനായിത്തീരുന്നു.

അഗ്നിയെ ഉദ്ദേശിച്ച് ഹവിസ്സ് സമർപ്പിക്കുന്നതുകൊണ്ട് പശുക്കളുടെ ഉത്പത്തിക്ക് ഹേതുഭൂതമായ രേതസ്സ് ധാരാളം ഉണ്ടാകുന്നു. സോമനെ ഉദ്ദേശിച്ച് ഹവിസ്സ് സമർപ്പിക്കുന്നതുകൊണ്ട് രേതോ ധാരണത്തിനുള്ള ശക്തി ഉണ്ടാകുന്നു. ത്വഷ്ടാ എന്ന ദേവൻ ഹിതമായ രേത സ്സിന് നാനാവിധത്തിലുള്ള രൂപങ്ങൾ നൽകുന്നു. സര- സ്വതിയെ ഉദ്ദേശിച്ചും സര–സ്വദ്ദേവനെ ഉദ്ദേശിച്ചും രണ്ടുഹവിസ്സുകൾ സമർപ്പിക്കുന്നു. ഇതു് സ്ത്രീ പുരുഷ ദേവത കളെ ഉദ്ദേശിച്ച് ഉള്ളതാണ്. ഹവിസ്സുകൾ സമർപ്പിക്കു മ്പോൾ അതിന്റെ മദ്ധ്യത്തിൽഈ സാരസ്വത ഹവിസ്സ് സമർപ്പിക്കുന്നതുകൊണ്ട് യജമാനന്റെ ഗൃഹത്തിൽ ദേവ- താ പ്രസാദംകൊണ്ട് സിദ്ധിച്ച സ്ത്രീപുരുഷന്മാർ ഉണ്ടാ- കുന്നു. അപ്രകാരം ഗൃഹത്തിൽ സ്ത്രീ പുരുഷന്മാർ ഉള്ളതു ഗൃഹത്തിന്റെ പുഷ്ടിക്കും സന്താനോത്പത്തിക്കും കാര ണം ആകുന്നു. സിനീവാലി എന്ന ദേവതയെ ഉദ്ദേശിച്ച് ഹവിസ്സ് പാകം ചെയ്തു സമർപ്പിക്കുന്നു. സിനീവാലി എന്നു പറയുന്നതു വാക്കുകളാകുന്നു. വാക്ക് യജമാനന് പുഷ്ടി ഉണ്ടാക്കുന്നതാകുന്നു. സിനീവാലി എന്ന ദേവ- തയ്ക്ക് ഹവിസ്സ് സമർപ്പിക്കുന്നതുകൊണ്ട് യജമാനൻ സദ സ്സുകളിൽ സാമർത്ഥ്യത്തോടുകൂടി സംസാരിക്കാൻ ശക്തൻ ആകുന്നു. ഇന്ദ്രനെ ഉദ്ദേശിച്ച് ഉള്ള ഭാഗം അവസാനം സമർപ്പിക്കേണ്ടതാണ്. സ്ത്രീ ദേവതയായസിനീ വാലിക്കും പുരുഷദേവതയായ ഇന്ദ്രനും ഹവിസ്സ് സമർപ്പിക്കുന്നതു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കൊണ്ടുതന്നെ യജമാനൻെറ ഗൃഹത്തിൽ സ്ത്രീ സന്താനങ്ങളും പുരുഷസന്താനങ്ങളും ജനിക്കുന്നു.

ഗ്രാമങ്ങളിൽ വളർത്തപ്പെടുന്ന മൃഗങ്ങൾ ഏഴ്ആണ് കാട്ടിൽ വളരുന്ന മൃഗങ്ങൾ ഏഴ്ആണ്. ഛന്ദസ്സുകൾ ഏഴാണ് പശു സംഘവും ഛന്ദസ്സുകളുടെ സംഘവും യജമാനന് സ്വാധീനം ആകുന്നതിന്വേണ്ടി ഈ ഏഴു ഹവിസ്സുകളും ഹോമിക്കുന്നു.

അഞ്ചാമത്തെ അനുവാകത്തിൽ പറഞ്ഞ. "അഗ്നേഗോഭിർന" ഇത്യാദിമന്ത്രങ്ങൾ ചൊല്ലി അഗ്നിയിൽ ഹോമിക്കുന്നു. അഗ്നി ഇന്ദ്രൻ മുതലായ ദേവന്മാർ പുഷ്ടിക്ക് അധിപതികൾ ആണ്. ആ ദേവന്മാർ തന്നെ യജമാനന് പുഷ്ടി ഉണ്ടാക്കുന്നു. സന്താനങ്ങളോടും പശുക്കളോടുംകൂടി യജമാനൻ അഭിവൃദ്ധി പ്രാപിക്കുന്നു കൂടാതെ യജമാനൻെറ സ്ഥിരപ്രതിഷ്ഠയ്ക്ക് വേണ്ടി ഈ മന്ത്രങ്ങൾ ചൊല്ലി ഹവിസ്സ് ഹോമിക്കുന്നു.

ഇതിഷഷ്ഠോ ഽനുവാകഃ

അഥസപ്തമോ ഽനുവാകഃ (മന്ത്രം

സംഹിതാ—

മാരുതമസിമരുതാമോജോ ഽപാംധാരാം ഭിന്ധിരമയത മരുതഃശ്യേനമായിനം മനോജവസം വൃഷണഗ്‌ംസുവൃക്തിം। യേനശർധ ഉഗ്രമവസൃഷ്ടമേതിതദശ്വിനാ പരിധത്തഗ്ഗ്‌സ്വസ്തി॥ പുരോവാതോവർഷഞ്ജിന്വരാവൃത്സ്വാഹാവാതാവദ്വർഷന്നുഗ്രരാവൃത്സ്വാഹാസ്തനയൻ വർഷൻ ഭീമരാവൃത്സ്വാഹാ ഽനശന്യവസ്ഫൂർജൻദിദ്യുദ്വർഷൻത്വേഷരാവൃത്സ്വാഹാ ഽതിരാത്രംവർഷൻ പൂർതിരാവൃത്സ്വാഹാ ബഹുഹായമവൃഷാദിതിശ്രുതരാവൃത്സ്വാഹാ ഽഽതപതി വർഷൻ വിരാഡാവൃത്സ്വാഹാ ഽവസ്ഫൂർജൻ ദിദ്യുദ്വർഷൻ ഭൂതരാവൃത്സ്വാഹാ മാന്ദാവാശാഃ ശുന്ധ്യൂരജിരാഃ। ജ്യോതിഷ്മതീസ്തമസ്വരീരുന്ദതീഃസുഫേനാഃ। മിത്രഭൃതഃക്ഷത്രഭൃതഃ സുരാഷ്ട്രാ ഇഹമാ ഽമത വൃഷ്ണോഅശ്വസ്യ സംദാനമസി പുഷ്ട്യൈത്വോപനഹ്യാമി ॥

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പദച്ഛേദം—

മാരുതം അസി മരുതാം ഓജഃ അപാം ധാരാം ഭിന്ധി രമയത മരുതഃ ശ്യേനം ആയിനം മനോജവസം വൃഷണം സുവൃക്തിം യേന ശർധഃ ഉഗ്രം അവ സൃഷ്ടം ഏതി തത് അശ്വിനാ പരിധത്തം സ്വസ്തി പുരോവാതഃ വർഷൻ ജിവഃ വർഷൻ ഉഗ്രഃ ആവൃത് സ്വാഹാ സ്തനയൻ വർഷൻ ഭീമഃ ആവൃത് സ്വാഹാ അനശനി അവസ്ഫൂർജൻ ദിദ്യുദ്വർഷൻ ത്വേഷഃ ആവൃത് സ്വാഹാ അതിരാത്രം വർഷൻ പൂർതിഃ ആവൃത് സ്വാഹാ ബഹുഃ ഹ അയം അവൃഷാദ് ഇതി ശ്രുതഃ ആവൃത് സ്വാഹാ ആതപതി വർഷൻ വിരാഡ് ആവൃത് സ്വാഹാ അവസ്ഫൂർജൻ ദിദ്യുദ്വർഷൻ ഭൂതഃ ആവൃത് സ്വാഹാ മാന്ദാഃ വാശാഃ ശുന്ധ്യുഃ അജിരാഃ ജ്യോതിഷ്മതീഃ തമസ്വരിഃ ഉന്ദതീഃ സുഫേനാഃ മിത്രഭൃതഃ ക്ഷത്രഭൃതഃ സുരാഷ്ട്രാഃ ഇഹ മാ അവത വൃഷ്ണഃ അശ്വസ്യ സന്ദാനം അസി വൃഷ്ട്യൈ ത്വാ ഉപ നഹ്യാമി.

മന്ത്രവും വിനിയോഗവും അർത്ഥവും

മഴ പെയ്യുന്നതിന് വേണ്ടി നടത്തുന്ന ''കാരീര്യാ'' എന്ന യാഗത്തിനുള്ള മന്ത്രങ്ങളാണ് ഈ അനുവാകത്തിൽ പറയുന്നത്.

1 മാരുതമസിമരുതാമോജോഽപാംധാരാംഭിന്ധി ।

ഈ മന്ത്രം ചൊല്ലി യജമാനൻ കറുത്തനിറത്തിലുള്ള വസ്ത്രം ഉടുക്കുന്നു.

ഹേ കൃഷ്ണവാസഃ! = അല്ലയോ കറുത്ത വസ്ത്രമേ ! ത്വം മാരുതം അസി = നീ മരുത്തിനെ സംബന്ധിച്ചതാകുന്നു. മരുതാം ഓജഃ അസി = മരുത്തുകളുടെ ബലം ആകുന്നു. അപാം ധാരാം ഭിന്ധി = വർഷധാരയ്ക്ക് പ്രതിബന്ധമായിരിക്കുന്ന മേഘത്തെ ഭേദനം ചെയ്താലും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

2 രമയതമരുതഃ ശ്യേനമായിനം
മനോജവസം വൃഷണം സുവൃക്തിം !
യേന ശർധഉഗ്രമവസൃഷ്ടം ഏതി
തദശ്വിനാപരിധത്തം സ്വസ്തി ।

ഈ മന്ത്രം ചൊല്ലി പടിഞ്ഞാറു് നിന്നുണ്ടാകുന്ന കാററിനെ തടയുകയും കിഴക്കു് കാററു് ഉണ്ടാക്കുകയും ചെയ്യുന്നു.

ഹേ മരുതഃ ! = അല്ലയോ മരുത്തുകളെ ! ശ്യേനം = പരുന്തിനെപ്പോലെ വേഗതയുള്ളതും, ആയിനം =വരുന്നതും, മനോജവസം = മനോ വേഗത്തോടുകൂടിയതും, വൃഷണം = മഴ പെയ്യിക്കുന്നതും, സുവൃക്തിം =പടിഞ്ഞാറൻ കാററിനെ ഇല്ലാതെയാക്കുന്നതും, യേന = യാതൊരു കിഴക്കൻ കാററിനാൽ, അവ സൃഷ്ടം = മേഘത്തിൽനിന്നു് മുക്തമാക്കപ്പെട്ട ജലം, ഉഗ്രം =തീവ്രധാരകളായിത്തീന്നു്, ശർധഃ ഏതി = ഭൂമിയെ പ്രാപിക്കുന്നുവോ, താദൃശം = അപ്രകാരം ഉള്ള, പുരോവാതം = കിഴക്കൻ കാററിനെ, രമയ = സന്തോഷിപ്പിക്കുക. ഹേ അശ്വിനൗ ! = അല്ലയോ അശ്വിനീദേവന്മാരെ ! തദ് = ആ ജലം, സ്വസ്തി= ആളുകൾക്കു് ക്ഷേമം ഉണ്ടാകത്തക്കവിധം, പരിധത്തം =ധരിച്ചാലും.

3-10 പുരോവാതോ വർഷം ജിന്വരാവൃത്സ്വാഹാ
വാതാവദ്വർഷന്നുഗ്രരാവൃത് സ്വാഹാ
സ്തനയൻ വർഷൻ ഭീമരാവൃത് സ്വാഹാ
അനശന്യവസ്ഫൂർജൻ ദിദ്യുദ്വർഷൻ ത്വേഷരാവൃത് സ്വാഹാ
അതിരാത്രം വർഷൻ പൂർതിരാവൃത് സ്വാഹാ
ബഹുഹായമവൃഷാദിതീശ്രുതരാവൃത് സ്വാഹാ
ആതപതിവർഷൻ വിരാഡാവൃത്സ്വാഹാ
അവ സ്ഫൂർജൻ ദിദ്യുദ്വർഷൻ ഭൂതരാവൃത് സ്വാഹാ

ഈ മന്ത്രങ്ങൾ ചൊല്ലി ഹോമിക്കുന്നു.

യഃ പുരോവാതഃ =യാതൊരു പുരോവാതം, വർഷൻ = മഴ പെയ്യിക്കുന്നതായും, ജിന്വൻ = ആളുകളെ സന്തോഷി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്പിക്കുന്നതായും, ആവൃത് = ആവർത്തിക്കുന്നുവോ തസ്മൈ = ആ പുരോവാതത്തിനായിക്കൊണ്ടു്, സ്വാഹാ = ഞാൻ ഹോമീക്കുന്നു. വാതാവത് = വലിയ കാറ്റോടുകൂടി വർഷൻ = മഴപെയ്യിക്കുന്നതും, ഉഗ്രഃ = തീവ്രമായധാരകളോടുകൂടിയതുമായ, യഃ ആവൃത് = യാതൊരു വാതം ആവർത്തിക്കുന്നുവോ, തസ്മൈ = ആ പുരോവാതത്തിനായിക്കൊണ്ടു്, സ്വാഹാ = ഞാൻ ഹോമിക്കുന്നു. സ്തനയൻ = ഇടിമുഴക്കം ഉണ്ടാക്കുന്നതും, ഭീമഃ = ശബ്ദം കൊണ്ടു് ആളുകൾക്കു് ഭയം ഉണ്ടാക്കുന്നതും, വർഷൻ = മഴ പെയ്യീക്കുന്നതും, ആവൃത് = ആവർത്തിച്ചു് ഉണ്ടാകുന്നതുമായ യാതൊരു പുരോവാതം ഉണ്ടോ, തസ്മൈ = അതിനായിക്കൊണ്ടു്, സ്വാഹാ = ഞാൻ ഹോമിക്കുന്നു. അനശനി = അശനിപാതം ഉണ്ടാക്കാത്തവിധം, അവസ്ഫൂർജൻ = മഴ പെയ്യിച്ചു് ശബ്ദം ഉണ്ടാക്കുന്നതും, ദിദ്യുത് = മിന്നലിന്റെ പ്രകാശത്തോടുകൂടിയതും, വർഷൻ = മഴപെയ്യിക്കുന്നതും, ത്വേഷഃ = മഴ പെയ്യിച്ചു് കൃഷിഭൂമിയെ പ്രകാശിപ്പിക്കുന്നതും ആയ, യഃ പുരോവാതഃ = യാതൊരു പുരോവാതം ഉണ്ടോ, തസ്മൈ = അതിനായിക്കൊണ്ടു്, സ്വാഹാ = ഞാൻ ഹോമിക്കുന്നു. അതിരാത്രം രാത്രിയും പകലും, വർഷൻ = വർഷിക്കുന്നതും, പൂർതിഃ = ഭൂമിയെ ജലംകൊണ്ടു് നിറയ്ക്കുന്നതും, ആവൃത് = ആവർത്തിച്ചുവരുന്നതും ആയ, യഃ പുരോവാതഃ = യാതൊരു പുരോവാതം ഉണ്ടോ, തസ്മൈ = അതിനായിക്കൊണ്ടു്, സ്വാഹാ = ഞാൻ ഹോമിക്കുന്നു. അയം = ഈ കാറ്റു്, ബഹുഅവർഷാത് = ധാരാളം മഴ പെയ്യിക്കുന്നു, ഇതി = എന്നു്, ശ്രുതഃ = ജനങ്ങളുടെ പ്രശംസയ്ക്കു് പാത്രം ആയതും, ആവൃത് ആവർത്തിച്ചുവരുന്നതുമായ, യഃ = യാതൊരു പുരോവാതം ഉണ്ടോ, തസ്മൈ = അതിനായിക്കൊണ്ടു്, സ്വാഹാ = ഞാൻ ഹോമിക്കുന്നു. ആതപതി = വേനൽക്കാലത്തിൽ, വർഷൻ = മഴപെയ്യിക്കുന്നതും, വിരാഡ് = അതുകൊണ്ടു് തന്നെ അത്യധികം ശോഭിക്കുന്നതും, ആവൃത് = ആവർത്തിച്ചു വരുന്നതുമായ, യഃ = യാതൊരു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പുരോവാതം ഉണ്ടോ, തസ്മൈ = അതിനായികൊണ്ടു് സ്വാഹാ = ഞാൻ ഹോമിക്കുന്നു. അവസ്ഫൂർജൻ = മഴപെയ്യിച്ച് ശബ്ദം ഉണ്ടാക്കുന്നതും, ദിദ്യുത് = മിന്നലിൻെറ പ്രകാശത്തോട്ട് കൂടിയതും, വർഷൻ = മഴപെയ്യിക്കുന്നതും, ഭൃതഃ = സർവ്വലോക-ങ്ങളേയു. രക്ഷിക്കാൻ കഴിവുള്ളതും ആയ, യഃ പുരോ-വാതഃ = യാതൊരു പുരോവാതം ഉണ്ടോ, തസ്മൈ = അതിനായി കൊണ്ടു്; സ്വാഹാ = ഞാൻ ഹോമിക്കുന്നു.

മാന്ദാവാശാഃ ശുന്ധ്യുരജീരാജ്യോതിഷ്മതീ-
11 സ്തമസ്വരീരുന്ദതീഃ സുഫേനാഃ ।
മിത്രഭൃതഃക്ഷത്രഭൃതഃ സുരാഷ്ട്രാഇഹമാ *f* വത

ഈ മന്ത്രം ചൊല്ലി വേദിസ്ഥകത്തു കൃഷ്ണമൃഗത്തിൻെറ തോൽ വിരിച്ച് അതിൽ ഖർജ്ജൂരത്തിൻെറ മാവു് വാരിയിട്ടു് കട്ടകമായി യോജിപ്പിച്ച് മൂന്നു് ഉരുള ഉണ്ടാക്കി അതു് താമരഇലകൊണ്ടു് പൊതിഞ്ഞു് കെട്ടുന്നു.

മാന്ദാഃ = സന്തോഷിപ്പിക്കുന്നവയും, വാശാഃ = മഴ-പെയ്യുന്ന ശബ്ദത്തോട്ടുകൂടിയവയും, ശുന്ധ്യുഃ = ശുദ്ധിക്കു് കാരണം ആയവയും, അജിരാഃ = പ്രവാഹ രൂപത്തിൽ ഗമിക്കുന്നവയും, ജ്യോതിഷ്മതീഃ = വെളുത്ത നിറത്തോട്ട് കൂടിയവയും, തമസ്വരീഃ = തമസ്സിനെപ്പോലെയുള്ളതും ഉന്ദതീഃ = ഭൂമിയെ നനക്കുന്നവയും, സുഫേനാഃ = മനോഹരമായ പതയോട്ടുകൂടിയവയും, മിത്രഭൃതഃ = ലോകത്തിൻെറ മിത്രമായ ഓഷധികളെ രക്ഷിക്കുന്നവയും, ക്ഷത്രഭൃതഃ = നല്ല മഴപെയ്യിച്ച് രാജാവിനെ സന്തോഷിപ്പിക്കുന്നവയും, സുരാഷ്ട്രാഃ = രാജ്യത്തെ സസ്യസമൃദ്ധികൊണ്ടു് സമ്പന്നമാക്കുന്നവയും ആയ, ഹേ ആപഃ! = അല്ലയോ അപ്പുകളെ! (അല്ലയോ ജലമെ !) യൂയം = നിങ്ങൾ, ഇഹ = ഈ കർമ്മത്തിൽ, മാ = എന്നെ, അവതം = രക്ഷിച്ചാലും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

12 വൃഷ്ണോശ്വസ്യസന്ദാനമസി
വൃഷ്ട്യൈത്വാ ഉപനഹ്യാമി ।

ഈ മന്ത്രം ചൊല്ലി കൃഷ്ണാ ജിനത്തിൻെറ രണ്ടററവും കൂട്ടിച്ചേർത്ത് കറുത്ത നിറത്തിലുള്ള കയറുകൊണ്ട് കെട്ടുന്നു

ഹേരജ്ജോ ! = അല്ലയോ കയറെ! ത്വം = നീ, വൃഷ്ണഃ അശ്വസ്യ = നല്ല കുതിരയെപ്പോലെ ഇരിക്കുന്ന ഈ കൃഷ്ണാ ജിനം, സന്ദാനം അസി = കെട്ടുന്നതിനുള്ള ഉപകരണം ആകുന്നു. വൃഷ്ട്യൈ = മഴഉണ്ടാകുന്നതിനു് വേണ്ടി, ഹേ കൃഷ്ണാജിന ! = അല്ലയോ കൃഷ്ണാജിനമെ । ത്വാ = നിന്നെ, ഉപനഹ്യാമി = ഞാൻ കെട്ടുന്നു.

ഇതിസപ്തമോ ഽനുവാകഃ

അഥഅഷ്ടമോഽനുവാകഃ (മന്ത്രം

സംഹിതാ—

ദേവാവസവ്യാ അഗ്നേ സോമ സൂര്യ । ദേവാഃ ശർമണ്യാ മിത്രാവരുണാ ഽർയമൻ । ദേവാഃ സപീതയോഽപാംനപാദാശു ഹേമൻ । ഉദ്രോദത്തോദധിം ഭിന്തദിവഃപർജന്യാദന്തരീക്ഷാത്പൃഥിവ്യാസ്തതോനോ വൃഷ്ട്യാവത । ദിവാ ചിത്തമഃ കൃണ്വന്തിപർജന്യേനോദവാഹേന । പൃഥിവീംയദ്വ്യുന്ദന്തി । ആയംനരഃ സുദാനവോ ദദാശുഷേ ദിവഃ കോശമചുച്യവുഃ ।വിപർജന്യാഃ സൃജന്തി രോദസീഅനുധന്വനായന്തിവൃഷ്ടയഃ । ഉദിരയഥാഃ മരുതഃസമുദ്രതോ യൂയംവൃഷ്ടിം വർഷയഥാപുരീഷിണഃ । നവോദസ്രാഉപദസ്യന്തിധേനവഃ ശുഭംയാതാമനരഥാ അവൃത്സത ! സൃജാവൃഷ്ടിം ദിവത്ഭ്യ്ദ്ഭിഃ സമുദ്രം പൃണ। അബ്ജാ അസി പ്രഥമജാ ബലമസി സമുദ്രിയം । ഉന്നംഭയപൃഥിവീം ഭിന്ധീദം ദിവ്യംനഭഃ! ഉദ്നോദിവ്യസ്യനോദേഹീശാനോ വിസൃജാദൃതിം । യേ ദേവാദിവിഭാഗായേ ഽന്തരീക്ഷഭാഗായേപൃഥിവീഭാഗാഃ । ത ഇമം യജ്ഞമവന്തുത ഇദംക്ഷേത്രമാവിശന്തു ത ഇദം ക്ഷേത്രമനു വിവിശന്തു ॥

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പദച്ഛേദം—

ദേവാഃ വസവ്യാഃ അഗ്നേ സോമ സൂര്യ ദേവാഃ ശർമണ്യാഃ മിത്ര വരുണ അർയമൻ ദേവാഃ സപീഃ തയഃ അപാംനപാത് ആശുഹേമൻ ഉദ്രഃ ദത്ത ഉദധിം ഭിന്ത ദിവഃ പർജന്യാത് അന്തരിക്ഷാത് പൃഥിവ്യാഃ തതഃ നഃ വൃഷ്ട്യാ അവത ദിവാ ചിത് തമഃ കൃണ്വന്തി പർജന്യേന ഉദവാഹേന പൃഥിവീം യദ് വി ഉന്ദന്തി ആ യം നരഃ സുദാനവഃ ദദാശുഷേ ദിവഃ കോശം അചുച്യവുഃ വി പർജന്യാഃ സൃജന്തി രോദസീ അനു ധന്വനാ യന്തി വൃഷ്ടയഃ ഉദ് ഈരയഥാഃ മരുതഃ സമുദ്രതഃ യൂയം വൃഷ്ടിം വർഷയഥാഃ പുരീഷിണഃ നഃ വഃ ദസ്രാഃ ഉപ ദസ്യന്തി ധേനവഃ ശുഭം യാതാം അനു രഥാഃ അവൃത്സത സൃജാ വൃഷ്ടിം ദിവഃ അദ്ഭിഃ സമുദ്രം പൃണ അബ്ജാ അസി പ്രഥമജാ ബലം അസി സമുദ്രിയം ഉന്നംഭയ പൃഥിവീം ഭിന്ധി ഇദം ദിവ്യം നഭഃ ഉദ്നഃ ദിവ്യസ്യ നഃ ദേഹി ഈശാനഃ വി സൃജാ ദൃതിം യേ ദേവാഃ ദിവിഭാഗാഃ യേ അന്തരിക്ഷഭാഗാഃ യേ പൃഥിവിഭാഗാഃ തേ ഇമം യജ്ഞം അവന്തു തേ ഇദം ക്ഷേത്രം ആ വിശന്തു തേ ഇദം ക്ഷേത്രം അനു വി വിശന്തു ॥

മന്ത്രവും വിനിയോഗവും അർത്ഥവും

1–3 ദേവാവസവ്യാ അഗ്നേ സോമസൂര്യ!
ദേവാഃ ശർമണ്യാമിത്രാവരുണാർയമൻ !
ദേവാഃ സപിതയോ ƒ പാംനപാദാശുഹേമൻ ।
ഉദ്രോദത്തോദധിം ഭിന്തദിവഃപർജന്യാദന്തരിക്ഷാത്
പൃഥിവ്യാസ്തതോനോവൃഷ്ട്യാവത ।

ഈ മന്ത്രങ്ങളാം ചൊല്ലി കൃഷ്ണാജിനം കിഴക്കേ ദിക്കിൽ കെട്ടിത്തൂക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വസവ്യാഃ = ജനങ്ങളെ വസിപ്പിക്കുന്നവരും, അഗ്നേ സോമ സൂർയ = അഗ്നി സോമൻ സൂർയ്യൻ എന്നീ പേരുകളാൽ അറിയപ്പെടുന്നവരുമായ ഹേ ദേവാഃ ! അല്ലയോ ദേവന്മാരെ ! ഉദഃ ദത്ത = ഞങ്ങൾക്കു വെള്ളം തന്നാലും. ശർമണ്യാഃ = ജനങ്ങൾക്കു സുഖം തരുന്നവരും, മിത്രാവരുണ അർയമൻ = മിത്രൻ വരുണൻ അർയമൻ = എന്നീ പേരുകളോടുകൂടിയവരും അയ, ഹേ ദേവാഃ ! = അല്ലയോ ദേവന്മാരെ ! ഉദഃ ദത്ത = ഞങ്ങൾക്ക് ജലം നൽകിയാലും. അപാംനപാത് ആശുഹേമൻ = അപാംനപാത് ആശുഹേമൻഎന്നീ പേരുകളോടുകൂടിയവരും സപീതയഃ = ഒരുമിച്ച് സോമപാനം ചെയ്യുന്നവരുമായ, ഹേ ദേവാഃ ! = അല്ലയോ ദേവന്മാരെ ! ഉദഃദത്ത = ഞങ്ങൾക്കു ജലം നൽകിയാലും. ദിവഃ = ദ്യോവിൽ നിന്നും, അന്തരിക്ഷാത് = അന്തരീക്ഷത്തിൽനിന്നും പൃഥിവ്യാഃ = ഭൂമിയിൽനിന്നും, ഉദധിംഭിന്ധി = മേഘത്തെഭേദനം ചെയ്യാലും. തത് = അനന്തരം. പർജന്യാത് = മേഘത്തിൽ നിന്നു് ഉണ്ടാകുന്ന, വൃഷ്ട്യാ = മഴകൊണ്ടു്, നഃ = ഞങ്ങളെ, അവത = രക്ഷിക്കുക.

4 ദിവാചിത്തമഃ കൃണ്വന്തി പർജന്യേനോദവാഹേന
പൃഥിവീംയദ്വ്യുന്ദന്തി ।

ഇതു മുതൽ മൂന്നു മന്ത്രം ചൊല്ലി കടുകും ഖർജ്ജൂരവുംകൂട്ടിച്ചേർത്തുണ്ടാക്കിയ ഉരുളകൾ ഹോമിക്കുന്നു.

യദാ = എപ്പോഴാണോ, ദേവാഃ = ദേവന്മാർ, പൃഥിവീം = ഭൂമിയെ, വ്യുന്ദന്തി = മഴ പെയ്യിച്ച് നനയ്ക്കുന്നതു്, തദാ = അപ്പോൾ, ഉദവാഹേന = ജലം വഹിച്ച്കൊണ്ടിരിക്കുന്നു; പർജന്യേന = മേഘങ്ങളാൽ, ദിവാചിത് = പകൽ സമയത്തു്, തമഃ കൃണ്വന്തി = ഇരുട്ടു് ഉണ്ടാക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

5 ആയം നരഃ സുദാനവോദാശുഷേദിവഃ കോശ-
മചുച്യുവുഃ । വിപർജന്യാഃ സൃജന്തിരോദസീ
അനുധന്വനായന്തിവൃഷ്ടയഃ ।

സുദാനവഃ = നല്ലപോലെ ഹവിസ്സ് ഹോമിക്കുന്ന, നരഃ = മനുഷ്യൻ (സ്തുതിക്കുകയും) ദാശുഷേ = ഹവിസ്സ് ദാനം ചെയ്യുന്ന യജമാനനായിക്കൊണ്ട്; യം കോശം = ജലം ധരിച്ച്കൊണ്ടിരിക്കുന്ന മേഘത്തെ, ദിവഃ = ആകാശത്തിൽനിന്ന്, അചുച്യുവുഃ = ചുററും വ്യാപിപ്പിച്ചു സഃ = ആ മേഘം, പർജന്യാഃ = അനേകം മേഘങ്ങളായിതീർന്ന്, രോദസി അനു = ദ്യാവാപൃഥിമികളെ ലക്ഷ്യമാക്കി, വൃഷ്ടയഃ വിസൃജതി = മഴപെയ്യിക്കുന്നു താഃ = ആ മഴ, ധന്വനായന്തി = മരുഭൂമിയിലും പ്രവർത്തിക്കുന്നു.

6 ഉദീരയഥാഃ മരുതഃ സമുദ്രതോയൂയം
വൃഷ്ടിംവർഷയഥാഃപുരീഷിണഃ !
നവോദസ്രാഉപദസ്യന്തിധേനവഃ
ശുഭം യാതാം അനുരഥാഅവൃത്സത ।

ഹേ മരുതഃ ! = അല്ലയോ മരുത്തുകളെ ! യൂയം = നിങ്ങൾ, സമുദ്രതഃ = സമുദ്ര തുല്യമായ മേഘത്തിൽ നിന്ന്, വൃഷ്ടിം ഉദീരയഥാഃ = മഴ ഉത്പാദിപ്പിച്ചാലും, പുരീഷിണഃ = പാംസുക്കളോടുകൂടിയ ഭൂപ്രദേശങ്ങളിൽ വർഷ യഥാഃ = വർഷിപ്പിച്ചാലും. ഹേദസ്രാഃ = ഭൂമിയുടെ വരൾച്ച മാററുന്ന അല്ലയോ മേഘങ്ങളെ! ശുഭം യാതാം = ജഗദനുഗ്രഹ രൂപമായമംഗള കാര്യം അനുഷ്ഠിക്കുന്ന; വഃ = നിങ്ങളുടെ, ധേനവഃ = ധേനുസദൃശങ്ങളായ മേഘങ്ങൾ, ന ഉപദസ്യന്തി = ഒഴിക്കലും നശിക്കുകയില്ല. ഇതരേഷാം = മററുള്ള; ദേവാനാം = ദേവന്മാരുടെ, രഥാഃ = രഥങ്ങൾ, അനവൃത്സത = നിങ്ങളുടെ രഥങ്ങളെ അനുഗമിക്കട്ടെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

7 സൃജാവൃഷ്ടിം ദിവ അദ്ഭിഃ സമുദ്രം പൃണ

ഈ മന്ത്രം ചൊല്ലി ഒരു മൺപാത്രത്തിൽ (പച്ച മണ്ണു് കൊണ്ടു് ഉണ്ടാക്കിയതു്) വെള്ളം നിറയ്ക്കുന്നു. (അപ്രകാരം വെള്ളം ഒഴിക്കുമ്പോൾ ആ മൺപാത്രം ഭേദിക്കുകയാണെങ്കിൽ മഴ പെയ്യും എന്നാണു് നിമിത്തം)

ഹേ മരുതഃ ! = അല്ലയോ മരുത്തുകളെ ! ദിവഃ = ദ്യോവിൽ നിന്നു്, വൃഷ്ടിം സൃജ = മഴ ഉത്പാദിപ്പിക്കുക, അദ്ഭിഃ = ജലത്താൽ, സമുദ്രം = സമുദ്രസദൃശമായ ഈ പാത്രം, ആപൃണ = നിറയ്ക്കുക.

8 അബ്ജാ അസിപ്രഥമജാ ബലമസിസമുദ്രിയം

ഈ മന്ത്രം ചൊല്ലി കെട്ടിയിട്ടിരുന്ന കറുത്ത ആടിനെ അഴിച്ചുവിടുന്നു.

അല്ലയോ ആടേ! നീ, അബ്ജാ അസി = വെള്ളത്തിൽ നിന്നു് ഉണ്ടായതാണു്. പ്രഥമജാ അസി = ആദ്യമായി ജനിച്ചതാണു് (ആദിത്യനാൽ ആദ്യം മാററപ്പെട്ട ഇരുട്ടു് കറുത്ത ആടായി ജനിച്ചു എന്നു് ശ്രുതി) സമുദ്രീയം = സമുദ്രതുല്യമായ മേഘത്തിൽ നിന്നു് മഴ പെയ്യിക്കുന്നതിനുള്ള, ബലം അസി = ബലമാകുന്നു. (ആടു് കരയുമ്പോൾ മഴ പെയ്യും എന്നു് ഊഹിക്കാം.)

9 ഉന്നംഭയ പൃഥിവീം ഭിന്ധീദം ദിവ്യം നഭഃ !
ഉദ്നോദിവ്യസ്യ നോ ദേഹീശാനോ വിസൃജാദൃതിം ।

ഈ മന്ത്രം ചൊല്ലി "തമിഴാമ" എന്ന പേരുള്ള ഒരു സസ്യം ഹോമിക്കുന്നു.

അല്ലയോ പുനർനവ എന്നറിയപ്പെടുന്ന സസ്യമെ ! പൃഥിവീം = ഭൂമിയെ, ഉന്നം ഭയ = നല്ലപോലെ നനയ്ക്കുക. ഇദം ദിവ്യം നഭഃ = ദ്യോവിൽ ഉള്ളതും ആകാശംപോലെ വ്യാപിച്ചിരിക്കുന്നതുമായ ഈ മേഘമണ്ഡലത്തെ, ഭിന്ധി = ഭേദനം ചെയ്താലും. ദിവ്യസ്യ = ദ്യോവിൽനിന്നു്, ഉദ്നഃ = ഉദകവർഷണം (മഴ) നഃ ദേഹി = ഞങ്ങൾക്കുതന്നാലും ഹേ ദേവ ! = പുനർ-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നവ എന്ന ഓഷധിയുടെ ഉത്പാദകനായ ഹേ ദേവ! ത്വം = അങ്ങ്, ഈശാനഃ സൻ = സർവ്വശക്തനായി, ദൃതിംവിസൃജ = ദൃതിസമാനമായ മേഘത്തെ മഴപെയ്യുത്തക്കവിധത്തിലാക്കുക. (തോല്കൊണ്ടുണ്ടാക്കിയപാത്രം വെള്ളം നിറച്ചിരുന്നതു് തുറന്നു് വെള്ളം എടുക്കുന്നതു പോലെ).

10 യേദേവാ ദിവിഭാഗായേഽന്തരീക്ഷഭാഗാ
യേപൃഥിവിഭാഗാഃ । ത ഇമംയജ്ഞമവന്തു
ത ഇദംക്ഷേത്രമാവിശന്തു ത ഇദം ക്ഷേത്ര
മനുവിശന്തു ।

ഈ മന്ത്രം ചൊല്ലി മാൻ തോൽ കുടയുന്നു.

ദിവിഭാഗാഃ = സ്വർഗ്ഗത്തിൽ വസിക്കുന്ന, യേ ദേവാഃ = യാതൊരു ദേവന്മാരുണ്ടോ, അന്തരിക്ഷഭാഗാഃ = അന്തരിക്ഷത്തിൽ വസിക്കുന്ന, യേദേവാഃ = യാതൊരു ദേവന്മാരുണ്ടോ, പൃഥിവീഭാഗാഃ = ഭൂമിയിൽ വസിക്കുന്നു, യേദേവാഃ = യാതൊരു ദേവന്മാരുണ്ടോ, തേ = അവർ, പ്രഥമം = ആദ്യമായി, ഇമംയജ്ഞം = ഈ യാഗം. അവന്തു = രക്ഷിക്കട്ടെ. ഇദംക്ഷേത്രം = സസ്യനിഷ്പാദകമായ ഈ പ്രദേശത്തിൽ, ആ വിശന്തു = പ്രവേശിക്കട്ടെ. ഇദം ക്ഷേത്രം = ഈ കൃഷിസ്ഥലത്തിൽ, അനുവിശന്തു = ഓരോ സ്ഥലത്തും പ്രവേശിക്കട്ടെ.

ഇതിഅഷ്ടമോഽനുവാകഃ

അഥനവമോഽനുവാകഃ (ബ്രാഹ്മണം)

സംഹിതാ—

മാരുതമസി മരുതാമോജ ഇതികൃഷ്ണം വാസഃകൃഷ്ണതൂഷം പരിധത്ത ഏതദ്വൈവൃഷ്ട്യൈ രൂപഗ്ംസരൂപ ഏവഭൂത്വാ പർജന്യം വർഷയതി രമയതമരുതഃ ശ്യേനമായിനമിതി പശ്ചാദ്വാതം പ്രതിമീവതി പുരോവാതമേവജനയതിവർഷസ്യാവരുദ്ധ്യൈ വാതനാമാനി ജുഹോതി-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വായുർവൈ വൃഷ്ട്യാ ഈശേ വായുമേവസ്വേനഭാഗധേയേ-നോപധാവതി സഏവാസ്മൈപർജന്യം വർഷയത്യഷ്ടൌ ജുഹോതിച തസ്രോവൈദിശശ്ചതസ്രോ/വാന്തര ദിശാദിഗ്ഭ്യ-ഏവവൃഷ്ടീഗ്ം-സ പ്രച്യവയതി കൃഷ്ണാജിനേ സംയൗതി ഹവിരേവാകരന്തർവേദി സംയൗത്യവരുദ്ധ്യൈ യതീനാമദ്യ-മാനാനാഗ്ംശീർഷാണി പരാപതന്തേ ഖർജ്ജൂരാ അഭവന്തേഷാഗ്ം രസ ഊർദ്ധ്വോ/പതത്താനി കരീരാണ്യഭവൻ സൌമ്യാനിവൈ കരീരാണി സൌമ്യാ ഖലുവാ ആഹുതിർദിവോ വൃഷ്ടിം ച്യവയ-തിയത് കരീരാണിഭവന്തി സൌമ്യയൈവാഹുത്യാദിവോ വൃഷ്ടി-മവരുന്ധേ മധുഷാസംയൗത്യപാം വാഏഷഓഷധീനാഗ്ംരസഃസാ യന്മധ്വദ്ഭ്യ എവൌഷധീഭ്യോ വർഷത്യഥോ അദ്ഭ്യ എവൌഷ-ധീഭ്യോവൃഷ്ടിം നിനയതി മാന്ദാവാശാ ഇതിസംയൗതി നാമധേയൈ രേവൈനാ അച്ഛൈത്യഥോ യഥാ ബ്രൂയാദസാ-വേഹീത്യേവമേവൈനാ നാമധേയൈ രാച്യാവയതിവൃഷ്-ണോ അശ്വസ്യ സംദാനമസി വൃഷ്ട്യൈ ത്വോപനഹ്യാമീ-ത്യാഹ വൃഷാവാ അശ്വോ വൃഷാപർജന്യഃ കൃഷ്ണഇവ ഖലുവൈ ഭൂത്വാവർഷതി രൂപേണൈവൈനഗ്ംസമർധയതി വർഷസ്യാ-വരുദ്ധ്യൈ ॥

അത്ഥം—

(ഈ പ്രപാഠകത്തിൽ ഏഴാമത്തെ അനുവാകൃത്തിൽ പറഞ്ഞ മന്ത്രങ്ങളുടെ ബ്രാഹ്മണം.)

"മാരുതമസിമരുതാമോജഃ" എന്ന മന്ത്രം ചൊല്ലി കറുത്ത കരയുള്ള കറുത്ത വസ്ത്രം ധരിക്കുന്നു. ഈ കറുത്ത നിറം മഴയുടെ രൂപമാണ്. മഴയ്ക്ക് തുല്യമായ വണ്ണത്തോട്ടു കൂടിയവനായി മേഘത്തെക്കൊണ്ടു മഴ പെയ്യിക്കുന്നു. "രമയതമരുതഃ ശ്യേന മായിനം" എന്ന മന്ത്രം ചൊല്ലി പടിഞ്ഞാറൻ കാററിനെ തടഞ്ഞുവെയ്ക്കുന്നു. മഴ പെയ്യുന്ന തിനു് വേണ്ടി കിഴക്കൻ കിററിനെത്തന്നെ ഉണ്ടാക്കുന്നു.

വായുവിന്റെ പേരുകൾ പറഞ്ഞു് ഹോമം കഴിക്കുന്നു. വായുതന്നെയാണു് മഴ പെയ്യിക്കാൻ ശക്തൻ ആകുന്നതു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തൻെറ ഭാഗം സമപ്പിച്ചതു കൊണ്ടു് യജമാനൻ വായു_ വിനെത്തന്നെ സമീപിക്കുന്നു. ആ വായുതന്നെ യജമാനനു് വേണ്ടി മഴ പെയ്യിക്കുന്നു. വായുവിൻെറ എട്ടു നാമങ്ങരം ചൊല്ലി ഹോമിക്കുന്നു. നാലുദിക്കുകളാണുള്ളതു് വിദിക്കുകരം നാലാണു്. ഇപ്രകാരം ചെയ്യുന്നതുകൊണ്ടു് എല്ലാദിക്കുകളിൽ നിന്നും മഴപെയ്യിക്കുന്നു.

കൃഷ്ണാജിനത്തിൽ ധാന്യം പൊടിക്കുന്നു. അപ്രകാരം ചെയ്യുന്നതു് ഹവിസ്സു് പാകം ചെയ്യുന്നതുതന്നെയാണു്. ഇഷ്ടലാഭത്തിനു് വേണ്ടി വേദിക്കു് അകത്തു് തന്നെധാ_ ന്യം പൊടിക്കുന്നു.

വേദാന്താഭ്യസനം ഇല്ലാതെ നിത്യകമ്മം ഉപേക്ഷിച്ചു് യതികളായിത്തീർന്നവർ കാട്ടിലുള്ള പട്ടികളാൽ ഭക്ഷി_ ക്കപ്പെട്ടു. അപ്പോരം അവരുടെ ശിരസ്സുകരം താഴെവീണു. അവ ഖർജ്ജൂരവൃക്ഷങ്ങളായി ഭവിച്ചു. ആഖർജ്ജൂര വൃക്ഷ. ത്തിൻെറ ഫലങ്ങളുടെ രസം മേൽപോട്ടുവീണു. അവ കരീരങ്ങളായിത്തീർന്നു. കരീരം സോമലതയ്ക്കു തുല്യ- മാണു്. സോമരസത്തിനു് തുല്യമായ പദാത്ഥങ്ങളുടെ ആഹുതി മഴ പെയ്യിക്കുന്നു. കരീരം ഹോമിക്കുന്നതിനാൽ സോമരസം ഹോമിച്ചതിനു് തുല്യമായി. അതുകൊണ്ടു് ആകാശത്തിൽനിന്നു് മഴ കിട്ടുന്നു (വേദാന്താഭ്യസനം ഇല്ലാതെ നിത്യകമ്മം ഉപേക്ഷിച്ചു് സന്യാസി വേഷം സ്വീകരിച്ച ആളുകളെ ഇന്ദ്രൻ കാട്ടിലുള്ള പട്ടികരംക്കു ആഹാരമാക്കിത്തീർത്തു എന്നു് പ്രസിദ്ധി).

ഖർജ്ജൂരത്തിൻെറ മാവു് തേനിൽ കുഴയ്ക്കുന്നു. തേൻ ജല- ത്തിൻെറയും ഓഷധികളുടേയും സാരാംശം ആണു്. തേനു- ള്ളതായ ഓഷധികളിൽ നിന്നുതന്നെ തേൻ എടുക്കുന്നതു കൊണ്ടു് മഴ പെയ്യുന്നു കൂടാതെ ഓഷധികളുടെ ജലരൂ- പത്തിലുള്ള സാരാംശം ആയതുകൊണ്ടു് മഴ പെയ്യിക്കുന്നു.

"മാന്ദാവാശാ" ഇത്യാദി മന്ത്രം ചൊല്ലി മാവു് തേനിൽ കുഴയ്ക്കുന്നു. ജലത്തെ അതിൻെറ പേരുകരം പറഞ്ഞു് വിളി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്കന്നു. അതുകൊണ്ടു് ഏതെങ്കിലും ഒരാളിനെ പേരു പറഞ്ഞു് വിളിക്കുന്നതുപോലെ ജലത്തെ അവയുടെ പേരു പറഞ്ഞു് അവ ഇരിക്കുന്ന സ്ഥലത്തു നിന്നും സ്വസമീപത്തേക്കു് ആനയിക്കുന്നു.

"വൃഷ്ണോഽശ്വസ്യസന്ദാനമസി വൃഷ്ട്യൈത്വോപനഹ്യാമി" എന്ന മന്ത്രം ചൊല്ലുന്നു. അശ്വം സേചന സമർത്ഥമായിരിക്കുന്നതുപോലെ മേഘവും ഭൂമിയെ സേചനം ചെയ്യുന്നു. മേഘം കറുത്ത നിറമായിട്ടാണല്ലോ വർഷിക്കുന്നതു്. കറുത്ത നിറമുള്ള കയറുകൊണ്ടു് യജമാനൻ മേഘത്തെ സമൃദ്ധം ആക്കുന്നു. അതു മഴ ധാരാളം ലഭിക്കാൻ കാരണം ആകുന്നു.

ഇതിനവമോഽനുവാകഃ

അഥദശമോഽനുവാകഃ (ബ്രാഹ്മണം)

സംഹിതാ—

ദേവാവസവ്യാ ദേവാഃ ശർമണ്യാഃ ദേവാ! സപീതയ ഇത്യാബധ്നാതി ദേവതാഭിരേവാന്വഹം വൃഷ്ടിമിച്ഛതി-യദിവർഷോത്താവത്യേവഹോതവ്യംയദിന വർഷേത്ശ്വോ-ഭൂതേഹവിർനിർവപേദഹോരാത്രേവൈ മിത്രാവരുണാവഹോ-രാത്രാഭ്യംഖലുവൈപർജന്യോവർഷതിനക്തംവാഹി ദിവാവാ-വർഷതി മിത്രാവരുണാവേവസ്വേന ഭാഗധേയേനോപധാവതി താവേവാസ്മൈ അഹോരാത്രാഭ്യാംപർജന്യംവർഷയതോഽഗ്ന-യേധാമച്ഛദേ പുരോഡാശമഷ്ടാകപാലം നിർവപേന്മാരുതം സപ്തകപാലഗ്ഗും സൗർയമേകകപാലമഗ്നിർവാ ഇതോ വൃഷ്-ടിമുദീരയതി മരുതഃ സൃഷ്ടാം നയന്തി യദാഖലുവാ അസാ-വാദിത്യോന്യങ്രശ്മിഭിഃ പർയാവർതതേഽഥ വർഷതിധാമ-ച്ഛദിവ ഖലുവൈഭൂത്വാ വർഷത്യേതാവൈ ദേവതാ വൃഷ്ട്യാ ഈശതേ താ ഏവസ്വേന ഭാഗധേയേനോപധാവതി താ ഏവാസ്മൈ പർജന്യം വർഷയന്ത്യുതാവർഷിഷ്യൻ വർഷ-ത്യേവ സൃജാവൃഷ്ടിം ദിവ ആദ്ഭിഃ സമുദ്രം പൃണേത്യാഹേ-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മാമൈയ്യേവാമൃശ്ചാപഃ സമർധയത്യഥോ ആദിവോമൂരത്ത്യൈത്യ-
ബ്ജാഅസീപ്രഥമജാബലമസി സമുദ്രിയമിത്യാഹയഥായജ്ഞ-
രേവൈതദ്ദന്നംഭയേപൃഥിവീമിതിവർഷാഹവാംജ്ജഹോത്യേഷാ-
വാ ഓഷധീനാം വൃഷ്ടിവനിസ്തയൈവ വൃഷ്ടിമാച്യാവയതി
യേദേവാദിവി ഭാഗാഇതി കൃഷ്ണാജിനമവധുനോതീമഏവാസ്-
മൈ ലോകാഃ പ്രീതാഃ അഭീഷ്ടാഭവന്തി !!

അത്ഥം:—

(ഈ പ്രപാഠകത്തിൽ ഏഴാമത്തെ അനുവാകത്തിൽ ഉത്ത രാർധത്തിൽ പറഞ്ഞ മന്ത്രങ്ങളുടെ ബ്രാഹ്മണം.)

"ദേവാ വസവ്യാഃ ശർമണ്യാ ദേവാ സപിതയഃ" എന്ന മന്ത്രംചൊല്ലി കൃഷ്ണാജിനം കെട്ടിത്തൂക്കുന്നു. ദേവന്മാ-രുടെ അനുഗ്രഹം കൊണ്ടുതരന്ന എല്ലാ ദിവസവും മഴപെ-യ്യണം എന്നു് ആഗ്രഹിക്കുന്നു. മാവു്കെട്ടിത്തൂക്കുമ്പോൾ മഴപെയ്യുകയാണെങ്കിൽ മാവുരുളകൾമാത്രം ഹോമിച്ചാൽ മതിയാകും. മഴ പെയ്യുന്നില്ലെങ്കിൽ പിറേറ ദിവസം ഹവിസ്സു് ഉണ്ടാക്കി ഹോമിക്കണം.

മിത്രാവരുണന്മാർ പകലും രാത്രിയും ആണു്. മേഘം പകലും രാത്രിയും മഴ പെയ്യുന്നുണ്ടല്ലോ. രാത്രിയോ പക-ലോ വർഷിക്കുന്നു. തൻെറ ഭാഗം സമപ്പിച്ചതുകൊണ്ടു് യജമാനൻ മിത്രാവരുണന്മാരെ തന്നെ സമീപിക്കുന്നു. ആ മിത്രാവരുണന്മാർ യജമാനനു് വേണ്ടി പകലും രാത്രി യും മേഘത്തെക്കൊണ്ടു് മഴപെയ്യിക്കുന്നു. ധാമശബ്ദോ-പേതമായ യാജ്യാനുവാക്യാ മന്ത്രങ്ങൾ കൊണ്ടു് സ്തുതിക്ക-പ്പെടുന്ന അഗ്നിയെ ഉദ്ദേശിച്ചു് എട്ടു പാത്രത്തിൽ പാകം ചെയ്ത പുരോഡാശവും മരുത്തുകളെ ഉദ്ദേശിച്ചു് ഏഴപാത്ര-ത്തിൽ പാകം ചെയ്ത പുരോഡാശവും സൂര്യനെ ഉദ്ദേശി-ച്ചു് ഒരു പാത്രത്തിൽ പാകം ചെയ്ത ഹവിസ്സും സമപ്പിക്ക-ണം. അഗ്നിയാണു് മഴ ഉത്പാദിപ്പിക്കുന്നതു് (അഗ്നി-യിൽ ഹോമിക്കുന്ന ഹവിസ്സു് ആദിത്യമണ്ഡലത്തിൽ എത്തി മഴയായി പരിണമിക്കുന്നു എന്നു് ശ്രുതി) വായു അഗ്നിയാൽ ഉത്പാദിതമായ മേഘത്തെ ഇഷ്ട ദേശത്തി-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ലേക്കു് നയിക്കുന്നു. ആദിത്യൻ അതിതീവ്രമായ രശ്മികളോട്ടുകൂടി ചുററും സഞ്ചരിക്കുന്ന അവസരത്തിൽ മഴപെയ്യുന്നു. മേഘങ്ങളാൽ ഗൃഹാദികളെ ആച്ഛാദനം ചെയ്തുകൊണ്ടു് മഴപെയ്യുന്നു. ഈ ദേവതകൾ (അഗ്നി, വായു, ആദിത്യൻ) മഴപെയ്യിക്കാൻ സാമർത്ഥ്യം ഉള്ളവർ ആകുന്നു. അവരുടെ ഭാഗം സമർപ്പിച്ചതുകൊണ്ടു് യജമാനൻ ആ ദേവതകളെ സമീപിക്കുന്നു. ആ ദേവതകൾ തന്നെ യജമാനനു് വേണ്ടി മേഘത്തെക്കൊണ്ടു് മഴപെയ്യിക്കുന്നു. മേഘം വർഷിക്കാതിരിക്കുന്നു എങ്കിൽ ഈ ദേവതകളുടെ പ്രേരണയാൽ മഴപെയ്യും.

"സൃജാവൃഷ്ടിം ദിവഃ അദ്ഭിഃ സമുദ്രം പൃണ" എന്ന മന്ത്രം ചൊല്ലുന്നു. അതുകൊണ്ടു് ഭൂലോകത്തിലുള്ള വെള്ളവും സ്വർഗ്ഗസ്ഥിതമായ വെള്ളവും വർദ്ധിക്കുന്നു. ഭൂലോകത്തിലുള്ള വെള്ളംകൊണ്ടു് സ്വർഗ്ഗസ്ഥമായജലം ലഭിക്കാൻ ആഗ്രഹിക്കുന്നു.

"അബ്ജാ ƒസി പ്രഥമജാബലമസി സമുദ്രിയം" എന്ന മന്ത്രം ചൊല്ലുന്നു. ഈ മന്ത്രം അതിൽ പ്രതിപാദിച്ച ഫലം തരുന്നതാണു്.

"ഉന്നംഭയപൃഥ്വി വീം" എന്ന മന്ത്രംചൊല്ലി പുനർനവ (തമിഴാമ എന്ന ഓഷധി) ഹോമിക്കുന്നു. ഇതു് തന്നെയാണു്. ഓഷധികളിൽ വർഷജലം ധാരാളമായി സ്വീകരിക്കുന്നതു്. ആ ഓഷധികൊണ്ടുതന്നെ മഴപെയ്യിക്കുന്നു.

"യേദേവാദിവിഭാഗാ" എന്ന മന്ത്രംചൊല്ലി കൃഷ്ണാജിനം എടുത്തു കുടയുന്നു. അപ്രകാരം ചെയ്യുന്നതുകൊണ്ടു് ഈ ദേവന്മാർ സന്തുഷ്ടരായി യജമാനനു് അഭീഷ്ടം സാധിച്ചുകൊടുക്കുന്നു.

ഇതിദശമോ ƒ നുവാകഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഥഏകാദശോ/നുവാകഃ (ബ്രാഹ്മണം)

സംഹിതാ—

സർവാണിഛന്ദാംസ്യേതസ്യാമിഷ്ട്യാ മന്വൃച്യാനീത്യാഹുസ്ത്രിഷ്ടുഭോവാ ഏതദ്വീർയംയത്കകുദ്ദുഷ്ണിഹാജഗത്യൈ യദ്ദുഷ്ണിഹകകുഭാവന്വാഹതേ നൈവ സർവാണിഛന്ദാംസ്യവരുന്ധേഗായത്രീവാ ഏഷായദ്ദുഷ്ണിഹായാനിചത്വാർയധ്യക്ഷരാണി ചതുഷ്പാദ ഏവ തേപശവോ യഥാപുരോഡാശേ പുരോഡാശോ / ധ്യേവമേതതദ് യദൃച്യധ്യക്ഷരാണി യജ്ജഗത്യാപരിദധ്യാന്തം യജ്ഞംഗമയേത്ത്രിഷ്ടുഭാപരിദധാതീന്ദ്രിയം വൈവീർയം ത്രിഷ്ടുഗിന്ദ്രിയ ഏവ വീർയേ യജ്ഞം പ്രതിഷ്ഠാപയതിനാന്തം ഗമയത്യഗ്നേത്രിതേ വാജിനാ ത്രിഷധസ്ഥതിത്രിവത്യാ പരിദധാതി സത്രൂപത്വായ സർവോവാഏഷയജ്ഞോയത് ത്രൈധാതവീയം കാമായകാമായ പ്രയുജ്യതേ സർവ്വേഭ്യോഹികാമേഭ്യോയജ്ഞഃ പ്രയുജ്യതേ ത്രൈധാതവീയേനയജേതാ / ഭിചരൻ സർവ്വോവൈ ഏഷയജ്ഞോയത് ത്രൈധാതവീയഗ്ഗ്ം സർവേണൈവൈനം യജ്ഞേനാഭിചരതി സ്തൃണുത ഏവൈനമേതയൈവയജേതാഭിചർയമാണഃ സർവോവാ ഏഷയജ്ഞോയത് ത്രൈധാതവീയഗ്ഗ്ം സർവ്വേണൈവ യജ്ഞേന യജതേ നൈനമഭിചരൻ സ്തൃണുതഏതയൈവയജേത സഹസ്രേണയക്ഷ്യമാണഃ പ്രജാതമേവൈനദ് ദദാത്യേതയൈവ യജേതസഹസ്രേണേജാനോന്തംവാ ഏഷപശൂനാംഗച്ഛതി യഃ സഹസ്രേണയജതേ പ്രജാപതിഃ ഖലുവൈ പശൂനസൃജതതാംസ്ത്രൈധാതവീയേനാസൃജത യ ഏവം വിദ്വാഗ്ംസ്ത്രൈധാതവീയേന പശുകാമോ യജതേ യസ്മാദേവയോനേഃ പ്രജാപതിഃ പശൂനസൃജത തസ്മാദേവൈനാൻ സൃജതഉപൈനമുത്തരഗ്ഗ്ംസഹസ്രം നമതിദേവതാഭ്യോവാഏഷ ആവൃശ്ച്യതേ യോ യക്ഷ്യഇത്യുക്ത്വാ നയജതേ ത്രൈധാതവീയേനയജേത സർവോവാഏഷയജ്ഞഃയത്ത്രൈധാതവീയഗ്ഗ്ംസർവേണൈവ യജ്ഞേനയജതേ ന ദേവതാഭ്യആവൃശ്ച്യതേ ദ്വാദശ കപാലഃ പുരോഡാശോഭവതി തേ ത്രയശ്ചതുഷ്കപാലാസ്ത്രിഷ്ഷമൃദ്ധത്വായത്രയഃ പുരോഡാശാഭവന്തിത്രയഇമേലോകാഏഷാം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ലോകാനാമാപ്ത്യാ ഉത്തര ഉത്തരോജ്യായാൻ ഭവത്യേവമിവ-
ഹിമേലോകായവമയോമധ്യ ഏതദ്വൊ അന്തരിക്ഷസ്യരൂപ-
ഗ്ഗംസമൃദ്ധ്യൈ സർവേഷാമഭിഗമയന്നവദ്യത്യപ്ലംബട്കാരഗ്ഗം-
ഹിരണ്യംദദാതിദതജ ഏവാവരുന്ധേതാർപ്യംദദാതിപശ്രുനേ-
വാവരുന്ധേധേനം ദദാത്യാശിഷ ഏവാവരുന്ധേസാമ്നോവാ-
ഏഷവർണോയദ്ധിരണ്യം യജുഷാംതാർപ്യമുക്ഥാമദാനാം-
ധേനരേതാവാനേവസർവാൻവർണാനവരുന്ധേ ।;

അത്ഥം—

ഈ അനുവാകത്തിൽ ത്രൈധാതവീയേഷ്ടിയെപററി വിവരിക്കുന്നു.

''ത്രൈധാതവീയം'' എന്ന യാഗത്തിൽ എല്ലാ ഛന്ദസ്സുകളും (എല്ലാ ഛന്ദസ്സിലും ഉള്ള മന്ത്രങ്ങൾ) പറയേണ്ടതാണ് എന്നു് പറയുന്നു. ''കകുപ്'' ഛന്ദസ്സ് ത്രിഷ്ടുപ് ഛന്ദസ്സിൻെറ സാരാംശം ആണ്. ഉഷ്ണിഗ് ഛന്ദസ്സ് ജഗതീഛന്ദസ്സിൻെറ സാരാംശം ആണ്. ഉഷ്ണിക് ഛന്ദസ്സും കകുപ് ഛന്ദസ്സും പറയുന്നതുകൊണ്ടു് എല്ലാ ഛന്ദസ്സുകളേയും പ്രീണിപ്പിക്കുന്നു.

ഉഷ്ണിക്ഛന്ദസ്സ് എന്നു പറയുന്നതു് ഗായത്രി ഛന്ദസ്സു തന്നെയാണ്. ഉഷ്ണിക് ഛന്ദസ്സിൽ ഗായത്രീഛന്ദസ്സിനെക്കാൾ കൂടുതലുള്ള നാലക്ഷരം നാലുകാലുള്ള പശുക്കളുടെ രൂപം തന്നെയാണ്. ഒരു പാത്രത്തിൽ പാകം ചെയ്തു വെച്ചിരിക്കുന്ന പുരോഡാശത്തിൽ മററൊരുപ്പാത്രത്തിലുള്ള പുരോഡാശം കൂടി ചേക്കുന്നതുപോലെതന്നെയാണ് ഉഷ്ണിക്ഛന്ദസ്സിലുള്ള മന്ത്രത്തിൽ ഗായത്രി ഛന്ദസ്സിലുള്ള മന്ത്രങ്ങൾ കൂട്ടിച്ചേക്കുന്നതു്.

ജഗതിഛന്ദസ്സുകൊണ്ടു് യാഗം അവസാനിപ്പിക്കുകയാണെങ്കിൽ അതു് യാഗം നശിപ്പിക്കും. ത്രിഷ്ടുപ് ഛന്ദസ്സിലുള്ള മന്ത്രം ചൊല്ലി യാഗം സമാപ്തിയാക്കുന്നു. ത്രിഷ്ടുപ് ഛന്ദസ്സ് ഇന്ദ്രിയശക്തി നൽകുന്നതു്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആകുന്നു. ഇന്ദ്രിയശക്തി ആകുന്ന സാമർത്ഥ്യത്തിൽ യാഗത്തെ പ്രതിഷ്ഠിക്കുന്നും യാഗത്തെ നശിപ്പിക്കുന്നുമില്ല. സാരൂപ്യത്തിന് വേണ്ടി "അഗ്നേത്രീതേവാജിനാത്രീ-പധസ്ഥാ" എന്ന മന്ത്രം ചൊല്ലി യാഗം അവസാനിപ്പിക്കുന്നു, (ത്രൈധാതവീയ യാഗം ആയതുകൊണ്ട് "ത്രി" ശബ്ദം ആവർത്തിച്ചുവരുന്ന മന്ത്രം ചൊല്ലുന്നത് സാരൂപ്യം)

"ത്രൈധാതവീയം" എന്നു പേരുള്ള ഈ യാഗം സർവ്വയജ്ഞമാണ്. എന്തുകൊണ്ടെന്നാൽ ഈ യാഗം എല്ലാ ആഗ്രഹങ്ങളും സാധിക്കുന്നതിന് വേണ്ടി നടത്തപ്പെടുന്നു.

ശത്രുവിന് ആഭിചാരം ചെയ്യണം എന്ന് ആഗ്രഹിക്കുന്നവൻ ത്രൈധാതവീയം എന്ന യാഗം നടത്തണം. എന്തെന്നാൽ ഈ യാഗം സർവ്വവും ആണ്, ത്രൈധാതവിയ യാഗം നടത്തുന്നതു് എല്ലാ യാഗവും നടത്തുന്നതിന് തുല്യമാണ്. മററാരെങ്കിലും ആഭിചാരം ചെയ്താലും ത്രൈധാതവീയ യാഗം നടത്തുന്നവന് ഹിംസ ഉണ്ടാവുകയില്ല. സഹസ്രദക്ഷിണ നൽകി യാഗങ്ങൾ നടത്തണം എന്ന് ആഗ്രഹിക്കുന്നവൻ അതിന് വേണ്ട ധനം ലഭിക്കാൻ ഈ യാഗം തന്നെ നടത്തണം. ഈ യാഗം യജമാനന് ധാരാളം ധനം നേടിക്കൊടുക്കുന്നു.

ആയിരം പശു ദക്ഷിണ നൽകി യാഗം നടത്തുന്നവൻ ഈ യാഗം തന്നെ നടത്തണം. യാഗത്തിൽ ആയിരം പശു ദക്ഷിണ നൽകുന്നവന് പശുക്കൾ ഒന്നും ശേഷിക്കുകയില്ല പ്രജാപതിയാണല്ലോ പശുക്കളെ സൃഷ്ടിച്ചതു് ത്രൈധാതവീയയാഗം നടത്തിയാണ് പ്രജാപതി അവയെ സൃഷ്ടിച്ചതു്. തനിക്ക് ധാരാളം പശുക്കൾ ഉണ്ടാകണം എന്ന് ആഗ്രഹിക്കുന്നവൻ ഇതു മനസ്സിലാക്കി ത്രൈധാതവീയ യാഗം നടത്തണം. പ്രജാപതിയാതൊ-ന്നുകൊണ്ട് പശുക്കളെ സൃഷ്ടിച്ചുവോ ആ മാർഗ്ഗത്തിൽകൂ-ടിത്തന്നെ യജമാനൻ പശുക്കളെ സമ്പാദിക്കുന്നു. യജ-മാനന് വീണ്ടും ആയിരം പശുക്കൾ ലഭിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യാതൊരുത്തൻ യാഗം കഴിക്കാം എന്നു് സങ്കൽപിച്ചിട്ടു് യാഗം കഴിക്കുന്നില്ലയോ അവൻ ദേവതകൾക്കു് ദ്രോഹമാണു് ചെയ്യുന്നതു്. അതിനു് പ്രായശ്ചിത്തമായി ത്രൈധാതവീയ യാഗം നടത്തേണ്ടതാണു്. ത്രൈധാതവീയം എന്ന യാഗം നടത്തുന്നതു് നിമിത്തം എല്ലാ യാഗവും നടത്തിയാൽ ലഭിക്കുന്ന ഫലം ലഭിക്കും. ദേവതകൾക്കു് ദോഷം ചെയ്യുന്നതായും ഭവിക്കുന്നില്ല. ത്രൈധാതവീയ യാഗത്തിനു് പന്ത്രണ്ടു് പാത്രത്തിൽ പാകം ചെയ്ത പുരോഡാശമാണു് വേണ്ടതു്. ആ പന്ത്രണ്ട പാത്രം നാലു പാത്രം വീതമുള്ള മൂന്നു് സമൂഹമായിട്ടുവേണം. ഇപ്രകാരം ചെയ്യുന്നതുകൊണ്ടു് യജമാനനു് മൂന്നു് പ്രാവശ്യം സമൃദ്ധി ഉണ്ടാകുന്നു. മൂന്നു് ലോകങ്ങൾ ആണുള്ളതു്. ഈ ലോകങ്ങൾ കിട്ടുന്നതിനു് വേണ്ടി നാലു പാത്രം വീതമുള്ള മൂന്നു് പുരോഡാശം സമർപ്പിക്കുന്നു.

പുരോഡാശങ്ങളിൽ ആദ്യത്തേതിനെക്കാൾ രണ്ടാമത്തേതും അതിനെക്കാൾ മൂന്നാമത്തേതും ശ്രേഷ്ഠമായിരിക്കണം. ഈ ലോകങ്ങൾ(ഭൂമി-അന്തരീക്ഷം-സ്വർഗ്ഗം ഇപ്രകാരം തന്നെയാണല്ലോ ?

മദ്ധ്യത്തിൽ സമർപ്പിക്കുന്ന പുരോഡാശം യവം പാകം ചെയ്തതായിരിക്കണം. ഇതു് അന്തരീക്ഷത്തിൻെറ രൂപമാണു്. അതു് സമൃദ്ധിക്കു് കാരണം ആണു്. "അച്ഛംബട്" എന്നു് ചൊല്ലിക്കൊണ്ടു് എല്ലാ പാത്രത്തിലും പാകം ചെയ്തു വെച്ചിരിക്കുന്ന പുരോഡാശം കൈകൊണ്ടു് തൊടുന്നു.

ത്രൈധാതവീയ യാഗത്തിനു് സ്വർണ്ണം ദക്ഷിണയായി നൽകുന്നു. അതുകൊണ്ടു് യജമാനനു് തേജസ്സു് ലഭിക്കുന്നു. നെയ്യിൽ മുക്കിയ വസ്ത്രം ദക്ഷിണയായി നൽകുന്നു. അതുകൊണ്ടു് യജമാനനു് പശുക്കൾ ലഭിക്കുന്നു. പശുവിനേയും ദക്ഷിണയായി നൽകുന്നു. അതുകൊണ്ടു് യജമാനൻെറ ആഗ്രഹങ്ങൾ സാധിക്കുന്നു, സ്വർണത്തിൻെറ നിറം സാമവേദത്തിൻെറ നിറമാണു്, നെയ്യിൽ മുക്കിയ വസ്ത്രത്തിൻെറ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നിറം യജ്ജുർവേദത്തിൻെറ നിറമാണ്. ഋക്കുകളുടെനിറ-മാണ് ധേനുവിനുള്ളത്. യജമാനന് ഈ നിറങ്ങളെല്ലാം ലഭിക്കുന്നു.

ഇതിഏകാദശോ *f* നുവാകഃ

അഥദ്വാദശോ*f*നുവാകഃ (ബ്രാഹ്മണം)

സംഹിതാ—

ത്വഷ്ടാഹതപുത്രോ വീന്ദ്രഗ്ഗംസോമമാഹരത്തസ്മിന്നിന്ദ്ര-ഉപഹവമൈച്ഛത തം നോ പാഹ്വയത പുത്രം മേ*f*വധീരിതി സയജ്ഞവേശസംകൃത്വാ പ്രാസഹാസോമമപിബത്തസ്യ യദ-ത്യശിഷ്യതതത്ത്വഷ്ടാ *ff* ഹവനിയമുപ പ്രാവർതയത്സ്വാഹേ-ന്ദ്രശത്രുർവർധസ്വേതി സ യാവദൂർധ്വഃ പരാവിധ്യതിതാ-വതിസ്വയമേവ വ്യരമത യദിവാതാവത്പ്രവണം ആസീദ്യ-ദിവാ താവദധ്യഗ്നേരാസീത്സസംഭവന്നഗ്നിഷോമാവഭി-സമഭവത്സ ഇഷുമാത്രമിഷുമാത്രം വിഷ്വങ്ങ്വർധത സഇമാം-ല്ലോകാനവൃ ണോദ്യഭിമാംല്ലോകാനവൃണോത്തത് വൃത്രസ്യവൃ-ത്രത്വം തസ്മ്യദിന്ദ്രോ *f* ബി ഭേദപിതാത്വഷ്ടാതസ്മൈത്വഷ്ടാ വജ്രമസിഞ്ചത്തപോവൈ സവജ്ര ആസിത്തമുദ്യന്തും നാശക്-നോദഥ വൈതർഹിവിഷ്ണുഃ അന്യാദേവതാ *ff* സീത്സോ ബ്രവീദ് വിഷ്ണവേഹീദമാഹരിഷ്യാവോയേനായമിദമിതിസ വിഷ്ണുസ്ത്രേധാത്മാനം വിന്യധത്ത പൃഥിവ്യാം തൃതീയമന്ത-രിക്ഷേതൃതിയം ദിവിതൃതിയമഭിപര്യാവർതാദ്ധ്യ ബിഭേദ്യ-ത്പൃഥിവ്യാം തൃതീയമാസിത്തേനേന്ദ്രോവജ്രമുദയച്ഛദ്വിഷ്-ണ്വനുസ്ഥിതഃ സോ *f* ബ്രവീന്മാമേ പ്രഹാരാസ്തിവാ ഇദംമയി വീര്യം തത്തേദാസ്യാമിതി തദസ്മൈ പ്രായച്ഛത്തത് പ്രത്യ-ഗൃഹ്ണദധാമേതി തദ്വിഷ്ണവേ *f* തി പ്രായച്ഛത്തദ്വിഷ്-ണുഃ പ്രത്യഗൃഹ്ണാദസ്മാസ്വിന്ദ്ര ഇന്ദ്രിയം ദധാത്വിതിയദ-ന്തരിക്ഷേതൃതീയമാസിത്തേനേന്ദ്രോവജ്ര മുദയച്ഛദ്വിഷ്ണ്വനു-സ്ഥിതഃ സോ *f* ബ്രവിന്മാമേ പ്രഹാരസ്തിവാ ഇദംമയിവീര്യം തത്തേ പ്രദാസ്യാമീതിതദസ്മൈ പ്രായച്ഛത്തത് പ്രത്യഗൃഹ്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ണാദ്ഭിർമാ / ധാഇതിതഭിഷ്ണവേ / തി പ്രായച്ഛത്തഭി ഷ്ണഃപ്രത്യഗൃഹ്ണാദസ്മാസ്വിന്ദ്രഇന്ദ്രിയംദധാതഭിതിയട്ടി- വിതൃതീയമാസിത്തേനേന്ദ്രോ വജ്രമുദയച്ഛദ്ഭിഷ്ണ്വനസ്ഥിതഃ സോ/ബ്രവീന്മാമേ പ്രഹാർയേനാഹ മിദമസ്മിതത്തേ പ്രദാ സ്യാമിതിത്വി/ഇത്യബ്രവീത്സംധാംതുസംഭധാവഹൈ ത്വാമേവ പ്രവിശാനീതിയന്മാം പ്രവിശേഃ കിം മാ ഭുജ്യാ ഇത്യബ്രീ- ത്സംധാംതു സംഭധാവഹൈത്വാമേവ പ്രവിശാനീതി യന്മാം പ്രവിശേഃ കിം മാ ഭുജ്യാ ഇത്യബ്രീവിത്ത്വാമേവേന്ധീയ തവ ഭോഗായ ത്വാംപ്രവിശേയമിത്യബ്രവീത്തം വൃത്രഃപ്രാവിശദ്ദരം വൈവൃത്രഃക്ഷുത്'ഖലുവൈമനുഷ്യസ്യഭ്രാതൃവ്യോയഏവംവേദഹ ന്തിക്ഷുധംഭ്രാതൃവ്യം തദസ്മൈപ്രായച്ഛത്തദ്പ്രത്യഗൃഹ്ണാത് ത്രിർമാ/ധാ ഇതിതഭിഷ്ണവേ/തി പ്രായച്ഛത് വിഷ്ണുഃ പ്രത്യഗൃഹ്ണാദസ്മാസ്വിന്ദ്ര ഇന്ദ്രിയം ദധാതഭിതി യത്ത്രിഃ പ്രായച്ഛത്ത്രിഃ പ്രത്യഗൃഹ്ണാത്തത്ത്രിധാതോ സ്ത്രീധാതുത്വം യദ്ഭിഷ്ണരന്വതിഷ്ഠത വിഷ്ണവേ/തിപ്രായച്ഛത്തസ്മാ- ദൈന്ദ്രാവൈഷ്ണവഗ്ഗുംഹവിർഭവതിയദ്വാ ഇദം കിം ച തദസ്മൈ തത്പ്രായച്ഛദ്ദ ചഃ സാമാനിയ ജൂംഷി സഹസ്രം വാ അസ്മൈ തത്പ്രായച്ഛത്തസ്മാത്സഹസ്രദക്ഷിണം ॥

അത്ഥം—

(ഈ അനുവാകത്തിലും ത്രൈധാതവീയ യാഗത്തെപററി പറയുന്നു)

വധിക്കപ്പെട്ട പുത്രനോട് കൂടിയ ത്വഷ്ടാവ് (ത്വഷ്ടാവിൻെറ പുത്രനെ ഇന്ദ്രൻ വധിച്ചു. അതുകൊണ്ട് ഇന്ദ്രനോട് കോപിച്ചവനായ ത്വഷ്ടാവ്) ഇന്ദ്രന് ഭാഗം നൽകാതെ സോമയാഗം കഴിച്ചു. ആ യാഗത്തിന് തന്നെയും ക്ഷണിക്കണമെന്ന് ഇന്ദ്രൻ ആഗ്രഹിച്ചു. നീ എൻെറ പുത്രനെ കൊന്നു എന്ന് കോപിച്ച് ത്വഷ്ടാവ് ഇന്ദ്രനെ യാഗത്തിന് ക്ഷണിച്ചില്ല ഇന്ദ്രൻ യാഗം നശിപ്പിച്ചു കൊണ്ട് ബലാൽകാരമായി സോമപാനം ചെയ്തു.

ഇന്ദ്രൻ ബലാത്ക്കാരമായി പാനം ചെയ്തതിന് ശേഷം ശേഷിച്ച സോമരസം എടുത്ത് ത്വഷ്ടാവ് ആഹവനീയാ-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗ്നിയിൽ "സ്വാഹേന്ദ്രശത്രുർവർധസ്വ" എന്ന മന്ത്രം ചൊല്ലി ഹോമം ചെയ്തു, ത്വഷ്ടാവിനാൽ ആഹുതി ചെയ്യപ്പെട്ട അഗ്നി യജമാനന്റെ ശത്രുവിനെ ഹിംസിക്കാനായി ജ്വാലയോടുകൂടി മേൽപോട്ടു പൊങ്ങിയ അവസരത്തിൽ തന്നെ സ്വയം ജ്വാലകൾ നശിച്ചു. വർദ്ധിച്ച അഗ്നിജ്വാലകൾ ശമിച്ചു എങ്കിലും അഗ്നിയിൽ നിന്നുണ്ടായ പുരുഷൻ അഗ്നിയേയും സോമനേയും വാസ്തുകത്താക്കി പല്ലുകൊണ്ടു് കടിച്ചു.

അഗ്നിയിൽനിന്നുത്ഭവിച്ച പുരുഷൻ ഒരു ബാണം പോകുന്ന ദൂരം നാലുവശത്തും വളർന്നു. ആ പുരുഷൻ ഈ ലോകങ്ങളെ ആവരണം ചെയ്തു. അതുകൊണ്ടു് തന്നെയാണു് അവനെ വൃത്രൻ എന്നു് വിളിച്ചതും.

ആ വൃത്രനെ കണ്ടതുകൊണ്ടു് ഇന്ദ്രനും ത്വഷ്ടാവും പേടിച്ചു. ഇന്ദ്രനു് വേണ്ടിത്വഷ്ടാവു് മന്ത്രപൂതമായ ജലംകൊണ്ടു് വജ്രായുധം പ്രക്ഷാളനം ചെയ്തു. വജ്രായുധം തപഃശക്തിയോടുകൂടിയതായിതീർന്നു. ആ വജ്രായുധം പൊക്കുന്നതിനു് ഇന്ദ്രൻ ശക്തനായില്ല അപ്പോൾ വിഷ്ണു എന്നു പേരുള്ള മറെറാരു ദേവത അവിടെ ഉണ്ടായിരുന്നു. ഇന്ദ്രൻ പറഞ്ഞു "വൃത്രാസുരൻ യാതൊരു വിധത്തിലുള്ള വീർയത്തോടുകൂടിയിരിക്കുന്നുവോ അപ്രകാരമുള്ള വീർയത്തോടുകൂടിയതാണു് ഈ വജ്രായുധം. ഹേവിഷ്ണു! വന്നാലും നമുക്കു് ഈ വൃത്രനെകൊല്ലാം"

വൃത്രൻ എല്ലാസ്ഥലത്തും വ്യാപിച്ചിരുന്നതുകൊണ്ടു് ഇന്ദ്രൻ പേടിച്ചു. ഇന്ദ്രന്റെ ഭയം മാറുന്നതിനു് വേണ്ടി ആ വിഷ്ണു സ്വയം മൂന്നായി പിരിഞ്ഞു് മൂന്നു സ്ഥലത്തു് വ്യാപിച്ചു, മൂന്നായി പിരിഞ്ഞതിൽ ഒരു ഭാഗം ഭൂമിയിലും ഒരു ഭാഗം അന്തരീക്ഷത്തിലും ഒരു ഭാഗം സ്വർഗ്ഗത്തിലും ആയി വ്യാപിച്ചു. ഭൂമിയിൽ വിഷ്ണുവിന്റെ യാതൊത ഭാഗം ഉണ്ടായിരുന്നുവോ അതിന്റെ സഹായത്തോടുകൂടി ഇന്ദ്രൻ വിഷ്ണുവിന്റെ. പുറകിൽ നിന്നുകൊണ്ടു് വജ്രായുധം മേൽപോട്ടു്പൊക്കി. വൃത്രൻ പറഞ്ഞു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''എന്നെ അടിക്കരുതു്. എനിക്കുള്ള വീർയം നിനക്കു തരാം'' എന്നു് വൃത്രൻ തന്റെ വീർയം ഇന്ദ്രനു് കൊടുത്തു ഇന്ദ്രൻ അതു സ്വീകരിച്ചു. ഇന്ദ്രൻ വൃത്രനിൽനിന്നു് സ്വീ-കരിച്ച വീർയം അത്യാദരവോടുകൂടി വിഷ്ണുവിനു് നൽകി. ദേവന്മാരിൽ ഇന്ദ്രൻ ബലവാനായിരിക്കട്ടെ എന്നു് വിചാരിച്ചു് ഇന്ദ്രൻ നൽകിയ വീർയം വിഷ്ണു സ്വീകരിച്ചു. അന്തരീക്ഷത്തിൽ ഉണ്ടായിരുന്ന വിഷ്ണുവിന്റെ ശരീരാംശത്തിന്റെ സഹായത്തോടുകൂടി വിഷ്ണുവിന്റെ പുറകിൽനിന്നു കൊണ്ടു. ഇന്ദ്രൻ വജ്രായുധം മേൽപോട്ടു് പൊക്കി അപ്പോഠം വൃത്രൻ ഇന്ദ്രനോടു് പറഞ്ഞു— ''എന്നെ അടിക്കരുതു്. എന്റെ വീർയം നിനക്കു തരാം'' എന്നു് ഇന്ദ്രൻ അതു സ്വീകരിച്ചു് അത്യാദരവോടുകൂടി വിഷ്ണുവിനു് കൊടുത്തു വിഷ്ണു അതു സ്വീകരിച്ചു.

ദ്യോവിൽ ഉണ്ടായിരുന്ന വിഷ്ണുശരീരത്തിന്റെ സഹായത്തോടുകൂടി വിഷ്ണുവിന്റെ പുറകിൽ നിന്നു കൊണ്ടു് ഇന്ദ്രൻ വജ്രായുധം പൊക്കി, അപ്പോഠം വൃത്രൻ പറഞ്ഞു—''എന്നെ അടിക്കരുതു് എനിക്കുള്ള വീർയം നിനക്കു തരാം'' എന്നു് ഇന്ദ്രൻ അതു് അംഗീകരിച്ചു. ''എന്നാൽ നമുക്കു സന്ധി ഉണ്ടാക്കാം. ഞാൻ നിന്റെ ശരീരത്തിൽ പ്രവേശിക്കാം'' എന്നു് വൃത്രൻ പറഞ്ഞു. ''എന്റെ ശരീരത്തിൽ പ്രവേശിച്ചാൽ നീ എന്നെ ഭക്ഷിക്കുകയില്ലേ ?'' എന്നു് ഇന്ദ്രൻ ചോദിച്ചു. ''നിന്നെത്തന്നെ പ്രകാശിപ്പിച്ചു് നിന്റെ സുഖത്തിന്നു് വേണ്ടി നിന്റെ ശരീരത്തിൽ പ്രവേശിക്കാം.'' എന്നു് വൃത്രൻ പറഞ്ഞു. വൃത്രൻ ഇന്ദ്രന്റെ ശരീരത്തിൽ പ്രവേശിച്ചു. വൃത്രൻ ഉദരം ആണു്. വിശപ്പു് മനുഷ്യന്റെ ശത്രുവാണു് ഇതു് അറിയുന്നവൻ തന്റെ ശത്രുവായ വിശപ്പിനെ നശി-പ്പിക്കുന്നു.

വൃത്രൻ തന്റെ വീർയം ഇന്ദ്രനു് കൊടുത്തു. ഇന്ദ്രൻ അതു സ്വീകരിച്ചു. ഇന്ദ്രൻ ''മാഅധാ'' എന്നു പറഞ്ഞു് മൂന്നു്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രാവശ്യം തൻെറ വീർയം വിഷ്ണവിനു് കൊടുത്തു. ‘‘അസ്മാസു ഇന്ദ്രഃ ഇന്ദ്രിയം ദോതു’’ എന്നു് പറഞ്ഞു മൂന്നു് പ്രാവശ്യം വിഷ്ണ ഇന്ദ്രൻെറ ബലം സ്വീകരിച്ചു, മൂന്നു പ്രാവശ്യം കൊടുക്കുകയും മൂന്നു് പ്രാവശ്യം സ്വീകരിക്കുകയും ചെയ്തു. എന്നതുകൊണ്ടു് ത്രൈധാതവിയത്തിനു് ആ നാമം സിദ്ധിച്ചു. (ത്രയോ ധാതവഃ യസ്യ എന്നു് വിഗ്രഹം)

വിഷ്ണു തനിക്കു് അനുകൂലമായി പ്രവർത്തിച്ചു എന്നതുകൊണ്ടു് ഇന്ദ്രൻ അത്യാദരവോടുകൂടി തനിക്കു് കിട്ടിയ വീർയം വിഷ്ണവിനു് നൽകി. എന്നതുകൊണ്ടു് ഈ യാഗത്തിൽ ഇന്ദ്രനേയും വിഷ്ണുവിനേയും ഉദ്ദേശിച്ചു് ഹവിസ്സു് സമർപ്പിക്കുന്നു. അല്ലെങ്കിൽ ഇന്ദ്രനും വിഷ്ണുവിനും മുമ്മൂന്നു പ്രാവശ്യം സമർപ്പിക്കപ്പെടുന്ന ഹവിസ്സു് ഋക് യജുസ്സു് സാമരൂപങ്ങളായി പരിണമിച്ചു. വിഷ്ണവിനു് സഹസ്രഭേദനിമിത്തമായ വീർയമാണു് കൊടുത്തതു്. അതുകൊണ്ടു് ഈ യാഗത്തിനു് ആയിരം സ്വർണനാണയം ദക്ഷിണയായി നൽകേണ്ടതാണു്.

ഇതിദ്വാദശോഽനുവാകഃ

അഥത്രയോദശോഽനുവാകഃ (ബ്രാഹ്മണം)

സംഹിതാ—

ദേവാവൈരാജന്യാത്ജായമാനാദബിഭയുസ്തമന്തരേവസന്തംദാമ്നാഽപൌംഭൻത്സവാഏഷോഽപോബ്ധോജായതേയദ്രാജന്യോയദ്വാഏനോഽനപോബ്ധോ ജായേത വൃത്രാൻഘ്നൻശ്ചരേദ്യം കാമയേത രാജന്യമനപോബ്ധോ ജായേത വൃത്രാൻഘ്നൻശ്ചരേദിതി തസ്മാ ഏതമൈന്ദ്രാബാർഹസ്പത്യംചരും നിർവപേദരൈന്ദ്രോവൈരാജന്യോബ്രഹ്മബൃഹസ്പതിർബ്രഹ്മണൈവൈനംദാമ്നോഽപോംഭ്നാന്മുഞ്ചതിഹിരൺമയംദാമദക്ഷിണാ സാക്ഷാദേവൈനം ദാമ്നോഽപോംഭ്നാന്മുഞ്ചതി ॥

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അത്ഥം—

ദേവന്മാർ ജനിക്കാൻ പോകുന്ന ക്ഷത്രിയരെ (അവർ ഗർഭസ്ഥരായിരിക്കുമ്പോഴം തന്നെ) പേടിച്ചു. ക്ഷത്രിയരെ ഗർഭത്തിൽ വച്ചുതന്നെ കയറുകൊണ്ടു് ബന്ധിച്ചു. ബദ്ധനായ ക്ഷത്രിയൻ പ്രതിബദ്ധമായ ശക്തിയോടുകൂടി ത്തന്നെ ജനിക്കുന്നു. ഈ ക്ഷത്രിയൻ യാതൊരു പ്രതിരോധവും ഇല്ലാത്ത ശക്തിയോടുകൂടി ജനിക്കുക ആണെങ്കിൽ ശത്രുക്കളെ ഹനിച്ചുകൊണ്ടു് സഞ്ചരിക്കും.

അപ്രതിബദ്ധമായ ശക്തിയോടുകൂടി ശത്രുക്കളെ കൊല്ലണമെന്നു് ആഗ്രഹിക്കുന്ന ക്ഷത്രിയൻ ഇന്ദ്രനേയും ബൃഹസ്പതിയേയും ഉദ്ദേശിച്ചു് ഹവിസ്സ് സമപ്പിക്കണം. ക്ഷത്രിയൻ ഇന്ദ്രനെ സംബന്ധിച്ചവനാണു്. ബൃഹസ്പതി ബ്രാഹ്മണനാണു്. ബ്രാഹ്മണനാൽ തന്നെ ക്ഷത്രിയൻ ബന്ധനത്തിൽ നിന്നു് മുക്തൻ ആകുന്നു. ഈ യാഗത്തിനു് സ്വർണംകൊണ്ടു് ഉണ്ടാക്കിയ ചരടു് ദക്ഷിണയായി നൽകണം. ഈ യാഗം നടത്തിയ ക്ഷത്രിയനെ ഉടൻ തന്നെ പ്രതിരോധങ്ങളിൽ നിന്നും മുക്തനാക്കുന്നു.

ഇതിത്രയോദശോ ऽനുവാകഃ

അഥചതുർദശോ ऽനുവാകഃ (മന്ത്രം)

സംഹിതാ—

നവോനവോ ഭവതി ജായമാനോ ऽഹ്നാം കേതുരുഷസാമേത്യഗ്രേ ഭാഗം ദേവേഭ്യോ വിദധാത്യായൻപ്രചന്ദ്രമാസ്തിരതി ദീർഘമായുഃ। യമാദിത്യാ അംശുമാപ്യായന്തിയമക്ഷിതമക്ഷിതയഃ പിബന്തി। തേനനോരാജാ വരുണോ ബൃഹസ്പതിരാപ്യായയന്തു ഭുവനസ്യഗോപാഃ। പ്രാച്യാ. ദിശിത്വമിന്ദ്രാസിരാജോതോദീച്യാം വൃത്രഹൻ വൃത്രഹാ ऽസി। യത്രയന്തിസ്രോത്യാസ്തത് ജിതം തേ ദക്ഷിണതോ വൃഷഭ ഏധിഹവ്യഃ।ഇന്ദ്രോജയാതിന പരാജയാതാ അധിരാജോരാജസുരാജയാതി।വിശ്വാഹിഭൂയാഃ പൃതനാഃ അഭിഷ്ടീരുപസദ്യോനമസ്യോയഥാ,സത്।

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അസ്യേദേവ പ്രരിരിചേമഹിത്വം ദിവഃ പൃഥിവ്യാഃ പര്യ-
ന്തരിക്ഷാത്। സ്വരാഡിന്ദ്രോദമ ആവിശ്വഗൂർതഃ സ്വരിരമത്രോ
വവക്ഷേരണായ।അഭിത്വാശൂരനോനുമോऽദുഗ്ധാഇവധേനവഃ।
ഈശാനമസ്യ ജഗതഃ സ്വർദൃശമീശാനമിന്ദ്രതസ്ഥുഷഃ। ത്വാ-
മിദ്ധിഹവാമഹേ സാതാവാജസ്യകാരവഃ। ത്വാംവൃത്രേഷ്വിന്ദ്ര
സത്പതിം നരസ്ത്വാം കാഷ്ഠാസ്വർവതഃ। യദ്ദ്യാവ
ഇന്ദ്രതേ ശതഗ്ഗുംശതം ഭൂമീരുതസ്യുഃ। നത്വാവജ്രിൻ സഹസ്ര-
ഗ്ഗുംസൂര്യാ അനുനജാതമഷ്ടരോദസീ। പിബാ സോമമിന്ദ്ര
മന്ദതുത്വായംതേസുഷാവഹര്യശ്വാദ്രിഃസോതുർബാഹുഭ്യാംസുയ
തോനാർവാ। രേവതീർനഃ സധമാദ ഇന്ദ്രേ സന്തുതുവിവാജാഃ।
ക്ഷുമന്തോയാഭിർമദേമ। ഉദംഗേഷു ചയസ്തവ വിജ്യോതി ഷോദു
ത്യംജാതവേദസഗ്ഗും സപ്തത്വാ ഹരിതോരഥേ വഹന്തി ദേവസൂ-
ര്യ! ശോചിഷ്കേശം വിചക്ഷണ। ചിത്രം ദേവാനാമുദഗാ-
ദനീകം ചക്ഷുർമിത്രസ്യ വരുണ സ്യാഗ്നേഃ। ആപ്രാദ്യാവാ-
പൃഥിവീ അന്തരിക്ഷഗ്ഗും സൂര്യ ആത്മാജഗതസ്തസ്ഥുഷഃ ച।
വിശ്വേദേവാ ഋതാവൃധഋതുഭിർഹവനശ്രുതഃ। ജുഷന്താംയുജ്യം
പയഃ। വിശ്വേദേവാഃ ശൃണതേമഗ്ഗുംഹവംമേയേ അന്തരിക്ഷേ
യ ഉപദ്യവിഷ്ഠാഃ। യേ അഗ്നിജിഹ്വാ ഉതവായജത്രാ ആസാദ്യാ
സ്മിൻ ബർഹിഷിമാദയധ്വം ॥

പദച്ഛേദം—

നവഃ നവഃ ഭവതി ജായമാനഃ അഹ്നാം കേതുഃ ഉഷസാം ഏതി അഗ്രേ ഭാഗം ദേവേഭ്യഃ വി ദധാതി ആയൻ പ്ര ചന്ദ്രമാഃ തിരതി ദീർഘം ആയുഃ യം ആദിത്യാഃ അംശും ആ പ്യായയന്തി യം അക്ഷിതം അക്ഷിതയഃ പിബന്തി തേന നഃ രാജാ വരുണഃ ബൃഹസ്പതിഃ ആ പ്യായയന്തു ഭുവനസ്യ ഗോപാഃ പ്രാച്യാം ദിശി ത്വം ഇന്ദ്രഃ അസി രാജാ ഉത ഉദീച്യാം വൃത്രഹൻ വൃത്രഹാ അസി യത്ര യന്തി സ്രോത്യാഃ തത് ജിതം തേ ദക്ഷിണതഃ വൃഷഭ ഏധി ഹവ്യഃ ഇന്ദ്രഃ ജയാതി ന പരാ ജയാതാ അധിരാജഃ രാജസു രാജയാതി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിശ്വാഃ ഹി ഭൂയാഃ പൃതനാഃ അഭിഷ്ടിഃ ഉപസദ്യഃ നമസ്യഃ യഥാ അസത് അസ്യ ഇദ് ഏവ പ്ര- രിരിചേ മഹിത്വം ദിവഃ പൃഥിവ്യാഃ പരി അന്തരിക്ഷാത് സ്വരാഡ് ഇന്ദ്രഃ ദമേ ആ വിശ്വഗൂർത്തഃ സ്വരീഃ അമത്രഃ വവക്ഷേ രണായ അഭി ത്വാ ശൂര നോനുമഃ അദുഗ്ധാഃ ഇവ ധേനവഃ ഈശാനം അസ്യ ജഗതഃ സുവഃ ദൃശം ഈശാനം ഇന്ദ്ര തസ്ഥുഷഃ ത്വാം ഇദ്ധി ഹവാമഹേ സാതാ വാജസ്യ കാരവഃ ത്വാം വൃത്രേഷു ഇന്ദ്ര സത്പതിം നരഃ ത്വാം കാഷ്ഠാസു അർവതഃ യദ് ദ്യാവഃ ഇന്ദ്ര തേ ശതം- ശതം ഭൂമിഃ ഉത സ്യുഃ ന ത്വാ വജ്രിൻ സഹസ്രം സൂര്യാഃ അനു ന ജാതം അഷ്ട രോദസീ പിബാ സോമം ഇന്ദ്ര മന്ദതു ത്വാ വയം തേ സുഷാവ ഹര്യശ്വ അദ്രിഃ സോതുഃ ബാഹുഭ്യാം സുയതഃ ന അർവാ രേവതീഃ നഃ സധമാദഃ ഇന്ദ്രേ സന്തു തുവി വാജാഃ ക്ഷുമന്തഃ യാഭിഃ മദേമ ഉദ് അഗ്നേ ശുചയഃ തവ വി ജ്യോതിഷാ ഉദ് ഉ ത്യം ജാതവേദസം സപ്ത ത്വാ ഹരിതഃ രഥേ വഹന്തി ദേവ സൂര്യ ശോചിഷ്കേശം വിചക്ഷണ ചിത്രം ദേവാനാം ഉദഗാദ് അനികം ചക്ഷുഃ മിത്രസ്യ വരുണസ്യ അഗ്നേഃ ആ പ്രാ ദ്യാവാപൃഥിവീ അന്ത- രിക്ഷം സൂര്യഃ ആത്മാ ജഗതഃ തസ്ഥുഷഃ ച വിശ്വേദേവാഃ ഋതാവൃധഃ ഋതുഭിഃ ഹവനശ്രുതഃ ജുഷന്താം യുജ്യം പയഃ വിശ്വേദേവാഃ ശൃണുത ഇമം ഹവം മേ യേ അന്തരിക്ഷേ യേ ഉപ ദ്യവിഷ്ഠാഃ യേ അഗ്നിജിഹ്വാഃ ഉത വാ യജത്രാഃ ആസാദ്യ അസ്മിൻ ബർഹിഷി മാദയധ്വം ॥

മന്ത്രവും വിനിയോഗവും അർത്ഥവും

1 നവോ നവോ ഭവതി ജായ മാനേ ƒഹ്നാം- കേതുരുഷസാമേത്യഗ്രേ !

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭാഗം ദേവേഭ്യോ വിദധാ ത്യായൻ
പ്രചന്ദ്രമാസ്തിരതി ദീർഘമായുഃ ।

യക്ഷ്മാ എന്ന രോഗത്താൽ പീഡിതനായവൻ തത്പരിഹാരാർത്ഥം ചെയ്യുന്ന യാഗത്തിന്റെ പുരോഽനുവാക്യാ മന്ത്രമാണ് ഇത്—

ജായമാനഃ = ഓരോ ദിവസവും ഉദിക്കുന്ന, ചന്ദ്രമാഃ = നവഃനവഃ ഭവതി = ചന്ദ്രന്റെ പ്രകാശത്തിന് ഹേതുഭൂതനായ ആദിത്യൻനൂതനനായിത്തന്നെ ഭവിക്കുന്നു സഃ = ആ ആദിത്യൻ, അഹ്നാം കേതുഃ = പകലിന്റെ അല്ലെങ്കിൽ ദിവസത്തിന്റെ അടയാളമാണ് (സൂര്യോദയത്തിൽ ദിവസം ആരംഭിക്കുന്നു. സൂര്യൻ പ്രകാശിക്കുന്ന സമയം പകൽ) ഉഷസാം അഗ്രേ = പ്രഭാതകാലത്തിന്റെ ആരംഭത്തിൽ, ഏതി = ഉദിക്കുന്നു. ദേവേഭ്യഃ = ദേവന്മാർക്ക്, ഭാഗം വിദധാതി = ഭാഗം നൽകാൻ പ്രേരിപ്പിക്കുന്നു. താദൃശഃ ചന്ദ്രമാഃ = അപ്രകാരം ഉള്ള ആദിത്യൻ, ആയൻ = ഈ കർമ്മത്തിൽ സന്നിഹിതനായി, ദീർഘം ആയുഃ = ദീർഘായുസ്സ്, പ്രതിരതി = പ്രകർഷേണ നൽകട്ടെ. (ഈ മന്ത്രത്തിൽ "ചന്ദ്രമാ" എന്ന പദം കൊണ്ട് ചന്ദ്രന്റെ വൃദ്ധിക്ഷയങ്ങൾക്ക് ഹേതുഭൂതനായ ആദിത്യനെ ആണ് വിവക്ഷിച്ചിരിക്കുന്നത്)

2 യമാദിത്യാ അംശുമാപ്യായന്തി
യമക്ഷിതമക്ഷിതയഃ പിബന്തി ।
തേന നോരാജാ വരുണോ ബൃഹസ്പതി-
രാപ്യായയന്തു ഭുവനസ്യഗോപാഃ ।

യക്ഷ്മരോഗത്താൽ പീഡിത നായവൻ തത്പരിഹാരത്തിന് വേണ്ടി ചെയ്യുന്ന യാഗത്തിന്റെ യാജ്യാ മന്ത്രമാണ് ഇത്.

അംശും = ഒരു കലമാത്രമുള്ള, യം = യാതൊരു ചന്ദ്രനെ, ആദിത്യാഃ = ആദിത്യന്മാർ, ആപ്യായയന്തി =

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രതിദിനം ഓരോ കലവീതം നൽകി വർദ്ധിപ്പിക്കുന്നുവോ, അക്ഷിതംയം = പൗർണ്ണിമയിൽ പൂർണ്ണനായിരിക്കുന്ന യാതൊരു ചന്ദ്രനെ, അക്ഷിതയഃ = ക്ഷയമില്ലാത്ത ദേവന്മാർ, പിബന്തി = ഓരോ കലയായിപാനം ചെയ്യുന്നുവോ, തേന = ആ ചന്ദ്രനാൽ, രാജാ = പ്രകാശമാനനായ ആദിത്യൻ, വരുണഃ = വരുണൻ, ബൃഹസ്പതിഃ = ബൃഹസ്പതി മുതലായ, ഭുവനസ്യഗോപാഃ = ലോകരക്ഷകരായ ദേവന്മാർ, നഃ = രോഗഗ്രസ്തരായ ഞങ്ങളെ, ആപ്യായയന്തു = രോഗത്തിൽ നിന്നു് മുക്തരാക്കിവർദ്ധിപ്പിക്കട്ടെ.

3 പ്രാച്യാം ദിശിത്വമിന്ദ്രാസിരാജോ-
തോദീച്യാം വൃത്രഹൻ വൃത്രഹാഽസി ।
യത്രയന്തിസ്രോത്യാസ്തത്ജിതംതേ
ദക്ഷിണതോവൃഷഭ ഏധിഹവ്യഃ ।

അന്നാദനാകണമെന്നു് ആഗ്രഹിക്കുന്നവൻ രാജാവായ ഇന്ദ്രനെ ഉദ്ദേശിച്ചു് ചെയ്യുന്ന യാഗത്തിന്റെ പുരോഽനു വാക്യയും സ്വരാഡായ ഇന്ദ്രനെ ഉദ്ദേശിച്ചു് ചെയ്യുന്ന യാഗത്തിന്റെ യാജ്യാ മന്ത്രവും ആണു് ഇതു്.

ഹേ ഇന്ദ്ര ! = അല്ലയോ ഇന്ദ്ര ! ത്വം = അങ്ങു്, പ്രാച്യാം ദിശി = കിഴക്കു ദിക്കിൽ, രാജാ അസി = അധിപതി ആകുന്നു. ഉത = കൂടാതെ, ഹേ വൃത്രഹൻ ! അല്ലയോ ഇന്ദ്ര ! ഉദീച്യാം = വടക്കുദിക്കിൽ, വൃത്രഹാ അസി = ശത്രുക്കളെ കൊല്ലുന്നവൻ ആകുന്നു. സ്രോത്യാഃ = നദികൾ, യത്രയന്തി = എവിടെ പ്രവേശിക്കുന്നുവോ, തത്ജിതം = ആ പ്രദേശം എല്ലാം അങ്ങയാൽ ജയിക്കപ്പെട്ടു. ത്വം = അങ്ങു്, വൃഷഭഃ = ആഗ്രഹങ്ങൾ സാധിച്ചുതരുന്നവനും, ഹവ്യഃ = ഹോമത്തിനു് യോഗ്യനും ആയി, ദക്ഷിണതഃ = ആ ഹവനിയത്തിന്റെ ദക്ഷിണ ഭാഗത്തു, ഏധി = സ്ഥിതിചെയ്യുക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

4 ഇന്ദ്രോജയാതിനപരാജയാതാ
അധിരാജോരാജസുരാജയാതി !
വിശ്വാഹിഭൂയാഃ പൃതനാ അഭിഷ്ടീ-
രുപ സദ്യോനമസ്യോയഥാസത് !

ഈ മന്ത്രം രാജേന്ദ്രഹവിസ്സിന്റെ യാജ്യയും അധിരാ-ജേന്ദ്രഹവിസ്സിന്റെ പുരോഽനുവാക്യയും ആണ്.

ഇന്ദ്രഃ = ഇന്ദ്രൻ, ജയാതി = എല്ലാ സ്ഥലത്തും ജയിക്കുക തന്നെ ചെയ്യുന്നു. നപരാജയാതാ = ഒരിക്കലും തോൽക്കുന്നില്ല. രാജസു = എല്ലാ രാജാക്കന്മാരിലും, അധിരാജഃ ഭൂത്വാ = അധിരാജാവായി ഭവിച്ച്, രാജയാതി = എല്ലാവക്കും രാജത്വം പ്രദാനം ചെയ്യുന്നു. സർവ്വേഷാം രാജ്ഞാം = എല്ലാ രാജാക്കന്മാക്കും, ഉപസദ്യഃ = ശരണ്യനായും, നമസ്യഃ = നമസ്കാരാർഹനായും, യഥാഅസത് = ഭവിക്കുന്നതുകൊണ്ട്, വിശ്വാഃസേനാഃ ശത്രുവിന്റെ എല്ലാ സേനകളേയും, അഭിഷ്ടീഃ ഭൂയാഃ = തോൽപിക്കാൻ ശക്തനായി ഭവിച്ചാലും.

5 അസ്യേദേവ പ്രരിരിചേമഹിത്വം
ദിവഃ പൃഥി വ്യാഃ പര്യന്തരിക്ഷാത് ।
സ്വരാഡിന്ദ്രോദമ ആ വിശ്വഗൂർതഃ
സ്വരീരമത്രോവവക്ഷേരണായ ।

ഈ മന്ത്രം അധിരാജാവായ ഇന്ദ്രന് സമപ്പിക്കേണ്ട ഹവിസ്സിന്റെ യാജ്യയും സ്വരാഡായ ഇന്ദ്രന് സമപ്പിക്കേണ്ട ഹവിസ്സിന്റെ പുരോനുവാക്യയും ആണ്.

അസ്യ ഇദ് ഏവ = ഈ ഇന്ദ്രന്റെ തന്നെ, മഹിത്വം = മാഹാത്മ്യം, പരിദിവഃ = സ്വർഗ്ഗത്തിൽ നിന്നും, പൃഥിവ്യാഃ = ഭൂമിയിൽ നിന്നും, അന്തരിക്ഷാത് ച = അന്തരിക്ഷത്തിൽ നിന്നും, പ്രരിരിചേ = അതിക്രമിച്ച് വർത്തി-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്കുകയാണ്. സ്വരാട് = സ്വയം രാജത്വം പ്രാപിച്ചവനും, ദമേ = തൻെറ ഗൃഹത്തിൽ, വിശ്വഗൂർതഃ = എല്ലാ ആയുധങ്ങളും സജ്ജീകരിച്ചിരിക്കുന്നവനും, സ്വരീഃ = ശത്രുസേനയെ ജയിക്കാൻ കഴിവുള്ളവനും, അമത്രഃ = രോഗത്തിൽ നിന്നു് രക്ഷിക്കുന്നവനും ആയ, ഇന്ദ്രഃ = ഇന്ദ്രൻ, രണായ = യുദ്ധത്തിനു് വേണ്ടി, ആവവക്ഷേ = സേനകളെ നന്മിക്കുന്നു,

6 അഭിത്വാ ശൂരനോനുമോഽദുഗ്ധാ ഇവ ധേനവഃ ।
ഈശാനമസ്യജഗതഃസുവർദൃശമീശാനമിന്ദ്രതസ്ഥുഷഃ!

ഇന്ദ്രിയകാമനും വീര്യകാമനും നടത്തേണ്ട യാഗത്തിൽ രാഥന്തരേന്ദ്രഹവിസ്സിൻെറ പുരോഽനുവാക്യയും വൈരൂപേന്ദ്ര ഹവിസ്സിൻെറ യാജ്യയുമാണു് ഈ മന്ത്രം.

ഹേ ശൂര ! = ശൂരനായ അല്ലയോ ഇന്ദ്ര ! അസ്യജഗതഃ = ജംഗമരൂപമായ ഈ ലോകത്തിൻെറയും, തസ്ഥുഷഃ = സ്ഥാവരങ്ങളുടേയും, ഈശാനം = ഈശ്വരനും, സുവർദൃശം സ്വർല്ലോകം കാണിച്ചു തരുന്നവനും ആയ, ത്വാ = അങ്ങയെ, അദുഗ്ധാഃ = ദോഹനം ചെയ്യപ്പെടാത്ത, ധേനവഃ ഇവ = പശുക്കൾ തൻെറ കുട്ടികളെ വിളിക്കുന്നതുപോലെ അത്യാദരവോടുകൂടി, അഭിനോനുമഃ = അങ്ങയ്ക്കു് ചുററും നിന്നു് ഞങ്ങൾ നമസ്കരിക്കുന്നു

7 ത്വാമിദ്ധിഹവാമഹേ സാതാവാജസ്യകാരവഃ ।
ത്വാം വൃത്രേഷ്വിന്ദ്രസത്പതിം നരസ്ത്വാം കാഷ്ഠാ-
സ്വർവതഃ !

ഇതു് രാഥന്തരേന്ദ്രഹവിസ്സിൻെറ യാജ്യയും ബാർഹതേന്ദ്ര ഹവിസ്സിൻെറ പുരോഽനുവാക്യയുമാണു്.

ഹേ ഇന്ദ്ര ! = അല്ലയോ ഇന്ദ്ര ! കാരവഃ വയം = യാഗകർത്താക്കളായ ഞങ്ങൾ, വാജസ്യസാതയേ = ഞങ്ങൾക്കു് ഭക്ഷണം നൽകുന്നതിനു് വേണ്ടിയും, വൃത്രേഷു = ശത്രുക്കൾ വരുമ്പോൾ, സത്പതിം = ഞങ്ങളെ രക്ഷിക്കുന്നവനു-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മായ, ത്വാം ഇദ്ഹി = അങ്ങയെത്തന്നെ, ഹവാമഹേ = ഞങ്ങൾ വിളിക്കുന്നു. നരഃ = മനുഷ്യരായ ഞങ്ങൾ കാഷ്ഠാസു = എല്ലാ ദിക്കുകളിലും, അർവതഃ = ശത്രുസേനയിലുള്ള കുതിരകളെ കണ്ടിട്ട്, ത്വാം ഹവാമഹേ = ഞങ്ങളെ രക്ഷിക്കുന്നതിന് വേണ്ടി അങ്ങയെ വിളിക്കുന്നു.

8 യദ്ദ്യാവ ഇന്ദ്രതേശതംശതം ഭൂമിരുതസ്യുഃ ।
നത്വാവജ്രിൻ സഹസ്രം സൂർയാ അനുനജാതമഷ്ടരോദസീ ।

ബാർഹതേന്ദ്രഹവിസ്സിന്റെ യാജ്യയും വൈരൂപേന്ദ്ര ഹവിസ്സിന്റെ പുരോഽനുവാക്യയുമാണ് ഈ മന്ത്രം.

ഹേ ഇന്ദ്ര ! അല്ലയോ ഇന്ദ്ര ! യദ്ശതം ശതം ദ്യാവഃ = നൂറ് കണക്കിന് സ്വർഗ്ഗലോകങ്ങൾ ഉണ്ടെങ്കിലും, ഉത ശതം ശതം ഭൂമീഃ = നൂറ് കണക്കിന് ഭൂലോകങ്ങൾ ഉണ്ടെങ്കിലും, ദ്യാവാ പൃഥിവി = ആ സ്വർഗ്ഗലോകങ്ങളും ഭൂലോകങ്ങളും, ജാതം ത്വാ = ജനിച്ച ഉടൻ തന്നെ ഐശ്വര്യം ലഭിച്ച അങ്ങയെ അനുകരിക്കുവാൻ, ന അഷ്ട = ശക്തി ഉള്ളവ ആകുന്നില്ല. ഹേ വജ്രിൻ ! = അല്ലയോ ഇന്ദ്ര ! സഹസ്രംസൂര്യാഃ = ആയിരം സൂര്യന്മാരും, ത്വാം അനു = അങ്ങയെ അനുകരിക്കാൻ, നക്ഷമന്തേ = ശക്തരല്ല.

9 പിബാസോമമിന്ദ്രമന്ദതുത്വായം തേ സുഷാവ
ഹർയശ്വാദ്രിഃ സോതുർബാഹുഭ്യാം സുയതോനാർവാ

ഇതു് വൈരാജേന്ദ്ര യാഗത്തിനുള്ള യാജ്യയും ശാക്വരേന്ദ്ര യാഗത്തിനുള്ള പുരോഽനുവാക്യയും ആണ്.

ഹേ ഇന്ദ്ര ! = അല്ലയോ ഇന്ദ്ര ! ത്വം സോമം പിബ = അങ്ങ് സോമരസം പാനം ചെയ്താലും. സഃ = ആ സോമരസം, ത്വാ മന്ദതു = അങ്ങയെ സന്തോഷിപ്പിക്കട്ടെ. ഹേ ഹർയശ്വ ! = ഹരി എന്ന പേരുള്ള അശ്വങ്ങളോട് കൂടിയ അല്ലയോ ഇന്ദ്ര ! തേ = അങ്ങയ്ക്കുവേണ്ടി, സോതുഃ = സോമരസം എടുത്ത ഋത്വിക്കിന്റെ, ബാഹുഭ്യാം = രണ്ടു് കൈകളാലും, സുയതഃ = നല്ലപോലെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നിയന്ത്രിക്കപ്പെട്ടതും, ന അർവാ = സോമരസം നശിപ്പിക്കാത്തതും ആയ, അദ്രിഃ = അദ്രിരൂപത്തിൽ ഉള്ള കല്ല്, യം = യാതൊരു സോമരസം, സുഷാവ = എടുത്തുവോ, ആ സോമരസം പാനം ചെയ്താലും.

10 രേവതീർന സധമാദ ഇന്ദ്രേ സന്തുതു വിവാജാഃ ।
ക്ഷുമന്തോയാഭിർമദേമ !

ഇത് ശാക്കരേന്ദ്ര യാഗത്തിൻെറ യാജ്യാ മന്ത്രവും രേവതേന്ദ്ര യാഗത്തിൻെറ പുരോഽനുവാക്യയും ആണ്.

രേവതീഃ = ധനവതികളും, സധമാദഃ = ഞങ്ങളോടു കൂടി സന്തോഷിക്കുന്നവരും, തുവിവാജാഃ = ധാരാളം ഭക്ഷ്യപദാത്ഥങ്ങളും, ഇന്ദ്രേ = ഇന്ദ്രൻ ഞങ്ങളുടെ സ്വാമി ആയിരിക്കുമ്പോൾ, നഃ സന്തു = ഞങ്ങൾക്ക് ലഭിക്കട്ടെ. യാഭിഃ = യാതൊരു ജലം ലഭിച്ചതുകൊണ്ട്, വയം = ഞങ്ങൾ, ക്ഷുമന്തഃ = സന്തോഷസൂചകമായ ശബ്ദത്തോടുകൂടി ഇന്ദ്രനെ സ്തുതിക്കുന്നവരായി, മദേമ = സന്തുഷ്ടരായിത്തീരട്ടെ.

11-12 ഉദഗ്നേശുചയസ്തവ വിജ്യോതിഷാ ।

ചക്ഷുഷ്കാമൻ (കണ്ണിന് കാഴ്ച കിട്ടണമെന്ന് ആഗ്രഹിക്കുന്നവൻ) അഗ്നിയെ ഉദ്ദേശിച്ച് ചെയ്യുന്ന യാഗത്തിൻെറ പുരോഽനുവാക്യയാണ് "ഉദഗ്നേ ശുചയഃ" എന്ന് ആരംഭിക്കുന്ന മന്ത്രം „വിജ്യോതിഷാ" എന്ന് ആരംഭിക്കുന്ന മന്ത്രം അതിൻെറ യാജ്യയും ആണ്. ഇതിൽആദ്യത്തെ മന്ത്രം പ്രഥമകാണ്ഡത്തിൽ മൂന്നാം പ്രപാഠകത്തിലും രണ്ടാമത്തെ മന്ത്രം പ്രഥമകാണ്ഡത്തിൽ രണ്ടാമത്തെ പ്രപാഠകത്തിലും വ്യാഖ്യാനിച്ചിട്ടുണ്ട്.

13. ഉദുത്യംജാത വേദസം

ചക്ഷുഷ്കാമൻ സൂര്യനെ ഉദ്ദേശിച്ച് ചെയ്യുന്ന യാഗത്തിൻെറ പുരോഽനുവാക്യയാണ് "ഉദുത്യംജാതവേദസം"

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

എന്ന് ആരംഭിക്കുന്ന മന്ത്രം. ഇതു് പ്രഥമകാണ്ഡത്തിൻെറ നാലാം പ്രപാഠകത്തിൽ വ്യാഖ്യാനിച്ചു.

14 സപ്തത്വാഹരിതോരഥേവഹന്തിദേവ സൂർയ ।
ശോചിഷ്കേശം വിചക്ഷണ ।

ചക്ഷുഷ്കാമൻ ആദിത്യനെ ഉദ്ദേശിച്ച് നടത്തുന്ന യാഗത്തിൻെറ യാജ്യാമന്ത്രമാണ് ഇതു്—

ഹേ സൂര്യദേവ ! = അല്ലയോ ആദിത്യദേവ ! ശോചിഷ്കേശം = ദീപ്തമായ രശ്മികളോടുകൂടിയവനും, വിചക്ഷണം = സമർത്ഥനും ആയ, ത്വാ = അങ്ങയെ, സപ്തഹരിതഃ = ഏഴുകുതിരകൾ, രഥേവഹന്തി = രഥത്തിൽ വഹിക്കുന്നു.

15 ചിത്രം ദേവാനാമുദ ഗാദനീകം
ചക്ഷുർമിത്രസ്യവരുണസ്യാഗ്നേഃ ।
ആ പ്രാദ്യാവാ പൃഥിവീ അന്തരിക്ഷം
സൂർയ ആത്മാജഗതസ്തസ്ഥുഷശ്ച ।

ചക്ഷുഷ്കാമൻ സൂര്യനെ ഉദ്ദേശിച്ച് നടത്തുന്ന യാഗത്തിൻെറ മറെറാരു യാജ്യാമന്ത്രമാണ് ഇതു്—

ചിത്രം = വെളുപ്പ് നീലം മുതലായ നാനാവർണങ്ങളോടു് കൂടിയതും, മിത്രസ്യവരുണസ്യ അഗ്നേഃ = മിത്രൻ വരുണൻ അഗ്നി എന്നീ ദേവന്മാരുടെ, ചക്ഷുഃ = നേത്രസ്ഥാനം ആയിരിക്കുന്നതും ആയ, ദേവാനാം അനീകം = നിറങ്ങളുടെ സമൂഹം, ഉദ്അഗാദ് = ഉദിക്കുന്നു. സൂര്യഃ = സൂര്യൻ, ജഗതഃ = ജംഗമങ്ങളായ പ്രാണിസമൂഹത്തിൻേറയും, തസ്ഥുഷഃ ച = വൃക്ഷലതാദി സ്ഥാവരങ്ങളുടേയും, ആത്മാ = ആത്മാ ആണ്. സഃ = ആ സൂര്യൻ, ദ്യാവാപൃഥിവി അന്തരിക്ഷം = സ്വർഗ്ഗം ഭൂമി അന്തരിക്ഷം എന്നീ ലോകത്രയത്തേയും, ആപ്രാഃ = പൂരിപ്പിച്ചു.

16 വിശേ്വദേവാ ഋതാ വൃധാ ഋതുഭിർഹവനശ്രുതഃ ।
ജുഷന്താം യുജ്യം പയഃ ।

ഗ്രാമത്തിൻെറ ആധിപത്യം ആഗ്രഹിക്കുന്നവൻ വിശേ്വദേവന്മാരെ ഉദ്ദേശിച്ച് ചെയ്യുന്ന യാഗത്തിൻെറ പുരോഽനുവാക്യാ മന്ത്രമാണ് ഇതു്—

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഋതാവൃധഃ = സത്യത്തെ അല്ലെങ്കിൽ യാഗത്തെ വദ്ധിപ്പിക്കുന്നവരും, ഋതുഭിഃ = അതാതു യാഗങ്ങളിൽ, ഹവനശ്രുതഃ = ഋത്വിക്കുകളുടെ ആഹ്വാനം കേശക്കുന്നവരുമായ, വിശ്വേദേവാഃ । = അല്ലയോ വിശ്വേദേവന്മാരെ । യുജ്യം പയഃ = ക്ഷീരംപോലെ സാരാംശംഉള്ള ഹവിസ്സ്; ജുഷന്താം = സ്വീകരിച്ചാലും.

17 വിശ്വേദേവാഃ ശൃണുതേമം ഹവംമേ
യേ അന്തരീക്ഷേയ ഉപദ്യവിഷ്ഠാഃ ।
യേ അഗ്നിജിഹ്വാ ഉതവായജത്രാ
ആസാദ്യാസ്മിൻ ബർഹിഷിമാദയധ്വം ।

ഗ്രാമത്തിന്റെ നായകസ്ഥാനം ആഗ്രഹിക്കുന്നവൻ വിശ്വേ ദേവന്മാരെ ഉദ്ദേശിച്ച് നടത്തുന്നയാഗത്തിന്റെ യാജ്യാ മന്ത്രമാണ് ഇത്—

ഹേവിശ്വേദേവാഃ । = അല്ലയോ വിശ്വേ ദേവന്മാരെ! മേ = എന്റെ, ഇമം ഹവം = ഈ ആഹ്വാനം, ശൃണുതം = കേട്ടാലും യേ = യാതൊരുത്തർ, അന്തരിക്ഷേ = അന്തരിക്ഷത്തിൽ സ്ഥിതിചെയ്യുന്നവോ, യേ = യാതൊരുത്തർ, ഉപ = സമീപത്തിൽ (ഭൂമിയിൽ) സ്ഥിതിചെയ്യുന്നവോ, യേ = യാതൊരുത്തർ, ദ്യവിഷ്ഠാഃ = സ്വർഗ്ഗത്തിൽ സ്ഥിതിചെയ്യുന്നവോ, യേ = യാതൊരുത്തർ, അഗ്നിജിഹ്വാഃ = അഗ്നിയിൽ ഹോമം ചെയ്യുന്നത് സ്വീകരിക്കുന്നവോ; ഉതവാ = മററ്തരത്തിൽ ഹവിസ്സ് സ്വീകരിക്കുന്നവോ, യജത്രാഃ = യാതൊരുത്തർ യാഗം ചെയ്ത് ആരാധിക്കപ്പെടുന്നവോ, തേ സർവ്വേ = അവർ എല്ലാവരും, അസ്മിൻ ബർഹിഷി = ഈ യാഗത്തിൽ; ആസാദ്യ = ഇരുന്ന്, മാദയധ്വം = സന്തോഷിക്കട്ടെ.

ഇതിചതുർദശോ ഽനുവാകഃ

ചതുർത്ഥപ്രപാഠകഃ സമാപ്തഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പഞ്ചമപ്രപാഠകഃ

പ്രഥമോഽനുവാകഃ (ബ്രാഹ്മണം)

ഹരിഃ ഓം !

സംഹിതാ—

വിശ്വരൂപോ വൈത്വാഷ്ട്രഃ പുരോഹിതോ ദേവാ-
നാമാസീത്സ്വ സ്രീയോഽസുരാണാം തസ്യത്രീണി ശീർഷാ-
ണ്യാസൻ സോമപാനഗ്ഗും സുരാപാനമന്നാദനഗ്ഗും സപ്രത്യക്ഷം
ദേവേഭ്യോ ഭാഗമവദത്പരോക്ഷമസുരേഭ്യഃ സർവസ്മൈ
വൈപ്രത്യക്ഷം ഭാഗം വദന്തിയസ്മാ ഏവ പരോക്ഷം
വദന്തിതസ്യഭാഗ ഉദിതസ്തസ്മിന്നിന്ദ്രോഽബിഭേദീദ്ദങ് വൈ
രാഷ്ട്രം വിപര്യാവർതയതീതി തസ്യവജ്രമാദായ ശീർഷാ-
ണ്യച്ഛിനദ്യത്സോമപാനം ആ സിത്സ കപിഞ്ജലോഽഭവദ്യത്സു
രാപാനഗ്ഗും സകലവിങ്കോയദന്നാദനഗ്ഗും സതിത്തിരിസ്ത-
സ്യാഞ്ജലിനാ ബ്രഹ്മഹത്യാമുപാഗൃഹ്ണാത്താഗ്ഗും സംവത്സ-
രമബിഭസ്തം ഭൂതാന്യഭ്യക്രോശൻ ബ്രഹ്മഹന്നിതി സ പൃഥിവീ-
മുപാസിദദസ്യൈ ബ്രഹ്മഹത്യായൈ തൃതീയം പ്രതിഗൃഹാ-
ണേതിസാഽബ്രവീദ്വരംവൃണൈഖാതാത്പരാഭവിഷ്യന്തീമന്യേ
തതോമാപരാ ഭൂവമിതി പുരാതേ സംവത്സരാദപിരോഹാ-
ദിത്യ ബ്രവീത്തസ്മാത്പുരാ സംവത്സരാത് പൃഥിവ്യൈ-
ഖാതമപിരോഹതിവാരേ വൃതഗ്ഗ്ഹ്യസ്യൈതൃതീയം ബ്രഹ്മഹ
ത്യായൈ പ്രത്യഗൃഹ്ണാത്തത്സ്വകൃതമിറിണമഭവത്തസ്മാ-
ദാഹിതാഗ്നിഃ ശ്രദ്ധാദേവഃ സ്വകൃതഇരിണേ നാവസ്യേദ്
ബ്രഹ്മഹത്യായൈഹ്യേഷ വർണഃ സവനസ്പതീനുപാസീ-
ദദസ്യൈ ബ്രഹ്മഹത്യായൈതൃതീയം പ്രതിഗൃഹ്ണീതേതിതേഽ
ബ്രുവൻവരം വൃണാമഹൈവൃക്ണാത് പരാഭവിഷ്യന്തോമ-
ന്യാമഹേതതോമാപരാഭൂമേത്യാ വ്രശ്ചനാദ്വോ ഭൂയാഗ്ഗംസ
ഉത്തിഷ്ഠാനിത്യബ്രവീത്തസ്മാദാവ്രശ്ചനാദ് വൃക്ഷാണാം
ഭൂയാംസ ഉത്തിഷ്ഠന്തിവാരേ വൃതഗ്ഗ്ഹ്യേഷാം തൃതീയം ബ്രഹ്മഹ
ത്യായൈ പ്രത്യഗൃഹ്ണൻ സനിര്യാസോഽഭവത്തസ്മാന്നി
ര്യാസസ്യനാഽഽശ്യം ബ്രഹ്മഹത്യാ യൈഹ്യേഷവർണോഽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഘോഖല്വയ ഏഷ്വദലാഹിതോ യോ f വാ ffവൃശ്ചനാന്നിർയേഷതിതസ്യനാ ff ശ്യം കാമമന്യസ്യസ സ്ത്രീഷഗ്ഗം സാദമുപാസീഭദസൈ്യ ബ്രഹ്മഹത്യായൈ തൃതീയം പ്രതിഗൃഹ്ണിതേതി താഅബ്രുവൻ വരം വൃണാമഹാല്ലത്വിയാത്പ്രജാംവിന്ദാമഹൈ കാമമാവിജനിതോഃ സംഭവാ മേതിതസ്മാദൃത്വിയാത്സ്ത്രിയഃ പ്രജാം വിന്ദന്തേകാമമാവിജനി തോഃ സംഭവന്തി വാരേവൃതഗ്ഗ് ഹ്യാസാം തൃതീയം ബ്രഹ്മഹത്യായൈ പ്രത്യഗൃഹ്ണൻസാമലവദ്വാസാ അഭവത്തസ്മാദ്മലവദ്വാസസാനസംവദേത നസഹാ ff സീതനാസ്യാന്നമദ്യാദ് ബ്രഹ്മഹത്യായൈഹേ്യഷാവർണം പ്രതിമുച്യാസ്തേ f ഘോ വലചാഹ്ണരഭ്യഞ്ജനം വാവസ്ത്രിയാ അന്നമഭ്യഞ്ജനമേവനപ്രതിഗൃഹ്യം കാമമന്യദിതിയാം മലവദ്വാസസഗ്ഗം സംഭവന്തി യസ്തതോ ജായതേ സോ/ഭിശസ്തോ യാമരണ്യേ തസൈ്യസ്തേനോ യാം പരാചീം തസൈ്യ ഹ്രീതമുഖ്യപഗൽഭോ യാസ്നാതിതസ്യാ അപ്സുമാരുകോ യാ അഭ്യങ്ക്തേ തസൈ്യദുശ്ചർരാ യാ പ്രലിഖതേ തസൈ്യഖലതിരപമാരീ യാ ff ങ്ക്തേതസൈ്യ കാണോ യാദതോധാവതേ തസൈ്യ ശ്യാവദങ്യാനഖാനി നികൃന്തതേ തസൈ്യ കുനഖീയാകൃണത്തി തസൈ്യ ക്ലീബോ യാരജ്ജഗ്ഗംസൃജതി തസ്യാ ഉദ്ബന്ധുകോ യാപർണേന പിബതി തസ്യാ ഉന്മാദുകോയാഖർവേണപിബതിതസൈ്യഖർവസ്തിസ്രോരാത്രീർവ്രതം ചരേദഞ്ജലിനാവാപിബേദഖർവേണ വാ പാത്രേണ പ്രജായൈ ഗോപിഥായ !!

അർത്ഥം —

[അടുത്ത അനുവാകത്തിൽ പ്രതിപാദിക്കുന്നഅഗ്നീഷോമിയ പുരോഡാശത്തിൻെറ ഉപോദ്ഘാതമാണു് ഈ അനുവാകം]

ത്വഷ്ടാവിൻെറ പുത്രനായ വിശ്വരൂപൻ ദേവന്മാരുടെ പുരോഹിതൻ ആയിരുന്നു. അവൻ അസുരന്മാരുടെ അനന്തിരവനും ആയിരുന്നു. അവനു് മൂന്നു ശിരസ്സുകൾ ഉണ്ടായിരുന്നു. ഒന്നു് സോമപാനം ചെയ്യുന്നതായിരുന്നു. മറെറാന്നു് സുരാപാനം ചെയ്യുന്നതായിരുന്നു. മൂന്നാമ-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്തേതു് അന്നം ഭക്ഷിക്കുന്നതായിരുന്നു. ആ വിശ്വരൂപൻ മററു ഭൂതങ്ങളെ നോക്കിയിരിക്കുന്ന അവസരത്തിൽ ദേവന്മാൎക്കു ഭാഗം നൽകുന്നതായി പറയും. രഹസ്യമായി അസുരന്മാൎക്കു് ഭാഗം നൽകുന്നതായി പറയും. അവൻ മററുള്ളവർ കേൾക്കെ ദേവന്മാൎക്കാണു് യജ്ഞഭാഗം നൽകേണ്ടതു് എന്നു് പറയും. അസുരന്മാൎക്കാണു് യജ്ഞഭാഗം നൽകേണ്ടതെന്നു് ആരോടു പറഞ്ഞുവോ അവർ അതു് ഇന്ദ്രനെ ധരിപ്പിച്ചു. അതുകൊണ്ടു് ഇന്ദ്രൻ പേടിച്ചു. നമുക്കു് അവകാശപ്പെട്ട രാജ്യം ദേവന്മാൎക്കു ദ്രോഹം ചെയ്തു് അസുരന്മാൎക്കു് നൽകുന്നു എന്നു് വിചാരിച്ചു് ഇന്ദ്രൻ പേടിച്ചു. ഇന്ദ്രൻ വജ്രായുധം എടുത്തു വിശ്വരൂപന്റെ ശിരസ്സുകൾ മുറിച്ചു. സോമപാനം ചെയ്തുകൊണ്ടിരുന്ന ശിരസ്സു് കപിഞ്ജലപക്ഷിയായിത്തീൎന്നു. സുരാപാനം ചെയ്തുകൊണ്ടിരുന്ന ശിരസ്സു് കലവിങ്കപക്ഷിയായി ത്തീൎന്നു. അന്നം ഭക്ഷിച്ചുകൊണ്ടിരുന്ന ശിരസ്സു് തിത്തിരി എന്ന പക്ഷിയായിത്തീൎന്നു.

വിശ്വരൂപനെ കൊന്നതു നിമിത്തം ഉണ്ടായ ബ്രഹ്മഹത്യാപാപം ഇന്ദ്രൻ അഞ്ജലിബന്ധത്തോടുകൂടി സ്വീകരിച്ചു. (ആലോചിച്ചു് തന്നെയാണു് വിശ്വരൂപനെ കൊന്നതു് എന്ന കുററം സമ്മതിച്ചു.) ആ ബ്രഹ്മഹത്യാ ദോഷത്തിനു് പ്രായശ്ചിത്തം ഒന്നും ചെയ്യാതെ ഒരുവർഷം അതു ധരിച്ചു ബ്രഹ്മഹത്യ ചെയ്തവനാണെന്നു് എല്ലാവരും ഇന്ദ്രനെ കുററപ്പെടുത്തി.

ഈ ബ്രഹ്മഹത്യയുടെ മൂന്നിൽ ഒരു ഭാഗം സ്വീകരിച്ചാലും എന്നു് ഭൂമിയോടു് ഇന്ദ്രൻ പ്രാൎത്ഥിച്ചു. അതിനു് പകരം എനിക്കു് ഒരു വരം തരണം എന്നു് ഭൂമി പറഞ്ഞു. "കുഴി കുന്നതുനിമിത്തം എനിക്കു് പീഡ ഉണ്ടാകുന്നു അതു നിമിത്തം എനിക്കു് പീഡ ഉണ്ടാകരുതു് എന്നു് ഭൂമി വരം ചോദിച്ചു. ഒരു വർഷത്തിനകം കുഴി നികന്നു് വരണം" എന്നു്. അതുകൊണ്ടു് ഭൂമിയിൽ ഉണ്ടാകുന്ന കുഴി ഒരു കൊല്ലത്തിനകം നികന്നു് വരുന്നു ഇതാണു്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇന്ദ്രൻ ഭൂമിക്കു് നൽകിയ വരം. ഭൂമി ഇന്ദ്രനു് ഉണ്ടായിരുന്ന ബ്രഹ്മഹത്യാ ദോഷത്തിൻെറ മൂന്നിൽ ഒരു ഭാഗം സ്വീകരിച്ചു. ഭൂമിയിൽ സ്വീകൃതരായ ബ്രഹ്മഹത്യാപാപം മരുഭൂമിയായിത്തീൎന്നു. അതുകൊണ്ടു് അഗ്നി കാര്യം ചെയ്യുന്നവനും ദൈവീകകാര്യങ്ങളിൽ ശ്രദ്ധയുള്ളവനുമായ പുരുഷൻ മരുഭൂമിയിൽ സ്ഥിതി ചെയ്യരുതു്. ഈ മരുഭൂമി ബ്രഹ്മഹത്യയുടെ രൂപം ആണു്.

എനിക്കു് വന്നിട്ടുള്ള ബ്രഹ്മഹത്യാ ദോഷത്തിൻെറ മൂന്നിൽ ഒരു ഭാഗം സ്വീകരിച്ചാലും എന്നു പറഞ്ഞു കൊണ്ടു് ഇന്ദ്രൻ വൃക്ഷങ്ങളെ സമീപിച്ചു. ആ വൃക്ഷങ്ങൾ പറഞ്ഞു—"ഞങ്ങൾ വരം ചോദിക്കുന്നു. മരം മുറിക്കുന്നതു കൊണ്ടു് ഞങ്ങൾ പീഡ അനുഭവിക്കുന്നു. അതിൽ നിന്നു് ഞങ്ങൾക്കു പീഡ ഉണ്ടാകരുതു്. മരം ഛേദിച്ച സ്ഥലത്തു നിന്നു് അനേകം വൃക്ഷങ്ങൾ ഉണ്ടാകണം." എന്നു് വൃക്ഷങ്ങൾ വരം ചോദിച്ചു. ഇന്ദ്രനുണ്ടായിരുന്ന ബ്രഹ്മഹത്യാ ദോഷത്തിൻെറ മൂന്നിൽ ഒരു ഭാഗം വൃക്ഷങ്ങൾ സ്വീകരിച്ചു. വൃക്ഷങ്ങൾ സ്വീകരിച്ച ബ്രഹ്മഹത്യാ ഭാഗം നിൎയാസ-രൂപത്തിൽ ഭവിച്ചു. അതുകൊണ്ടു് നിൎയാസം (വൃക്ഷങ്ങളിൽ നിന്നു് ഒഴുകിവരുന്ന കറ) ഭക്ഷിക്കാൻ പാടില്ല. ഈ നിൎയാസമാകട്ടെ ബ്രഹ്മഹത്യയുടെ രൂപം ആണു്. ചുവന്ന നിറത്തിൽ കാണപ്പെടുന്ന നിൎയാസവും വൃക്ഷത്തിൽ വെട്ടിമുറിക്കപ്പെട്ട ഭാഗത്തിൽ നിന്നു് വെളിയിൽ വരുന്ന നിൎയാസവും മാത്രം ഭക്ഷിക്കാൻ പാടില്ല. മററുള്ള നിൎയാസം ഭക്ഷിക്കുകയോ ഭക്ഷിക്കാതിരിക്കുകയോ ചെയ്യാം.

എൻെറ ബ്രഹ്മഹത്യാ പാപത്തിൻെറ മൂന്നിൽ ഒരു ഭാഗം സ്വീകരിച്ചാലും എന്നു് ഇന്ദ്രൻ സ്ത്രീകളുടെ സദസ്സിൽ ചെന്നു് പറഞ്ഞു. സ്ത്രീകൾ പറഞ്ഞു "ഞങ്ങൾ വരം ചോദിക്കുന്നു ഋതു സംബന്ധിയായ വീര്യം നിമത്തം സന്താനം ലഭിക്കണം. ഗൎഭത്തിനു് പീഡ ഇല്ലാതെ യഥേച്ഛം പുരുഷ സംയോഗവും ലഭിക്കണം" എന്നു്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പറഞ്ഞു . അതുകൊണ്ടു് സ്ത്രീകൾക്കു് ഋതു സംബന്ധിയായ വീർയം കൊണ്ടു് സന്താനം ലഭിക്കുന്നു. (ഗർഭംധരിക്കുന്നു) ഗർഭധാരണാനന്തരം പ്രസവിക്കുന്നതുവരെ ഗർഭത്തിനു് പീഡയുണ്ടാക്കാതെ യഥേച്ഛംപുരുഷസംയോഗവും ഉണ്ടാകുന്നു. ഇന്ദ്രൻെറ ബ്രഹ്മഹത്യാദോഷത്തിൻെറ മൂന്നിലൊരുഭാഗം സ്വീകരിക്കുന്നതിനു് വേണ്ടി സ്ത്രീകൾ ഈ വരം ആവശ്യപ്പെട്ടു. ബ്രഹ്മഹത്യയുടെ ഒരു ഭാഗം സ്വീകരിച്ച സ്ത്രീ രജസ്വലയായി ഭവിച്ചു. അതുകൊണ്ടു് രജസ്വലയായ സ്ത്രീകളുമായി സംഭാഷണം ചെയ്യരുതു്. ഒരുമിച്ചു് ഇരിക്കരുതു്. അവർ തരുന്ന ഭക്ഷണം ഭക്ഷിക്കരുതു്. രജസ്വലയായ സ്ത്രീ ബ്രഹ്മഹത്യയുടെ രൂപം ധരിച്ചുകൊണ്ടിരിക്കുന്നവൾ ആണു്. അതുകൊണ്ടാണു് ഇപ്രകാരം പറഞ്ഞതു്. എണ്ണ മുതലായവയും അന്നത്തിനു് തുല്യമാണു്. അതുകൊണ്ടു് എണ്ണ മുതലായ പദാർത്ഥങ്ങളും രജസ്വലയായ സ്ത്രീയിൽ നിന്നു് സ്വീകരിക്കരുത്. മററുള്ളവ യഥേച്ഛം ആകാംഎന്നു് ചിലർ പറയുന്നു.

രജസ്വലയായ സ്ത്രീയിൽ ജനിക്കുന്നവൻ മിഥ്യാപവാദത്തോടുകൂടിയവനായിരിക്കും. കാട്ടിൽ രജസ്വലാ സ്ത്രീയിൽ ജനിക്കുന്നവൻ കള്ളൻ ആയിത്തീരും. ലജ്ജകൊണ്ടു് പരാങ്മുഖിയായ രജസ്വലാ സ്ത്രീയിൽ ജനിക്കുന്നവൻ ലജ്ജകൊണ്ടു് സദസ്സിൽ സംസാരിക്കാൻ ശക്തൻ അല്ലാത്തവനായിത്തീരും. രജസ്വലയായിരിക്കുമ്പോൾ സ്നാനം ചെയ്യുന്നവളുടെ പുത്രൻ മരിക്കാൻ ആഗ്രഹിക്കുന്നവൻ ആകും. രജസ്വലയായിരിക്കുമ്പോൾ എണ്ണതേച്ചു് കുളിക്കുന്നവളുടെ പുത്രൻ ത്വക് രോഗമുള്ളവനായിത്തീരും. രാജസ്വലയായിരിക്കുമ്പോൾ ചിത്രം മുതലായവ വരക്കുന്നവളുടെ പുത്രൻ കഷണ്ടിത്തലയുള്ളവനും ദുർമ്മരണത്തോട്കൂടിയവനും ആയിത്തീരും. രജസ്ഥലയായിരിക്കുമ്പോൾ പല്ലുതേക്കുന്നവളുടെ പുത്രൻ മലിനമായ പല്ലുകളോടുകൂടിയവനാകും. രജസ്വലആയിരിക്കുമ്പോൾ പുല്ല് ചെടി മുതലായവ മുറിച്ചു് കളയുന്നവളുടെ പുത്രൻ നപുംസകനായി ഭവിക്കും. രജസ്വലയായിരിക്കുമ്പോൾ കയറു്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പിരിക്കുന്നവളുടെ പുത്രൻ തുണ്ടിച്ചാകാൻ ആഗ്രഹിക്കും. രജസ്വലയായിരിക്കുമ്പോൾ ഇലയിൽ വെള്ളം ഒഴിച്ച് കുടിക്കുന്നവളുടെ പുത്രൻ ഉന്മാദ രോഗത്തോടുകൂടിയവനാകും. രജസ്വലയായിരിക്കുമ്പോൾ ഭക്ഷണം പാകം ചെയ്ത പാത്രത്തിൽ വെള്ളം കുടിക്കുന്നവളുടെ പുത്രൻ വാമനനായിത്തീരും. രജസ്വലയായ സ്ത്രീ മൂന്നു ദിവസം വ്രതം അനുഷ്ഠിക്കണം. രണ്ടു കൈകളും ചേർത്തു് വെള്ളം എടുത്തു കുടിക്കണം. അല്ലെങ്കിൽ പാചകത്തിനു് ഉപയോഗിക്കാത്ത പാത്രത്തിൽ വെള്ളം കുടിക്കണം. ഇപ്രകാരം വ്രതം അനുഷ്ഠിക്കുന്നതു് ജനിക്കാൻ പോകുന്ന സന്താനങ്ങളുടെ രക്ഷയ്ക്കു് വേണ്ടിയാണു്.

ഇതിപ്രഥമോ ഽനുവാകഃ

അഥദ്വിതീയോ ഽനുവാകഃ (ബ്രാഹ്മണം)

സംഹിതാ—

ത്വഷ്ടാഹതപുത്രോ വീന്ദ്രമ്ഗും സോമമാഹരത്തസ്മിന്നിന്ദ്ര ഉപഹവമൈച്ഛതതം നോപാഹ്വയത പുത്രംമേ ഽവധീരിതി സയജ്ഞവേശസംകൃത്വാ പ്രാസഹാ സോമമപിബത്തസ്യയദത്യശിഷ്യത തത്ത്വഷ്ടാ ഽഽഹവനീയമുപ പ്രാവർത്തയത്സ്വാഹേന്ദ്ര ശത്രുർവർധസ്വേതി യദവർത്തയത്തദ് വൃത്രസ്യവൃത്രത്വം യദബ്രവീത്സ്വാഹേന്ദ്രശത്രുർവർധസ്വേതിതസ്മാദസ്യ ഇന്ദ്രഃ ശത്രുരഭവത്സ സംഭവ ന്നഗ്നീഷോമാവഭി സമഭവത്സഇഷുമാത്രമിഷുമാത്രം വിഷ്വങ്ങവർധത സ ഇമാംല്ലോകാനാവൃണോദ്യദിമാൻ ലോകാനവൃണോത്തത് വൃത്രസ്യവൃത്രത്വം തസ്മാദിന്ദ്രോ ഽബിഭേത്സ പ്രജാപതി മുപാധാവച്ഛത്രുർമേ ഽജനീതിതസ്മൈ വജ്രമ്ഗുംസിക്ത്വാ പ്രായച്ഛദേതേന ജഹിതിതേനാഭ്യായതതാവ ബ്രൂതാമഗ്നീഷോമൗ മാ പ്രഹാരാവാമന്തഃ സ്വഃ ഇതി മമവൈയുവഗ്സ്ഥ ഇത്യബ്രവീന്മാമഭ്യേതമിതി തൗ ഭാഗധേയ മൈച്ഛേതാം താഭ്യാ മേതമഗ്നീഷോമീയമേകാദശകപാലം പൂർണമാസേ പ്രായച്ഛത്താവബ്രൂതാമഭിസംദഷ്ടൗ വൈ സ്വോനശക്നവ ഐതുമിതി സ ഇന്ദ്ര ആത്മനഃ ശീതരൂരാവ—

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജനയത്തച്ഛീതത്രുരയോർജന്മയ ഏവം ശീതത്രുരയോർജന്മവേദ
നൈനഗ്ഗും ശീതത്രുരൗഹതന്താഭ്യാഃമനമഭ്യനയത്തസ്മാജ്ജംജ-
ഭ്യമാനാദഗ്നീഷോമൗനിരക്രാമതാം പ്രാണാപാനൗ വാ ഏനം
തദജഹിതാം പ്രാണോ വൈദക്ഷോ ഽപാനഃക്രതുസ്തസ്മാജ്ജം-
ജഭ്യമാനോബ്രൂയാന്മയിദക്ഷക്രതു ഇതി പ്രാണാപാനാവേവാഽഽ
ത്മൻധത്തേ സർവ്വമായുരേതി സദേവതാ വൃത്രാന്നിർഹൃയ വാർ-
ത്രഘ്നഗ്ഗുംഹവിഃപൂർണമാസേനിരവപദ്ഘ്നന്തിവാഏനം-
പൂർണമാസ ആ അമാവാസ്യായാംപ്യായയന്തി തസ്മാദ്വാ-
ർത്രഘ്നീ പൂർണമാസേ ഽ നുചേ്യതേവൃധന്വതീഅമാവാസ്യാ-
യാം തത്സഗ്സ്ഥാപ്യവാർത്രഘ്നഗ്ഗും ഹവിർവജ്രമാദായ
പുനരഭ്യായതതേ അബ്രൂതാം ദ്യാവാപൃഥിവീമാ പ്രഹാരാവ-
യോർവൈശ്രിത ഇതിതേ അബ്രൂതാം വരംവൃണാവഹൈ
നക്ഷത്ര വിഹിതാ ഽ ഹമസാനീത്യസാവബ്രവീച്ചിത്ര വിഹി-
താ ഽഹമിതീയംതസ്മാന്നക്ഷത്ര വിഹിതാ ഽസൗ ചിത്രവി-
ഹിതേയം യ ഏവം ദ്യാവ്യാപൃഥിവ്യോഃ വരം വേദൈനംവ-
രോഗച്ഛതി സ ആഭ്യാമേവ പ്രസൂത ഇന്ദ്രോവൃത്ര മഹൻതേ ദേ-
വാവൃത്രഗ്ഗുംഹത്വാ ഽ ഗ്നീഷോമാവബ്രുവൻഹവ്യംനോവഹതമി-
തിതാവ ബ്രൂംതാമപതേജസൗവൈവൃത്യൗവൃത്രേവൈത്യയോസ്തേ-
ജഇതിതേ ഽബ്രുവൻക ഇദമച്ഛൈതീതി ഗൗരിത്യബ്രുവൻ ഗൗ-
ർവാവ സർവ്വസ്യമിത്രമിതിസാ ഽ ബ്രവീത് വരം വൃണൈമയ്യേ
വസതോഭയേന ഭുനജാധ്വാഇതി. തദ്ഗൗരാഹരത്തസ്മാദ്ഗ
വിസതോഭയേന ഭുഞ്ജത ഏതദ്വാ അഗ്നേസ്തേജോയദ്ഘൃത-
മേതത്സോമസ്യയത്പയോയ ഏവ മഗ്നീഷോമയോസ്തേജോ
വേദതേജസ്വ്യേവഭവതി ബ്രഹ്മവാദിനോവദന്തികിം ദേവത്യം
പൗർണ മാസമിതി പ്രാജാപത്യമിതി ബ്രൂയാത്തേനേന്ദ്രം
ജ്യേഷ്ഠം പുത്രം നിരവാസായയദിതിതസ്മാജ്ജ്യേഷ്ഠം പുത്രം
ധനേനനിരവസായയന്തി ॥

അത്ഥം.—

തന്റെ പുത്രൻ ഇന്ദ്രനാൽ കൊല്ലപ്പെട്ടപ്പോഠം ത്വഷ്ടാ-
വ് ഇന്ദ്രനു് സ്ഥാനം നൽകാതെ സോമയാഗം നടത്തി-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇന്ദ്രൻ ആ യാഗത്തിന്ന് ക്ഷണനം ആഗ്രഹിച്ചു. നീ എൻെറ മകനെ കൊന്നു എന്നു് പറഞ്ഞു് ത്വഷ്ടാവു് ഇന്ദ്രനെ യാഗത്തിന്നു് ക്ഷണിച്ചില്ല ഇന്ദ്രൻ യാഗം നശിപ്പിച്ചു് ബലാൽകാരമായി സോമരസം പാനം ചെയ്തു. ഇന്ദ്രൻ കുടിച്ചതിന്നു് ശേഷം ബാക്കിവന്ന സോമരസം ''സ്വാഹേന്ദ്ര ശത്രുർവർധസ്വ'' എന്ന മന്ത്രം ചൊല്ലി ത്വഷ്ടാവു് ആഹവനീയാഗ്നിയിൽ ഹോമിച്ചു ഇന്ദ്രന്നു് ശത്രു ജനിക്കുന്നതിന്നു് വേണ്ടി നടത്തിയ യാഗത്തിൻെറ ഫലമായി ജനിച്ചതുകൊണ്ടു് വൃത്രന്നു് ആ പേരു ലഭിച്ചു ''സ്വാഹേന്ദ്രശത്രുർവർധസ്വ'' എന്നു് ബഹുവ്രീഹിസമാസം വരത്തക്കവിധം മന്ത്രം ചൊല്ലിയതുകൊണ്ടു് വൃത്രന്നു് ഇന്ദ്രൻ ശത്രുവായി ഭവിച്ചു. ആ വൃത്രൻ ജനിച്ച ഉടൻതന്നെ അഗ്നിയേയും സോമനേയും ആക്രമിച്ചു. വൃത്രൻ ഒരു ബാണം പോകുന്ന ദൂരം നാലുവശവും വളർന്നു, ആ വൃത്രൻ ഈ ലോകങ്ങളെ ആവരണം ചെയ്തു. ഈ ലോകങ്ങളെ ആവരണം ചെയ്തതുകൊണ്ടും വൃത്രൻ എന്നു പറയുന്നു. ഇന്ദ്രൻ ആവൃത്രനെ പേടിച്ചു

എനിക്കു് ശത്രു ഉണ്ടായിരിക്കുന്നു എന്നു് പറഞ്ഞു്കൊണ്ടു് ഇന്ദ്രൻ പ്രജാപതിയുടെ സമീപത്തിൽ എത്തി. പ്രജാപതി മന്ത്രജലംകൊണ്ടു് വജ്രായുധം പ്രക്ഷാളനം ചെയ്തു് ഈ ആയുധം കൊണ്ടു് വൃത്രനെ കൊല്ലുക എന്നു് പറഞ്ഞു് ഇന്ദ്രന്നു് വജ്രായുധം നൽകി ഇന്ദ്രൻ ആ ആയുധവും ആയി ശത്രുവിനെ കൊല്ലുന്നതിനായിപോയി.

അഗ്നിയും സോമനും ഇന്ദ്രനോടു് പറഞ്ഞു. ''വൃത്രനെ പ്രഹരിക്കരുതു് ഞങ്ങൾ രണ്ടുപേരും വൃത്രൻെറ അന്തർഭാഗത്തിൽ ഇരിക്കുന്നു '' എന്നു് നിങ്ങൾ രണ്ടുപേരും എൻെറ സഹായികൾ ആകുവിൻ. എൻെറ സമീപത്തിൽ വരുവിൻ'' എന്നു് ഇന്ദ്രൻ പറഞ്ഞു. അഗ്നിയും സോമനും അതിന്നു് എന്തെങ്കിലും പ്രയോജനം ആഗ്രഹിച്ചു. അഗ്നിഷോമന്മാർക്കു് പതിനൊന്നു് പാത്രത്തിൽ പാകം ചെയ്ത ഹവിസ്സു് പൗർണമിദിനത്തിൽ നൽകി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഗ്നിഷോമന്മാർ പറഞ്ഞു. "ഞങ്ങരം രണ്ടുപേരും വൃത്രന്റെ ദന്തനിരകരംക്കിടയിൽ അകപ്പെട്ടിരിക്കുകയാണ് അതുകൊണ്ട് അങ്ങയുടെ സമീപത്തിൽ വരാൻ ശക്തരല്ല" എന്ന്. ഇന്ദ്രൻ ശീതജ്വരവും സന്താപവും ജനിപ്പിച്ചു. ഇപ്രകാരമാണ് ശീതജ്വരവും അതിനെ തുടർന്നുള്ള സന്താപവും ഉണ്ടായതു്. യാതൊരുത്തൻ ശീതജ്വരത്തിന്റേയും സന്താപത്തിന്റേയും ഉത്പത്തി അറിയന്നുവോ അവനെ ശീതജ്വരവും അതിനെ തുടർന്നുണ്ടാകുന്ന സന്താപവും പീഡിപ്പിക്കുന്നില്ല. ശീതജ്വര സന്താപങ്ങളാൽ ഇന്ദ്രൻ വൃത്രനെ പീഡിപ്പിച്ചു. അതു കൊണ്ട് വൃത്രന്റെ തുറന്ന വായിൽ നിന്നു് അഗ്നിയും സോമനും വെളിയിൽ വന്നു.

അഗ്നിഷോമന്മാർ വൃത്രന്റെ മുഖത്തിൽ നിന്നു് വെളിയിൽ പോയ അവസരത്തിൽ പ്രാണവായുവും അപാനവായുവും വൃത്രനെ ഉപേക്ഷിച്ചു. പ്രാണനെ 'ദക്ഷൻ" എന്നു് വ്യവഹരിക്കുന്നു. അപാനനെ "ക്രതു" എന്നും പറയുന്നു, അതുകൊണ്ട് യാഗാവസരത്തിൽ കോട്ടുവാവിടുന്നവൻ "മയിദക്ഷക്രതു" എന്നു് ആരംഭിക്കുന്ന മന്ത്രം ചൊല്ലണം. ആ മന്ത്രം ചൊല്ലുന്നവൻ പ്രാണവായുവിനേയും, അപാന വായുവിനേയും ധരിക്കുന്നു. അവനു് പൂർണ്ണമായ ആയുസ്സ് ലഭിക്കുന്നു.

ഇന്ദ്രൻ, അഗ്നിയേയും സോമനേയും വൃത്രനിൽനിന്നു് മാററിയതിന്നു് ശേഷം വൃത്രനെ കൊല്ലുന്നതിനു് നിമിത്തമായ ഹവിസ്സ് പൗർണമി ദിവസം സമപ്പിച്ചു. പൗർണമി ദിനത്തിൽ വൃത്രനെപ്പോലെയുള്ള ശത്രുക്കളെ കൊല്ലുന്നു. അമാവാസ്യാ ദിവസം ശത്രുവിന്റെ അഹങ്കാരം വർദ്ധിക്കുന്നു. അതുകൊണ്ട് "വൃത്രഹനന" പദങ്ങരം ഉള്ള മന്ത്രങ്ങരം പൗർണമി ദിവസം നടത്തുന്നയാഗത്തിൽ ചൊല്ലുന്നു. അമാവാസ്യാദിവസം "വൃധ" ധാതു യുക്തമായ മന്ത്രങ്ങരം ചൊല്ലുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇന്ദ്രൻ വൃത്രനെ കൊല്ലുന്നതിനു് നിമിത്തമായ ഹവിസ്സ് പൂർണ്ണമാക്കിയിട്ടു് (യാഗം കഴിച്ചിട്ടു്) വജ്രായുധം എടുത്തുകൊണ്ടു് വീണ്ടും വൃത്രനെ ലക്ഷ്യമാക്കിച്ചെന്നു. അപ്പോരം ദ്യോവും ഭൂമിയും ഇന്ദ്രനോടു് പറഞ്ഞു "വൃത്രനെ പ്രഹരിക്കരുതു് അവൻ ഞങ്ങളെ ആശ്രയിച്ചിരിക്കയാണു്. വൃത്രനെ പ്രഹരിക്കാൻ ഞങ്ങരം സമ്മതിക്കണം. എങ്കിൽ ഞങ്ങരംക്ക വരം തരണം എന്നു്. ഞാൻ നക്ഷത്രങ്ങളാൽ അലംകൃതയാകണം എന്നു് ദ്യോവും. ഞാൻ വിചിത്രങ്ങളായ പ്രാണികളോടു് കൂടിയതാകണം എന്നു് ഭൂമിയും പറഞ്ഞു. അതുകൊണ്ടു് ദ്യോവു് നക്ഷത്രങ്ങളാൽ അലങ്കരിക്കപ്പെട്ടു. ഈ ഭൂമി വിചിത്രങ്ങളായജീവജാലങ്ങളോടു്കൂടിയതായിത്തീർന്നു. യാതൊരുത്തൻ ദ്യോവിനും ഭൂമിക്കും ലഭിച്ചവരം അറിയുന്നുവോ അവനു് അഭീഷ്ടം സാധിക്കുന്നു. ദ്യാവാപൃഥിവികളുടെ അനുജ്ഞ സമ്പാദിച്ച ഇന്ദ്രൻ വൃത്രനെ കൊന്നു.

വൃത്രനെകൊന്നതിനു് ശേഷം ഇന്ദ്രൻെറ പാർശ്വത്തിൽ നിന്ന ദേവന്മാർ അഗ്നിയോടും സോമനോടും പറഞ്ഞു. "ഞങ്ങരംക്കു വേണ്ടി ഹവിസ്സ് സ്വീകരിച്ചുകൊണ്ടുവന്നാലും" എന്നു് "വൃത്രനാൽബാധിക്കപ്പെട്ട ഞങ്ങരം തേജസ്സ് നഷ്ടപ്പെട്ടവരാണു് ഞങ്ങളുടെ തേജസ്സ് വൃത്രനിൽ ആണു്" എന്നു് അഗ്നിഷോമന്മാർ പറഞ്ഞു. ആ തേജസ്സ് കൊണ്ടുവരാൻ ആരാണു് പോകേണ്ടതു്. എന്നു് ദേവന്മാർ ആലോചിച്ചു. പശു ആ തേജസ്സ് കൊണ്ടുവരാനായിപോകും. പശു എല്ലാവരുടേയും മിത്രമാണു്" എന്നു് ദേവന്മാർ പറഞ്ഞു. പശു പറഞ്ഞു "ഞാൻ അതിനുപകരം വരം ചോദിക്കുന്നു. എന്നിൽ തന്നെ സ്ഥിതിചെയ്യുന്ന ആ തേജസ്സ് നിങ്ങരം ഭക്ഷിച്ചാലും എന്നു് വരം ചോദിച്ചു. വൃത്രനിൽ സ്ഥിതിചെയ്ത അഗ്നിയുടേയും സോമൻേറയും തേജസ്സ് പശു എടുത്തുകൊണ്ടു്വന്നു. അപ്രകാരം പശുവിനു് വരം നൽകിയതുകൊണ്ടു് പശുവിൽ സ്ഥിതിചെയ്യുന്ന അഗ്നിയുടേയും സോമൻേറയും തേജസ്സ് ജനങ്ങരം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭക്ഷിക്കുന്നു. നെയ്യ് എന്നു് അറിയപ്പെടുന്ന പദാർത്ഥം അഗ്നിയുടെ തേജസ്സാണു് പാൽ എന്നു് അറിയപ്പെടുന്നതു് സോമൻെറ തേജസ്സാണു് യാതൊരുത്തൻ അഗ്നിയുടേയും സോമൻേറയും തേജസ്സിനെപ്പററി അറിയുന്നുവോ അവൻ തേജസ്സ് ഉള്ളവനായിത്തന്നെ ഭവിക്കുന്നു.

പൗർണമി ദിവസം അനുഷ്ഠിക്കപ്പെടുന്ന യാഗത്തിൻെറ ദേവത ആരാണെന്നു് വേദം അറിയാവുന്നവർ ആലോചിക്കുന്നു. പ്രജാപതിയാണു് ആ യാഗത്തിൻെറ ദേവത എന്നു പറയുന്നു. പൗർണമി ദിവസം അനുഷ്ഠിക്കുന്ന യാഗം കൊണ്ടു് പ്രജാപതി തൻെറ ജ്യേഷ്ഠപുത്രനെ ഐശ്വര്യമുള്ളവനാക്കി. അതു കൊണ്ടു് ആളുകൾ ജ്യേഷ്ഠ പുത്രനെ ധനവാനാക്കുന്നു.

ഇതിദ്വിതീയോ ƒ നുവാകഃ

അഥതൃതീയോƒനുവാകഃ (ബ്രാഹ്മണം)

സംഹിതാ—

ഇന്ദ്രംവൃത്രം ജഘ്നിവാഗ്ം̐സം മൃധോ ƒ ഭിപ്രാവേപന്ത സ ഏതം വൈമൃധം പൂർണമാ സേ ƒ ന നിർവാപ്യമപശ്യത്തം നിരവപത്തേന വൈ സ മൃധോപാഹതയദ്വൈമൃധഃ പൂർണമാ സേ ƒ നുനിർവാപ്യോഭവതി മൃധ ഏവ തേന യജമാനോ ƒ പ- ഹത ഇന്ദ്രോവൃത്രഗ്ം̐ഹത്വാ ദേവതാഭിശ്ചേന്ദ്രിയേണ ച വ്യാർ- ധ്യത സ ഏതമാഗ്നേ യമഷ്ടാകപാലമമാവാസ്യായാമപശ്യ- ദൈന്ദ്രംദധിതം നിരവപത്തേന വൈസ ദേവതാശ്ചേന്ദ്രിയം ചാവാരുന്ധയദാഗ്നേയോ ƒ ഷ്ടാകപാലോ ƒ മാവാസ്യായാം ഭവേ ത്യൈന്ദ്രംദധിദേവതാശ്ചൈവതേനേന്ദ്രിയം ച യജമാനോ ƒ വ- രുന്ധ ഇന്ദ്രസ്യവൃത്രം ജഘ്നുഷഃ ഇന്ദ്രിയംവീർയം പൃഥിവീ- മനുവ്യാർഛത്തദോഷധയോ വിരുധോ ƒ ഭവൻ സ പ്രജാപതി- മുപാധാവദ് വൃത്രംമേജഘ്നുഷ ഇന്ദ്രിയം വീര്യംപൃഥിവിമനു- വ്യാരത്തദോഷധയോ വീരുധോ ƒ ഭ്രവന്നിതി സ പ്രജാപതിഃ- പശൂനബ്രവീദേതദസ്മൈ സംനയതേതി തത്പശവ ഓഷ-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ധീഭ്യോ ƒ ധ്യാത്മൻ സമനയൻ തത്പ്രത്യദഹൻ യത്സമനയൻ തത് സാംനായ്യസ്യസാംനായ്യത്വംയത്പ്രത്യദഹൻ തത്പ്രതി ധുഷഃപ്രതിധുക്ത്വഗ്ഗും സമനൈഷുഃപ്രത്യധുക്ഷന്നതുമയിശ്രയത ഇത്യബ്രവിദേതസ്മൈശൃതംകുരുതേത്യബ്രവീത്തദസ്മൈശൃതമകുർവന്നിന്ദ്രിയം വാവാസ്മിൻ വീർയം തദശ്രയന്തദ്ശൃതസ്യശൃതത്വഗ്ഗും സമനൈഷുഃ പ്രത്യധുക്ഷൻ ശൃതമക്രന്നതുമാധിനോതീത്യബ്രവി ദേതസ്മൈദധികുരുതേത്യ ബ്രവിത്തദസ്മൈദധ്യകുർവന്തദേനമധിനോ ത്തദ്ദധ്നോ ദധിത്വം ബ്രഹ്മവാദിനോവദന്തിദധ്നഃ പൂർവസ്യാവദേയം ദധിഹി പൂർവ്വം ക്രിയതഇത്യനാദൃത്യതത് ശൃതസ്യൈവ പൂർവ്വസ്യാവദ്യേദിന്ദ്രിയമേവാസ്മിൻ വീർയഗ്ഗ് ശ്രിത്വാദധ്നോപരിഷ്ടാദ്ധിനോതി യഥാപൂർവമുപൈതിയത്പൂതികൈർവാപർണവൽകൈർവാ ƒƒ തഞ്ച്യാത് സൗമ്യംതദ്യത്കച്ചലൈരാക്ഷസംതദ്യത്തണ്ഡുലൈർവൈശ്വദേവം തദ്യദാതഞ്ചനേനമാനുഷം തദ്യദ്ധ്നാതത്സേന്ദ്രം ദധ്നാ ƒƒതനക്തിസേന്ദ്രത്വായാഗ്നിഹോത്രോച്ഛേഷണമഭ്യാതനക്തിയജ്ഞസ്യസം തത്യാ ഇന്ദ്രോവൃത്രഗ്ഗുംഹത്വാപരാം പരാവതമഗച്ഛദപരാധമിതി മന്യമാനസ്തം ദേവതാഃ പ്രൈഷമൈച്ഛൻസോ ƒ ബ്രവിത്പ്രജാപതിർയഃ പ്രഥമോ ƒനുവിന്ദതിതസ്യപ്രഥമം ഭാഗധേയമിതിതം പിതരോ ന്വവിന്ദൻ തസ്മാത്പിതൃഭ്യഃ പൂർവ്വേദ്യുഃക്രിയതേ സോ ƒമാവാസ്യാം പ്രത്യാഗച്ഛത്തംദേവാഃ അഭിസമഗച്ഛന്താമാവൈനഃ അദ്യവസു വസതീതീന്ദ്രോഹി ദേവാനാം വസുതദമാവാസ്യായാഅമാവാസ്യത്വംബ്രഹ്മവാദിനോവദന്തികിംദേവത്യഗ്ഗുംസാംനായ്യമിതിവൈശ്വദേവമിതിബ്രൂയാദ്വിശ്വേഹിതദ്ദേവാ ഭാഗധേയമഭിസമഗച്ഛന്തേത്യഥോഖല്വൈന്ദ്രമിത്യേവ ബ്രൂയാദിന്ദ്രം വാവതേതദ്ഭിഷജ്യന്തോ ƒഭിസമഗച്ഛന്തേതി ॥

അത്ഥം—

വൃത്രനെ കൊന്ന ഇന്ദ്രനെ വൃത്രപക്ഷപാതികളായ ശത്രുക്കരം ചുററും നിന്ന് പേടിപ്പിച്ചു. ഇന്ദ്രൻ പൗർണമി ദിനത്തിൽ നടത്തേണ്ടതും ശത്രുക്കളെ നശിപ്പിക്കുന്നതുമായ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യാഗം മനസ്സിലാക്കി. ആ യാഗം നടത്തി. അതുകൊണ്ടു് ഇന്ദ്രൻ ശത്രുക്കളെ നശിപ്പിച്ചു. ഈ യാഗം പൗർണമി ദിവസം നടത്തുന്ന പ്രധാന യാഗത്തെ തുടൎന്നു് നടത്തുന്നതുകൊണ്ടു് യജമാനൻ ശത്രുക്കളെ നശിപ്പിക്കുകതന്നെ ചെയ്യുന്നു. ഇന്ദ്രൻ വൃത്രനെ കൊന്നതിനു് ശേഷം ദേവതകളാൽ ഉപേക്ഷിക്കപ്പെടുകയും ഇന്ദ്രിയ ശക്തി ഇല്ലാത്തവനായിത്തീരുകയും ചെയ്തു. അഗ്നിയെ ഉദ്ദേശിച്ചു് ചെയ്യേണ്ടതും എട്ടു പാത്രത്തിൽ ഹവിസ്സു് പാകംചെയ്തു് സമൎപ്പിക്കേണ്ടതും അമാവാസ്യാദിനം നടത്തേണ്ടതും ഇന്ദ്രനു് ദധി സമൎപ്പിക്കേണ്ടതുമായ യാഗം മനസ്സിലാക്കി. ആ യാഗം നിർവഹിച്ചു. അതുകൊണ്ടു് ദേവതകൾ ഇന്ദ്രനെ സമീപിച്ചു. നഷ്ടപ്പെട്ട ഇന്ദ്രിയ ശക്തി ലഭിക്കുകയുംചെയ്തു. അമാവാസ്യാദിനത്തിൽ അഗ്നിയെ ഉദ്ദേശിച്ചു് എട്ടു പാത്രത്തിൽ പാകം ചെയ്ത ഹവിസ്സും ഇന്ദ്രനെ ഉദ്ദേശിച്ചു് തൈരും സമൎപ്പിക്കുകയാണെങ്കിൽ യജമാനൻ ദേവതകളെ പ്രീണിപ്പിക്കുന്നു. യജമാനനു് ഇന്ദ്രിയ ശക്തി ലഭിക്കുകയും ചെയ്യുന്നു.

വൃത്രനെ കൊന്ന ഇന്ദ്രന്റെ ഇന്ദ്രിയ ശക്തിയും ബലവും ഭൂമിയിൽ വിവിധ രൂപത്തിൽ പ്രവേശിച്ചു. ആ വീർയം ഓഷധികളായും ലതകളായും നാനാ പ്രകാരത്തിലുള്ള ചെടികളായും ഭവിച്ചു. നഷ്ടപ്പെട്ട വീർയം ഇന്ദ്രനു് കൊണ്ടുവന്നു് കൊടുക്കുക എന്നു് പ്രജാപതി പശുക്കളോടു് പറഞ്ഞു. പശുക്കൾ ഇന്ദ്രന്റെ നഷ്ടപ്പെട്ടവീർയം ഓഷധികളിൽനിന്നു് അവയുടെ ശരീരങ്ങളിൽ സംഭരിച്ചുകൊണ്ടു വന്നു. ആ വീർയം പ്രതിദിനം പാൽ കറന്നു് അവയിൽ നിന്നു് സംഭരിച്ചു. പശുക്കൾ ഇപ്രകാരം കൊണ്ടുവന്നു എന്ന കാരണത്താൽ ആ യാഗത്തിനു് "സാംനായ്യം" എന്നു് പേരു് കല്പിച്ചു. പ്രതിദിനം ദോഹനം ചെയ്തു എന്നതുകൊണ്ടു് "പ്രതിധുക്" എന്നു് നാമകരണം നൽകി

ഇന്ദ്രന്റെ നഷ്ടപ്പെട്ട വീർയം പശുക്കൾ കൊണ്ടുവന്നു. ആ പശുക്കളിൽനിന്നു് പ്രതിദിനം ക്ഷീര രൂപത്തിൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കറന്നെടുക്കുകയും ചെയ്തു. എന്നാൽ ആ വീർയം എന്നെ പ്രാപിച്ചില്ല എന്ന് ഇന്ദ്രൻ പ്രജാപതിയോട് പറഞ്ഞു. ഇന്ദ്രന് ക്ഷീരം പാകം ചെയ്ത് കൊടുക്കുക എന്ന് പ്രജാ-പതി പറഞ്ഞു. അതുകൊണ്ട് ഇന്ദ്രന് വേണ്ടി ക്ഷീരം പാകംചെയ്തു. അപ്രകാരംപാകം ചെയ്തതുകൊണ്ട് ഇന്ദ്രിയ ശക്തിയും ബലവും ഇന്ദ്രനെആശ്രയിച്ചു. അതുകൊണ്ടാണ് പാകം ചെയ്തതിന് "ശ്രിതം" എന്ന് വ്യവഹാരം ഉണ്ടായതു്.

നഷ്ടപ്പെട്ട വീർയം കൊണ്ടുവരപ്പെട്ടു. ആ വീർയം ക്ഷീ-രരൂപത്തിൽ പ്രതിദിനം ദോഹനം ചെയ്യപ്പെട്ടു. ക്ഷീരം പാകം ചെയ്യപ്പെട്ടു. ഇവയെല്ലാം നടന്നു. എന്നാൽ എന്നെ സന്തോഷിപ്പിക്കുന്നില്ല എന്ന് ഇന്ദ്രൻ പറഞ്ഞു. ഇന്ദ്രന് വേണ്ടി കാച്ചിയ പാൽ തൈരാക്കുക എന്ന് പ്രജാപതി-പറഞ്ഞു. ഇന്ദ്രന്‌വേണ്ടി കാച്ചിയ പാൽ തൈരാക്കി. ആ തൈര് ഇന്ദ്രനെ സന്തോഷിപ്പിച്ചു. അതു കൊണ്ടാണ് തൈരിന് "ദധി" എന്ന് പേര് നൽകിയതു്.

തൈരാണല്ലോ യാഗ ദിനത്തിന്റെ തലേ ദിവസം ഉണ്ടാക്കപ്പെടുന്നതു്. അതുകൊണ്ട് "ദധി" യെപ്പററി-യുള്ള കാര്യം ആദ്യം പറയേണ്ടതാണ്, എന്ന് വേദം അറി യാവുന്ന ചിലർ പറയുന്നു. ദധിയെപ്പററി പറയാതെ ക്ഷീര പാകം തന്നെആദ്യം പറയണം. യജമാനന്ന് ബലവും വീർയവും ഉണ്ടാക്കിയതിന്ന് ശേഷം തൈര് പ്രീതിയു-ണ്ടാക്കുന്നു. ആദ്യം ക്ഷീരവും അതിൽ നിന്ന് ദധിയും ഉണ്ടാ കുന്നതു പോലെ ആദ്യം ക്ഷീര പാകം ചെയ്യുന്നതും അതി ന് ശേഷം ദധി ഉണ്ടായതും വർണിക്കപ്പെടുന്നു.

സോമ ലതയ്ക്ക് തുല്യമായ വള്ളികളുടെ ചെറിയ കഷ-ണങ്ങളാലോ പലാശ വൃക്ഷത്തിന്റെ അംശങ്ങളാലോ ആതഞ്ചനം തയാറാക്കണം (ആതഞ്ചനം = അല്പം പുളി-യുള്ള മോര്) അപ്രകാരം ചെയ്യുന്നതു് സോമൻ മുതലായ ദേവന്മാർക്ക് ഇഷ്ടപ്പെട്ടതാണ്. വിളഞ്ഞ ബദരീ ഫലം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കൊണ്ടു് ആതഞ്ചനം ഉണ്ടാക്കുന്നതു് രാക്ഷസന്മാർക്കു് പ്രിയപ്പെട്ടതാണു്. അരി കൊണ്ടു് ആതഞ്ചനം ഉണ്ടാക്കുന്നതു് വിശേ ദേവന്മാർക്കു് ഇഷ്ടപ്പെട്ടതാണു്. അല്പം പുളിയുള്ള മോരു കൊണ്ടു് ഉണ്ടാക്കുന്ന ആതഞ്ചനം മനുഷ്യർക്കു് ഇഷ്ടപ്പെട്ടതാണു്. തൈരു കൊണ്ടു് ആതഞ്ചനം ഉണ്ടാക്കുന്നതു് ഇന്ദ്ര ദേവതാകം ആണു്. ഇന്ദ്ര പ്രീതിക്കു് വേണ്ടി തൈരു ചേർത്തു് ആതഞ്ചനം ഉണ്ടാക്കുന്നു. യാഗം അവിച്ഛിന്നമായി നടക്കുന്നതിനു് വേണ്ടി അഗ്നിഹോത്രത്തിനു് പാകം ചെയ്തതിൽ ശേഷിച്ച ഹവിസ്സു് കൊണ്ടു് ആതഞ്ചനം ഉണ്ടാക്കുന്നു.

ഇന്ദ്രൻ വൃത്രനെ കൊന്നതിനു് ശേഷം താൻ അപരാധം ചെയ്തുപോയി എന്ന വിചാരത്തോടുകൂടി അത്യധികം ഭയപ്പെട്ടു് ദേവന്മാരിൽനിന്നു് അകന്നുപോയി. മററു് ദേവന്മാർ ഇന്ദ്രനെവിളിച്ചു. അപ്പോൾ പ്രജാപതി പറഞ്ഞു. ആരാണോ ആദ്യമായി ഇന്ദ്രൻെറ സമീപത്തു് ചെല്ലുന്നതു് ആ ദേവനു് യാഗത്തിൽ ആദ്യ ഭാഗം നൽകും എന്നു്. പിതൃക്കൾ ഇന്ദ്രനെ ആദ്യമായി സമീപിച്ചു. അതുകൊണ്ടു് പിതൃക്കൾക്കു് ദർശപൂർണ മാസങ്ങളുടെ തലേ ദിവസം ബലിമുതലായവ നടത്തുന്നു.

ഇന്ദ്രൻ അമാവാസ്യാദിനത്തിൽ ദേവന്മാരുടെ അടുക്കൽ മടങ്ങിവന്നു. ദേവന്മാർ ഇന്ദ്രനെ അഭിമുഖമായി ചെന്നു് സ്വീകരിച്ചു. ഇന്നു് ധനം ഞങ്ങളോടുകൂടി വസിക്കുന്നു എന്നു് ദേവന്മാർ പറഞ്ഞു. ഇന്ദ്രനാണല്ലോ ദേവന്മാരുടെ ധനം. അതുകൊണ്ടാണു് കറുത്തവാവിനു് അമാവാസ്യ എന്നു് പേരുണ്ടായതു് (അമാവസതിഇതി അമാവാസ്യാ)

സാംനായ്യത്തിൻെറ ദേവത ആരാണെന്നു് വേദം അറിയാവുന്നവർ ചോദിക്കുന്നു വിശേദേവന്മാരാണല്ലോ ഇന്ദ്രനെ അഭിമുഖീകരിച്ചു് ചെന്നതു് അതുകൊണ്ടു് വിശേ ദേവന്മാരാണു് സാംനായ്യത്തിൻെറ ദേവത എന്നു് പറയണം. എങ്കിലും ഇന്ദ്രനാണു് സാംനായ്യത്തിൻെറ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദേവതം ദേവന്മാർ ഇന്ദ്രന്റെ ഭയം നിവാരണം ചെയ്തുകൊണ്ടു് ഇന്ദ്രനെ സ്വീകരിച്ചു എന്നതാണു് കാരണം.

ഇതിതൃതീയോ ƒ നുവാകഃ

അഥചതുർത്ഥോƒനുവാകഃ (ബ്രാഹ്മണം)

സംഹിതാ—

ബ്രഹ്മവാദിനോവദന്തിസത്വൈ ദർശപൂർണ മാസൗയ-ജേതയ ഏനൗ സേന്ദ്രൗയജേതേതി വൈമൃധഃ പൂർണ്ണമാസേ ƒ-നുനിർവാപ്യോഭവന്തി തേനപൂർണമാസഃ സേന്ദ്ര ഐന്ദ്രം ദധ്യ മാവാസ്യായാം തേനാമാവാസ്യാസേന്ദ്രായ ഏവം വിദ്വാൻ ദർശപൂർണമാസൗയജതേ സേന്ദ്രാവേ വൈനൗ യജതേ ശ്വഃ-ശ്വോ ƒ സ്മാ ഈ ജാനായ വസീയോ ഭവതി ദേവാ വൈയദ്യ-ജ്ഞേ ƒ കുർവത തദസുരാ അകുർവതതേദേവാ ഏതാമിഷ്ടിമപ-ശ്യന്നാഗ്നാവൈഷ്ണവമേകാദശകപാലഗ്ഗും സരസ്വത്യൈ ചരുഗ്ഗും സരസ്വതേചരും താം പൗർണമാസഗ്ഗുംസഗ്ഗ്സ്ഥാപ്യാനു നിര-വപന്തതോ ദേവാ അഭവൻ പരാƒസുരായോഭ്രാതൃവ്യവാൻസ്യാ-ത്സപൗർണമാസഗ്ഗും സർഗ്ഗ്സ്ഥാപ്യൈതാമിഷ്ടിമനു-നിർവപേത് പൗർണമാസേനൈവവജ്രം ഭ്രാതൃവ്യായപ്രഹൃത്യാ-ഗ്നാ വൈഷ്ണവേനദേവതാശ്ചയജ്ഞം ചഭ്രാതൃവ്യസ്യവൃങ്-ക്തേമിഥുനാൻ പശൂൻ സാരസ്വതാഭ്യാം യാവദേവാസ്യാ സ്തിതത് സർവ്വം വൃങ്ക്തേ പൗർണമാസീമേവയജേത ഭ്രാതൃവ്യവാന്നാമാമാവാസ്യാഗ്ഗുംഹത്വാഭ്രാതൃവ്യംനാപ്യായയതി സാകംപ്രസ്ഥായീയേനയജേത പശുകാമോയസ്മൈ വാ അല്പേനാ ƒƒ ഹരന്തിനാത്മനാതൃപ്യതിനാന്യസ്മൈദദാ-തിയസ്മൈമഹതാ തൃപ്യത്യാത്മനാദദാത്യന്യസ്മൈ മഹതാ പൂർണഗ്ഗുംഹോതവ്യം തൃപ്തഏവൈനമിന്ദ്രഃ പ്രജയാപശുഭിസ്തർ-പയതിദാരുപാത്രേണജുഹോതിനഹിമൃൺമയമാഹുതിമാനശഔ ദുംബരംഭവത്യൂർഗ്വാ ഉദുംബരഊർക് പശവഃ ഊർജൈവാസ്മാ ഊർജം പശൂനവരുന്ധേനാഗതശ്രീർമഹേന്ദ്രം യജേതത്രയോ വൈഗതശ്രിയഃ ശുശ്രുവാൻ ഗ്രാമണീ രാജന്യസ്തേഷാം മഹേ-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന്ദ്രോദേവതാ യോവൈസ്വാം ദേവതാമതിയജതേ പ്രസ്വായൈ ദേവതായൈച്യവതേ ന പരാം പ്രാപ്നോതി പാപീയാൻ ഭവതി സംവത്സരമിന്ദ്രംയജേത സംവത്സരഗ്ഗംഹി വ്രതംനാതി സ്വേ വൈനം ദേവതേജ്യമാനാ ഭൂത്വാഇന്ധേവസിയാൻ ഭവതിസംവത്സരസ്യപരസ്താദഗ്നയേ വ്രതപതയേ പുരോഡാശമഷ്ടാകപാലം നിർവപേത്സം വത്സരമേവൈനം വൃത്രംജഘ്നി വാഗ്ഗ്ംസമഗ്നിർവ്രതപതിവ്രർതമാലംഭയതിതതോ *f* ധികാമം യജേത ॥

അത്ഥം—

ദർശപൂർണമാസയാഗങ്ങരും ഇന്ദ്രസഹിതമായി നടത്തുന്നവനാണ് ദർശപൂർണമാസയാഗങ്ങളുടെ പൂർണഫലം ലഭിക്കുന്നതു്. വൈമൃധം പൂർണ്ണമാസ യാഗത്തെ തുടന്നു് നടത്തണം. അപ്പോരു പൂർണമാസം ഇന്ദ്രസഹിതമായിത്തീരും. അമാവാസ്യാ ദിവസം നടത്തുന്ന യാഗത്തിൽ ഇന്ദ്രനു് തൈരു് സമപ്പിക്കണം. അതുകൊണ്ടു് അമാവാസ്യായാഗം ഇന്ദ്ര സഹിതമായിത്തീരും, ഇതു മനസ്സിലാക്കി ദർശപൂർണമാസയാഗം നടത്തുന്നവൻ ദർശപൂർണമാസയാഗം ഇന്ദ്രസഹിതമായിതന്നെ നടത്തുന്നു. ഇപ്രകാരം യാഗം നടത്തുന്ന ആളിനു് ഓരോ ദിവസം കഴിയുന്തോറും ധനം വർദ്ധിച്ചുവരും.

ദേവന്മാർ യാഗത്തിൽ എന്തെല്ലാം അനുഷ്ഠിച്ചുവോ അതെല്ലാം അസുരന്മാരും അനുഷ്ഠിച്ചു. അഗ്നിയേയും വിഷ്ണുവിനേയും ഉദ്ദേശിച്ചു് പതിനൊന്നു് പാത്രത്തിൽ പാകം ചെയ്ത ഹവിസ്സും സരസ്വതിയെ ഉദ്ദേശിച്ചു് ഒരു പാത്രത്തിൽ പാകം ചെയ്ത ഹവിസ്സും സരസ്വാൻ എന്ന ദേവനെ ഉദ്ദേശിച്ചു് ഒരു പാത്രത്തിൽ പാകംചെയ്ത ഹവിസ്സും സമപ്പിക്കുന്ന യാഗം ദേവന്മാർ മനസ്സിലാക്കി. പൗർണമി ദിവസം അനുഷ്ഠിക്കേണ്ട യാഗം നടത്തിയതിനു് ശേഷം അതിനെ തുടന്നു് ഈ യാഗം നടത്തി. അതുകൊ–

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ണ്ടു് ദേവന്മാർ വിജയികളായിഭവിച്ചു. അസുരന്മാർ പരാജിതരായി ഭവിച്ചു.

യാതൊരുത്തനു് ശത്രുക്കളുണ്ടോ അവൻ പൗർണമാസീദിനത്തിൽ അനുഷ്ഠിക്കേണ്ടയാഗം നടത്തിയതിനു് ശേഷം അതിനെ തുടൎന്നു് ഈ യാഗം നടത്തണം. പൗർണമാസീയാഗം നടത്തുന്നതുകൊണ്ടു് തന്നെ ശത്രുവിനെ വജ്രായുധം കൊണ്ടു് പ്രഹരിക്കുന്നു. അഗ്നിയേയും വിഷ്ണുവിനേയും ഉദ്ദേശിച്ചു് ചെയ്യുന്നയാഗം കൊണ്ടു് ശത്രുവിൻെറ ദേവതകളേയും യാഗത്തേയും നശിപ്പിക്കുന്നു. സരസ്വതിയേയും സരസ്വാനേയും ഉദ്ദേശിച്ചു് ചെയ്യുന്ന യാഗംകൊണ്ടു് ശത്രുവിൻെറ ആളുകളേയും മൃഗങ്ങളേയും നശിപ്പിക്കുന്നു. ശത്രുവിൻെറ ധനവും നശിക്കുന്നു.

ശത്രുക്കൾ ഉള്ളവൻ പൗർണമി ദിവസംതന്നെ അഗ്നി-വിഷ്ണുസരസ്വതി സരസ്വാൻ എന്നീ ദേവന്മാരെ ഉദ്ദേശിച്ചുള്ള യാഗം നടത്തണം. അമാവാസ്യാദിനത്തിലല്ല ഇതു നടത്തേണ്ടതു്. ഇപ്രകാരം ചെയ്യുന്നതു നിമിത്തം ശത്രുനശിക്കുന്നു. ശത്രുവിനു് അഭിവൃദ്ധി ഉണ്ടാവുകയുംഇല്ല.

പശുക്കൾ ധാരാളം ഉണ്ടാകണം എന്നു് ആഗ്രഹിക്കുന്നവൻ "സാകപ്രസ്ഥായി" എന്നു് അറിയപ്പെടുന്ന യാഗം നടത്തണം (നാലകുടം നിറച്ചു് പാലും തൈരും ഹോമിക്കുന്ന യാഗത്തിനു് സാകപ്രസ്ഥായി എന്നു പേർ) ആർക്കെങ്കിലും അല്പമായി എന്തെങ്കിലും കൊടുത്താൽ അവൻ സ്വയംതൃപ്തനാകുന്നില്ല. മററുള്ളവൎക്കു് കൊടുക്കുന്നുംഇല്ല. ആർക്കെങ്കിലും ധാരാളം കൊടുക്കുകയാണെങ്കിൽ സ്വയം സന്തോഷിക്കുന്നു. മററുള്ളവൎക്കും കൊടുക്കുന്നു. അതുകൊണ്ടു് ധാരാളം ഹോമിക്കണം. സന്തൃപ്തനായ ഇന്ദ്രൻ യജമാനനെസന്താനങ്ങളാലുംപശുക്കളാലും സന്തൃപ്തനാക്കുന്നു.

മരംകൊണ്ടുണ്ടാക്കിയ തവികൊണ്ടു് ഹോമം കഴിക്കുന്നു. മണ്ണു കൊണ്ടു് ഉണ്ടാക്കിയപാത്രം ആഹുതിചെയ്യുന്നതിനു്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അർഹംഅല്ല. ജുഹുഉണ്ടാക്കുന്നതു് ഉദുംബരവൃക്ഷത്തിന്റെ പലകകൊണ്ടാണു് ഉദുംബരവൃക്ഷം ബലംഉള്ളതാണു്. ബലമുള്ള പദാത്ഥംകൊണ്ടു് യജമാനനു് ബലവും പശുക്കളും ലഭിക്കുന്നു.

ഐശ്വര്യം ഇല്ലാത്തവൻ ദേവേന്ദ്രനെ ഉദ്ദേശിച്ച്യാഗം ചെയ്യരുതു്. വേദം പഠിച്ചവൻ ഗ്രാമാധിപൻ, ക്ഷത്രിയൻ എന്നിവരാണു് ഐശ്വര്യം ഉള്ളവർ. ഇവരുടേ ദേവത മഹേന്ദ്രനാണു്. യാതൊരുത്തൻ തന്റെ ദേവതയെ ആരാധിക്കാതെ മററൊരു ദേവതയെ ആരാധിക്കുന്നുവോ അവൻ തന്റെ ദേവതയിൽനിന്നു് പ്രച്യുതനാകുന്നു. മററൊരു ദേവതയെ പ്രാപിക്കുന്നു. ഇല്ല. പാപംഉള്ളവനും ആയിത്തീരുന്നു.

ഒരു വർഷം ഇന്ദ്രനെ ഉദ്ദേശിച്ച് യാഗം കഴിക്കണം. ഒരു വ്രതവും ഒരു വർഷത്തിൽ കൂടുതൽ ആചരിക്കേണ്ടതില്ല. ഇപ്രകാരം അനുഷ്ഠിക്കുകയാണെങ്കിൽ ആരാധിക്കപ്പെടുന്ന ദേവത യജമാനനെ ഐശ്വര്യത്താൽ പ്രകാശിപ്പിക്കുന്നു. (യജമാനന്റെ ഐശ്വര്യം വർദ്ധിക്കുന്നു) യജമാനൻ ധനികനും ആയിത്തീരുന്നു.

ഒരു വർഷത്തിനു് ശേഷം വ്രതപതിയായ അഗ്നിയെ ഉദ്ദേശിച്ച് എട്ടു പാത്രത്തിൽ പാകം ചെയ്ത പുരോഡാശം സമപ്പിക്കണം. ഒരു വർഷംകൊണ്ടു് പാപം ഇല്ലാതായിത്തീരുന്നു. അഗ്നി യജമാനനെ വ്രതം അനുഷ്ഠിക്കാൻ അർഹനാക്കിത്തീർക്കുന്നു. അതിനു് ശേഷം ഇഷ്ടംപോലെ ഇന്ദ്രനെ യോമഹേന്ദ്രനേയോ ഉദ്ദേശിച്ച് യാഗം നടത്താം

ഇതിചതുർത്ഥോ ƒ നുവാകഃ

അഥപഞ്ചമോ ƒ നുവാകഃ (ബ്രാഹ്മണം)

സംഹിതാ—

നാസോമയാജീസംനയേദനാഗതം വാ ഏതസ്യപയോ യോ ƒ സോമയാജീയദസോമയാജീസംനയേത്പരിമോഷ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏവസോ ƒ നൃതം കരോത്യഥോപരൈവസിച്യതേസോമയാ-
ജ്യേവ.സംനയേത്പയോ വൈസോമഃ പയഃ സാംനായ്യം പയ-
സൈപപയഃ ആത്മൻധത്തേ വിവാഏതം പ്രജയാപശുഭിരർ-
ധയതിവർധയത്യസ്യഭ്രാതൃവ്യംയസ്യഹവിർനിരുപ്തം പുരസ്താ-
ച്ചന്ദ്രമാഅഭ്യുഭേതിത്രേധാതണ്ഡുലാൻവിഭജേദ്യേമധ്യമാസ്യൂസ്താ-
നഗ്നയേദാത്രേ പുരോഡാശമഷ്ടാകപാലം കുർയാദ്യേസ്ഥവിഷ്ഠാ-
സ്താനിന്ദ്രായ പ്രദാത്രേദധശ്ശ്ചരുംയേ ƒ ണിഷ്ഠാസ്താൻ വിഷ്-
ണവേ ശിപിവിഷ്ടായ ശൃതേചരുമഗ്നിരേവാസ്മൈപ്രജാം
പ്രജനയതി വൃദ്ധാമിന്ദ്രഃ പ്രയച്ഛതിയജ്ഞോവൈവിഷ്ണുഃ
പശവഃ ശിപിർയജ്ഞ ഏവ പശുഷുപ്രതിതിഷ്ഠതിനദ്വേയ-
ജേതയത്പൂർവയാസം പ്രതിയജേതോത്തരയാഛംബട്കുർ-
യാദ്യുത്തരയാസം പ്രതിയജേതപൂർവയാഛംബട്കുർയാന്നേ-
ഷ്ടിർഭവതിനയജ്ഞസ്തദനുഹ്രീതമുഖ്യപഗൽഭോജായതഏകാ-
മേവയജേത പ്രഗൽഭോ ƒ സ്യജായതേ ƒ നാദൃത്യതദ്വേ ഏവ
യജേതയജ്ഞമുഖമേവപൂർവയാ ƒƒ ലഭതേയജ്ഞ ഉത്തരയാദേ-
വതാ ഏവ പൂർവയാ ƒ വരുന്ധ ഇന്ദ്രിയ മുത്തരയാ ദേവലോക
മേവ പൂർവയാ ƒ ഭിജയതി മനുഷ്യലോകമുത്തരയാ ഭൂയസോ-
യജ്ഞക്രതൂന പൈത്യേഷാവൈസുമനാനാമേഷ്ടിർയമദ്യേജാ-
നംപശ്ചാച്ചന്ദ്രമാ അഭ്യുദേത്യസ്മിന്നേവാസ്മൈ ലോകേർധു-
കം ഭവതിദാക്ഷായണയജ്ഞേനസുവർഗകാമോയജേത പൂർണ-
മാസേസംനയേന്മൈത്രാവരുണ്യാ ƒƒ മിക്ഷയാ ƒമാവാസ്യായാം
യജേത പൂർണമാസേവൈ ദേവാനാഌംസുതസ്തേഷാമേതമർധ-
മാസം പ്രസുതസ്തേഷാം മൈത്രാവരുണീവശാ ƒ മാവാസ്യാ-
യാമനൂബന്ധ്യായത് പൂർവ്വേദ്യുർയജതേവേദിമേവതത്കരോ-
തിയദ്വത്സാനപാകരോതി സദോഹവിർധാനേ ഏവ സംമി-
നോതിയദ്യജതേ ദേവൈരേവസുത്യാഌംസംപാദയതി സ ഏത
മർധമാസഌംസധമാദം ദേവൈഃ സോമംപിബതിയന്മൈത്രാ-
വരുണ്യാ ƒƒ മിക്ഷയാ ƒ മാവാസ്യായാം യജതേയൈവാസൗ
ദേവാനാംവശാനൂബന്ധ്യാസോ ഏവൈഷൈതസ്യസാക്ഷാദ്വാ
ഏഷദേവാനഭ്യാരോഹതിയ ഏഷാം യജ്ഞം അഭ്യാരോഹതി
യഥാഖലുവൈശ്രേയാനഭ്യാരൂഢഃ കാമയതേ തഥാകരോതി
യദ്യവവിധ്യതി പാപീയാൻ ഭവതി യദിനാവവിധ്യതി സ-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദ്ദങ്വ്യാവൃത്കാമമഏതേനയജ്ഞേനയജേതക്ഷുംപവിർഹ്യേഷ യജ്ഞസ്താജക് പുണ്യോവാഭവതി പ്രവാമീയതേ തസ്യൈ-തദ്വ്രതംനാനൃതം വദേന്ന മാംസമശ്നീയാന്ന സ്ത്രിയമുപേ-യാന്നാസ്യപൽപൂലനേനവാസഃ പൽപൂലയേയുരേതദ്ധിദേവാഃ സർവംനകുർവന്തി ॥

അത്ഥം—

സോമയാഗം അനുഷ്ഠിക്കാത്തവൻ സാംനായ്യം നടത്ത രുത്. സോമയാഗം നടത്താത്ത ആളിന് പയോരൂപമായ ഓഷധിരസം അപ്രാപ്യമാണ്. സോമയാഗം നടത്താത്ത വൻ സാം നായ്യം നടത്തുകയാണെങ്കിൽ അവൻ തസ്ക-രൻതന്നെയാണ്. അവൻ അന്യായം ആചരിക്കുകയാ-ണ്. അതുകൊണ്ടു് അവൻ നശിപ്പിക്കുകതന്നെയാണ് ചെയ്യുന്നത്. സോമ യാഗം നടത്തിയവൻ തന്നെ സാം-നായ്യം നടത്തണം. പാൽ സോമരസം തന്നെയാണ്. പാൽ സാംനായ്യം ആണ്. പാൽകൊണ്ടു തന്നെ യജമാ-നൻ സാംനായ്യരൂപമായ പയസ്സ് ധരിക്കുന്നു

യാതൊരു യജമാനൻ ഹവിസ്സ് ഹോമിച്ചതിന് ശേഷം ചന്ദ്രൻ ഉദിക്കുന്നുവോ ആ യജമാനനെ ചന്ദ്രൻ സന്താന-ങ്ങളാലും പശുക്കളാലും വർദ്ധിപ്പിക്കുന്നില്ല. ആ യജമാ-നന്റെ ശത്രുവിനെ വർദ്ധിപ്പിക്കുന്നു. ചതുർദശി ദിവസം അമാവാസ്യയാണെന്ന് വിചാരിച്ച് ഹവിസ്സ് ഹോമി ക്കുകയും അതിന് ശേഷം ചന്ദ്രൻ ഉദിക്കുകയും ചെയ്താൽ യജമാനന് ദോഷം സംഭവിക്കും) അതിന് പരിഹാര മായി താഴെ വിവരിക്കുന്ന യാഗം നടത്തണം.

നെല്ല് കുത്തി എടുത്ത അരി മൂന്ന് തരത്തിൽ വേർതിരി ച്ചെടുക്കണം. മധ്യമപരിമാണത്തിലുള്ള അരികൊണ്ടു് ദാതാവായ അഗ്നിയെ ഉദ്ദേശിച്ച് എട്ടുപാത്രത്തിൽ പുരോ-ഡാശം പാകം ചെയ്ത് സമപ്പിക്കണം. ഏററവും വലു തായി കാണപ്പെടുന്ന അരികൊണ്ടു് പ്രദാതാവായ ഇന്ദ്രനെ ഉദ്ദേശിച്ച് ഹവിസ്സ് പാകം ചെയ്ത് സമപ്പിക്കണം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏറ്റവും ചെറിയ അരികൊണ്ടു് ശിപിവിഷ്ടൻ എന്നറിയപ്പെടുന്ന വിഷ്ണുവിനെ ഉദ്ദേശിച്ചു് ഹവിസ്സ് പാകം ചെയ്തു് സമർപ്പിക്കണം. ഇപ്രകാരം ചെയ്യുന്ന യജമാനനു് അഗ്നിതന്നെ സന്താനം നൽകുന്നു ഇന്ദ്രൻ അഭിവൃദ്ധി ഉണ്ടാക്കുന്നു. യാഗം എന്നു് പറയുന്നതു് വിഷ്ണു ആണു്. യാഗത്തിനുള്ള മൃഗങ്ങളാണു് ശിപി എന്നു് അറിയപ്പെടുന്നതു്. യാഗമൃഗങ്ങളിൽ തന്നെയാണു്. യാഗം ഉറച്ചിരിക്കുന്നതു്.

"രണ്ടു പ്രാവശ്യം ദർശപൂർണമാസ യാഗം നടത്തരുതു്. രണ്ടാമത്തു യാഗം നടത്തുമ്പോൾ ആദ്യം അനുഷ്ഠിച്ച യാഗം നിരർത്ഥകമാകും. രണ്ടാമത്തു അനുഷ്ഠിക്കുന്ന യാഗം ആദ്യം അനുഷ്ഠിച്ച യാഗം നിമിത്തം നിരർത്ഥകമാകും. അതു കൊണ്ടു് യാഗം ചെയ്തതായി തന്നെ വരുന്നില്ല. യാഗം അനുഷ്ഠിച്ച ഫലവും ഇല്ല. അതിനെ തുടർന്നു് യജമാനൻ ലജ്ജയോടുകൂടിയവനും സദസ്സിൽ സംഭാഷണം ചെയ്വാൻ ശക്തി ഇല്ലാത്തവനും ആയിത്തീരുന്നു. അതുകൊണ്ടു് ഒരു പ്രാവശ്യമേ ദർശപൂർണമാസ യാഗം നടത്താവു. ഒരുപ്രാവശ്യം ദർശപൂർണമാസ യാഗം നടത്തുന്ന യജമാനനു് സമർത്ഥനായ പുത്രൻ ജനിക്കുന്നു" എന്നു് ചിലർ പറയുന്നു.

ഈ അഭിപ്രായം വകവയ്ക്കാതെ ദർശപൂർണ മാസങ്ങൾ രണ്ടുപ്രാവശ്യം നടത്തണം. ആദ്യം അനുഷ്ഠിക്കുന്ന യാഗം കൊണ്ടു് യജ്ഞമുഖം നടത്തിയതു പോലെ ആകുന്നു. രണ്ടാമത്തു നടത്തുന്ന യാഗം കൊണ്ടു് യാഗം നടത്തിയതായി ഭവിക്കുന്നു. ആദ്യം നടത്തിയ യാഗം കൊണ്ടു് ദേവതകളെ തൃപ്തിപ്പെടുത്തുന്നു. രണ്ടാമത്തു നടത്തുന്ന യാഗം കൊണ്ടു് യജമാനനു് ഇന്ദ്രിയശക്തി ലഭിക്കുന്നു. ആദ്യം നടത്തിയ യാഗംകൊണ്ടു് യജമാനൻ ദേവലോകം ജയിക്കുന്നു. രണ്ടാമതനുഷ്ഠിക്കുന്ന യാഗം കൊണ്ടു് യജമാനൻ മനുഷ്യലോകം ജയിക്കുന്നു. അനേകയാഗം നടത്തിയാലുള്ള ഫലം യജമാനനു് ലഭിക്കുന്നു. ഇപ്രകാരം രണ്ടു പ്രാവശ്യം പ്രഥമയിലും ദ്വിതീയയിലും രണ്ടു ദിവസം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദർശപൂർണമാസ യാഗം നടത്തുന്നത് "സുമനസ്സ്" എന്നു പേരുള്ള യാഗമാണ്. ഇപ്രകാരം യാഗം നടത്തിയതിനു് ശേഷം ചന്ദ്രൻ ഉദിക്കുന്നു എങ്കിൽ യജമാനനു് ഈ ലോകത്തിൽ തന്നെ ധനവൃദ്ധി ഉണ്ടാകുന്നു.

സ്വർഗ്ഗം ആഗ്രഹിക്കുന്നവൻ ദാക്ഷായണ യജ്ഞം അനുഷ്ഠിക്കണം. അമാവാസ്യ ദിവസം മിത്രനേയും വരുണനേയും സംബന്ധിച്ച ആമിക്ഷകൊണ്ടു് യാഗം നടത്തണം.

പൗർണ്ണമിയിൽ ഇന്ദ്രനെ ഉദ്ദേശിച്ച് ദധി നൽകുന്നതു് ദേവന്മാർക്കു് സോമരസം സമർപ്പിച്ചതുപോലെയാണ്, ആ ദേവന്മാർക്കു് പൗർണ്ണമി മുതൽ കറുത്ത വാവുവരെയുള്ള ദിവസങ്ങളിൽ പ്രതിദിനം സോമരസം സമർപ്പിച്ചതായി ഭവിക്കും. അമാവാസ്യാദിനത്തിൽ മിത്രാവരുണന്മാരെ ഉദ്ദേശിച്ചു് ആമിക്ഷ സമർപ്പിക്കുന്നതു് ദേവന്മാർക്കു് വശയെ ആലംഭനം ചെയ്ത നടത്തുന്ന യാഗത്തിനു് തുല്യം ആണ്. തലേ ദിവസം നടത്തുന്ന യാഗം വേദി നിർമ്മിക്കുന്നതിനു് തുല്യമാണ്. പശുവിൻെറ കുട്ടികളെ അതിൻെറ അടുക്കൽ നിന്നു് മാററുന്നതു് രണ്ടു് ഹവിർധാന മണ്ഡപം നിർമ്മിച്ചതിനു് തുല്യമാണ്. പിറേറ ദിവസം യാഗം നടത്തുന്നതു് ദേവന്മാർക്കു് സോമരസം സമർപ്പിക്കുന്നതുപോലെയാണ്. അപ്രകാരമുള്ള യജമാനൻ ശുക്ലപക്ഷത്തിൽ എല്ലാ ദിവസവും ദേവന്മാരോടുകൂടി സസന്തോഷം സോമപാനം ചെയ്യുന്നു. അമാവാസ്യാദിനത്തിൽ മിത്രാവരുണന്മാരെ ഉദ്ദേശിച്ചു് ആമിക്ഷ സമർപ്പിച്ചു് യാധം ചെയ്യുക എന്നതു് ദേവപ്രീതിക്കു് വേണ്ടി ആലംഭനം രചയ്യുന്ന വശയായിത്തിരുന്നു. യാതൊരു യജമാനൻ ഇവിടെ പറഞ്ഞിട്ടുള്ള ദേവന്മാരെ ഉദ്ദേശിച്ചു് യഥാവിധി യാഗം അനുഷ്ഠിക്കുന്നുവോ ആ യജമാനൻ പ്രത്യക്ഷത്തിൽ തന്നെ ആ ദേവന്മാരെ പ്രാപിക്കുന്നു (ദേവന്മാർക്കു തുല്യം സുഖം അനുഭവിക്കുന്നു)

ലോകത്തിൽ ഉന്നതമായ സ്ഥാനങ്ങളിൽ എത്തിയവർ അവരുടെ ആഗ്രഹങ്ങൾ സാധിക്കുന്നതുപോലെ ഈ യാഗം അനുഷ്ഠിക്കുന്നവനു് അഭീഷ്ടം സാധിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യാഗം നടത്തുമ്പോൾ എന്തെങ്കിലും വൈകല്യം ഉണ്ടാവുകയാണെങ്കിൽ യജമാനൻ പാപിയായിത്തീരുന്നു. വൈകല്യം ഒന്നും ഉണ്ടാകുന്നില്ലെങ്കിൽ യാഗം അനുഷ്ഠിച്ച മററാളുകൾക്ക് തുല്യനായി ഭവിക്കുന്നു അതുകൊണ്ട് യാഗം അനുഷ്ഠിച്ച മററാളുകളെക്കാൾ ശ്രേഷ്ഠത വേണം എന്ന് ആഗ്രഹിക്കുന്നവൻ ദാക്ഷായണ യജ്ഞം എന്ന് അറിയപ്പെടുന്ന ഈ യാഗം നടത്തണം. ഈ യാഗം മൂർച്ചയുള്ള വജ്രായുധത്തിന് തുല്യം ഉടൻ ഫലം തരുന്നതാണ്. പെട്ടെന്ന് തന്നെ പുണ്യവാനായി ഭവിക്കുന്നു. യാഗത്തിൽ തെററ് പററിയാൽ യജമാനന് പെട്ടെന്ന് മരണം സംഭവിക്കുന്നു. ദാക്ഷായണ യജ്ഞത്തിന് വൈകല്യം വന്നാലും യജമാനന് ദോഷം വരാതിരിക്കുന്നതിന് വേണ്ടി താഴെ പറയുന്ന വ്രതം അനുഷ്ഠിക്കണം. കള്ളം പറയരുത്. മാംസം ഭക്ഷിക്കരുത്. സ്ത്രീസംസർഗ്ഗം ചെയ്യരുത്. വസ്ത്രശുദ്ധിക്കുള്ള സാധനങ്ങൾ ഉപയോഗിച്ച് ഉടുക്കുന്ന വസ്ത്രത്തിലുള്ള അഴുക്ക് കളയരുത്. എന്തെന്നാൽ ഇവ ഒന്നും ദേവന്മാർ ചെയ്യുന്നില്ല.

ഇതിപഞ്ചമോ ƒ നുവാകഃ

അഥഷഷ്ഠോ ƒ നുവാകഃ (ബ്രാഹ്മണം)

സംഹിതാ—

ഏഷവൈദേവരഥോ യദ്ദർശപൂർണമാസൗയോദർശപൂർണമാസാവിഷ്ട്വാസോമേനയജതേരഥസ്പഷ്ടഏവാവസാനേവരേ ദേവാനാമവസ്യത്യേതാനിവാഅങ്ഗാപരൂംഷീസംവത്സരസ്യ- യദ്ദർശപൂർണമാസൗ യ ഏവം വിദ്വാൻ ദർശപൂർണമാസൗ യജതേ ƒ ങ്ഗാപരൂംഷ്യേവസംവത്സരസ്യപ്രതിദധാത്യേതേവൈ സംവത്സരസ്യചക്ഷുഷീയദ്ദർശപൂർണമാസൗ യ ഏവം വിദ്വാൻ ദർശപൂർണമാസൗ യജതേ താഭ്യാ മേവ സുവർഗം ലോകമനു- പശ്യതി ഏഷാവൈ ദേവാനാം വിക്രാന്തിർ യദ്ദർശപൂർണ മാസൗ യ ഏവം വിദ്വാൻ ദർശപൂർണമാസൗയജതേ ദേവാനാ- മേവവിക്രാന്തിമനുവി ക്രമത ഏഷ വൈ| ദേവയാനാഃപന്ഥാ യദ്ദർശപൂർണമാസൗ യ ഏവം വിദ്വാൻ ദർശപൂർണ മാസൗയജ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തേയ ഏവദേവയാനാഃ പന്ഥാസ്തേഷാംസമാരോഹത്യേതൌവൈ
ദേവാനാം ഹരീയദ് ദർശപൂർണ്ണമാസൌ യ ഏവം വിദ്വാൻ
ദർശപൂർണ്ണമാസൌ യജതേ യാ വേവ ദേവാനാം ഹരിതാ-
ഭ്യാം ഏവൈഭ്യോഹവ്യം പ്രഹത്യേതദ്വൈ ദേവാനാമാസ്യം
യദ് ദർശപൂർണ്ണമാസൌ യ ഏവം വിദ്വാൻ ദർശപൂർണ്ണമാസൌ
യജതേസാക്ഷാദേവദേവാനാമാസ്യേജുഹോത്യേഷവൈഹവിർ
ധാനീയോ ദർശപൂർണ്ണമാസയാജീ സായം പ്രാതരഗ്നിഹോത്രം
ജുഹോതിയജതേ ദർശപൂർണ്ണമാസാവഹരഹർ ഹവിർധാനി-
നാം സുതാ യ ഏവം വിദ്വാൻ ദർശപൂർണ്ണമാസൌയജതേ
ഹവിർധാന്യസ്മീതിസർവ്വമേവാസ്യ ബർഹിഷ്യംദത്തം ഭവതി
ദേവാ വാ അഹഃ യജ്ഞിയം നാവിന്ദന്ത ദർശപൂർണ്ണമാസാ-
പുനന്തൌ വാ ഏതൌ പൂതൌ മേധ്യൌയദ്ദർശപൂർണ്ണമാസൌ യ ഏവം
വിദ്വാൻ ദർശപൂർണ്ണമാസൌ യജതേ പൂതാവേവൈനൌമേധ്യൌ യ-
ജതേ നാമാവാസ്യാം ച പൌർണ്ണമാസ്യാം ച സ്ത്രിയമുപേയാ-
ദ്യദുപേയാന്നിരിന്ദ്രിയഃ സ്യാത്സോമസ്യവൈരാജ്ഞോഽർധമാ-
സസ്യ രാത്രയഃ പത്നയഃ ആസന്താസാമമാവാസ്യാം ച പൌർണ്ണ
മാസീം ചനോപൈത്തേ ഏനമഭിസമനഹ്യേതാം തം യക്ഷ്മ
ആർച്ഛദ്രാജാനം യക്ഷ്മ ആരദിതി തദ്രാജയക്ഷ്മസ്യ ജന്മയത് പാ-
പീയാനഭവത്തത്പാപയക്ഷ്മസ്യയജ്ജായാഭ്യാമവിന്ദത്തജ്ജാ-
യേന്യസ്യ യ ഏവമേതേഷാം യക്ഷ്മാണാം ജന്മ വേദ നൈന
മേതേ യക്ഷ്മാവിന്ദതി സ ഏതേ ഏവനമസ്യന്നുപാധാവത്തേ
അബ്രൂതാം വരം വൃണാവഹാ ആവം ദേവാനാം ഭാഗധേ
അസാവ ആവദധിദേവാ ഇജ്യന്താ ഇതി തസ്മാത്സദൃശീനാം
രാത്രീണാമമാവാസ്യായാം ച പൌർണ്ണമാസ്യാം ച ദേവാ
ഇജ്യന്ത ഏതേഹി ദേവാനാം ഭാഗധേ ഭാഗധാ അസ്മൈ
മനുഷ്യാ ഭവതി യ ഏവം വേദ ഭൂതാനി ക്ഷുധമഘ്നൻ സദ്യോ
മനുഷ്യാ അർധമാസേദേവാമാസിപിതരഃ സംവത്സരേ വന-
സ്പതയസ്തസ്മാദഹരഹർമനുഷ്യാ അശനമിച്ഛന്തേഽർധമാസേ
ദേവാ ഇജ്യന്തേമാസിപിതൃഭ്യഃ ക്രിയതേ സംവത്സരേ വനസ്-
പതയഃ ഫലം ഗൃഹ്ണന്തി യ ഏവം വേദ ഹന്തി ക്ഷുധം
ഭ്രാതൃവ്യം ॥

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അർത്ഥം—

ദർശപൂർണമാസം എന്നു് അറിയപ്പെടുന്ന യാഗം ദേവന്മാരുടെ രഥത്തിനു് തുല്യമാണു്. ദർശപൂർണമാസ യാഗങ്ങൾ അനുഷ്ഠിച്ചതിനു് ശേഷം സോമയാഗം അനുഷ്ഠിക്കുന്നവൻരഥം പോയതുകൊണ്ടു് സ്പഷ്ടമായതും ശ്രേഷ്ഠവുമായ ദേവസംബന്ധിയായ മാർഗ്ഗത്തിൽ യാത്ര ചെയ്യുന്നു.

ദശപൂർണമാസ യാഗങ്ങൾ എന്നതു് വർഷത്തിന്റെ കരചരണാദ്യവയവങ്ങളും പർവസന്ധികളും പോലെ ആണു് (ദർശയാഗം കരാദ്യവയവങ്ങൾക്കും പൗർണമാസി യാഗം പർവസന്ധികൾക്കും തുല്യമാണു്.) ഇതു് മനസ്സിലാക്കി ദർശപൂർണമാസ യാഗങ്ങൾ നടത്തുന്നവൻ സംവത്സരത്തിന്റെ അവയവങ്ങളും പർവസന്ധികളും ധരിപ്പിക്കുന്നു. ഈ ദർശപൂർണമാസ യാഗങ്ങൾ സംവത്സരത്തിന്റെ രണ്ടു് നേത്രങ്ങൾക്കു് തുല്യമാണു്. ഇതു മനസ്സിലാക്കി ദർശപൂർണമാസ യാഗങ്ങൾ അനുഷ്ഠിക്കുന്നവൻ ദർശപൂർണമാസങ്ങളാൽ തന്നെ സ്വർഗ്ഗലോകം കാണുന്നു. ദർശപൂർണമാസ യാഗങ്ങൾ എന്നു് പറയുന്നതു് ദേവന്മാരുടെ പരാക്രമമാണു്. ഇതു മനസ്സിലാക്കി ദർശപൂർണമാസയാഗങ്ങൾ നടത്തുന്നവൻ ദേവന്മാരുടെ വിക്രമത്തിനു് തുല്യമായി പരാക്രമം പ്രകടിപ്പിക്കുന്നു. ദർശപൂർണമാസം എന്നു് പറയുന്നതു് ദേവലോകത്തിലേയ്ക്കു് പോകുന്നതിനുള്ള മാർഗ്ഗമാണു്. ഇതു മനസ്സിലാക്കി ദർശപൂർണമാസ യാഗങ്ങൾ നടത്തുന്നവൻ ദേവന്മാർ യാതൊരു മാർഗ്ഗത്തിൽ കൂടി പോകുന്നുവോ ആ മാർഗ്ഗത്തിൽ സമാരോഹണം ചെയ്യുന്നു.

ഈ ദർശപൂർണമാസ യാഗങ്ങൾ ദേവന്മാരുടെ കുതിരകളാണു്. ദർശപൂർണമാസയാഗങ്ങളിൽ തന്നെ ദേവന്മാർക്കു് പുരോഡാശം മുതലായവ കൊണ്ടുപോകുന്നു.

ദർശപൂർണമാസം എന്നതു് ദേവന്മാരുടെ മുഖത്തിനു് തുല്യമാണു്. ഇതു് മനസ്സിലാക്കി ദർശപൂർണമാസ യാഗം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അനുഷ്ഠിക്കുന്നവൻ പ്രത്യക്ഷത്തിൽ തന്നെ ദേവന്മാരുടെ ആസ്യത്തിൽ ഹോമിക്കുന്നു.

ദർശപൂർണ്ണമാസ യാഗം അനുഷ്ഠിച്ചവൻ സോമയാഗം കഴിച്ചവനു് തുല്യമാണു്. സായങ്കാലത്തിലും പ്രാതഃകാലത്തിലും അഗ്നിഹോത്രം നടത്തുകയും ദർശപൂർണമാസ യാഗം നടത്തുകയും ചെയ്യുന്നതു് പ്രതിദിനം സോമരസം എടുക്കുന്നതിനു് തുല്യമാണു്. ഇതറിയുന്ന യാതൊരുത്തൻ ദർശപൂർണമാസയാഗങ്ങൾ അനുഷ്ഠിക്കുന്നുവോ അവൻ 'ഞാൻ സോമയാഗം കഴിക്കുന്നവനാണു്'' എന്ന വിചാരത്തിൽ അഗ്നിയിൽ സമർപ്പിക്കുന്നതെല്ലാം ദേവന്മാക്കു് കൊടുത്തതായി ഭവിക്കുന്നു,

ദേവന്മാക്കു് യാഗത്തിനു് അർഹതയുള്ള ദിവസം ലഭിച്ചില്ല. ആ ദേവന്മാർ കറുത്തവാവും വെളുത്തവാവും യാഗാർഹമാകുത്തക്കവിധം പരിശുദ്ധമാക്കി. ഇപ്രകാരം ദേവന്മാരാൽ പരിശുദ്ധമാക്കപ്പെട്ട കറുത്തവാവും വെളുത്തവാവും പരിശുദ്ധവും യാഗാർഹവും ആയിത്തീന്നു. ഇതു് അറിയുന്ന യാതൊരുത്തൻ ദർശപൂർണമാസയാഗം അനുഷ്ഠിക്കുന്നുവോ അവൻ പരിശുദ്ധവും യാഗാർഹവുമായ ദർശപൂർണമാസങ്ങൾ നടത്തുന്നു.

അമാവാസ്യാദിനത്തിലും പൗർണമിദിനത്തിലം സ്ത്രീസംസർഗ്ഗം ചെയ്യരുതു്. ആ ദിവസങ്ങളിൽ സ്ത്രീസംസർഗ്ഗം ചെയ്യുകയാണെങ്കിൽ ഇന്ദ്രിയശക്തി ഇല്ലാത്തവനാകും.

ശുക്ലപക്ഷത്തിൻേറയും കൃഷ്ണപക്ഷത്തിൻേറയും രാത്രികൾ രാജാവായ ചന്ദ്രൻെറ ഭാര്യമാരാണു്. അവരിൽ അമാവാസ്യാരാത്രിയേയും പൗർണമിരാത്രിയേയും ചന്ദ്രൻ പ്രാപിച്ചില്ല. അവർ ചന്ദ്രനെ ബലാൽകാരമായി പ്രാപിച്ചു. അതുകൊണ്ടു് ചന്ദ്രനു് യക്ഷ്മ എന്ന രോഗം ബാധിച്ചു. രാജാവായ ചന്ദ്രനെ യക്ഷ്മ എന്ന രോഗം ബാധിച്ചു എന്നതാണു് രാജയക്ഷ്മാ എന്ന രോഗത്തിൻെറ ഉത്പത്തി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പാപിയായ് തീൎന്നതുകൊണ്ടു് പാപയക്ഷ്മാവും ഉണ്ടായി. രണ്ടു ഭാൎയ്യമാർ നിമിത്തം ഉണ്ടായതുകൊണ്ടു് ജായേന്യം എന്ന രോഗം സംഭവിച്ചു. യാതൊരുത്തൻ ഇപ്രകാരം യക്ഷ്മാ എന്നു് അറിയപ്പെടുന്ന ഈ രോഗങ്ങളുടെ ഉത്ഭവം അറിയുന്നുവോ അവനെ യക്ഷ്മാ എന്ന രോഗം ബാധിക്കുന്നില്ല. ചന്ദ്രൻ അവരെത്തന്നെ (അമാവാസ്യാരാത്രിയേയും പൗൎണ്ണമിരാത്രിയേയും) നമസ്കരിച്ചു- അവരോടു് ''എന്നെ രോഗത്തിൽനിന്നു് രക്ഷിക്കണം'' എന്നു് അപേക്ഷിച്ചു. ഞങ്ങൾ അതിന്നു് പകരം വരം ചോദിക്കുന്നു എന്നു് അവർ പറഞ്ഞു ഞങ്ങൾ ദേവന്മാൎക്കു് ഭാഗം നൽകുന്നവരായി ഭവിക്കണം. അമാവാസ്യയിലും പൗൎണ്ണമിയിലും പാകം ചെയ്തു് ദേവന്മാൎക്കു് യാഗം ചെയ്യണം എന്നു് വരം ചോദിച്ചു. അതുകൊണ്ടു് തുല്യമായ രാത്രികളിൽ അമാവാസ്യയിലും പൗൎണ്ണമിയിലും ദേവന്മാരെ ഉദ്ദേശിച്ചു് യാഗം ചെയ്യപ്പെടുന്നു. അമാവാസ്യയും പൗൎണ്ണമിയും ദേവന്മാൎക്കു് ഭാഗം നൽകുന്നവയാണു്. ഇതു് അറിയുന്നവർ ദേവന്മാരെ ഉദ്ദേശിച്ചു് ഭാഗം സമൎപ്പിക്കുന്നു.

പ്രാണികൾ അവയുടെ വിശപ്പു് ഇല്ലാതെയാക്കി. മനുഷ്യർ പെട്ടെന്നു് തന്നെ അവരുടെ വിശപ്പു് മാററുന്നു. ദേവന്മാർ ഓരോപക്ഷത്തിലും അവരുടെ വിശപ്പു് മാററുന്നു. പിതൃക്കൾ മാസത്തിൽ ഒരിക്കൽ അവരുടെ വിശപ്പു് മാററുന്നു. വൃക്ഷങ്ങൾ വൎഷത്തിൽ ഒരിക്കൽ അവയുടെ വിശപ്പു് മാററുന്നു. അതുകൊണ്ടു് ആളുകൾ എല്ലാ ദിവസവും ഭക്ഷണം ആഗ്രഹിക്കുന്നു. ഓരോ അൎദ്ധമാസത്തിലും ദേവന്മാരെ ഉദ്ദേശിച്ചു് യാഗം ചെയ്യപ്പെടുന്നു ഓരോ മാസത്തിലും പിതൃക്കളെ ഉദ്ദേശിച്ചു് ശ്രാദ്ധാദികൾ നടത്തുന്നു. വൃക്ഷങ്ങൾ വൎഷത്തിൽ ഒരിക്കൽ കായ്ക്കുന്നു. ഇതു് അറിയുന്നവൻ തന്റെ ശത്രുവായ വിശപ്പിനെ നശിപ്പിക്കുന്നു.

ഇതിഷഷ്ഠോ ഽനുവാകഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഥസപ്തമോഽനുവാകഃ (ബ്രാഹ്മണം)

സംഹിതാ—

ദേവാ വൈനർചിനയജ്ഞുഷ്യശ്രയന്തതേ സാമന്നേവാശ്ര-
യന്ത ഹിം കരോതി സാ മൈവാകർഹിം കരോതീ യത്രൈവ
ദേവാ അശ്രയന്ത തത ഏവൈ നാൻ പ്രയുങ്ക്തേ ഹിം കരോതി
വാചഏവൈഷ യോഗോഹിം കുരോതി പ്രജാഏവതദ്യജമാനഃ
സൃജതേത്രിഃ പ്രഥമാമനവാഹ ത്രിരുത്തമാംയജ്ഞസ്യൈവതദ്വർ-
സം നഹ്യത്യ പ്രസ്രഗ്ഗംസായ സന്തതമനവാഹപ്രാണാനാമന്നാ-
ദ്യസ്യസംന്തത്യാ അഥോരക്ഷസാമപഹത്യൈരാഥംതരീം പ്രഥ-
മാമനവാഹ രാഥംതരോവാ അയംലോക ഇമമേവലോകമഭി-
ജയതിത്രിർവിഗൃഹ്ണാതിത്രയഇമേലോകാഇമാനേവലോകാ-
നഭിജയതി ബാർഹതീമുത്തമാമനവാഹബാർഹതോവാ അസൗ
ലോകോഽമുമേവലോകമഭിജയതി പ്രവോവാജാമിത്യനിരുക്താം
പ്രാജാപത്യാമനവാഹ യജ്ഞോ വൈപ്രജാപതിർയജ്ഞമേവ-
പ്രജാപതിമാരഭതേ പ്രവോ വാജാ ഇത്യനവാഹാന്നം വൈവാ-
ജോഽന്നമേവാ വരുന്ധേ പ്രവോ വാജാ ഇത്യനവാഹ തസ്മാ-
ത്പ്രാചീനഗ്ഗം രേതോധീയതേഽഗ്ന ആയാഹി വിതയ ഇത്യാഹ
തസ്മാത്പ്രതീചീഃ പ്രജാജായന്തേ പ്രവോ വാജാഇത്യനവാഹ
മാസാ വൈവാജാഃഅർധമാസാ അഭിദ്യവോ ദേവോ ഹവിഷ്മ-
ന്തോ ഗൗർഘൃതാചീയജ്ഞോ ദേവാഞ്ജിഗാതി യജമാനഃസുമ്ന-
യുരിദമസീദമസീത്യേവ യജ്ഞസ്യപ്രിയംധാമാവരുന്ധേ യം
കാമയേത സർവമായുരിയാദിതി പ്രവോ വാജാ ഇതി തസ്യാ-
നൂച്യാഗ്നആയാഹി വീതയ ഇതി സന്തതമുത്തരമർധർചമാല-
ഭേത പ്രാണേനൈവാസ്യാപാനം ദാധാര സർവമായുരേതിയോ
വാ അരത്നിഗ്ഗം സാമിധേനീനാം വേദാരത്നാവേവ ഭ്രാതൃ-
വ്യം കുരുതേഽർധർചൗ സംദധാത്യേഷവാ അരത്നിഃ സാമിധേ-
നീനാം യ ഏവം വേദാരത്നാവേവ ഭ്രാതൃവ്യം കുരുത ഋഷേർഋ-
ഷേർവാ ഏതാനിർമിതാ യത്സാമിധേന്യസ്താഃ യദസംയുക്താ
സ്യുഃ പ്രജയാപശുഭിർയജമാനസ്യവിതിഷ്ഠേരന്നർധർചൗസം-
ദധാതി സംയുനക്ത്യേവൈനാസ്താ അസ്മൈ സംയുക്താ അവ-
രുദ്ധാഃ സർവാമാശിഷംദുഹേ ॥

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അത്ഥം —

ദേവന്മാർ ഋഗ്വേദത്താൽ സന്തുഷ്ടരായില്ല യജുർവേദത്താൽ സന്തുഷ്ടരായില്ല. അവർ സാമവേദത്താൽ സന്തുഷ്ടരായിത്തീർന്നു. സാമവേദം തന്നെയാണ് സന്തോഷസൂചകമായ ''ഹിം'' എന്ന ശബ്ദം പുറപ്പെടുവിക്കുന്നത് യാതൊരു ശബ്ദത്താൽ ദേവന്മാർ സന്തുഷ്ടരായോ ആ ''ഹിം'' ശബ്ദം ചൊല്ലണം. അതുകൊണ്ട് തന്നെയാണ് ''ഹിം'' എന്ന ശബ്ദം ആവർത്തിച്ചുചൊല്ലുന്നത്. ''ഹിം'' എന്ന ശബ്ദത്തിന്റെ ഉച്ചാരണം ഋഗ്രൂപമായ പദങ്ങളുമായുള്ള ബന്ധമാണ്. ''ഹിം'' എന്ന ശബ്ദം പറയുന്നതുകൊണ്ട് യജമാനൻ പ്രജകളെ സൃഷ്ടിക്കുന്നു. [ഹിംശബ്ദം ഒരു പ്രാവശ്യം ഉച്ചരിക്കുന്നതുകൊണ്ട് ദേവന്മാർ സന്തുഷ്ടരാകുന്നു രണ്ടാമതു പറയുന്നതുകൊണ്ട് സാമവേദാശ്രയമായ ഋഗ്വേദവുമായുള്ള സംബന്ധം പറയപ്പെട്ടു. മൂന്നാമതു ചൊല്ലുന്നതുകൊണ്ട് യജമാനന്ന് സന്താനങ്ങൾ ഉണ്ടാകുന്നു]

ആദ്യത്തെ മന്ത്രം മൂന്നു പ്രാവശ്യം ചൊല്ലുന്നു. മൂന്നാമത്തെ മന്ത്രവും മൂന്നു പ്രാവശ്യംചൊല്ലുന്നു. ഇപ്രകാരം ചൊല്ലുന്നത് യാഗത്തിന്ന് ശൈഥില്യം വരാതിരിക്കുന്നതിന്ന് വേണ്ടിയാണ്. യാഗത്തിന്റെ അവസാന ഭാഗം ആദ്യത്തെ ഭാഗവുമായി ചേർത്തു ബന്ധിക്കുന്നു. ആദ്യത്തെമന്ത്രത്തിന്റെ ഉത്തരാർദ്ധവും അടുത്തമന്ത്രത്തിന്റെ പൂർവാർദ്ധവും ചേർത്ത് ചൊല്ലുന്നു. ഇത് യജമാനന്ന് പ്രാണനും ഭക്ഷ്യപദാത്ഥങ്ങളും തുടർച്ചയായി ലഭിക്കുന്നതിന്ന് വേണ്ടിയാണ്. കൂടാതെ രക്ഷസ്സുകളുടെ നാശത്തിനും കാരണമാകുന്നു. രഥന്തരസാമത്തിൽപെട്ട ആദ്യത്തെ മന്ത്രംചൊല്ലുന്നു. ഈ ഭൂലോകം രഥന്തരസാമഗാനത്തോട് കൂടി യാഗകർമ്മങ്ങൾ നടത്തുന്നതാണ്. രഥന്തരസാമം ചൊല്ലുന്നതുകൊണ്ട് ഈ ലോകം മുഴവൻ ജയിക്കുന്നു.

സാമിധേനി മന്ത്രങ്ങളാൽ മൂന്നാമത്തെ മന്ത്രം മൂന്നു പ്രാവശ്യം വിഗ്രഹിച്ചു ചൊല്ലുന്നു. (ആദ്യത്തെ പാദംചൊ-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ല്ലിയതിനു് ശേഷം ഒരു വിഗ്രഹം. മന്ത്രത്തിൻെറ പകുതി ഭാഗം ചൊല്ലുമ്പോൾ ഒരു വിഗ്രഹം. ഉത്തരാർദ്ധവും അടുത്ത മന്ത്രത്തിൻെറ പൂർവാർദ്ധവും ഒരു വിഗ്രഹം) ലോകങ്ങൾ മൂന്നാണു്. ഇപ്രകാരം ചൊല്ലുന്നതു കൊണ്ടു് യജമാനൻ മൂന്നു് ലോകങ്ങളേയും ജയിക്കുന്നു.

ബൃഹത് എന്ന ശബ്ദത്തോടുകൂടിയ മന്ത്രം ഉത്തമമന്ത്രമാണെന്നു് പറയുന്നു. ഈ ലോകം ബാർഹതമന്ത്രം ചൊല്ലി കർമാനുഷ്ഠാനം ചെയ്യുന്നതാണു്. ഈ മന്ത്രം ചൊല്ലുന്നതു കൊണ്ടു് ബാർഹതമായ ഈ ലോകം യജമാനൻ ജയിക്കുന്നു.

"പ്രവോവാജാ" എന്നു തുടങ്ങുന്നതും ദേവതകളുടെ നാമമൊന്നും ഇല്ലാത്തതും പ്രജാപതിയെ സംബന്ധിച്ചതുമായ മന്ത്രം ചൊല്ലുന്നു. പ്രജാപതി എന്നു പറയുന്നതു് യാഗം തന്നെയാണു്. പ്രജാപത്യ മന്ത്രം ചൊല്ലുന്നതുകൊണ്ടു് പ്രജാപതി രൂപമായ മന്ത്രം ആരംഭിച്ചതായി ഭവിക്കുന്നു. "പ്രവോവാജാ" എന്നു തുടങ്ങുന്ന മന്ത്രം ചൊല്ലുന്നു. "വാജഃ" എന്നു് പറയുന്നതു് ഭക്ഷണമാകുന്നു് ഈ മന്ത്രം ചൊല്ലുന്നതുകൊണ്ടു് യജമാനനു് ഭക്ഷണം സുഭിക്ഷമായി ലഭിക്കുന്നു 'പ്രവോവാജാ" എന്ന മന്ത്രം ചൊല്ലുന്നു. അപ്രകാരം ചൊല്ലുന്നതുകൊണ്ടു് സ്ത്രീ ശരീരത്തിൽ പ്രവേശിക്കാൻ ശക്തിയുള്ള രേതസ്സു് യജമാനൻ ധരിക്കുന്നു. "പ്ര" ശബ്ദം ചൊല്ലുന്നതിൻെറ ഫലമാണു് ഇതു് എന്നു ചിലരുടെ മതം)

"അഗ്നആയാഹിവീതയേ" എന്ന മന്ത്രം ചൊല്ലുന്നു. അതുകൊണ്ടു് യജമാനനു് സദൃശമായ സന്താനങ്ങൾ ഉണ്ടാകുന്നു. "പ്രവോ വാജാ" എന്നു തുടങ്ങുന്ന മന്ത്രം ചൊല്ലുന്നു. "വാജാ" എന്നു പറയുന്നതു് മാസങ്ങളും അർധമാസങ്ങളും ആണു്. ("അല്ലയോ ദേവന്മാരെ! സ്തുതിക്കുകളു യജമാനനും യാഗാദികർമ്മങ്ങൾ നടത്തുന്നു. മാസങ്ങൾ ശുക്ലകൃഷ്ണ പക്ഷങ്ങളുടെ രൂപത്തിൽ പ്രകാശിക്കുന്നു അർധമാസങ്ങൾ ദേവന്മാർക്കു് ഹവിസ്സു് കൊണ്ടു പോകട്ടെ. യജമാനൻെറ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പശു യാഗസാധനഭൂതമായ നെയ്യ് തരുന്നതായി ഭവിക്കട്ടെ. അനുഷ്ഠിക്കപ്പെടുന്ന യാഗം ദേവന്മാരെ പ്രാപിക്കട്ടെ. യജമാനൻ സുഖമുള്ളവനായി ഭവിക്കട്ടെ'' എന്നാണ് മന്ത്രത്തിൻെറ അത്ഥം)

ഇദമസി ഇദമസി എന്ന മന്ത്രം ചൊല്ലി യാഗത്തിനു് പ്രീയപ്പെട്ട സ്ഥാനം യജമാനനു് ലഭിക്കുന്നു.

യജമാനനു് പൂർണ്ണമായ ആയുസ്സ് ലഭിക്കണമെന്നു് ആഗ്രഹിക്കുകയാണെങ്കിൽ ''പ്രവോവാജാ'' എന്ന മന്ത്രം മുഴുവൻ ചൊല്ലി ആ മന്ത്രത്തോടുകൂടി ''അഗ്നആയാഹീവീതയേ'' എന്ന മന്ത്രത്തിൻെറ പകുതികൂട്ടിച്ചേർത്തു് ചൊല്ലണം. ആ യജമാനൻ പ്രാണവായുവിനോടുകൂടി അപാനവായുവിനേയും ധരിക്കുന്നു. യജമാനനു് പൂർണമായ ആയുസ്സ് കിട്ടുകയും ചെയ്യുന്നു.

സാമിധേനിമന്ത്രങ്ങൾ വിച്ഛേദമില്ലാതെ ചൊല്ലാൻ അറിയുന്നവൻ ശത്രുവിനെ തൻെറ കയ്യുകളിൽ ആക്കുന്നു. മുൻപിലത്തെ മന്ത്രത്തിൻെറ പകുതിയോടുകൂടി അടുത്ത മന്ത്രം കൂട്ടിച്ചേർത്തു ചൊല്ലുന്നു, ഇതാണു് സാമിധേനി മന്ത്രങ്ങളുടെ അരത്നി എന്നു പറയുന്നതു്. ഇതറിയുന്നവൻ ശത്രുവിനെ സ്വാധീനമാക്കുന്നു.

സാമിധേനീമന്ത്രങ്ങൾ മഹർഷിമാരാൽ ലഭിക്കപ്പെട്ടവയാണു്. ഒരു മഹർഷിമനസ്സിലാക്കി മറെറാരു മഹർഷിക്കു് ഉപദേശിച്ചു് പരമ്പരയായി ലഭിച്ചതാണു്. ആ സാമിധേനി മന്ത്രങ്ങൾ അന്യോന്യം യോജിപ്പിച്ചു് ചൊല്ലുന്നില്ലെങ്കിൽ യജമാനൻ സന്താനങ്ങളോടും പശുക്കളോടും കൂടിയവനായിഭവിക്കുകയില്ല. മുൻപിലത്തെ മന്ത്രത്തിൻെറ ഉത്തരാർധവും അടുത്ത മന്ത്രത്തിൻെറ പൂർവ്വാർധവുംകൂടി യോജിപ്പിച്ചു ചൊല്ലുന്നു. ഇപ്രകാരം യോജിപ്പിക്കപ്പെട്ടതു. അവിച്ഛിന്നവും ആയ ആ മന്ത്രങ്ങൾ യജമാനനെ സന്താനങ്ങളോടുംപശുക്കളോടുംകൂടിയവനാക്കുന്നു യജമാനൻെറ എല്ലാ ആഗ്രഹങ്ങളും സാധിക്കുന്നു,

ഇതിസപ്തമോ *f* നുവാകഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഥഅഷ്ടമോ ഽനുവാകഃ (ബ്രാഹ്മണം)

സംഹിതാ—

അയജ്ഞോവാ ഏഷ യോ ഽ സാമാ ഽ ഗ്ന ആയാഹിവീതയ-ഇത്യാഹ രഥന്തരസ്യൈഷവർണ്ണസ്തം ത്വാ സമിദ്ഭിരങ്ഗിര-ഇത്യാഹവാമദേവ്യസ്യൈഷവർണ്ണോ ബൃഹദഗ്നേ സുവീര്യമി-ത്യാഹബൃഹതഏഷ വർണ്ണോ യദേതം തൃ ചമനവാഹ യജ്ഞമേ-വതത്സാമന്വന്തം കരോത്യഗ്നിരമുഷ്മിം ല്ലോകേ ആസീദാദി-ത്യോ ഽ സ്മിന്താവിമൗ ലോകാവശാന്താവാസ്താംതേ ദേവാ അബ്രുവന്നേതേമൗ വിപര്യൂഹാമേത്യഗ്ന ആയാഹി വീതയ ഇത്യസ്മിംല്ലോകേ ഽ ഗ്നിമദധുർബൃഹദഗ്നേസുവീര്യമിത്യമു-ഷ്മിം ല്ലോക ആദിത്യം തതോ വാ ഇമൗലോകാവശാമ്യ-താംയദേവമന്വാഹാനയോർലോകയോഃ ശാന്ത്യൈശാമ്യതോ ഽ-സ്മാ ഇമൗലോകൗ യ ഏവം വേദപഞ്ചദശസാമിധേനീരന്വാ-ഹ പഞ്ചദശവാ അർധമാസസ്യരാത്രയോ ഽർധമാസശഃ സംവ-ത്സര ആപ്യതേ താസാം ത്രീണി ച ശതാനിഷഷ്ടിശ്ചാക്ഷരാ-ണി താവതീഃ സംവത്സരസ്യരാത്രയോ ഽ ക്ഷരശ ഏവ സംവ-ത്സരമാപ്നോതി നൃമേധശ്ച പരുച്ഛേപശ്ച ബ്രഹ്മവാദ്യമവ-ദേതാമസ്മിൻ ദാരാവാർദ്രേ ഽ ഗ്നിം ജനയാവ യതരോ നൗ ബ്രഹ്മീയാനിതി നൃമേധോ ഽ ഭ്യവദത്സ ധൂമമജനയത്പരുച്ഛേ-പോ ഽ ഭ്യവദത്സോഗ്നിമജന യദൃഷ ഇത്യബ്രവിത് യത്സമാവ-ദ്വിദ്വ കഥാ ത്വമഗ്നിമജീജനോ നാഹമിതി സാമിധേനീനാമേ വാഹം വർണ്ണംവേദേത്യബ്രവിദ്യത്ഘൃതവത്പദമനൂച്യതേ സഏഷാംവർണ്ണസ്തംത്വാസമിദ്ഭിരങ്ഗിരെ ഇത്യാഹസാമി-ധേനീഷ്വേവ തജ്ജ്യോതിർജനയതിസ്ത്രീയസ്തേന യത്സാമിധേ-ന്യോ വൃഷണ്വതീമന്വാഹ തേന പുംസ്വതിസ്തേനസേന്ദ്രാ-സ്തേനമിഥുനാ അഗ്നിർദേവാനാംദൂത ആസീദുശനാകാവ്യോ ഽ സുരാണാം തൗ പ്രജാപതിം പ്രശ്നമൈതാഗ്ം സ പ്രജാപതീ-രഗ്നിം ദൂതം വൃണീമഹ ഇത്യഭിപര്യാവർതത തതോ ദേവാ അഭവൻ പരാ ഽ സുരാ യസ്യൈവം വിദ്ധുഷോ ഽ ഗ്നിം ദൂതം വൃണീ മഹഇത്യന്വാഹ ഭവത്യാത്മനാ പരാ ഽ സ്യഭ്രാതൃവ്യോഭവത്യധ്വര-വതീമന്വാഹ ഭ്രാതൃവ്യമേവൈതയാധ്വരതിശോചിഷ്കേശസ്ത-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മീമഹഇത്യാഹ പവിത്രമേ വൈതദ്യജമാനമേവൈതയാ പവ- യതി സമിദ്ധോ അഗ്ന ആഹുതേത്യാഹ പരിധിമേവൈതം പരിദധാത്യസ്കന്ദായ യദത ഊർധ്വമഭ്യാദധ്യാദ്യഥാ ബഹിഃ പരിധിസ്കന്ദതി താദൃഗേവ തത്ത്രയോ വാ അഗ്നയോ ഹവ്യ- വാഹനോ ദേവാനാം കവ്യവാഹനഃ പിതൃണാമ്ഗും സഹരക്ഷാ അസുരാണാം ത ഏതർഹ്യാശമ്ഗുംസന്തേ മാം വരിഷ്യതേ മാം ഇതിവൃണീധ്വം ഹവ്യവാഹന മിത്യാഹ യ ഏവ ദേവാനാം തം വൃണീത ആർഷേയം വൃണീതേ ബന്ധോരേവ നൈത്യഥോ സംതത്യൈ പരസ്താദർവാചോ വൃണീതേ തസ്മാത്പരസ്താ- ദർവാഞ്ചോ മനുഷ്യാൻ പിതരോƒനു പ്രപിപതേ ||

അർത്ഥം—

സാമഗാനമില്ലാത്ത ഈ ദർശപൂർണമാസം ഒരു മുഖ്യ- യാഗമാകുകയില്ല. അതുകൊണ്ടു് "അഗ്ന ആ യാഹിവീത യേ" എന്ന മന്ത്രം ചൊല്ലുന്നു. ഈ മന്ത്രം രഥന്തരസാമം ചൊല്ലിയാലുള്ള ഫലം തരുന്നതാണ്. "തം ത്വാ സമി ദ്ഭിരങ്ഗിറ" ഇത്യാദി മന്ത്രം ചൊല്ലുന്നു. ഈ മന്ത്രം വാമ ദേവ്യസാമം ചൊല്ലിയാലുള്ള ഫലം തരുന്നതാണ്. "ബൃഹ ദഗ്നേ സുവീർയം" എന്നാരംഭിക്കുന്ന മന്ത്രം ചൊല്ലുന്നു. ഇതു് ബൃഹത്സാമം ചൊല്ലിയാലുള്ള ഫലം തരുന്നതാണ്. ഈ മൂന്നു മന്ത്രവും ചൊല്ലുന്നതു നിമിത്തം യാഗം സാമഗാ നത്തോടുകൂടി നടത്തിയതിനു് തുല്യമാകുന്നു.

അഗ്നി സ്വർഗ്ഗലോകത്തിൽ ആയിരുന്നു. ആദിത്യൻ ഈ ലോകത്തിലും ആയിരുന്നു. ഈ രണ്ടു ലോകങ്ങളും സമാധാനമില്ലാത്തതും ആയിരുന്നു. ഈ ആദിത്യനേയും സൂര്യനേയും പരസ്പരം മാററാം എന്നു് ദേവന്മാർ പറ- ഞ്ഞു. "അഗ്ന ആയാഹിവിതയേ" എന്ന മന്ത്രം ചൊല്ലി ഈ ഭൂലോകത്തിൽ അഗ്നിയെ സ്ഥാപിച്ചു "ബൃഹദഗ്നേ സുവീർയം എന്ന മന്ത്രം ചൊല്ലി സ്വർഗ്ഗലോകത്തിൽ ആദി ത്യനെ സ്ഥാപിച്ചു. അതിനു് ശേഷം രണ്ടുലോകവും സമാ ധാനമുള്ളതായിത്തീർന്നു. ഇപ്രകാരം പറഞ്ഞവരുന്നു. ഈ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പരിവർത്തനം രണ്ടു ലോകങ്ങളുടേയും ശാന്തിക്കു് കാരണമാണു്. യാതൊരുത്തൻ ഇതറിയുന്നുവോ അവനു് ഈ രണ്ടു ലോകങ്ങളും സമാധാനം നൽകുന്നു.

പതിനഞ്ചു് സാമിധേനി മന്ത്രങ്ങൾ പറയുന്നു. (സാമിധേനീമന്ത്രങ്ങൾ പതിനൊന്നാണെങ്കിലും ആദ്യത്തേയും ഒടുവിലത്തേയും മന്ത്രങ്ങൾ മൂന്നു പ്രാവശ്യം ചൊല്ലുന്നതു കൊണ്ടു് പതിനഞ്ചു് എന്ന സംഖ്യ യോജിക്കുന്നു) ഒരുപക്ഷത്തിലുള്ള രാത്രികൾ പതിനഞ്ചാണു്. അർധമാസങ്ങൾ ചേർന്നു് സംവത്സരം ഉണ്ടാകുന്നു- സാമിധേനി മന്ത്രങ്ങളിൽ ആകെ മുന്നൂററിയറുപതു് അക്ഷരം ഉണ്ടു്. (24 അക്ഷരം വീതമുള്ള ഗായത്രിഛന്ദസ്സിലെ 15 മന്ത്രങ്ങൾക്കു് 360) ഒരു സംവത്സരത്തിൽ അത്രയും രാത്രികൾ ഉണ്ടു്.

നൃമേധൻ പരുച്ഛേപൻ എന്നീ രണ്ടു മഹർഷിമാർ വേദവിഷയമായ കാര്യങ്ങളെക്കുറിച്ചു് വാദപ്രതിവാദം ചെയ്തു. നമ്മളിൽ ആർക്കാണു് വേദവിഷയമായ ജ്ഞാനം അധികം ഉള്ളതു് എന്നു്. നനഞ്ഞിരിക്കുന്ന വൃക്ഷഖണ്ഡത്തിൽ അഗ്നി ഉത്പാദിപ്പിക്കണം എന്നു് നൃമേധൻ പറഞ്ഞു. നൃമേധൻ നനഞ്ഞ തടിക്കഷണത്തിൽ നിന്നു് പുക ഉണ്ടാക്കി. പരുച്ഛേപനും മന്ത്രം ചൊല്ലി അഗ്നി ഉണ്ടാക്കി. അപ്പോൾ നൃമേധൻ പരുച്ഛേപനെ "ഋഷേ" എന്നു് സംബോധന ചെയ്തു. നമുക്കു് രണ്ടുപേക്കും മന്ത്രജ്ഞാനം തുല്യമാണു്. അങ്ങയ്ക്കു് എങ്ങനെ അഗ്നി ഉണ്ടാക്കാൻ സാധിച്ചു ? എനിക്കു് അതു സാധിച്ചില്ല. എന്നു് ചോദിച്ചു. സാമിധേനി മന്ത്രങ്ങളുടെ രഹസ്യമായ തേജസ്സു് എനിക്കു് അറിയാം. എന്നു് പരുച്ഛേപൻ പറഞ്ഞു. "ഘൃതവത്" എന്ന പദം ഏതു മന്ത്രത്തിലാണോ വരുന്നതു് ആ മന്ത്രപാദത്തിലാണു് സാമിധേനി മന്ത്രങ്ങളുടെ രഹസ്യമായ തേജസ്സു് സ്ഥിതിചെയ്യുന്നതു്. അതു് "തം ത്വാസമിദ്ഭിരംഗിര" എന്ന മന്ത്രമാണു്. ആ രഹസ്യം അറിയുന്നവൻ സാമിധേനിമന്ത്രങ്ങളുടെ ശക്തികൊണ്ടുതന്നെ അഗ്നി ഉത്പാദിപ്പിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഋക് ശബ്ദം സ്ത്രീലിംഗമാണ്. ഗായത്രിയും സ്ത്രീയാണ്. സാമിധേനി എന്നതും സ്ത്രീയാണ്. അതുകൊണ്ടും "വൃഷണ്വാൽ" എന്ന പദത്തോടുകൂടിയ മന്ത്രം ചൊല്ലുന്നു. അതു പുരുഷനോടു കൂടിയതാകുന്നു. അതുകൊണ്ട് ആ മന്ത്രം ചൊല്ലുന്നവർ ഇന്ദ്രിയശക്തി ഉള്ളവരും സ്ത്രീപുരുഷന്മാരോടു കൂടിയവരും ആയിത്തീരുന്നു.

അഗ്നി ദേവന്മാരുടെ ദൂതനായിരുന്നു. കവിയുടെ പുത്രനായ ഉശനസ്സ് അസുരന്മാരുടെ ദൂതനായിരുന്നു. അവർ രണ്ടുപേരും ദൗത്യകർമ്മത്തിൽ അവരിൽ സമർത്ഥൻ ആരാണെന്ന് പ്രജാപതിയോട് ചോദിച്ചു. അപ്പോൾ പ്രജാപതി "അഗ്നിം ദൂതം വൃണിമഹേ" എന്ന് ചൊല്ലി അഗ്നിയുടെ നേക്ക് തിരിഞ്ഞു. അനന്തരം ദേവന്മാർ വിജയികളായി. അസുരന്മാർ പരാജയം പ്രാപിച്ചു. ഇതറിയുന്ന യാതൊരുത്തൻ "അഗ്നിം ദൂതം വൃണീമഹേ" എന്ന മന്ത്രം ചൊല്ലുന്നുവോ അവന്റെ ശത്രു സ്വയം തോൽക്കുന്നു,

അധ്വര ശബ്ദം വരുന്ന മന്ത്രം ചൊല്ലുന്നു. ഈ മന്ത്രം ചൊല്ലുന്നതുകൊണ്ട് ശത്രുവിനെ തീർച്ചയായും നശിപ്പിക്കുന്നു. "ശോചിഷ്കേ ശസ്തമിമഹേ" എന്ന മന്ത്രം ചൊല്ലുന്നു. ഈ മന്ത്രം സ്വതേ പരിശുദ്ധമാണ്. ഈ മന്ത്രം ചൊല്ലുന്നതുകൊണ്ട് യജമാനൻ പരിശുദ്ധനാകുന്നു "സമിദ്ധോ അഗ്ന ആഹുതഃ" എന്ന മന്ത്രം ചൊല്ലുന്നു. ഈ മന്ത്രം ചൊല്ലി പരിസമാപ്തി സൂചിപ്പിച്ചുകൊണ്ട് അഗ്നിയിൽ ജരു വിറക് കഷണം വെയ്ക്കുന്നു. ഇപ്രകാരം ചെയ്യുന്നത് അഗ്നിയിൽ ഹോമിക്കുന്ന വസ്തുക്കൾ അഗ്നിയിൽ നിന്ന് വെളിയിൽ വീഴാതിരിക്കുന്നതിന് വേണ്ടിആണ്. ഇതിന് ശേഷം അഗ്നിയിൽ എന്തെങ്കിലും ഹോമിക്കുക ആണെങ്കിൽ അത് അഗ്നിയുടെ പരിധിക്ക് വെളിയിൽ ഹോമദ്രവ്യം വീഴുന്നതുപോലെയാണ്.

മൂന്ന് അഗ്നികൾ പ്രസിദ്ധമാണ്. ദേവന്മാരുടെ അഗ്നി ഹവ്യവാഹനൻ പിതൃക്കളുടെ അഗ്നി കവ്യവാഹനൻ അസുരന്മാരുടെ അഗ്നി സഹരക്ഷസ്സ് ഈ മൂന്ന് അഗ്നികളും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആളുകരം അവരെ വരിക്കും എന്നു് പ്രതീക്ഷിച്ചിരിക്കുന്നു. ഹവ്യവാഹനൻ എന്ന അഗ്നിയെവരിക്കുവിൻ എന്നു് ദേവന്മാർ മനുഷ്യരോടു് പറയുന്നു. അതുകൊണ്ടു് ദേവന്മാരുടെ അഗ്നിയായ ഹവ്യവാഹനനെ മനുഷ്യർവരിക്കുന്നു.

പ്രവരഋഷികളുടെ പേരുകരംകൂട്ടിച്ചേർത്തു് അഗ്നിയെവരിക്കുന്നു. ഇപ്രകാരം പറയുന്നവൻ ബന്ധുഭൃതന്മാരായ മഹർഷിമാരിൽനിന്നു് അകന്നു് പോകുന്നില്ല. കൂടതെ ഇപ്രകാരം പറയുന്നതു് സന്താനം ഉണ്ടാകാനും കാരണം ആകുന്നു. യജമാനൻ തൻെറ പൂർവികരുടെ പേരു പറഞ്ഞ് അവരുടെ പുത്രനാണെന്നു് പറഞ്ഞു് അഗ്നിയെ വരിക്കുന്നു അതുകൊണ്ടു് പൂർവികരായ പിതൃക്കരം അവരുടെ വംശത്തിൽ ജനിച്ച ആളുകളെ രക്ഷിക്കുന്നു.

ഇതി അഷ്ടമോഽനുവാകഃ

അഥനവമോഽനുവാകഃ (ബ്രാഹ്മണം)

സംഹിതാ—

അഗ്നേമഹാം അസീത്യാഹമഹാൻഹ്യേഷയദഗ്നിർബ്രാഹ്മണേത്യാഹബ്രാഹ്മണോഹ്യേഷ ഭാരതേത്യാഹൈഷഹിദേവേഭ്യോഹവ്യം ഭരതി ദേവേദ്ധഇത്യാഹ ദേവാഹ്യേതമൈന്ധത മന്വിദ്ധഇത്യാഹമനുർഹ്യേനമുത്തരോദേവേഭ്യഐന്ധർഷിഷ്ടുതഇത്യാഹർഷയോഹ്യേതമസ്തുവൻ വിപ്രാനുമദിത ഇത്യാഹവിപ്രാഹ്യേതേയച്ഛുശ്രുവാഗ്ംസഃകവിശസ്ത ഇത്യാഹകവയോഹ്യേതേയച് ഛുശ്രുവാംസോബ്രഹ്മസംശിത ഇത്യാഹ ബ്രഹ്മസംശിതോഹ്യേഷഘൃതാഹവനഇത്യാഹഘൃതാഹുതിർഹ്യസ്യ പ്രിയതമാ പ്രണീർയജ്ഞാനാമിത്യാഹ പ്രണീർഹ്യേഷ യജ്ഞാനാഗ്ംരഥീരധ്വരാണാമിത്യാഹൈഷഹി ദേവരഥോഽതൂർതോഹോതേത്യാഹനഹ്യേതം കശ്ചനതരതിതൂർണിർഹവ്യവാഡിത്യാഹ സർവഗ്ഗ്ഹ്യേഷ തരത്യാസ്പാത്രംജുഹൂർദേവാനാം ചമസോ ദേവപാന ഇത്യാഹചമസോഹ്യേഷ ദേവപാനോഽരാംഇവാഗ്നേനേമിർദേവാഗ്സ്ത്വം പരിഭൂരസീത്യാഹ ദേവാൻ ഹ്യേഷപരിഭൂർയദ് ബ്രൂയാദാവഹ ദേവാൻ ദേവയതേയജമാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നായേതി ഭ്രാതൃവ്യമസ്മൈ ജനയദാവഹ ദേവാൻ യജമാനായേത്യാഹ യജമാനമേവൈതേനവർധയത്യഗ്നിമഗ്ന ആവഹസോമമാവഹേത്യാഹദേവതാ ഏവതദ്യഥാപൂർവ്വമുപഹ്വയത ആചാഗ്നേ ദേവാൻവഹ സുയജാ പയജജാതവേദ ഇത്യാഹാഗ്നിമവതത്സഗ്ഗ്ശ്യതി സോ f സ്യസഗ്ഗംശിതോ ദേവേഭ്യോ ഹവ്യം വഹത്യഗ്നിർഹോതാ ഇത്യാഹാഗ്നിർവൈ ദേവാനാഗ്ഗം ഹോതായ ഏവദേവാനാഗ്ഗം ഹോതാരം വൃണിതേ സ്മോ വയമിത്യാഹാത്മാന മേവ സതം ഗമയതി സാധുതേയജമാന ദേവതേത്യാഹാ ff ശിഷമേവൈതാമാശാസ്തേ യദ്ബ്രൂയാദ്യോ f ഗ്നിഗ്ഗം ഹോതാരമവൃഥാ ഇത്യഗ്നിനോഭയതോ യജമാനം പരിഗൃഹ്ണീയാത്പ്രമായുകഃ സ്യാദ്യജമാനദേവത്യാ വൈ ജുഹൂർഭ്രാതൃവ്യ ദേവത്യോപഭൃത് യദ്ദേ ഇവ സ്രുയാദ് ഭ്രാതൃവ്യമസ്മൈ ജനയേദ്ഘൃതവതീമധ്വർയോസ്രുചമാസ്യസ്വേത്യാഹ യജമാനമേവൈതേനവർധയതി ദേവായുവമിത്യാഹ ദേവാൻ ഹ്യേഷാവതി വിശ്വവാരമിത്യാഹ വിശ്വഗ്ഗ്ഹ്യേഷാവതീഡാമഹൈ ദേവാഗ്ഗം ഈഡേ f ന്യാന്നമസ്യാമനമസ്യാന്യജാമ യജ്ഞിയാനിത്യാഹ മനുഷ്യാവാ ഈഡേന്യാഃ പിതരോനമസ്യാഃ ദേവായജ്ഞിയാ ദേവതാ ഏവ തദ്യഥാഭാഗം യജതി ॥

അർത്ഥം—

"അഗ്നേമഹാൻ അസി" എന്ന മന്ത്രം ചൊല്ലുന്നു. ഹോമിക്കപ്പെടുന്ന എല്ലാ ഹവിസ്സും ധരിക്കുന്ന അഗ്നി മഹാൻ ആണല്ലോ "ബ്രാഹ്മണ" എന്ന മന്ത്രം ചൊല്ലുന്നു. ഈ അഗ്നി ബ്രാഹ്മണനാണല്ലോ. "ഭാരത" എന്ന മന്ത്രം ചൊല്ലുന്നു. ഈ അഗ്നി ദേവന്മാർക്കു വേണ്ടി ഹോമിക്കപ്പെടുന്ന പദാർത്ഥം ധരിക്കുന്നുവല്ലോ. "ദേവേദ്ധ" എന്ന മന്ത്രം ചൊല്ലുന്നു ദേവന്മാരാണല്ലോ ഈ അഗ്നിയെ പ്രജ്വലിപ്പിച്ചതു് "മന്വിദ്ധ" എന്ന മന്ത്രം ചൊല്ലുന്നു. ദേവന്മാർ പ്രജ്വലിപ്പിച്ചതിനു് ശേഷം മനു ആണല്ലോ ഈ അഗ്നിയെ ജ്വാലിപ്പിച്ചതു്.

"ഋഷിഷ്ടുത" എന്ന മന്ത്രം ചൊല്ലുന്നു. ഋഷികളാണല്ലോ ഈ അഗ്നിയെ സ്തുതിച്ചതു്. "വിപ്രാനു മദിത"

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

എന്ന മന്ത്രം ചൊല്ലുന്നു. എന്തു കൊണ്ടെന്നാൽ ബ്രാഹ്മണ കുലത്തിൽ ജനിച്ചവർ വേദാദ്ധ്യയനം ചെയ്യുവരാണല്ലോ "കവിശസ്ത" എന്ന മന്ത്രം ചൊല്ലുന്നു. എന്തു കൊണ്ടെന്നാൽ വേദാദ്ധ്യയന സമ്പന്നരായ ബ്രാഹ്മണർ ബുദ്ധിമാന്മാരാണല്ലോ. "ബ്രഹ്മസംശിത" എന്ന മന്ത്രം ചൊല്ലുന്നു. മന്ത്രത്താൽ അഗ്നിയുടെ ശക്തിവർദ്ധിക്കുന്നു. "ഘൃതാഹവന" എന്ന മന്ത്രം ചൊല്ലുന്നു. അഗ്നിക്കു് നെയ്യ് ഹോമിക്കുന്നതു് അത്യന്തം പ്രിയപ്പെട്ടതാണു് "പ്രണീർയജ്ഞാനാം" എന്ന മന്ത്രംചൊല്ലുന്നു. അഗ്നിയാഗങ്ങളുടെ നേതാവാണല്ലോ. "രഥീരധ്വരാണാം" എന്ന മന്ത്രം ചൊല്ലുന്നു ഈ അഗ്നിആകട്ടെ യാഗത്തിൽ സമർപ്പിക്കപ്പെടുന്ന ഹവിസ്സ് ദേവന്മാർക്കു് കൊണ്ടു പോകുന്നതിനുള്ള രഥമാണു്. "അതൂർതോഹോതാ" എന്ന മന്ത്രം ചൊല്ലുന്നു. ഈ അഗ്നിയെ ആരും കടന്നുപോകുന്നില്ല "തൂർണിർഹവ്യവാഡ്" എന്ന മന്ത്രം ചൊല്ലുന്നു. അഗ്നി ദേവന്മാർക്കുള്ള ഹവിസ്സെല്ലാം കൊണ്ടു പോകുന്നുവല്ലോ.

"അസ്പാത്രംജൂഹൂർദേവാനാം" എന്ന മന്ത്രം ചൊല്ലുന്നു അഗ്നി ദേവന്മാർക്കു് ജൂഹൂ പോലെയാണു്. "ചമസോദേവപാനം" എന്ന മന്ത്രം ചൊല്ലുന്നു ഈ അഗ്നി ദേവന്മാർക്കു സോമപാനം ചെയ്യാനുള്ള ചമസമാണു്. "അരാംഇവാഗ്നേനേമിഃ" എന്ന മന്ത്രം ചൊല്ലുന്നു ഈ അഗ്നിദേവന്മാർക്കുചുററും വ്യാപിച്ചിരിക്കുന്നു. ആ സന്ദർഭത്തിൽ "ആവഹ ദേവാൻ ദേവ യതേ യജമാനായ" എന്നു് പറയുകയാണെങ്കിൽ യജമാനനു് ശത്രുക്കരം ഉണ്ടാകും 'ആ വഹ ദേവാൻ യജമാനായ" എന്ന മന്ത്രം ചൊല്ലുന്നു അപ്രകാരം ചൊല്ലുന്നതുകൊണ്ടു് യജമാനനു് അഭിവൃദ്ധി ഉണ്ടാകുന്നു. (നിവി മന്ത്രങ്ങളിൽ "ആ വഹ ദേവാൻ യജമാനായ" എന്നു് വേണം ചൊല്ലേണ്ടതു്. ആ മന്ത്രത്തിൽ 'ദേവയതേ" എന്നു് പദം ചൊല്ലരുതു്).

"അഗ്നിമഗ്നആവഹ" എന്ന മന്ത്രം ചൊല്ലുന്നു. ആതും ക്രമമനുസരിച്ചു് ദേവതകളെ ആവാഹനം ചെയ്യുകതന്നെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യാണു് "ആചാഗ്നേ ദേവാൻ വഹ" എന്ന മന്ത്രം ചൊല്ലുന്നു. അപ്രകാരം മന്ത്രം ചൊല്ലുന്നതു് അഗ്നിയെ തീക്ഷ്ണമാക്കുന്നു. തീക്ഷ്ണീകൃതനായ അഗ്നി യജമാനൻ സമർപ്പിക്കുന്ന ഹവ്യം ദേവന്മാർക്കു കൊണ്ടുപോകുന്നു. "അഗ്നിർ ഹോതാ", എന്ന മന്ത്രം ചൊല്ലുന്നു. അഗ്നി ദേവന്മാരുടെ ഹോതാവാണല്ലോ. ദേവന്മാരുടെ ഹോതാവായ അഗ്നിയെ വരിക്കുന്നു. "സ്മോവയം" എന്ന മന്ത്രം ചൊല്ലുന്നു. ദേവസംബന്ധിയായ ഹോതാവിനെ സഹായിക്കാൻ ഞങ്ങൾ തയാറായിരിക്കുന്നു എന്നാണു് ഇതിൻെറ സാരം. "സാധുതേ യജമാന ദേവത" എഷ മന്ത്രം ചൊല്ലുന്നു. യജമാനനു് ഈ ആശിസ്സു് ആശംസിക്കുന്നു.

"സാധുതേ യജമാന ദേവതാ" എന്നു് ചൊല്ലിയതിനു് ശേഷം "അഗ്നിംഹോ താരം അവൃഥാ" എന്നു് ചൊല്ലുകയാണെങ്കിൽ യജമാനൻ രണ്ടു് പാർശ്വങ്ങളിലും അഗ്നിയാൽ ഗ്രഹിക്കപ്പെടും. അതുകൊണ്ടു് മരിയ്ക്കുകയ്യും ചെയ്യും.

ജുഹൂയജമാനൻെറ ദേവതയാണു് ഉപഭൃത് ശത്രുവിൻെറ ദേവതയാണു്. അവസ്സു് രണ്ടിനും തുല്യപ്രാധാന്യം കൊടുത്തു് ദ്വിവചനം പറയുകയാണെങ്കിൽ യജമാനനു് ശത്രു ഉണ്ടാകും. "ഘൃതവതീമധ്വർയോസ്രുചമാസ്യസ്യ" എന്ന മന്ത്രം ചൊല്ലുന്നു. ഇപ്രകാരം ചൊല്ലുന്നതുകൊണ്ടു് യജമാനനെത്തന്നെ വർധിപ്പിക്കുന്നു. "ദേവായുവം" എന്ന മന്ത്രം ചൊല്ലുന്നു. ഈ മന്ത്രം ദേവന്മാരെ രക്ഷിക്കുന്നുവല്ലോ. "വിശ്വവാരാം" എന്ന മന്ത്രം ചൊല്ലുന്നു. ഈ മന്ത്രം ലോകത്തെ മുഴുവൻ രക്ഷിക്കുന്നു. "ഈഡാമഹേദേവാൻ" ഇത്യാദി മന്ത്രം ചൊല്ലുന്നു. യജമാനൻ മററു് ആളുകളെ സ്തുതിക്കുന്നു. പിതൃക്കൾ നമസ്കരിക്കപ്പെടേണ്ടവരാണു്. ദേവന്മാർ യാഗം ചെയ്തു് സന്തോഷിപ്പിക്കപ്പെടേണ്ടവരാണു്. ഇപ്രകാരം ചെയ്യുന്നതു് ഓരോരുത്തരുടേയും ഭാഗം അനുസരിച്ചു് യാഗം ചെയ്തു് ദേവതകളെത്തന്നെ സന്തോഷിപ്പിക്കുകയാണു്,

ഇതിനവമോ ƒ നുവാകഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഥദശമോ ƒ നവാകഃ (ബ്രാഹ്മണം)

സംഹിതാ—

ത്രീംസ്തൃചാനനുബ്രൂയാദ്രാജന്യസ്യത്രയോവാഅന്യേ രാജന്യാത്പുരുഷാ ബ്രാഹ്മണോവൈശ്യഃ ശൂദ്രസ്താനേവാസ്മാ- അനുവാകാൻ കരോതിപഞ്ചദശാനുബ്രൂയാദ്രാജന്യസ്യ പഞ്ചദ- ശോവൈരാജന്യഃ സ്വഎവൈനഗ്ഗ്സ്തോമേ പ്രതിഷ്ഠാപയതി ത്രിഷ്ടുഭാപരിദധ്യാദിന്ദ്രിയംവൈത്രിഷ്ടുഗിന്ദ്രിയകാമഃ ഖലു വൈരാജന്യോ യജതേത്രിഷ്ടുഭൈവാസ്മാ ഇന്ദ്രിയം പരി- ഗൃഹ്ണാതിയദികാമയേത ബ്രഹ്മവർചസമസ്ത്വിതി ഗായത്രി- യാപരിദധ്യാദ് ബ്രഹ്മവർചസം വൈഗായത്രീ ബ്രഹ്മവർചസ- മേവഭവതി സപ്തദശാനുബ്രൂ യാ ദ്വൈശ്യസ്യ സപ്തദശോ വൈ വൈശ്യഃ സ്വഎവൈനം സ്തോമേ പ്രതിഷ്ഠാപയതി ജഗത്യാ- പരിദധ്യാജ്ജാഗതാവൈപശവഃപശുകാമഃഖലുവൈവൈശ്യോ യജതേജഗത്യൈവാസ്മൈപശൂൻപരിഗൃഹ്ണാത്യേകവിഗ്ഗം- ശതിമനുബ്രൂയാദ് പ്രതിഷ്ഠാകാമസ്യൈകവിംശഃ സ്തോമാനാം പ്രതിഷ്ഠാ പ്രതിഷ്ഠിത്യൈ ചതുർവിംശതിമനുബ്രൂയാദ്ബ്രഹ്മ- വർചസകാമസ്യചതുർവിംശത്യക്ഷരാഗായത്രീ ഗായത്രിബ്രഹ്മ- വർചസം ഗായത്രിയൈവാസ്മൈ ബ്രഹ്മവർചസമവരുന്ധേ- ത്രിംശതമനുബ്രൂയാദന്നകാമസ്യത്രിംശദക്ഷരാവിരാഡന്നം വി- രാഡ്വിരാജൈവാസ്മാ അന്നാദ്യമവരുന്ധേദ്വാത്രിംശത- മനുബ്രൂയാത്പ്രതിഷ്ഠാകാമസ്യദ്വാത്രിംശദക്ഷരാ ƒ നുഷ്ടുഗനു- ഷ്ടുക്ഛന്ദസാം പ്രതിഷ്ഠാ പ്രതിഷ്ഠിത്യൈഷട്ത്രിംശതമനു- ബ്രൂയാത് പശുകാമസ്യഷട്ത്രിം ശദക്ഷരാബൃഹതി ബാർഹ- താഃ പശവോബൃഹത്യൈവാസ്മൈ പശൂനവരുന്ധേചതുശ്ച- ത്വാരിഗ്ഗംശത മനുബ്രൂയാദിന്ദ്രിയകാമസ്യ ചതുശ്ചത്വാരിംശദ- ക്ഷരാത്രിഷ്ടുഗിന്ദ്രിയംത്രിഷ്ടുപ്ത്രിഷ്ടുഭൈവാസ്മാഇന്ദ്രി യമവരുന്ധേ ƒ ഷ്ടാചത്വാരിഗ്ഗംശതമനുബ്രൂയയാത് പശുകാമ- സ്യാഷ്ടാചത്വാരിഗ്ഗംശദക്ഷരാജഗതീ ജാഗതാഃ പശവോ ജഗത്യൈവാസ്മൈ പശൂനവരുന്ധേ സർവ്വാണിഛന്ദാഗ്സ്യനു ബ്രൂയാദ്ബഹുയാജിനഃ സർവാണിവാഏതസ്യഛന്ദാംസ്യവ-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രുഡാനിയോ ബഹ്വയാജ്യപരിമിതമനുബ്രൂയാദപരിമിതസ്യാ-
വരുദ്ധ്യൈ !!

അത്ഥം—

യജമാനൻ രാജാവാണെങ്കിൽ മൂന്നു് പ്രാവശ്യം ആവത്തിച്ചു ചൊല്ലുന്ന മൂന്നു് മന്ത്രങ്ങരം ചൊല്ലണം. അവ പ്രവോവാജാ എന്നു തുടങ്ങുന്ന മന്ത്രവും "അഗ്നആയാഹി" എന്നു തുടങ്ങുന്ന മന്ത്രവും "ത്വംവരുന്ന" എന്നു തുടങ്ങുന്ന മന്ത്രവുമാണു്.

അപ്രകാരം ചൊല്ലുന്നതുകൊണ്ടു് ബ്രാഹ്മണൻ വൈശ്യർ ശൂദ്രർ എന്നീ മൂന്നു സമുദായക്കാർ രാജാവിനു് അനുകൂലികളാകുന്നു. പഞ്ചദശസ്തോമം ചൊല്ലണം. ക്ഷത്രിയൻ പഞ്ചദശസ്തോമത്തെ സംബന്ധിച്ചവനാണു്. (ക്ഷത്രിയനും പഞ്ചദശസ്തോമവും പ്രജാപതിയുടെ ബാഹുക്കളിൽ നിന്നും ഉരസ്സിൽ നിന്നും ആണു് ഉണ്ടായതു്) പഞ്ചദശസ്തോമം ചൊല്ലുന്ന ക്ഷത്രിയനെ തൻേറതായ സ്തോമത്തിൽ പ്രതിഷ്ഠിക്കുന്നു. ത്രിഷ്ടുപ്പു് ഛന്ദസ്സിലുള്ള "ത്വം വരുണ" എന്ന മന്ത്രം പരിധാനീയ മന്ത്രമായി ചൊല്ലണം. ത്രിഷ്ടുപ്പ് ഛന്ദസ്സ് ഇന്ദ്രിയശക്തി ആണു്. ക്ഷത്രിയൻ ശക്തി കിട്ടണമെന്ന ആഗ്രഹത്തോടു കൂടിയാണു് യാഗം ചെയ്യുന്നതു്. തന്നിമിത്തം ക്ഷത്രിയനു് ശക്തി ലഭിക്കുന്നു

തനിക്കു് ബ്രഹ്മവർചസ്സ് ഉണ്ടാകണം എന്നു് ആഗ്രഹിക്കുന്നവൻ ഗായത്രി ഛന്ദസ്സിലുള്ള മന്ത്രം ("ആജുഹോത ദുവസ്വത" എന്ന മന്ത്രം) പരിധിമന്ത്രമായി ചൊല്ലണം. ഗായത്രീഛന്ദസ്സിലുള്ള മന്ത്രം ബ്രഹ്മവർചസ്സാണല്ലോ. തന്നിമിത്തം ബ്രഹ്മവർചസ്സോടു് കൂടിയവനായിത്തീരുന്നു.

വൈശ്യർ യാഗം നടത്തുമ്പോരം സപ്തദശസ്തോമം ചൊല്ലണം. (സമിദ്ധമാനോ അധ്വരേ എന്ന മന്ത്രത്തിനും "സമിദ്ധോ അഗ്ന ആഹുതഃ എന്ന മന്ത്രത്തിനും ഇടയ്ക്കു് പൃഥുവാജാമർത്യഃ എന്നു് ആരംഭിക്കുന്ന മന്ത്രവും തം സബാധോയതസ്രുച ഃ എന്ന മന്ത്രവും കൂടി ചേക്ക-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മ്പോഠം സപ്തദശസ്തോമമാകും) വൈശ്യൻ (സപ്തദശസ്തോമ വുമായി ബന്ധപ്പെട്ടവനാണ്. സപ്തദശസ്തോമം ചൊല്ലുന്ന വൈശ്യനെ തൻേറതായസ്തോമ മന്ത്രത്തിൽ പ്രതിഷ്ഠിക്കുന്നു. ജഗതി ഛന്ദസ്സിലുള്ള മന്ത്രം പരിധിമന്ത്രമായ് ചൊല്ലണം. പശുക്കളം ജഗതീഛന്ദസ്സുമായി ബന്ധപ്പെട്ടവയാണ്. തനിക്ക് ധാരാളം പശുക്കളെ വേണമെന്ന് ആഗ്രഹിക്കുന്നവനാണ് വൈശ്യൻ. യാഗം ചെയ്യുന്നതുകൊണ്ടും ജഗതീ ഛന്ദസ്സിലുള്ളമന്ത്രം ചൊല്ലുന്നതുകൊണ്ടും വൈശ്യന്ന് ധാരാളം പശുക്കളെലഭിക്കുന്നു.

പ്രതിഷ്ഠ ലഭിക്കണമെന്ന് ആഗ്രഹിക്കുന്നവൻ ഏകവിംശതിസ്തോമം ചൊല്ലണം. (പഞ്ചദശസ്തോമ മന്ത്രങ്ങളെ ആവത്തിച്ചോമററ് മന്ത്രങ്ങളെ കൂട്ടിച്ചേർത്തോ ഇരുപത്തിഒന്നു മന്ത്രമുള്ളതു് സ്തോമ മന്ത്രങ്ങളുടെ പ്രതിഷ്ഠയാണ് യജമാനൻെറ പ്രതിഷ്ഠയ്ക്കു് കാരണവും ആണ്.

ബ്രഹ്മവർചസ്സ് വേണമെന്നാഗ്രഹിക്കുന്നവൻ ഇരുപത്തിനാലു മന്ത്രമുള്ള സ്തോമം ചൊല്ലണം. ഗായത്രി ഇരുപത്തിനാല് അക്ഷരത്തോടുകൂടിയതാണ്. ഗായത്രി ബ്രഹ്മവർചസ്സാണ് ഗായത്രിഛന്ദസ്സിലുള്ള മന്ത്രം ചൊല്ലുന്നതു കൊണ്ടുതന്നെ യജമാനന്ന് ബ്രഹ്മവർചസ്സ് ലഭിക്കുന്നു.

അന്നം ആഗ്രഹിക്കുന്നവൻ മൂന്നുപാദത്തിലായി മുപ്പതക്ഷരംഉള്ള മന്ത്രം ചൊല്ലണം. മുപ്പതക്ഷരമുള്ളതു് വിരാട്ഛന്ദസ്സാണ്. വിരാട് ഛന്ദസ്സ് അന്നമാണ്. വിരാട്ഛന്ദസ്സിലുള്ള മന്ത്രം ചൊല്ലുന്നതു കൊണ്ട് യജമാനന്ന് ഭക്ഷണം മുതലായവ ലഭിക്കുന്നു.

പ്രതിഷ്ഠലഭിക്കണം എന്ന് ആഗ്രഹിക്കുന്നവൻ മുപ്പത്തിരണ്ട് അക്ഷരമുള്ള മന്ത്രം ചൊല്ലണം മുപ്പത്തിരണ്ട് അക്ഷരമുള്ളതു് അനുഷ്ടുപ്ഛന്ദസ്സാണ് അതു് ഛന്ദസ്സുകളുടെ പ്രതിഷ്ഠയുമാണ്. അനുഷ്ടുപ് ഛന്ദസ്സിലെ മന്ത്രം ചൊല്ലുന്നതും പ്രതിഷ്ഠയ്ക്കു് കാരണം ആകുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പശുക്കരം ധാരാളം വേണമെന്നു് ആഗ്രഹിക്കുന്നവൻ മുപ്പത്തിയാറ് അക്ഷരമുള്ള മന്ത്രം ചൊല്ലണം. മുപ്പത്തിയാറ് അക്ഷരമുള്ളതു് ബൃഹതീ ഛന്ദസ്സാണു്. പശുക്കരം ബൃഹതീഛന്ദസ്സിനെ സംബന്ധിച്ചവയാണ്. ബൃഹതീ ഛന്ദസ്സിലുള്ള മന്ത്രം ചൊല്ലുന്നതുകൊണ്ടു തന്നെയജമാനന്നു് പശുക്കരം ലഭിക്കുന്നു.

ബലം വേണമെന്നു് ആഗ്രഹിക്കുന്നവൻ നാല്പത്തിനാല് അക്ഷരമുള്ള മന്ത്രം ചൊല്ലണം. നാല്പത്തിനാലു് അക്ഷരമുള്ളതു് ത്രിഷ്ടുപ്പ് ഛന്ദസ്സാണു്. ത്രിഷ്ടുപ്പ് ഛന്ദസ്സ് ബലമാണു്. ത്രിഷ്ടുപ്പ് ഛന്ദസ്സിലെ മന്ത്രം ചൊല്ലുന്നതു കൊണ്ടു് തന്നെ യജമാനന്നു് ശക്തി ലഭിക്കുന്നു

പശുക്കരം വേണമെന്നു് ആഗ്രഹിക്കുന്നവൻ നാല്പത്തിയെട്ടു് അക്ഷരമുള്ളമന്ത്രംചൊല്ലണം. നാല്പത്തിഎട്ടു് അക്ഷരമുള്ളതു് ജഗതീ ഛന്ദസ്സാണു്. പശുക്കരം ജഗശീഛന്ദസ്സിനെ സംബന്ധിച്ചവയാണു്. ജഗതീഛന്ദസ്സിലുള്ള മന്ത്രം ചൊല്ലുന്നതുകൊണ്ടു് തന്നെ യജമാനന്നു് പശുക്കരം ലഭിക്കുന്നു.

അഗ്നിഷ്ടോമം സോമയാഗം മുതലായ അനേക യാഗങ്ങരം നടത്തുന്ന യജമാനൻ എല്ലാ ഛന്ദസ്സിലും ഉള്ള മന്ത്രം ചൊല്ലണം എല്ലാ യാഗങ്ങളും നടത്തുന്നവന്നു് എല്ലാ ഛന്ദസ്സുകളും സ്വാധീനമാണു്. അധികമായ ഫലസിദ്ധിക്കു് വേണ്ടി അധികം മന്ത്രങ്ങരം ചൊല്ലണം.

ഇതിദശമോ ƒ നുവാകഃ

അഥഏകാദശോ ƒ നുവാകഃ (ബ്രാഹ്മണം)

സംഹിതാ—

നിവീതം മനുഷ്യാണാം പ്രാചീനാവീതം പിതൃണാമുപവീതം ദേവാനാമുപവ്യയതേ ദേവലക്ഷ്മമേവ തത്കുരുതേ തിഷ്ഠന്നന്വാഹ തിഷ്ഠൻ ഹ്യാശ്രുതതരം വദതി തിഷ്ഠന്നന്വാഹ സുവർഗസ്യലോകസ്യാഭിജിത്യാ ആസീനോ യജതി അസ്മി-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന്നേവലോകേ പ്രതിതിഷ്ഠതി യത്ക്രുഞ്ചമനാഹാഽഽസുരം
തദ്യന്മന്ദ്രം മാനുഷംതദ്യദന്തരാതത്സദേവമന്തരാന്തുച്യഗ്ഗം സദേ
വത്വായ വിദ്വാംസോ വൈപുരാഹോതാരോ ഽ ഭുവൻതസ്മാ–
ദ്വിധൃതാ അധ്വാനോ ഽ ഭുവന്നപന്ഥാനഃ സമരുക്ഷന്നന്തർവേ–
ദ്യന്യഃ പാദോഭവതി ബഹിർവേദ്യന്യോ ഽ ഥാനാഹാധ്വനാം
വിധൃത്യൈ പഥാമസഗ്ഗംരോഹായാഥോ ഭൂതം ചൈവഭവിഷ്യ·
ച്ചാവരുന്ധേ ഽ ഥോ പരിമിതം ചൈവാപരിമിതം ചാവരു–
ന്ധേ ഽ ഥോ ഗ്രാമ്യാഗ്ശ്ചൈവ പശൂനാരണ്യാഗ്ശ്ചാവരുന്ധേ
ഽ ഥോ ദേവലോകം ചൈവ മനുഷ്യ ലോകംചാഭിജയതി ദേവാ
വൈസാമിധേനീരനൂച്യ യജ്ഞംനാനപശ്യൻ സപ്രജാപതി–
സ്തൂഷ്ണീമാഘാരമാഘാരയത്തതോവൈദേവാ യജ്ഞമനു–
പശ്യൻ യത്തൂഷ്ണീമാഘാരമാഘാരയതി യജ്ഞസ്യാനുഖ്യാത്യാ
അഥോ സാമിധേനിരേവാഭ്യനക്ത്യലൂക്ഷോഭവതി യ ഏവം
വേദാഥോതർപയത്യേ വൈനാസ്തൃപ്യതി പ്രജയാ പശുഭിഃ
യ ഏവം വേദ യദേകയാഽഽഘാരയേദേകാം പ്രീണീയാദ്
യദ് ദ്വാഭ്യാം ദ്വേ പ്രീണീയാദ്യത്തിസൃഭിരതി തദ്രേചയേന്മ–
നസാഽഽഘാരയതിമനസാഹ്യനാപ്തമാപ്യതേതിര്യഞ്ചമാഘാ–
രയത്യച്ഛംബട്കാരം വാക് ചമനശ്ചാഽഽർതീയേതാമഹംദേ–
വേഭ്യോഹവ്യം വഹാമിതി വാഗബ്രവീദഹംദേവേഭ്യഇതിമന–
സ്തൗ പ്രജാപതിംപ്രശ്നമൈതാഗ്ഗംസോബ്രവീത്പ്രജാപതിർ–
ദൂതീരേവതവംമനസോഽസിയദ്ധിമനസാധ്യായതിതദ്വാചാവദ–
തീതിതത് ഖലുതുഭ്യംനവാചാജ്ജുഹവന്നിത്യ ബ്രവീത്തസ്മാ–
ന്മനസാ പ്രജാപതയേജ്ജുഹ്വതി മന ഏവ ഹി പ്രജാപതിഃപ്രജാ
പതേരാപ്തൈ്യ പരിധീൻ സംമാർഷ്ടി പുനാത്യേവൈനാൻ–
ത്രിർമധ്യമം ത്രയോവൈപ്രാണാഃ പ്രാണാനേവാഭിജയതിത്രിർ
ദക്ഷിണാർധ്യംത്രയഇമേലോകാ ഇമാനേവലോകാനഭിജയതി
ത്രിരുത്തരാർധ്യം ത്രയോ വൈ ദേവയാനാഃ പന്ഥാനസ്താനേ–
വാഭിജയതി ത്രിരുപവാജയതി ത്രയോ വൈ ദേവലോകാഃ
ദേവലോകാനേവാഭിജയതിദ്വാദശസം പദ്യന്തേ ദ്വാദശമാസംഃ
സംവത്സരഃ സംവത്സരമേവ പ്രീണാത്യഥോസംവത്സരമേവാ–
സ്മാ ഉപദധാതി സുവർഗസ്യലോകസ്യസമഷ്ട്യാആഘാരമാ–
ഘാരയതി തിര ഇവ വൈസുവർഗോ ലോകഃ സുവർഗമേവാ–

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്മൈ ലോകം പ്രരോചയതി ഋജുമാഘാരയതി ഋജുരിവഹി പ്രാണഃ സന്തതമാഘാരയതി പ്രാണാനാമന്നാദ്യസ്യസന്തത്യാ അഥോരക്ഷസാമപഹത്യൈയം കാമയേതപ്രമായുകഃ സ്യാദിതി ജിഹ്മം തസ്യാഘാരയേത് പ്രാണമേവാസ്മാജ്ജിഹ്മം നയതി താജക്പ്രമിയതേശിരോവാഏതദ്യജ്ഞസ്യയദാഘാര- ആത്മാധ്രുവാ ആഘാരമാഘാർയം ധ്രുവാഗ്ഗും സമനക്ത്യാത്മ- ന്നേവയജ്ഞസ്യശിരഃപ്രതിദധാത്യഗ്നിർദേവാനാം ദൂതആസീ- ദ്ദൈവ്യോ ƒസുരാണാം തൗ പ്രജാപതിം പ്രശ്നമൈതാഗ്ഗും സ പ്രജാപതിർബ്രാഹ്മണമബ്രവീദേതദ്വിബ്രൂഹീത്യാശ്രാവയേ തീദം ദേവാഃ ശൃണുതേതി വാവ തദബ്രവിദഗ്നിർദേവോ- ഹോതേതി യ ഏവ ദേവാനാം തമവൃണീതതതോ ദേവാഃ അഭവൻപരാ ƒ സുരായസ്യൈവം വിദുഷഃ പ്രവരം പ്രവൃണതേ ഭവത്യാത്മനാപരാ ƒ സ്യഭ്രാതൃവ്യോഭവതിയദ് ബ്രാഹ്മണശ്ചാ- ബ്രാഹ്മണശ്ച പ്രശ്നമേയാതാം ബ്രാഹ്മണായാധി ബ്രൂയാദ്യദ് ബ്രാഹ്മണായാധ്യാഹാ ƒƒ ത്മനേ ƒ ധ്യാഹയദ് ബ്രാഹ്മണം പരാ ഹാ ƒƒ ത്മാനംപരാ ƒƒ ഹതസ്മാദ് ബ്രാഹ്മണോനപരോച്യഃ ॥

അർത്ഥം—

മനുഷ്യരെ ഉദ്ദേശിച്ച് കർമ്മങ്ങൾ ചെയ്യുമ്പോൾ പൂണ- നൂൽമാല പോലെ കഴുത്തിൽ ഇട്ടിരിക്കണം. മരിച്ച് പോയ പൂർവികരെ ഉദ്ദേശിച്ച് ചെയ്യുന്ന കർമ്മങ്ങളിൽ ഇടതുവശത്തിൽ കിടക്കത്തക്കവിധത്തിൽ ഇട്ടിരിക്കണം. ദേവന്മാരെ ഉദ്ദേശിച്ച് കർമ്മങ്ങൾ ചെയ്യുമ്പോൾ പൂണനൂൽ വലതുവശത്ത് ഇട്ടിരിക്കണം. ഉപവീതം ധരിക്കുന്നത് (പൂണനൂൽ ഇട്ടിരിക്കുന്നത്) ദേവചിഹ്നം ഉണ്ടാക്കുന്നു. ഹോതാവ് സാമിധേനീ മന്ത്രങ്ങൾ നിന്നു കൊണ്ട് ചൊല്ലണം. നിൽക്കുന്നവൻ ചുററും ഉള്ളവക്ക് കേൾക്ക- ത്തക്കവിധത്തിൽ പറയുന്നു. നിന്നു കൊണ്ട് മന്ത്രം ചൊല്ലുന്നത് സ്വർഗ്ഗ ലോകം ലഭിക്കാൻ കാരണം ആകുന്നു ഇരുന്നുകൊണ്ട് യാഗം ചെയ്യുന്നു. അതുകൊണ്ട് ഈ ലോ- കത്തിൽ തന്നെ യജമാനന് പ്രതിഷ്ഠ ലഭിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്രൌഞ്ചപക്ഷിയെപ്പോലെ ഉച്ചത്തിൽ ചൊല്ലുന്നതു് അസുരന്മാർക്കു് ചേർന്നതാണു്. മന്ത്രം വളരെ പതുക്കെ ചൊല്ലുന്നതു് മനുഷ്യർക്കു് ചേർന്നതാണു്. വളരെ ഉച്ചത്തിലും വളരെ പതുക്കെയും അല്ലാതെ ചൊല്ലുന്നതു് ദേവന്മാർക്കു് ചേർന്നതാണു് ദേവന്മാരെഉദ്ദേശിച്ചു് ചൊല്ലുന്നതുകൊണ്ടു് അത്യുച്ചത്തിലും വളരെ പതുക്കെയും അല്ലാതെ മന്ത്രം ചൊല്ലുന്നു.

പൂർവ്വകാലങ്ങളിൽ ഋത്വിക്കുകൾ വിദ്വാന്മാർ ആയിരുന്നു അതുകൊണ്ടു് മാർഗ്ഗങ്ങൾ വിസ്തൃതങ്ങളായിരുന്നു അവ തടസ്സപ്പെട്ടത്തപ്പെട്ടില്ല. വേദിക്കകത്തു് ഒരു കാലും വേദിക്കു് വെളിയിൽ മറെറാരു കാലും വെച്ചു്കൊണ്ടു് നിൽക്കുന്നു (മന്ത്രം ചൊല്ലുന്ന പുരോഹിതൻ വലത്തെ കാൽ വേദിക്കു് അകത്തും ഇടത്തെ കാൽ വേദിക്കു് വെളിയിലും വെച്ചു് കൊണ്ടു് നിൽക്കുന്നു.) അതു കൊണ്ടു് മാർഗങ്ങളുടെ വിസ്തൃതിക്കു് വേണ്ടിയും വഴിതെററാതിരിക്കുന്നതിനു് വേണ്ടിയും വേദിക്കകത്തു് ഒരു കാലും വേദിക്കു് പുറമെ മറെറാരു കാലും വെച്ചു് നിൽക്കണം എന്നു് പറയുന്നു.

അപ്രകാരം ചെയ്യുന്നതുകൊണ്ടു് കഴിഞ്ഞതും വരാൻ പോകുന്നതുമായ കാര്യങ്ങൾ യജമാനനു് സ്വാധീനമാകുന്നു കൂടാതെ പരിമിതവും അപരിമിതവും ആയ കാര്യങ്ങൾ യജമാനനു് സ്വാധീനമാകുന്നു കൂടാതെ ഗ്രാമ്യങ്ങളും ആരണ്യങ്ങളുമായ മൃഗങ്ങൾ യജമാനനു് സ്വാധീനമാകുന്നു. യജമാനൻ ദേവലോകവും മനുഷ്യലോകവും ജയിക്കുന്നു. ദേവന്മാർ സാമിധേനി മന്ത്രങ്ങൾ ചൊല്ലിയതിനു് ശേഷം യാഗത്തിനു് ചൊല്ലേണ്ട മന്ത്രങ്ങൾ ഓർമ്മിച്ചില്ല. അപ്പോൾ പ്രജാപതി മന്ത്രം ഒന്നും ചൊല്ലാതെ അഗ്നിയിൽ നെയ്യു് ഒഴിച്ചു. അതിനു് ശേഷം ദേവന്മാർ യാഗത്തിൽ ചൊല്ലേണ്ടമന്ത്രം ഓർമ്മിച്ചു. മന്ത്രം ഒന്നും ചൊല്ലാതെ ആഘാരഹോമം ചെയ്യുന്നതു് യജ്ഞത്തിൽ ചെയ്യേണ്ട ക്രിയകളും ചൊല്ലേണ്ട മന്ത്രങ്ങളും ഓർമ്മിക്കാൻ കാരണമാകുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കൂടാതെ ആഘാരഹോമം സാമിധേനീ മന്ത്രങ്ങൾ ചൊല്ലി അഗ്നിയിൽ വെച്ചിരിക്കുന്ന വിറകു് കഷണങ്ങളെ നെയ്യ് കൊണ്ടു് നനയ്ക്കുകയും ചെയ്യുന്നു ഇതു് അറിയുന്നവൻ അന്യരോടു് സ്നേഹം ഉള്ളവനായി ഭവിക്കുന്നു കൂടാതെ ഈ ആഘാരഹോമം സാമിധേനി ദേവതകളെ സംതൃപ്തരാക്കുന്നു. ഇതറിയുന്നവൻ സന്താനങ്ങളാലും പശുക്കളാലും സന്തൃപ്തനാകുന്നു

ഒരു മന്ത്രം ചൊല്ലി ആഘാര ഹോമം ചെയ്യുകയാണെങ്കിൽ ഒരു ദേവതയെ സന്തോഷിപ്പിക്കും. രണ്ടു് മന്ത്രം ചൊല്ലി ആഘാരഹോമം ചെയ്യുകയാണെങ്കിൽ രണ്ടു ദേവതകളെ സന്തോഷിപ്പിക്കും. മൂന്നു മന്ത്രം ചൊല്ലി ആഘാരഹോമം ചെയ്യുകയാണെങ്കിൽ അതു് വിഹിതമായ കർമ്മത്തിൽ നിന്നു് കൂടുതലായിത്തീരും. മനസ്സുകൊണ്ടു് പ്രജാപതിയെ ധ്യാനിച്ചു് ആഘാരഹോമം ചെയ്യുന്നതു നിമിത്തം ലഭിക്കാതിരുന്ന കാര്യങ്ങൾ യജമാനനു് ലഭിക്കുന്നു. വ്യത്ഥമാക്കാതിരിക്കുന്നതിനു് വേണ്ടി ഹോമകുണ്ഡത്തിൻെറ തെക്കെ അററത്തുനിന്നു് തുടങ്ങി വടക്കേ അററംവരെ ആഘാരഹോമം ചെയ്യുന്നു.

ഞാനാണു് ദേവന്മാക്കു് ഹവിസ്സു് കൊണ്ടുപോകുന്നതു് എന്നു് വാക്കു പറഞ്ഞു. ഞാനാണു് ദേവന്മാക്കു് ഹവിസ്സു കൊണ്ടുപോകുന്നതു് എന്നു് മനസ്സും പറഞ്ഞു. ഇപ്രകാരം വാക്കും മനസ്സും അന്യോന്യം ഉത്കർഷം ആഗ്രഹിച്ചു. അവർ രണ്ടുപേരും പ്രജാപതിയുടെ അടുക്കൽ ഈ ചോദ്യം എത്തിച്ചു പ്രജാപതി പറഞ്ഞു നീ മനസ്സിൻെറ ദൂതിതന്നെയാണു്. മനസ്സുകൊണ്ടു് വിചാരിക്കുന്നതാണു് വാക്കുകൊണ്ടു പറയുന്നതു്. അതുകൊണ്ടു് അങ്ങയ്ക്കു് വാക്കുകൾ ഉച്ചരിച്ചു് ഹോമിക്കുന്നില്ല എന്നു് വാക്കു് പ്രജാപതിയോടു് പറഞ്ഞു. അതുകൊണ്ടു് മനസ്സുകൊണ്ടു് ധ്യാനിച്ചു് പ്രജാപതിക്കു് ഹോമം ചെയ്യുന്നു മനസ്സു് തന്നെയാണല്ലോ പ്രജാപതി. ഇപ്രകാരം പ്രജാപതിയെ ധ്യാനിച്ചു കൊണ്ടു് ആഘാരഹോമം ചെയ്യുന്നതു് പ്രജാപതിയെ പ്രാപിക്കാൻ കാരണം ആകുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പരിധികളെ സംമാർജനം ചെയ്യുന്നു. ഇപ്രകാരം സം- മാർജനം ചെയ്യുന്നതു് ഇവയെ പരിശുദ്ധമാക്കുകയാണു്. മധ്യമപരിധിയെ മൂന്നു പ്രാവശ്യം സംമാർജനം ചെയ്യുന്നു. മൂന്നു പ്രാണങ്ങളാണല്ലോ ഉള്ളതു്. ഇപ്രകാരം ചെയ്യുന്നതു കൊണ്ടു് പ്രാണങ്ങളെ ജയിക്കുന്നു. ദക്ഷിണഭാഗം മൂന്നു് പ്രാവശ്യം സംമാർജനം ചെയ്യുന്നു. ഈ ലോകങ്ങൾ മൂന്നാ- ണു്. യജമാനൻ ഈ ലോകങ്ങളെ ജയിക്കുന്നു. ഉത്തര ഭാഗം മൂന്നു പ്രാവശ്യം സംമാർജനം ചെയ്യുന്നു. ദേവലോക ത്തേയ്ക്കു് പോകാനുള്ള മാർഗ്ഗങ്ങൾ മൂന്നാണല്ലോ. യജമാ- നൻ ലോകങ്ങളെ ജയിക്കുന്നു.

മൂന്നു പ്രാവശ്യം ഉപവാജനം ചെയ്യുന്നു. ദേവലോക- ങ്ങൾ മൂന്നാണല്ലോ ? യജമാനൻ അവയെ ജയിക്കുന്നു. മൂന്നു് പരിധികളിലും അഗ്നിയിലും മൂന്നു് പ്രാവശ്യം വീതം ഉപവാജനം ചെയ്യുന്നതുകൊണ്ടു് ആകെ പന്ത്രണ്ടു് ഉപവാജനം നടത്തുന്നു. പന്ത്രണ്ടു് മാസമാണു് ഒരു സം- വത്സരം. അപ്രകാരം ചെയ്യുന്നതുകൊണ്ടു് സംവത്സരദേവ തകളെത്തന്നെ പ്രീണിപ്പിക്കുന്നു അതുകൊണ്ടു് സംവത്സര ദേവതകൾ തന്നെ യജമാനനു് സ്വർഗ്ഗലോകം ലഭിക്കുന്ന തിനുവേണ്ടി കർമ്മാനുഷ്ഠാനഫലം നൽകുന്നു

ഹോമകുണ്ഡത്തിന്റെ തെക്കുനിന്നും വടക്കുവശംവരെ ആഘാരഹോമം ചെയ്യുന്നു. അതുകൊണ്ടു് യജമാനനു് സ്വർഗ്ഗലോകം പ്രതീയമാനമാകുന്നു. ആഘാരഹോമം യജ- മാനനു് സ്വർഗ്ഗലോകം ഉത്പാദിപ്പിക്കുന്നു. ആഘാര ഹോമം ചെയ്യുമ്പോൾ അതു് വക്രതയില്ലാതെ തുടർച്ചയാ യി ഒരേ വരിയായി വീഴുന്നു. പ്രാണവായു ശരീരത്തിൽ വക്രമല്ലാത്ത മാർഗ്ഗത്തിൽ കൂടിയാണല്ലോ സഞ്ചരിക്കു ന്നതു്. തുടർച്ചയായി വിച്ഛേദമില്ലാതെ ആഘാരഹോമം ചെയ്യുന്നു. അപ്രകാരം ചെയ്യുന്നതു് പ്രാണനും ഭക്ഷണ പദാർത്ഥങ്ങളും വിച്ഛേദമില്ലാതെ യജമാനനു് ലഭിക്കാൻ കാരണമാകുന്നു. യാതൊരു യജമാനൻ മരിക്കണമെന്നു് പുരോഹിതൻ ആഗ്രഹിക്കുന്നുവോ ആ യജമാനനെ-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്കൊണ്ടു് ആഘാരഹോമം വക്രമായ രീതിയിൽ നടത്തിക്കണം. അതുകൊണ്ടു് യജമാനനിൽ നിന്നു് പ്രാണവായുവിനെത്തന്നെ വക്രമാഗ്ഗത്തിൽ കൂടി നയിക്കും. യജമാനൻ പെട്ടെന്നു് തന്നെ മരിക്കുകയും ചെയ്യും. ആഘാരഹോമം എന്നു് പറയുന്നതു് യാഗത്തിൻെറ ശിരസ്സു് പോലെയാണു്. ധ്രുവം ആത്മാവിന് തുല്യമാണു്. ആഘാരഹോമം ചെയ്തതിനു് ശേഷം അതിൽ ശേഷിച്ച നെയ്യു് ധ്രുവത്തിൽ ഒഴിക്കുന്നു. അപ്രകാരം ഒഴിക്കുന്നതു് തന്നിൽതന്നെ യാഗത്തിൻെറ ശിരസ്സിനെ പ്രതിഷ്ഠിക്കുന്നു.

ഭൂലോകത്തിൽ കാണപ്പെടുന്ന അഗ്നി ദേവന്മാരുടെ ദൂതനായിരുന്നു. സ്വർഗ്ഗത്തിൽ കാണപ്പെടുന്ന അഗ്നി അസുരന്മാരുടെ ദൂതനായിരുന്നു. അവർ രണ്ടുപേരും 'ഞങ്ങളിൽ ആരാണു് ശ്രേഷ്ഠൻ'' എന്നു് പ്രജാപതിയോടു് ചോദിച്ചു. വേദോക്തമായ കമ്മങ്ങൾ അനുഷ്ഠിക്കാൻ സഹായിക്കുന്ന ഭൂമിയിലെ അഗ്നിതന്നെയാണു് ശ്രേഷ്ഠൻ എന്നു് പ്രജാപതി പറഞ്ഞു. ''ഏതദ് വിബ്രൂഹി'' എന്നു് ആരംഭിക്കുന്ന മന്ത്രവും ''ആശ്രാവയ'' എന്നു് ആരംഭിക്കുന്ന മന്ത്രവും ''ഇദം ദേവാഃ ശൃണുത് എന്നു് ആരംഭിക്കുന്ന മന്ത്രവും ചൊല്ലണം എന്നു് പ്രജാപതി പറഞ്ഞു. ഹോതാവായ അഗ്നി ദേവനെ വരിച്ചവർ ദേവന്മാരായിത്തീന്നു. അസുരന്മാർ തോൽക്കുകയും ചെയ്തു. ഇതു് മനസ്സിലാക്കി ശ്രേഷ്ഠനായ ആളിനെ പുരോഹിതനായി വരിക്കുന്നവൻെറ ശത്രു സ്വയം തോൽക്കുന്നു.

ബ്രാഹ്മണനും അബ്രാഹ്മണനും ഒരാളിനെ സമീപിച്ച് തങ്ങളിൽ ആരാണു് ശ്രേഷ്ഠൻ എന്നു് ചോദിക്കുകയാണെങ്കിൽ ബ്രാഹ്മണൻ തന്നെയാണു് ശ്രേഷ്ഠൻ എന്നു് പറയണം. ബ്രാഹ്മണൻ ശ്രേഷ്ഠൻ ആണു് എന്നു് പറയുന്നത് പറയുന്ന ആളിനെ ശ്രേഷ്ഠൻ ആക്കുന്നു. ബ്രാഹ്മണനെ താഴ്ത്തി പറയുന്നതു് തന്നെത്തന്നെ താഴ്ത്തി പറയുകയാണു്. അതുകൊണ്ടു് ബ്രാഹ്മണനെ താഴ്ത്തി പറയരുതു്.

ഇതിഏകാദശോ ƒ നുവാകഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഥദ്വാദശോ/നുവാകഃ (മന്ത്രം)

സംഹിതാ—

ആയുഷ്ട്വആയുർദാ അഗ്ന ആപ്യായസ്വ സംതേ/വതേഹേഡ ഉദുത്തമം പ്രണോ ദേവ്യാനോ ദിവോ/ഗ്നാവിഷ്ണൂ അഗ്നാവിഷ്ണൂ ഇമം മേവരുണ തത്ത്വായാമ്യുദുത്യം ചിത്രം । അപാംനപാദാഹ്യസ്ഥാദു പസ്ഥംജിഹ്മാനാമൂർധ്വോ വിദ്യുതംവസാനഃ । തസ്യജ്യേഷ്ഠം മഹിമാനം വഹന്തീർഹിരണ്യവർണ്ണാഃ പരിയന്തിയഹ്വീഃ । സമന്യായന്ത്യുപയന്ത്യന്യാഃ സമാനമൂർവംനദ്യഃ പൃണന്തി । തംശ്ശുചിശ്ശുംശ്ശുചയോദീദിവാംസമപാംനപാതം പരിതസ്ഥുരാപഃ। തമസ്മേരാ യുവതയോ യുവാനംമർമൃജ്യമാനാഃ പരിയന്ത്യാപഃ। സശ്ശുക്രേണശിക്വനാ രേവദഗ്നിർദീദായാനിധ്മോ ഘൃതനിർണ്ണിഗപ്സു ! ഇന്ദ്രാവരുണയോരഹഗ്ഗും സമ്രാജോരവ ആവൃണേ । താനോ മൃഡാത ഈദൃശേ। ഇന്ദ്രാവരുണാ യുവമധ്വരായ നഃ വിശേജനായ മഹിശർമയച്ഛതം। ദീർഘപ്രയജ്യുമതി യോവനുഷ്യതിവയംജയേമപൃതനാസുദൂഢ്യഃ। ആനോ മിത്രാവരുണാ പ്രബാഹവാ । ത്വം നോ അഗ്നേ വരുണസ്യ വിദ്വാൻ ദേവസ്യ ഹേഡോ/വയാസിസീഷ്ഠാഃ । യജിഷ്ഠോവഹ്നിതമഃ ശോശ്ശുചാനോ വിശ്വാദ്വേഷാഗ്ഗുംസി പ്രമുമുഗ്ധ്യസ്മത്। സത്വം നോ അഗ്നേ/വമോഭവോതീ നേദിഷ്ഠോ അസ്യാ ഉഷസോവ്യുഷ്ടൗ। അവയക്ഷ്വ നോവരുണഗ്ഗുംരരാണോവീഹിമൃഡീകഗ്ഗുംസുഹവോനഏധി । പ്രപ്രായമഗ്നീർഭരതസ്യശൃണ്വേവിയത്സൂര്യോനരോചതേബൃഹദ്ഭാഃ।അഭിയഃ പൂരും പൃതനാസുതസ്ഥൗ ദീദായ ദൈവ്യോ അതിഥിഃ ശിവോനഃ। പ്രതേയക്ഷി പ്രത ഇയർമി മന്മഭുവോ യഥാവന്ദ്യോനോഹവേഷു। ധന്വന്നിവ പ്രപാ അസി ത്വമഗ്നഇയക്ഷവേ പൂരവേ പ്രത്നരാജൻ। വിപാജസാവിജ്യോതിഷാ। സത്വമഗ്നേപ്രതീകേന പ്രത്യോഷ യാതുധാന്യഃ। ഉരുക്ഷയേഷുദീദ്യത്। തഗ്ഗുംസുപ്രതീകഗ്ഗും സുദൃശഗ്ഗുംസ്വഞ്ചമവിദ്വാംസോവിദുഷ്ടരഗ്ഗുംസപേമ। സയക്ഷദ്വിശാാവയുനാനിവിദ്വാൻ പ്രഹവ്യമഗ്നിരമൃതേഷുവോചത്। അംഹോമുചേ വിവേഷ യന്മാ വിന ഇന്ദ്രേന്ദ്രക്ഷത്രമിന്ദ്രിയാണി ശതക്രതോ/നു തേ ദായി ॥

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പദച്ഛേദം—

ആയുഷ്ട ആയുർദാ അഗ്നേ ആ പ്യായസ്വ സം തേ അവതേ ഹേഡ ഉദ് ഉത്തമം പ്ര നഃ ദേവ്യാ നഃ ദിവഃ അഗ്നാവിഷ്ണൂ അഗ്നാവിഷ്ണൂ ഇമം മേ വരുണ തത് ത്വാ യാമി ഉദ്ധ ത്യം ചിത്രം അപാം നപാത് ആ ഹി അസ്ഥാദ് ഉപസ്ഥം ജിഹ്മാനാം ഊർധ്വഃ വിദ്യുതം വസാനഃ തസ്യ ജ്യേഷ്ഠം മഹിമാനം വഹന്തീഃ ഹിരണ്യവർണ്ണാഃ പരി യന്തി യഹ്വീഃ സം അന്യാഃ യന്തി ഉപ യന്തി അന്യാഃ സമാനം ഊർവം നദ്യഃ പൃണന്തി തം ശുചിം ശുചയഃ ദീദിവാംസം അപാംനപാതം പരി തസ്ഥുഃ ആപഃ തം അസ്മേരാഃ യുവതയഃ യുവാനം മർമൃജ്യമാനാഃ പരി യന്തി ആപഃ സഃ ശുക്രേണ ശിക്വനാ രേവദ് അഗ്നിഃ ദീദായ അനി-ധ്മഃ ഘൃതനിർണിഗ് അപ്സു ഇന്ദ്രാവരുണയോഃ അഹം സമ്രാജോഃ അവ ആ വൃണേ താഃ നഃ മൃഡാത ഈദൃശേ ഇന്ദ്രാവരുണ യുവം അധ്വരായ നഃ വിശേ ജനായ മഹി ശർമ യച്ഛതം ദീർഘപ്രയജ്യം അതി യഃ വനുഷ്യതി വയം ജയേമ പൃതനാസു ദൂഢ്യഃ ആ നഃ മിത്രാവരുണാ പ്രബാഹവേ ത്വം നഃ അഗ്നേ വരുണസ്യ വിദ്വാൻ ദേവസ്യ ഹേഡഃ അവ യാസിസീഷ്ഠാഃ യവിഷ്ഠഃ വഹ്നിതമഃ ശോശുചാനഃ വിശ്വാ ദ്വേഷാംസി പ്ര മമുഗ്ധി അസ്മത് സഃ ത്വം നഃ അഗ്നേ അവമഃ ഭവ ഊതീ നേദിഷ്ഠഃ അസ്യാഃ ഉഷസഃ വ്യുഷ്ടൗ അവ യക്ഷ്വ നഃ വരുണം രരാണഃ വീഹി മൃഡീകം സുഹവഃ നഃ ഏധി പ്ര പ്ര അയം അഗ്നിഃ ഭരതസ്യ ശൃണ്വേ യത് സൂര്യഃ ന രോചതേ ബൃഹദ്ഭാഃ അഭി യഃ പൂരും പൃതനാസു തസ്ഥൗ ദീദായ ദൈവ്യഃ അതിഥിഃ ശിവഃ നഃ പ്ര തേ യക്ഷി പ്ര തേ ഇയർമി മന്മ ഭുവഃ യഥാ വന്ദ്യഃ നഃ ഹവേഷു ധന്വൻ ഇവ പ്രപാ അസി ത്വം അഗ്നേ ഇയക്ഷവേ പൂരവേ പ്രത്ന

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാജൻ വി പാജസാ വി ജ്യോതിഷാ സഃ ത്വം അഗ്നേ പ്രതീകേന പ്രതി ഓഷ യാതുധാന്യഃ ഉരുക്ഷയേഷു ഭീദ്യത് തം സുപ്രതീകം സുദൃശം സ്വഞ്ചം അവിദ്വാംസഃ വിദുഷ്ടരം സപേമ സഃ യക്ഷദ് വിശ്വാ വയുനാനി വിദ്വാൻ പ്ര ഹവ്യം അഗ്നിഃ അമൃതേഷു വോചത് അംഹോമുചേ വിവേഷ യത് മാ വി നഃ ഇന്ദ്ര ഇന്ദ്ര ക്ഷത്രം ഇന്ദ്രിയാണി ശതക്രതോ അനു തേ ദായി ॥

മന്ത്രവും വിനിയോഗവും അർത്ഥവും.

1-14 ആയുഷ്ഠ ആയുർദാ അഗ്ന ആപ്യായസ്യ സംതേ
അവതേ ഹേഡ ഉദുത്തമ പ്രണോ ദേവ്യാനോ
ദിവോഽഗ്നാവിഷ്ണൂ അഗ്നാവിഷ്ണൂ ഇമം മേവരുണ
തത്ത്വായാമ്യുദുത്യം ചിത്രം ।

ദീർഘകാലം രോഗത്താൽ പീഡിതനായിരിക്കുന്നവനും ദീർഘായുസ്സ് ആഗ്രഹിക്കുന്നവനും അഗ്നി സോമൻ വരുണൻ സരസ്വതി വിഷ്ണു എന്നീ ദേവതകളെ പ്രസാദിപ്പിക്കാൻ നടത്തേണ്ട യാഗത്തിന്റേയും വീണ്ടും അശ്വദാനം ചെയ്യുവൻ സൂര്യപ്രീതിക്കായി നടത്തേണ്ട യാഗത്തിന്റേയും യാജ്യാ പുരോഽനുവാക്യാ മന്ത്രങ്ങളുടെ ആദ്യപദങ്ങളാണ് ഇവിടെ പറഞ്ഞിരിക്കുന്നതു്. അതിൽ അഗ്നിയെ പ്രീതിപ്പെടുത്തുന്നതിനുള്ള യാഗത്തിന്റെ പുരോഽനുവാക്യ "ആയുഷ്ടേ വിശ്വതോ ദധത്" എന്ന് ആരംഭിക്കുന്ന മന്ത്രവും "ആയുർദാ അഗ്നേ ഹവിഷ ജുഷാണഃ" എന്നു് ആരംഭിക്കുന്ന മന്ത്രം യാജ്യയും ആണ്. ഈ രണ്ടു മന്ത്രങ്ങളും "ത്വമഗ്നേരുദ്ര" എന്ന അനുവാകത്തിൽ വ്യാഖ്യാനിച്ചു. സോമപ്രീതിക്കായുള്ള യാഗത്തിന്റെ പുരോഽനുവാക്യ "ആ പ്യായസ്വസമേതുതേ" എന്നു് ആരംഭിക്കുന്ന മന്ത്രവും "സംതേപയാംസി" എന്നു് ആരംഭിക്കുന്ന മന്ത്രം യാജ്യയും ആണു്, ഇവ രണ്ടും നാലാംകാണ്ഡത്തിൽ "മാനോഹി-സീദ്" എന്നു് ആരംഭിക്കുന്ന അനുവാകത്തിൽ വ്യാഖ്യാനിക്കും. വരുണ പ്രീതിക്കായുള്ള

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യാഗത്തിൻെറ പുരോ/നുവാക്യ ' അവതേ ഹേഡ'' എന്നു് ആരംഭിക്കുന്ന മന്ത്രവും യാജ്യ ''ഉദ്ഗത്തമം'' എന്നു് ആരംഭിക്കുണ മന്ത്രവും ആണു്. ഇവ രണ്ടും ''വൈശ്വാന രോന'' എന്ന അനുവാകത്തിൽ വ്യാഖ്യാനിച്ചു സാരസ്വത യാഗത്തിൻെറ പുരോനുവാക്യ ''പ്രണോ ദേവീ'' എന്നു് ആരംഭിക്കുന്ന മന്ത്രവും യാജ്യ ''ആനോ ദിവോ ബൃഹത'' എന്നു് ആരംഭിക്കുന്ന മന്ത്രവും ആണു്. ആഗ്നാ വൈഷ്ണവ യാഗത്തിൻെറ പുരോ/നുവാക്യ ''അഗ്നാ വിഷ്ണു മഹീ തദ്വാം" എന്നു് ആരംഭിക്കുന്ന മന്ത്രവും യാജ്യ ''അഗ്നാ വിഷ്ണു മഹീ ധാമ'' എന്നു് ആരംഭിക്കുന്ന മന്ത്രവും ആണു്. ഇവ ഒന്നാംകാണ്ഡം എട്ടാം പ്രപാഠകത്തിൽ ഒടുവിലത്തെ അനുവാകത്തിൽ വ്യാഖ്യാനിച്ചിട്ടുണ്ടു്. വാരുണ ചതുഷ്കപാലത്തിൻെറ പുരോ/നുവാക്യ ''ഇമം മേ വരുണ'' എന്നു് ആരംഭിക്കുന്ന മന്ത്രവും യാജ്യ ''തത്വാ യാമി'' എന്നു് ആരംഭിക്കുന്ന മന്ത്രവും ആണു്. ഇവ രണ്ടും ഈ കാണ്ഡത്തിൽ ഒന്നാം പ്രപാഠകത്തിൽ ഒടുവിലത്തെ അനുവാകത്തിൽ വ്യാഖ്യാവിച്ചു. സൂര്യനെ ഉദ്ദേശിച്ചു് ചെയ്യുന്ന യാഗത്തിൻെറ പുരോ/നുഖാക്യ ''ഉദുത്യം ജാതവേദസം'' എന്നു് ആരംഭിക്കുന്ന മന്ത്രവും യാജ്യ ''ചിത്രം ദേവാനാം'' എന്നു് ആരംഭിക്കുന്ന മന്ത്രവും ആണു്. ഇവ രണ്ടും ഒന്നാം കാണ്ഡം നാലാം പ്രപാഠകത്തിൽ വ്യാഖ്യാനിച്ചു.

15 അപാംനപാദാഹ്യസ്ഥാദ്ഉപസ്ഥം
ജിഹ്മാന മൂർധ്വോവിദ്യുതംവസാനഃ ।
തസ്യജ്യേഷ്ഠം മഹിമാനം വഹന്തീ
ഹിരണ്യവർണാഃ പരിയന്തിയഹ്വീഃ ।

ഇതു് അപാം നപാത് എന്ന ദേവനെ ഉദ്ദേശിച്ചു് ചെയ്യുന്ന യാഗത്തിൻെറ പുരോ/നുവാക്യ ആണു്.

ജിഹ്മാനാം = ആവർത്തരൂപത്തിൽ വക്രഗതിയിൽ ഒഴുകുന്ന ജലത്തിൻെറ; ഊർധ്വം = ഉപരിസ്ഥിതി ചെയ്യുന്നവനും, വിദ്യുതം വസാനഃ = മിന്നൽ ആകുന്ന വസ്ത്രം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ധരിച്ചിരിക്കുന്നവനും, തസ്യ ദേവസ്യ = ആ ദേവന്റെ, ജ്യേഷ്ഠം മഹിമാനം = ശ്രേഷ്ഠമായ മാഹാത്മ്യത്തെ, വഹന്തീഃ = ധരിക്കുന്നവയും, ഹിരണ്യവർണാഃ = സ്വർണനിറമുള്ളതും, യഹ്വീഃ = മഹത്തും ആയ, ആപഃ = ജലം, യം = യാതൊരു ദേവനെ, പരിയന്തി = ചുററിയിരിക്കുന്നുവോ, തം = അപ്രകാരം ഉള്ള, അപാംനപാത് = ജലസം = രക്ഷകനായ "അപാംനപാത്" എന്ന ദേവൻ, ഉപസ്ഥം = സ്വകീയസ്ഥാനത്തെ, അസ്ഥാദ് = പ്രാപിക്കുന്നു.

16 സമന്യായ ന്ത്യുപയന്ത്യന്യാഃ
സമാനമൂർവം നദ്യഃ പൃനന്തി
തം ശുചിംശുചയോദീദിവാസ-
മപാംനപാതം പരിതസ്ഥുരാപഃ।

അപാംനപാത് എന്ന ദേവനെ ഉദ്ദേശിച്ച് ചെയ്യുന്ന യാഗത്തിന്റെ യാജ്യാ മന്ത്രമാണ് ഇതു്.

അന്യാഃ ആപഃ = വേറെ ചില അപ്പുകൾ (ജലം) സംയന്തി = അന്യോന്യം യോജിച്ച് പ്രവാഹരൂപത്തിൽ ഒഴുകുന്നു. അന്യാഃ വേറെ ചിലതു്, ഉപയന്തി = പ്രവഹിക്കാതെ ഒരു സ്ഥലത്തു തന്നെ ചേർന്ന് നിൽക്കുന്നു. ഊർവം = ബഡവാഗ്നിയുടെ ആധാരമായ സമുദ്രത്തെ; നദ്യഃ = നദികൾ, സമാനം = തുല്യമായിതന്നെ, പൃനന്തി = സന്തോഷിപ്പിക്കുന്നു. ശുചിം = പരിശുദ്ധനും, ദിദിവാം സം = പ്രകാശിക്കുന്നവനുമായ, അപാംനപാതം = അപാംനപാത് എന്ന ദേവനെ, താഃ ശുചയഃ ആപഃ = പരിശുദ്ധമായ അപ്പുകൾ, പരിതസ്ഥുഃ = ചുററിനിൽക്കുന്നു.

17 തമസ്മേരാ യുവതയോ യുവാനം
മർമൃജ്യമാനദഃ പരിയന്ത്യാപഃ।
സശുക്രേണ ശിക്വനാ രേവദഗ്നി-
ർദീദായാനിധ്മോ ഘൃതനിർണിഗപ്സു।

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇതു് അപാനപാത് എന്ന ദേവനെ ഉദ്ദേശിച്ച് ചെയ്യുന്ന യാഗത്തിൻെറ മറെറാരു യാജ്യാ മന്ത്രമാണ്.

യുവാനം തം = സർവ്വദാ യൗവനയുക്തനായ അപാം-നപാത് എന്ന ദേവനെ, അസ്മേരാഃ = അനുക്കുലികളും, യുവതയഃ = സർവ്വദാ യൗവനയുക്തകളും, മർമൃജ്യമാനാഃ = പരിശുദ്ധമാക്കപ്പെട്ടവരും ആയ, ആപഃ = അപ്പുകരം പരിയന്തി = ചുററിനിൽക്കുന്നു. ശുക്രേണ = പരിശുദ്ധമായ, ശികപനാ യുക്തഃ = പ്രകാശത്തോടും കൂടിയവനും, രേവത് = ധനവാനും, ഘൃതനിർണിക് = ഘൃതം ശുദ്ധമാക്കുന്നവനും ആയ, സഃ അഗ്നിഃ = അപാംനപാത് എന്ന അഗ്നി, അനിധ്മഃ = വിറകു് ഇല്ലാതെ തന്നെ, അപ്സു = ജലത്തിൽ. ദീദായ = പ്രകാശിക്കുന്നു.

18 ഇന്ദ്രാവരുണയോരഹം സമ്രാജോരവ
ആവൃണേ തം നോ മൃഡായ ഈ ദൃശേ।

ഇന്ദ്രനേയും വരുണനേയും ഉദ്ദേശിച്ച് പയസ്യ സമർപ്പിക്കുന്ന യാഗത്തിൻെറ പുരോഽനുവാക്യാ മന്ത്രമാണ് ഇതു്.

സംരാജോഃ = നല്ലപോലെ പ്രകാശിക്കുന്നവരായ, ഇന്ദ്രാവരുണയോഃ = ഇന്ദ്രൻേറയും വരുണൻേറയും. അവം = രക്ഷണം, ആവൃണേ = ഞാൻ പ്രാർത്ഥിക്കുന്നു. തൗ = ആ ഇന്ദ്രനും വരുണനും, ഈദൃശേ = ഇപ്രകാരം രക്ഷയ്ക്കായി വരിക്കപ്പെട്ടവരായി, നഃ = ഞങ്ങളെ, മൃഡാതഃ = സുഖിപ്പിക്കട്ടെ.

19 ഇന്ദ്രാവരുണാ യുവമധ്വരായന ഃ
വിശേജനായ മഹിശർമയച്ഛതം।
ദീർഘപ്രയജ്യമതിയോവനുഷ്യതി
വയം ജയേമ പൃതനാസുഢുഢ്യഃ।

ഇന്ദ്രനേയും വരുണനേയും ഉദ്ദേശിച്ച് പയസ്യ സമർപ്പിക്കുന്ന യാഗത്തിൻെറ യാജ്യാ മന്ത്രമാണ് ഇതു്—

ഹേ ഇന്ദ്രാവരുണൗ! = അല്ലയോ ഇന്ദ്രാവരുണന്മാരെ! യുവം = നിങ്ങൾ രണ്ടുപേരും, അധ്വരായ = യാഗാന

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഷ്ഠാനത്തിനു് വേണ്ടിയും, വിശേ = സന്താന സമൃദ്ധിക്കു് വേണ്ടിയും, ജനായ = പരിചാരകന്മാരെ ലഭിക്കുന്നതിനു് വേണ്ടിയും. നഃ = ഞങ്ങൾക്കു്, മഹി = മഹത്തായ, ശർമ്മ = സുഖം; യച്ഛതം = തന്നാലും യഃ = യാതൊരു പാപം, ദീർഘ പ്രയുജ്യം അതി = ദീർഘകാലമായി അനു ഷ്ഠിക്കുന്ന യാഗാദികളേയും അതിക്രമിച്ചു്, നഃ = ഞങ്ങളെ, വനുഷ്യതി = പീഡിപ്പിക്കുന്നുവോ, തം = ആ പാപ ത്തെ, വയം = ഞങ്ങൾ, യുവയോഃ അനുഗ്രഹാത് = നിങ്ങളുടെ അനുഗ്രഹത്താൽ, പൃതനാസു = പാപകൃതമായ പീഡകളാൽ, ഢൂഢ്യഃ = പീഡിതരാകാതെ, തംജയേമ ആ പാപത്തെ ജയിക്കട്ടെ.

20-21 ആ നോ മിത്രാവരുണാ പ്രബാഹവാ

മിത്രനേയും വരുണനേയും ഉദ്ദേശിച്ചു് ആ മിക്ഷ സമർ പ്പിക്കുന്നതിനുള്ള പുരോഽനുവാക്യ "ആനോമിത്രാ വരു ണാ" എന്നു് ആരംഭിക്കുന്ന മന്ത്രവും യാജ്യ "പ്രബാഹ- വേ" എന്നു് ആരംഭിക്കുന്ന മന്ത്രവും ആണു്. ഇവ രണ്ടും. "അഗ്നാ വിഷ്ണൂ മഹിതദ്വാം" എന്ന അനുവാകത്തിൽ വ്യാഖ്യാനിച്ചിട്ടുണ്ടു്

22 ത്വം നോ അഗ്നേ വരുണസ്യ വിദ്വാൻ
ദേവസ്യ ഹേഡോഽവയാസിസീഷ്ഠാഃ ।
യജിഷ്ഠോ വഹ്നിതമഃ ശോശുചാനോ
വിശ്വാദ്വേഷാം സിപ്രമുമുഗ്ദ്ധ്യസ്മത് ।

അഗ്നിയേയും വരുണനേയും ഉദ്ദേശിച്ചു് പതിനൊന്നു് പാത്രത്തിൽ ഹവിസ്സു് പാകം ചെയ്തു സമർപ്പിക്കുന്ന യാഗ ത്തിൻെറ പുരോഽനുവാക്യയാണു് ഈ മന്ത്രം.

ഹേ അഗ്നേ ! അല്ലയോ അഗ്നേ ! ത്വം = അങ്ങു്, നഃ = ഞങ്ങളുടെ, വിദ്വാൻ = ഭക്തി മനസ്സിലാക്കി, വരുണസ്യ ദേവസ്യ = വരുണദേവനു്. ഹേഡഃ = ഞങ്ങളോടുള്ള കോപം, അവയാസസീഷ്ഠാഃ = മാററിയാലും, യജിഷ്ഠഃ = അതിശയേന യാഗനിഷ്പാദകനും വഹ്നിതമഃ = അതി-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശയകരമായ രീതിയിൽ ദേവന്മാരുടെ ഹവിസ്സ് കൊണ്ടു പോകുന്നവനും, ശോശുചാനഃ = അത്യന്തം പ്രകാശിക്കുന്നവനും; വിശ്വാദ്വേഷാഃ സി = ശത്രു കൃതമായ എല്ലാ ദോഷങ്ങളേയും, അസ്മത് = ഞങ്ങളിൽ നിന്നു്; പ്രമുമുഗ്ധി = മാററിയാലും.

23 സത്വം നോ അഗ്നേ അവമോഭവോതീ
നേദിഷ്ഠോ അസ്യ ഉഷസോവ്യുഷ്ടൗ ।
അവയക്ഷ്വനോവരുണം രരാണോ
വീഹിമൃഡീകം സുഹവോന ഏധി ॥

അഗ്നിയേയും വരുണനേയും ഉദ്ദേശിച്ച് ചെയ്യുന്ന യാഗത്തിൻെറ യാമ്യാ മന്ത്രമാണ് ഇതു്.

ഹേ അഗ്നേ ! = അല്ലയോ അഗ്നേ ! സഃ ത്വം = അപ്രകാരം ഉള്ള അങ്ങു്, നഃ = ഞങ്ങളുടെ, ഊത്യാ അവമഃ = രക്ഷകനായി ഭവിച്ചാലും: അസ്യാഃ ഉഷസഃ = ഈ ഉഷസ്സിൻെറ, വ്യുഷ്ടൗ നേദിഷ്ഠഃ = അത്യന്തസമീപവർത്തിയായ പ്രാതഃ കാലത്തിൽ, നഃ = ഞങ്ങളുടെ, വരുണം = വരുണനാൽ ചെയ്യപ്പെടുന്ന അഭീഷ്ടനിവാരകമായ പാപം, അവയക്ഷ്വ = നശിപ്പിച്ചാലും. രരാണഃ = സന്തോഷിപ്പിക്കുന്നവനായി; മൃഡീകം = ഞങ്ങളാൽ സമർപ്പിക്കപ്പെടുന്ന സുഖസാധകമായ ഹവിസ്സ്, വീഹി = ഭക്ഷിച്ചാലും. തതഃ = അനന്തരം; നഃ = ഞങ്ങൾക്കു്, സുഹവഃ ഏധി = സുഖമായി ആഹ്വാനം ചെയ്യത്തക്കവനായി ഭവിക്കുക.

24 പ്രപ്രായ മഗ്നിർഭരതസ്യ ശൃണ്വേ
വിയത്സൂർയോ നരോചതേ ബൃഹദ്ഭാഃ।
അഭിയഃ പൂരും പൃതനാസു തസ്ഥൗ
ദീദായ ദൈവ്യോ അതിഥിഃ ശിവോനഃ।

ശത്രുബാധയിൽ നിന്നു് ലിമുക്തനാകാനാഗ്രഹിക്കുന്നവൻ പ്രവാനായ അഗ്നിയെ ഉദ്ദേശിച്ച് ചെയ്യുന്ന യാഗത്തിൻെറ പുരോഽനുവാക്യാ മന്ത്രമാണ് ഇതു്—

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അയം അഗ്നിഃ = ഈ അഗ്നി, ഭരതസ്യ = ഹവിസ്സ് സമപ്പിക്കുന്ന യജമാനന്റെ. ആഹ്വാനം = വിളി, പ്രശൃണ്വേ = നല്ലപോലെ കേൾക്കട്ടെ. യദ് അഗ്നിഃ = യാതൊരു അഗ്നി. സൂര്യംന = സൂര്യനെപ്പോലെ, ഭാഃ = പ്രകാശിക്കുന്നവനായി, ബൃഹദ്രോചതേ = അത്യധികം പ്രകാശിക്കുന്നു. യഃ അഗ്നിഃ = യാതൊരു അഗ്നി. പൃതനാസു = യുദ്ധങ്ങളിൽ, പുരും = ജയം. അഭിതസ്ഥൗ = എല്ലാ സ്ഥലങ്ങളിൽ നിന്നും ഉണ്ടാക്കുന്നു ദൈവ്യഃ = ദേവന്മാക്കു ഹിതകാരിയും, ശിവഃ = മംഗളകരനുമായ. സഃ അഗ്നിഃ = ആ അഗ്നി- അതിഥിഃ = അതിഥിയായി, ദീദായ = ഇവിടെ വരട്ടെ.

25 പ്രത്യേക്ഷി പ്രതഇയർമി മന്മഭുവോ യഥാ
വന്ദ്യോ നേ ഹവേഷു ധന്വന്നിവ പ്രപാ അസി।
ത്വമംഹ ഇയക്ഷവേ പൂരവേ പ്രത്നരാജൻ ।

ശത്രു ബാധയഃൽ നംന്നു മുക്തനാകാൻ ആഗ്രഹിക്കുന്നവൻ അഗ്നിയെ ഉദ്ദേശിച്ച് ചെയ്യുന്ന യാഗത്തിന്റെ യാജ്യാ മന്ത്രമാണ് ഇതു് —

ഹേ പ്രത്നരാജൽ! = പുരാതനനും പ്രകാശിക്കുന്നവനും ആയ അല്ലയോ അഗ്നേ ! തേ = അങ്ങക്കുവേണ്ടി, പ്രയക്ഷി = ഞാൻ ശരിയായ വിധത്തിൽ യാഗം ചെയ്യുന്നു. തേ = അങ്ങയുടെ, മന്മ = മനസ്സ് (അനുഗ്രഹം) പ്രഇയർമി = എനിക്കു് ലഭിക്കുന്നു. നഃ ഹവേഷു = ഞങ്ങളുടെ യാഗങ്ങളിൽ, വന്ദ്യഃ = നമസ്ക്കരാർഹനായി, യഥാ = എപ്രകാരമായാൽ, ഭുവഃ = ഭവിക്കുമോ, തേന = അപ്രകാരം; അനുഗ്രഹം ഇയർമി = എവിക്കു് അനുഗ്രഹം ലഭിക്കുന്നു. ഹേ അഗ്നേ ! = അല്ലയോ അഗ്നേ ത്വം = അങ്ങ്, ഇയക്ഷവേ = യാഗം ചെയ്യാനാഗ്രഹിക്കുന്ന, പൂരവേ = യജമാനനായിക്കൊണ്ടു്, പ്രിയം ദാതും = പ്രിയം നൽകുന്നതിനു്, ധന്വൻ = മരുഭൂമിയിൽ, പ്രപാ ഇവ അസി = ഒരു പാനീയ ശാലപോലെ ആകുന്നു.

26-27 വിപാജസാ വിജ്യോതിഷാ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിബാധവാനായ അഗ്നിയെ ഉദ്ദേശിച്ച് ചെയ്യുന്ന യാഗത്തിന്റെ പുരോഽനുവാക്യ വിപാജസാ എന്ന് ആരംഭിക്കുന്നമന്ത്രവും യാജ്യ വിജ്യോതിഷാ എന്ന് ആരംഭിക്കുന്ന മന്ത്രവും ആണ്. ഇതിൽ ആദ്യത്തേത് നാലാംകാണ്ഡത്തിൽ ഒന്നാം പ്രപാഠകത്തിൽ വ്യാഖ്യാനിക്കും. രണ്ടാമത്തേത് കൃണുഷപാജ എന്ന അനുവാകത്തിൽ വ്യാഖ്യാനിച്ചു.

28 സത്വമഗ്നേ പ്രതീകേന പ്രത്യോഷ
യാതുധാന്യഃ ഉരുക്ഷയേഷുദീദ്യത് !

പ്രതീകവാനായ അഗ്നിയെ ഉദ്ദേശിച്ച് ചെയ്യുന്ന യാഗത്തിന്റെ പുരോഽനുവാക്യയാണ് ഈ മന്ത്രം.

ഹേ അഗ്നേ ! = അല്ലയോ അഗ്നേ ! ഉരുക്ഷയേഷു = വിസ്തീർണ്ണമായ യാഗശാലകളിൽ, ദിദ്യത് = പ്രകാശിച്ചുകൊണ്ടിരിക്കുന്ന, സഃ ത്വം = അങ്ങ്, പ്രതികേന = കർമാരംഭത്തിൽ തന്നെ, യാതുധാന്യഃ = രാക്ഷസജാതികളായ എല്ലാവരേയും, പ്രത്യോഷ = ദഹിപ്പിക്കുക.

29 തംസുപ്രതീകം സുദൃശംസ്വഞ്ച-
മവിദ്വാം സോവിദുഷ്ടരം സപേമ!
സ യക്ഷ ദ്വിശ്വാവയുനാനിവിദ്വാൻ
പ്രഹവ്യമഗ്നിരമൃതേഷുവോചത് ।

പ്രതീകവാനായ അഗ്നിയെ ഉദ്ദേശിച്ച് ചെയ്യുന്ന യാഗത്തിന്റെ യാജ്യാ മന്ത്രമാണ് ഇത്—

വയം = ഞങ്ങൾ, സുപ്രതീകം = ശോഭനോപക്രമത്തോടു കൂടിയവനും, സുദൃശം = ശോഭനമായ കടാക്ഷങ്ങളോടുകൂടി ഞങ്ങളെ നോക്കുന്നവനും, സ്വഞ്ചം = അങ്ങളുടെ കർമ്മങ്ങളിൽ വേണ്ടപോലെ വന്നുചേരുന്നവനും, വിദുഷ്ടരം = ഭക്തന്മാരുടെ വിചാരം നല്ലപോലെ മനസ്സിലാക്കുന്നവനും ആയ, തം അഗ്നിം = ആ അഗ്നിയെ, സപേമ = പ്രാപിക്കട്ടെ. അവിദ്വാംസഃ യദ്യപി = ഞങ്ങൾ അങ്ങയുടെ മഹത്വം നല്ലപോലെ അറിയുന്നവരല്ലെങ്കിലും, തം പ്രാപ്താഃസ്മഃ അദ്ദേഹത്തെ പ്രാപിച്ചിരിക്കുന്നു. സഃ = ആ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഗ്നി; യക്ഷദ് = യാഗം ചെയ്യാനാഗ്രഹിക്കുന്നവരുടെ, വിശ്വാ വയുനാനി = എല്ലാഅഭിപ്രായങ്ങളേയും, വിദ്വാൻ = അറിയുന്നു. അതഃ = അതുകൊണ്ട്, സഃ അഗ്നിഃ = ആ അഗ്നി; അസ്മദീയം ഹവ്യം = ഞങ്ങളം ഹവിസ്സ് സമർപ്പിക്കുന്ന കാര്യം; പ്രവോചത് = വേണ്ടതുപോലെ പറയട്ടെ.

30-35 അംഹോമുചേ വിവേഷയന്മാവിന ഇന്ദ്രേന്ദ്ര
ക്ഷത്രമിന്ദ്രിയാണി ശതക്രതോഽനുതേദായി!

ശത്രുവിനെ ജയിക്കാനാഗ്രഹിക്കുന്നവൻ ഇന്ദ്രനെ ഉദ്ദേശിച്ച് ചെയ്യുന്ന മൂന്നു യാഗങ്ങളുടെ പുരോഽനുവാക്യാ മന്ത്രങ്ങളുടേയും യാജ്യാമന്ത്രങ്ങളുടേയും പ്രാരംഭമാണ് ഇവ. ഒന്നാമത്തെ യാഗത്തിന്റെ പുരോഽനുവാക്യ "അംഹോമുചേ" എന്ന് ആരംഭിക്കുന്ന മന്ത്രവും യാജ്യ "വിവേഷയന്മാ" എന്ന് ആരംഭിക്കുന്നമന്ത്രവും ആണ്. രണ്ടാമത്തെ യാഗത്തിന്റെ പുരോഽനുവാക്യ "വിനഇന്ദ്ര മൃധഃ" എന്ന് ആരംഭിക്കുന്ന മന്ത്രവും യാജ്യ "ഇന്ദ്രക്ഷത്രം" എന്ന് ആരംഭിക്കുന്ന മന്ത്രവും ആണ് മൂന്നാമത്തെ യാഗത്തിന്റെ പുരോഽനുവാക്യ "ഇന്ദ്രിയാണി ശതക്രതോ" എന്നാരംഭിക്കുന്ന മന്ത്രവും യാജ്യ "അനുതേദായിമഹ" എന്ന് ആരംഭിക്കുന്ന മന്ത്രവും ആണ്. ഈ മന്ത്രങ്ങളെല്ലാം പ്രഥമകാണ്ഡം ആറാം പ്രപാഠകത്തിൽ ഒടുവിലത്തെ അനുവാകത്തിൽ വ്യാഖ്യാനിച്ചിട്ടുണ്ട്.

ഇതിദ്വാദശോഽനുവാകഃ

പഞ്ചമഃ പ്രപാഠകഃ സമാപ്തഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദ്വിതീയകാണ്ഡേഷഷ്ഠഃ പ്രപാഠകഃ

പ്രഥമോഽനുവാകഃ (ബ്രാഹ്മണം)

സംഹിത—

ഹരിഃ ഓം ! സമിധോയജതി വസന്തമേവർത്തുനാമവരു-
ന്ധേ തനൂന പാതം യജതി ഗ്രീഷ്മമേവാവരുന്ധ ഇഡോയജ-
തിവർഷാഏവാവരുന്ധേബർഹിർയജതി ശരദമേവാവരുന്ധേ-
സ്വാഹാകാരം യജതി ഹേമന്തമേവാവരുന്ധേ തസ്മാത്സ്വാ-
ഹാകൃതാ ഹേമൻ പശവോ ഽ വസീദന്തി സമിധോയജത്യുഷസ
ഏവദേവതാനാമവരുന്ധേ തനൂനപാതം യജതി 'യജ്ഞമേവാ-
വരുന്ധേ ഇഡോയജതി പശൂനേവാവരുന്ധേ ബർഹിർയജതി
പ്രജാമേവാവരുന്ധേ സമാനയത ഉപഭൃതസ്തേജോവാ ആജ്യം
പ്രജാബർഹിഃ പ്രജാസ്വേവതേജോദധാതി സ്വാഹാകാരം യജ
തിവാചമേവാവരുന്ധേ ദശസമ്പദ്യന്തേ ദശാക്ഷരാവിരാഡന്നം
വിരാഡ് വിരാജൈവാന്നാദ്യമവരുന്ധേ സമിധോയജത്യസ്-
മിന്നേവലോകേ പ്രതിതിഷ്ഠതിതനൂനപാതം യജതിയജ്ഞ ഏ-
വാന്തരിക്ഷേ പ്രതിതിഷ്ഠതീഡോയജതി പശുഷ്വേവ പ്രതിതി-
ഷ്ഠതിബർഹിര്യജതിയ ഏവ ദേവയാനാഃ പന്ഥാനസ്തേഷ്വേവ
പ്രതിതിഷ്ഠതി സ്വാഹാകാരം യജതിസുവർഗ ഏവ ലോകേ
പ്രതിതിഷ്ഠത്യേതാവന്തോവൈ ദേവലോകാസ്തേഷ്വേവ് യഥാ-
പൂർവം പ്രതിതിഷ്ഠതി ദേവാസുരാ ഏഷുലോകേഷ്വ സ്പർധ-
ന്തതേ ദേവാ പ്രയാജൈരേഭ്യോ ലോകേഭ്യോ ഽ സുരാൻ പ്രാണു-
ദന്ത തത്പ്രയാജാനാം പ്രയാജത്വം യസ്യൈവം വിദുഷഃ പ്ര-
യാജാഇജ്യന്തേ പ്രൈഭ്യോ ലോകേഭ്യോ ഭ്രാതൃവ്യാന്നുദതേ ഽ ഭി-
ക്രാമംജുഹോത്യഭിജിത്യൈയോ വൈപ്രയാജാനാം മിഥുനം
വേദ പ്രപ്രജയാ പശുഭിർമിഥുനൈർജായതേസമിധോബഹ്വീ-
രിവയജതി തനൂനപാതമേകമിവമിഥുനം തദിഡോബഹ്വീരി-
വയജതിബർഹിരേകമിവമിഥുനംതദേതദ്വൈപ്രയാജാനാംമിഥു
നംയ ഏവം വേദപ്രപ്രജയാപശുഭിർമിഥുനൈർജായതേ ദേവാ
നാംവാഅനിഷ്ടാദേവതാആസന്നഥാസുരായജ്ഞമജിഘാംസന്തേ
ദേവാഗായത്രീം വ്യൗഹൻ പഞ്ചാക്ഷരാണിപ്രാചിനാനിത്രീണി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രതീചീനാനി തതോവർമ യജ്ഞായാഭവദ്വർമ യജമാനായ യത്പ്രയാജാനൂയാജാ ഇജ്യന്തേ വർമേവതദ്യജ്ഞായ ക്രിയതേ വർമയജമാനായഭ്രാതൃവ്യാഭിഭൂത്യൈതസ്മാദ്വരൂഥംപുരസ്താ-ദർഷീയഃ പശ്ചാദ് ഹ്രസിയോ ദേവാ വൈപുരാ രക്ഷോഭ്യ ഇതി സ്വാഹാകാരേണ പ്രയാജേഷു യജ്ഞഗ്ഗും സംസ്ഥാപ്യമ-പശ്യൻ തഗ്ഗ്സ്വാഹാ കാരേണ പ്രയാജേഷു സമസ്ഥാപയൻ വിവാ ഏതദ്യജ്ഞം ഛിന്ദന്തി യത് സ്വാഹാ കാരേണ പ്രയാ-ജേഷു സഗ്ഗ്സ്ഥാപയന്തി പ്രയാജാനിഷ്ട്വാ ഹവീംഷ്യഭി-ഘാരയതി യജ്ഞസ്യ സംതത്യാ അഥോ ഹവിരേവാകരഥോ യഥാപൂർവ്വമുപൈതി പിതാവൈ പ്രയാജാഃ പ്രജാനൂയാജാ യത്പ്രയാജാനിഷ്ട്വാ ഹവീഗ്ഷ്യഭിഘാരയതി പിതൈവ തത്പുത്രേണ സാധാരണം കുരുതേ തസ്മാദാഹുർയശ്ചൈവം വേദ യശ്ചന കഥാ പുത്രസ്യകേവലം കഥാ സാധാരണം പിതു-രിത്യസ്കന്നമേവ തദ്യത്പ്രയാജേഷ്വിഷ്ടേഷു സ്കന്ദതി ഗായത്ര്യേവതേനഗർഭം ധത്തേ സാപ്രജാം പശൂൻ യജമാനായ പ്രജനയതി ||

അർത്ഥം—

"സമിത്" എന്നു പറയുന്ന യാഗം അനുഷ്ഠിക്കുന്നതുകൊണ്ടു് - യജമാനൻ വസന്തർത്തുവിനെ സ്വാധീനമാക്കുന്നു. 'തനൂനപാത്" എന്ന യാഗം നടത്തുന്നതുകൊണ്ടു് ഗ്രീഷ്മർത്തുവിനെ സ്വാധീനമാക്കുന്നു. "ഇഡ" എന്ന യാഗം നടത്തുന്നതുകൊണ്ടു് വർഷർത്തുവിനെ സ്വാധീനമാക്കുന്നു. "ബർഹി" എന്ന യാഗം അനുഷ്ഠിക്കുന്നതുകൊണ്ടു് ശരദൃതുവിനെ സ്വാധീനമാക്കുന്നു. "സ്വാഹാകാരം" എന്ന യാഗം നടത്തുന്നതുകൊണ്ടു് ഹേമന്തർത്തുവിനെ സ്വാധീനമാക്കുന്നു. ഈ യാഗം നടത്തിയില്ലെങ്കിൽ ഹേമന്തകാലത്തിൽ ആളുകളും മൃഗങ്ങളും സ്വാഹാശബ്ദത്തോടുകൂടി അഗ്നിയിൽ ഹോമിക്കപ്പെടുന്ന സമിത്തുകൾ പോലെ പീഡിപ്പിക്കപ്പെടുന്നു.

"സമിത്" എന്ന യാഗം നടത്തുന്നതുകൊണ്ടു് യജമാനൻ ഉഷസ്സ് എന്ന ദേവതയെ സ്വാധിനം ആക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

"തനൂനപാത്" എന്ന യാഗം നടത്തുന്നതു കൊണ്ടു്. യജമാനൻ യാഗത്തെതന്നെ സ്വാധീനം ആക്കുന്നു. "ഇഡ" എന്ന യാഗം നടത്തുന്നതുകൊണ്ടു് യജമാനൻ പശുക്കളെ സ്വാധീനമാക്കുന്നു. "ബർഹീസ്" എന്ന യാഗം നടത്തുന്നതുകൊണ്ടു് യജമാനൻ സന്താനങ്ങളെസ്വാധീനമാക്കുന്നു.

"ബർഹിസ് എന്ന യാഗത്തിന്നു് ഉപഭൃത്തിൽനിന്നു് പകുതി നെയ്യ് ജുഹുവിൽ ഒഴിക്കുന്നു. നെയ്യ് തേജസ്സാണു്. ബർഹിസ്സ് പ്രജകളാണു്. അതുകൊണ്ടു് യജമാനന്റെ സന്താനങ്ങൾക്കു് തേജസ്സ് ഉണ്ടാകുന്നു.

"സ്വാഹാകരാ" യാഗം നടത്തുന്നതുകൊണ്ടു് യജമാനന്നു് വാക്കു് സ്വാധീനമാകുന്നു. വസന്തം മുതലായ അഞ്ചു ഋതുക്കളും ഉഷസ്സ് മുതലായ അഞ്ചു ദേവതകളും യജമാനന്നു് സ്വാധീനമാകുന്നു വിരാഡ് ഛന്ദസ്സ് അന്നം ആകുന്നു. വിരാട് ഛന്ദസ്സിന്റെ ദേവതയുടെ സഹായത്താൽ യജമാനന്നു് അന്നം മുതലായ ഭക്ഷണസാധനങ്ങൾ സ്വാധീനമാകുന്നു.

"സമിത്" എന്ന യാഗം നടത്തുന്നതുകൊണ്ടു് യജമാനൻ ഈ ലോകത്തിൽ പ്രതിഷ്ഠിതനാകുന്നു "തനൂനപാത്" എന്ന യാഗം നടത്തുന്നതുകൊണ്ടു് യജ്ഞരൂപമായ അന്തരീക്ഷത്തിൽ യജമാനന്നു് പ്രതിഷ്ഠ ലഭിക്കുന്നു. "ബർഹിസ്സ്" എന്ന യാഗം നടത്തുന്നതുകൊണ്ടു് ഏതെല്ലാം ദേവയാന മാർഗ്ഗങ്ങൾ ഉണ്ടോ അവയിൽ എല്ലാം യജമാനന്നു് പ്രതിഷ്ഠ ലഭിക്കുന്നു. "സ്വാഹാകാര" യാഗം നടത്തുന്നതുകൊണ്ടു് യജമാനന്നു് സ്വർഗ്ഗലോകത്തിൽ പ്രതിഷ്ഠ ലഭിക്കുന്നു. ദേവലോകങ്ങൾ ഇവ മാത്രമാണു് ആ ലോകങ്ങളിലെല്ലാം യജമാനന്നു് പ്രതിഷ്ഠ ലഭിക്കുന്നു.

ദേവന്മാരും അസുരന്മാരും ഈ ലോകങ്ങൾ കിട്ടുന്നതിനു് പരസ്പരം സ്പർധയുള്ളവർ ആയിരുന്നു. ദേവന്മാർ പ്രയാജാ മന്ത്രങ്ങളാൽ ഈ ലോകങ്ങളിൽ നിന്നു് അസുരന്മാരെ ഓടിച്ചു. അതുകൊണ്ടാണു് പ്രയാജാ മന്ത്രങ്ങൾക്കു് ആ പേരു് സിദ്ധിച്ചതു്. (പ്രാണദന്തയൈഃ ഇതിപ്രയാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജാഃ) ഇതറിയുന്ന യാതൊരുത്തൻ പ്രയാജാ യാഗം നടത്തുന്നുവോ അവൻ ഈ ലോകങ്ങളിൽ നിന്നു് തന്റെ ശത്രുവിനെ ഓടിക്കുന്നു.

വിജയത്തിനു് വേണ്ടി ആദ്യം ഹോമകുണ്ഡത്തിനു് അല്പം ദൂരെ നിന്നു് ഹോമിക്കുകയും ക്രമേണ ഹോമകുണ്ഡത്തിന്റെ സമീപത്തീലേക്കു് വരികയും ചെയ്യുന്നു.

പ്രയാജായാഗങ്ങളുടെ സ്ത്രീപുരുഷഭേദം അറിയുന്നവൻ സ്ത്രീപുരുഷസന്താനങ്ങളോടും പശുമുതലായ മൃഗങ്ങളോടും കൂടിയവനായിത്തീരുന്നു. "സമിത്" എന്ന യാഗം പല പ്രാവശ്യം നടത്തുന്നു. "തനൂനപാത " എന്ന യാഗം ഒരു പ്രാവശ്യം നടത്തുന്നു. ഇതാണു് പ്രയാജാ യാഗങ്ങളുടെ മിഥുനം എന്നു് പറയുന്നതു്. യാതൊരുത്തൻ ഇതറിയുന്നുവോ അവൻ സ്ത്രീപുരുഷ വിഭാഗങ്ങളോടുകൂടിയ സന്താനങ്ങളോടും പശുക്കളോടുംകൂടിയവനായിത്തീരുന്നു.

ദേവന്മാക്കു് ആജ്യഭാഗ ദേവതകൾ ഇഷ്ടപ്പെടാത്തവരായി ഭവിച്ചു. അസുരന്മാർ യാഗം നശിപ്പിച്ചു് കൊണ്ടിരുന്നു. ആ ദേവന്മാർ ഗായത്രിയെ അസുരന്മാരിൽ നിന്നു് യാഗം രക്ഷിക്കാനുള്ള ഒരു സൈന്യവ്യൂഹമാക്കി. ആദ്യത്തെ അഞ്ചക്ഷരം കൊണ്ടു് യാഗാരംഭത്തിനു് മുൻപു് ഉണ്ടാകാവുന്ന അസുരന്മാരുടെ ബാധ ഇല്ലാതാക്കാനുള്ള വ്യൂഹമായും,അടുത്ത മൂന്നക്ഷരം കൊണ്ടു് യാഗാരംഭത്തിനു് ശേഷം ഉണ്ടാകാവുന്ന അസുര പീഡ നശിപ്പിക്കാനുള്ള വ്യൂഹവുംആക്കി. അതു കൊണ്ടു് യാഗത്തിനു് ഒരു കവചം ഉണ്ടായി യജമാനനും ഒരു കവചം ഉണ്ടായി. പ്രയാജ അനുയാജ എന്നീ യാഗങ്ങൾ നടത്തുന്നതു് യാഗത്തിനു് ഒരു കവചം തന്നെ ഉണ്ടാക്കുകയാണു്. ശത്രുക്കളെ തോൽപിക്കുന്നതിനു് വേണ്ടി യജമാനനു് ഒരു കവചം ഉണ്ടാക്കുകയാണു്. അതു കൊണ്ടു് യുദ്ധത്തിനു് പോകുന്ന സൈന്യം മുൻപിൽ വലുതും പുറകിൽ ചെറുതുമായിരിക്കും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പണ്ട് ദേവന്മാർ രാക്ഷസരെ പേടിച്ച് "സ്വാഹാകാര" യാഗത്തോട്ടുകൂടി യാഗം സമാപിച്ചു. സ്വാഹാകാര യാഗത്തോടുകൂടി യാഗം സമാപിക്കുകഎന്നുള്ളതു് യാഗത്തിന് വിച്ഛേദം ഉണ്ടാക്കുകയാണ്. പ്രയാജായാഗങ്ങൾ നടത്തിയതിന് ശേഷം ബാക്കി വന്ന നെയ്യ് ഹവിസ്സിൽ ഒഴിക്കുന്നു. യാഗത്തിന് വിച്ഛേദം വരാതെയിരിക്കുന്നതിന് വേണ്ടിയാണ് ഇപ്രകാരം ചെയ്യുന്നതു് അതുകൊണ്ട് ഹവിസ്സ് യാഗത്തിന് അർഹമായിത്തീരുന്നു. പ്രയാജായാഗങ്ങൾ എല്ലാം നടത്തിയ ഫലം ലഭിക്കുന്നു.

ആദ്യം നടത്തുന്നതുകൊണ്ട് പ്രയാജായാഗങ്ങൾ പിതാവിനെപ്പോലെയാണ്. അനുയാജായാഗങ്ങൾ സന്താനങ്ങൾക്കു തുല്യമാണ്. പ്രയാജായാഗങ്ങൾ നടത്തിയതിന് ശേഷം ബാക്കിവന്ന നെയ്യ് ഹവിസ്സിൽ ഒഴിക്കുന്നു എന്നുള്ളതു് പിതാവ് കഴിഞ്ഞു് പുത്രൻ എന്ന പോലെ ലോക സാധാരണം ആണ്. അതുകൊണ്ടാണ് ഇപ്രകാരം പറഞ്ഞതു്. ചിലർ ഇതു് അറിയുന്നു. ചിലർ അറിയുന്നില്ല. പുത്രൻ സമ്പാദിക്കുന്ന സ്വത്തു് സാധാരണ ലോകത്തിൽ പുത്രന് മാത്രം ഉള്ളതാണ്. അതുകൊണ്ട് "അനുയാജാ" യാഗം കഴിഞ്ഞു് ബാക്കി വരുന്ന നെയ്യ് യാതൊന്നിനും ഉപയോഗിക്കാൻ പറഞ്ഞിട്ടില്ല. പിതാവിന്റെ സ്വത്തു് പുത്രന്മാർക്കെല്ലാം അവകാശപ്പെട്ടതാണ്. പ്രയാജാ യാഗത്തിൽ ബാക്കിവന്ന നെയ്യ് ഹോമത്തിനുള്ള ഹവിസ്സിൽ ഒഴിക്കാൻപറയുന്നു. പ്രയാജായാഗംനടത്തിയതിന് ശേഷം ഹവിസ്സിൽ ഒഴിക്കുന്ന നെയ്യ് നഷ്ടപ്പെടുന്നില്ല. അപ്രകാരം പ്രയാജാശിഷ്ടം അനുയാജാഹവിസ്സിൽ ഒഴിക്കുന്നതുകൊണ്ട് ഗായത്രിഛന്ദോദേവതയാൽ തന്നെഗർഭം ധരിച്ചതുപോലെ ആകുന്നു. ഗായത്രി ദേവത യജമാനന് വേണ്ടി സന്താനങ്ങളേയും ജനിപ്പിക്കുന്നു.

ഇതിപ്രഥമോ ഽനുവാകഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഥദ്വിതീയോ / നുവാകഃ (ബ്രാഹ്മണം)

സംഹിതാ

ചക്ഷുഷീവാ ഏതേയജ്ഞസ്യയദാജ്യഭാഗൗയദാജ്യഭാഗൗ യജതി ചക്ഷുഷീ ഏവ തദ്യജ്ഞസ്യ പ്രതിദധാതി പൂർവാർധേ ജുഹോതി.തസ്മാത് പൂർവാർധേചക്ഷുഷീപ്രബാഹുഗ്ജുഹോ. തിതസ്മാത് പ്രബാഹുക് ചക്ഷുഷീ ദേവലോകംവാ അഗ്നി. നായജമാനോ / നു പശ്യതിപിതൃ ലോകഗും സോമേനോ. ത്തരാർധേ / ഗ്നയേ ജുഹോതി ദക്ഷിണാർധേസോമ്യാ- യൈവമിവഹീമൗ ലോകാവനയോർലോകയോരനുഖ്യാത്യൈ രാജാനൗ വാ ഏതൗ ദേവതാനാം യദഗ്നിഷോമാവന്തരാദേവതാ ഇജ്യേതേ ദേവതാനാം വിധൃത്യൈ തസ്മാദ്രാജ്ഞാ മനുഷ്യാ. വിധൃതാ ബ്രഹ്മവാദിനോവദന്തി കിംതദ്യജ്ഞേ യജമാനഃ കുരുതേ യേനാന്യതോദതശ്ചപശൂൻദാധാരോ ഭയതോദതശ്ചേ- തിഋചമനൂച്യാ// ജ്യഭാഗസ്യജുഷാണേനയജതി തേനാന്യതോ ദതോ ദാധാരർചമനൂച്യ ഹവിഷ ഋചായജതി തേനോഭ- യതോദതോ ദാധാര മൂർധന്വതീ പുരോ/നുവാക്യാ ഭവതി മൂർധാനമേവൈനഗ്ഗുംസമാനാനാം കരോതി നിയുത്വത്യാ യജതി ഭ്രാതൃവ്യസ്യൈവപശൂന്നിയുവതേകേശിനഗ്ഗുംഹദാർഭ്യം കേശീ സാത്യകാമിരുവാച സപ്തപദാംതേ ശക്കരീഗ്ശ്വോയ- ജ്ഞേ പ്രയോക്താസേയസ്യൈവീർയേണ പ്രജാതാൻ ഭ്രാതൃ- വ്യാന്നുദതേ പ്രതിജനിഷ്യമാണാൻ യസ്യൈ വീർയേണോഭ- യോർലോകയോർജ്യോതിർധത്തേയസ്യൈവീർയേണപൂർവാർ ധേനാനഡ്വാൻഭുനക്തിജഘനാർധേനധേനുരിതിപുരസ്താല്ലക്ഷ്മാ. പുരോ/നുവാക്യാഭവതിജാതാനേവഭ്രാതൃവ്യാൻപ്രണുദത ഉപരി- ഷ്ടാല്ലക്ഷ്മായാജ്യാ ജനിഷ്യമാണാനേവപ്രതിനുദതേപുരസ്താ- ല്ലക്ഷ്മാ പുരോ/നുവാക്യാ ഭവതി അസ്മിന്നേവ ലോകേജ്യോ- തിർധത്ത ഉപരിഷ്ടാല്ലക്ഷ്മായാജ്യാമുഷ്മിന്നേവലോകേജ്യോ- തിർധത്ത ജ്യോതിഷ്മന്താവസ്മാ ഇമൗലോകൗ ഭവതോ- യഏവംവേദപുരസ്താല്ലക്ഷ്മാ പുരോനുവാക്യാ ഭവതി തസ്മാ- ത്പൂർവാർധേനാനഡ്വാൻ ഭുനക്തി ഉപരിഷ്ടാല്ലക്ഷ്മായാജ്യാ തസ്മാജ്ജഘനാർധേന ധേനുർയ ഏവംവേദ ഭുങ്ക്ത ഏവമേതൗ വജ്രആജ്യം വജ്ര ആജ്യഭാഗൗ വജ്രോവഷട്കാരസ്ത്രിവൃതമേവ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വജ്രഗ്ഗംസംഭൃത്യ ഭ്രാതൃവ്യായ പ്രഹരത്യച്ഛംബട്കാരമപഗൂർയ വഷട്കരോതി സ്തൃത്യൈഗായ ത്രീപുരോഽനുവാക്യാ ഭവതി ത്രിഷ്ടുഭ്യാജ്യാ ബ്രഹ്മന്നേവ ക്ഷത്രമന്വാരംഭയതി തസ്മാദ് ബ്രാഹ്മണോ മുഖ്യോഭവതി യ ഏവം വേദപ്രൈവൈനം പുരോഽനുവാക്യയാ ഽഽഹ പ്രണയതി യാജ്യയാ ഗമയതി വഷട്കാരേണൈവൈനം പുരോഽനുവാക്യയാ ദത്തേ പ്രയച്ഛതി യാജ്യയാ പ്രതിവഷട്കാരേണ സ്ഥാപയതി ത്രിപദാ പുരോഽനുവാക്യാ ഭവതി ത്രയ ഇമേലോകാ ഏഷ്വേവലോകേഷു പ്രതിതിഷ്ഠതി ചതുഷ്പദായാജ്യാ ചതുഷ്പദ ഏവ പശൂനവരുന്ധേദ്വ്യക്ഷരോവഷട്കാരോദ്വിപാദ്യജമാനഃ പശുഷ്വേവോപരിഷ്ഠാത് പ്രതിതിഷ്ഠതി ഗായത്രീ പുരോഽനുവാക്യാ ഭവതി ത്രിഷ്ടുപ് യാജ്യൈഷാ വൈ സപ്തപദാ ശക്വരീ യദ്വാ ഏതയാ ദേവാ അശിക്ഷന്തദശകന്നവന്യഏവം വേദ ശക്നോത്യേവ യച്ഛിക്ഷതി ॥

[ഈ അനുവാകത്തിൽ ആജ്യഭാഗമന്ത്രങ്ങളെക്കുറിച്ചാണ് പറയുന്നത്. ആ മന്ത്രങ്ങൾ തൈത്തീരിയ ബ്രാഹ്മണത്തിൽ മൂന്നാംകാണ്ഡം അഞ്ചാംപ്രപാഠകം ആറാമത്തെ അനുവാകത്തിൽ ഉണ്ട്.]

അർത്ഥം—

ആജ്യഭാഗങ്ങൾ യാഗത്തിൻെറ കണ്ണുകൾ പോലെയാണ്. ആജ്യഭാഗങ്ങൾ ഹോമിക്കുക എന്നതു് യാഗത്തിനു കണ്ണുകൾ നൽകുന്നതുപോലെയാണ്. ആഹവനീയാഗ്നിയുടെ പൂർവ്വാർധത്തിൽ ആജ്യഭാഗം ഹോമിക്കുന്നു. അതുരകാണ്ടു് ശിരസ്സിൻെറ പൂർവ്വാർധത്തിലാണ് കണ്ണുകൾ ഇരിക്കുന്നതു്. രണ്ടു് ആജ്യഭാഗങ്ങളും തുല്യമായി ഹോമിക്കുന്നു-അതുകൊണ്ടു് നേത്രങ്ങൾ രണ്ടും തുല്യം ആയിരിക്കുന്നു. യജമാനൻ അഗ്നിയുടെ സഹായത്താൽ ദേവലോകം കാണുന്നു. സോമൻെറ സഹായത്താൽ പിതൃലോകം കാണുന്നു. ഉത്തരാർധത്തിൽ (വടക്കുഭാഗത്തു്) അഗ്നിയെ ഉദ്ദേശിച്ച് ഹോമം ചെയ്യുന്നു. ദക്ഷിണാർധത്തിൽ (തെക്കു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭാഗത്തു്) സോമനെ ഉദ്ദേശിച്ച് ഹോമം ചെയ്യുന്നു. ഈ ലോകങ്ങൾ ഇപ്രകാരമാണല്ലോ സ്ഥിതിചെയ്യുന്നതു്. (ദേവലോകം വടക്കും പിതൃലോകം തെക്കും) ഈ ലോകങ്ങളെപ്പററി അറിയുന്നതിനു് വേണ്ടിയാണു് ഇപ്രകാരം ഹോമിക്കുന്നതു്.

അഗ്നിയും സോമനും ദേവതകളുടെ രാജാക്കന്മാരാണു്. ദേവതകളെ ഭരിക്കുന്നതിനു് വേണ്ടി ദേവന്മാരുടെ മദ്ധ്യേ അഗ്നിക്കും സോമനും ആജ്യഭാഗം ഹോമിക്കുന്നു. അതു കൊണ്ടു് രാജാവിനാൽ പ്രജകൾ ഭരിക്കപ്പെടുന്നു.

വേദം അറിയാവുന്നവർ ഇപ്രകാരം ചിന്തിക്കുന്നു. ഒരു വരിയിൽ മാത്രം പല്ലു് ഉള്ള മൃഗങ്ങളും രണ്ടു് വരിയിലും പല്ലു് ഉള്ള മൃഗങ്ങളും ലഭിക്കുന്നതിനു് യജമാനൻ യാഗത്തിൽ എന്താണു് ചെയ്യുന്നതു് ? എന്നു്. ആജ്യഭാഗം ഹോമിക്കുന്ന അവസരത്തിൽ പുരോഽനുവാക്യാ മന്ത്രം ചൊല്ലിയതിനു് ശേഷം "ജുഷാണ" എന്നു തുടങ്ങുന്ന യാജ്യാ മന്ത്രം ചൊല്ലിക്കൊണ്ടു് ഹോമിക്കുന്നു, അതുകൊണ്ടു് താഴെ മാത്രം പല്ലുകൾ ഉള്ള മൃഗങ്ങൾ യജമാനനു് ലഭിക്കുന്നു. പ്രധാന ഹവിസ്സു് ഹോമിക്കുമ്പോൾ പുരോഽനുവാക്യാ മന്ത്രം ചൊല്ലിയതിനു ശേഷം യാജ്യാ മന്ത്രം ചൊല്ലി ഹോമിക്കുന്നു, അതുകൊണ്ടു് താഴെയും മുകളിലും പല്ലുകൾ ഉള്ള മൃഗം യജമാനനു് ലഭിക്കുന്നു. "മൂർധൻ" ശബ്ദത്തോടുകൂടിയ മന്ത്രം ആഗ്നേയ ഹവിസ്സിന്റെ പുരോഽനുവാക്യയാണു്. അതുകൊണ്ടു് യജമാനനെ തുല്യ-രായ ആളുകളുടെ ഇടയിൽ പ്രധാന സ്ഥാനത്തിലാക്കുന്നു. നിയുത് ശബ്ദത്തോടുകൂടിയ | മന്ത്രം ചൊല്ലി ഹോമം കഴിക്കുന്നു. അപ്രകാരം ചെയ്യുന്നതുകൊണ്ടു് യജമാനന്റെ ശത്രുവിന്റെ പശുക്കളെ നശിപ്പിക്കുന്നു.

സത്യകാമന്റെ പുത്രനായ കേശി ദർഭൻ എന്ന ഋഷിയുടെ പുത്രനായ കേശിയോടു് ഇപ്രകാരം പറഞ്ഞു. "നാളെ നടത്താൻ പോകുന്ന യാഗത്തിൽ ഏഴുപാദങ്ങളോടു കൂടിയ ശക്കരീഛന്ദസ്സിലുള്ള മന്ത്രം നീ ചൊല്ലും. ആ മന്ത്രത്തിന്റെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശക്തികൊണ്ടു് ഇപ്പോഠം ഉള്ള ശത്രുക്കളെ ഇല്ലാതെയാക്കുന്നു. ഉണ്ടാകാൻ പോകുന്ന ശത്രുക്കളേയും ഇല്ലാതെ യാക്കുന്നു. ഭൂമിയിലും സ്വർഗ്ഗത്തിലും യജമാനനു് ഉത്കർഷം ലഭിക്കുന്നു. ആ മന്ത്രത്തിൻെറ പൂർവാർധം ചൊല്ലിയതിൻെറ ഫലമായി കാള യജമാനനെ സഹായിക്കുന്നു (വണ്ടിവലിക്കുക നിലം ഉഴുക മുതലായ ജോലികളിൽ കാള യജമാനനെ സഹായിക്കുന്നു) ഉത്തരാർധം ചൊല്ലിയതിൻെറ ഫലമായി പശു യജമാനനെ രക്ഷിക്കുന്നു (പാൽ കിട്ടുന്നതു് യജമാനനു് സഹായമായിരിക്കുന്നു) [അഗ്നിർ മൂർധാ എന്ന മന്ത്രത്തിൻെറ മൂന്നുപാദവും ഭുവോ യജ്ഞസ്യ എന്ന മന്ത്രത്തിൻെറ നാലു പാദവും ചേർന്നു് ഏഴുപാദം ഉള്ളതാണു് ശക്കരീഛന്ദസ്സിലുള്ള മന്ത്രം]

പുരോഽനുവാക്യാമന്ത്രത്തിൻെറ പൂർവാർധത്തിൽ പ്രതിപാദ്യദേവതയുടെ നാമം ഉണ്ടായിരിക്കും. ആ പുരോഽനുവാക്യാമന്ത്രം യജമാനനു് അതുവരെ ഉണ്ടായിട്ടുള്ള ശത്രുക്കളെ ഇല്ലാതെയാക്കുന്നു. യാജ്യാമന്ത്രത്തിൻെറ ഉത്തരാർധത്തിൽ പ്രതിപാദ്യദേവതയുടെ നാമം ഉണ്ടായിരിക്കും. യാജ്യാ മന്ത്രം ഭാവിയിൽ ഉണ്ടാകാൻ പോകുന്ന ശത്രുക്കളേയും ഇല്ലാതെയാക്കുന്നു. പുരോഽനുവാക്യാ മന്ത്രത്തിൻെറ പൂർവ്വാർധത്തിൽ പ്രതിപാദ്യ ദേവതയുടെ നാമം ഉള്ളതുകൊണ്ടു് ഈ ലോകത്തിൽതന്നെ യജമാനനു് ഉത്കർഷം ഉണ്ടാകുന്നു. യാജ്യാ മന്ത്രത്തിൻെറ ഉത്തരാർധത്തിൽ പ്രതിപാദ്യദേവതയുടെ നാമം ഉള്ളതുകൊണ്ടു് യജമാനനു് സ്വർഗ്ഗലോകത്തിൽ ഉത്കർഷം ലഭിക്കുന്നു. യജമാനനു് ഈ ലോകവും സ്വർഗ്ഗലോകവും സുഖപ്രദമായിത്തീരുന്നു. പുരോഽനുവാക്യാമന്ത്രത്തിൻെറ പൂർവ്വാർധത്തിൽ പ്രതിപാദ്യ ദേവതയുടെ നാമം ഉള്ളതുകൊണ്ടു് കാള അതിൻെറ ശരീരത്തിൻെറ പൂർവഭാഗം കൊണ്ടു് യജമാനനെ രക്ഷിക്കുന്നു. യാജ്യാ മന്ത്രത്തിൻെറ ഉത്തരാർധത്തിൽ പ്രതിപാദ്യ ദേവതയുടെ നാമം ഉള്ളതുകൊണ്ടു് പശു അതിൻെറ ശരീരത്തിൻെറ ഉത്തരാർധംകൊണ്ടു് യജ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മാനനെ രക്ഷിക്കുന്നു. യാതൊരുത്തൻ ഇതറിയുന്നുവോ അവനെ കാളയും പശുവും രക്ഷിക്കുന്നു.

യാഗത്തിനു് ഉപയോഗിക്കുന്ന നെയ്യ് വജ്രായുധത്തിനു് തുല്യമാണു്. ആജ്യഭാഗങ്ങൾ വജ്രായുധത്തിനു് തുല്യമാണു്. "വഷട്" എന്ന മന്ത്രഭാഗം വജ്രായുധത്തിനു് തുല്യമാണു്. നെയ്യ് ആജ്യഭാഗം വഷട് എന്ന മന്ത്രം ഇവ മൂന്നും യോജിച്ചു് ഉണ്ടാകുന്ന വജ്രായുധം നിഷ്ഫലമാകാത്തവിധം ശത്രുവിനെ ലക്ഷ്യമാക്കി പ്രഹരിക്കുന്നു. ശത്രുവിന്റെ നാശത്തിനു് വേണ്ടി "വഷട്" എന്ന മന്ത്രം ഉച്ചത്തിൽ ചൊല്ലുന്നു. പുരോഽനുവാക്യാമന്ത്രം ഗായത്രി ഛന്ദസ്സിലാകുന്നു. യാജ്യാമന്ത്രം ത്രിഷ്ടുപ് ഛന്ദസ്സിൽ ഉള്ളതാകുന്നു. ബ്രാഹ്മണരെത്തുടർന്നാണു് ക്ഷത്രിയജാതി ഉണ്ടായിത്തുടങ്ങിയതു്. അതുകൊണ്ടു് ബ്രാഹ്മണൻ മുഖ്യനാണു്. യാതൊരുത്തൻ ഇതറിയുന്നുവോ അവൻ മുഖ്യനായിഭവിക്കുന്നു.

പുരോഽനുവാക്യാ മന്ത്രം ചൊല്ലുന്നതുകൊണ്ടു് യജമാനൻ ഹവിസ്സ് സമർപ്പിക്കാൻ പോകുന്നു എന്നു് ദേവന്മാരോടു് പറയുന്നു. യാജ്യാമന്ത്രം ചൊല്ലുന്നതുകൊണ്ടു് യജമാനനെ ദേവതാ സമീപത്തിലേക്കു് നയിക്കുന്നു "വഷട്" എന്നു് ചൊല്ലുന്നതുകൊണ്ടു് യജമാനനെ ദേവതാ സമീപത്തിൽ എത്തിക്കുന്നു പുരോഽനുവാക്യാ മന്ത്രം ചൊല്ലുന്നതുകൊണ്ടു് യജമാനനെ ഹസ്തം കൊണ്ടു് ഗ്രഹിക്കുന്നു. യാജ്യാ മന്ത്രം ചൊല്ലുന്നതുകൊണ്ടു് ദേവന്മാർക്കായി സമർപ്പിക്കുന്നു. "വഷട്" എന്ന മന്ത്രം ചൊല്ലുന്നതുകൊണ്ടു് യജമാനനു് ദേവന്മാരുടെ സമീപത്തിൽ സ്ഥാനം നൽകുന്നു. പുരോഽനുവാക്യാമന്ത്രം മൂന്നു പാദങ്ങളോടുകൂടിയതാണു്. ഈ ലോകങ്ങൾ മൂന്നാണു്. തന്നിമിത്തം പുരോഽനുവാക്യാ മന്ത്രം ചൊല്ലുന്നതുകൊണ്ടു് യജമാനനു് ഈ മൂന്നു് ലോകങ്ങളിലും പ്രതിഷ്ഠലഭിക്കുന്നു യാജ്യാ മന്ത്രം നാലുപാദം ഉള്ളതാണു്. യാജ്യാ മന്ത്രം ചൊല്ലുന്നതുകൊണ്ടു് പശു കാള മുതലായ മൃഗങ്ങൾ യജമാനനു് ലഭിക്കുന്നു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വഷട് എന്ന മന്ത്രം രണ്ടക്ഷരമുള്ളതാണ്. യജമാനൻ രണ്ടു കാലുള്ളവനാണ്. തന്നിമിത്തം വഷട് എന്ന മന്ത്രം ചൊല്ലുന്നതുകൊണ്ട് യജമാനൻ പശുക്കളുടെ ഉമസ്ഥനായി ഭവിക്കുന്നു.

പുരോഽനുവാക്യാ മന്ത്രം ഗായത്രീഛന്ദസ്സിലുള്ളതാണ്. ഇവ രണ്ടും കൂടിയതാണ് ഏഴുപാദങ്ങളോടുകൂടിയ ശക്കരി ഛന്ദസ്സ്. ദേവന്മാർ എന്തെല്ലാം ആഗ്രഹിച്ചുവോ അവ-യെല്ലാം ശക്കരീഛന്ദസ്സിലുള്ള മന്ത്രം ചൊല്ലിയതുകൊണ്ടു് അവക്കു ലഭിച്ചു. യാതൊരുത്തൻ ഇതു് അറിയുന്നുവോ അവനു് ആഗ്രഹിക്കുന്നതെല്ലാം ലഭിക്കുന്നു

[പ്രാജാപത്യോപാംശുയാഗം, അഗ്നീഷോമിയപുരോഡാശം, ഐന്ദ്രാഗ്നയാഗം, ഐന്ദ്രസാംനായ്യം, മഹേന്ദ്രയാഗം സ്വിഷ്ടകൃത് എന്ന അഗ്നിയെ ഉദ്ദേശിച്ചുള്ള യാഗം എന്നിവയുടെ പുരോഽനുവാക്യാ മന്ത്രങ്ങളും യാജ്യാ മന്ത്രവും തൈത്തീരിയ ബ്രാഹ്മണം മൂന്നാം കാണ്ഡം അഞ്ചാം പ്രപാഠകം ഏഴാം അനുവാകത്തിൽ പറഞ്ഞിട്ടുണ്ടു്.]

ഇതിദ്വിതീയോഽനുവാകഃ

അഥതൃതീയോ ഽ നുവാകഃ (ബ്രാഹ്മണം)

സംഹിതാ

പ്രജാപതിർദേവേഭ്യോയജ്ഞാൻ വ്യാദിശത്സ ആത്മന്നാ-ജ്യമധത്ത തം ദേവാ അബ്രുവന്നേഷവാവ യജ്ഞോ യദാജ്യ മപ്യേവ നോത്രാസ്ത്വിതി സോ ഽബ്രവിദ്യജാൻയ ആജ്യ-ഭാഗാവുപസ്തൃണാനഭിഘാരയാനിതി തസ്മാദ്യജന്ത്യാജ്യ ഭാഗാവുപസ്തൃണന്ത്യഭിഘാരയന്തി ബ്രഹ്മവാദിനോവദന്തി-കസ്മാത്സത്യാദ്യാതയാമാന്യാനിഹവീം ഷ്യയാതയാമമാജ്യമി തിപ്രാജാപത്യം ഇതിബ്രൂയാദയാതയാമാഹിദേവാനാം പ്രജാ-പതിരിതി ഛന്ദാം സി ദേവേഭ്യോപക്രാമന്നവോ ഭാഗാനിഹ-വ്യംവക്ഷ്യാമ ഇതിതേഭ്യ ഏതച്ചതുരവത്ത മധാരയൻ പുരോഽനു-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വാക്യായൈയയാജ്യായൈ ദേവതായൈ വഷട്കാരായയച്ചതുര-
വത്തം ജുഹോതിഛന്ദാംസ്യേവതത്പ്രിണാതിതാന്യസ്യ-
പ്രീതാനിദേവേഭ്യോഹവ്യംവഹന്ത്യങ്ഗിരസോവാഇതഉത്തമാ
സുവർഗം ലോകമായൻത ഋഷയോ യജ്ഞവാസ്തവഭ്യവായന്തേ
അപശ്യൻ പുരോഡാശം കൂർമംഭൂതഗ്ഗംസർപന്തംതമബ്രുവന്നി-
ന്ദ്രായ ധ്രിയസ്വ ബൃഹസ്പതയേ ധ്രിയസ്വവിശേവഭ്യോദേ-
വേഭ്യോധ്രിയസ്വേതിസനാധ്രിയത തമബ്രുവന്നഗ്നയേ ധ്രിയ-
സ്വേതിസോഽഗ്നയേഽധ്രിയതയദാഗ്നേയോഽഷ്ടാകപാലോഽ
മാവാസ്യായാംച പൗർണമാസ്യാം ചാച്യുതോഭവതി സുവർഗ-
സ്യലോകസ്യാഭിജിത്യൈതമബ്രുവൻ കഥാഽ ഹാസ്ഥാഇത്യനു
പാക്തോഽ ഭൂവമിത്യ ബ്രുവിദ്യഥാഽ ക്ഷോഽനുപാക്തഃ അവാർ
ഛത്യേവമവാഽഽരമിത്യുപരിഷ്ടാദഭ്യജ്യാധസ്താദുപാനക്തിസുവ-
ർഗസ്യലോകസ്യ സമഷ്ട്യൈസർവാണികപാലാന്യഭിപ്രഥ-
യതി താവതഃപുരോഡാശാനമുഷ്മിംല്ലോകേഽഭിജയതിയോ-
വിദഗ്ദ്ധഃ സനൈർഋതോയോഽ ശൃതഃ സരൗദ്രോയഃശൃതഃസ
സദേവസ്തസ്മാദവിദഹതാ ശൃതംകൃത്യഃസദേവത്വായഭസ്മ-
നാഽഭിവാസയതിതസ്മാന്മാംസേനാസ്ഥിഛന്നം വേദേനാ
ഭിവാസയതിതസ്മാത്കേശൈഃ ശിരഃച്ഛന്നം പ്രച്യുതംവാ-
ഏതദസ്മാല്ലോകാദഗതം ദേവലോകം യത്ശൃതഗ്ഗംഹവിരന-
ഭിഘാരിതമഭിഘാർയോദ്വാ സയതിദേവത്രൈവൈനദ്ഗമയ-
തിയദ്യേകം കപാലംനശ്യേദേകോ മാസഃ സംവത്സരസ്യാന-
വേതസ്യാദഥയജമാനഃ പ്രമീയേതയദ്ദ്വേനശ്യേതാം ദ്വൗ-
മാസൗ സംവത്സരസ്യാനവേതൗ സ്യാതാമഥ യജമാനഃ
പ്രമീയേത സംഖ്യായോദ്വാസയതി യജമാനസ്യഗോപിഥായ
യദിനശ്യേദാശ്വിനം ദ്വികപാലം നിർവപേദ്യാവാ പൃഥിവ്യ-
മേകകപാലമശ്വിനൗ വൈദേവാനാം ഭിഷജൗ താഭ്യാമേവാ-
സ്മൈ ഭേഷജം കരോതി ദ്യാവാപൃഥിവ്യഏകകപാലോ
ഭവത്യനയോർവാ ഏതന്നശ്യതി യന്നശ്യത്യനയോരേവൈന-
ദ്വിന്ദതി പ്രതിഷ്ഠിത്യൈ ॥

അർത്ഥം

പ്രജാപതി ദേവന്മാർക്ക് യാഗദ്രവ്യങ്ങൾ വിഭജിച്ച് കൊടുത്തു. തന്റെ ഭാഗമായി നെയ്യ് സ്വീകരിച്ച-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അപ്പോഠം ദേവന്മാർ പറഞ്ഞു. ഈ നെയ്യ് തന്നെയാണ് യാഗത്തിലെ പ്രധാന ദ്രവ്യം. ഞങ്ങഠംക്കം അതിൽ ഭാഗം വേണം. പ്രജാപതി പറഞ്ഞു. നിങ്ങളെ ഉദ്ദേശിച്ചും നെയ്യ് ഹോമിക്കും. ഉപസ്തരണം ചെയ്യുകയും അഭിഘാരണം ചെയ്യുകയും ചെയ്യും എന്നു്. [ദേവന്മാരെ ഉദ്ദേശിച്ച് ഹവിസ്സ് ഹോമിക്കുമ്പോഠം ഹോമിക്കാനുള്ള ഹവിസ്സ് എടുത്തുവെയ്ക്കുന്ന പാത്രത്തിൽ ആദ്യം അല്പം നെയ്യ് ഒഴിക്കുന്നതിനു് ഉപസ്തരണം എന്നും ഹവിസ്സിൻെറ മുകളിൽ അല്പം നെയ്യ് ഒഴിക്കുന്നതിനു് അഭിഘാരണം എന്നും പറയുന്നു.]

മററു് ഹവിസ്സുകഠം എല്ലാം രണ്ടുമൂന്നു ദിവസം കഴിയുമ്പോഠം സാരാംശം നഷ്ടപ്പെടുന്നവയും നെയ്യ് സാരാംശം നഷ്ടപ്പെടാത്തതായും ഇരിക്കുന്നതിൻെറ കാരണം എന്താണെന്നു് മന്ത്രം അറിയാവുന്നവർ പരസ്പരം ചോദിച്ചു. നെയ്യ് പ്രജാപതിയെ സംബന്ധിച്ചതായതു കൊണ്ടാണു് സാരാംശം നഷ്ടപ്പെടാതെ ഇരിക്കുന്നതു് എന്നു വേണം അതിനു് കാരണമായി പറയേണ്ടതു്. ദേവന്മാരിൽ പ്രജാപതി ഒരിക്കലും നശിക്കുന്നില്ല.

ഞങ്ങഠംക്കു് യാഗത്തിൽ ഭാഗം ലഭിക്കാത്തതുകൊണ്ടു് ഞങ്ങഠം അതാതു് ദേവതകഠംക്കു്ഹവ്യം വഹിച്ചുകൊണ്ടു് പോവുകയില്ല എന്നു് ഛന്ദോഽഭിമാനികളായ ദേവതകഠം ദേവന്മാരോടു് വൈമുഖ്യം ഉള്ളവരായി യാഗസ്ഥലത്തു നിന്നു് പോയി. ഛന്ദോദേവതകഠംക്കും ചതുരവത്തം എന്നറിയുന്ന ഭാഗം നൽകി. പുരോഽനുവാക്യ യാജ്യ വഷട്കാരം എന്നിവയ്ക്കു് ചതുരവത്തം ഹോമിക്കുന്നു. അപ്രകാരം ഹോമിക്കുന്നതു് ഛന്ദോഭിമാനികളായ ദേവതകളെ സന്തോഷിപ്പിക്കുന്നു. സന്തൃപ്തരായ ഛന്ദോദേവതകഠം യജമാനൻ സമർപ്പിക്കുന്ന ഹവിസ്സ് ദേവന്മാർക്കു് കൊണ്ടുപോകുന്നു.

ഭൂലോകത്തിൽ ഉന്നതരായ അംഗിരസ്സ് എന്ന മഹർഷിമാർ സ്വർഗ്ഗലോകത്തേയ്ക്കുപോയി. അവർ അവിടെയുള്ള

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യാഗസ്ഥലത്തേക്കു്പോയി. പുരോഡാശം ഒരു ആമയുടെ രൂപം ധരിച്ച്അവിടെ നിന്നു് പോകുന്നതു് അവർ കണ്ടു അവർ കൂർമ രൂപത്തിലുള്ള പുരോഡാശത്തിനോടു് പറ- ഞ്ഞു- ഇന്ദ്രനു് വേണ്ടി ഇവിടെ നിന്നാലും ബൃഹസ്പ- തിക്കു്വേണ്ടി ഇവിടെ നിന്നാലും. വിശ്വദേവന്മാർക്കു്- വേണ്ടി ഇവിടെ നിന്നാലും. എന്നാൽ പുരോഡാശം അവിടെ നിന്നില്ല. അവർ വീണ്ടും പുരോഡാശത്തി നോടു് പറഞ്ഞു. അഗ്നിക്കു്വേണ്ടി ഇവിടെ നിന്നാലും. അപ്പോൾ പുരോഡാശം അഗ്നിയെ ഉദ്ദേശിച്ച് അവിടെ നിന്നു. അതുകൊണ്ടു് സ്വർഗ്ഗലോകം ജയിക്കുന്നതിനു് വേണ്ടി അമാവാസ്യയിലും പൗർണമിയിലും അഗ്നിയെ ഉദ്ദേശിച്ച് എട്ടു പാത്രത്തിൽ പാകം ചെയ്ത പുരോഡാശം സമർപ്പിക്കേണ്ടതാണു്.

"നീ എന്തുകൊണ്ടാണു് യാഗസ്ഥലം ഉപേക്ഷിച്ചതു്?" എന്നു് പുരോഡാശത്തിനോടു് മഹർഷിമാർ ചോദിച്ചു. ഞാൻ അഞ്ജനം എഴുതപ്പെടാത്തവനായി ഭവിച്ചു എന്നു് പുരോഡാശം പറഞ്ഞു. അഞ്ജനം ഇട്ടില്ലെങ്കിൽ വണ്ടി- യുടെ അക്ഷം നശിക്കുന്നതുപോലെയാണു് ഞാനും നഷ്ട- പ്പെടുന്നതു് എന്നു് പുരോഡാശം പറഞ്ഞു. പുരോഡാ- ശത്തിന്റെ മുകളിൽ അഭ്യഞ്ജനം ചെയ്തിട്ടു് താഴെ ഉപാ- ഞ്ജനം ചെയ്യുന്നു (പുരോഡാശപാത്രത്തിന്റെ മുകളിലും താഴെയും നെയ്യ്കൊണ്ടു് അലങ്കരിക്കുന്നു. ഇപ്രകാരം ചെയ്യുന്നതു് യജമാനനു് സ്വർഗ്ഗലോകം കിട്ടാൻ കാര- ണം ആകുന്നു. പുരോഡാശം വെച്ചിരിക്കുന്ന എല്ലാ പാ- ത്രങ്ങളേയും നിരത്തിവെയ്ക്കുന്നു. അത്രയും പുരോഡാശം യജമാനനു് സ്വർഗ്ഗലോകത്തിൽ സ്വാധീനമാകുന്നു.

കുറെ ഭാഗം വെന്തതും കുറെ ഭാഗം വേകാത്തതുമായ പുരോഡാശം രാക്ഷസന്മാർക്കു് യോജിച്ചതാണു്. പാക മാകാത്ത പുരോഡാശം രുദ്രനു് പ്രിയപ്പെട്ടതാണു്, നല്ല പോലെ പാകം ചെയ്യപ്പെട്ട പുരോഡാംശം ദേവന്മാർക്കു് ഇഷ്ടപ്പെട്ടതാണു്. അതുകൊണ്ടു് ദേവതാ പ്രീതിക്കു്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വേണ്ടി പുരോഡാശം ശരിയായ വിധത്തിൽ പാകംചെയ്യേണ്ടതാണ്. പകചമായ പുരോഡാശത്തിന്റെ മുകളിൽ ഭസ്മം വാരി ഇടുന്നു. അതു് മാംസം കൊണ്ടു് അസ്ഥിമറഞ്ഞിരിക്കുന്നതു പോലെയാകുന്നു. അതിന്റെ മുകളിൽ വേദമന്ത്രം ചൊല്ലി ദർഭകൊണ്ടു് പ്രച്ഛാദനം ചെയ്യുന്നു. അതു് തലമുടികൊണ്ടു് ശിരസ്സു് മറഞ്ഞിരിക്കുന്നതുപോലെയാകുന്നു.

പാകം ചെയ്ത ഹവിസ്സിൽ അഭിഘാരണം ചെയ്യാതിരിക്കുന്നതു് ഈ ലോകത്തിൽനിന്നും പ്രച്യുതിക്കു് കാരണം ആകുന്നു. അതുകൊണ്ടു് പകചമായ ഹവിസ്സിൽ അല്പം നെയ്യൊഴിച്ചു് പാത്രം താഴെ എടുത്തു വെയ്ക്കുന്നു. ഇപ്രകാരം ചെയ്യുന്നതുകൊണ്ടു് ഹവിസ്സു് ദേവന്മാരുടെ സമീപത്തിൽ എത്തിക്കുന്നു ഹവിസ്സു് പാകം ചെയ്യുന്നതിനു് ഒരു പാത്രം കുറഞ്ഞുപോയാൽ ഓരോ വർഷവും ഒരു മാസം വീതം യജമാനന്റെ ആയുസ്സിൽ കുറവു്വരും. അതുകൊണ്ടു് യജമാനൻ നേരത്തെ മരിക്കുന്നു. രണ്ടു പാത്രം കുറഞ്ഞുപോവുകയാണെങ്കിൽ യജമാനനു് ആയുസ്സിൽനിന്നു് ഓരോ വർഷത്തിനും രണ്ടു മാസം വീതം കുറവു്വരും. അതുകൊണ്ടു് യജമാനൻ നേരത്തെ മരിക്കും. അതുകൊണ്ടു് യജമാനന്റെ രക്ഷയ്ക്കു് വേണ്ടി പാകം ചെയ്ത പാത്രങ്ങൾ പാകം ചെയ്ത സ്ഥലത്തുനിന്നു് എണ്ണിതിട്ടപ്പെടുത്തി മാററിവെയ്ക്കുന്നു.

പുരോഡാശ പാത്രങ്ങളിൽ ഏതെങ്കിലും നഷ്ടപ്പെട്ടാൽ അതിനു് പ്രായശ്ചിത്തമായി അശ്വിനി ദേവന്മാരെ ഉദ്ദേശിച്ചു് രണ്ടു് പാത്രത്തിൽ പാകംചെയ്ത പുരോഡാശവും ദ്യാവാപൃഥിവികളെ ഉദ്ദേശിച്ചു് പതിനൊന്നു് പാത്രത്തിൽ പാകം ചെയ്ത പുരോഡാശവും സമർപ്പിക്കണം. അശ്വിനീ ദേവന്മാർ ദേവന്മാരുടെ വൈദ്യന്മാരാണല്ലോ? ആ അശ്വിനീ ദേവന്മാരാൽ തന്നെ യജമാനനു് ചികിത്സചെയ്യുന്നു. ഈ ദേവന്മാരെ ഉദ്ദേശിച്ചു് പാകം ചെയ്യുന്ന പുരോഡാശത്തിൽ ഏതെങ്കിലും പാകം ചെയ്യുന്ന പാത്രം നഷ്ടപ്പെട്ടു പോയാൽ ദ്യാവാപൃഥിവികളെ ഉദ്ദേശിച്ചു്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഒരു പാത്രത്തിൽ പാകം ചെയ്ത പുരോഡാശം സമർപ്പിക്കണം. ദ്യാവാപൃഥിവികളെ ഉദ്ദേശിച്ച് പുരോഡാശം സമർപ്പിക്കുന്നതുകൊണ്ട് നഷ്ടപ്പെട്ടതു് ലഭിക്കുന്നു. അതു യജമാനന്റെ പ്രതിഷ്ഠയ്ക്കു് കാരണവും ആകുന്നു.

ഇതിതൃതീയോ ƒനുവാകഃ

അഥചതുർത്ഥോ ƒനുവാകഃ (ബ്രാഹ്മണം)

സംഹിത—

ദേവസ്യത്വാ സവിതുഃ പ്രസവ ഇതിസ്ഫ്യമാദത്തേ പ്രസൂത്യാ അശ്വിനോർബാഹുഭ്യാമിത്യാഹാശ്വിനൗ ഹി ദേവാനാമധ്വര്യൂ ആസ്താം പൂഷ്ണോഹസ്താഭ്യാമിത്യാഹ യത്യൈ ശതഭൃഷ്ടിരസിവാനസ്പത്യോ ദ്വിഷതോവധ ഇത്യാഹ വജ്രമേവതത്സം്ശ്യതി ഭ്രാതൃവ്യായ പ്രഹരിഷ്യൻ സ്തംബയജുർഹരത്യേതാവതീ വൈപൃഥിവീയാവതീ വേദിസ്തസ്യാ ഏതാവത ഏവഭ്രാതൃവ്യം നിർഭജതിതസ്മാന്നാഭാഗം നിർഭജന്തിത്രിർഹരതിത്രയഇമേലോകാ ഏഭ്യ ഏവൈനം ലോകേഭ്യോ നിർഭജതിതൂഷ്ണീം ചതുർത്ഥം ഹരത്യപരിമിതാദേവൈനം നിർഭജത്യുദ്ധന്തിയദേവാസ്യാ അമേധ്യം തദപഹന്ത്യുദ്ധന്തിതസ്മാദോഷധയഃ പരാഭവന്തി മൂലം ഛിനത്തിഭ്രാതൃവ്യസ്യൈവ മൂലം ഛിനത്തി പിതൃദേവത്യാ ƒതിഖാതേയതീം ഖനതി പ്രജാപതിനായജ്ഞമുഖേന സംമിതാമാ പ്രതിഷ്ഠായൈ ഖനതി യജമാനമേവപ്രതിഷ്ഠാംഗമയതി ദക്ഷിണതോവർഷീയസീം കരോതിദേവയജനസ്യൈവ രൂപമകഃ പുരീഷവതീം കരോതി പ്രജാവൈപശവഃ പുരീഷം പ്രജയൈവൈനം പശുഭിഃ പുരിഷവന്തം കരോത്യുത്തരം പരിഗ്രാഹം പരിഗൃഹ്ണാത്യേതാവതീ വൈപൃഥിവീയാവതീ വേദിസ്തസ്യാ ഏതാവത ഏവഭ്രാതൃവ്യം നിർഭജ്യാ ƒƒത്മനഉത്തരം പരിഗ്രാഹം പരിഗൃഹ്ണാതി ക്രൂരമിവ വൈ ഏതത്കരോതി യദ്വേദിം കരോതി ധാ അസിസ്വധാ അസീതിയോയുപ്യതേ ശാന്ത്യൈ പ്രോക്ഷണീരാസാദയത്യാപോ വൈ രക്ഷോഘ്നീ രക്ഷസാമപഹത്യൈ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്ഫസ്യവർത്മൻ സാദയതി യജ്ഞസ്യസം തത്യൈയം ദ്വിഷ്യാത്തം ധ്യായേഛരുചൈവൈനമർപ്പയതി ||

അത്ഥം —

[ഒന്നാം കാണ്ഡം മൂന്നാം പ്രപാഠകത്തിൽ ആദ്യത്തെ അനുവാകത്തിലുള്ള മന്ത്രങ്ങളുടെ ബ്രാഹ്മണമാണ് ഈ അനുവാകം]

"ദേവസ്യത്വാസവിതു; പ്രസവ" എന്ന മന്ത്രം ചൊല്ലിക്കൊണ്ട് "സ്ഫ്യം" എടുക്കുന്നു. തന്നിമിത്തം യജമാനനു് സന്താനങ്ങൾ ഉണ്ടാകുന്നു. "അശ്വിനോർബാഹുഭ്യാം" എന്ന മന്ത്രം ചൊല്ലുന്നു" അശ്വിനി ദേവന്മാർ ദേവന്മാരുടെ പുരോഹിതന്മാർ ആയിരുന്നു. "പൂഷ്ണോഹസ്താഭ്യാം" എന്ന മന്ത്രം ചൊല്ലുന്നു. ഈ മന്ത്രം ചൊല്ലുന്നതു് നിയന്ത്രണത്തിനു് വേണ്ടിയാണ്. "ശതഭൃഷ്ടി രസിവാന സ്പത്യഃ" എന്ന മന്ത്രം ചൊല്ലി ശത്രുവിനെ പ്രഹരിക്കാൻ ആഗ്രഹിക്കുന്നവൻ "സ്ഫ്യം" മൂർച്ചയാക്കുന്നു. അപ്പോൾ സ്ഫ്യം വജ്രായുധത്തിനു് തുല്യം ആയിത്തീരുന്നു.

സ്തംബയജുസ്സ് മാററുന്നു (മന്ത്രം ചൊല്ലി പുല്ലും പൊടിയും ഒരുമിച്ച് മാററുന്നതിനു് സ്തംബയജുസ്സ് എന്നു് പറയുന്നു). വേദിതന്നെയാണ് ഭൂമി. ആ ഭൂമിയിൽ എല്ലാഭാഗത്തുനിന്നും ശത്രുവിനെ മാററുന്നു. അതു കൊണ്ട് ശത്രുവിനു് ഭാഗം ലഭിക്കുന്നില്ല. സ്തംബയജുസ്സ് മൂന്നു് പ്രാവശ്യം മാററുന്നു. ഈ ലോകങ്ങൾ മൂന്നാണ്. യജമാനന്റെ ശത്രുവിനു് ഈ ലോകങ്ങളിൽ എല്ലാം സ്ഥാനം ഇല്ലാതെയാകുന്നു. നാലാമത്തും മന്ത്രം ഒന്നും ചൊല്ലാതെ സ്തംബയജുസ്സ് മാററുന്നു. അതുകൊണ്ട് ശത്രുവിനെ എല്ലാ സ്ഥലത്തുനിന്നും മാററുന്നു.

വേദിയുടെ മുകളിലുള്ള മണ്ണ് മാററുന്നു. അതുകൊണ്ട് വേദിയിൽ പരിശുദ്ധിയില്ലാതെയിരുന്ന മണ്ണ് മാററ-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്പെടുന്നു. ഇപ്രകാരം മുകളിലുള്ള മണ്ണ് മാററുന്നതുകൊണ്ടു് അവിടെയുള്ള ചെടികൾ മാററപ്പെടുന്നു. അവിടെയുണ്ടായിരുന്ന ചെടികളുടെ വേരുകൾ മുറിച്ച് കളയുന്നു. ഇതു് ശത്രുവിനെ വേരോടുകൂടി നശിപ്പിക്കുകയാണു്.

നിർദ്ദിഷ്ടമായ അളവിൽ കൂടുതൽ താഴ്ചയായി കഴിക്കുന്നതു് പിതൃക്കളെ സംബന്ധിച്ചതായിതീരും യജമാനൻെറ മുഖത്തിനു് എത്ര നീളം ഉണ്ടോ അത്രത്തോളം താഴ്ചയിൽ കുഴിക്കുന്നു. അതു് പ്രജാപതിയുടെ രൂപമാണു്. മണ്ണു് ഉറച്ചിരിക്കുന്ന സ്ഥലം വരെ കുഴിക്കുന്നു. അപ്രകാരം കുഴിക്കുന്നതു് യജമാനനു് പ്രതിഷ്ഠ ഉണ്ടാക്കുന്നു. തെക്കുവശം പൊക്കമുള്ളതാക്കി വേദി നിമ്മിക്കുന്നു. അപ്രകാരം ചെയ്യുന്നതു് ദേവയജ്ഞത്തിനു് യോഗ്യമാകും. വേദിമൃദുവായ പാംസുക്കളോടുകൂടിയതാക്കുന്നു (വേദിയിൽ നല്ല മണൽ വിരിക്കുന്നു) പ്രജകൾ പശുക്കൾക്കു തുല്യമാണു്, യജമാനൻ സന്താനങ്ങളുള്ളവനും പശുക്കളോടുകൂടിയവനും ആയിത്തീരുന്നു.

വേദി നിമ്മിച്ചതിനു് ശേഷം യജമാനൻ "ഋതമസി" ഇത്യാദി മന്ത്രം ചൊല്ലി വേദി സ്വായത്തമാക്കുന്നു. വേദിയ്ക്കു് എത്രമാത്രം വിസ്തൃതിയുണ്ടോ ആ വിസ്കൃതിഭൂമിയുടെ വിസ്തൃതിയാണെന്നു് സങ്കൽപിക്കുന്നു. അത്രയും വിസ്തൃതിയുള്ള ഭൂമിയിൽ നിന്നു് ശത്രുവിനെ നശിപ്പിച്ചിട്ടു് വേദിയുടെ ഉത്തരപരിഗ്രഹം സ്വാധീനമാക്കുന്നു. (വേദി നിമ്മിക്കുന്നതിനു് മുൻപിൽ അതിൻെറ അതിരുകൾ നിർണ്ണയിക്കുന്നതു് പൂർവ്വപരിഗ്രഹം വേദിനിമ്മിച്ചതിനു് ശേഷം അതു് സ്വീകരിക്കുന്നതു് ഉത്തരപരിഗ്രഹം) വേദി നിമ്മിക്കാൻ ഭൂമി കുഴിക്കുക എന്നതു് ക്രൂരമായ ഒരു കമ്മമാണു്. അതിൻെറ ശാന്തിക്കായി "ധാ അസിസ്വധാ അസി" എന്ന മന്ത്രം ചൊല്ലി അതു് നിരപ്പാക്കുന്നു.

പ്രോക്ഷണി പാത്രം വേദിയിൽ കൊണ്ടുവെയ്ക്കുന്നു. പ്രോക്ഷണി പാത്രത്തിലുള്ള ജലം രക്ഷസ്സുകളെ നശിപ്പി-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്കുന്നതാണ്. യാഗം അവിഛിന്നമായി നടക്കുന്നതിന് വേദിയിൽ ഒരു ഭാഗത്തു് "സ്ഫ്യം" എടുത്തു വെയ്ക്കുന്നു. സ്ഫ്യം വേദിയിൽ കൊണ്ടുവെയ്ക്കുന്ന അവസരത്തിൽ ശത്രുവിനെ മനസ്സിൽ വിചാരിക്കണം. അപ്രകാരം ചെയ്താൽ യജമാനന്റെ ശത്രുവിന് ദുഃഖം ഉണ്ടാകും.

ഇതി ചതുർത്ഥോ/നുവാകഃ

അഥ പഞ്ചമോ /നുവാക (ബ്രാഹ്മണം)

സംഹിതാ—

ബ്രഹ്മവാദിനോവദന്ത്യദ്ഭിർഹവീംഷിപ്രൗക്ഷീഃ കേനാപഇതിബ്രഹ്മണേതിബ്രൂയാദദ്ഭിർഹ്യേവ ഹവീംഷിപ്രോക്ഷതി ബ്രഹ്മണാപ ഇധ്മാബർഹീഃ പ്രോക്ഷതി മേധ്യമേവൈനത്കരോതി വേദിം പ്രോക്ഷതി ഋക്ഷാവാ ഏഷാ/ലോമകാ/മേധ്യായദ്ഭിർമേധ്യാമേവൈനാം കരോതി ദിവേത്വാ/ന്തരിക്ഷായത്വാ പൃഥിവൈത്യേതി ബർഹിരാസാദ്യ പ്രോക്ഷത്യേഭ്യ ഏവൈനല്ലോകേഭ്യഃ പ്രോക്ഷതി ക്രൂരമിവവാ ഏതത്കരോതി യത്ഖനത്യപോ നിനയതി ശാന്ത്യൈ പുരസ്താത്പ്രസ്തരം ഗൃഹ്ണാതി മുഖ്യമേവൈനം കരോതീയന്തം ഗൃഹ്ണാതി പ്രജാപതിനായജ്ഞമുഖേന സംമിതം ബർഹിഃ സ്തൃണാതി പ്രജാവൈബർഹിഃ പൃഥിവീവേദിഃ പ്രജാ ഏവ പൃഥിവ്യാം പ്രതിഷ്ഠാപയത്യനതി ദൃശ്നഗ്ഗ്സ്തൃണാതിപ്രജയൈവൈനം പശുഭിരനതിദൃശ്നം കരോതി ഉത്തരം ബർഹിഷഃ പ്രസ്തരഗ്ഗ്ംസാദയതി പ്രജാ വൈബർഹിർയജമാനഃ പ്രസ്തരോയജമാനമേവായജമാനാദുത്തരം കരോതി തസ്മാദ്യജമാനോ/ യജമാനാദുത്തരോ/ന്തർദധാതി വ്യാവൃത്യാ അനക്തിഹവിഷ്കൃതമേവൈനഗ്ഗ്ം സുവർഗം ലോകംഗമയതിത്രേധാ/നക്തിത്രയഇമേലോകാ ഏഭ്യ ഏവൈനം ലോകേഭ്യോ നക്തി നപ്രതിശൃണാതിയത് പ്രതിശൃണീയാദനൂർധ്വംഭാവുകം യജമാനസ്യ സ്യാദുപരീവ പ്രഹരതി ഉപരീവഹിസുവർഗോലോകോനിയച്ഛതി വൃഷ്ടിമേവാസ്മൈനിയച്ഛതി നാത്യഗ്രം‐പ്രഹരേദത്യ/സാരിണ്യധ്വർയോർനാശുകാസ്യാന്നപുരസ്താത്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രത്യസ്യേദ്യത് പുരസ്താത് പ്രത്യസ്യേത് സുവർഗാല്ലോകാദ്യ-
ജമാനം പ്രതീനുദേത് പ്രാഞ്ചം പ്രഹരതി യജമാനമേവസുവർഗം-
ലോകം ഗമയതി നവിഷ്വഞ്ചം വിയുയാദയദിഷ്വഞ്ചം
വിയുയാത് സ്ത്ര്യസ്യജായേതോർധ്വമുദ്യൗത്യൂർധ്വമിവഹി പും-
സഃ പുമാനേവാസ്യജായതേ യത്സ്ഫ്യേനവോപവേഷേ-
ണവായോയുപേത്യ സ്തൃതിരേവാസ്യ സാഹസ്തേനയോ-
യുപ്യതേ യജമാനസ്യഗോപീഥായ ബ്രഹ്മവാദിനോവദന്തി
കാം യജ്ഞസ്യ യജമാനഇതി പ്രസ്തരഇതിതസ്യകസുവർ-
ഗോലോക ഇത്യാഹവനിയഇതിബ്രൂയാദ്യത് പ്രസ്തരമാഹ-
വനിയേ പ്രഹരതി യജമാനമേവ സുവർഗം ലോകം ഗമയതി
വിവാ ഏതദ്യജമാനോ ലിശതേ യത് പ്രസ്തരം യോയുപ്യന്തേ
ബർഹിരനു പ്രഹരതിശാന്ത്യാ അനാരംഭണ ഇവവാ ഏതർഹ്യ-
ധ്വർയുഃ സ ഈശ്വരോവേപനോ ഭവിതോർധ്രുവാ സീതീമാ-
മഭിമൃശതീയം വൈധ്രുവാസ്യാമേവ പ്രതിതിഷ്ഠതിനവേപനോ
ഭവത്യഗാനഗ്നിദിത്യാഹയദ് ബ്രൂയാദഗന്നഗ്നീിത്യഗ്നാവഗ്നിം
ഗമയേന്നിർയജമാനഗ്ഗം സുവർഗാല്ലോകാദ് ഭജേദഗന്നിത്യേവ
ബ്രൂയാദ്യജമാനമേവസുവർഗം ലോകം ഗമയതി ॥

അർത്ഥം

അഗ്നിയിൽ ഹോമിക്കുന്നതിനുള്ള ഹവിസ്സ് പരി ശുദ്ധമാക്കുന്നതിനു ജലം പ്രോക്ഷിച്ചുവല്ലോ ആ ജലം എങ്ങനെ പരിശുദ്ധമാക്കപ്പെട്ടു? എന്നു മന്ത്രം അറിയാവു-ന്നവർ ചോദിക്കുന്നു. മന്ത്രം കൊണ്ടു ജലം പരിശുദ്ധമാ-ക്കപ്പെട്ടു എന്നു സമാധാനം പറയണം ജലം പ്രോക്ഷിച്ച് തന്നെയാണു ഹവിസ്സ് ശുദ്ധമാക്കപ്പെടുന്നതു്. മന്ത്രം കൊണ്ടു ജലം പരിശുദ്ധമാക്കപ്പെടുന്നു. ഹോമത്തിനു കൊ ണ്ടുവന്നിരിക്കുന്ന വിറകിലും ദർഭയിലും പ്രോക്ഷിക്കുന്നു. അതുകൊണ്ടു വിറകും ദർഭയും പരിശുദ്ധമാകുന്നു. യാഗ-വേദിയിൽ പ്രോക്ഷിക്കുന്നു. പ്രോക്ഷണം ചെയ്യപ്പെടാത്ത വേദിരോമമില്ലാത്ത പുരുഷനെപ്പോലെ പരിശുദ്ധിയി-ല്ലാത്തതാണു്. പ്രോക്ഷണം ചെയ്യുന്നതു് വേദിയെ പരി-ശുദ്ധമാക്കുന്നു. വേദിയിൽ ദർഭവെച്ചിട്ട് "ദ്വിവേതഥന്ത

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രിക്ഷായത്വാ'' എന്ന മന്ത്രം ചൊല്ലി പ്രോക്ഷിക്കുന്നു. ഇപ്രകാരം ചെയ്യുന്നതു് ഈ ലോകങ്ങളെ പ്രോക്ഷിക്കുകയാണു്.

ഭൂമി കുഴിക്കുക എന്നതും വെള്ളം എടുക്കുക എന്നതും പാപകരമായ പ്രവൃത്തിയാണു്. യജമാനനോ ബ്രഹ്മാ എന്ന പുരോഹിതനോ വേദിയുടെ പൂർവ്വഭാഗത്തിൽ പ്രസ്തരം ധരിക്കുന്നു. അതു് യജമാനനെ പ്രധാനിയാക്കുന്നു. ബ്രഹ്മാ എന്നറിയപ്പെടുന്ന പുരോഹിതൻേറയോ യജമാനൻേറയോ മുഖത്തിന്നു് തുല്യമായ നീളത്തിൽ പ്രസ്തരം ധരിക്കുന്നു (ഇലകൊണ്ടോ പൂവു് കൊണ്ടോ ഉണ്ടാക്കിയ തൊപ്പി).

വേദിയിൽ ദർഭവിരിക്കുന്നു. ദർഭജനങ്ങൾക്കു തുല്യമാണു്. യാഗവേദി ഭൂമിയ്ക്കു് തുല്യമാണു് വേദിയിൽ ദർഭ വെയ്ക്കുന്നതു് ഭൂമിയിൽ പ്രജകളെ പ്രതിഷ്ഠിക്കുകയാണു്. ഭൂമി കാണാത്തവിധത്തിൽ ദർഭ വിരിക്കുന്നു അപ്രകാരം ചെയ്യുന്നതു് യജമാനനെ സന്താനങ്ങളാലും പശുക്കളാലും പരിവേഷ്ടിതനാക്കുന്നു. വേദിയിൽ വെച്ചിരിക്കുന്ന ദർഭക്കു മുകളിൽ പ്രസ്തരം വെയ്ക്കുന്നു. വേദിയിൽ വിരിച്ചിരിക്കുന്ന ദർഭ പ്രജകൾക്കു് തുല്യമാണു്. പ്രസ്തരം യജമാനന്നു് തുല്യമാണു്.'' അപ്രകാരം ചെയ്യുന്നതു് യജമാനനെ മററുള്ള ആളുകളെക്കാൾ ശ്രേഷ്ഠനാക്കുകയാണു്. തിരിച്ചറിയുന്നതിന്നു് വേണ്ടി വേദിയിൽ വെച്ചിരിക്കുന്ന ദർഭയ്ക്കും പ്രസ്താരത്തിനും മദ്ധ്യേ ദർഭ വെയ്ക്കുന്നു പ്രസ്തരം നെയ്യു്കൊണ്ടു് നനയ്ക്കുന്നു. പ്രസ്തരത്തിൽ അല്പം നെയ്യൊഴിക്കുമ്പോൾ അതിന്നു് ഹവിസ്സിനുള്ള യോഗ്യത ലഭിക്കുന്നു. അപ്രകാരം ചെയ്യുന്നതു് കൊണ്ടു് അതിനെ സ്വർഗലോകത്തിലേക്കു് നയിക്കുന്നു. മൂന്നു് പ്രാവശ്യം പ്രസ്തരത്തിൽ നെയ്യു് രഴിക്കുന്നു. ഈ ലോകങ്ങൾ മൂന്നാണല്ലോ. മൂന്നു് ലോകങ്ങൾക്കും വേണ്ടി പ്രസ്തരം നനയ്ക്കുന്നു. തീ കെടുത്തിയതിന്നു് ശേഷം പ്രസ്തരം അഗ്നിയിൽ ഇടരുതു്. തീ കെടുത്തിയതിന്നു് ശേഷം പ്രസ്തരം അഗ്നിയിൽ ഇട്ടാൽ യജമാനന്നു് സ്വർഗം കിട്ടുക

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇല്ല. അഗ്നിയുടെ മുകളിൽ കൈയുയർത്തി അഗ്നിയിൽ ഹോമിക്കണം സ്വർഗലോകം മുകളിലാണല്ലോ പ്രസ്തരം അഗ്നിയിൽ ഹോമിക്കുമ്പോൾ ഹസ്തം താഴോട്ടു വരുന്നു. അതുകൊണ്ടു് യജമാനന്നു് യഥേഷ്ടം മഴ ലഭിക്കുന്നു പ്രസ്തരം അഗ്നിയിൽ ഹോമിക്കുമ്പോൾ അതിൻെറ അഗ്രഭാഗം ആഹവനിയാഗ്നിയെ കടന്നിരിക്കരുതു്. പ്രസ്തര ദർഭത്തിൻെറ അഗ്രം ആഹവനിയാഗ്നിയെ കടന്നു് ഇരിക്കുകയാണെങ്കിൽ അതിവൃഷ്ടിമൂലം അധ്വർയുവിന്നു് നാശം ഉണ്ടാകും. പ്രസ്തരദർഭത്തിൻെറ ചുവടു് കിഴക്കു് വരത്തക്കവിധം അഗ്നിയിൽ ഇടരുതു്. കിഴക്കുവശം ചുവടു് വരത്തക്കവിധം അഗ്നിയിൽ ഇടുകയാണെങ്കിൽ യജമാനനെ സ്വർഗലോകത്തുനിന്നു് മാററും. പ്രസ്തരദർഭയുടെ അഗ്രം കിഴക്കുവരത്തക്കവിധം അഗ്നിയിൽ ഇടുന്നു. അപ്രകാരം ചെയ്യുന്നതു് യജമാനനെ സ്വർഗലോകത്തിൽ എത്തിക്കുന്നു. പ്രസ്തര ദർഭം പ്രത്യേകം പ്രത്യേകം ആക്കരുതു്. പ്രസ്തര ദർഭത്തിൻെറ അഗ്രം നാനാദിക്കിലം വരികയാണെങ്കിൽ യജമാനന്നു് സ്ത്രീ സന്താനം മാത്രമേ ഉണ്ടാവുകയൊള്ളു. ദർപ്പുല്ലുകളുടെ അഗ്രഭാഗം ഒരുമിച്ചു് വരത്തക്കവിധം അവയെല്ലാം ഒരുമിച്ചു് ചേർത്തു പിടിക്കുന്നു. പുരുഷൻ ഊർധ്വാകാരനാണു്. അപ്രകാരം ചെയ്താൽ യജമാനന്നു് പുരുഷ സന്താനം ഉണ്ടാകും.

സ്ഫ്യം കൊണ്ടോ ഉപവേഷം കൊണ്ടോ ദർഭങ്ങൾ എല്ലാം ഒരു മിച്ചു് ചേർക്കുന്നതു് യജമാനന്നു് ഹിംസയ്ക്കു് കാരണമാകും. യജമാനൻെറ രക്ഷയ്ക്കു് വേണ്ടി കൈ കൊണ്ടു് ദർഭയെല്ലാം ഒരുമിച്ചു് ചേർക്കുന്നു. യജ്ഞത്തിൻെറ യജമാനസ്ഥാനത്തിലുള്ളതു് എന്താണെന്നു് വേദം അറിയാവുന്നവർ ചോദിക്കുന്നു. യജ്ഞത്തിൻെറ യജമാനസ്ഥാനം പ്രസ്തരത്തിനാണെന്നു് പറയണം. അതിൻെറ സ്വർഗ്ഗലോകം എവിടെയാണെന്നു് ചോദിച്ചാൽ ആഹവനീയാഗ്നിയാണെന്നു് പറയണം. പ്രസ്തരം ആഹവനിയാഗ്നിയിൽ പ്രക്ഷേപിക്കുക എന്നതു് യജമാനനെ സ്വർഗ്ഗലോകത്തിൽ എത്തിക്കുകയാണു്. പ്രസ്തരം അഗ്നിയിൽഇടുന്നതുകൊണ്ടു്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യജമാനൻ കൃശനായിത്തീരുന്നു. ആ ദോഷം ശമിക്കുന്നതിന്ന് വേണ്ടി മററൊരു ദർഭ കൂടി അതിനെ തുടർന്ന് അഗ്നിയിൽ പ്രക്ഷേപിക്കുന്നു.

പ്രസ്തരം അഗ്നിയിൽ ഇട്ടതിനു്ശേഷം അധ്വർയ്യു ആലംബം ഇല്ലാത്തതനെപ്പോലെ ആകുന്നു. ആ അധ്വർയ്യു അത്യധികം പേടിച്ചു് വിറയ്ക്കുന്നു. അതുകൊണ്ടു് 'ധ്രുവാഽസി'' ഇത്യാദി മന്ത്രം ചൊല്ലിക്കൊണ്ടു് ഭൂമിയെ സ്പർശിക്കുന്നു. ഈ ഭൂമി സ്ഥിരയാണു്. ഈ ഭൂമിയിൽതന്നെ സ്ഥിരമായിരിക്കുന്നു. പേടിച്ചു് വിറയ്ക്കുന്നില്ല. പ്രസ്തരം ഹോമിച്ചതിനു്ശേഷം അധ്വർയ്യു "അഗാത് അഗ്നീത്'' എന്നു് ആഗ്നിധ്രൻ എന്നു് അറിയപ്പെടുന്ന ഋത്വിക്കിനോട് ചോദിക്കുന്നു അതിനു് മറുപടിയായി "അഗൻഅഗ്നിഃ എന്നു് പറഞ്ഞാൽ അഗ്നിക്കു് തന്നെ സ്വർഗം കിട്ടിയതായിത്തീരും'' യജമാനനു് സ്വർഗ്ഗത്തിൽ സ്ഥാനമില്ലാതെയാകും. 'അഗൻ'' എന്നു് മാത്രം പറയണം. അപ്രകാരം പറയുന്നതു് യജമാനനെത്തന്നെ സ്വർഗ്ഗലോകത്തിൽ എത്തിക്കും.

ഇതിപഞ്ചമോഽനുവാകഃ

അഥഷഷ്ഠോഽനുവാകഃ (ബ്രാഹ്മണം)

സംഹിതാ—

അഗ്നേസ്ത്രയോ ജ്യായഗ്ം സോഭ്രാതര ആസന്തേ ദേവേഭ്യോ-ഹവ്യംവഹന്തഃ പ്രാമീയന്തസോഽഗ്നിരബിഭേദിത്ഥം വാവസ്യ ആർതിമാരിഷ്യതീതിസ നിലായതസോഽപഃ പ്രാവിശത്തം ദേവതാഃ പ്രൈഷമൈച്ഛൻതംമത്സ്യഃ പ്രാബ്രവീത്തമശപദ്ധിയാധിയാത്വാവധ്യാസുർയോമാപ്രാവോച ഇതി തസ്മാൻമത്സ്യം ധിയാധിയാഘ്നന്തിശപ്തോഹിതമന്വവിന്ദൽതമബ്രുവന്നുപനആവർതസ്വഹവ്യംനോവഹേതിസോഽബ്രവീദ്വരംവൃണൈയ-ദേവഗൃഹീതസ്യ ബഹിഃപരിധി സ്കന്ദാത്തന്മേ ഭ്രാതൃണാം ഭാഗധേയമസദിതി തസ്മാദ്യദ് ഗൃഹീതസ്യാഹുതസ്യ ബഹിഃ പരിധിസ്കന്ദന്തിതേഷാം തദ്ഭാഗധേയം താനേവ തേന

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രിണാതിപരിധീൻപരിഭധാതിരക്ഷസാമപഹത്യൈ സം-
സ്പർശയതിരക്ഷസാമനനവചാരായനപുരസ്താത്പരിദധാ-
ത്യാദിത്യേഹ്യേവോദ്യൻ പുരസ്താദ്രക്ഷാഗ്സ്യപഹന്ത്യൂർധ്വേസ
മിധാവാദധാതൃപരിഷ്ടാദേവ രക്ഷാഗ്സ്യപഹന്തിയജ്ജുഷാƒ-
ന്യാംഗുഷ്ണിമന്യാം മിഥുനത്വാ യദേ്വആദധാതി ദ്വിപാദജ്യമാനഃ
പ്രതിഷ്ഠിത്യൈ ബ്രഹ്മവാദിനോവദന്തി സത്വൈ യജേത
യോയജ്ഞസ്യാർത്യാ വസീയാൻസ്യാദിതി ഭൂപതയേ
സ്വാഹാ ഭുവനപതയേ സ്വാഹാ ഭൂതാനാംപതയേ സ്വാ ഹേതി
സ്കന്നമനമന്ത്രയേത യജ്ഞസ്യൈവതദാർത്യാ യജമാനോവ-
സിയാൻ ഭവതി ഭൂയസീർഹി ദേവതാഃ പ്രിണാതി
ജാമിവാ ഏതദ്യജ്ഞസ്യക്രിയ തേയദനവഞ്ചൌ പുരോഡാശാവു-
പാംശു യാജമന്തരറയജത്യജാമിത്വായായഥോ മിഥുനത്വാ-
യാഗ്നിരമുഷ്മിൻല്ലോകത്തസിദ്യമോ ƒ സ്മിന്തേ ദേവാ
അബ്രുവന്നേതേമൗ വിപർയ്യൂഹാമേത്യന്നാദ്യേന ദേവാ-
അഗ്നിമുപാ മന്ത്രയന്തരാജ്യേനപിതരോയമം തസ്മാദഗ്നിർദേ
വാനാമന്നാദോയമഃ പിതൃണാഗ്ഉം രാജാ യ ഏവം വേദ പ്രരാ-
ജ്യമന്നാദ്യമാപ്നോതി തസ്മാ ഏത ദ്ഭാഗധേയം പ്രായച്ഛൻ
യദഗ്നയേ സ്വിഷ്ടകൃതേ ƒ വദ്യന്തിയദഗ്നയേ സ്വിഷ്ടകൃതേ ƒവ
ദ്യതി ഭാഗധേയേനൈവതദ്രുദ്രഗ്ഉം സമർധയതി സകൃത്സകൃദവ-
ദ്യതി സകൃദിവഹി രുദ്രഉത്തരാർധാദവദ്യത്യേഷാവൈരുദ്രസ്യ-
ദിക്സ്വായാമേവദിശി രുദ്രം നിരവദയതേ ദ്വിരഭിഘാരയതി
ചതുരവത്തസ്യാ ƒƒ പ്ത്യൈപശവോവൈ പൂർവ്വാ ആഹുതയ
ഏഷരുദ്രോ യദഗ്നിർയത്പൂർവാ ആഹുതീരഭി ജുഹുയാദ്രുദ്രായ
പശൂനപിദധ്യാദപശുർയജമാനഃ സ്യാദതിഹായ പൂർവാത്തഹ്ര
തീർജ്ജുഹോതി പശൂനാം ഗോപീഥായ ॥

അത്ഥം —

അഗ്നിക്കു് മൂന്നു് ജ്യേഷ്ഠ സഹോദരന്മാർ ഉണ്ടായിരുന്നു. അവർ ദേവന്മാക്കു് വേണ്ടി ഹവിസ്സു് വഹിച്ചുകൊണ്ടിരുന്നു. അവർ മരിച്ചുപോയി ഇപ്രകാരം ഹവിസ്സു് വഹിച്ചു്കൊണ്ടുപോകുന്നവർ മരണം പ്രാപിക്കും എന്നു് വിചാരിച്ചു് അഗ്നി പേടിച്ചു. ആ അഗ്നി ജലത്തിൽ ഒളിച്ചു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദേവന്മാർ അഗ്നിയെ കണ്ടുപിടിക്കാൻ ആഗ്രഹിച്ചു. അഗ്നി ജലത്തിൽ ഒളിച്ചിരിക്കുന്നതു് മത്സ്യം ദേവന്മാരോടു് പറഞ്ഞു. "ഞാൻ ഒളിച്ചിരിക്കുന്ന കാര്യം നീ ദേവന്മാരോടു് പറഞ്ഞതുകൊണ്ടു് ആളുകൾ നിന്നെ നാനാ പ്രകാരത്തിൽ കൊല്ലും എന്നു് അഗ്നി മത്സ്യത്തെ ശപിച്ചു. അതുകൊണ്ടു് ആളുകൾ മത്സ്യത്തെ നാനാ പ്രകാരേണ കൊല്ലുന്നു. ദേവന്മാർക്കു് അഗ്നിയെ കാണാൻ സാധിച്ചു അവർ അഗ്നിയോടു് പറഞ്ഞു. ഞങ്ങളുടെ സമീപത്തിലേക്കു് വരിക. ഞങ്ങൾക്കു് ഹവിസ്സു് കൊണ്ടുത്തരിക അഗ്നി പറഞ്ഞു ഞാൻ ഒരു വരം ചോദിക്കുന്നു. ഹോമിക്കുന്നതിനു് വേണ്ടി എടുത്തതും അഗ്നിയിൽ വീഴാതെ പരിധിക്കു് വെളിയിൽ വീഴുന്നതുമായ പദാർത്ഥങ്ങൾ എന്റെ സഹോദരന്മാരുടെ ഭാഗമായിരിക്കണം" എന്നു്. അതുകൊണ്ടു് ഹോമത്തിനായി എടുത്തതും അഗ്നിയിൽ വീഴാതെ പരിധിക്കു് വെളിയിൽ വീഴുന്നതുമായ പദാർത്ഥങ്ങൾ എല്ലാം അഗ്നിയുടെ സഹോദരന്മാർക്കുള്ള ഭാഗമാകുന്നു. അതുകൊണ്ടു് അതു് അവരെത്തന്നെ പ്രീണിപ്പിക്കുന്നു

രക്ഷസ്സുകൾ ദൂരെപ്പോകുന്നതിനു് വേണ്ടി പരിധികൾ ഉറപ്പിക്കുന്നു. രക്ഷസ്സുകൾ അഗ്നിയുടെ സമീപത്തിൽ പ്രവേശിക്കാതിരിക്കുന്നതിനു് വേണ്ടി പടിഞ്ഞാറു് ദിക്കിൽ വെച്ചിരിക്കുന്ന പരിധി തെക്കും വടക്കും ഉള്ള പരിധികളെ സ്പർശിക്കത്തക്കവിധത്തിൽ വെയ്ക്കുന്നു. കിഴക്കുദിക്കിൽ പരിധി വെയ്ക്കുന്നില്ല എന്തുകൊണ്ടെന്നാൽ ഉദിച്ചുവരുന്ന സൂര്യൻ കിഴക്കുദിക്കിലുള്ള രക്ഷസ്സുകളെ നശിപ്പിക്കുന്നു. ദക്ഷിണോത്തരപരിധികളുടെ മുകളിലായി (അഗ്നികോണിലും ഈശാനകോണിലും) രണ്ടു് സമിത്തുകൾ വെയ്ക്കുന്നു. അപ്രകാരം ചെയ്യുന്നതുകൊണ്ടു് മുകളിലുള്ള രക്ഷസ്സുകളെ മാററുന്നു. രണ്ടു സമിത്തുകളിൽ ഒരെണ്ണം മന്ത്രം ചൊല്ലിക്കൊണ്ടും മറെറാന്നു് മന്ത്രം ചൊല്ലാതെയും എടുത്തുവെയ്ക്കുന്നു. തന്നിമിത്തം യജമാന ഗൃഹത്തിൽ സ്ത്രീപുരുഷന്മാർ ഉണ്ടായിരിക്കും യജമാനൻ രണ്ടു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കാലോട്ടുകൂടിയവനാണ്. അതുകൊണ്ട് യജമാനന്റെ പ്രതിഷ്ഠയ്ക്ക് വേണ്ടി രണ്ട് സമിത്ത് വെയ്ക്കുന്നു.

അഗ്നിയിൽ ഹോമിക്കാനുള്ള ഹവിസ്സ് ഹോമിക്കുന്നതിനു മുൻപ് തറയിൽ വീഴുന്നതുകൊണ്ട് ഉണ്ടാകാവുന്ന ദോഷങ്ങൾക്ക് പരിഹാരമാകുന്നതിനും യജമാനൻ ധനവാനായിത്തീരുന്നതിനും എന്താണ് ചെയ്യേണ്ടതെന്ന് വേദം അറിയുന്നവർ ചിന്തിക്കുന്നു. ഹവിസ്സ് തറയിൽ വീഴുകയാണെങ്കിൽ "ഭൂപതയേ സ്വാഹാ, ഭുവനപതയേ സ്വാഹാ, ഭൂതാനാംപതയേ സ്വാഹാ" എന്നീ മന്ത്രങ്ങൾ ചൊല്ലുന്നു. അപ്രകാരം ചൊല്ലുന്നതുകൊണ്ട് ദോഷം ഇല്ലാതെയായി യജമാനൻ ധനികനായിത്തീരുന്നു അനേകാ ദേവതകളെ ഈ മന്ത്രം സന്തോഷിപ്പിക്കുന്നു.

അനുക്രമങ്ങളായ അഗ്നിഷോമീയ പുരോഡാശങ്ങൾ യാഗത്തിനു് ആലസ്യം ഉണ്ടാക്കുന്നു. ആലസ്യം ഉണ്ടാകാതിരിക്കുന്നതിനു് വേണ്ടി ഉപാംശുയാജം ഹോമിക്കുന്നു. കൂടാതെ യജമാനന്റെ ഗൃഹത്തിൽ സ്ത്രീ സന്താനങ്ങളും പുരുഷസന്താനങ്ങളും ഉണ്ടാകുന്നതിനു് ഇതുകാരണം ആകുന്നു.

പണ്ടൊരിക്കൽ അഗ്നി സ്വർഗ്ഗലോകത്തിൽ ആയിരുന്നു യമൻ ഭൂലോകത്തിലും ആയിരുന്നു. ഇവരെ രണ്ടു പേരെയും പരസ്പരം സ്ഥാനം മാററാം എന്ന് ദേവന്മാർ നിശ്ചയിച്ചു. അന്നം മുതലായവ നൽകാമെന്ന് പറഞ്ഞ് അഗ്നിയെ ഭൂലോകത്തേക്ക് ക്ഷണിച്ചു. രാജ്യം നൽകാം എന്ന് പറഞ്ഞു പിതൃക്കൾ യമനെ സ്വർഗ്ഗത്തിലേക്ക് ക്ഷണിച്ചു. അതുകൊണ്ട് അഗ്നി ദേവന്മാർക്ക് ഹോമിക്കുന്ന അന്നം ഭക്ഷിക്കുന്നവനും യമൻ പിതൃക്കളുടെ രാജാവും ആയിത്തീർന്നു. ഇതു് അറിയുന്നവനു് രാജ്യവും അന്നാദികളും ലഭിക്കുന്നു. അഗ്നിക്ക് ഈ ഭാഗം ദേവന്മാർ നൽകി സ്വിഷ്ടകൃത് എന്ന അഗ്നിക്ക് കൽപിക്കുന്നഭാഗം അഗ്നിയുടെ ഭാഗമായി കല്പിച്ചു. സ്വിഷ്ടകൃത് എന്ന അഗ്നിക്ക് സമർപ്പിക്കുന്ന ദ്രവ്യം അഗ്നി സമൃദ്ധമാക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹവിസ്സ് വെച്ചിരിക്കുന്ന ഓരോപാത്രത്തിൽനിന്നും ഒരു പ്രാവശ്യം ഹവിസ്സ് എടുത്ത് ഹോമിക്കുന്നു. രുദ്രൻ ഒരാളാണല്ലോ. ഹവിസ്സ്‌വെച്ചിരിക്കുന്ന പാത്രത്തിൽ വടക്കേ ഭാഗത്തുള്ള ഹവിസ്സ് എടുക്കുന്നു. വടക്ക് ദിക്ക് രുദ്രൻേറതാണ്. തൻേറ ദിക്കിൽതന്നെ രുദ്രനെ സന്തോഷിപ്പിക്കുന്നു.

ചതുരവത്തം കിട്ടുന്നതിന് വേണ്ടി രണ്ടു പ്രാവശ്യം അഭിഘാരണം ചെയ്യുന്നു.

പുരോഡാശാദി ആഹുതികൾ പശുക്കൾക്ക് തുല്യമാണ്. ഈ അഗ്നി എന്ന് പറയുന്നത് രുദ്രനാണ്. രുദ്രനെ ഉദ്ദേശിച്ച് പുരോഡാശാദി ആഹുതികൾ ഹോമിക്കുകയാണെങ്കിൽ യജമാനൻേറ പശുക്കൾക്ക് നാശം ഉണ്ടാകും. യജമാനൻ പശുക്കൾ ഇല്ലാത്തവനായിത്തീരും. പശുക്കളുടെ രക്ഷയ്ക്ക് വേണ്ടി ആദ്യം ഹോമിച്ച പദാൎത്ഥങ്ങളിൽ നിന്ന് അല്പം മാറി രുദ്രനെ ഉദ്ദേശിച്ച് ഹോമിക്കുന്നു.

ഇതഷഷ്ഠോഽനുവാകഃ

സപ്തമോഽനുവാകഃ (ബ്രാഹ്മണം)

സംഹിത—

മനുഃപൃഥിവ്യായജ്ഞിയമൈച്ഛത്സഘൃതംനിഷിക്തമവിന്ദത്സോഽബ്രവീത്കോഽസ്യേശ്വരോയജ്ഞേഽപികർതോരിതിതാവബ്രൂതാം മിത്രാവരുണൗഗോരേവാഽഽവമീശ്വരൗകർതോഃസ്വ ഇതി തൗതതോഗാഗ്ംസമൈരയതാഗ്ം സായത്രയത്രന്യക്രാമത്തതോഘൃതമപീഡ്യതതസ്മാദ് ഘൃതപദ്യുച്യതേതദസ്യൈ ജന്മോപഹൂതഗ്ം രഥംതരഗ്ംസഹപൃഥിവ്യേത്യാഹ ഇയംവൈരഥന്തരമിമാമേവ സഹാന്നാദ്യേനോപഹ്വയത ഉപഹൂതം വാമദേവ്യഗ്ം സഹാന്തരിക്ഷേണേത്യാഹ പശവോവൈ വാമദേവ്യം പശൂനേവ സഹാന്തരിക്ഷേണോപഹ്വയത ഉപഹൂതം ബൃഹത്സഹദിവേത്യാഹൈരം വൈബൃഹദിരാ മേവ സഹദിവോപഹ്വയത ഉപഹൂതാഃ സപ്തഹോത്രാഇത്യാഹ ഹോത്രാ ഏവോപ-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹ്വയത ഉപഹൂതാ ധേനുഃ സഹർഷഭേത്യാഹ മിഥുന മേവോ-
പഹ്വയത ഉപഹൂതോ ഭക്ഷഃ സഖേത്യാഹ സോമപീഥമേവോ-
പഹ്വയത ഉപഹൂതാം (4) ഹോ ഇത്യാഹാ//ത്മാനമേവോപ-
ഹ്വയത ആത്മാഹ്യുപഹൂതാനാം വസിഷ്ഠ ഇഡാമുപഹ്വയതേ
പശവോ വാ ഇഡാ പശൂനേവോപഹ്വയതേ ചതുരുപഹ്വയ-
തേ ചതുഷ്ഁപാദോഹിപശവോമാനവീത്യാഹ മനുർഹ്യേതാമ-
ഗ്രേ/പശ്യദ്ഘൃതപദീത്യാഹ യദേവാസ്യൈ പദാദ്ഘൃത-
മപീഡ്യത തസ്മാദേവമാഹ മൈത്രാവരുണീത്യാഹ മിത്രാ-
വരുണൗഹ്യേനാഗ്ംസമൈരയതാം ബ്രഹ്മദേവകൃതമുപഹൂതമി-
ത്യാഹബ്രഹ്മൈവോപഹ്വയതേ ദൈവ്യാ അധ്വര്യവഉപഹൂതാ
ഉപഹൂതാ മനുഷ്യാ ഇത്യാഹ ദേവമനുഷ്യാനേവോപഹ്വയതേ
യ ഇമം യജ്ഞമവാൻയേയജ്ഞപതിംവർധാനിത്യാഹയജ്ഞായ
ചൈവയജമാനായ ചാ// ശിഷമാശാസ്ത ഉപഹൂതേദ്യാവാപൃ-
ഥിവീ ഇത്യാഹദ്യാവാ പൃഥിവീ ഏവോപഹ്വയതേ പൂർവ്വജേ-
ഹ്യേതേഋതാവരീ ദേവി ദേവപുത്രേഇത്യാഹ ദേവിഹ്യേതേ
ദേവപുത്രേ ഉപഹൂതോ /യം യജമാന ഇത്യാഹയ ജമാനമേവോ-
പഹ്വയത ഉത്തരസ്യാം ദേവയജ്യായാ മുപഹൂതോ ഭൂയസിഹ-
വിഷ്കരണ ഉപഹൂതോ ദിവ്യേധാമന്നുപഹൂതഃ ഇത്യാഹപ്രജാ
വാ ഉത്തരാ ദേവയജ്യാ പശവോ ഭൂയോഹവിഷ്കരണഗ്ം സു-
വർഗോലോകോദിവ്യം ധാമേദമസീദമസീത്യേവ യജ്ഞസ്യ
പ്രിയം ധാമോപഹ്വയതേ വിശ്വമസ്യ പ്രിയമുപഹൂതമിത്യാ-
ഹാച്ഛംബട് കാരമേവോപഹ്വയതേ ॥

[ഈ അനുവാകത്തിൽ ഇഡോപാഹ്വാനത്തിനുള്ള വി-
ധിയും അതിന്റെ മന്ത്രങ്ങളും ആണ് വിവരിക്കുന്നത്
മന്ത്രങ്ങൾ തൈത്തിരീയ ബ്രാഹ്മണത്തിൽ തൃതീയ കാണ്ഡ
ത്തിൽ അഞ്ചാം പ്രപാഠകം എട്ടാമത്തെ അനുവാകത്തിൽ
പറഞ്ഞിട്ടുണ്ട് .]

അർത്ഥം —

ഭൂമിയിൽ യാഗാർഹമായ പദാർത്ഥം എന്തെല്ലാം ഉണ്ടെന്ന്
മനു അന്വേഷിച്ചു. ആ മനു ഭൂമിയിൽവീണിരുന്നനെയ്യ് കണ്ടു.
ഇതു യാഗത്തിനുള്ള ദ്രവ്യം ആക്കാൻ ആർക്ക് സാധിക്കും ?

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

എന്നു് മനു ചോദിച്ചു. ഞങ്ങരം പശുവിനെത്തന്നെ യാഗ ദ്രവ്യമാക്കാൻ സമത്ഥരാണു് എന്നു് മിത്രാവരുണന്മാർ പറഞ്ഞു. അനന്തരം അവർ രണ്ടുപേരും പശുവിനെ ഭൂമി യിലേക്കു് കൊണ്ടുവന്നു. ആ പശു എവിടെയെല്ലാം പോ- യോ അവിടെയെല്ലാം നെയ്യ് കാണപ്പെട്ടു. അതുകൊണ്ടു് പശു "ഘൃതപദി" എന്നു് പറയപ്പെടുന്നു. ഇപ്രകാരമാ ണു് യജ്ഞഭൂമിയിൽ ഇഡയുടെ ജന്മം ഉണ്ടായതു്. "ഉപ ഹൂതം രഥന്തരം സഹപൃഥിവ്യാ" എന്ന മന്ത്രം ചൊല്ലുന്നു. ഈ ഭൂമിതന്നെയാണു് രഥന്തരം എന്നു് അറിയപ്പെടുന്നതു്. ഈ ഭൂമിയെത്തന്നെയാണു് അന്നാദിപദാത്ഥങ്ങളോടുകൂടി വിളിക്കുന്നതു്. "ഉപഹൂതം വാമദേവ്യം സഹാന്തരിക്ഷേ- ണ" എന്ന മന്ത്രം ചൊല്ലുന്നു വാമദേവ്യം എന്നു് പറയു ന്നതു് പശുക്കളെയാണു്, പശുക്കളെ തന്നെ അന്തരിക്ഷ ത്തോടു്കൂടി വിളിക്കുന്നു. "ഉപഹൂതം ബൃഹത്സഹദിവാ" എന്ന മന്ത്രം ചൊല്ലുന്നു, ബൃഹത്സാമം എന്നു് പറയുന്നതു് വൃഷ്ടിയെ സംബന്ധിച്ചാണു്. വൃഷ്ടിയെ തന്നെ ദ്യോവി- നോടു്കൂടി വിളിക്കുന്നു. "ഉപഹൂതാഃ സപ്തഹോത്രാഃ" എന്ന മന്ത്രം ചൊല്ലുന്നു. ആ മന്ത്രം ചൊല്ലുന്നതു ഋത്വിക്കു- കളായ ബ്രാഹ്മണരെ വിളിക്കുകയാണു് "ഉപഹൂതാധേനുഃ സഹർഷഭാ" എന്ന മന്ത്രം ചൊല്ലുന്നു. അപ്രകാരം ചൊ- ല്ലുന്നതുകൊണ്ടു് സ്ത്രീ പുരുഷന്മാരെ വിളിക്കുകയാണു്. "ഉപഹൂതോ ഭക്ഷഃ സഖാ" എന്ന മന്ത്രം ചൊല്ലുന്നു. അപ്രകാരം ചൊല്ലുന്നതുകൊണ്ടു് സോമപീഥത്തെത്തന്നെ വിളിക്കുകയാണു് "ഉപഹൂതാംഹോ" എന്ന മന്ത്ര ചൊ- ല്ലുന്നു. ഇപ്രകാരം ചൊല്ലുന്നതു്തന്നെത്തന്നെ വിളിക്കു- കയാണു്. താൻ തന്നെയാണല്ലോ (യജമാനനാണല്ലോ) ക്ഷണിക്കപ്പെട്ടവരിൽ ശ്രേഷ്ഠൻ.

ഇഡയെ വിളിക്കുന്നു പശുക്കരം ആണല്ലോ ഇഡ അ പ്രകാരം ഇഡയെ വിളിക്കുന്നതു് പശുക്കളെത്തന്നെ വിളി ക്കുകയാണു്. നാലു പ്രാവശ്യം വിളിക്കുന്നു. പശുക്കരം നാലു കാലുള്ളവ ആണല്ലോ "മാനവി" എന്ന മന്ത്രം ചൊ ല്ലുന്നു. മനു ആണല്ലോ ഇഡയെ അഗ്നിക്കു് വേണ്ടി ആദ്യ-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മായി കണ്ടതു്. "ഘൃതപദി" എന്ന മന്ത്രം ചൊല്ലുന്നു. പശുവിൻെറ കാലുകളിൽ നിന്ന് ഘൃതം എടുത്തുകൊണ്ടാണു് ഇപ്രകാരം പറഞ്ഞതു്. "രമൈത്രാവരുണീ" എന്ന മന്ത്രം ചൊല്ലുന്നു. മിത്രാവരുണന്മാരാണല്ലോ പശുവിനെ ഭൂമിയിലേക്കു് കൊണ്ടുവന്നതു്. "ബ്രഹ്മദേവകൃതമുപഹൂതം" എന്ന മന്ത്രം ചൊല്ലുന്നു. ഇപ്രകാരം ചൊല്ലുന്നതുകൊണ്ടു് ബ്രഹ്മാവിനെത്തന്നെ വിളിക്കുന്നു. "ദൈവ്യാഅധ്വര്യവ ഉപഹൂതാഃ" എന്ന മന്ത്രം ചൊല്ലുന്നു. ഇപ്രകാരം ചൊല്ലുന്നതുകൊണ്ടു് ദേവന്മാരുടെയും മനുഷ്യരുടേയും ഋത്വിക്കുകളെ വിളിക്കുകയാണു്. യഇമംയജ്ഞമർവാൻ" എന്ന മന്ത്രം ചൊല്ലുന്നു. ഈ മന്ത്രം ചൊല്ലുന്നതുകൊണ്ടു് യാഗത്തിനും യജമാനനും ആശിസ്സു് ആശംസിക്കുകയാണു്.

"ഉപഹൂതേ ദ്യാവാപൃഥിവി" എന്ന മന്ത്രം ചൊല്ലുന്നു. അതു് ദ്യാവാപൃഥിവികളെത്തന്നെ വിളിക്കുകയാണു്. "പൂർവജേഋതാവരി" എന്ന മന്ത്രം ചൊല്ലുന്നു. ഈ ദ്യാവാപൃഥിവികൾ ദേവതിർയങ്ങ് മനുഷ്യാദികളുടെ സൃഷ്ടിക്കു് മുൻപു് ഉണ്ടായതാണു്. "ഋതാവരീദേവിദേവപുത്രേ" എന്ന മന്ത്രം ചൊല്ലുന്നു. ഈ ദ്യാവാ പൃഥിവികൾ ദിവ്യത്വം ഉള്ളവയും ദേവന്മാരാകുന്ന പുത്രന്മാരോടു് കൂടിയവരും ആണല്ലോ- "ഉപഹൂതോഽയം യജമാനഃ" എന്ന മന്ത്രം ചൊല്ലുന്നു. ഇപ്രകാരം ചൊല്ലുന്നതകൊണ്ടു് യജമാനനെത്തന്നെ വിളിക്കുകയാണു്. "ഉത്തമസ്യാംദേവയജ്യായാ" എന്നു തുടങ്ങുന്ന മന്ത്രം ചൊല്ലുന്നു. യാഗവേദിയുടെ വടക്കവശം സന്താനലാഭത്തിനു് നിമിത്തമാണു്. ഹവിസ്സ് ധാരാളം തയാറാക്കാൻ സാധിക്കുന്നതു് പശുക്കൾ നിമിത്തമാണു്. ദിവ്യംധാമ എന്നു പറയുന്നതു് സ്വർഗലോകമാണു്. "ഇദമസീദമസി" എന്ന മന്ത്രം ചൊല്ലി യജമാനൻ യാഗത്തിനു് പ്രിയപ്പെട്ട സ്ഥാനത്തെ വിളിക്കുന്നു. "വിശ്വമസ്യപ്രിയമുപഹൂതഃ" എന്ന മന്ത്രം ചൊല്ലുന്നു. ഈ മന്ത്രം ചൊല്ലുന്നതുകൊണ്ടു് അനുഷ്ഠാനത്തിനു് വ്യർഥത വരാത്തവിധത്തിൽ വിളിക്കുന്നു.

ഇതിസപ്തമോഽനുവാകഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഥഅഷ്ടമോ ഽനുവാക (ബ്രാണം)

സംഹിതാ—

പശവോ വാ ഇഡാസ്വായമാദത്തേ കാമമേവാഽത്മന്നാ പശ്രൂനാമാദത്തേനഹ്യന്യഃ കാമം പശ്ശൂനാം പ്രയച്ഛതി വാചസ്പതയേത്വാഹൂതം പ്രാശ്നാമീത്യാഹ വാചമേവഭാഗധേയേനപ്രീണാതിസദസസ്പതയേത്വാഹുതംപ്രാശ്നാമീത്യാഹ സ്വഗാകൃത്യൈ ചതുരവത്തംഭവതിഹവിർവൈചതുരവത്തംപശ്ചതുരവത്തം യദ്ധോതാപ്രാശ് നീയാദ്ധോതാത്തർതിമാർഛേദ്യദഗ്നൗജ്ജുഹുയാദ്രുദ്രായപശൂനപിദധ്യാദപശ്രുർയജമാനഃസ്യാദ്വാചസ്പതയേ ത്വാഹൂതം പ്രാശ്നാമിത്യാഹ പരോക്ഷമേവൈതജ്ജുഹോതി സദസസ്പതയേത്വാഹുതംപ്രശ്നാമീത്യാഹസ്വഗാകൃത്യൈപ്രാശ്നന്തിതീർഥ ഏവ പ്രാശ്നന്തി ദക്ഷിണാംദദാതി തീർഥ ഏവ ദക്ഷിണാം ദദാതി വിവാഹ്യതദ്യജ്ഞഛിന്ദന്തിയന്മധ്യതഃ പ്രാശ നന്തി അദ്ഭിർമാർജയന്ത ആപോ വൈസർവാദേവതാ ദേവാ വൈയജ്ഞാദ്രുദ്രമന്തരായൻ സയജ്ഞമവിധ്യത്ത ദേവാ അഭിസമഗച്ഛന്ത കല്പതാം നഇദമിതിതേഽബ്രുവൻസ്വിഷ്ടം വൈന ഇദം ഭവിഷ്യതി യദിമഗ്ംരാധയിഷ്യാമഇതിതത്സ്വിഷ്ടകൃതഃ സ്വിഷ്ടകൃത്വംതസ്യാവിദ്ധംനിരകൃന്തന്യവേന സംമിതംതസ്മാദ്യവമാത്രമവദ്യേത് യജ്ജ്യായോ ഽവദ്യേദ്രോപയേത്തദ്യജ്ഞസ്യയദുപചസ്തൃണീയാദഭിഘാരയേദുഭയതഃ സഗ്ശ്ംപായികർയാദവദായാഭിഘാരയതി ദ്വിഃ സംപദ്യതേ ദ്വിപാദ്യജമാനഃ പ്രതിഷ്ഠിത്യൈയത്തിരശ്ചീനമതിഹരേദനഭിവിദ്ധം യജ്ഞസ്യാഭിവിധ്യേദഗ്രേണപരിഹരതിതീർഥേനൈവ പരിഹരതി തത്പൂഷ്ണേപര്യഹരത്തത് പൂഷാ പ്രാശ്യദതോ ഽരുന്നത്തസ്മാത്പൂഷാ പ്രപിഷ്ടഭാഗോ ഽദന്തകോഹിതം ദേവാ അബ്രുവൻ വിവാഅയമാർധ്യപ്രാശിത്രിയോവാഅയമഭൂദിതിതദ്ബൃഹസ്പതയേ പർയഹരൻ സോഽബിഭേദ് ബൃഹസ്പതിരിത്ഥം വാവസ്യ ആർതിമാരിഷ്യതീതി സ ഏതം മന്ത്രമപശ്യത്സൂർയസ്യത്വാചക്ഷുഷാപ്രതിപശ്യാമീത്യബ്രവിന്നഹിസൂർയസ്യചക്ഷുഃകിംചനഹിനസ്തിസോ ഽബിഭേത്പ്രതിഗൃഹ്ണന്തം മാഹിംസിഷ്യതിതി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദേവസ്യത്വാസവിതുഃ പ്രസവേ ശ്വിനോർബാഹുഭ്യാം പൂഷ്ണോ ഹസ്താഭ്യാം പ്രതിഗൃഹ്ണാമീത്യബ്രവിത്സവിതൃപ്രസൂതഏവൈനദ് ബ്രഹ്മണാ ദേവതാഭിഃ പ്രത്യഗൃഹ്ണാത്സോ ബിഭേത് പ്രാശ്നന്തം മാഹിംസിഷ്യതിത്യഗ്നേസ്ത്വാസ്യേന പ്രാശ്നാമീത്യ ബ്രവീന്നഹ്യഗ്നേരാസ്യം കിംചനഹിനസ്തിസോ ബിഭേത് പ്രാശിതം മാഹിംസിഷ്യതീതി ബ്രാഹ്മണസ്യോദരേണേത്യബ്രവീന്നഹി ബ്രാഹ്മണസ്യോദരം കിംചനഹിനസ്തി ബൃഹസ്പതേർബ്രഹ്മണേതി സഹി ബ്രഹ്മിഷ്ഠോ പവാഏതസ്മാത്പ്രാണാഃ ക്രാമന്തിയഃ പ്രാശിത്രംപ്രാശ്നാത്യദ്ഭിമാർജയിത്വാ പ്രാണാൻ സംമൃശതേമൃതംവൈപ്രാണാഃഅമൃതമാപഃ പ്രാണാനേവ യഥാസ്ഥാനമുപഹ്വനയതേ ॥

അർത്ഥം

പശുക്കൾ ഇഡയാകുന്നു. ഹോതാവ് യാഗത്തിനായ. അതിനെ സ്വയം ഗ്രഹിക്കുന്നു. ഹോതാവ് അതിനെ യാഗത്തിനു് വേണ്ടി ഗ്രഹിക്കുന്നതു് പശുക്കളുടെ അഭിലാഷം തന്നെയാണ്. മററാരും പശുക്കളുടെ ആഗ്രഹം സാധിച്ചു് കൊടുക്കുന്നില്ല.

"വാചസ്പതയേത്വാഹുതം പ്രാശ്നാമി" എന്ന മന്ത്രം ചൊല്ലുന്നു. ഇപ്രകാരം ചൊല്ലുന്നതുകൊണ്ടു് വാക്കിനെ അതിനുള്ള ഭാഗം സമർപ്പിച്ചു് സന്തോഷിപ്പിക്കുകയാണ്. "സദസ്പതയേത്വദാഹുതം പ്രാശ്നാമി" എന്ന മന്ത്രം ചൊല്ലുന്നു. ഇപ്രകാരം ചൊല്ലുന്നതു നിമിത്തം പുരോഡാശത്തിനു് സ്വാദരകൃതത്വം സംഭവിക്കുന്നു. ചതുരവത്തം വേണ്ടതാണ്. ഹവിസ്സ് ചതുരവത്തം ആണല്ലോ. പശുക്കളും ചതുരവത്തമാണ്,

ഹോതാ എന്ന ഋത്വിക് ഇഡയുടെ അന്നം ഭക്ഷിക്കുകയാണെങ്കിൽ ഹോതാവ് മരണം പ്രാപിക്കും. അഗ്നിയിൽ ഹോമിക്കുകയാണെങ്കിൽ രുദ്രനു് പശുക്കളെ സമർപ്പിച്ചതു പോലെയാകും. യജമാനൻ പശുക്കൾ ഇല്ലാത്തവനായും ഭവിക്കും. "വാചസ്പതയേത്വഹുതം പ്രാശ്നാമി" എന്ന മന്ത്രം ചൊല്ലുകയാണെങ്കിൽ അതു പരോക്ഷമായി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹോമിക്കുന്നതു തന്നെയാണ് ഇപ്രകാരം ഭക്ഷിക്കപ്പെട്ട ഇഡ തൻെറ വയററിൽ സ്ഥിതി ചെയ്യുന്നതിനും വേണ്ടി "വാചസ്പതയേ ത്വാഹുതം പ്രാശ്നാമി" എന്ന മന്ത്രം ചൊല്ലുന്നു.

യജമാനൻ ഋത്വിക്കുകളോടുകൂടി ഇഡ ഭക്ഷിക്കുന്നു. ഇഡ ഭക്ഷിക്കുന്നതുനിമിത്തം യജമാനൻ ദുഃഖത്തിൽ നിന്നു് വിമുക്തനാകുന്നു. യജമാനൻ ഋത്വിക്കുകൾക്ക് ദക്ഷിണ നൽകുന്നു. ദുഃഖത്തിൽനിന്നു് വിമോചനം കിട്ടുന്നതിനു് വേണ്ടിയാണ് ദക്ഷിണ നൽകുന്നതു്. യാഗമദ്ധ്യത്തിൽ ഇഡ ഭക്ഷിക്കുക എന്നതു് യാഗത്തിനു് വിച്ഛേദം ഉണ്ടാക്കുകയാണ്. വെള്ളം തളിച്ചു് പരിശുദ്ധം ആക്കുന്നു. ജലം എല്ലാ ദേവതകളും ആണു് ദേവതകളാൽ തന്നെ യാഗത്തിനും വിച്ഛേദമില്ലാതെയാക്കുന്നു.

ദേവന്മാർ യാഗത്തിൽ രുദ്രനു് ഭാഗം ഇല്ലാതെയാക്കി. രുദ്രരൂപത്തിലുള്ള അഗ്നിയാഗം നശിപ്പിച്ചു. ദേവന്മാർ അതിൻെറ സമീപത്തിൽ എത്തി. ഞങ്ങളുടെ ഈ യാഗം പൂർണഫലം ഉള്ളതാക്കിയാലും എന്നു് ദേവന്മാർ പറഞ്ഞു ഈ രുദ്രരൂപത്തിലുള്ള അഗ്നിക്കു് ഭാഗം നൽകുക ആണെങ്കിൽ നമ്മുടെ ഈ യാഗം ഫലമുള്ളതായി ഭവിക്കും എന്നു ചിലർ പറഞ്ഞു അതുകൊണ്ടാണ് അഗ്നിക്കു് 'സ്വിഷ്ടകൃത്'' (ഇഷ്ടം സാധിച്ചുകൊടുക്കുന്നവൻ) എന്നു് പ്രസിദ്ധി ഉണ്ടായതു്. യവത്തിനു് തുല്യമായ അംശം സ്വിഷ്ടകൃത് എന്ന അഗ്നിക്കു് വേണ്ടി പുരോഡാശത്തിൽനിന്നു് വേർപെടുത്തി എടുത്തു. അതുകൊണ്ടു് യവപരിമാണം മാത്രമാണ് സ്വിഷ്ടകൃത് എന്നു് അഗ്നിക്കു് സമർപ്പിക്കേണ്ടതു്. സ്വിഷ്ടകൃത് എന്ന അഗ്നിക്കു് യവപരിമാണത്തെക്കാൾ കൂടുതൽ ഭാഗം സമർപ്പിക്കുക ആണെങ്കിൽ അതു് യാഗത്തിനു് ദോഷം ചെയ്യും. പുരോഡാശം എടുത്തുവെക്കുന്നതിനു് മുൻപു് ഉപസ്തരണം ചെയ്യുന്നു. പുരോഡാശത്തിൻെറ മുകളിൽ അഭിഘാരണവും ചെയ്യുന്നു. രണ്ടു ഭാഗത്തും (ആദ്യവും ഒടുവിലും) സംശുദ്ധി ഉണ്ടാക്കണം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പുരോഡാശത്തിന്റെ മുകളിൽ അഭിഘാരണം ചെയ്യുന്നു രണ്ടു പ്രാവശ്യം നെയ്യൊഴിക്കുന്നു. യജമാനൻ രണ്ടു കാൽ ഉള്ളവനാണ്. ഇപ്രകാരം ചെയ്യുന്നതു് യജമാനന്റെ പ്രതിഷ്ഠയ്ക്കു് വേണ്ടിയാണ്.

വേദിയുടെ ഉത്തരഭാഗത്തിരിക്കുന്ന അധ്വർയ്യു ദക്ഷിണഭാഗത്തു് ഇരിക്കുന്ന ബ്രഹ്മാ എന്ന പുരോഹിതന്നു് അഗ്നിയുടെ മുകളിൽക്കൂടി പ്രാശിത്രം കൊടുക്കുകയാണെങ്കിൽ അതു് യാഗത്തിന്നു് ദോഷം ഉണ്ടാകും അതുകൊണ്ടു് അധ്വർയ്യു പ്രാങ്മുഖനായി നടന്നു് വേദിയുടെ കിഴക്കുവശത്തുകൂടി ബ്രഹ്മാവിന്റെ അടുക്കൽ പൊന്നു് പ്രാശിത്രം കൊടുക്കുന്നു നദിയിൽ ഇറങ്ങി തിരിയെ കരയിൽ വരുന്നതു പോലെ പ്രാശിത്രം കൊടുത്തിട്ടു് മടങ്ങിവരുന്നു.

ദേവന്മാർ പൂഷാവിന്നു് പ്രാശിത്രം നൽകി. പൂഷാവു് അതു ഭക്ഷിച്ചിട്ടു് തന്റെ പല്ലുകൾ നഷ്ടപ്പെട്ടു അതുകൊണ്ടു് പൂഷാവു് പല്ലു് ഇല്ലാത്തവനായിതീർന്നു യാഗത്തിൽ മാവു് മാത്രം പൂഷാവിന്റെ ഭാഗമായിത്തീർന്നു. പൂഷാവിനെപ്പററി ദേവന്മാർ പരസ്പരം പറഞ്ഞു ഈ പൂഷാവു് പ്രാശിത്രത്തിന്നു് അനർഹനായി ഭവിച്ചു. ആ പ്രാശിത്രം ദേവന്മാർ ബൃഹസ്പതിക്കു് കൊടുത്തു പ്രാശിത്രം ഭക്ഷിക്കുന്നതു് പീഡയുണ്ടാക്കുന്നതാണെന്നു് വിചാരിച്ചു് ബൃഹസ്പതി പേടിച്ചു. ബൃഹസ്പതി "സൂർയസ്യത്വാ ചക്ഷുഷാ പ്രതിപശ്യാമി എന്ന മന്ത്രം മനസ്സിലാക്കി ആ മന്ത്രം ചൊല്ലി യാതൊന്നും സൂര്യന്റെ നേത്രങ്ങളെ പീഡിപ്പിക്കുന്നില്ല. പ്രാശിത്രം അതു സ്വീകരിക്കുന്നവനെ ഹിംസിക്കും എന്നു് ബൃഹസ്പതി പേടിച്ചു- "ദേവസ്യത്വാ പ്രതിഗൃഹ്ണാമി" എന്ന മന്ത്രം ചൊല്ലി സവിതാവിന്റെ പ്രേരണയാൽ തന്നെയാണു് ദേവതകളാൽ പ്രാശീത്രം സ്വീകരിക്കപ്പെടുന്നതു്. പ്രാശിത്രം ഭക്ഷിച്ചു് കൊണ്ടിരിക്കുന്ന എന്നെ ഹിംസിക്കും എന്നു് ബൃഹസ്പതി പേടിച്ചു "അഗ്നേസ്ത്വാസ്യേന പ്രാശ്നാമി" എന്ന മന്ത്രം ചൊല്ലി അഗ്നിയുടെ മുഖം യാതൊന്നു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കൊണ്ടും ഹിംസിക്കപ്പെടുന്നില്ല. പ്രാഗിത്രം ഭക്ഷിച്ചതിനു ശേഷം എന്നെ ഹിംസിക്കും എന്നു് ബൃഹസ്പതി വീണ്ടും പേടിച്ചു. "ബ്രാഹ്മണസ്യോദരേണ" എന്ന മന്ത്രം ചൊല്ലി ബ്രാഹ്മണൻെറ ഉദരം യാതൊന്നു കൊണ്ടും ഹിം. സിക്കപ്പെടുന്നില്ല "ബൃഹസ്പതേഃ ബ്രഹ്മണാ" എന്ന മന്ത്രവും ചൊല്ലണം. ബൃഹസ്പതി ആണല്ലോ മന്ത്രം അറിയാവുന്നവരിൽ ശ്രേഷ്ഠൻ.

യാതൊരുത്തനാണോ പ്രാശിത്രം ഭക്ഷിക്കുന്നതു് അവ-നിൽനിന്നു് പ്രാണൻ വെളിയിൽ പോകുന്നു. ശിരസ്സ് മുതലായ പ്രധാന അവയങ്ങൾ വെള്ളം കൊണ്ടു് തുടച്ചു് പ്രാണനെ ശരീരത്തിൽ ഉറപ്പിച്ചു് നിറുത്തുന്നു. പ്രാണൻ അമൃതം ആകുന്നു. പ്രാണനെ അവയുടെ സ്ഥാനങ്ങളിൽ ഉറപ്പിച്ചു് നിറുത്തുന്നു.

ഇതിഅഷ്ടമോ ƒനുവാകഃ

അഥനവമോ ƒനുവാകഃ (ബ്രാഹ്മണം)

സംഹിതാ—

ആഗ്നീധ്ര ആദധാത്യഗ്നി മുഖാനേവർത്തൂൻപ്രീണാതി സമിധമാദധാത്യുത്തരാസാമാഹുതീനാം പ്രതിഷ്ഠിത്യാ അഥോ സമിദ്ധത്യേവജുഹോതി പരിധീൻ സംമാർഷ്ടി പുനാത്യേവൈ-നാൻ സകൃത്സകൃത്സംമാർഷ്ടി പരാങ്ങ്വിഹ്യേതർഹിയജ്ഞശ്ച-തുഃസംപദ്യതേ ചതുഷ്പാദഃ പശവഃ പശൂനേവാവരുന്ധേ ബ്രഹ്മൻ പ്രസ്ഥാസ്യാമ ഇത്യാഹാത്രവാ ഏതർഹിയജ്ഞഃ ശ്രി-തഃ യത്ര ബ്രഹ്മായത്രൈവയജ്ഞഃ ശ്രിതസ്തതഏവൈനമാരഭതേ യദ്ധസ്തേന പ്രമീവേദ്വേപനഃ സ്യാദ്യച്ഛീർഷ്ണാ ശീർഷക്തി-മാൻ സ്യാദ്യത്തൂഷ്ണീമാസീതാസം പ്രത്തായജ്ഞഃ സ്യാത്പ്ര-തിഷ്ഠേത്യേവബ്രൂയാദ്വാചിവൈയജ്ഞഃ ശ്രിതോ യത്രൈവയ ജ്ഞഃ ശ്രിതസ്തത ഏവൈനം സംപ്രയച്ഛതി ദേവസവി-തരേതത്തേ പ്രാഹേത്യാഹ പ്രസൂത്യൈ ബൃഹസ്പ-തിർബ്രഹ്മേത്യാഹ സഹി ബ്രഹ്മിഷ്ഠഃ സയജ്ഞം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പാഹിസയജ്ഞപതിം പാഹി സമാം പാഹീത്യാഹ-
യജ്ഞായ യജമാനായാത്മfനേ തേഭ്യ ഏവാ ff ശിഷമാശാസ്തേ-
നാർത്യാ ആശ്രാവ്യാ ff ഹ ദേവാൻ യജേതി ബ്രഹ്മവാദിനോ-
വദന്തീഷ്ടാ ദേവതാ അഥകതമഏതേ ദേവാ ഇതി ഛന്ദാഗ്ഗം-
സീതിബ്രൂയാദ്ഗായത്രീം ത്രിഷ്ടുഭം ജഗതീമിത്യഥോഖല്വാ-
ഹുർബ്രാഹ്മണാവൈഛന്ദാഗ്ഗംസീതി താനേവതദ്യജതി ദേവാ-
നാം വാ ഇഷ്ടാദേവതാ ആസന്നഥാഗ്നിർനോദജ്വലത്തം ദേവാ-
ആഹുതീഭിരനൂയാജേഷ്വന്വവിന്ദന്യദനൂയാജാൻ യജത്യഗ്നി-
മേവ തത്സമിന്ധ ഏതദ്വർവൈനാമാ ff സുരആസീത്സ ഏതർഹി-
യജ്ഞസ്യാശിഷമവൃങ്ക്തയദ്ബ്രൂയാദേതദ്ഉദ്യാവാപൃഥിവീ
ഭദ്രമഭൂദിത്യേതദ്വമേവാ ff സുരം യജ്ഞസ്യാശിഷം ഗമയേദിദം-
ദ്യാവാപൃഥിവീഭദ്രമഭൂദിത്യേവ ബ്രൂയാദ്യജമാനമേവ യജ്ഞ-
സ്യാശിഷം ഗമയത്യാർധ്മ സൂക്തവാകമുത നമോവാകമിത്യാ-
ഹേദമരാസ്മേതി വാ വൈതദാഹോപശ്രിതോദിവഃപൃഥി-
വ്യോരിത്യാഹ ദ്യാവാ പൃഥിവ്യോർഹിയജ്ഞഉപശ്രിതഓമന്വf
തീത്യേf.സ്മിൻ യജ്ഞേ യജമാന ദ്യാവാ പൃഥിവീസ്താമിത്യാ-
ഹാ ff ശിഷമേവൈതാമാശാസ്തേ യദ്ബ്രൂയാത്സൂപാവസാ-
നാചസ്വധ്യവസാനാചേതി പ്രമായുകോയജമാനഃ സ്യാദ്യ-
ദാഹിപ്രമീയതേfഥേമാമുപാവസ്യതിസൂപചരണാച സ്വധി-
ചരണാചേത്യേവ ബ്രൂയാദ്വരീയസീമേവാസ്മൈഗവ്യൂതി-
മാശാസ്തേ ന പ്രമായുകോഭവതിതയോരാവിദ്യാഗ്നിരിദഗ്ഗംഹ-
വിരജൂഷതേത്യാഹയാഅയാക്ഷ്മദേവതാസ്താ അരീരധാമേതി
വാവൈതദാഹ യന്നനിർദിശേത്പ്രതിവേശംയജ്ഞസ്യശീർ-
ഗച്ഛേദാശാസ്തേfയം യജമാനോfസാവിത്യാഹ നിർദിശ്യൈ-
വൈനഗ്ഗംസുവർഗംലോകം ഗമയത്യായുരാശാസ്തേസു പ്രജാസ്ത്വ-
മാശാസ്ത ഇത്യാഹാ-ശിഷമേവൈതാമാശാസ്തേ സജാത വന-
സ്യാമാശാസ്ത ഇത്യാഹപ്രാണാവൈസജാതാഃ പ്രാണാനേവനാ-
ന്തരേതി തദഗ്നിർദേവോ ദേവേഭ്യോവനതേവയ മഗ്നേർമാനുഷാ-
ഇത്യാഹാഗ്നിർദേവേഭ്യോവനുതേവയം മനുഷ്യേഭ്യ ഇതിവാ-
വൈതദാഹേഹഗതിർവാമസ്യേദം ചനമോദേവേഭ്യ ഇത്യാഹ-
യാശ്ചൈവദേവതാ യജതി യാശ്ച നതാഭ്യ ഏവോഭയീഭ്യോ-
നമസ്കരോത്യാത്മനോ f നാർത്യൈ ॥

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

[ഈ അനുവാകത്തിൽ അന്ത്യയാജാമന്ത്രങ്ങളേയും സൂക്തിവാക മന്ത്രങ്ങളേയുംപററി വിവരിക്കുന്നു. ആ മന്ത്രങ്ങൾ തൈത്തിരീയ ബ്രാഹ്മണം മൂന്നാംകാണ്ഡം അഞ്ചാം പ്രപാകത്തിൽ ഒൻപതു് പത്തു് എന്നി അനുവാകങ്ങളിൽ പറയുന്നു.]

അത്ഥം—

ആഗ്നീധ്രഭാഗം എടുക്കുന്നു. തന്നിമിത്തം ഋതുക്കളെ പ്രീണിപ്പിക്കുന്നു. നടത്താൻ പോകുന്ന ആഹുതികളുടെ പ്രതിഷ്ഠയ്ക്കു് വേണ്ടി സമിത്തു് എടുത്തു അഗ്നിയിൽവെയ്ക്കുന്നു. അതുകൊണ്ടു് സമിത്തോടുകൂടിയ അഗ്നിയിൽ തന്നെ അന്ത്യയാജങ്ങൾ ഹോമിക്കുന്നു. പരിധികളെ ജലംകൊണ്ടു് നല്ലപോലെ തുടയ്ക്കുന്നു. അപ്രകാരം ചെയ്യുന്നതു കൊണ്ടു് പരിധികൾ പരിശുദ്ധമാകുന്നു. ഒരു പ്രാവശ്യം വെള്ളം കൊണ്ടു് തുടയ്ക്കുന്നു. സംമാർജന കാലത്തിൽ യാഗം പരാങ്മുഖമാകുന്നില്ല. അഗ്നിയേയും മൂന്നു പരിധിയേയും സംമാർജനം ചെയ്യുന്നതു കൊണ്ടു് നാലു് സംമാർജനക്രിയ നടക്കുന്നു. പശുക്കൾ നാലുകാലുകളോടു് കൂടിയവയാണു് അതുകൊണ്ടു് യജമാനനു് പശുക്കൾ ലഭിക്കുന്നു. ''ബ്രഹ്മൻ പ്രസ്ഥാസ്യാമ'' എന്ന മന്ത്രം ചൊല്ലുന്നു. ബ്രഹ്മാ എന്ന പുരോഹിതൻ ഇരിക്കുന്നസ്ഥലത്തു തന്നെയാണു് യജ്ഞം സ്ഥിതിചെയ്യുന്നതു് യാഗം സ്ഥിതിചെയ്യുന്നസ്ഥലത്തുനിന്നു് തന്നെ യാഗം ആരംഭിക്കുന്നു ഹസ്തചാലനംകൊണ്ടു് യാഗം ആരംഭിക്കാനുള്ള അനുവാദം നൽകുകയാണെങ്കിൽ യജമാനനു് വിറയൽ ഉണ്ടാകും. തല ആട്ടികൊണ്ടു് അനുവാദം നൽകുകയാണെങ്കിൽ ശിരോരോഗത്തോടു് കൂട്ടിയവനായിഭവിക്കാം. മിണ്ടാതെ ഇരിക്കുകയാണെങ്കിൽ യാഗം നേരെ നടക്കുകയില്ല. ''പ്രതിഷ്ഠ'' എന്നു് പറഞ്ഞു് തന്നെ യാഗം തുടങ്ങുവാനുള്ള അനുവാദം നൽകണം. വാക്കിൽ ആണല്ലോ യാഗം സ്ഥിതിചെയ്യുന്നതു്. യാതൊരുസ്ഥലത്താണോ യജ്ഞം സ്ഥിതി ചെയ്യു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന്നതു് അവിടെ നിന്നു് തന്നെ യാഗം ആരംഭിക്കാൻ അനുവാദം നൽകുന്നു

'ദേവസവിതരേതത്തേ പ്രആഹ'' എന്ന മന്ത്രം ചൊല്ലുന്നു. തന്നിമിത്തം യജമാനനു് സന്താനങ്ങൾ ഉണ്ടാകുന്നു. ''ബൃഹസ്പതിർബ്രഹ്മാ'' എന്ന മന്ത്രം ചൊല്ലുന്നു. ബൃഹസ്പതിയാണല്ലോ മന്ത്രം അറിയാവുന്നവരിൽ ശ്രേഷ്ഠൻ. ''പ്രയജ്ഞംപാഹി യജ്ഞപതിംപാഹി സമാംപാഹി'' എന്ന മന്ത്രം ചൊല്ലുന്നതു കൊണ്ടു് യാഗത്തിനും യജമാനനും തനിക്കും യാഗത്തിൽ പങ്കു് എടുക്കുന്നവർക്കും പീഡകൾ ഉണ്ടാകാതെയിരിക്കാൻ ആശിസ്സു ആശംസിക്കുകയാണ് ചെയ്യുന്നതു്. ''ദേവാൻയജ'' എന്നു് ചൊല്ലുന്നു. വേദം അറിയാവുന്നവർ ചിന്തിക്കുന്നു. ദേവതകളെ ഉദ്ദേശിച്ചു് യാഗം കഴിക്കപ്പെട്ടു. ഈ അനൂയാജാ ദേവതകൾ ആരെല്ലാമാണെന്നു് ഛന്ദസ്സുകൾ ആണെന്നു് പറയണം. ഗായത്രിയും ത്രിഷ്ടുപ്പും, ജഗതിയും ആണു് ദേവതകൾ വീണ്ടും പറയുന്നു. ബ്രാഹ്മണരാണല്ലോ ഛന്ദസ്സുകൾ പറയപ്പെടുന്നതു്. ആ ബ്രാഹ്മണരുടെ ദേവതയായ അഗ്നിയെത്തന്നെ ഉദ്ദേശിച്ചാണു് അനൂയാജാ മന്ത്രങ്ങൾ കൊണ്ടു് യാഗം കഴിക്കുന്നതു്

ഒരിക്കൽ ദേവന്മാർ ദേവതകളെ ഉദ്ദേശിച്ചു് യാഗം കഴിച്ചു. യാഗാനന്തരം അഗ്നി ജ്വലിച്ചില്ല. ദേവന്മാർ അനൂയാജാ മന്ത്രം ചൊല്ലി ആഹുതി കഴിച്ചപ്പോൾ അഗ്നി ജ്വലിച്ചു അതുകൊണ്ടു് അനൂയാജാ മന്ത്രം ചൊല്ലി ഹോമിക്കുന്നു. അനൂയാജാ ഹോമം അഗ്നിയെത്തന്നെ വർദ്ധിപ്പിക്കുന്നു.

''ഏതദ്''എന്നു പേരുള്ള അസുരൻ ഉണ്ടായിരുന്നു. അവൻ ഒരിക്കൽ യാഗത്തിൽ യജമാനനു് നൽകേണ്ട ആശിസ്സു് നശിപ്പിച്ചു. ''ഏതദ ദ്യാവാപൃഥിവി ഭദ്രമഭൂത്'' എന്നു് മന്ത്രം ചൊല്ലുകയാണെങ്കിൽ അസുരനു് ആശിസ്സു് ലഭിക്കും. അതുകൊണ്ടു് ''ഇദം ദ്യാവാ പൃഥിവീഭദ്രമഭൂത്'' എന്ന മന്ത്രം ചൊല്ലണം. യജമാനനു് തന്നെ ആശിസ്സു് ലഭിക്കും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

"അർഘ്മസ്സക്തവാകംഉത്തനമോവാകം" എന്ന മന്ത്രം ചൊല്ലുന്നു. മന്ത്രത്തിൽ പറയുന്ന രണ്ടു് കാര്യങ്ങളും ഞങ്ങൾക്കു് സമൃദ്ധമായി സാധിച്ചു എന്നാണു് ഇതിന്റെ അർത്ഥം. "ഉപശ്രിതോദിവഃ പൃഥിവ്യാഃ" എന്ന മന്ത്രം ചൊല്ലുന്നു. യാഗം ദ്യോവിനേയും ഭൂമിയേയും ആണല്ലോ ആശ്രയിച്ചിരിക്കുന്നതു്. (അഗ്നിരൂപത്തിൽ പൃഥിവിയിലും ഫലരൂപത്തിൽ ദ്യോവിലും സ്ഥിതിചെയ്യുന്നു) "ഓമന്വതേ്യസ്മിൻ യജ്ഞേ" എന്ന മന്ത്രം ചൊല്ലുന്നു. ഈ മന്ത്രം ചൊല്ലി ആശിസ്സു് ആശംസിക്കുന്നു. "സൂപവസാനാ" എന്നും "സ്വധ്യവസാനാ" എന്ന പദവും പറയുകയാണെങ്കിൽ യജമാനൻ ആസന്നഭാവിയിൽ മരണം പ്രാപിക്കും. മരിക്കുന്ന അവസരത്തിൽ ഈ ഭൂമിയിൽ അവസാനം പ്രാപിക്കുന്നു. "സൂപചരണാ" എന്നു പറയുന്നു. "സ്വധിചരണാ" എന്ന പദവും ചൊല്ലണം. ഇപ്രകാരം മന്ത്രം ചൊല്ലുന്ന യജമാനനു് ഗോ പ്രചരണത്തിനുള്ള വിസ്തൃതമായ ഭൂമി ലഭിക്കട്ടെ എന്നു് പ്രാർത്ഥിക്കുന്നു. യജമാനൻ ആസന്നഭാവിയിൽ മരിക്കുന്നും ഇല്ല "സൂപചരണാച സ്വധിചരണാച" എന്നു പറഞ്ഞതിനു ശേഷം "അഗ്നിരിദംഹവിരജുഷത്" എന്ന മന്ത്രം ചൊല്ലുന്നു. ഞങ്ങൾ യാതൊരു ദേവതകളെ ഉദ്ദേശിച്ചാണോ യാഗം നടത്തിയതു് ആ ദേവതകൾ വർദ്ധിക്കട്ടെ എന്നാണു് ഈ മന്ത്രം പറയുന്നതു്.

സൂക്തവാകമന്ത്രത്തിൽ യജമാനന്റെ പേരു് ചേർത്തു് ചൊല്ലിയില്ലെങ്കിൽ യാഗം നടത്തിയതിന്റെ ഉദ്ദിഷ്ട ഫലം യജമാനനെ സംബന്ധിച്ചു ആക്കെങ്കിലും ലഭിക്കും. ഈ യജമാനനു് എന്നു് പറഞ്ഞു് പേരുകൂടി പറയുകയാണെങ്കിൽ അതു് യജമാനനെ സ്വർഗലോകത്തിൽ എത്തിക്കുന്നു. "ആയുരാശാസ്തേസുപ്രജാസ്ത്വമാശാസ്തേ" എന്നു മന്ത്രം ചൊല്ലുന്നു ഈ ആശിസ്സുകളെല്ലാം ആശംസിക്കുകയാണു് ചെയ്യുന്നതു്

"സജാതവനസ്യാമാശാസ്തേ" എന്ന മന്ത്രം ചൊല്ലുന്നു. സജാത ശബ്ദംകൊണ്ടു് പറയുന്നതു് പ്രാണനെയാണു്,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അതുകൊണ്ടു് പ്രാണങ്ങൾക്കു് അന്തരായം ഉണ്ടാക്കുന്നില്ല. അഗ്നിദേവൽ ദേവന്മാരാൻ സേവിക്കപ്പെടുന്നു. ഋത്വിക്കുകളും യജമാനനും മനുഷ്യരാൽ സേവിക്കപ്പെടുന്നു എന്നാണു് ഈ മന്ത്രത്തിന്റെ അൎത്ഥം 'ഇഹഗതിർവാമസ്യേദം ചനമോദേവേദ്യഃ'' എന്ന മന്ത്രം ചൊല്ലുന്നു. യാതൊരു ദേവതകളെ ഉദ്ദേശിച്ചു് യാഗം കഴിക്കുന്നു ഃവാ യാതൊരു ദേവതകളെ ഉദ്ദേശിച്ചു് യാഗം കഴിക്കുന്നില്ലയോ ആ രണ്ടു വിധത്തിലുള്ള ദേവതകൾക്കും തനിക്കും ദുഃഖം ഉണ്ടാകാതിരിക്കുന്നതിനു് വേണ്ടി നമസ്കരിക്കുന്നു

ഇതിനവമോഽനുവാകഃ

അഥദശമോഽനുവാകഃ (ബ്രാഹ്മണം)

സംഹിതാ—

ദേവാ വൈയജ്ഞസ്യ സ്വഗാകർത്താരം നാവിന്ദൻതഃശംയും ബാർഹസ്പത്യമബ്രുവന്നിമംനോ യജ്ഞഗ്ഗ്സ്വഗാകുർവിതി സോഽബ്രവീദ്വരം വൃണൈ യദേവാ ബ്രാഹ്മണോക്തോഽശ്രദ്ദധാനോയജാതൈ സാമേയജ്ഞസ്യാശീരസദിതിതസ്മാദ്യദബ്രാഹ്മണോക്തോഽശ്രദ്ദധാനോ യജതേ ശംയുമേവതസ്യ ബാർഹസ്പത്യം യജ്ഞസ്യാശീർഗച്ഛത്യേതന്മമേത്യബ്രവിത്കിംമേ പ്രജായാ ഇതിയോഽപഗുരാതൈശതേനയാതയാദ്യോനിഹനത്സഹസ്രേണയാതയാദ്യോ ലോഹിതം കരവദ്യാവതഃ പ്രസ്കദ്യ പാംസൂൻ സംഗൃഹ്ണാത്താവതഃ സംവത്സരാൻ പിതൃലോകം ന പ്രജാനാദിതി തസ്മാദ് ബ്രാഹ്മണായനാപഗുരേത നനിഹന്യാന്നലോഹിതം കുർയാ ദേതാവതാഹൈനസാ ഭവതിതച്ഛംയോരാവൃണീമഹ ഇത്യാഹ യജ്ഞമേവതത്സ്വഗാകുരോതി തത്ശംയോരാവൃണീമഹ ഇത്യാഹ ശംയുമേവബാർഹസ്പത്യം ഭാഗധേയേന സമർധയതി ഗാതും യജ്ഞായ ഗാതും യജ്ഞപതയേ ഇത്യാഹാ ഽഽശിഷമേവൈതാമാശാസ്തേ സോമം യജതിരേതഏവതദ്ദധാതിത്വഷ്ടാരംയജതി രേത ഏവഹിതം ത്വഷ്ടാരൂപാണിവികരോതിദേവാനാം പത്നീർയജതിമിഥുന ത്വായാഗ്നിംഗൃഹപതിം യജതിപ്രതിഷ്ഠിത്യൈ—

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജാമിവാ ഏതദ്യജ്ഞസ്യ ക്രിയതേ യദാജ്യേന പ്രയാജാ- ഇജ്യന്ത ആജ്യേനപത്നീസംയാജാ ഋതമനൂച്യ പത്നീസംയാ- ജാനാ മൃചാ യജത്യജാമിത്വായാഥോ മിഥുനത്വായ പങ്ക്ത്യൂദ- യനഃപഞ്ചപ്രയാജാ ഇജ്യന്തേ ചത്വാരഃപത്നീസംയാജാഃ സമി- ഷ്ടയജുഃ പഞ്ചമം പങ്ക്തിമേവാനു പ്രയന്തി പങ്ക്തി- മനൂദ്യന്തി ॥

അർത്ഥം—

യാഗത്തിൽ സമർപ്പിക്കപ്പെടുന്ന ദ്രവ്യം അതാതു് ദേവ- ന്മാർക്ക് എത്തിച്ച് കൊടുക്കാനുള്ള ഒരാളിനെ ദേവന്മാർക്ക് കിട്ടിയില്ല. അവർ ബൃഹസ്പതിയുടെ പുത്രനായ "ശംയു"വിനോടു് പറഞ്ഞു. ഈ യാഗത്തിൽ ഞങ്ങൾക്ക് ഓരോരുത്തർക്കും അവരവരുടെ ഭാഗം വീതിച്ച തരിക. ശംയു പറഞ്ഞു— 'അതിനു് പകരം ഞാൻ ഒരു വരം ചോ ദിക്കുന്നു. ബ്രാഹ്മണൻെറ വാക്കു് അനുസരിച്ചല്ലാതെയും ശ്രദ്ധയില്ലാതെയും അനുഷ്ഠിക്കപ്പെടുന്ന യാഗത്തിൻെറ ഫലം എനിക്കു് ലഭിക്കണം.'' എന്നു്. അതുകൊണ്ടു് ബ്രാഹ്മണൻ പറയാതെയും ശ്രദ്ധയില്ലാതെയും യാതൊരു- ത്തൻ യാഗം ചെയ്യുന്നുവോ ആ യാഗത്തിൻെറ ഫലം ബൃഹസ്പതിയുടെ പുത്രനായ ശംയുവിനെത്തന്നെ പ്രാ- പിക്കുന്നു. എനിക്കു് ഈ ഭാഗം ലഭിച്ചു. എൻെറ സന്താന ങ്ങൾക്കു് ഏതു ഭാഗമാണു് ലഭിക്കുക. എന്നു് ശംയു വീണ്ടും ചോദിച്ചു. ബ്രാഹ്മണരെ താഡിക്കുക മുതലായ കററങ്ങൾ ക്കുവേണ്ടി യാതൊരുത്തനു് നൂറു് നാണയം പിഴ വിധി ക്കുന്നുവോ അതും വധ ശിക്ഷയായി യാതൊരുത്തനു് ആ- യിരം നാണയം പിഴ വിധിക്കുന്നുവോ അതും ബ്രാഹ്മണ ശരീരത്തിൽനിന്നു് രക്തം വീഴിച്ചതുകൊണ്ടു് എത്രപാംസു ക്കളെ രക്തം കൊണ്ടു നനഞ്ഞുവോ അത്രയും വർഷം പിതൃ ലോകത്തിലേയ്ക്കു് പോകാതിരിക്കവിധത്തിൽ ശിക്ഷ വിധിക്കാനുള്ള അധികാരവും നിൻെറ പുത്രനു് ലഭിക്കും എന്നു്പറഞ്ഞു. അതുകൊണ്ടു് ബ്രാഹ്മണനു് ദേഹോപദ്ര- വം ചെയ്യരുതു് ബ്രാഹ്മണനെ കൊല്ലരുതു്. ബ്രാഹ്മണനെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മുറിവേൽപിക്കരുതു്. ഇപ്രകാരം പ്രവത്തിച്ചാൽ പാപ-ത്തോടു് കൂടിയവനായ് തീരും.

"തച്ഛംയോരാവൃണീമഹെ" എന്ന മന്ത്രം ചൊല്ലുന്നു. അ-പ്രകാരം ചൊല്ലുന്നതുകൊണ്ടു് യാഗത്തിൻെറ ഭാഗം അതാതു് ദേവന്മാക്കു് എത്തിച്ചുകൊടുക്കുന്നു. "തച്ഛംയോരാ-വൃണീമഹേ" എന്ന മന്ത്രം ചൊല്ലുന്ന അപ്രകാരംചൊല്ലു-ന്നതുകൊണ്ടു് ബൃഹസ്പതിയുടെ പുത്രനായശംയുവിനെ ത്തന്നെ അർഹിക്കുന്ന ഭാഗം നൽകി സന്തൃപ്തനാക്കുന്നു "ഗാതും യജ്ഞായ ഗാതും യജ്ഞപതയേ" എന്ന മന്ത്രം ചൊല്ലുന്നു. ഇതു് ചൊല്ലുന്നതുകൊണ്ടു് മന്ത്രത്തിൽ പറയു-ന്ന ആശിസ്സു് ആശംസിക്കുന്നു. സോമനെ ഉദ്ദേശിച്ചു് യാഗം നടത്തുന്നു. തന്നിമിത്തം യജമാനനു് രേതസ്സു് ഉണ്ടാകുന്നു. ത്വഷ്ടാവിനെ ഉദ്ദേശിച്ചു് യാഗം കഴിക്കുന്നു. ത്വഷ്ടാവു് ഹിതമായ രേതസ്സിനെ വിവിധരൂപത്തി ലാക്കുന്നു. യജമാനൻെറ ഗൃഹത്തിൽ സ്ത്രീ സന്താനവും പുരുഷ സന്താനവും ഉണ്ടാകുന്നതിനു് വേണ്ടി ദേവന്മാ-രുടെ പത്നികളെ ഉദ്ദേശിച്ചു് യാഗം കഴിക്കുന്നു. യജമാ നൻെറ പ്രതിഷ്ഠയ്ക്കു് വേണ്ടി ഗൃഹപതിയായ അഗ്നിയെ ഉദ്ദേശിച്ചു് യാഗം കഴിക്കുന്നു.

നെയ്യു് കൊണ്ടു് പ്രയാജാഹോമം ചെയ്യുന്ന എന്നതും പത്നീസംയാജാ ഹോമം നെയ്യു് കൊണ്ടുതന്നെ ഹോമി-ക്കുന്നു എന്നുള്ളതും യാഗത്തിനു് ആലസ്യം ഉണ്ടാക്കുക-യാണു്. യാഗത്തിനു് ആലസ്യം ഉണ്ടാകാതിരിക്കുന്ന-തിനും യജമാനഗൃഹത്തിൽ സ്ത്രീ പുരുഷന്മാർ ഉണ്ടാകുന്ന-തിനുംവേണ്ടി പുരോ *f* നുവാക്യാ മന്ത്രങ്ങൾ ചൊല്ലിയാഗം കഴിക്കുന്നു.

ദർശപൂർണമാസയാഗം അഞ്ചു പ്രയാജകളോടു് കൂടി. ആരംഭിക്കുകയും പത്നീസംയാജാദി അഞ്ചുഹോമങ്ങളോട കൂടി അവസാനിപ്പിക്കുകയും ചെയ്യുന്നു. പ്രയാജാ മന്ത്രങ്ങ-ൾ അഞ്ചു് ആണു്. പത്നീ സംയാജാ മന്ത്രങ്ങൾ നാലാണു്. സമിഷ്ടയജുസ് ഒന്നു്. ഇങ്ങനെ പങ്ക്തിയിൽ തന്നെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യജ്ഞം ആരംഭിക്കുകയും പങ്ക്തിയിൽ തന്നെ അവസാനിപ്പിക്കുകയും ചെയ്യുന്നു.

[ഈ അനുവാകത്തിൽ വിവരിച്ചശംയുവാക മന്ത്രങ്ങൾ തൈത്തിരിയ ബ്രാഹ്മണം മൂന്നാം കാണ്ഡം അഞ്ചാം പ്രപാഠകത്തിൽ പതിനൊന്നാമത്തെ അനുവാകത്തിൽഉണ്ട്

ഇതിദശമോ ഽനുവാകഃ

അഥഏകാദശോഽനുവാകഃ (മന്ത്രം)

സംഹിത—

യുക്ഷ്വാഹി ദേവഹൂതമാം അശ്വാം അഗ്നേരഥീരിവ । നിഹോതാപൂർവ്യഃ।സദഃ ഉതനോദേവദേവാഗ്ഁംഅച്ഛാവോചോവിദുഷ്ടരഃ। ശ്രദ്വിശ്വാവാര്യാകൃധി। ത്വഗ്ഁംഹയദ്യവിഷ്ഠ്യ സഹസഃ സൂനവാഹുത। ഋതാവായജ്ഞിയോഭുവഃ। അയമഗ്നിഃ സഹസ്രിണോ വാജസ്യശതിനസ്പതിഃ।മൂർധാകവീരയീണാം। തംനേമി മൃഭവോയഥാഽഽ നമസ്വ സഹൂതിഭിഃ।നേദീയോയജ്ഞമങ്ഗിരഃ। തസ്മേനൂനമഭിദ്യവേവാചാവിരൂപനിത്യയാ। വൃഷ്ണേ ചോദസ്വസുഷ്ടുതിം। കമുസ്വിദസ്യസേനയാ ഽഗ്നേരപാചക്ഷസഃ। പണിംഗോഷുസ്തരാമഹേ। മാനോ ദേവാനാം വിശഃ പ്രസ്നാതീരിവോസ്രാഃ। കൃശംനഹാസുരഘ്നിയാഃ। മാനഃസമസ്യദൂഢ്യഃ പരിദ്വേഷസോ അഗ്ഁംഹതിഃ। ഊർമിർനനാവമാവധീത്നമസ്തേ അഗ്നഓജസേഗൃണന്തിദേവകൃഷ്ടയഃ।അമൈരമിത്രമർദയ। കുവിത്സുനോ ഗവിഷ്ടയേ ഽഗ്നേസംവേഷിഷോരയിം। ഉരുകൃദ്ഉരുണസ്കൃധി। മാനോ അസ്മിൻ മഹാധനേ പരാവർഗ്ഭാരഭൃദ്യഥാ। സംവർഗഗ്ഁംസഗ്ഁംരയിം ജയ। അന്യമസ്മദ്ഭിയാ ഇയമഗ്നേഷിഷക്തുദുച്ഛരുനാ।വർധാനോ അമവച്ഛവഃ। യസ്യാജുഷന്നമസ്വിനഃ ശമീമദുർമഖസ്യവാ। തംഘേദഗ്നിർവൃധാ ഽവതി। പരസ്യാ അധി സംവതോ ഽ പരാഗ്ഁം അഭ്യാതര। യത്രാഹമസ്മിതാഗ്ഁം അവ। വിദ്മാഹിതേ പുരാവയമഗ്നേ പിതുർയഥാവസഃ। അധാതേ സുമ്നമീമഹേ। യഉഗ്രഇവശർയഹാതിഗ്മശൃംഗോനവഗ്ഁംസഗഃ। അഗ്നേ പുരോരുരോജിഥ।

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സഖായഃസംവഃസമ്യഞ്ചമിഷഗ്ഗ് സ്തോമംചാഗ്നയേ।വർഷിഷ്ഠാ-
യക്ഷിതീനാമൂർജോനപ്ത്രേ സഹസ്വതേ। സംസമിദ്യുവസേ-
വൃഷന്നഗ്നേവിശ്വാന്യർയ ആ। ഇഡസ്പദേസമിധ്യസേസ-
നോവസൂന്യാഭര। പ്രജാപതേസവേദ സോമാപൂഷണേമൗ-
ദേവൗ ॥

പദച്ഛേദം—

യക്ഷ്വാ ഹി ദേവഹൂതമാം അശ്വാൻ അഗ്നേ രഥീഃ ഇവ നി ഹോതാ പൂർവ്യഃ സദഃ ഉത നഃ ദേവ ദേവാൻ അച്ഛാ വോചഃ വി ദുസ്തരഃ ശ്നദ് വിശ്വാ വാർയാ കൃധി ത്വം ഹ യദ് യവിഷ്ഠ്യ സഹസഃ സൂനോ ആഹുത ഋതാവാ യജ്ഞിയഃ ഭുവഃ അയം അഗ്നിഃ സഹസ്രിണഃ വാജസ്യ ശതിനഃ പതിഃ മൂർധാ കവിഃ രയീണാം തം നേമിം ഋഭവഃ യഥാ ആനമസ്വ സഹൂതിഭിഃ നേദീയഃ യജ്ഞം അംഗിരഃ തസ്മൈ നൂനം അഭിദ്യവേ വാചാ വിരൂപ നിത്യയാ വൃഷ്ണേ ചോദസ്വ സുഷ്ടുതിം കമു സ്വിദ് അസ്യ സേനയാ അഗ്നേഃ അപാചക്ഷസഃ പാണിം ഗോഷു സ്തരാമഹേ മാ നഃ ദേവാനാം വിശഃ പ്രസ്നാതീഃ ഇവ ഉസ്രാഃ കൃശം ന പാംസുഃ അഘ്നിയാഃ മാ നഃ സമസ്യ ദൂഢ്യഃ പരിദ്വേഷസഃ അംഹതിഃ ഊർമിഃ ന നാവം അവധിത് നമഃ തേ അഗ്നേ ഓജസേ ഗൃണന്തി ദേവ കൃഷ്ടയഃ അമൈഃ അമിത്രം അർദയ കുവിത് സു നഃ ഗവിഷ്ടയേ അഗ്നേ സംവോപിഷഃ രയിം ഉരു കൃദ് ഉരു നഃ കൃധി മാ നഃ അസ്മിൻ മഹാധനേ പരാവർക് ഭാരഭൃത് യഥാ സംവരഗം സംരയിം ജയ അന്യം അസ്മദ് ഭിയാ ഇയം അഗ്നേ വിഷക്തു ദുച്ഛുനാ വർധാ നഃ അമവത് ശവഃ യസ്യ അജുഷത് നമസ്വിനഃ ശമീം അദുർമഖസ്യ വാ തം ഘേദ് അഗ്നിഃ വൃധാ അവതി പരസ്യാഃ അധി സംവതഃ അവരാൻ അഭി ആതര യത്ര അഹം അസ്മി തം അവ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിദ്മാ ഹി തേ പുരാ വയം അഗ്നേ പിതുഃ യഥാ അവസഃ അധാ തേ സുമ്നം ഈമഹേ യഃ ഉഗ്ര ഇവ ശർയഹാ തിഗ്മശൃംഗഃ ന വംസഗഃ അഗ്നേ പുരഃ രുരോജിഥ സഖായഃ സം വഃ സമ്യഞ്ചം ഇഷം സ്തോമം ച അഗ്നയേ വർഷിഷ്ഠായ ക്ഷിതീനാം ഊർജഃ നപ്ത്രേ സഹസ്വതേ സം സമിദ് യുവസേ വൃഷൻ അഗ്നേ വിശ്വാനി അർയ ആ ഇഡസ്പദേ സമിധ്യസേ സഃ നഃ വസൂനി ആ ഭര പ്രജാപതേ സഃ വേദ സോമാപൂഷണാ ഇമൌ ദേവൌ ॥

മന്ത്രവും വിനിയോഗവും അർത്ഥവും

1 യുക്ഷ്വാഹിദേവഹൂതമാം അശ്വാം അഗ്നേ
രഥീരിവ നിഹോ താപൂർവ്യഃ സദഃ।

ഇതു മുതൽ പതിനഞ്ചു മന്ത്രങ്ങൾ സാമിധേനി മന്ത്രങ്ങൾ എന്നു പറയപ്പെടുന്നു. ഈ മന്ത്രങ്ങൾ സംവർഗാഗ്നിയെ ഉദ്ദേശിച്ചു ഹോമം ചെയ്യുന്ന അവസരത്തിൽ ചൊല്ലാനുള്ളതാണ്.

ഹേ അഗ്നേ ! രഥീ = രഥസ്വാമി, അശ്വാൻ ഇവ = കുതിരകളെ എന്ന പോലെ, ത്വം = അങ്ങ്, ദേവഹൂതമാൻ = ദേവന്മാരെ വിളിക്കാനുള്ളവരെ, യുക്ഷ്വാഹി = ഈ കർമ്മത്തിൽ നിയോഗിക്കുക. ത്വം = അങ്ങ്, പൂർവ്യഃഹോതാ = പുരാതനനായ ഹോതാവായിട്ട്, നിഷദഃ = ഈ യാഗസ്ഥലത്തിൽ ഇരുന്നാലും.

2 ഉതനോ ദേവ ദേവാം അച്ഛാവോചോ
വിദുഷ്ടരഃ ശ്നദ്വിശ്വാവാർയാ കൃധി।

ഉത = കൂടാതെ, ഹേ അഗ്നേ ! ത്വം = അങ്ങ്, വിദുഷ്ടരഃ = ഞങ്ങളുടെ അഭിപ്രായം നല്ലപോലെ അറിയുന്നവനായി, ദേവാൻ അച്ഛ = ദേവന്മാർക്ക് അഭിമുഖമായി ചെന്ന്, വോചഃ = യജമാനൻ ഹവിസ്സ് തരാൻ പോകു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന്നു എന്നു് പറഞ്ഞാലും. വിശ്വാവാര്യാ = ഞങ്ങൾക്കു് ക്കഭി മതമായ എല്ലാ കാര്യങ്ങളും, ശ്നത്കൃധി = ഞങ്ങൾക്കു് വിശ്വസിക്കത്തക്കവിധത്തിലാക്കുക.

3 ത്വം ഹയദ്യവിഷ്ഠ്യ സഹസഃ സൂനവാഹുത
ഋതാവായജ്ഞിയോ ഭുവ।

യവിഷ്ഠ്യ = യുവതമനും, സഹസഃ സൂനോ = ബലത്തിന്റെ പുത്രനായിട്ടുള്ളവനും, ആഹുത = ദേവന്മാരാൽ വിളിക്കപ്പെടുന്നവനും ആയ അല്ലയോ അഗ്നേ ! ത്വം ഹ = അങ്ങു് തന്നെയാണു്, യദ് = യാതൊരു കാരണത്താൽ, ഋതാവാ = സത്യവാനായിരിക്കുന്നുവോ, തസ്മാത് = അതുകൊണ്ടു്, യജ്ഞിയഃ ഭവ = യജ്ഞസാധകനായി ഭവിച്ചാലും.

4 അയമഗ്നിഃ സഹസ്രിണോ വാജസ്യശതിനസ്പതിഃ।
മൂർധാകവീരയീണാം ।

അയം അഗ്നിഃ = ഈ അഗ്നി, സഹസ്രിണഃ = ആയിരക്കണക്കിൽ ഉള്ളതും, ശതിനഃ = നൂറു് കണക്കിലുള്ളതും ആയ, വാജസ്യ = അന്നത്തിന്റെ, പതിഃ = അധിപതിയും, മൂർധാ = ഉന്നതനും, കവിഃ = വിദ്വാനും, രയീണാം ദാതാ = ധനം തരുന്നവനും ആകുന്നു.

5. ത്വം നേമിമൃഭവോ യഥാऽനമസ്വസഹൂതിഭിഃ
നേദീയോ യജ്ഞമംഗിരഃ॥

ഹേ അംഗിര അഗ്നേ! = അംഗസൗഷ്ഠവമുള്ള അല്ലയോ അഗ്നേ! സഹൂതിഭിഃ യുക്തഃ ത്വം = സമാനമായ ആഹ്വാനത്തോടുകൂടിയ അങ്ങു്, ഋഭവഃ = ദേവശില്പികൾ, യഥാ നേമിം = നേമികൊണ്ടുവന്നു് പരിഭ്രമണത്തിനു് യോഗ്യമാക്കുന്നതുപോലെ, തം യജ്ഞം = ആ യാഗത്തെ. നഃ നേദീയഃ = ഞങ്ങളുടെ സമീപത്തിലേക്കു്, ആനമസ്വ = നയിക്കുക

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

6 തസ്മേന്നൂനമഭിദ്യവേ വാചാവിരൂപനിത്യയാ
വൃഷ്ണേചോദസ്വസുഷ്ടുതിം।

ഹേവിരൂപ അഗ്നേ! = വിവിധ രൂപങ്ങളോട്കൂടിയ-അല്ലയോ അഗ്നേ! അഭിദ്യവേ = എല്ലാ സ്ഥലത്തും പ്രകാശിക്കുന്നവനും। വൃഷ്ണേ = ആഗ്രഹങ്ങൾ സാധിച്ചു തരുന്നവനും ആയ, തസ്മൈ = യഷ്ടവ്യനായ ദേവന്, നിത്യയാവാചാ = വൈദിക മന്ത്ര രൂപമായ വാക്കുകളാൽ സുഷ്ടുതിം = ഞങ്ങളാൽ ചെയ്യപ്പെടുന്ന നല്ല സ്തുതികൾ, നൂനം ചോദസ്വ = ആ ദേവന്റെ അടുക്കൽ പറഞ്ഞാലും.

7 കമുഷ്വിദസ്യസേനയാഗ്നേരപാചക്ഷസഃ
പാണിംഗോഷ്വസ്തരാമഹേ।

അപാചക്ഷസഃ = സർവജ്ഞനായ, അസ്യഅഗ്നേഃ = ഈ അഗ്നിയുടെ, സേനയാ = സൈന്യത്തോടുകൂടി, ഗോഷു = ഗവാദിദ്രവ്യവിഷയങ്ങളിൽ, കമുപാണിം – ഏതു വ്യവഹാരം സ്തരാമഹേ സ്മിത് = മറച്ച് വെയ്ക്കാൻ കഴിയും.

8 മാനോദേവാനാം വിശഃ പ്രസ്നാതീരിവോസ്രാഃ
കൃശം നഹാസുരഘ്നിയാഃ।

പ്രസ്നാതീഃ = ക്ഷീരം തന്നുകൊണ്ടിരിക്കുന്നവയും, ഉസ്രാഃ = വാസയോഗ്യകളും ആയ, അഘ്നിയാഃ = പശുക്കൾ, കൃശം ഇവ = പ്രായമാകാത്ത തന്റെ കുട്ടികളെ പോലെ, നഃ = ഞങ്ങളെ, മാഹാസുഃ ഉപേക്ഷിച്ചിട്ടില്ല.

9 മാനഃ സമന്യദൂഢ്യഃപരിദ്വേഷസോ അംഹതിഃ।
ഊർമിർനനാവമാവധീത് ।

നാവം = നദിയിൽ പൊയ്ക്കൊണ്ടിരിക്കുന്ന നൗകയെ, ഊർമിഃന = നദിയിലെ തരംഗങ്ങൾ എന്ന പോലെ, സമന്യ = ഞങ്ങൾക്കു തുല്യനും, ദൂഢ്യഃ = ദുർബുദ്ധിയും, പരിദ്വേഷസഃ = ഞങ്ങളിൽ വിദ്വേഷം വെച്ചുകൊണ്ടിരിക്കുന്നവനുമായ ശത്രുവിന്റെ, അംഹതിഃ = ദ്രോഹങ്ങൾ, നഃ = ഞങ്ങളെ മാ അവധീത് = ഉപദ്രവിക്കരുതു്

10 നമസ്തേഅഗ്നഓജസേ ഗൃണന്തിദേവകൃഷ്ടയഃ
അമൈരമിത്രമർദയ।

ഹേ ദേവ അഗ്നേ! = അല്ലയോ ദേവനായ അഗ്നേ! കൃഷ്ടയഃ = ആളുകൾ, തേ ഓജസേ = അങ്ങയുടെ ബലത്തിന്,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നമഃ ഗൃണന്തി = നമസ്കാരം പറയുന്ന അമിത്രം = ഞങ്ങളുടെ ശത്രുക്കളെ, അമൈഃ = രോഗാദികളാൽ അർദയ = പീഡിപ്പിച്ചാലും.

11 കുവിത്സനോ ഗവിഷ്ടയേ/ഗ്നേ സംവേഷിഷോരയിം ഉരുകൃദുരുണസ്കൃധി;

ഇതു് സംവർഗേഷ്ടി ഹോമത്തിൻെറ പുരോ/നുവാക്യയാണു് ഹേ അഗ്നേ! ഗവിഷ്ടയേ = പശുക്കളോടു് കൂടിയ യാഗത്തിനു് വേണ്ടി, ത്വം = അങ്ങു്, നഃ = ഞങ്ങളുടെ, രയിം = ധനം, കുവിദ് — വളരെയധികം വർദ്ധിക്കത്തക്കവിധം, സുസംവേഷിഷഃ = വ്യാപിപ്പിച്ചാലും. ഉരുകൃദ് ത്വം = ധനാദികരം ധാരാളമായി തരുന്ന അങ്ങു്. നഃ = ഞങ്ങളുടെ കർമ്മഫലം, ഉരുകൃധി = വർദ്ധിപ്പിച്ചാലും

12 മാനോ അസ്മിൻ മഹാധനേ പരാവർക്ഭാരഭൃദ്യഥാ സംവർഗം സംരയിം ജയ।

ഇതു് സംവർഗേഷ്ടിയുടെ യാജ്യാ മന്ത്രമാണു്.

നഃ = ഞങ്ങൾക്കു്, ത്വയാദത്തേ = അങ്ങയാൽ തരപ്പെട്ട മഹാധനേ = വലിയ സമ്പത്തിൽ, മാ പരാവർക് = പരാജയത്തിനു് കാരണമായ നാശം ഉണ്ടാകരുതു്. ഭാരഭൃത് = ഭാരം വലിച്ചുകൊണ്ടുപോകുന്ന കാള മുതലായവ. യഥാ = എപ്രകാരമാണോ ദ്രവ്യം നശിപ്പിക്കാതിരിക്കുന്നതു് അതുപോലെ, സംവർഗം = നല്ലപോലെ യോജിപ്പിച്ചു്, സംരയിം ജയ = പല പ്രാവശ്യം ഞങ്ങൾക്കു് ധനം സമ്പാദിച്ചു തരിക

13 അന്യമസ്മദ്ഭിയാ ഇയം അഗ്നേസിഷക്തു ദുഛുനാ। വർധാനോ അമവച്ഛവഃ।

ഇതും സംവർഗേഷ്ടിയുടെ മററൊരു യാജ്യാ മന്ത്രമാണു്

ഹേ അഗ്നേ! ഇയം ദുഛുനാ = ഈ രോഗദാരിദ്ര്യാദിപീഡ അസ്മദന്യം = ഞങ്ങളുടെ ശത്രുക്കളെ, ഭിയൈ = പേടിപ്പിക്കുന്നതിന്നു് വേണ്ടി, സിഷക്തു = അവരെ ആശ്രയിക്കട്ടെ. അമവത് = വൈരികളുടെ രോഗം വർദ്ധിപ്പി-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്കുന്നതുപോലെ, നഃ = ഞങ്ങളുടെ, ശവഃ = ബലം, വർധ = വർധിപ്പിച്ചാലും.

14 യസ്യാജ്ജുഷന്നമസ്വിനഃ ശമീമദുർമഖസ്യ വാ
തംഘേദഗ്നിർവൃധാവതി ।

ഇതു് സ്വിഷ്ടകൃത് യാഗത്തിന്റെ പുരോ ƒ നുവാക്യയാണു്. അദുർമഖസ്യ = ശരിയായ വിധം യാഗം അനുഷ്ഠിച്ചവനും, നമസ്വിനഃ = നമസ്കരിക്കുന്നവനുമായ, യസ്യ = യാതൊരു യജമാനന്റെ, ശമീം = സുഖകരമായ ആഹുതി, അഗ്നിഃ = അഗ്നി, അജ്ജുഷത് = സ്വീകരിച്ചുവോ തംഘേത് = ആ യജമാനനെത്തന്നെ, അഗ്നിഃ = അഗ്നി, വൃധാ = ധനാഭികാം നൽകി, അവതി = രക്ഷിക്കുന്നു.

15 പരസ്യാ അധിസംവതോ ƒ വരാം അഭ്യാതര
യത്രാഹമസ്മിതാം അവ !

സ്വിഷ്ടകൃദ്യാഗത്തിനുള്ളമററൊരു പുരോ ƒ നുവാക്യാമന്ത്രമാണു് ഇതു്.

പരസ്യാഃ = ഉത്കൃഷ്ടമായ, സംവതഃ അധി = ഈ യാഗാനുഷ്ഠാനം ;അവരാൻഅപി = ഉത്കൃഷ്ടരല്ലാത്ത ഞങ്ങളേയും, അഭി ആതര = അഭിമുഖമായി വന്നു് ദുഃഖത്തിൽ നിന്നു് മോചിപ്പിക്കട്ടെ. യത്ര അഹം അസ്മി = ഞാൻ ആരുടെ ബന്ധുവായിരിക്കുന്നുവോ, താം = അവളേയും (എന്റെ ഭാര്യയേയും) അവ = രക്ഷിക്കട്ടെ.

16 വിദ്മാഹിതേപുരാവയമഗ്നേപിതുർയഥാവസഃ।
അധാതേസുമ്നമീമഹേ।

സ്വിഷ്ടകൃത് യാഗത്തിനുള്ള യാജ്യാമന്ത്രമാണു് ഇതു്.

ഹേ അഗ്നേ ! പിതുഃ യഥാ = പിതാവിന്റെ രക്ഷണം എപ്രകാരം അറിയുന്നുവോ അതുപോലെ, വയം = ഞങ്ങൾ തേ = അങ്ങയുടെ, അവസഃ = രക്ഷണം, പുരാ വിദ്മഹി = നല്ലപോലെ അറിയുന്നുണ്ടു്. അധാ = അതുകൊണ്ടു്, തേ സുമ്നം = അങ്ങയാൽ നൽകപ്പെട്ട സുഖം, ഈമഹേ = ഞങ്ങൾക്കു ലഭിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

17 യ ഉഗ്രഇവശർയഹാതിഗ്മശൃംഗോ നവം സഗഃ
അഗ്നേ പുരോരുരോജിഥ।

ഇതു് മുതൽ മൂന്നു് മന്ത്രം ഉപഹോമത്തിനുള്ളതാണു്.
ഹേ അഗ്നേ! യഃ ത്വം = അങ്ങു്, ഉഗ്രഃ ഇവ = ഉഗ്രനായ രാജാവിനെപ്പോലെ, ശർയഹാ = ഹിംസ ചെയ്യുന്നവരെ നശിപ്പിക്കുന്നവനും. തിഗ്മശൃംഗഃ = തീക്ഷ്ണമായ കൊമ്പുകളോടുകൂടിയ മൃഗത്തെപ്പോലെ, വസംഗഃ = ദാവാഗ്നിരൂപത്തിൽ വനത്തിൽ സ്ഥിതി രചയ്യുന്നു. അപ്രകാരമുള്ള അങ്ങു്, പുരഃ രുരോജിഥ = ശത്രുക്കളുടെ പുരങ്ങളെ നശിപ്പിക്കുന്നു.

18 സഖായഃ സംവഃ സമ്യഞ്ചമിഷം സ്തോമം ചാഗ്നയേ
വർഷിഷ്ഠായക്ഷിതീനാമൂർജോനപ്ത്രേസഹസ്വതേ।

ഹേ സഖായഃ = പരസ്പരം സ്നേഹമുള്ള ഋത്വിക്കുകളേ! വഃ = നിങ്ങളുടെ, സമ്യഞ്ചം = ശരിയായ, ഇഷം = ആഗ്രഹം, അയം അഗ്നിഃ = ഈ അഗ്നി. സംപാദയതു = സാധിക്കട്ടെ യൂയം ച = നിങ്ങളും, ക്ഷിതീനാം മധ്യേ = നിവാസഹേതുക്കളിൽ, വർഷിഷ്ഠായ = അതീവവൃദ്ധിയെ പ്രാപിച്ചവനും, ഊർജഃനപ്ത്രേ = ബലത്തെ രക്ഷിക്കുന്നവനും, സഹസ്വതേ = അതിശയേന ബലവാനും ആയ അഗ്നിം = അഗ്നിയെ ഉദ്ദേശിച്ചു്, സ്തോമം സമ്പാദയന്തു = സ്തോത്രങ്ങൾ ചൊല്ലുവിൻ.

19 സംസമിദ്യൂവസേവൃഷന്നഗ്നേവിശ്വാന്യർയ ആ !
ഇഡസ്പദേസമിധ്യസേ സനോവസൂന്യാഭര ।

ഹേവൃഷൻ അഗ്നേ! = ആഗ്രഹങ്ങൾ സാധിച്ചുതരുന്നവനല്ലയോ അഗ്നേ ! അങ്ങു്, വിശ്വാനിസംസമിത് = എല്ലാ പദാർത്ഥങ്ങളും, യുവസേ = യജമാനനു് സമ്പാദിച്ചുകൊടുക്കുന്നു. അർയ! = ഈശ്വരനായ അങ്ങു്, ആ = ഇവിടെ വന്നു്, ഇഡസ്പദേ = പൃഥിവിരൂപമായ വേദിയിൽ, സമിധ്യസേ = നല്ലപോലെ ജ്വലിക്കുന്നു. താദൃശഃ ത്വം = അപ്രകാരം ഉള്ള അങ്ങു്, നഃ = ഞങ്ങൾക്കു്, വസൂനി ആഭര = ധനം തന്നാലും.

20-23 പ്രജാപതേ സവേദ സോമാ പൂഷണേമൗ ദേവൗ ।

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

"പ്രജാപതേനത്വദേതാന്യന്യഃ" എന്ന മന്ത്രം സന്താന ലാഭത്തിനു്വേണ്ടി പ്രജാപതിയെ ഉദ്ദേശിച്ച് ചെയ്യുന്ന‌യാഗത്തിൻെറ പുരോ ഽനുവാക്യയും "സവേദ പുത്രഃപിതരം" എന്നു് ആരംഭിക്കുന്ന മന്ത്രം അതിൻെറ യാജ്യയും ആണു്. ഇവയിൽ ആദ്യത്തെ മന്ത്രം "സോമസ്യത്വിഷിരസി" എന്ന അനുവാകത്തിലും രണ്ടാമത്തെ മന്ത്രം "ഹിരണ്യ ഗർഭ അപോഹയത്" എന്ന അനുവാകത്തിലും വ്യാഖ്യാനിച്ചിട്ടുണ്ടു്. സോമാ പൂഷണാജനനാ" എന്നു് ആരംഭിക്കുന്ന മന്ത്രം പശുക്കടം ധാളാളം ലഭിക്കണം എന്നു് ആഗ്രഹിക്കുന്നവർ സോമനേയും പൂഷാവിനേയും ഉദ്ദേശിച്ച് ചെയ്യുന്നയാഗത്തിൻെറ പുരോഽനുവാക്യയും "ഇമൗ ദേവൗ ജായമാനൗ" എന്നു് ആരംഭിക്കുന്ന മന്ത്രം അതിൻെറ യാജ്യയും ആണു്. ഇവ രണ്ടും "അഗ്നാവിഷ്ണുമഹി" എന്നു് ആരംഭിക്കുന്ന അനുവാകത്തിൽ വ്യാഖ്യാനിച്ചിട്ടുണ്ടു്.

ഇതിഏകാദശോഽനുവാകഃ

ദ്വാദശോഽനുവാകഃ (മന്ത്രം)

സംഹിത—

ഉശന്തസ്ത്വാഹവാമഹ ഉശന്തഃ സമിധിമഹി। ഉശന്നുശത ആവഹ പിതൄൻഹവിഷേ അത്തവേ। ത്വം സോമ പ്രചികിതോ മനീഷാ ത്വംരജിഷ്ഠ മനു നേഷിപന്ഥാം। തവ പ്രണീതീപിതരോന ഇന്ദ്രോ ദേവേഷുരത്നമഭജന്തധീരാഃ। ത്വയാഹിനഃപിതരഃ സോമപൂർവേ കർമാണി ചക്രുഃ പവമാനധീരാഃ। വന്വന്നവാതഃ പരിധീരപോർണു വീരേഭിരശ്വൈർമഘവാഭവാനഃ। ത്വം സോമപിതൃഭിഃ സംവിദാനോഽനുദ്യാവാ പൃഥിവി ആതതന്ഥ। തസ്മൈത ഇന്ദോഹവിഷാവിധേമ വയം സ്യാമപതയോരയീണാം। അഗ്നിഷ്വാത്താഃ പിതര ഏഹഗച്ഛത സദഃ സദഃ സദത സുപ്രണീതയഃ। അത്താഹവീംഷിപ്രയതാനി ബർഹിഷ്യഥാരയിം സർവവീരം ദധാതന। ബർഹിഷദഃ പിതര ഊത്യർവാഗിമാ വോ ഹവ്യാ ചകൃമാ ജുഷധ്വം। തആഗതാവസാ ശംതമേനാഥാസ്മഭ്യം ശംയോരരപോദധാത ആഽഹം പിതൄൻ സുവിദത്രാം അവിത്സിനപാതം ചവിക്രമണം ച

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിഷ്ണോഃ। ബർഹിഷദോ യേസ്വധയാ സുതസ്യ ഭജന്ത
പിത്വസ്ത ഇഹാഽഽഗമിഷ്ഠാഃ। ഉപഹൂതാഃ പിതരഃ സോമ്യാസോ
ബർഹിഷ്യേഷുനിധിഷു പ്രിയേഷു। തആഗമന്തുതഇഹ ശ്രുവന്ത്വ
ധിബ്രുവന്തുതേ അവന്ത്വസ്മാൻ । ഉദീരതാമവര ഉത്പരാസ
ഉന്മധ്യമാഃ പിതരഃ സോമ്യാസ। അസും യ ഈയുരവൃകാ
ഋതജ്ഞാസ്തേനോഽവന്തു പിതരോഹവേഷു। ഇദം പിതൃഭ്യോന-
മോ അസ്ത്വദ്യ ഃയ പൂർവാസോ യ ഉപരാസ ഈയുഃ। യേപാർത്ഥി
വേരജസ്യാനിഷത്താ യേവാ നൂനം സുവൃജനാസുവിക്ഷു। അധാ-
യഥാനഃ പിതരഃ പരാസഃ പ്രത്നാസോ അഗ്നഋതമാശുഷാണാഃ।
ശുചീദയൻ ദീധിതിമുക്ഥശാസഃ ക്ഷാമാഭിന്ദന്തീ അരുണീര-
പവ്രൻ। യദഗ്നേകവ്യവാഹന പിതൄൻ യക്ഷി ഋതാവൃധഃ। പ്രച-
ഹവ്യാനിവക്ഷ്യസിദേവേഭ്യശ്ച പിതൃഭ്യആ। ത്വമഗ്ന ഈഡി-
തോ ജാതവേദോഽവാഡ്ഢവ്യാനി സുരഭീണികൃത്വാ। പ്രാദാഃ
പിതൃഭ്യഃ സ്വധയാതേ അക്ഷന്നദ്ധി ത്വം ദേവ പ്രയതാ
ഹവീംഷി। മാതലീകവ്യൈർയമോ അങ്ഗിരോഭിർ ബൃഹ-
സ്പതിർഋക്വഭിർവാവൃധാനഃ। യാംശ്ച ദേവാവാവൃധു
ർയേചദേവാൻ സ്വാഹാന്യേ സ്വധയാ ഽ ന്യേമദന്തി । ഇമ
യമപ്രസ്തരമാഹി സീദാങ്ഗിരോഭിഃ പിതൃഭിഃ സംവിദാനഃ।
ആത്വാമന്ത്രാഃ കവിശസ്താ വഹന്ത്വേനാ രാജൻ ഹവിഷാമാദ-
യസ്വ। അംഗിരോഭിരാഗഹി യജ്ഞിയേഭിർയമവൈരൂപൈ-
രിഹമാദയസ്വ। വിവസ്വന്തംഹുവേയഃ പിതാതേ ഽ സ്മിൻ
യജ്ഞേ ബർഹിഷ്യാനിഷദ്യ। അംഗിരസോനഃ പിതരോ നവ
ഗ്വാ അഥർവാണോ ഭൃഗവഃ സോമ്യാസഃ । തേഷാം വയം സുമ
തൗയജ്ഞിയാനാമപിഭദ്രേസൗമനസേസ്യാമ॥

പദച്ഛേദം —

ഉശന്തഃ ത്വാ ഹവാമഹേ ഉശന്തഃ സമിധീമഹി
ഉശൻ ഉശതഃ ആ വഹ പിതൄൻ ഹവിഷേ അത്തവേ
ത്വം സോമ പ്ര ചികിതഃ മനീഷാ ത്വം രജിഷ്ഠം
അനു നേഷി പന്ഥാം തവ പ്രണീതീ പിതരഃ ന
ഇന്ദ്രഃ ദേവേഷു രത്നം അഭജന്ത ധീരാഃ ത്വയാ ഹി
നഃ പിതരഃ സോമ പൂർവേ കർമാണി ചക്രുഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പവമാന ധീരാഃ വന്വൻ അവാതഃ പരീധീൻ
അപോർണ്ണ വീരേഭിഃ അശൈ്വഃ മഘവാ ഭവ നഃ
ത്വം സോമ പിതൃഭിഃ സംവിദാനഃ ന ദ്യാവാപൃ-
ഥിവീ ആ തതന്ഥ തസ്മൈ തേ. ഇന്ദോ ഹവിഷാ
വിധേമ വയം സ്യാമ പതയഃ രയീണാം അഗ്നി-
ഷ്വാത്താഃ പിതരഃ ആ ഇഹ ഗച്ഛത സദഃസദഃ
സദത സുപ്രണീതയഃ അത്താ ഹവീംഷി പ്രയതാനി
ബർഹിഷി അഥാ രയിം സർവവീരം ദധാതന
ബർഹിഷദഃ പിതരഃ ഊതീ അർവാക് ഇമാ വഃ
ഹവ്യാ ചകൃമാ ജുഷധ്വം തത് തേ ഗത അവസാ
ശന്തമേന അഥാ അസ്മഭ്യം ആ അഹം പിതൄൻ
സുവിദത്രാം അവിത്സി നപാതം ച വിക്രമണം ച
വിഷ്ണോഃ ബർഹിഷദഃ യേ സ്വധയാ സുതസ്യ ഭജന്തഃ
പിത്വഃ തേ ഇഹ ആ ഗമിഷ്ഠാഃ ഉപഹൂതാഃ
പിതരഃ സൗമ്യാസഃ ബർഹിഷ്യേഷു നിധിഷു പ്രിയേഷു
തേ ആ ഗമന്തു തേ ഇഹ ശ്രുവന്തു അധി ബ്രുവന്തു തേ
അവന്തു അസ്മാൻ ഉദ് ഈരതാം അവരേ ഉത് പരാസഃ
ഉന്മധ്യമാഃ പിതരഃ സോമ്യാസഃ അസും യേ ഈയുഃ
അവൃകാഃ ഋതജ്ഞാഃ തേ നഃ അവന്തു പിതരഃ
ഹവേഷു ഇദം പിതൃഭ്യഃ നമഃ അസ്തു അദ്യ യേ
പൂർവാസഃ യേ ഉപരാസഃ ഈയുഃ യേ പാർഥിവേ
രജസി ആനിഷത്താ യേ വാ നൂനം സുവൃജനാ
സുവിക്ഷു അധാ യഥാ നഃ പിതരഃ പരാസഃ
പ്രത്നാസഃ അഗ്നേ ഋതം ആശുഷാണാഃ ശുചീദയൻ
ദീധിതിം ഉക്ഥശാസഃ ക്ഷാമാ ഭിന്ദന്തഃ അരുണീഃ
അപവ്രൻ യദ് അഗ്നേ കവ്യവാഹന പിതൄൻ
യക്ഷി. ഋതാവൃധഃ പ്ര ച ഹവ്യാനി വക്ഷ്യസി
ദേവേഭ്യഃ ച പിതൃഭ്യഃ ആ ത്വം അഗ്നേ ഈഡിതഃ
ജാതവേദഃ അവാഡ് ഹവ്യാനി സുരഭീണി കൃത്വാ
പ്ര അദാഃ സ്വധയാ തേ അക്ഷൻ അദ്ധി ത്വം
ദേവ പ്രയതാ ഹവീംഷി മാതലീ കവ്യൈഃ യമഃ
അംഗിരോഭിഃ ബൃഹസ്പതിഃ ഋക്കഭിഃ വാവൃധാനഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യാൻ ച ദേവാഃ വാവൃധുഃ യേ ച ദേവാൻ സ്വാഹാ അന്യേ സ്വധയാ അന്യേ മദന്തി ഇമം യമ പ്രസ്തരം ആ ഹി സീദ അംഗിരോഭിഃ പിതൃഭിഃ സംവിദാനഃ ആ ത്വാ മന്ത്രാഃ കവിശസ്താഃ വഹന്തു ഏനാ രാജൻ ഹവിഷാ മാദയസ്വ അംഗിരോഭിഃ ആ ഗഹി യജ്ഞിയേഭിഃ യമ വൈരൂപൈഃ ഇഹ മാദയസ്വ വിവസ്വന്തം ഹുവേ യഃ പിതാ തേ അസ്മിൻ യജ്ഞേ ബർഹിഷി ആ നിഷദ്യ അംഗിരസഃ നഃ പിതരഃ നവഗ്വാഃ അഥർവാണഃ ഭൃഗവഃ സോമ്യാസഃ തേഷാം വയം സുമതൗ യജ്ഞിയാനാം അപി ഭദ്രേ സൗമനസേ സ്യാമ ||

മന്ത്രവും വിനിയോഗവും അർത്ഥവും

1 ഉശന്തസ്ത്വാഹവാമഹ ഉശന്തഃ സമിധീമഹി
ഉശന്നുശത ആവഹ പിതൄൻ ഹവിഷേ അത്തവേ ।

ഈ സാമിധേനീ മന്ത്രം മൂന്ന് പ്രാവശ്യം ചൊല്ലുന്നു. ഹേ അഗ്നേ! ഉശന്തഃ = പിതൃക്കളെ ആരാധിക്കാൻ ആഗ്രഹിക്കുന്ന, വയം = ഞങ്ങൾ, ത്വാ = അങ്ങയെ, ഹവാമഹേ = വിളിക്കുന്നു. ഉശന്തഃ = വീണ്ടും പിതൃക്കളെ ആരാധിക്കുന്ന ഞങ്ങൾ, ത്വാ = അങ്ങയെ, സമിധീമഹി = വർധിപ്പിക്കുന്നു. = ഉശൻ = ആഗ്രഹമുള്ള അങ്ങ്, ഉശതഃ പിതൃക്കളെതൃപ്തിപ്പെടുത്താൻ ആഗ്രഹിക്കുന്ന യജമാനന്റെ, പിതൄൻ = പിതൃക്കളെ, ഹവിഷേ അത്തവേ = ഹവിർഭക്ഷണത്തിനായി. ആവഹ = വിളിച്ച് കൊണ്ടുവരിക.

2 ത്വം സോമപ്രചികിതോമനീഷാ
ത്വം രജിഷ്ഠമനുനേഷിപന്ഥാം ।
തവ പ്രണീതി പിതരോനഇന്ദോ
ദേവേഷുരത്നമഭജന്തധീരാഃ ।

ഈ മന്ത്രവും അടുത്ത മന്ത്രവും പിതൃയജ്ഞത്തിനുള്ള പുരോ/നുവാക്യയാണ്.

ഹേസോമ! ത്വം = അങ്ങ്, മനീഷാ = അങ്ങയുടെ ബുദ്ധിശക്തികൊണ്ട്, പ്രചികിതഃ = പ്രകർഷേണ അറിയപ്പെടുന്നവനാണ്. രജിഷ്ഠം = ജലസമൃദ്ധികൊണ്ട് മനോഹരമായ, പന്ഥാം = മാർഗത്തിൽ, അനുനേഷി = എത്തിക്കുന്നു. ഹേ ഇന്ദോ ! = അല്ലയോ ചന്ദ്ര, തവ = അങ്ങയുടെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രണിതീ = പരിചരണത്താൽ, നഃ = ഞങ്ങളുടെ, പി- തരഃ = പിതൃക്കരം, ദേവേഷു = ദേവന്മാരുടെ ഇടയിൽ, ധീരാഃ സന്തഃ = ധീരന്മാർ ആയിട്ടു്, രത്നം = രമണീയമായ ഹവിസ്സു്, അഭജന്ത = സ്വീകരിച്ചു.

3 ത്വയാഹിനഃ പിതരഃ സോമപൂർവേ
കർമാണിചക്രുഃ പവമാന ധീരാഃ ।
വന്വന്നവാതഃ പരിധീംരപോർണു
വീരേഭിരശ്വൈർമഘവാഭവാനഃ।

ഹേപവമാന സോമ ! പരിശുദ്ധമാക്കുന്ന അല്ലയോ സോമ! ഹി = യാതൊരു കാരണത്താൽ, നഃ = ഞങ്ങളുടെ, പൂർവേപിതരഃ = പൂർവികരായ പിതൃക്കരം, ത്വയാ = അങ്ങയാൽ, അനുഗ്രഹിക്കപ്പെട്ടവരായി, കർമാണിചക്രുഃ = കർമങ്ങരം അനുഷ്ഠിച്ചു. ജന്മാനി = അവരുടെ കഴിഞ്ഞ ജന്മങ്ങരം, പരിസ്മരന്തഃ = സ്മരിച്ചു കൊണ്ടു്, ധീരാഃ തിഷ്ഠന്തി = ധീരന്മാരായിരിക്കുന്നു. തസ്മാത് = അതു കൊണ്ടു്, ത്വം അപി = അങ്ങും, അവാതഃ = വായുവിന്റെ അപേക്ഷയില്ലാതെ, ജ്വലനേന = അഗ്നിയുടെ സഹായത്തോടുകൂടി, അസ്മദീയം ഹവിഃ = ഞങ്ങരം സമർപ്പിക്കുന്ന ഹവിസ്സു്, വന്വൻ = ഭക്ഷിക്കുന്നവനായി, പരിധീൻ = പരിധി പോലെ ചുററും വന്നു ചേരുന്ന പ്രതിബന്ധങ്ങളെ, വീരേഭിഃ അശ്വൈഃ = സാമർത്ഥ്യംഉള്ള അശ്വങ്ങളാൽ, അപോർണ = മാററിയാലും, നഃ = ഞങ്ങരംക്കു്, മഘവാഭവ = ധനം തരുന്നവനായി ഭവിക്കുക.

4 ത്വംസോമപിതൃഭിഃസംവിദാനോ
നുദ്യാവാപൃഥിവീആതതന്ഥ ।
തസ്മൈത ഇന്ദോഹവിഷാവിധേമ
വയംസ്യാമപതയോരയീണാം ।

ഇതു് പിതൃയജ്ഞത്തിനുള്ളയാജ്യാ മന്ത്രം ആണു്

ഹേസോമ ! ത്വം = അങ്ങു്, പിതൃഭിഃ = പിതൃക്കളോടുകൂടി, സംവിദാനഃ = സൗഹാർദം പ്രാപിച്ചവനായി, ദ്യാവാപൃഥിവീ = ദ്യോവിലും പൃഥിവിയിലും, ആതതന്ഥ = വ്യാപിച്ചിരിക്കുന്നു. ഹേ ഇന്ദോ ! അല്ലയോ ചന്ദ്ര !

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തസ്മൈതേ = അപ്രകാരമുള്ള അങ്ങയ്ക്ക്, ഹവിഷാ = ഹവിസ്സ് സമർപ്പിച്ച്, വിധേമ = ഞങ്ങൾ പരിചർയ്യ നടത്തുന്നു വയം = ഞങ്ങൾ രയീണാം പതയഃ സ്യാമ = ധനത്തിന്റെ അധിപതികൾ ആയിത്തീരട്ടെ.

5 അഗ്നിഷ്വാത്താപിതരഏഹഗച്ഛത
സദഃ സദഃ സദത സുപ്രണീതയഃ।
അത്താഹവീംഷിപ്രയതാനി
ബർഹിഷ്യഥാ രയിം സർവ്വവീരം ദധാതന।

അഗ്നിഷ്വാത്തർ എന്നറിയപ്പെടുന്ന പിതൃക്കളെ ഉദ്ദേശിച്ച് ചെയ്യുന്ന ഹോമത്തിന്റെ പുരോഽനുവാക്യാമന്ത്രമാണ് ഇതു് അഗ്നിഷ്വാത്താഃ = അഗ്നിഷ്വാത്തരും (യാഗം നടത്താതെ ഗൃഹസ്ഥാശ്രമധർമം ശരിയായി നടത്തി പിതൃലോകം പ്രാപിച്ചവരെ അഗ്നിഷ്വാത്തർ എന്നു പറയുന്നു) സുപ്രണീതയഃ = ശോഭനമായ പരിചർയകളോട് കൂടിയവരും ആയ, പിതരഃ = അല്ലയോ പിതൃക്കളെ! ഇഹ ആഗച്ഛത = ഈ കർമത്തിലേയ്ക്ക് വന്നാലും. സദഃ സദഃ = അവരവക്ക് ഉചിതമായ സ്ഥാനങ്ങളിൽ, സദത = ഇരുന്നാലും, അസ്മിൻ ബർഹിഷി = ഈ യാഗത്തിൽ, പ്രയതാനി = പ്രയത്നിച്ച് സമ്പാദിച്ചതായ, ഹവീംഷി = ഹവിസ്സ്, അത്ത = ഭക്ഷിക്കുക. അഥ = അനന്തരം, രയിം = ധനവും സർവവീരം = എല്ലാ കർമ്മങ്ങളിലും സമർത്ഥനായ പുത്രനേയും, ദധാതന = തന്നാലും.

6 ബർഹിഷദഃ പിതരഃ ഊത്യർവാഗി-
മാവോഹവ്യാചകൃമാജുഷധ്വം।
തആഗതാവസാശന്തമേനാഥാസ്മഭ്യം।
ശംയോരരപോദധാത।

ഈ മന്ത്രവും അടുത്ത മന്ത്രവും ബർഹിഷദരായ പിതൃക്കളെ ഉദ്ദേശിച്ച് ചെയ്യുന്ന ഹോമത്തിന്റെ പുരോനുവാക്യയാണ്.

ബർഹിഷദഃ പിതരഃ! = അല്ലയോ ബർഹിഷദരായ പിതൃക്കളെ! (യാഗം കഴിച്ച് പിതൃലോകത്തിൽ എത്തിയവർ) അർവാക് = അർവാചീനരായ ഞങ്ങളുടെ, ഊത

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രക്ഷ, = ഭവദ്ഭിഃ കർതവ്യാ = നിങ്ങളാൽ ചെയ്യപ്പെടേണ്ട താം,സ്വഃ = നിങ്ങൾക്കുവേണ്ടി, ഇമാഹവ്യാഃ = ഈ ഹവിസ്സുകൾ, ചകൃമാതഃ = ഞങ്ങൾതയാറാക്കിയിരിക്കുന്നു. താനി ജുഷധ്വം = ആ ഹവിസ്സ് സ്വീകരിച്ചാലും. ഹവിഃ ഇഷ്ടവന്തഃ യൂയം = ഹവിസ്സ് ഭക്ഷിച്ച നിങ്ങൾ, അവസാ = രക്ഷണത്തിന് വേണ്ടിയും, ശന്തമേന = സുഖം തരുന്നതിന് വേണ്ടിയും, അസ്മാൻ ആഗത = ഞങ്ങളുടെ അടുക്കൽവരിക അഥ = കൂടാതെ, അസ്മഭ്യം = ഞങ്ങൾക്ക്, ശം = സുഖവും, അരപഃ = പാപമില്ലായ്മയും, ധാത = തന്നാലും.

7 ആഹംപിതൃൻ സുവിദത്രാം അവിത്സി
നപാതംചവിക്രമണം ചവിഷ്ണോഃ।
ബർഹിഷദോയേസ്വധയാ സുതസ്യ
ഭജന്തപിത്വസ്ത ഇഹാ// ഗമിഷ്ഠാഃ ।

അഹം = എനിക്ക് (യജമാനന്) സുവിദത്രാൻ = എന്റെ ഭക്തിനല്ലപോലെ അറിയാവുന്ന, പിതൃൻ അപി = പിതൃക്കളെ, അവിത്സി = അഭിമുഖമായി ലഭിച്ചിരിക്കുന്നു. വിഷ്ണോഃ അസ്യ = എല്ലാ സ്ഥലത്തും വ്യാപിക്കുന്ന ഈയാഗത്തിന്റെ നപാതം = നാശമില്ലായ്മയും, വിക്രമണം = വിശേഷണയുള്ള പ്രവൃത്തിയും, ലബ്ധവാൻ അസ്മി = എനിക്ക് ലഭിച്ചിരിക്കുന്നു. ബർഹിഷദഃ = ബർഹിഷദരായ, യേ പിതരഃ = യാതൊരു പിതൃക്കൾ ഉണ്ടോ തേ = അവർ, ഇഹ — ഈ കർമത്തിൽ, ആഗമിഷ്ഠാഃ = വന്നിരിക്കുന്നു ആഗത്യ = വന്നിട്ട്, സുതസ്യസ്വധയാ — സോമരസത്തിന് തുല്യമായ ഹവിസ്സിന്റെ രുചികൊണ്ട്, പിത്വഃ ഭജന്തഃ = പ്രീതി പ്രാപിക്കട്ടെ

8 ഉപഹൂതാഃ പിതരഃ സൗമ്യാസോ.
ബർഹിഷ്യേഷുനിധിഷുപ്രിയേഷുതആഗമന്തു ।
തഇഹശ്രുവന്ത്വധിബ്രുവന്തുതേവന്ത്വസ്മാൻ ।
ബർഹിഷദരായ പിതൃക്കളെ ഉദ്ദേശിച്ച് ചെയ്യുന്ന യാഗത്തിന്റെ യാജ്യാമന്ത്രമാണ് ഇത്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സൗമ്യാസഃ = ഞങ്ങളെ അനുഗ്രഹിക്കാൻ താത്പര്യമുള്ളവരും, ബർഹിഷ്ഷേഷുനിധിഷു = യാഗാർഗവും നിധിതുല്യവുമായ ഹവിസ്സുകളെ നിമിത്തമാക്കി, ഉപഹൂതാഃ = ഞങ്ങളാൽക്ഷണിക്കപ്പെട്ടുന്നവരുമായപിതരഃ = പിതൃക്കൾ ആഗമന്തു = വരട്ടെ. തേ = അവർ, ഇഹ = ഈ കർമത്തിൽ, ശ്രുവന്തു = ഞങ്ങളുടെ സ്തുതികൾ കേൾക്കട്ടെ. അധിബ്രുവന്തു = ഞങ്ങൾ നല്ലവരാണെന്നു് പറയട്ടെ. തേ = അപ്രകാരം സന്തൃപ്തരായ പിതൃക്കൾ, അസ്മാൻ അവന്തു = ഞങ്ങളെ രക്ഷിക്കട്ടെ.

9 ഉദീരതാമവര ഉത്പരാസ ഉന്മധ്യമാഃ
പിതരഃ സോമ്യാസഃ।
അസുംയ ഈയുരവൃകാ ഋതജ്ഞാ-
സ്തേനോഽവന്തു പിതരോഹവേഷു।

ഇതുമുതൽ മൂന്നു് മന്ത്രം ഉപഹോമത്തിനുള്ളതാണു്.

അവരേ പിതരഃ = സംസ്കാര വികലരായിത്തന്നെ മരണം പ്രാപിച്ച പിതൃക്കൾക്കു്, ഉദീരതാം = ഉത്തമമായ ഹവിസ്സു് ലഭിക്കട്ടെ പരാസഃ പിതരഃ = ഉത്തമരായ പിതൃക്കൾക്കു്, ഉദീരതാം = ഉത്തമമായ ഹവിസ്സു് ലഭിക്കട്ടെ (യഥാവിധി ശ്രൗതകർമം നടത്തിയവർ ഉത്തമരായ പിതൃക്കൾ) ഉന്മധ്യമാഃ പിതരഃ = മധ്യമരായ പിതൃക്കൾക്കു് (സ്മാർതകർമം മാത്രം അനുഷ്ഠിച്ചവർ മധ്യമരായ പിതൃക്കൾ) ഉദീരതാം = ഉത്തമമായ ഹവിസ്സു് ലഭിക്കട്ടെ സൗമ്യാസഃ = അവർ എല്ലാവരും ഞങ്ങളിൽ അനുഗ്രഹബുദ്ധിഉള്ളവരായിത്തീരട്ടെ യേ പിതരഃ = യാതൊരു പിതൃക്കൾ, ഞങ്ങളെ ഹിംസിക്കാത്തവരും, ഋതജ്ഞാഃ = ഞങ്ങൾ യാഗം നടത്തുന്ന കാര്യം അറിയുന്നവരും, അസും ഈയുഃ = ഞങ്ങളുടെ പ്രാണനെ രക്ഷിക്കാനായിവന്നവരും ആയിട്ടുണ്ടോ, തേ = അവർ. നഃ ഞങ്ങളെ ഹവേഷു = ഞങ്ങൾ വിളിക്കുന്ന അവസരത്തിൽ, അവന്തു = രക്ഷിക്കട്ടെ.

10 ഇദംപിതൃഭ്യോനമോ അസ്ത്വദ്യ
യേപൂർവാസോയ ഉപരാസഈയുഃ।

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദയേപാർത്ഥിവേരജസ്യാനിഷത്താ
യേവാന്യനം സുവൃജനാ സുവിക്ഷു।

പൂർവാസഃ = യജമാനൻ ജനിക്കുന്നതിനു് മുമ്പു് ജനിച്ച-വരായ, യേ = യാതൊരുത്തർ. ഈയുഃ = പിതൃലോകം പ്രാപിച്ചുവോ അവരും, ഉപരാസഃയേ = യജമാനൻ ജനിച്ചതിനു് ശേഷം യാതൊരുത്തർ പിതൃലോകം പ്രാപി-ച്ചുവോ അവരും, യേ അപി = മറ്റുള്ളവരും. പാർത്ഥിവേ = പൃഥിവീസം ബന്ധമുള്ള, രജസി = രജോഗുണയുക്ത-മായ ഈ കർമത്തിൽ ഹവിസ്സു് സ്വീകരിക്കാൻ ഉപവി-ഷ്ടരായിരിക്കുന്നുവോ അവരും, യേവാ അന്യേ = ബന്ധുവ ർഗ്ഗരൂപത്തിലുള്ള പിതൃക്കളും; സുവൃജനാസു = ധനസമൃ-ദ്ധികൊണ്ടു് ശ്രാദ്ധാദികർമങ്ങൾ നടത്താൻ തത്പരരായ സുവിക്ഷു = ബന്ധുരൂപത്തിലുള്ള പ്രജകൾ നൽകുന്ന, ആനിഷത്താഃ = ശ്രാദ്ധാദികൾ സ്വീകരിക്കാൻ വന്നിരി-ക്കുന്നവരുമായ, തേഭ്യഃ സർവേഭ്യഃ പിതൃഭ്യഃ = എല്ലാ-പിതൃക്കൾക്കും, അദ്യ = ഈ കർമത്തിൽ, ഇദം നമഃ അസ്തു = ആഹുതി പ്രദാനത്തോടുകൂടിയ ഈ നമസ്ക്കാരം ഭവിക്കട്ടെ.

11 അധായഥാനഃപിതരഃ പരാസഃ
പ്രത്നാസോ അഗ്നഋതമാശുഷാണാഃ।
ശുചിഭയൻ ദീധിതിമുക്ഥശംസഃ
ക്ഷാമാഭിന്ദന്തോ അരുണീരപവ്രൻ॥

ഹേ അഗ്നേ ! അധാ = അതീതകാലത്തിൽ, പരാസഃ = ഞങ്ങളെക്കാൾ ഉത്കൃഷ്ടരായവരും, പ്രത്നാസഃ = പുരാതനന്മാരും, ക്ഷാമാഭിന്ദന്തഃ = ക്ഷയഹേതുവായ വിശപ്പ് എന്ന പീഡയെ ഹവിസ്സ് കൊണ്ടു് ഇല്ലാതെയാക്കുന്നവ-രും; ദീധിതിം ഉക്ഥശാസഃ = ദേവതകളെ സ്തോത്രങ്ങ ളാൽ സ്തുതിക്കുന്നവരും, അരുണീഃ = തേജോ രൂപത്തിലുള്ള വരുമായ, നഃ പിതരഃ = ഞങ്ങളുടെ പിതൃക്കൾ, ഋതം ആശുഷാണാഃ = യജ്ഞത്തിലുള്ള ഹവിസ്സ് ഭക്ഷിക്കുന്നവ രായി, ശുചിഇത്തു് അയൻ = ശുദ്ധമായജ്ഞാനം പ്രാപിച്ച തുപോലെ, ഞങ്ങളും ഉന്നതമായസ്ഥാനം, പ്രാപ്താഃസ്മഃ = പ്രവീച്ചിരിക്കുന്ന തേ = അവർ, താഃ പാപ്മ = ഫലപ്രതി ബന്ധകമായ പാപത്തെ, അപവ്രൻ = നശിപ്പിച്ചു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

12 യദഗ്നേകവ്യവാഹന പിതൄൻ യക്ഷി ഋതാവൃധഃ
പ്രചഹവ്യാനീ വക്ഷ്യസി ദേവേഭ്യശ്ചപിതൃഭ്യ ആ।

ഈ മന്ത്രവും അടുത്ത മന്ത്രവും കവ്യവാഹനനെ ഉദ്ദേശിച്ചുള്ള യാഗത്തിൻെറ പുരോഽനുവാക്യകളാണു്

കവ്യവാഹന = കവ്യം വഹിച്ചുകൊണ്ടുപോകുന്ന (പിതൃക്കളെ ഉദ്ദേശിച്ചു് സമർപ്പിക്കപ്പെടുന്നതു് കവ്യം) അല്ലയോ അഗ്നേ! ഋതാവൃധഃ = യജ്ഞവർധകരായ പിതൄൻ = പിതൃക്കളെ ഉദ്ദേശിച്ചു്, യദി യക്ഷി = അങ്ങു് യാഗം ചെയ്യുന്നതുകൊണ്ടു, ദേവേഭ്യഃ പിതൃഭ്യഃ ച = ദേവന്മാക്കും പിതൃക്കൾക്കും. ഹവ്യാനി = അഗ്നീയിൽ ഹോമിക്കുന്നദ്രവ്യം, പ്രവക്ഷ്യസി = വീണ്ടും വീണ്ടും കൊണ്ടുപോകുന്നു

13 ത്വമഗ്നഈഡിതോ ജാതവേദോഽവാഡ്ഢ്-
വ്യാനിസുരഭീണികൃത്വാ।
പ്രാദാഃ പിതൃഭ്യഃ സ്വധയാതേ അക്ഷ-
ന്നദ്ധിത്വം ദേവ പ്രയതാഹവീംഷി।

ജാതവേദഃ അഗ്നേ! = എല്ലാം അറിയാവുന്ന അല്ലയോ അഗ്നേ! ത്വം അങ്ങു്, ഈഡിതഃ സൻ = യജമാനനാൽ സ്തുതിക്കപ്പെട്ടവനായി, ഹവ്യാനി = ഹവ്യങ്ങളെ, സുരഭീണികൃത്വാ = നല്ല ഗന്ധമുള്ളവയാക്കി, അവാഡ് = വഹിച്ചുകൊണ്ടുപോയി, പിതൃഭ്യഃ = പിതൃക്കൾക്കു്, പ്രാദാഃ = കൊടുത്തു. തേ പിതരഃ = ആ പിതൃക്കൾ, സ്വധയാ = സ്വധ എന്ന ഉച്ചാരണത്തോടുകൂടി, പ്രത്തം അക്ഷൻ = ഹവ്യം ഭക്ഷിക്കട്ടെ. ഹേ ദേവ! = അല്ലയോ ദേവ! ത്വംഅപി = അങ്ങും, പ്രയതഃ = പ്രയത്നസംപാദിതമായ. ഹവീംഷി = ഹവിസ്സു്, അദ്ധി = ഭക്ഷിച്ചാലും.

14 മാതലീകവ്യൈർയമോ അംഗിരോഭി-
ർബൃഹസ്പതിർഋക്കഭിർവാവൃധാനഃ।
യാംശ്ചദേവാ വവൃധുർയേ ച ദേവാൻ
സ്വാഹാന്യേസ്വധയാന്യേ മദന്തി।

കവ്യവാഹനനെ ഉദ്ദേശിച്ചു് ചെയ്യുന്ന യാഗത്തിൻെറ യാജ്യാ മന്ത്രമാണു് ഇതു്.

മാതലീ = ഇന്ദ്രൻ, കവ്യൈഃ = കവ്യഭാഗം അർഹിക്കുന്ന പിതൃക്കളോടു്കൂടി, വാവൃധാനഃ ഭവതി = വർദ്ധിക്കുന്ന

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വനായി ഭവിക്കുന്നു. യമഃ = യമൻ, അംഗിരോഭിഃ = അംഗിരസ്സ് എന്നു് അറിയപ്പെടുന്ന പിതൃക്കളോടുകൂടി, വാവൃധാനഃ ഭവതി = വർധിക്കുന്നവനായി ഭവിക്കുന്നു. ബൃഹസ്പതിഃ = ബൃഹസ്പതി, ഋക്കഭിഃ = ഋക് പ്രതിപാദ്യരായ പിതൃക്കളാൽ, വാവൃധാനഃ ഭവതി = വർധിക്കുന്നവനായി ഭവിക്കുന്നു യാൻ = യാതൊരു പിതൃക്കളെ, ദേവാഃ ദേവന്മാർ, വാവൃധുഃ = വർധിപ്പിക്കുന്നുവോ അവരും, യേ = യാതൊരുത്തർ, ദേവാൻ = ദേവന്മാരെ വർധിപ്പിക്കുന്നുവോ അവരും, മദന്തി = സന്തോഷിക്കുന്നു. അന്യേ = ചില ദേവന്മാർ, സ്വാഹാമദന്തി = സ്വാഹാ ശബ്ദം കൊണ്ടു് സന്തോഷിക്കുന്നു.

15 ഇമംയമ പ്രസ്തരമാഹിസീദാം-
ഗിരോഭിഃ പിതൃഭിഃ സം വിദാനഃ।
ആ ത്വാമന്ത്രാഃ കവിശസ്താവഹ-
ന്ത്വേനാ രാജൻ ഹവിഷാ മാദയസ്വ।

ഈ മന്ത്രവും അടുത്ത മന്ത്രവും യമനെ ഉദ്ദേശിച്ചു് ചെയ്യുന്ന യാഗത്തിൻെറ പുരോ/നുവാക്യകളാണു്.

ഹേ യമ! = അല്ലയോ യമ; അംഗിരോഭിഃ = അംഗിരസ്സു് എന്നു് അറിയപ്പെടുന്ന പിതൃക്കളുമായി, സംവിദാനഃ = ഐകമത്യം പ്രാപിച്ചവനായി, ഇമം പ്രസ്തരം = ഈ യാഗസ്ഥലത്തിൽ, ആ.സിദ = ഇരുന്നാലും. കവിശസ്താഃ = വിദ്വാന്മാരായ ഋത്വിക്കുകളാൽ ചൊല്ലപ്പെടുന്ന മന്ത്രങ്ങൾ, ത്വാ ആവഹന്തു = അങ്ങയെ ആവാഹിക്കട്ടെ. ഹേ രാജൻ! = അല്ലയോരാജാവായിട്ടുള്ളവനെ । ഏനാഹവിഷാ = ഈ ഹവിസ്സ്കൊണ്ടു് സന്തുഷ്ടനായി, മാദയസ്വ = യജമാനനെ സന്തോഷിപ്പിക്കുക.

16 അംഗിരോഭിരാഗഹിയജ്ഞിയേഭി-
ർയമവൈരൂപൈരിഹമാദയസ്വ ।
വിവസ്വന്തംഹുവേയഃ പിതാതേ
അസ്മിൻയജ്ഞേബർഹിഷ്യാനിഷദ്യ ।।

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹേയമ ! = അല്ലയോയമ ! വൈരൂപൈഃ = വിവിധ രൂപത്തിലുള്ള, യജ്ഞിയൈഃ = യാഗയോഗ്യരായ അംഗിരസ്സ്കളോടുകൂടി, ആഗഹി = വന്നാലും, ഇഹമാദയസ്വ = ഈ യജ്ഞത്തിൽ യജമാനനെ സന്തോഷിപ്പിച്ചാലും. യഃ തേപിതാതം = അങ്ങയുടെ പിതാവായ, വിവസ്വന്തം = ആദിത്യനെ, അസ്മിൻ യജ്ഞേ = ഈ യാഗത്തിന്ന് ഹ്വേ = ഞാൻ വിളിക്കുന്നു. സഃ = ആ ആദിത്യൻ, ബർഹിഷി = യാഗസ്ഥലത്തിൽ നിഷദ്യ = ഇരുന്നു്, മാദയതു = യജമാനനെ സന്തോഷിപ്പിക്കട്ടെ.

1 അംഗിരസോനഃ പിതരോനവഗ്വാ
അഥർവാണോഭൃഗവഃ സൗമ്യാസഃ
തേഷാംവയംസുമതൗയജ്ഞിയാനാ-
മപിഭദ്രേസൗമനസേസ്യാമ!

ഇതു് കവ്യവാഹനനെ ഉദ്ദേശിച്ച് ചെയ്യുന്ന യാഗത്തിന്റെ യാജ്യാ മന്ത്രമാണു്.

അംഗിരസഃ = അംഗിരസ്സുകൾ എന്നു് അറിയപ്പെടുന്നവരും, അഥർവാണഃ = അഥർവാ എന്നു് അറിയപ്പെടുന്നവരും, ഭൃഗവഃ = ഭൃഗു എന്ന നാമത്താൽ അറിയപ്പെടുന്നവരും ആയ, നഃ പിതരഃ = ഞങ്ങളുടെ പിതൃക്കൾ, നവഗ്വാഃ = നൂതനമായ പ്രീതിയോടു് കൂടിയവരായും, സോമ്യാസഃ = സോമപാനാർഹരും ആയിത്തീരട്ടെ. യജ്ഞിയാനാം തേഷാം = യാഗാർഹരായ അവക്കു്, വയം = ഞങ്ങളെക്കുറിച്ച്, സുമതൗ സ്യാമ = നല്ല വിചാരം ഉണ്ടാകട്ടെ. ഭദ്രേ സൗമനസേ അപിസ്യാമ = ഞങ്ങൾ സൗമനസ്യകാരണമായ കല്യാണഫലത്തോടു കൂടിയവരും ആയിത്തീരട്ടെ.

ഇതിദ്വാദശോƒനുവാകഃ
ഷഷ്ഠഃ പ്രപാഠകഃ സമാപ്തഃ

ദ്വിതീയകാണ്ഡഃ സമ്പൂർണഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശുദ്ധിപത്രം.

പേജ്	വരി	അശുദ്ധം	ശുദ്ധം
614	14	നിന്നു്	നിന്നു്
623	2	മോകാഃ	ലോകാഃ
628	19	അപശഷ്കാ	അപശ്രുഷ്കാഃ
641	6	വർണമ്യ	വർണമല്ല
641	7	അ	അതു്
647	25	വ്യവസായയസേ	വ്യവസായത്യേ വൈനം
650	4	യാഗത്തിനും	യാഗത്തിനുള്ള
651	15	പൃഷ്ഠി	പൃഷ്ഠിം
653	17	പിപാസതൃശപന്ന	പിപാസതൃശപിനൗ
657	6	ഭരേഷ്യ	ഭരേഷ്യ
660	11	മത്തു	മമത്തു
660	20	ഇന്ദ്രാപർതൗ	ഇന്ദ്രാപർവതൗ
672	21	പൗർണമാസി	പൗർണമാസിം
673	1	നിർവേപത്	നിർവപേത്
673	10	ദേഷജം	ഭേഷജം
685	22	കപാലാ	കപാലം
690	30	ഗൃഹണാതി	ഗൃഹ്ണാതി
702	12	േ—നമഭി	വേനമഭി
702	18	സർപതി	സർപതി
703	8	കപ്യാലോ	കപാലോ
708	14	ഭുശ്ചർവാ	ഭുശ്ചർമാ
737	8	ദ്വിതീയോവാകഃ	ദ്വിതിയോ ƒനുവാകഃ
738	6	തേനൈമവൈന	തേനൈവൈന
738	8	ത്വഷ്ടുഃ	ത്വഷ്ടുഃ
763	23	രഭവതം	രഭവത്
764	23	അസി	അസി
765	1	വീര	വീർ
771	29	മേവാസ്യൈ	മേവാസ്മൈ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പേജ്	വരി	അശുദ്ധം	ശുദ്ധം
772	3	ധാരാമൃതസ്യ	ധാരാമമൃതസ്യ
775	15	പ്രജപതി	പ്രജാപതി
777	28	പാപ്പ്–നാ	പാപ്മനാ
777	30	ത്യാ- ന്ത	ത്യാത്മനന്ത
777	30	വന്ത വ	വന്തമേവ
778	22	തന്വാസ്തവേയ	തന്വാസ്തയേയ
781	19	തേദിർനോ	തേഭിർനോ
782	20	ഇന്ദ്രശക്കര	ഇന്ദ്രശകാര
783	7	സിന്ധുഃ	സിന്ധൂഃ
783	20	ഉത്	ഇത്
787	26	വഃസ്തീർണ	വിസ്തീർണ
789	1	കവിഃം	കവിം
791	32	ഇന്ദ്രശ്ച	ഇന്ദ്രശ്ചകാര
795	21	ഏവാസ്ോത്	ഏവാസ്മാത്
798	9	വൃജയന്തീ	വൃജയന്ത
807	11	ആയവസ്വ	ആയുവസ്വ
807	13	താതൊരു	യാതൊരു
816	16	തഭഃ	നഭഃ
823	17	വർഷോ	വർഷേ
824	3	ന്നംഭയ	ന്നംഭയ
826	3	വന്യാഹതേ	വന്വാഹതേ
826	6	മേതതദ്	മേവതത്
826	7	ദധ്യാന്തം	ദധ്യാദന്തം
834	23	ഏനോ	ഏഷോ
834	26	പേദരെന്ദ്രോ	പേദൈന്ദ്രോ
836	2	ഭമവിശഗ്ഗൂർതഃ	ദമആവിശഗ്ഗൂർതഃ
836	15	തസ്ഥഷഃ	തസ്ഥൂഷഃ
838	6	ജായനൊനഃ	ജായമാനഃ
842	1	ഹവാമടഹ	ഹവാമഹേ
862	15	ഭ്രാതൃവ്യവാൻ	ഭ്രാതൃവ്യവാൻ
862	16	സർഗ്ഗ്സ്ഥാപ്യ	സഗ്ഗംസ്ഥാപ്യ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പേജ്	വരി	അശുദ്ധം	ശുദ്ധം
862	18	ഭ്ര ്തൃവ്യന്യ	ഭ്രാതൃവ്യസ്യ
862	21	ഭ്രാതൃവ്യവാന്നാമാ	ഭ്രാതൃവ്യവാന്നാമാ
869	23	യാധം	യാഗം
879	4	ഏഷനർണോ	ഏഷവർണോ
884	1	സ്രൂയാത്	ബ്രൂയാത്
884	29	ജ്വലിപ്പിച്ചതു്	ജ്വലിപ്പിച്ചതു്
901	7	ജലസം = രക്ഷകനായ	ജലസംരക്ഷകനായ
904	26	അശിഥിഃ	അതിഥിഃ
905	13	വന്ദ്യോന്വേ	വന്ദ്യോഽഗ്നേ
927	14	ത്യേതി	ത്വേതി
928	3	യാദയദ്വിഷ്യഞ്ചം	യാദ്‌യദ്വിഷ്യഞ്ചം
928	8	കാം	കിം
928	8	പ്രസ്തമ	പ്രസ്തര
028	15	ഗ്നിരിത്യാഹ	ഗ്നീദിത്യാഹ
931	29	തസ്രാദ്വദ’	തസ്മാദ്യദ്
932	1	പരിഭധാതീ	പരിദധാതി
932	5	ദ്വിപാദജ്യമാനഃ	ദ്വിപാദ്യജമാനഃ
932	18	കൃതേഽവൃദ്യത്തി	കൃതേഽവദ്യന്തി
934	12	ഭദവതകളെ	ദേവതകളെ
936	6	ചതുഷ്ദാപോ	ചതുഷ്പാദോ
929	1	ബ്രാംനം	ബ്രാഹ്മണം
955	15	സ്മിത്	സ്വിദ്
958	23	പരഭ	പദേ
960	17	ഇമ	ഇമം

ഭ്രാതൄൻ, പിതൄൻ. പിതൄണാം എന്നീ പദങ്ങളിലല്ലാ "ൄ", കാരം ദീർഘമായി ഉച്ചരിക്കണം.

3756

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Gurukul Kangri Library

Accession
Class on
Cat. on
Tag etc
Checked
Any Other

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar